K-20
160
VINITORY T.O.C.D.
CANCELLED
LIBRARY.

NEW

PRACTICAL MEDITATIONS

FOR EVERY DAY IN THE YEAR

ON THE

LIFE OF OUR LORD JESUS CHRIST

BY THE

Rev. Father Bruno Vercruysse S. J.

DHARMARAM COLLEGE
LIBRARY
BANGALORE
K19
V4R

Translated by

Rev. Br. LEOPOLD T. O. C. D.

COLLEGE LIBRARY.
29045
BANGALORE.

Third Edition

LITTLE FLOWER P
MAN

Nihil obstat

Fr. Joseph Vaipichery,
Censor.

Re-Imprimi potest

Fr. Alex. Lenthaparambil,
Vic. Gen.

Ernakulam,
22—7—1948.

വിഷയവിവരം

1	പക്ഷവാതത്താൽ മുപ്പത്തെട്ടവത്സരം പീഡിതനായിരുന്ന ഒരുത്തനെ ഈശോ അത്ഭുതാവഹമായി സുഖപ്പെടുത്തുന്നു.	1
2	ദൈവജനനി വിശുദ്ധ എലിസബേത്തിനെ സന്ദർശിച്ച തിരുനാൾ.	4
3	നമ്മുടെ പരിശുദ്ധമാതാവിനു ലഭിച്ച വിശേഷവരങ്ങൾ.	9
4	ഫരിസേയരുടെ കപടതയും അസൂയയും.	13
5	ഈശോ പന്ത്രണ്ടു അപ്പോസ്തലന്മാരെ തെരിഞ്ഞെടുക്കുന്നു.	17
6	ആത്മനാ ദരിദ്രരായവർ ഭാഗ്യവാന്മാർ.	21
7	സന്ന്യാസദാരിദ്ര്യം.	25
8	ഗിരിപ്രഭാഷണം.	28
9	ഗിരിപ്രഭാഷണം (തുടർച്ച)	32
10	ഗിരിപ്രഭാഷണം (തുടർച്ച)	37
11	പ്രെമോസ്തിലെ സന്ന്യാസസഭാസ്ഥാപകനായ നോർബെർട്ടിന്റെ വിജയത്തിരുനാൾ.	41
12	ഗിരിപ്രഭാഷണം (തുടർച്ച)	46
13	ദൈവശുശ്രൂഷയിൽ ഉണ്ടാകേണ്ട ശുഷ്കാന്തി.	50
14	ഗിരിപ്രഭാഷണം (തുടർച്ച)	54
15	ഗിരിപ്രഭാഷണം (തുടർച്ച)	58
16	കർമ്മലമാതാവിന്റെ തിരുനാൾ, ഉത്തരീയസഭ. പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാൾ. (കർമ്മലീത്താസഭക്കാർക്കു പ്രത്യേകിച്ചുള്ളതു)	62 66
17	ഗിരിപ്രഭാഷണം (തുടർച്ച)	71
18	ഗിരിപ്രഭാഷണം (തുടർച്ച)	75
19	ഗിരിപ്രഭാഷണം (തുടർച്ച)	79
20	ഗിരിപ്രഭാഷണം (തുടർച്ച)	83
21	കുഷ്ഠരോഗിയുടെപ്രാർത്ഥനയും അവൻപ്രാപിച്ച സ്വസ്ഥതയും	87

22 കഫർണ്ണാമ്മിലെ ശതാധിപൻ തന്റെ ഭൃത്യനെ സുഖപ്പെടുത്തേണമെന്നു് ഈശോയോടു അപേക്ഷിക്കുന്നു. 91
23 വിശ്വാസത്തെക്കുറിച്ചു് 95
24 ഈശോ നായിംനഗരത്തിലെ വിധവയുടെ പുത്രനെ ഉയിർപ്പിക്കുന്നു. 99
25 വിശുദ്ധ സ്നാപകയോഹന്നാൻ അയച്ച ദൂതു്. 103
26 ഈശോയുടെ അത്ഭുതങ്ങളുടെ വിവിധഫലങ്ങൾ. 107
27 ഫരിസേയനായ സീമോന്റെ വീട്ടിൽവച്ചു് മറിയമഗ്ദലേന ഈശോയുടെ പാദങ്ങൾ കഴുകുന്നു. 111
28 ബഹിഷ്കൃതനായ പിശാചു് വീണ്ടും വരുന്നതു്. അഥവാ ഒരുവൻ വീണ്ടും പാപത്തിൽ അകപ്പെടുന്നതു്. 115
29 ഈശോയോടു നമുക്കുണ്ടായിരിക്കേണ്ട ആത്മീയാഭിമുഖ്യം. 119
30 രക്തസംബന്ധികളോടു ഉണ്ടാകാവുള്ള അമിതമായ സ്നേഹം. 122
31 ഈശോസഭാസ്ഥാപകനായ വി. ഇഗ്നേഷ്യസിന്റെ തിരുനാൾ. 126

ആഗസ്റ്റ്

1 വിത്തുകളുടെ ഉപമ. 130
2 രക്ഷകന്റെ സഭാസ്ഥാപകനായ വിശുദ്ധ അല്ഫോൻസ് ലിഗോരി 134
3 കളയേയും, ഗോതമ്പിനേയും കുറിച്ചുള്ള ഉപമ. 138
4 പ്രാസംഗിക സഭാസ്ഥാപകനായ വിശുദ്ധ ഡോമിനിക്കിന്റെ തിരുനാൾ. 142
5 കടുകുമണിയേയും, പുളിമാവിനേയും, ഗുപ്തമായ നിക്ഷേപത്തേയുംകുറിച്ചുള്ള ഉപമകൾ. 146
6 മറ്റു ചില ഉപമകൾ. 149
7 ഈശോയുടെ സ്വദേശികൾ അവിടത്തെക്കുറിച്ചു ആശ്ചര്യപ്പെടുന്നു; അനന്തരം അവിടത്തെ ഉപേക്ഷിക്കുന്നു. 153

8	ഈശോ പന്ത്രണ്ടു അപ്പോസ്തലന്മാരെ അയച്ചതു.	157
9	ഈശോ അപ്പോസ്തോലന്മാർക്കുണ്ടാകുവാനിരിക്കുന്ന കഷ്ടതകളെ അറിയിച്ചു അവരെ ധൈര്യപ്പെടുത്തുന്നു.	161
10	ആത്മാവുകളുടെ രക്ഷയേയും പരസ്നേഹത്തേയും സംബന്ധിച്ചു ആവശ്യമായ പുണ്യചൈതന്യം.	166
11	ആത്മാവുകളുടെ രക്ഷയേയും പരസ്നേഹത്തേയും സംബന്ധിച്ചു പ്രവൃത്തികൾക്കു ആവശ്യമായ പുണ്യാശ്രുപി.	170
12	വിശുദ്ധ ക്ലാര.	174
13	ഈശോ അപ്പം വർദ്ധിപ്പിച്ചതു.	178
14	പരിശുദ്ധ ദൈവജനനി സ്വർഗ്ഗത്തിൽ പ്രവേശിച്ചതിന്റെ തലേദിവസം.	182
15	പരിശുദ്ധ ദൈവജനനിയുടെ സ്വർഗ്ഗപ്രവേശത്തിരുനാൾ	187
16	അപ്പം വർദ്ധിപ്പിച്ച ദിവസം രാത്രി അപ്പോസ്തലന്മാർ അനുഭവിച്ച അരിഷ്ടത.	191
17	കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ച.	195
18	ജനേസരേത്തു ഭോശീയരുടെ വിശ്വാസവും അവർക്കു ലഭിച്ച അത്ഭുതാവഹങ്ങളായ സ്വസ്ഥതകളും.	198
19	ഈശോ താൻ സ്ഥാപിപ്പാനിരുന്ന പരിശുദ്ധ കർബാനയെക്കുറിച്ചു പറഞ്ഞ പ്രസംഗം.	202
20	ചിസ്തേർസേൻസ്യൻ സഭയെ പുനഃസ്ഥാപിച്ച വിശുദ്ധ ബെർണ്ണാർദിന്റെ തിരുനാൾ.	206
21	ഈശോയുടെ പ്രസംഗജീവിതത്തിന്റെ മൂന്നാംവത്സരം, മൂന്നാമത്തെ പേസഹാത്തിരുനാൾ.	211
22	കാനാൻകാരിയുടെ വിസ്മയകരമായ വിശ്വാസവും പ്രാർത്ഥനയും.	215
23	നമ്മുടെ ആത്മാവിന്റെ വില.	219
24	ഈശോ ഗലിലേയയിലേക്കു മടങ്ങിവരുന്നു. ജന്മനാ ബധിരനും മൂകനുമായ ഒരുവനെ സുഖപ്പെടുത്തുന്നു.	223
25	രണ്ടാംപ്രാവശ്യം അപ്പം വർദ്ധിപ്പിക്കുന്നു.	227

26 ഈശോ മഗ്ദലാൻനഗരത്തിലേക്കു ചെല്ലുന്നു അവിടെ ഫരിസേയരും സദ്ദുക്കേയരും അവിടുത്തെ പരീക്ഷിക്കുന്നു. 231

27 ബഥ്സായിദായിൽ അന്ധനായ ഒരുവന്നു് ഈശോ കാഴ്ച നൽകുന്നു. 235

28 ഹിപ്പോയുടെ മെത്രാനും അഗുസ്തീനച്ചൻസഭയുടെ സ്ഥാപകനുമായ വിശുദ്ധ അഗസ്തീൻ 239

29 വിശുദ്ധ പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും പ്രഥമസ്ഥാനലബ്ധിയും. 243

30 ഈശോ തന്റെ കഷ്ടാനുഭവത്തെ പ്രവചിക്കുന്നു. നമ്മെ പരിത്യാഗം പഠിപ്പിക്കുന്നു. 247

31 പരിത്യാഗത്തിന്റെ, അഥവാ എളിമയുടെ, മൂന്നു അവസ്ഥാന്തരങ്ങൾ. 252

അനന്തനിക്ഷേപം

അഞ്ചാംഭാഗം

ഈശോയുടെ പ്രസിദ്ധജീവിതത്തിന്റെ രണ്ടാം വത്സരം,
രണ്ടാം പേസഹാ

ജൂലൈ ഒന്നാംതിയ്യതി

പക്ഷവാതത്താൽ മുപ്പത്തെട്ടു വത്സരം പീഡിതനായിരുന്ന
ഒരുത്തനെ ഈശോ അത്ഭുതാവഹമായി
സുഖപ്പെടുത്തുന്നു.

പ്രാരംഭം 1. നീ നിന്റെ കട്ടിൽ എടുത്തുകൊണ്ടു നടക്കുക എന്നു ഈശോ പക്ഷവാതരോഗിയോടു പറയുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

2. ഈശോയുടെ കൃപയിൽ സുസ്ഥിരമായ ആശ്രയം നിനക്കു ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ പക്ഷവാതരോഗിയുടെ നേർക്കു
കരുണ കാണിക്കുന്നു.

ധ്യാനം:—രക്തസ്രാവപീഡിതയായ സ്ത്രീയേയും രണ്ടു കുരുടന്മാരേയും ഒരു മൂകനേയും സുഖപ്പെടുത്തിയശേഷം, യൂദന്മാരുടെ പേസഹാത്തിരുനാൾ സമീപിച്ചതിനാൽ ഏശു യെരുസലേമ്മിലേയ്ക്കു പോയി (യോഹ. 5. 1) ഈശോ ഈ പേസഹാ, രണ്ടാംപ്രാവശ്യം പ്രസിദ്ധമായിക്കൊണ്ടാടുവാൻചെന്നതിനാൽ ഇതു് അവിടുത്തെ പ്രസിദ്ധ ജീവിതത്തിന്റെ രണ്ടാം വത്സരമാണെന്നു പറയാം.

ആകയാൽ നമ്മുടെ ധ്യാനത്തിന്റെവിഷയമായിരിക്കുന്ന ഒരു മഹാ അത്ഭുതത്താൽ ആ തിരുനാളിനെ മഹത്വപ്പെടുത്തി

ക്കൊണ്ടു തന്റെ പ്രസിദ്ധജീവിതത്തിന്റെ രണ്ടാംവത്സരം ഈശോ ആരംഭിക്കുന്നു. ഇതിനെക്കുറിച്ചു വിശുദ്ധ യോഹന്നാൻ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: എബ്രായഭാഷയിൽ ബത്ത്സായിദ എന്നു പറയപ്പെടുന്ന ഒരു ആട്ടിൻകൂടും അഞ്ചു മണ്ഡപങ്ങളുള്ളതു യെരുസലേമിൽ ഉണ്ടു്. അവയിൽ വെള്ളത്തിന്റെ ചലനം പ്രതീക്ഷിച്ചുകൊണ്ടു, രോഗികൾ, കുരുടന്മാർ, ശുഷ്കാംഗന്മാർ എന്നിങ്ങനെയുള്ളവരുടെ ഒരു വലിയ സമൂഹം കിടന്നിരുന്നു. എന്തുകൊണ്ടെന്നാൽ കർത്താവിന്റെ ദൂതൻ ചില സമയത്തു കുളത്തിൽ ഇറങ്ങുകയും അപ്പോൾ വെള്ളം ചലിക്കുകയും ചെയ്തിരുന്നു. വെള്ളം ഇളകിയശേഷം ഒന്നാമതായി കുളത്തിൽ ഇറങ്ങുന്നവൻ ഏതുവിധ രോഗപീഡിതനായിരുന്നാലും സുഖംപ്രാപിച്ചും വന്നു. മുപ്പത്തെട്ടു വത്സരമായി രോഗപീഡിതനായിരുന്ന ഒരു മനുഷ്യൻ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. (യോഹ 5. 2–5.) ഈശോ രോഗികൾ കൂടിക്കിടക്കുന്ന ആ സ്ഥലത്തേക്കു ചെന്നു പ്രസ്തുത രോഗിയെക്കണ്ടു അവന്റെ അടുക്കൽ നിന്നു.

പ്രായോഗികചിന്ത:— ഈശോ പ്രമാണഭാതാവായിരുന്നതിനാൽ യൂദന്മാരുടെ പേസഹാ ആചരിപ്പാനുള്ള കടമ അവിടുത്തേയ്ക്കുണ്ടായിരുന്നില്ല. എങ്കിലും അവിടുന്നു അതു് വിശ്വസ്തതയോടെ ആചരിക്കുകതന്നെ ചെയ്തു. നിന്റെ സകലകൃത്യങ്ങളും പ്രാർത്ഥനകളും സുകൃതാചാരങ്ങളും വിശ്വസ്തതയോടെ കാത്തുവരുവാൻ അവിടുത്തെ ഈ ദൃഷ്ടാന്തത്തിൽ നിന്നു നീ പഠിക്കുക. ചില നിയമങ്ങളിൽനിന്നു ഒഴിവുവാങ്ങിക്കുവാൻ വേണ്ടത്ര ന്യായം ചിലപ്പോഴൊക്കെ നിനക്കുണ്ടായേക്കും. എന്നാലും ക്രമങ്ങളോടുള്ള സ്നേഹവും പ്രതിപത്തിയും വർദ്ധിപ്പിക്കുന്നതിനായും അന്യർക്കു സന്മാതൃക നൽകുവാനായും, ആ ഒഴിവു വാങ്ങിക്കാതെയിരിക്കയാണുത്തമം. ഇങ്ങനെ ചെയ്താൽ ദൈവത്തിരുസ്സന്നിധിയിൽ വലിയ യോഗ്യതയും നിനക്കു സിദ്ധിക്കും. നീ ഇപ്രകാരം ചെയ്യുവരുന്നുണ്ടോ? എത്ര സ്ഥിരതയോടെയാണു് ഇതു നീ അനുസരിച്ചുവരുന്നതു്?

നാം സശ്രദ്ധം പഠിക്കേണ്ട വേറൊരു പ്രധാനസംഗതികൂടെയും മിശിഹായുടെ അന്നത്തെ പ്രവൃത്തികളിലുണ്ടു്. അതായതു്: യെരുസലേമിൽ പ്രവേശിച്ചിട്ടു അവിടുത്തെ സഹതാപ

പൂവ്വകമായ ശ്രദ്ധയ്ക്കു പ്രധാനമായി വിഷയീഭവിച്ചതു് അരിഷ്ട തകളെ സഹിക്കുന്ന ആ അതുരസംഘമാണു്. അവരിൽ തന്നെയും കൂടുതൽ നിസ്സഹായനും ദുർഭഗനുമായവനേക്കുറിച്ചാണു് അവിടുന്നു് അധികം ശ്രദ്ധിച്ചതു്.

ഈ വിഷയത്തിൽ നിന്റെ ദിവ്യഗുരുവിനെ നീ അനുകരിക്കുന്നുണ്ടോ? നിനക്കു മേമേല്പിക്കപ്പെട്ടിട്ടുള്ളവരിൽ ആരുടെ നേർക്കാണു് നീ പ്രത്യേക താല്പര്യം കാണിക്കുന്നതു്? സ്വരാലും ഉപേക്ഷിക്കപ്പെട്ടവരുടേയും വിശേഷസഹായം ആവശ്യമുള്ളവരുടെയും നേരെയാണൊ? അല്ലെങ്കിൽ ശരീരസുലക്ഷണങ്ങളും സ്വാഭാവികഭാനങ്ങളും നിമിത്തം നിനക്കു അധികം വാത്സല്യം തോന്നുന്നവരുടെ നേരേയോ? ഈ വിഷയത്തിൽ നിന്നെത്തന്നെ ഖണ്ഡിതമായി പരിശോധിക്കുക. നിന്നിൽ ഈ ദുശ ക്രമക്കേടുകളും വീഴ്ചകളും ഉണ്ടെങ്കിൽ തിരുത്തുക. മേലിൽ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഇതുവരെ ഉണ്ടായിട്ടുള്ള കുറവുകൾ ഓർത്തു ലജ്ജിക്കുക. അവയെക്കുറിച്ചു പശ്ചാത്തപിക്കുക. മേലിൽ നിന്റെ ദിവ്യമാതൃകയെ പൂർണ്ണമായി അനുകരിക്കുവാൻ അഗ്രഹിക്കുക.

പ്രതിജ്ഞ:—ഏതെങ്കിലും ഒരു ക്രമത്തിൽനിന്നു് ഒഴിവു വാങ്ങുന്നതിന്നോ, ആരോടെങ്കിലും പ്രത്യേകം അനുകൂലവും സ്നേഹവും കാണിക്കുന്നതിന്നോ, സ്വാഭാവികമായി തോന്നാറുള്ള പ്രേരണകളെ വിശ്വസിക്കാതിരിക്കുക.

രണ്ടാംവകുപ്പു

ഈശോ പക്ഷവാതരോഗിക്കു സുഖം നൽകുന്നു.

ധ്യാനം:—അംഗങ്ങളെ ഉപയോഗിക്കാൻ വഹിയാതെ ഇരു ദീർഘനാളായിട്ടു കഷ്ടപ്പെടുന്ന ഈ മനുഷ്യനെ കണ്ടപ്പോൾ ഈശോയ്ക്കു കരുണ തോന്നിയതിനാൽ അവിടുന്നു അവനോടു്: "സുഖം പ്രാപിക്കുവാൻ നിനക്കു മനസ്സുണ്ടോ?" എന്നു ചോദിച്ചു. ആ സാധുമനുഷ്യൻ ഇതു ഒരു കുറ്റാരോപണമാണെന്നു കരുതി "സ്വാമിൻ, വെള്ളം കലക്കപ്പെടുമ്പോൾ എന്നെ കുളത്തിൽ കൊണ്ടുപോയി ആക്കുവാൻ ആരുമില്ല. എന്നാൽ ഞാൻ തനിയെ ചെല്ലുമ്പോൾ മറ്റൊരുവൻ എന്നിലും മുമ്പായി ഇറങ്ങിക്കളയുന്നു" എന്നു പറഞ്ഞു. ഏതു അവനോടു

പറഞ്ഞു: "നീ എഴുന്നേറ്റു നിന്റെ കട്ടിൽ എടുത്തുകൊണ്ടു നടക്കുക." (യോഹ. 5. 6–8.)

പ്രായോഗികചിന്ത:— ഇതിൽനിന്നു വളരെ ആശ്വാസകരമായ ഒരു വിചാരത്തിനു വകയുണ്ടു്. അതായതു്: ഈശോ അവിടെ ഉണ്ടായിരുന്ന മറ്റു രോഗികളെ അപേക്ഷിച്ചു് ഈ പക്ഷവാതരോഗിയുടെ നേർക്കു കൂടുതൽ കരുണ കാണിക്കാനും, ഈ മഹാ ഉപകാരം അവനു ചെയ്യാനും ഇടയായതു് അവന്റെ ഈർഷ്യാധിക്യം നിമിത്തമാണു്. ആകയാൽ നമ്മുടെ ഈർഷ്യാഗ്രങ്ങളും ആത്മികരോഗങ്ങളും എത്ര ഭയങ്കരവും അനിവാര്യവുമായിരുന്നാലും നിരാശയും അധൈര്യവും നമ്മിൽനിന്നു് അകന്നിരിക്കട്ടെ. ആ പക്ഷവാതരോഗിക്കു് ലഭിക്കാതിരുന്ന സഹായകനും വിശ്വസ്ത സ്നേഹിതനും നമ്മുടെ ആത്മികനിയന്ത്രകരിൽ നമുക്കു് ലഭിച്ചിട്ടുണ്ടു്. അവർ വഴിയായി നാം ഈശോയുടെ അടുക്കൽ ചെല്ലുമെങ്കിൽ നാം നിശ്ചയമായും സുഖം പ്രാപിക്കും. എന്നാൽ സ്വസ്ഥരായശേഷം ആ പക്ഷവാതരോഗിയോടു ഈശോ അരുളിച്ചെയ്ത വചനങ്ങളും നാം ഓർക്കേണ്ടതാണു്. അതായതു്: ഇതാ നീ സുഖം പ്രാപിച്ചിരിക്കുന്നു; അധികം തിന്മയായിട്ടുള്ള വല്ലതും നിനക്കു സംഭവിക്കാതിരിക്കാനായി ഇനി നീ പാപം ചെയ്യരുതു്. (യോഹ. 5. 14.)

സംഭാഷണം:— കരുണാനിധിയായ രക്ഷകനോടു സംഭാഷണം ചെയ്യുക. നമ്മുടെ ശാരീരിക രോഗങ്ങളെ മാത്രമല്ല, ആത്മികരോഗങ്ങളെക്രടെയും നീക്കുവാൻ അഭ്യർത്ഥിക്കുക.

രണ്ടാംതിയ്യതി

ദൈവജനനി വിശുദ്ധ ഏലിസബേത്തിനെ
സന്ദർശിച്ച തിരുനാൾ

പ്രാരംഭം:—1. ദൈവജനനി സക്കരിയാസിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. ദൈവജനനി ഏതരൂപിയോടുകൂടെ ആ സന്ദർശനം നടത്തിയോ അതുപോലെയുള്ള അരൂപി നിന്റെ സന്ദർശനങ്ങളിലും ഉണ്ടാകുവാൻ വേണ്ട വരപ്രസാദം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ദൈവജനനിയുടെ ആ സന്ദർശനത്തിന്റെ കാരണങ്ങളും.

ധ്യാനം:— ദൈവപുത്രൻ വഴിയായി സ്ഥാപകയോഹന്നാന്റെ അത്ഭുതകരമായ ഉത്ഭവവിവരം പരിശുദ്ധകന്യക അറിഞ്ഞതിനാൽ, ദൈവവചനത്തിന്റെ മനുഷ്യാവതാരം എന്ന മഹാരഹസ്യം തന്നിൽ നിറവേറിയഉടനെ, ത്വരിതമായി പർവ്വതപ്രദേശങ്ങളിൽ യൂദെയായിലുള്ള ഒരുനഗരത്തിലേക്കുപോയി. വി. ലൂക്കാസ് എഴുതിയിരിക്കുന്നതുപോലെ, സക്കരിയാസിന്റെ ഭവനത്തിൽ പ്രവേശിക്കുകയും എലിസബേത്തിനോടു സ്വസ്തി പറകയും ചെയ്തു...അനന്തരം ഏകദേശം മൂന്നു മാസത്തോളം അവളോടുകൂടെ പാർക്കയുമുണ്ടായി. (ലൂക്കാ. 1. 31. 40. 56)

പരിശുദ്ധ കന്യകമറിയം, മനുഷ്യാവതാരംചെയ്ത ദൈവവചനത്തിന്റെ മാതാവെന്ന മഹിമയേറിയ സ്ഥാനം പ്രാപിച്ചിരുന്നിട്ടും, അരിഷ്ടത നിറഞ്ഞതും സുദീർഘവുമായ ഈ യാത്ര കഴിച്ചു തന്റെ ഇളയമ്മയെ സന്ദർശിപ്പാൻ ത്വരിതപ്പെട്ടതിനുള്ള കാരണമെന്തായിരിക്കാം? ഇതിനു വിശുദ്ധപിതാക്കന്മാർ പറയുന്ന കാരണങ്ങളിൽ ചിലതു ഇവിടെ കാണിക്കുന്നു. 1. ദൈവപ്രേരണയനുസരിച്ചാണ് അവിടുന്ന് ഇതു ചെയ്തത്. 2. തന്റെ ഇളയമ്മയായ എലിസബേത്തിൽ സംഭവിച്ചതും ദൈവപുത്രൻവഴിയായി താൻ അറിഞ്ഞതുമായ വലിയ അത്ഭുതസംഭവത്തെക്കുറിച്ചു അവളെ അനുമോദിച്ചു അവളോടു തനിക്കുള്ള സ്നേഹാദരങ്ങളെ പ്രദർശിപ്പിക്കുക. 3. വിശുദ്ധ എലിസബേത്തിനു ഈ അവസരത്തിൽ അത്യാവശ്യമായിരുന്ന സഹായങ്ങളും പരിചരണങ്ങളും ചെയ്യുകയും നമ്മുടെ കർത്താവിന്റെ പുരോഗാമിയായി ജനിച്ചിരിക്കുന്ന ശിശുവിന്റെ വിശുദ്ധീകരണത്തിൽ സഹകരിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത കാരണങ്ങൾ.

പ്രായോഗിക ചിന്ത:— സന്യാസികൾക്കു ചിലപ്പോൾ യാത്രകഴിക്കാനും ഓരോരുത്തരെ സന്ദർശിക്കാനും ഇടവരുന്നതാണ്. ഇതു പലർക്കും പാപത്തിനുള്ള പരീക്ഷയ്ക്കും ആത്മനാശത്തിനും കാരണമായിത്തീർന്നിട്ടുണ്ട്. എന്നാൽ ഇപ്രകാരം സംഭവിക്കുന്നതെന്തുകൊണ്ടാണ്? ആ യാത്രയോ, ആ സന്ദർശ

നമോ നടത്തുന്നതു് പരസ്നേഹം, അനുസരണം എന്നാ കാരണങ്ങളാലാകേണ്ടതിന്നു പകരം ഏകാന്തതയിലുള്ള അരുചി, കൌതുകാഗ്രഹം, ലോകമായ്കളിലുള്ള അഭിരുചി എന്നിങ്ങനെ ഓരോ കാരണങ്ങളായിരിക്കകൊണ്ടാണു്. ഉള്ളിൽ മറഞ്ഞിരിക്കുന്ന ഈട്ടശമായ കാരണങ്ങളെ ഓരോ വ്യർത്ഥന്യായങ്ങളാൽ മറച്ചുകൊണ്ടു ക്രൂടക്കൂടെ ഏകാന്തതയെ വിട്ടു പുറപ്പെടുന്നു. ഇതിനാലാണു് ആപത്തിൽ കൂട്ടുങ്ങുന്നതു്. ഈട്ടശ ആപത്തിലും വഞ്ചനയിലും നീ അകപ്പെടാതിരിക്കാൻ ഉത്സാഹപൂവ്വം സൂക്ഷിക്കുക. നീ വല്ലൊരുത്തനെ സന്ദർശിപ്പാനായി ഏകാന്തത വിട്ടു പുറപ്പെടുവാൻ സംഗതി വരുമ്പോൾ നിന്റെ സന്ദർശനത്തിന്റെ കാരണം, അനുസരണം ആചാരം അഥവാ പരസ്നേഹം ആയിരിക്കുകയും, ദൈവഭയത്തോടെ അവ ക്രമീകരിക്കുകയും ചെയ്യുമെങ്കിൽ അതു നിനക്കും അന്യർക്കും പ്രയോജനകരമായിത്തീരും. ഈ വിധമാണോ നീ ചെയ്തുവരുന്നതു്? നിന്റെ സന്ദർശനത്തിന്റെ യഥാർത്ഥ കാരണം ചിലപ്പോഴൊക്കയും നീ മറച്ചുകൊണ്ടു് മറു കാരണങ്ങൾ ശ്രേഷ്ഠന്മാരോട്ട പറകയും ഇപ്രകാരം നിന്റെ ഇഷ്ടംപോലെയുള്ള സന്ദർശനത്തിന്നു നീ മാഗ്ഗങ്ങൾ തേടുകയും ചെയ്തിട്ടില്ലയോ? ഒരുവനെ മാത്രം സന്ദർശിക്കുന്നതിന്നനുമതി ലഭിച്ചിട്ടു മറു സന്ദർശനങ്ങൾക്കും അനുമതിയുണ്ടെന്നു സങ്കല്പിച്ചുകൊണ്ടു, നിന്റെ ഇഷ്ടംപോലെ ഓരോരുത്തരെ സന്ദർശിച്ചിട്ടില്ലയോ? വിശുദ്ധ പൌലോസ" പറയുന്നതുപോലെ നിന്റെ സുകൃതഭിഷ്ടാനത്താൽ നീ അന്യർക്കു മിശിഹായുടെ സുവാസനയാകുവാൻ ശ്രമിച്ചിട്ടുണ്ടോ? (2. കോറി. 11.)

സ്നേഹപ്രകരണങ്ങൾ:— "ഞാൻ മനുഷ്യരുടെ ഇടയിൽ എത്രപ്രാവശ്യം പോയോ അത്ര പ്രാവശ്യവും മനുഷ്യത കുറഞ്ഞവനായി പിന്തിരിഞ്ഞു." ഒരു വിശ്രുത ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ള ഈ വചനങ്ങളുടെ സാരം ഗ്രഹിക്കുവാനും അവയിൽ നിന്നു ഫലം പ്രാപിക്കാനും ദൈവസഹായം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഉത്തമമായ ഉദ്ദേശ്യങ്ങളോടുകൂടിത്തന്നെ ആയിരുന്നാലും, സന്ദർശനങ്ങൾ നടത്തിയശേഷം, ആ സന്ദർശനം കഴിച്ച വിധത്തെയും പ്രത്യേകമായി അതാതുസമയത്തെ സംഭാഷണങ്ങളേയും കുറിച്ചു ദൈവതിരുസ്സന്നിധിയിൽ എന്നൊത്തന്നെ ഞാൻ പരിശോധിക്കും.

രണ്ടാംവകുപ്പ്

ഈ സന്ദർശനത്താൽ ഉണ്ടായ ഫലം

ധ്യാനം:— പരിശുദ്ധ കന്യകമറിയം സക്കരിയാസിന്റെ ഭവനത്തിൽ പ്രവേശിച്ചപ്പോൾ ആ ഭവനത്തിനു സന്തോഷവും ഭാഗ്യവും ഉണ്ടായി. വിശുദ്ധ എലിസബേത്തു് പരിശുദ്ധാത്മാവിയാൽ നിറഞ്ഞു ദൈവവചനത്തിന്റെ മനുഷ്യാവതാരം എന്ന പരമരഹസ്യം അറിഞ്ഞു പരസ്യപ്രഖ്യാപനംചെയ്തു. അവളുടെ ഉദരസ്ഥിതമായ ശിശു ജന്മപാപത്തിൽനിന്നു വിമുക്തനും, പരിശുദ്ധനും, ദൈവപ്രസാദവരത്തിൽ സുസ്ഥിരനും അക്ഷണംമുതൽതന്നെ യോഗ്യതകളെ സമ്പാദിപ്പാൻ തക്ക വിവേചനാശക്തിയുള്ളവനും ആയിത്തീർന്നു. ഒൻപതു മാസംവരെ മൂകനായിരുന്ന വിശുദ്ധ സക്കരിയാസിനു സംസാരശക്തിയും പ്രവചനവരവും ലഭിക്കുന്നതിന്നിടവരുത്തി. ഇതിനാൽ സക്കരിയാസിന്റെ ഭവനക്കാർക്കും അയൽവാസികൾക്കും വലിയ സന്തോഷം ഉണ്ടായി. "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള (ഭാഗ്യം) എനിക്കു് എവിടെനിന്നു"? എന്ന വചനങ്ങളാൽ വിശുദ്ധ എലിസബേത്തു ഇതു് ആദ്യമേ അറിയിച്ചിരിക്കുന്നു. (ലൂക്ക. 1. 43.)

പ്രായോഗികചിന്ത:— ദൈവജനനിയാൽ സന്ദർശിക്കപ്പെട്ടന്ന ആത്മാവും ഭവനവും അനുഗ്രഹീതങ്ങൾ. തന്റെ ദിവ്യമാതാവിന്റെനേരെ വിശേഷഭക്തിയും വണക്കവും പ്രദർശിപ്പിക്കുന്നവക്കു് ദൈവപുത്രൻ ഉന്നതമായ വരങ്ങൾ കൊടുക്കാറുണ്ടു്. നാം സകല നന്മകളും ഈ നാഥ വഴിയായി പ്രാപിക്കണമെന്നാണു് ദൈവചിത്തമെന്നും മുകളിൽപറഞ്ഞ സംഭവം കൊണ്ടു ഗ്രഹിക്കാം. ഇതിനാൽ സ്വർഗ്ഗരാജ്ഞി നിന്നെ കൂടക്കൂടെ സന്ദർശിപ്പാൻ നീ അഗ്രഹിക്കുക. ഇതു സാധിക്കുന്നതിന്നായി അവിടുത്തെ നിന്നാലായവിധം വണങ്ങി ബഹുമാനിക്കുക. ശേഷംപേരും തന്നെ ബഹുമാനിച്ചു വണങ്ങുവാൻ ശ്രമിക്കുക. ഈ വിഷയത്തിൽ ഇതുവരെ ചെയ്തവന്നതിൽ കൂടുതലായി വല്ലതും ചെയ്വാൻ നിനക്കു കഴിയുമോ എന്നു പരിശോധിക്കുകയും നിന്റെ അഗ്രഹത്തെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യുക.

സ്തോത്രപ്രകരണങ്ങൾ:— പരിശുദ്ധ അമ്മയുടെ നേർക്കു

പുത്രസഹജമായ സ്നേഹത്തിലും ഈസ്നേഹത്തെ പ്രസൃഷ്ടമാക്കുന്ന പ്രവൃത്തികളിലും അഭിവൃദ്ധി നിനക്കുണ്ടാക്കിത്തരണമെന്നു ഈ നാഥയോടുതന്നെ അഭ്യർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവജനനിയുടെ നേരെയുള്ള കേന്ദ്രീകൃത പ്രചരിപ്പിക്കാൻ തക്കതായ അവസരങ്ങളിൽ ഒന്നും നിഷ്ഫലമായിപ്പോകാതിരിക്കാൻ ഞാൻ പ്രത്യേകാൽ ശ്രമിക്കും.

മൂന്നാംവണക്കം

ഈ സന്ദർശനത്താൽ ഉണ്ടായ നന്മകളും യോഗ്യതകളും

ധ്യാനം:— നാം ചെയ്യുന്ന സൽപ്രവൃത്തികളുടെ സ്ഥിതിക്കു് ഒത്തവിധം നമ്മുടെ യോഗ്യതയും വർദ്ധിക്കുന്നു എന്നിതു യഥാർത്ഥമാണു്. അങ്ങിനെയെങ്കിൽ വിശുദ്ധ ഏലിസബേത്തിനെ സന്ദർശിച്ച അവസരത്തിൽ അഭ്യസിച്ച പുണ്യങ്ങൾ നിമിത്തം പരിശുദ്ധ ദൈവജനനിക്കു എത്രയധികം യോഗ്യത വർദ്ധിച്ചിട്ടുണ്ടായിരിക്കണം! വിശ്വാസം, അനുസരണം, ആത്മനിഗ്രഹം, ശുഷ്കാന്തി, അടക്കം, അനുകമ്പ, ഔദാര്യം, എളിമ, പരസ്നേഹം എന്നിവയാണു് പരിശുദ്ധ അമ്മ ഈ അവസരത്തിൽ അഭ്യസിച്ചതു്. ഇവയിൽ മുഖ്യമായി ശോഭിക്കുന്നതു് വിനയം പരസ്നേഹം എന്നിതുകളാണു്. എങ്ങിനെയെന്നാൽ അവിടുന്നു ദൈവത്തിന്റെ മാതാവു എന്നീ അതുല്യപദവിയിലേക്കു ഉയർത്തപ്പെട്ടിരുന്നാലും വരപ്രസാദങ്ങളിലും യോഗ്യതകളിലും വിശുദ്ധ എലിസബേത്തിനെക്കാൾ താണവൾ എന്നോണം അവളെ സന്ദർശിപ്പാനും അഭിനന്ദിപ്പാനും ചെല്ലുന്നു. ഒരു എളിയ ദാസിയെപ്പോലെ മൂന്നുമാസം അവളെ ശുശ്രൂഷിക്കുന്നു. വിശുദ്ധ എലിസബേത്തു് തന്നെ സ്ത്രീകളിൽ അനുഗ്രഹീത എന്നു വിളിച്ചുപുകഴ്ത്തിയപ്പോൾ, തന്നിൽ നിവർത്തിതമായതെല്ലാം ദൈവം വഴിയായിട്ടാകുന്നു എന്നു പറയുകയും സ്തുതിയൊക്കയും ഉടനെ ദൈവത്തിനു സമർപ്പിക്കുകയുംചെയ്യുന്നു. "ശക്തനായവൻ എന്നിൽ വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു (ലൂക്കാ. 1. 49) "എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു." എന്നു ആരംഭിക്കുന്നതായി ഈ നാഥ പാടിയഗീതം മുഴുവനിലും മഹാ വിസ്മയകരമായ പുണ്യപരിമളമത്രെ പ്രസൃഷ്ടമായിരിക്കുന്നതു്.

പ്രായോഗിക ചിന്ത;—ഈ പുണ്യങ്ങളിൽ ഓരോന്നിനേപ്പ

റിയും നന്നായി ചിന്തിക്കുക. അവ നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുകയും ചെയ്യുക. ഇപ്രകാരം നീ ചെയ്യുന്നതായാൽ നീ ദൈവജനനിക്കു പ്രിയമുള്ളവനും ഈ നാഥയുടെ കൂട്ടുകൂടിയുള്ള സന്ദർശനത്തിനു പാത്രവുമായിത്തീരുകയും, പുണ്യങ്ങളും ധാരാളമായി നിന്നിൽ വർദ്ധിച്ചുവരികയും ചെയ്യും.

സംക്ഷേപണം:— പരിശുദ്ധ ദൈവജനനിയോടു സംക്ഷേപണം ചെയ്യുക.

മൂന്നാം തിയ്യതി

നമ്മുടെ പരിശുദ്ധ മാതാവിനു ലഭിച്ച വിശേഷവരങ്ങൾ

പ്രാരംഭം. 1. വിശുദ്ധ എലിസബേത്തിന്റെ അഭിനന്ദനത്തിനു പ്രത്യുത്തരമായി: ശക്തനായവൻ മഹത്തായ കാര്യങ്ങൾ എന്നിൽ ചെയ്തു എന്നു ദിവ്യജനനി പറയുന്നതു ആത്മനാ ശ്രവിക്കുക.

2. ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിനു മുമ്പും, മനുഷ്യാവതാരസമയത്തും, അതിനുശേഷവും നമ്മുടെ ഭാഗ്യവതിയായ അമ്മയ്ക്കു ദൈവം നല്കിയ വിശേഷവരങ്ങൾ നന്നായി ഗ്രഹിക്കുവാൻവേണ്ട അനുഗ്രഹം പ്രത്യേകിക്കുക.

ഒന്നാം വകുപ്പു

ദൈവവചനം മനുഷ്യാവതാരം ചെയ്യുന്നതിനു മുമ്പു പരിശുദ്ധ കന്യകയ്ക്കു ലഭിച്ച പ്രത്യേക വരങ്ങൾ

ധ്യാനം:— ദൈവം ഒരുത്തനെ ഒരു ഉന്നതസ്ഥാനത്തിൽ നിയമിക്കുമ്പോൾ ആ സ്ഥാനത്തിനുവേണ്ട വരങ്ങളും കൂടെ നൽകാറുണ്ടു് എന്നാണു് വി. തോമസ് അക്വിനാസ് പറയുന്നതു്. പരിശുദ്ധ കന്യകമറിയം ദൈവത്തിന്റെ മാതാവു് എന്നീ അത്യുന്നത സ്ഥാനത്തിനാണു് നിയുക്തയായതു്. ഇതിനാൽ ഈ നാഥയ്ക്കു അവിടുന്നു നല്കിയ പ്രത്യേകവരങ്ങളും ദാനങ്ങളും എത്ര വലിയതായിരിക്കണം? അതെ, അതുല്യവും അതിശ്രേഷ്ഠവുമായ വരങ്ങൾ ദൈവം അവിടുത്തേയ്ക്കു നല്കി. വെളിപാടുപുസ്തകത്തിൽ പറയപ്പെട്ടുന്ന (വെളിപാ. 12.) ആ വി

സ്മയകരസ്ത്രീയുടെ ചുറ്റും കാണപ്പെടുന്ന പന്ത്രണ്ടു നക്ഷത്രങ്ങൾക്കു സദൃശമായി പന്ത്രണ്ടു വരങ്ങൾ ദൈവം ഈ നാഥയ്ക്കു നല്കിയിട്ടുണ്ടു എന്നാണു വി. പിതാക്കന്മാർ പറയുന്നതു്. ഇവയിൽ നാലു വരങ്ങൾ ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിനുമുമ്പാണു അവിടുത്തേയ്ക്കു ലഭിച്ചതു. ഈ വരങ്ങളിൽ പ്രഥമവും പ്രധാനവുമായതു് ജന്മപാപംക്രൂടാതെയുള്ള അവിടുത്തെ ഉത്ഭവമത്രെ. അമലോത്ഭവം എന്ന നാമത്തിൽ തിരുസ്സഭ ഇതു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടുണ്ടല്ലൊ. രണ്ടാമത്തേതു ദേഹിയും ദേഹവും യോജിച്ചു ജീവൻ പ്രാപിച്ചപ്പോൾത്തന്നെ തനിക്കു ലഭിച്ച ദൈവവരപ്രസാദപരിപൂർണ്ണതയാണു്. മൂന്നാമത്തേതു് ദൈവവരപ്രസാദത്തോടുകൂടെ യോജിച്ചു പ്രവർത്തിപ്പാനായി തത്സമയത്തുതന്നെ ലഭിച്ച വിവേചനാശക്തിയത്രെ. നാലാമത്തേതു് കന്യാത്വത്തിന്റെ മഹത്വവും വൈശിഷ്ട്യവും അറിവാനുള്ള ശക്തിയും അതിലേക്കുള്ള ആകർഷണവുമാണു്. ഇതിനാൽ മൂന്നു വയസ്സു് പ്രായത്തിൽ സ്വയം ദൈവത്തിനു പ്രതിഷ്ഠിക്കയും, നിത്യവിരക്തയായി ജീവിച്ചുകൊള്ളാമെന്നു ദൈവത്തോടു വാഗ്ദാനം ചെയ്കയുമുണ്ടായി.

പ്രായോഗികചിന്ത:— ദൈവദൂതരോടും തിരുസ്സഭയോടും അവിടുത്തെ സമസ്ത ദാസരോടും ആത്മനാ യോജിച്ചുകൊണ്ടു് സർവ്വശക്തനായ ദൈവം നമ്മുടെ സ്നേഹമുള്ള അമ്മയ്ക്കു നൽകിയ വിശേഷവരങ്ങളെക്കുറിച്ചു ഈ അമ്മയെ അഭിനന്ദിക്കുക. നമ്മുടെ പരിശുദ്ധ മാതാവിനെ പ്രസാദിപ്പിക്കുന്നതിനും, അവിടുത്തെ സഹായം നമ്മിൽ ഉണ്ടാകുന്നതിനും, പ്രത്യേകമായി നമ്മുടെ പൂർണ്ണവിരക്തിയുടെ വാഗ്ദാനം വിശ്വസ്തതയോടെ പാലിക്കുന്നതിനും, ഈ നാഥയുടെ ദിവ്യാനുസ്മരണം ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും നാം പൂർണ്ണതയിൽ വർദ്ധിക്കുന്നതിനും ഇതു് ഫലപ്രദമായ മാർഗ്ഗമാണു്.

സ്നേഹപ്രകരണങ്ങൾ:— സപ്തശ്രീരാജ്ഞിയെ, സന്തോഷിക്കുക, എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ നിന്നിൽ ചെയ്തു.

പ്രതിജ്ഞ:— നമ്മുടെ അനുഗ്രഹീതയായ അമ്മയോടുള്ള ഭക്തിയിൽ അഭിവൃദ്ധി പ്രാപിച്ചുവരുവാൻ ശ്രമിക്കുക.

രണ്ടാംഅധ്യായം

ദൈവവചനം മനുഷ്യാവതാരം ചെയ്ത അവസരത്തിൽ പരിശുദ്ധ കന്യകാമറിയത്തിനു ലഭിച്ച വിശേഷവരങ്ങൾ

ധ്യാനം:— 1. കന്യാത്വത്തിനു ഭംഗംവരാതെ അവിടുന്നു മാതാവായിത്തീർന്നു. ഇതു മറ്റെല്ലാ വരങ്ങളെക്കാൾ പ്രാധാന്യമുള്ളതും ദൈവജനനിക്കു പ്രീതിജനകവും ആയിരുന്നു. മാതൃമാഹാത്മ്യവും കന്യകാവൈശുദ്ധ്യിയും ഒരേ സമയത്തുതന്നെ അവിടുത്തേയ്ക്കു ഉണ്ടായിരുന്നു. 2. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ ഒമ്പതുമാസം തന്റെ പരിപാവനമായ ഗർഭത്തിൽ ധരിക്കാൻ അവിടുത്തേയ്ക്കു ഭാഗ്യം ലഭിച്ചു. 3. തന്റെ ഗർഭസ്ഥിതനായ ദൈവകുമാരന്റെ ശാരീരികവളർച്ചയോടൊപ്പംതന്നെ മാതാവിന്റെ ആത്മാവു് ദൈവവരപ്രസാദത്തിലും അത്ഭുതാവഹമായ വളർച്ച പ്രാപിച്ചുകൊണ്ടിരുന്നു. 4. ദൈവപ്രസാദവരം സകല മനുഷ്യരിലേയ്ക്കും പ്രവഹിക്കുന്നതിനുള്ള മാധ്യമവും ഉപകരണവുമായി ദൈവജനനി നിയോഗിക്കപ്പെട്ടു. ഇതിനാൽ തിരുസ്സഭ ഈ നാഥയെ ദൈവവരപ്രസാദത്തിന്റെ മാതാവു് എന്നു സംബോധനം ചെയ്യുന്നു.

പ്രായോഗികചിന്ത:— നമ്മുടെ സ്വർഗ്ഗീയമാതാവിനു് ലഭിച്ചിട്ടുള്ള ഈ വിശേഷവരങ്ങളെ, പ്രത്യേകമായി സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേയ്ക്കു് വർഷിക്കുന്ന സകല ദൈവാനുഗ്രഹങ്ങളുടെയും മാർഗ്ഗമായിരിക്കുന്ന അവിടുന്നു, എന്നു അവസാനത്തിൽ പറഞ്ഞതിനെ, അനുസ്മരിച്ചു സന്തോഷിക്കുക. അവിടുത്തോടുള്ള ഭക്തിയും തന്റെ മാതൃവാത്സല്യത്തിലുള്ള ആശ്രയവും നമ്മിൽ വേണ്ടവിധമുണ്ടോ എന്നു പരിശോധിക്കുക. നാം പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കാതിരിക്കുന്നതും, അന്യരുടെ ആത്മരക്ഷാർത്ഥം ചെയ്യുന്ന വേല ഫലപ്രദമാകാതിരിക്കുന്നതും ഒരു പക്ഷെ ഈ ന്യൂനത കാരണത്താലായിരിക്കാം.

സ്നേഹപ്രകരണങ്ങൾ:— മറിയമെ എന്റെ അമ്മെ, നിന്നെ സ്നേഹിക്കാൻ എന്നെ പഠിപ്പിക്കേണമെ, (വ. പീറ്റർ ക്ലെയ്വർ)

പ്രതിജ്ഞ;— ഞാൻ ദൈവജനനിയുടെ യഥാർത്ഥ ഭക്തൻ ആകുന്നതുവരെ എന്റെ നിത്യരക്ഷയെക്കുറിച്ചു ഭയപ്പെട്ടും എന്നു, വിശുദ്ധ യോഹന്നാൻ ബെർക്ക്മെൻസ് പറഞ്ഞു വന്നിരു

ന്ന വചനങ്ങളും നിന്റെ സ്മൃതിപഥത്തിൽ സദാ ഉണ്ടായിരിക്കാൻ ശ്രമിക്കുക.

മൂന്നാം വകുപ്പ്

ദൈവവചനം മനുഷ്യാവതാരം ചെയ്തശേഷം പരിശുദ്ധ കന്യകമറിയത്തിനു ലഭിച്ച വിശേഷവരങ്ങൾ.

ധ്യാനം:— 1. ആദിമാതാവു പാപത്തിൽ അകപ്പെട്ടശേഷം "നീ വ്യാകുലത്തോടുകൂടെ മക്കളെ പ്രസവിക്കും. (ഉല്പ. 1. 3, 16) എന്നുണ്ടായ ദൈവശിക്ഷാവിധിയിൽ നിന്നു ദൈവജനനിക്കു തന്റെ അമലോത്ഭവം നിമിത്തം സിദ്ധിച്ച വിമോചനം. 2. മനുകുലോദ്ധാരണത്തിൽ സഹപ്രവർത്തക എന്ന സ്ഥാനം. അനന്യലഭ്യമായ ഒരു മഹാ ഉദ്യോഗമാണിതു്. 3. മറ്റു മനുഷ്യർക്കുണ്ടാകുന്നതുപോലെ അരിഷ്ടതകളും പീഡാനുഭവങ്ങളും എന്നിവയുടെ ബാധയൊന്നും കൂടാതെ ദൈവസ്നേഹപാരവശ്യത്താൽ മാത്രം തന്റെ ആത്മാവു ശരീരത്തെ വിട്ടുപിരിഞ്ഞതു. 4. സകല വിശുദ്ധരേയും അവർണ്ണനീയമായ വിധം അതിശയിക്കുന്ന നന്മബാഹുല്യത്തോടും ഭാഗ്യസംപൂർണ്ണതയോടുംകൂടെ ദൈവദൂതന്മാരാൽ പരിസേവിതയായി, പുനർജ്ജീവിച്ച ശരീരത്തോടുകൂടെ അവിടുന്നു് സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടതു്. ഇതു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടുണ്ടല്ലൊ. തൽക്ഷണംതന്നെ അക്ഷയത്വം മുതലായ വരങ്ങളും സംപൂർണ്ണമായി പ്രാപിച്ചു എന്നിതും ഇവിടെ നാം അനുസ്മരിക്കണം.

പ്രായോഗികചിന്ത:— നമ്മുടെ ഭാഗ്യവതിയായ അമ്മയ്ക്കു ലഭിച്ച ഈ വിശേഷവരങ്ങളിൽ പലതും നിനക്കും പ്രാപിക്കാം. എങ്ങനെയെന്നാൽ നാശകൂപത്തിൽ പതിച്ചു കിടക്കുന്ന ആത്മാക്കളും എത്ര വളരെയുണ്ടു്. അവയിൽ ഒന്നിനെയെങ്കിലും ഈശോയുടെ പാദത്തിങ്കൽ കൊണ്ടുവരുവാൻ തക്ക വല്ല അവസരവും നിനക്കു സിദ്ധിക്കുമെങ്കിൽ നീ ആ അവസരം ഫലപ്രദമാക്കുവാൻ ശ്രമിക്കുക. അപ്പോൾ അന്യരുടെ ആത്മരക്ഷയിൽ സഹകാരി എന്ന മഹാ ബഹുമതിക്കു നീയും അർഹനാകും. നീ ഒരു ഉത്തമ സന്ന്യാസിയും ഈശോയുടെ യഥാർത്ഥ ശിഷ്യനുമായി ജീവിക്കുമെങ്കിൽ നമ്മുടെ സ്വർഗ്ഗീയ മാതാവു്

അനുഭവിക്കുന്ന ഭാഗ്യത്തിന്റെ ഓഹരി ആത്മാവിലും ശരീരത്തിലും നീയും പ്രാപിക്കും.

സംഭാഷണം:— നമ്മുടെ പ്രിയ മാതാവിനോട് സംഭാഷണം ചെയ്യുക. അവിടുത്തേയ്ക്കു സിദ്ധിച്ച മഹത്വത്തെക്കുറിച്ചു സന്തോഷിക്കുക. അവിടുത്തെ അഭിനന്ദിക്കുക. അവിടുന്നു നിനക്കു ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെക്കുറിച്ചു കൃതജ്ഞത പ്രകടിപ്പിക്കുക. മേലിലും നിന്നെ സംരക്ഷിപ്പാനായി പ്രാർത്ഥിക്കുക.

നാലാംതിയതി

ഫരിസേയരുടെ കപടതയും അസൂയയും.

പ്രാരംഭം 1. ഫരിസേയരുടെ വ്യാജപൂർണ്ണമായ കുറ്റാരോപണങ്ങൾക്കു ഈശോ പറയുന്ന പ്രത്യുത്തരം കേൾക്കുന്നതായി സങ്കല്പിക്കുക.

2. വിനയവും, അനുകമ്പയും ഉള്ള ഹൃദയം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഫരിസേയർ ഈശോയുടെ ശിഷ്യരെ കുറ്റപ്പെടുത്തുന്നു.

ധ്യാനം:— പെസഹാക്കടമകളെല്ലാം നിവൃത്തിച്ചശേഷം ഈശോ യെരുസലേം വിട്ടു ഗലീലേയായിലേക്കു തിരിച്ചു. "ആ കാലത്തിൽ ഏതു സാബത്തു ദിവസം വിളഭൂമികളിൽക്കൂടി പോയി. അപ്പോൾ അവിടുത്തെ ശിഷ്യന്മാർ വിശന്നിട്ടു കതിരുകൾ പറിച്ചു ഭക്ഷിച്ചുതുടങ്ങി." ഫരിസേയർ, ഇതു ന്യായപ്രമാണത്തിനു വിരുദ്ധമെന്നു വിധിച്ചുകൊണ്ടു "ഇതാ സാബത്തു ദിവസങ്ങളിൽ ചെയ്യുകൂടാത്തതു നിന്റെ ശിഷ്യന്മാർ ചെയ്യുന്നു" എന്നു അങ്ങയോടു പറഞ്ഞു. (മത്തേ. 12. 1, 2.)

പ്രായോഗികചിന്ത:— ഇവിടെ ഫരിസേയർ ചെയ്തതു പോലെ പലരും തങ്ങളുടെ അസൂയയെ ശ്രേഷ്ഠാന്തിയുടെ വേഷം കൊണ്ടു മറയ്ക്കാറുണ്ടു്. ഇതു വെറുക്കത്തക്ക ഒരു സ്വഭാവമല്ലെ?

ഈ ദുർഗ്ഗുണം സന്യാസികളുടെ ഹൃദയങ്ങളിലും നിഷ്പ്രയാസം ഇഴഞ്ഞുകയറാറുണ്ട്. ആകയാൽ നമ്മിൽ ഇവയുടെ വല്ല ലക്ഷണങ്ങളും ഉണ്ടോ എന്നു പരിശോധിക്കുക. ഈ ലക്ഷണങ്ങളിൽ ചിലതു പറയാം. നമുക്കു ഇഷ്ടമില്ലാത്ത ഒരുത്തൻ സുകൃതവാനും (ന്യായവും സാഹചര്യവും നോക്കുന്നതായാൽ) ഉത്തമവിധം പ്രവർത്തിക്കുന്നവനുമായിരുന്നാലും ആ ന്യായങ്ങളും സാഹചര്യങ്ങളും ഒന്നും നോക്കാതെ നീചബുദ്ധിയോടുകൂടെ അവനെ കുറ്റം പറയുക. തങ്ങളുടെ വാക്കുകൾ നീതീകരിക്കാനായി ഓരോ കള്ളന്യായങ്ങൾ ഉണ്ടാക്കി പറയുക. അവന്റെ ലഘുവായ കുറ്റങ്ങളെക്കുടെയും ദുരുദ്ദേശത്തോടുകൂടെ എടുത്തു വർണ്ണിച്ചുകാണിക്കുക. ദുർവ്വിധി ചെയ്യുക. അവൻ പരമാർത്ഥബുദ്ധ്യാ ചെയ്യുന്ന പ്രവൃത്തികളെ എന്നല്ലാ, അവന്റെ ഉദ്ദേശങ്ങളെപ്പറ്റിക്കുടെയും ദുർവ്യാഖ്യാനം ചെയ്യുക എന്നിതുകളാണു പ്രസ്തുത ലക്ഷണങ്ങൾ. ഇങ്ങനെ പരിശോധിക്കുന്നപക്ഷം നിന്നെക്കുറിച്ചു എന്തു പറയേണ്ടിവരുമെന്നു നീ തന്നെ വിധിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്നിൽ മറഞ്ഞിരിക്കുകയും, ഓരോ പ്രവൃത്തികൾക്കു ശുദ്ധമായി നിന്നെ പ്രേരിപ്പിക്കുയുംചെയ്യുന്ന അസൂയയെ കണ്ടുഗ്രഹിച്ചു ഉൻമൂലനം ചെയ്യുവാനും, പരസ്നേഹപൂർണ്ണവും അനുകമ്പാസമ്മിളിതവുമായ ഒരു ഹൃദയം നിനക്കു ലഭിപ്പാനും ഇടവരുത്തേണമെന്നു പ്രാർത്ഥിക്കുക.

രണ്ടാംവകുപ്പു

ഈശോ തന്റെ ശിഷ്യന്മാരെ ആദരിക്കുന്നു.

ധ്യാനം:— ഫരിസേയരുടെ കുറ്റാരോപണം നമ്മുടെ കർത്താവിന്റെ ശിഷ്യരുടെ കീർത്തിക്കു ഭംഗം വരുത്തുവാനും, പൊതുജനത്തിൽ അവരുടെനേരെ ദുരഭിപ്രായം ഉളവാക്കുവാനും തക്കതായിരുന്നു. ഇതിനാൽ ഈശോ തന്റെ ശിഷ്യന്മാരെ ആദരിച്ചു അവരുടെമേൽ കുറ്റം ആരോപിച്ചവരെ കായ്സ്ഥിതി ഗ്രഹിപ്പിച്ചുകൊണ്ടു നിശ്ശബ്ദരാക്കി. അപ്പോൾ അവിടുന്നു അവരോടു അരുളിചെയ്തു: ഭാവിയിൽ തനിക്കു അവശ്യപ്പെടുകയും, തനിക്കും തന്റെകൂടെ ഉണ്ടായിരുന്നവർക്കും വിശക്കുക

യും ചെയ്യുമ്പോൾ എന്തു ചെയ്യ എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ? പിന്നെയും അവിടുന്ന് അവരോട അരുളിച്ചെയ്യ: സാബത്തു ദിവസം മനുഷ്യനായിട്ട ഉണ്ടാക്കപ്പെട്ടതല്ലാതെ മനുഷ്യൻ സാബത്തുദിവസത്തിനായിട്ടല്ല. ആകയാൽ മനുഷ്യപുത്രൻ സാബത്തുദിവസത്തിനും കർത്താവാകുന്നു, (മാർക്ക. 2. 25, 27, 28)

പ്രായോഗികചിന്ത:— ആരെങ്കിലും നമ്മെ കുറപ്പെടുത്തുമ്പോൾ അവരോട തക്കിക്കാതെ മൗനത്തോടുകൂടെ സഹിക്കേണ്ടതാണ്. എന്നാൽ ദൈവത്തിന്നും തിരുസ്സഭയ്ക്കും അതിന്റെ സ്വാതന്ത്ര്യങ്ങൾക്കും, വിരോധമായ സംസാരം കേൾക്കുമ്പോഴും, അന്യരെക്കുറിച്ചു അപവാദവും പറയുന്നതു കേൾക്കുമ്പോഴും മൗനം അനുഷ്ഠിക്കുന്നതു ശരിയല്ല. ന്യായം കാണിച്ചു അവയ്ക്കു പ്രത്യുത്തരം പറയാൻ കഴിവുള്ളപ്പോൾ അങ്ങനെ ചെയ്കതന്നെ വേണം. ഇതു ചെയ്യാത്തവൻ സത്യം അസത്യമായി സമ്മതിക്കുന്നതുപോലെയുള്ള കുറ്റം ചെയ്യുന്നു. ഇതു വലുതായ ഒരു ഭീരുത്വംകൂടെയാണ്. ഇതുകൊണ്ടു ഇതരന്മാരിൽ തെറ്റായ അഭിപ്രായം ഉണ്ടാകുന്നതിന്നു ഇവർ കാരണമാകയും, തൻമൂലം കൂടുതൽ അപരാധികളായിത്തീരുകയും ചെയ്യുന്നു. ജ്ഞാനി സാക്ഷീകരിക്കുന്നതുപോലെ സംസാരിപ്പാനുള്ള സമയവുമുണ്ടു, മൗനമായിരിക്കേണ്ട സമയവുമുണ്ട്. ഈ സമയങ്ങളെ തിരിച്ചറിയുകയും ഈ അറിവിന്നു തക്കവണ്ണം പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാനായിരിക്കും. നീ ഇതുവരെ പ്രവർത്തിച്ചിട്ടുള്ളതു് എങ്ങനെയാണ്? ദൈവസ്നേഹത്തെ ആദരിക്കുന്നതിന്നു പകരം സ്വസ്നേഹത്തെ ആദരിക്കാൻ സാധാരണമായി നീ ശ്രമിച്ചിട്ടില്ലയൊ? സ്വസ്നേഹത്തിന്നു നേരിടുന്ന വിപരീതങ്ങളെ ഒഴിക്കാനായി ശ്രദ്ധാന്തിയോടും ക്ഷാന്തിയോടും കൂടെ നീ ശ്രമിച്ചിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:— ആവശ്യം വരുമ്പോൾ സത്യം ആദരിക്കാനും ഇതിന്നായി ചെയ്യുന്ന പരിശ്രമം സഫലമാക്കുവാനുംവേണ്ട അറിവും ശ്രദ്ധാന്തിയും നിനക്കു തന്നരുളേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഈ ഉദ്ദേശസാദ്ധ്യത്തിന്നുവേണ്ട അറിവും സാമർത്ഥ്യവും സമ്പാദിപ്പാൻ ശ്രമിക്കുക.

മൂന്നാം വകുപ്പു

ഇശോ ഫരിസേയരെ ലജ്ജിപ്പിക്കുന്നു.

ധ്യാനം:— ഫരിസേയരുടെ ഹൃദയങ്ങളിൽ മറഞ്ഞിരിക്കുന്നവ അവിടുന്നു അറിയുന്നു. അവർ അസൂയകൊണ്ടാണു ഇങ്ങനെ കുറ്റാരോപണം ചെയ്യുന്നതു എന്നു അവരെ ബോധപ്പെടുത്താൻവേണ്ടി നമ്മുടെ കർത്താവു അവരോടു ഇങ്ങനെ അരുളിച്ചെയ്തു: ബലിയെ അല്ല, കരുണയെ ഞാൻ ആഗ്രഹിക്കുന്നു എന്നുള്ളതു എന്താകുന്നു എന്നു നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ, ഒരിക്കലും നിങ്ങൾ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കുകയില്ലായിരുന്നു. (മത്തേ. 12, 7.)

പ്രായോഗികചിന്ത:— ഇപ്രകാരമുള്ള ശകാരത്തിനു അർഹരാകാതിരിക്കാൻ നാം സൂക്ഷിക്കണം. പുണ്യത്തിന്റെ ഭാവത്തിൽ മറഞ്ഞിരിക്കുന്ന രഹസ്യമായ ദുഷ്ടതയാൽ പ്രേരിതരായി—ദുഷ്ടതയെ പുണ്യഭാവത്തിൽ മറച്ചുകൊണ്ടു — ഒരിക്കലും സംസാരിക്കയും പ്രവർത്തിക്കയും ചെയ്യരുതു്. ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും ബാഹ്യമായി ആചരിക്കുന്നുണ്ടെങ്കിലും അഭ്യന്തരമായി അവയുടെ അരൂപി അവഗണിക്കുക, അന്യരെ നിഷ്കരുണമായി വിധിക്കുക, അവർക്കുള്ളതോ ഉണ്ടെന്നു വെറുതെ ഊഹിക്കുന്നതോ ആയ ലഘുവായ കുറ്റങ്ങളെ കുറിച്ചുപോലും അവരെ കഠിനമായി ശകാരിക്കുക, അവരെക്കുറിച്ചു അവലാതിപ്പെടുക എന്നിവയെല്ലാം മുകളിൽ പറഞ്ഞതരം പുണ്യവേഷം ധരിച്ച ദുഷ്ടതകളാണു്. ഇപ്രകാരമുള്ളവ നിന്നിലുണ്ടോ എന്നു പരിശോധിക്കുക. ഉണ്ടെങ്കിൽ അവയെക്കുറിച്ചു പശ്ചാത്തപിക്കുക. നമ്മുടെ കർത്താവിനോടു ക്ഷമാപണം ചെയ്യുക. മേലിൽ ഇപ്രകാരമുള്ളവയിൽ അകപ്പെടാതിരിക്കാൻ വേണ്ട എളിമയും പരസ്നേഹവും നിന്നിൽ സ്ഥിരപ്പെടുത്തണമെന്നു അഭ്യർത്ഥിക്കുക.

സംഭാഷണം:— നമ്മുടെ ജീവപരിപാലകനും ഉത്തമ ഗുരുവുമായ ഈശോയോടു സംഭാഷണം ചെയ്യുക.

ക്രൂശൈ അഞ്ചാം തിയ്യതി

ഈശോ പന്ത്രണ്ട അപ്പോസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു.

പ്രാരംഭം 1. ഈശോ പന്ത്രണ്ട അപ്പോസ്തോലന്മാരുടെ നാമങ്ങളും പ്രസിദ്ധീകരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. നിന്റെ ദൈവവിളിക്കനുയോജ്യമായ ജീവിതത്തിനു വേണ്ട ദൈവാനുഗ്രഹം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

നമ്മുടെ കർത്താവു പന്ത്രണ്ട അപ്പോസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു.

ധ്യാനം:— ഭാവികാലത്തിൽ വളരെ പ്രാധാന്യമുള്ളതായി തീരേണ്ട ഒരു പ്രവൃത്തികൊണ്ടു തന്റെ പ്രസിദ്ധജീവിതം ആരംഭിക്കുവാൻ നമ്മുടെ കർത്താവു നിശ്ചയിച്ചു. അതായതു്: അപ്പോസ്തോലന്മാരുടെ സംഘം ഏർപ്പെടുത്തുകയും, ഇങ്ങനെതാൻ മനുഷ്യരുടെ ഇടയിൽ ആരംഭിച്ച രക്ഷാകരജോലി എന്നുംനിലനിറുത്തുവാനുള്ള തന്റെ സത്പ്രവൃത്തിയുടെ അടിസ്ഥാനമിടുകയും ചെയ്തു. അവിടുന്നു തന്റെ ശിഷ്യന്മാരെവിളിച്ചു് അവരിൽ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. (അവർക്കു് അപ്പോസ്തോലന്മാർ എന്ന പേരുമിട്ടു.) അവർ: പത്രോസെന്നു് അപരനാമം നൽകിയ സീമോൻ, തൽ സഹോദരൻ: അന്ത്രയാസു്, യാക്കോബു്, യോഹന്നാൻ, ഫിലീപ്പുസു്, ബെത്ത്ലോമെവുസു്, മത്തേവുസു്, തോമസു്, അല്ഫേവുസിന്റെ പുത്രൻ യാക്കോബു്, തീക്ഷ്ണബുദ്ധി എന്നു വിളിക്കപ്പെടുന്ന സീമോൻ, യാക്കോബിന്റെ (സഹോദരൻ) യൂദാസു്, ദ്രോഹിയായിത്തീർന്ന യൂദാസു് ഇസ്കറിയോത്തു്, എന്നിവരായിരുന്നു. (ലൂക്കാ. 6, 13, 16–മാക്കു് 3.)

പ്രായോഗികചിന്ത:— ഈശോ തന്നെ അനുഗമിച്ചിരുന്ന നിരവധി ശിഷ്യരിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. ഗഹനങ്ങളായ സൂചനകളെ ഉള്ളടക്കുന്ന ഈ സംഖ്യ ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രപിതാക്കന്മാരെ അനുസ്മരിപ്പിക്കുന്നു. ദൈവകുമാരൻ അവിടുത്തെ ഇപ്പ്രകാരം തിരഞ്ഞെടുത്ത ഇവരുടെ ഭാഗ്യവും മഹിമയും എത്ര വലിയതായിരിക്കുന്നു!

വി. മാർക്കൂസ് എഴുതിയിരിക്കുന്നതുപോലെ, "താൻ ഇച്ഛിച്ചവരെ തന്റെ അടുക്കലേക്കു വിളിച്ചു." (മാർക്കൂ. 3. 13.) അതിനാൽ അവർക്കു സിദ്ധിച്ച മഹിമയെക്കുറിച്ചു് അവരെ നാം അനുമോദിക്കുക. അതുപോലെതന്നെ നമ്മെക്കാൾ ഉത്തമരായ അനേകർ ഉണ്ടായിരുന്നെങ്കിലും നമ്മെ ദിവ്യരക്ഷകൻ ഇപ്രകാരം തിരഞ്ഞെടുത്തതിനെക്കുറിച്ചും നാം സന്തോഷിക്കണം.

സ്നേഹപ്രകരണങ്ങൾ:— നമുക്കു സിദ്ധിച്ച ദൈവവിളി എന്ന അനുഗ്രഹത്തെക്കുറിച്ചു കൃതജ്ഞതയുള്ളവരായിരിക്കുക. അതിൽ മരണപര്യന്തം നിലനില്പാൻ വേണ്ട അനുഗ്രഹം അപേക്ഷിക്കുക.

പ്രതിജ്ഞ:— ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവാനുഗ്രഹത്താലാണു് എന്നു വിശുദ്ധ പൌലോസിനോടുകൂടെ പലപ്പോഴും പറയുക.

രണ്ടാം വകുപ്പു

അവിടുന്നു് അവരെ വിളിച്ച സന്ദർഭം

ധ്യാനം:— ഈ തിരഞ്ഞെടുപ്പിനു നമ്മുടെ ദിവ്യരക്ഷകൻ അസാധാരണമായ ഒരുക്കംചെയ്തു. അതായതു്: അതിനെറ്റ തലേദിവസം അവിടുന്നു പ്രാർത്ഥിപ്പാനായി ഒരു മലയിലേക്കു പോയി. രാത്രിമുഴുവനും പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. (ലൂക്കാ. 6. 12.) ഈ തിരഞ്ഞെടുപ്പു നന്നായിരിപ്പാൻ ഇപ്രകാരമുള്ള ഏകാന്തതയും പ്രാർത്ഥനയും അങ്ങേയ്ക്കു് ആവശ്യമുണ്ടായിരുന്നോ? ഇല്ല. എങ്കിലും നമ്മുടെ അനുകരണത്തിനായി ഒരു ദൃഷ്ടാന്തവും പാഠവും തരുവാൻ അവിടുന്നു് ആഗ്രഹിച്ചു. അതുകൊണ്ടാണു് ഇപ്രകാരം ചെയ്തതെന്നു് വിശുദ്ധ അമ്പ്രോസിയൂസ് എഴുതിയിരിക്കുന്നു.

പ്രായോഗികചിന്ത:— മിശിഹാ ഈ ദൃഷ്ടാന്തത്താൽ നമ്മെ പഠിപ്പിക്കുന്നതെന്താണു്? ദിവ്യവെളിച്ചംനൽകുന്ന പരമപിതാവിന്റെ പരിപാലനവും നിയന്ത്രണവും ശ്രദ്ധാന്തിപൂർവ്വം അപേക്ഷിക്കാതെ സാരമായ കാര്യങ്ങൾ ഒന്നും നാം ആരംഭിക്കരുതു്. നാം പ്രാർത്ഥിക്കുമ്പോൾ ലോകകലഹങ്ങളിലും ഉൽക്കണ്ഠകളിലും നിന്നു കഴിയുന്നത്ര ഒഴിഞ്ഞിരിപ്പാൻ ശ്രമിക്കണം എന്നിവയാണു്. ഈദിവ്യപാഠത്തെ നാം എങ്ങനെ അനുവർത്തി

ച്ചുവരുന്നു? ഏതുവിഷയത്തിലാണു നമ്മെ തിരുത്തേണ്ടതു്? അതു് എങ്ങനെ സാധിക്കും?

സ്നേഹപ്രകരണങ്ങൾ:— നിനക്കു ഏല്പിക്കപ്പെട്ടുന്ന ജോലി എപ്പോഴും ദൈവതിരുമനസ്സിനു് ഒത്തവിധം നിവൃത്തിച്ചുവരുവാൻ വേണ്ട അറിവും വിവേകവും തന്നരുളേണമെന്നു ദൈവത്തോടു അപേക്ഷിക്കുക.

പ്രതിജ്ഞ:— നിനക്കുണ്ടാകുന്ന എല്ലാ ഉൽക്കണ്ഠകളിലും വ്യസനങ്ങളിലും പ്രാർത്ഥിക്കുകയും, നിന്റെ ആത്മികനേതാക്കളായി ദൈവം നിശ്ചയിച്ചിരിക്കുന്നവരുടെ ഉപദേശാനുസരണം പ്രവർത്തിക്കുകയും ചെയ്യുക.

മൂന്നാംവകുപ്പു


ഈ തിരഞ്ഞെടുപ്പിന്റെ പ്രത്യേകത.

ധ്യാനം:— ഇങ്ങനെ ദൈവകുമാരൻ തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ ഒരുത്തൻ ദ്രോഹിയായ യൂദാസ് ഇസ്കാറിയോത്തു് ആയിരുന്നു. ഇതു് ഒരഗ്രാഹ്യമായ രഹസ്യമാണെന്നു നമ്മിൽ പലർക്കും തോന്നിയേക്കാം. ഇതു് ഓർക്കുമ്പോൾ ആരാണു് പരിഭ്രമിക്കാത്തതു്? അവന്റെ ഭാവി ഈശോ അറിഞ്ഞില്ലയോ? യഥാർത്ഥ അപ്പോസ്തോലവേലയ്ക്കായി അവനെ ഉദ്ദേശിക്കാതെ അപ്പോസ്തോലൻ എന്ന നാമം മാത്രം അവനു നൽകിയതായിരിക്കുമോ? എന്നീ ചോദ്യങ്ങൾ നമ്മിൽ ജനിക്കാവുന്നതാണു്. ഇതിനു വ്യാഖ്യാതാക്കൾ സമാധാനം പറയുന്നു:—യൂദാസ് മറ്റു അപ്പോസ്തോലന്മാരെപ്പോലെതന്നെ ആയിരിക്കേണമെന്നു ഈശോ യഥാർത്ഥത്തിൽ ആഗ്രഹിച്ചുകൊണ്ടത്രെ അവനെ തിരഞ്ഞെടുത്തതു്. എന്നാൽ അവൻ അവന്റെ ദ്രോഹം നിമിത്തം ഇതിനു അയോഗ്യനായിത്തീരുകയാണു് ചെയ്തതു്. മനുഷ്യൻ ദൈവത്തിൽനിന്നു് എത്ര ഉന്നതമായ വരങ്ങൾ പ്രാപിച്ചിരുന്നാലും അവ നിഷ്ഫലമാക്കുകയൊ ഫലപ്രദമാക്കുകയൊ ചെയ്യത്തക്ക സ്വതന്ത്രാവസ്ഥയിലാണു് അവന്റെ നില എന്നു് ഇതുകൊണ്ടു നാം മനസ്സിലാക്കണം. അങ്ങനെതന്നെ ഒരുത്തൻ വിളിക്കപ്പെട്ടിരിക്കുന്ന അന്തസ്സു് എത്ര പരിശുദ്ധമുള്ളതായിരുന്നാലും ആ അന്തസ്സിൽവച്ചും അവൻ സ്വന്തം ആത്മാവിനെ നശിപ്പിച്ചേക്കാം. അതിനാൽ വിശുദ്ധ പത്രോസ് പറയുന്നതുപോ

ലെ യേത്തോട്ടം പരിഭ്രമത്തോട്ടംക്രൂടെ നാം നമ്മുടെ രക്ഷയ്ക്കായി പ്രയത്നിക്കേണ്ടിയിരിക്കുന്നു. പ്രകൃതത്തിൽ ഒരു സംഗതിക്രൂടി മനസ്സിലാക്കേണ്ടതുണ്ട്. ഉദ്യോഗത്തിന്നും, ആ ഉദ്യോഗം വഹിക്കുന്നവൻ ചെയ്യുന്ന പ്രവൃത്തിക്കും തമ്മിൽ സാരമായ അന്തരമുണ്ട്. അതിനാൽ ഒരു സഭയുടെ അംഗങ്ങളിൽ വല്ലൊരുവൻ ദുഷ്ടനായി എന്നു വന്നാൽതന്നെയും ആ കുറ്റം സഭയുടെമേൽ ആരോപിക്കുന്നതും സഭയെ പഴിക്കുന്നതും ശരിയല്ല. അല്ലെങ്കിൽ അപ്പോസ്തോലസംഘം ദ്രോഹികളുടെ സമൂഹമെന്നും, അവരുടെ പരിപാവനമായ കൃത്യം ദ്രോഹമെന്നും പറയേണ്ടിവരുമല്ലൊ. അതുകൊണ്ടു യൂദാസിന്റെ ദ്രോഹം പല വിഷയങ്ങളിലും നമുക്ക് ഒരു പാഠമായിരിക്കട്ടെ.

പ്രായോഗികചിന്ത:— നാം നമ്മുടെ ആത്മികകാര്യങ്ങളിൽ ജാഗരൂകരായിരിക്കാനും, അന്യർക്കു ആത്മോപകാരം വരുത്തുവാനുമായി ഈ സത്യം ഗാഢമായി ചിന്തിക്കുക. ദൈവസ്നേഹികൾക്കു സകലവും നന്മയ്ക്കു സഹകരിക്കുന്നു എന്നു വി. പൗലോസ് പറയുന്നു. ഇങ്ങനെ യൂദാസിന്റെ വിശ്വാസത്യാഗവും ദ്രോഹവും നമ്മിൽ ഭയവും സ്വശക്തിയിൽ ആശ്രയിക്കാതിരിക്കുന്ന മനഃസ്ഥിതിയും വരുത്തുന്നതിനോടൊപ്പംതന്നെ മറ്റു് അപ്പോസ്തോലന്മാരുടെ വിശ്വാസസ്ഥൈര്യം നമ്മിൽ പ്രത്യാശയും ദൈവാനുഗ്രഹത്തിലുള്ള ആശ്രയവും ഉൽഭൂതമാക്കുകയുടെ ചെയ്യട്ടെ.

സംഭാഷണം:— അപ്പോസ്തോലന്മാരായ വിശുദ്ധ പത്രോസിനോടും പൗലോസിനോടും സംഭാഷിക്കുക. (ഇന്നു് അവരുടെ തിരുനാളിന്റെ 7-ാം ദിനം)



ഗിരിപ്രഭാഷണം

ആത്മനാ ദരിദ്രരായവർ ഭാഗ്യവാന്മാർ

പ്രാരംഭം. 1. ഈശോ മലയിൽ ഇരുന്നുകൊണ്ടു തന്റെ അതിപാവനമായ സുവിശേഷാദർശങ്ങളും പഠിപ്പിക്കുന്നതു് ആത്മനാ ദർശിക്കുക.

2. സുവിശേഷാദർശങ്ങളെ മനസ്സിലാക്കി അവയെ അനുവർത്തിപ്പാനും അന്യരെ അതിലേയ്ക്കു ആകർഷിപ്പാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

പ്രസ്തുത പ്രസംഗത്തിന്റെ സംഗ്രഹചരിത്രം

ധ്യാനം:— ലോകത്തിലെല്ലാം തന്റെ സുവിശേഷം പ്രസംഗിക്കുന്നതിനും പിൻഗാമികനും വഴിയായി ലോകാവസാനംവരെ ആ പ്രസംഗം തുടർന്നുകൊണ്ടിരിക്കുന്നതിനും ഈശോ പന്ത്രണ്ടു് അപ്പോസ്തോലന്മാരെ തിരഞ്ഞെടുത്തു. അനന്തരം അവർ പഠിക്കേണ്ടതും, ലോകത്തെ പഠിപ്പിക്കേണ്ടതുമായ സുവിശേഷമഹാസത്യങ്ങളും ഈശോ അവർക്കു വെളിപ്പെടുത്തുവാൻ ആരംഭിക്കുന്നു. വി. ലൂക്കാസ് പറയുന്നതുപോലെ ക്രിസ്തു മലമുകളിൽനിന്നിറങ്ങി, സകലരും കണ്മാനും കേൾപ്പാനും തക്ക ഒരിടത്തു വന്നപ്പോൾ യൂദേയദേശമൊക്കയിൽനിന്നും, യെരുസലേമ്മിൽനിന്നും, തീരുസിന്റെയും സീദോന്റെയും കടൽപ്പുറയിൽനിന്നും വന്ന ഒരു വലിയ ജനക്കൂട്ടത്തെ കണ്ടു. (ലൂക്കാ. 6. 18.) ഇതു ദൈവപരിപാലനത്താൽ സംഭവിച്ചതാണു്. എന്തുകൊണ്ടെന്നാൽ തന്റെ അപ്പോസ്തോലന്മാർ ലോകത്തിലെങ്ങും പ്രസംഗിക്കുന്നതു തന്റെ സുവിശേഷമാണെന്നും അതിൽ മാനുഷികതത്വങ്ങൾ ഒട്ടും കലർന്നിട്ടില്ലെന്നും അനേകം സാക്ഷികളുടെ മുമ്പാകെ പ്രത്യക്ഷപ്പെടുവാൻ അങ്ങുന്നു് ആഗ്രഹിച്ചു. ആകയാൽ തന്റെ അപ്പോസ്തോലന്മാരുടെ മദ്ധ്യേ ഇരുന്നുകൊണ്ടു ദൈവപ്രമാണങ്ങളുടെയും സുവി

ശേഷപരിപൂർണ്ണതയുടേയും സാരസംഗ്രഹമടങ്ങിയ ഒരു ദീർഘ പ്രസംഗം നടത്തി.

പ്രായോഗികചിന്ത:— ദൈവപുത്രൻ പഠിപ്പിച്ച നിത്യ സത്യങ്ങളുടെ ഏക കാവല്ക്കാരിയായ കത്തോലിക്കാസഭയുടെ മടിയിൽ പിറപ്പാനും വളരുവാനും നിനക്കു ഇടവരുത്തിയതിനെക്കുറിച്ചു ദൈവത്തിന്നു നീ വലിയ കൃതജ്ഞതകാണിക്കേണ്ടതാണു്. സത്യസഭയുടെ പഠനങ്ങൾ തന്റെ ജീവിതത്തിന്റെ പ്രമാണമായിക്കരുതിവരുന്നവൻ നിത്യരക്ഷപ്രാപിക്കുകയുംചെയ്യും. വിശിഷ്യ, നാം സന്ന്യാസജീവിതം അവലംബിക്കുവാൻ തീർച്ചയാക്കിയപ്പോൾ മേല്പറഞ്ഞവ മറ്റു ക്രൈസ്തവരെക്കാൾ പരിപൂർണ്ണമായി അനുസരിപ്പാനുള്ള കടമഏറ്റെടുത്തിട്ടുമുണ്ടു്. ഈ കടമയുംബന്ധനവും നമുക്കു സാക്ഷാൽ രക്ഷാകരവും ഭാഗ്യപ്രദവുമാണു്. എന്തുകൊണ്ടെന്നാൽ ഇതുവഴിയായി സ്വർഗ്ഗത്തിൽ നമുക്കു സിദ്ധിക്കുന്ന നന്മ ഏറ്റവും വലിയതായിരിക്കും. നീ ഈ കടമയെ ഏതുവിധം നിർവ്വഹിച്ചുവരുന്നു?

സ്നേഹപ്രകരണങ്ങൾ:—ദൈവം നിന്നെ സന്ന്യാസാന്തസ്സിന്നു വിളിച്ചതിനെക്കുറിച്ചു് അങ്ങയോടു നന്ദിപറയുക. സുവിശേഷപരിപൂർണ്ണതയുടെ ഉന്നതപദവി പ്രാപിപ്പാൻ തീക്ഷ്ണമായി ആഗ്രഹിക്കുക.

പ്രതിജ്ഞ:—സ്വർഗ്ഗസ്ഥനായ നിങ്ങളുടെപിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (മത്തേ. 5. 48) എന്ന നമ്മുടെ കർത്താവു് അരുളിച്ചെയ്തിരിക്കുന്ന വചനങ്ങളെ പലപ്പോഴും സ്മരിക്കുക.

രണ്ടാംവകുപ്പു

ആത്മനാ ദരിദ്രരായവർ ഭാഗ്യവാന്മാർ

ധ്യാനം:— ഈശോ യഥാർത്ഥഭാഗ്യത്തിന്റെ മൂലതത്വങ്ങൾ വിശദീകരിച്ചുകൊണ്ടു തന്റെ പ്രസംഗം ആരംഭിച്ചു. ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ സുഖഭോഗാസക്തിക്കും അഹംഭാവത്തിന്നുംഎന്നപോലെതന്നെ, അന്നത്തെ പെയിഗൻ ലോകത്തിന്റെ നികൃഷ്ടാഭിലാഷങ്ങൾക്കും, യഹൂദമതാചാര്യന്മാരുടെ ദുർബ്ബോധനങ്ങൾക്കും വിപരീതമായിരുന്നു ക്രിസ്തുവിന്റെ പ്രസ്തുത തത്വങ്ങൾ. ലോകത്തിന്റെ ഉപദേശവും ക്രിസ്തുവി

ന്റെ ഉപദേശവും വിഭിന്നങ്ങളാണു്. ലോകദൃഷ്ട്യാ സമ്പന്നരാകുന്നു ഭാഗ്യവാന്മാർ. മറിച്ചു് യേശുവിന്റെ പഠനപ്രകാരം ആത്മനാ ദരിദ്രരായവർ അകുന്നു ഭാഗ്യവാന്മാർ. നിർല്ലജ്ജരായി പ്പിറന്നവരല്ല ആത്മനാ ദരിദ്രർ. പ്രത്യുത, ദൈവസ്നേഹത്തേയും സ്വർഗ്ഗത്തെയുംകുറിച്ച ഭൗതികമായ സകലത്തിൽനിന്നും ഹൃദയത്തെ പൂർണ്ണമായിവിമോചിച്ചവരാകുന്നു. ഇവർഭാഗ്യവാന്മാരാകുന്നതെങ്ങനെ? അതു് ഒന്നാമതു, നമ്മുടെ രക്ഷകൻതന്നെ പറയുന്നതുപോലെ "സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" രണ്ടാമതു, അവർ ഈ ലോകത്തിൽക്കൂടെയും ദൈവം ഉൽക്കണ്ഠയും ക്ലേശവും കൂടാതെ സ്വർഗ്ഗസൗഭാഗ്യത്തിന്റെ ആരംഭമെന്നപറയാവുന്ന ഹൃദയസമാധാനം അനുഭവിക്കുന്നു.

പ്രായോഗികചിന്ത:–ഈശോ ദരിദ്രരെന്നു വിളിക്കുന്നവർ മൂന്നുതരത്തിലുണ്ടു്. 1. പ്രകൃത്യാ വന്നുകൂടിയ നിർല്ലജ്ജാവസ്ഥ ദൈവതിരുവുള്ളം എന്നു കരുതി സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നവർ. 2. സമ്പത്തു വളരെ ഉണ്ടായിരുന്നിട്ടും അവയിൽനിന്നു ഹൃദയത്തെ വിമുക്തമാക്കി ജീവിക്കുന്നവർ. 3. ഉണ്ടായിരുന്ന സമ്പത്തുപോലും സമനസ്സാ ത്യജിച്ചു് ഈശോയെപ്പോലെ ബാഹ്യവും അഭ്യന്തരവുമായ പൂർണ്ണദാരിദ്ര്യം പ്രാപിച്ചിരിക്കുന്നവർ. ഈ മൂന്നാമതു പറഞ്ഞവരുടെ ഗണത്തിൽ ചേരുവാനുള്ള ഭാഗ്യം സന്ന്യാസികളായ നമുക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നെപ്രതിയും സുവിശേഷത്തെപ്രതിയും വീടിനെയൊ നിലങ്ങളെയൊ.....ഉപേക്ഷിക്കുന്നവനു് ഈ കാലത്തുതന്നിരട്ടിയും വരുംകാലത്തിൽ നിത്യായുസ്സും സിദ്ധിക്കും എന്നു നമ്മുടെ ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലൊ. ആ ഉദാരമായ വാഗ്ദാനങ്ങൾ ഇവരെ ഉദ്ദേശിച്ചുകൂടെയും ഉള്ളവയാണെന്നു പറയാം. ഇതിനാൽ നാം സന്തോഷിക്കുകയും ധൈര്യം അവലംബിക്കുകയും ചെയ്യുക.

സ്നേഹപ്രകരണങ്ങൾ:– വിശുദ്ധവും ഭാഗ്യപ്രവുമായ ഈ ദാരിദ്ര്യത്തെ അറിയുവാനും, സ്നേഹിക്കുവാനും, അവലംബിക്കുവാനുംനമുക്കു ഇടവരുത്തിയതിനെക്കുറിച്ചു് ഈശോയോടു നന്ദി പറയുക. ഈ ദാരിദ്ര്യത്തിൽ അഭിവൃദ്ധിപ്രാപിച്ചുവരുവാൻ തീക്ഷ്ണതയോടെ ആഗ്രഹിക്കുക.

പ്രതിജ്ഞ:– വിശുദ്ധ ദാരിദ്ര്യത്തെ സംബന്ധിക്കുന്ന ലഘു

വായ പ്രമാണങ്ങൾക്രടെയും വിശ്വസ്തതയോടെ അനുസരിച്ചു കൊണ്ടു അതിനെ യഥാർത്ഥധനമാക്കുവാൻ പരിശ്രമിക്കുക.

മൂന്നാം വകുപ്പു

ധനത്തെക്കുറിച്ചു ഈശോയുടെ പ്രബോധനം

ധ്യാനം:— ഭാരിദ്ര്യത്തെക്കുറിച്ചു് ഈശോ പഠിപ്പിച്ചിരിക്കുന്നവയെപ്പററി ചിന്തിച്ചുശേഷം, ധനത്തേയും ഈ ധനം തങ്ങളുടെ പരമാന്ത്യമെന്നോണം ജീവിക്കുന്നവരേയും കുറിച്ചു നാം എന്താണു വിചാരിക്കേണ്ടതു്? ഭൗതികവസ്തുക്കളിൽ പൂർണ്ണ പക്ഷമുഴുവനും വച്ചിരിക്കുന്ന അർത്ഥാഗ്രഹികൾ അവരുടെ ഭരവസ്ഥയുടെ ഗൗരവം മനസ്സിലാക്കുവാൻവേണ്ടി ഈശോ പറയുന്നു: ധനവാന്മാരേ, നിങ്ങൾക്കു ഭുരിതം! എന്തെന്നാൽ നിങ്ങൾക്കുള്ള ആശ്വാസം നിങ്ങൾ അനുഭവിച്ചുകഴിഞ്ഞു. (ലൂക്കാ. 6. 24.) അവരുടെ ഹൃദയം ധനത്തിൽ സമാശ്വസിക്കുന്നു. ഐഹികസന്തോഷങ്ങളിലുള്ള ആസക്തിനിമിത്തം അവർ തങ്ങളുടെ പരമാന്ത്യം അവഗണിക്കുന്നു. അതിനാൽ ഒരുക്കമില്ലാത്തപ്പോഴും പാപങ്ങളാൽ മനസ്സാക്ഷി ഭാരിച്ചിരിക്കുമ്പോൾ തന്നെയും മരണം അവരെ പിടിക്രൂടിയേക്കും. ഇങ്ങനെ നിത്യനാശം വന്നുകൂടുവാനുള്ള വലിയ അപകടത്തിൽ അവർ ജീവിക്കുന്നു.

പ്രായോഗികചിന്ത:— നീ നിൻെറ ചുറ്റും നോക്കി ലോകത്തിൻെറ ഗതിയെ സൂക്ഷിക്കുക. ഈശോ അരുളിച്ചെയ്തിട്ടുള്ള ശാപവിധി അനുഭവത്തമാകുന്നതു നീ കാണുന്നില്ലെ? ആകയാൽ ലോകഭ്രമങ്ങളിൽനിന്നു നിന്നെ അകററിയതിൽ ദൈവം നിന്നോടു കാണിച്ചിരിക്കുന്ന കരുണ എത്ര വലിയതെന്നു ധ്യാനിച്ചു മനസ്സിലാക്കുക: ഈ വലിയ ഉപകാരത്തെക്കുറിച്ചു് അവിടുത്തേക്കു കൃതജ്ഞത പ്രദർശിപ്പിക്കുക. ഐഹിക സന്തോഷങ്ങളെ അമിതമായി അഭ്യർത്ഥിക്കുന്നവർ തങ്ങളുടെ നിത്യരക്ഷയുടെവഴിയിൽനിന്നു് അകന്നുപോകുന്നു എന്നു് അവരെ ഗ്രഹിപ്പിക്കാൻ അത്യുത്സാഹത്തോടെ ശ്രമിക്കുക.

സംഭാഷണം:— ഇന്നു വിശുദ്ധ പത്രോസിൻെറയും പൌലോസിൻെറയും തിരുനാളിൻെറ എട്ടാം ദിവസമാകയാൽ അവരോടു സംഭാഷണം ചെയ്യുക.

ജൂലൈ ഏഴാംതിയ്യതി

സന്ന്യാസ ദാരിദ്ര്യം

പ്രാരംഭം 1. "ആത്മനാ ദരിദ്രരായവർ ഭാഗ്യവാന്മാർ" എന്നു് ഈശോ അരുളുന്നതു് ആത്മനാ ശ്രവിക്കുക.

2. ദാരിദ്ര്യത്തെ വിലമതിക്കുന്നതിനും താല്പര്യത്തോടെ അനുസരിക്കുന്നതിനുംവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

സന്ന്യാസദാരിദ്ര്യത്തിന്റെ ഔന്നത്യം

ധ്യാനം:— ദൈവപുത്രൻ ദാരിദ്ര്യത്തെ വളരെ വിലമതിക്കുകയും, തന്റെ ജനനംമുതൽ മരണംവരെ പൂർണ്ണമായി കൈവരിക്കുകയുംചെയ്തു. ഇതു സന്ന്യാസദാരിദ്ര്യത്തിന്റെ മഹാത്മ്യത്തെ അല്പമൊതെളിയിക്കുന്നതു്? അവിടുന്നു നമ്മെപ്രതി ദരിദ്രനായിത്തീർന്നു എന്നു വി. പൗലോസ് എഴുതിയിരിക്കുന്നു. ആത്മനാ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്നരുളിക്കൊണ്ടു് ഇതിനെ ഈശോ പുകഴ്ത്തുന്നു. അതു് അനുസരിക്കുന്നവക്ക് മഹത്തായ നന്മാനങ്ങളും വാഗ്ദാനംചെയ്യുന്നു, അഭിമുക്തസ്ഥാനികളും അവരെ തുടർന്നു തിരുസ്സഭയിലുണ്ടായിട്ടുള്ള വിശുദ്ധന്മാരും വിശിഷ്യ, സന്ന്യാസസഭാസ്ഥാപകന്മാരും അവരുടെ അനുഗാമികളും ഈശോയെ അനുകരിച്ചു ദാരിദ്ര്യത്തിനു തങ്ങളുടെ ജീവിതരൂപവൽകരണത്തിൽ ഒരു വലിയ സ്ഥാനം കല്പിച്ചിട്ടുണ്ടു്. അതുംപോര, അവർ തിരുസ്സഭയുടെ അനുഗ്രഹാനുസരണം ക്രൂതൽ പുണ്യസമ്പാദനത്തിനുവേണ്ടി വ്രതാനുഷ്ഠാനത്താൽ ദാരിദ്ര്യത്തോടു തങ്ങളെത്തന്നെ ബന്ധിക്കുകകൂടെ ചെയ്യുന്നു.

പ്രായോഗികചിന്ത:— വിശുദ്ധ ദാരിദ്ര്യത്തോടു നമുക്കുള്ള സ്നേഹവും മതിപ്പും നവീകരിക്കുക. ലോകത്തിന്റെ മുമ്പാകെ ഇതിനെക്കുറിച്ചു ലജ്ജിക്കാതെ അഭിമാനിക്കാൻ ശീലിക്കുക. ഐഹികസമ്പത്തുകളെ ആശ്ലേഷിക്കുന്നതു് എത്ര ദോഷത്തവും നീചവും അപൽക്കരവുമാണെന്നും അനന്ത സമ്പാദ്യങ്ങളെക്കുറിച്ചു ക്ഷണികങ്ങളായവയെ ഉപേക്ഷിക്കുന്നതു സാക്ഷാൽ യു

കതിയുക്തവും വിവേകപൂർവ്വകവുമാണെന്നും ലോകത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:– ദാരിദ്ര്യത്തെ ഒന്നേഹിപ്പാനും, വിലമതിപ്പാനും, അനുസരിപ്പാനും നിനക്കു ഇടവരുത്തിയ ദൈവത്തിനു നന്ദിപറയുക.

പ്രതിജ്ഞ:– അനാർക്കു, പ്രത്യേകം ലൗകികർക്കു, ഇതിനോടു താല്പര്യം തോന്നാൻ നിന്നാലായ പ്രയത്നം ചെയ്യുക.

രണ്ടാംവകുപ്പു

സന്ന്യാസദാരിദ്ര്യത്തിന്റെ കാതലും അരൂപിയും

ധ്യാനം:— ഒരു സന്ന്യാസി തന്റെ ശ്രേഷ്ഠന്റെ അനുവാദംക്രൂടാതെ യാതൊന്നും വച്ചുസൂക്ഷിക്കയൊ ഉപയോഗിക്കുകയൊ ചെയ്യാതിരിക്കുന്നതിൽ സന്ന്യാസദാരിദ്ര്യത്തിന്റെ, അഥവാ ദാരിദ്ര്യം എന്ന വ്രതത്തിന്റെ, സാരഭാഗം അടങ്ങിയിരിക്കുന്നു. തൻമൂലം ഒരു സന്ന്യാസി തന്റെ ശ്രേഷ്ഠന്റെ അനുവാദംക്രൂടാതെ എന്തെങ്കിലും വാങ്ങിക്കുകയൊ, കൊടുക്കുകയൊ, കൈമാറ്റം ചെയ്യുകയൊ, വായ്പകൊടുക്കുകയൊ ചെയ്യുന്നതായാൽ, അതു് ആ കായ്ത്തിന്റെ ഗൗരവലാഘവങ്ങൾക്കനുസരണംപാപമായിത്തീരുന്നു. ശ്രേഷ്ഠൻ സഭവക വസ്തുക്കളുടെ സൂക്ഷിക്കാരൻ അഥവാ, പരിപാലകൻ മാത്രമായിരിക്കണം. ഇതിനാൽ സഭയുടെവസ്തുക്കൾ ആ സഭയുടെ നിയമങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന കായ്ങ്ങൾക്കുവേണ്ടി, ചെലവഴിക്കുകയല്ലാതെസേച്ഛാനുസരണം ചെലവഴിപ്പാൻ അദ്ദേഹത്തിനും പാടുള്ളതല്ല.

പ്രായോഗികചിന്ത:– ദാരിദ്ര്യത്തെ നീ ഈ അർത്ഥത്തിലും ഈ വാസനയിലും മനസ്സിലാക്കുകയും അഭ്യസിക്കുകയും ചെയ്യുവരുന്നുണ്ടൊ? വ്യർത്ഥമായ കാരണങ്ങൾനിമിത്തം, ചിലപ്പോൾ ലഘുവായവിധത്തിലെങ്കിലും ഇതു നീ ലംഘിച്ചിട്ടില്ലയൊ? ഇതു സംബന്ധമായുണ്ടാകുന്ന കുറവുകളും കുറവുകളും പ്രത്യേകം ഏറ്റുപ്പെടുകയും ആരംഭത്തിൽത്തന്നെ ഇവയിൽനിന്നു് പിൻമാറുകയും ചെയ്യേണ്ടതാണു്. അല്ലാത്തപക്ഷം നാം ക്രമേണ വലിയ കുറവുകളിൽ വീണുപോകും. ഈ വിധസൂക്ഷ്മക്രൂടാതെയിരുന്നതിനാൽ അനേകം സന്ന്യാസികൾ വലിയ നൈർമ്മാഗ്യത്തിൽ അകപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് തങ്ങളെ

ടെ ആത്മികാഭിവൃദ്ധിയെപ്പറ്റി താല്പര്യപ്പെട്ടന്ന സന്യാസികളും, ദാരിദ്ര്യത്തിന്റെ ഗൗരവതരമായ കടമകളെമാത്രം നിവർത്തിക്കുന്നതുകൊണ്ടു് തൃപ്തരാകാതെ അതിന്റെ പരിപൂർണ്ണതയെ ഉന്നംവച്ചു നിരന്തരം പ്രയത്നിക്കേണ്ടതാണു്. ഇതിന്റെ യാഥാർത്ഥ്യം ഗ്രഹിച്ചിരിക്കുന്ന സന്യാസി, ദാരിദ്ര്യം തന്റെ അവകാശമാകുന്നു എന്നു കരുതുന്നു. വല്ലതും താൻ ആവശ്യപ്പെട്ടിട്ടു അതു ലഭിക്കാതെയിരിക്കുമ്പോൾ അതു തനിക്കു അപമാനകരമെന്നുകരുതുകയൊ, വല്ലതെങ്കിലും സഹിക്കേണ്ടിവരുമ്പോൾ ആവലാതിപ്പെടുകയൊചെയ്യാതെ, തനിക്കു സകലവും ശുഭമായി സംഭവിക്കുന്നു എന്നു വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈശോയുടെ ദാരിദ്ര്യം സദാ അവന്റെ കൺമുമ്പാകെ ഉണ്ടായിരിക്കുന്നു. അവന്റെ ഉപയോഗത്തിനു കൊടുക്കുന്ന വസ്തുക്കൾ വലിയ ജാഗ്രതയോടെ സൂക്ഷിക്കുകയും ഒരു ഭിക്ഷക്കാരൻ അവനു ലഭിക്കുന്നവ എത്ര കൃതജ്ഞതയോടെ സ്വീകരിക്കുന്നുവോ അപ്രകാരംതന്നെ അവനു ലഭിക്കുന്ന അന്നവസ്ത്രാദികളെ സ്വീകരിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിന്റെ ദാനങ്ങളെ താൻ പലപ്പോഴും ദുഷ്പ്രയോഗിച്ചിട്ടുള്ളതുകൊണ്ടു മേലിൽ അവയെ ലഭിക്കുവാൻ താൻ അനർഹനാകുന്നു എന്നു അവൻ വിശ്വസിക്കുന്നു.

സ്നേഹപ്രകരണങ്ങൾ:– സുവിശേഷദാരിദ്ര്യത്തിന്റെ വാസന ലഭിപ്പാനായി തീക്ഷ്ണതാപൂർവ്വം പ്രയത്നിക്കുക.

പ്രതിജ്ഞ:– അഭ്യസനം വഴിയായി ദാരിദ്ര്യം സമ്പാദിക്കുന്നതിനും, അതിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും പ്രയത്നിക്കുക.

മൂന്നാം വകുപ്പു

സന്യാസദാരിദ്ര്യത്തിന്റെ പ്രയോജനം.

ധ്യാനം:– നിത്യരക്ഷയ്ക്കു് ഏറ്റവും വലിയ വിഘ്നമായിരിക്കുന്ന ലോകവസ്തുക്കളോടുള്ള പ്രതിപത്തി. ദാരിദ്ര്യം ഇതിനെ നിഗ്രഹിക്കുന്നു. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക പ്രയാസം. (മത്തേ. 19. 23, 24, 25) ഈ ദാരിദ്ര്യം നിത്യസമ്പത്തുകളുടേയും അവർണ്ണനീയമായ ഭാഗ്യത്തിന്റേയും അച്ചാരമായിരിക്കുന്നു. ഈവിധ ദാരിദ്ര്യം അനുസരിച്ചിരിക്ക

ന്നവർക്ക "സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകുമെന്നു" ഈശോ തന്നെ പഠിപ്പിക്കുന്നു. (മത്തേ. 19. 21.) മൂന്നാമതു, ഇതു നമ്മെ പരിപൂർണ്ണതയുടെ വഴിയിൽ എത്തിക്കുന്നു. പരിപൂർണ്ണനാകുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ, നീ ചെന്നു നിനക്കുള്ളവ വിറ്റു ദരിദ്രർക്കു കൊടുക്കുക, എന്നിട്ടു വന്നു എന്നെ അനുഗമിക്കുക, എന്നു നമ്മുടെകർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു. (മത്തേ. 19. 21.) സ്നേഹംവഴിയായി ദൈവത്തോടു സംയോജിക്കുന്നതിനു ഭൌമവസ്തുക്കളിൽനിന്നുള്ള പൂർണ്ണമായ വേർപാടു് ഏറ്റവും ഉത്തമവും ഫലപ്രദവുമായ മാർഗ്ഗമത്രെ. ഈ ദൈവസ്നേഹത്തിൽ പരിപൂർണ്ണത അടങ്ങിയിരിക്കുകയും ചെയ്യുന്നു. പ്രമാണങ്ങളുടെ പൂർണ്ണത സ്നേഹമായിരിക്കുന്നു എന്നു വിശുദ്ധ പൗലോസുപറയുന്നു (റോമ. 13) സന്ന്യാസദാരിദ്ര്യംവഴിയായി ഈ ലോകത്തിൽത്തന്നെയും നമുക്കു സിദ്ധിക്കുന്ന ഭാഗ്യം എത്ര വലിയതായിരിക്കുന്നു! ഇതിനു വർണ്ണന ആവശ്യമില്ല; ഓരോരുത്തന്റെ അനുഭവംതന്നെ വേണ്ടുവോളംമതി. എന്നാൽ ഈ അനുഭവം പൂർണ്ണവും വ്യക്തവുമായി നമുക്കുണ്ടാകുന്നതു മരണസമയത്തായിരിക്കും.

പ്രായോഗികചിന്ത:— ഇവ നമ്മുടെ മനസ്സിൽ ഗാഢമായി പതിഞ്ഞിരുന്നാൽ, നമ്മുടെ അനന്തസ്സിന്റെ കടമകളേയും നമ്മുടെ വ്രതങ്ങളേയും നിവർത്തിക്കുന്നതു ഭാരമായിത്തോന്നുകയില്ല.

സംഭാഷണം:— സ്വമേധയാ സ്വീകരിച്ച ദാരിദ്ര്യത്തിന്റെ പരിപൂർണ്ണഭൃഷ്ടാന്തമായ ഈശോയോടു സംഭാഷണം ചെയ്യുക.

ജൂലൈ എട്ടാംതിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

മറ്റു ചില സുവിശേഷസൗഭാഗ്യങ്ങൾ. (2-3-4-7)

ധ്യാനം:— ശാന്തശീലർ ഭാഗ്യവാന്മാർ. (മത്തേ. 5, 4) ഈ വാക്യത്തിൽ പ്രകൃത്യാ ശാന്തശീലരായവരെ മാത്രമല്ല ഉദ്ദേശിച്ചിരിക്കുന്നതു്. ജന്മനാ മുൻകോപികളും, പ്രതികാരേ

ച്ച് ത്തുക്കളും ആയിരുന്നിട്ടും, അവയെ നിഗ്രഹിച്ചു ശാന്തശീല രായിത്തീർന്നവരാണു് ഇവിടെ പറയുന്ന സൗഭാഗ്യത്തിനു സാക്ഷാൽ അർഹരായിരിക്കുന്ന ശാന്തശീലർ. ഇപ്രകാരമുള്ളവർ ഭൂമിയെ അവകാശമായി അനുഭവിക്കും. സകലരും അവരെ സ്നേഹിക്കുന്നതിനാൽ ലോകമെല്ലാം അവരുടേതു് ആയിരുന്നാൽ എന്നോണമുള്ള സമാധാനവും സംതൃപ്തിയും അവർ അനുഭവിക്കും എന്നു വി. അഗസ്തീൻ പറയുന്നു. അവർ തങ്ങളുടെ ഹൃദയമാകുന്ന ഭൂമിയെ സ്വതന്ത്രമായി അനുഭവിക്കുകയും, തങ്ങളുടെ പ്രവൃത്തികളുടേയും ആഗ്രഹങ്ങളുടേയും അധികാരികളായിരിക്കയും അവയെ ഭരിക്കുകയുംചെയ്യും എന്നു വിശുദ്ധ ബർണ്ണാർദ്ദു് അഭിപ്രായപ്പെടുന്നു. കോപിയായ മനുഷ്യനൊ തന്റെ മനഃശ്ചാഞ്ചല്യത്തിന്റേയും പ്രവൃത്തികളുടേയും അധികാരിയും ഭരണകർത്താവുമല്ല. അവൻ അവയുടെ ശുശ്രൂഷകനും ദാസനുമായിരിക്കുന്നു. ശാന്തശീലന്മാക്കോ എന്നാൽ വി. ദാവീദിനെപ്പോലെ ഇപ്രകാരം പാടുവാൻ കഴിയും: "ജീവിക്കുന്നവരുടെ നാട്ടിൽ കർത്താവിന്റെ നന്മകളെ കാണുവാൻ ഞാൻ പ്രതീക്ഷിക്കുന്നു" (സങ്കീ. 26. 13) ഇവർ ജീവിക്കുന്നവരുടെ ഭൂമിയായ സ്വർഗ്ഗത്തേയും അവകാശമായി അനുഭവിക്കും എന്നു വിശുദ്ധ ജെറോം മുതലായ പല വേദപാരംഗതന്മാരും വ്യാഖ്യാനിക്കുന്നു.

പ്രായോഗികചിന്ത:– ശാന്തശീലർക്ക് ഇഹത്തിൽക്കൂടെയും സിദ്ധിക്കുന്നതായി വാഗ്ദാനംചെയ്തിരിക്കുന്ന നന്മകളും ഏറ്റവും വലിയവയാണു്. അതിനാൽ എന്തു പ്രയത്നം ചെയ്തിട്ടെങ്കിലും ഓരോ ഗുണം നാം സമ്പാദിക്കേണ്ടതാണു്. നിസ്സഹനത്തിന്റേയും കോപത്തിന്റേയും ഇളക്കങ്ങളെ അവയുടെ ആരംഭത്തിൽതന്നെ അടക്കുക, ഏതുവിധ ദുസ്സ്വഭാവികളോടും സമാധാനത്തോടെ വർത്തിക്കുക, ഏതുവിധ വിപരീത സാഹചര്യങ്ങളിലും ഹൃദയത്തിന്റെ പ്രശാന്തതയും സമാധാനവും നിരന്തരം പാലിക്കുക ഇവയാണു് ഓരോ പുണ്യത്തിന്റെ ഫലങ്ങളും. ക്രൂശിതെ ഇതിന്റെ ഏറ്റവും ഉയർന്നതായ ഒരു പദവിയുണ്ടു്. അതാണു നമ്മുടെ കർത്താവു് ഏഴാമത്തെ ഭാഗ്യമായി എണ്ണിയിരിക്കുന്ന സമാധാന തല്പരത. ഇതിനെക്കുറിച്ചു അവിടുന്നു അരുളിച്ചെയ്യുന്നു: സമാധാനശീലർ ഭാഗ്യവന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രരെന്നു വിളിക്കപ്പെടും (മത്തേ. 5. 9) ആകയാൽ പൊതുവിൽ എല്ലാ മനുഷ്യരിലും നമ്മുടെ സഭയി

ലെ അംഗങ്ങളിൽ പ്രത്യേകിച്ചും സമാധാനവും ഹൃദയൈകൃവും ഉണ്ടാകുവാനും, നിലനിൽക്കുവാനും നമ്മാലായവിധം പരിശ്രമിക്കുക. ഇപ്രകാരം നാം ചെയ്യുന്നതായാൽ സമാധാനനികേതമായ പരമപിതാവിന്റെ ഛായ നമ്മിൽ പ്രശോഭിക്കയും അങ്ങേ മക്കൾ എന്നീ ഉന്നതനാമത്തിന്നു നാം പ്രത്യേകവിധത്തിൽ അർഹരാകയും ചെയ്യും. ശാന്തശീലം, സമാധാനതല്പരത എന്നിവ സംബന്ധിച്ചു നിന്റെ സ്ഥിതി എന്തു്? നിന്നോടും അന്യരോടുമുള്ള സമാധാനം നീ കാത്തുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ശാന്തശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ അനുകരിക്കാൻ ശ്രദ്ധിപ്പാൻ ആഗ്രഹിക്കുക.

പ്രതിജ്ഞ:— ശാന്തശീലത്തേയും ഹൃദയസമാധാനത്തേയും കുറിച്ചു് ഇടക്കിടെ "പ്രത്യേക ആത്മശോധനകം" നടത്തുക.

രണ്ടാംവകുപ്പു

മൂന്നാമത്തെ ഭാഗ്യം

ധ്യാനം:— കരയുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ സമാശ്വസിപ്പിക്കപ്പെടും. (മത്തേ. 5. 4.) അതായതു: നശ്വരമായ ഈ ലോകവും അതിന്റെ ആഡംബരങ്ങളുമെല്ലാം സാക്ഷാൽ ഭാരവും പ്രലപനീയ വിഷയങ്ങളും ആയിത്തോന്നുന്ന സ്വർഗ്ഗപ്രണയികളും, തങ്ങളിൽതന്നെയൊ അന്യരിലൊ അനുക്ഷണം എന്നപോലെ സംഭവിച്ചുകൊണ്ടിരിക്കുന്ന ദൈവദ്രോഹങ്ങളേക്കുറിച്ചും തന്നിമിത്തം അനേകം ആത്മാവുകൾക്കു വരുന്ന നിത്യനാശത്തേയും സ്വർഗ്ഗത്തിനുവരുന്ന നഷ്ടത്തേയും കുറിച്ചും ഹൃദയം വെന്തു ദുഃഖിക്കുന്നവരുമാകുന്നു ഇവിടെ പറയുന്ന കരയുന്നവർ. ഇവർ ഈ ജീവിതത്തിൽവെച്ചുതന്നെ മനസ്താപാശ്രുക്കളിൽനിന്നു സിദ്ധിക്കുന്ന അവർണ്ണനീയമായ മാധുര്യംകൊണ്ടും ദൈവപ്രസാദവരത്തിന്റെ വർദ്ധനവുകൊണ്ടും സമൃദ്ധമായി ആശ്വസിപ്പിക്കപ്പെടുന്നതുകൊണ്ടാണു് ഈശോ ഇവരെ ഭാഗ്യവാന്മാരെന്നു വിളിക്കുന്നതു്. അനേകമാസങ്ങൾ നാടകശാലയിലെ വിനോദങ്ങൾ കണ്ടതിൽനിന്നു് ലഭിച്ചതിനേക്കാൾ വലിയ ആനന്ദം ക്രൂശിതസ്വരൂപത്തിന്റെ തൃപ്പാദങ്ങളിൽ കാൽ മണിക്കൂർ സമയം കരയുന്നതിൽ നിന്നു് എ

നീക്കു് സിദ്ധിച്ചിട്ടുണ്ടു് എന്നു വിശുദ്ധ അഗസ്റ്റിൻ പറയുന്നു. എന്നാൽ പരലോകത്തിൽ അനന്തമായും അപരിമിതമായും അവർ സമാശ്വസിക്കപ്പെടും.

പ്രായോഗികചിന്ത:— നീ സന്ന്യാസത്തിൽ പ്രവേശിക്കുന്നതിനു മുമ്പു് മനസ്താപം മനോവ്യഥ എന്നിതിന്റെ നാമം കൂടെയും യഥാർത്ഥത്തിൽ അറിയാതെ പോയിട്ടുണ്ടായിരിക്കാം. ഇതുമാത്രമല്ല, ഇപ്പോൾ ചിരിക്കുന്നവരേ, നിങ്ങൾക്കു ദുരിതം! എന്തുകൊണ്ടെന്നാൽ നിങ്ങൾ ദുഃഖിച്ചുവിലപിക്കും എന്നു ശാപവാക്കുകൾ ക്രിസ്തു ആരെക്കുറിച്ചു പറഞ്ഞുവൊ അവരിൽ നീയും ഒരുവൻ ആയിട്ടുണ്ടായിരിക്കാം. (ലൂക്കാ. 6. 25.) എന്നാൽ ഇപ്പോൾ സന്ന്യാസത്തിൽ നിനക്കുള്ള സാഹചര്യങ്ങളെല്ലാം മനസ്താപത്തിന്നായുള്ള ഹേതുക്കളും പ്രേരണകളും നിനക്കു തരുന്നില്ലേ? എന്നിട്ടും സാക്ഷാത്തായ മനഃസ്താപവും അതിന്റെ സൽഫലങ്ങളും നിന്നിൽ ഇത്ര തുച്ഛമായിട്ടുമാത്രം പ്രത്യക്ഷപ്പെടുന്നതു് എന്തുകൊണ്ടു്? ഇതു് ബാഹ്യകാര്യങ്ങളിലേയ്ക്കു നിന്റെ ഹൃദയം പതറുവാൻ അനുവദിക്കുന്നതുകൊണ്ടും, സ്വാഭാവിക വാസനകളെ നിഗ്രഹിക്കാത്തതുകൊണ്ടുമായിരിക്കണം.

സ്നേഹപ്രകരണങ്ങൾ:— മനസ്താപവും രക്ഷാകരമായ അശ്രുധാരയുടെ വരവും ലഭിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവത്തോടു് എപ്പോഴും ഏറ്റവും ഗാഢമായി ഒന്നിച്ചിരിപ്പാനായി ബോധയടക്കം, ഏകാന്തം, മൌനം, എന്നിവയെ സ്നേഹിക്കുക.

മൂന്നാം വകുപ്പു്

നാലാമത്തെ ഭാഗ്യം

ധ്യാനം:— നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ: (മത്തേ. 5. 6.) പരിപൂർണ്ണരാകുവാനും, വലിയ വിശുദ്ധി, എളിമ, അടക്കം, ദൈവത്തോടുള്ള ഐകൃം എന്നിവ ലഭിക്കാനും ശ്രമിക്കുന്ന ആത്മാവുകളെയാണു് ഈ വാക്യത്താൽ നമ്മുടെകർത്താവു വിവക്ഷിക്കുന്നതു്. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്നുള്ള

കല്പന നിവൃത്തിക്കുന്നതിന്നായി എത്രതന്നെ പരിശ്രമിച്ചാലും ഇവർക്കു തൃപ്തിവരുന്നില്ല. ഇപ്രകാരമുള്ള ശുഷ്കാന്തി ആരിലുണ്ടോ അവൻ ഭാഗ്യവാനാകുന്നു എന്നു നമ്മുടെ കർത്താവു അരുളിച്ചെയ്യുന്നു. ഈ സ്ഥിതിക്കു് നരകത്തിൽനിന്നു ഒഴിഞ്ഞാൽ മതി എന്നുവയ്ക്കുകയൊ, തങ്ങൾ സമ്പാദിച്ചെടത്തോളം പുണ്ണ്യങ്ങൾകൊണ്ടു തൃപ്തിയടയുകയൊ ചെയ്യുന്നവരെക്കുറിച്ചു് എന്താണു് പറയേണ്ടതു്?

പ്രായോഗിക ചിന്ത:— നീ മുകളിൽ പറഞ്ഞ ഭാഗ്യവാന്മാരുടെ ഗണത്തിൽപെട്ടവനാണൊ? അങ്ങിനെയാണെങ്കിൽ, നീ സന്തോഷിക്കുക. അവരെപ്പോലെ ദൈവികാശ്വാസങ്ങളുടെ സന്തോഷവും സമാധാനവും ഇഹത്തിൽക്കൂടെയും നീ അനുഭവിക്കും. പരത്തിലും സ്വർഗ്ഗീയസന്തോഷങ്ങളുടെ സമൃദ്ധിയാൽ നീ സംതൃപ്തനാകും. എന്നാൽ നിന്റെ ശുഷ്കാന്തി മന്ദീഭവിച്ചു ക്രമേണ നീ വീണുപോകുവാൻ ഇനിയും ഇടയുണ്ടെന്നു നീ മനസ്സിലാക്കിക്കൊള്ളുക. അതിനാൽ നീ പ്രത്യേകം ജാഗ്രതകനായിരുന്നുകൊള്ളുവാൻ ആവശ്യമുണ്ടു്.

സംഭാഷണം:— രാജാരമനയിലെ സുഖസൗകര്യങ്ങളുടെ മദ്ധ്യേപോലും തന്നെത്താൻ നിഗ്രഹിച്ചു ശാന്തശീലം, ആദ്ധ്യാത്മിക ശുഷ്കാന്തി, ലോകനിന്ദ എന്നിവയിൽ വിശ്വവിഖ്യാതയായിത്തീർന്ന വിശുദ്ധ എലിസബേത്തിനോടു സംഭാഷണം ചെയ്യുക.

ജൂലൈ ഒമ്പതാംതിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

5–ം മ–ം 8–ം ഭാഗ്യങ്ങൾ.

പ്രാരംഭം: 1. കരുണയുള്ളവരും, ഹൃദയശുദ്ധിയുള്ളവരും, നീതിനിമിത്തം പീഡയനുഭവിക്കുന്നവരും ഭാഗ്യവാന്മാർ എന്നും മറ്റും അരുളിച്ചെയ്യുന്നതു കേൾക്കുന്നെന്നു സങ്കല്പിക്കുക.

2. ഓരോ ഭാഗ്യവാന്മാരിൽ നീയും ഒരുവനാകുവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

അഞ്ചാം ഭാഗ്യം

ധ്യാനം:— കരുണയുള്ളവർ ഭാഗ്യവാന്മാർ. കരുണ എന്നു ഇവിടെ പറയുന്നതു, ഇതരന്മാരുടെ കഷ്ടാരിഷ്ടതകളിൽ സ്വാഭാവികവും മാനുഷികവുമായി മാത്രം തോന്നുന്ന അനുകമ്പയെയല്ല, വിശ്വാസചൈതന്യനിമിത്തം, ദൈവസ്നേഹത്തിൽ നിന്നും പരസ്നേഹത്തിൽനിന്നും സമുത്ഭവിക്കുന്ന ദീനദയയെയാണു്. നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ, നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. (ലൂക്കാ. 6. 36.) എന്നു നമ്മുടെ ജീവപരിരക്ഷകൻ കല്പിച്ചിരിക്കുന്നതിനാൽ, കരുണയെ സംബന്ധിക്കുന്ന പ്രവൃത്തികളും ചെയ്യേണ്ടതു് നമ്മുടെ കടമയാണെന്നു നാം മനസ്സിലാക്കണം. വിശിഷ്യ, ഞെരുക്കങ്ങളും പീഡകളും ആദിയായവയിൽ അകപ്പെട്ട നമ്മുടെ സഹായം അവശ്യപ്പെടുന്നവരെല്ലാം ദൈവപ്രതിനിധികളെന്നുതന്നെ വേണംനാം വിചാരിക്കാൻ. ഇതു നമ്മെ പഠിപ്പിക്കുവാൻതന്നെയാണു് "എന്റെ പിതാവിനാൽ അനുഗൃഹീതരായവരേ വരുവിൻ, എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻതന്നു.....ഏറ്റവും ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെക്കയും എനിക്കു തന്നെയാകുന്നു ചെയ്തതു" എന്നു സത്യമായി നിങ്ങളോടു ഞാൻ പറയുന്നു എന്നീവിധം പൊതുവിധിനാളിൽ പ്രസ്താവിക്കുമെന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്തിട്ടുള്ളതു്. (മത്തേ. 25. 34, 35, 50.)

പ്രായോഗികചിന്ത:— ശാരീരികമായ പരസ്നേഹകൃത്യങ്ങൾക്കു പ്രത്യേകവിധം നിയുക്തമായിരിക്കുന്ന ഒരു സന്ന്യാസസഭയിലാണു നീ ചേർന്നിരിക്കുന്നതെങ്കിൽ അതിനെക്കുറിച്ചു സന്തോഷിക്കുക; നിന്റെ കടമകളെ പരിശുദ്ധമായ നിയോഗത്തോടും ശുഷ്കാന്തിയോടുംകൂടെ അനുവർത്തിക്കുക. അന്യരുടെ വിദ്യാഭ്യാസത്തിൽ ഉദ്യുക്തമായിരിക്കുന്ന ഒരു സഭയിലാണു് നീ ചേന്നിരിക്കുന്നതെങ്കിൽ അതിനാലും നിന്റെ സന്തോഷത്തിനു ചെറുതാകേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ആത്മാവു ശരീരത്തെക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെതന്നെ ആത്മീയമായ

കരുണയുടെ പ്രവൃത്തികളും ശാരീരികമായ കരുണയുടെ പ്രവൃത്തികളെക്കാളും ശ്രേഷ്ഠമാണ്. പാപികളെ അവർ ഉപദ്രവിപ്പെട്ടിരിക്കുന്ന നാശകൂപത്തിൽനിന്നുദ്ധരിച്ചു ദൈവത്തിൻപക്കലേയ്ക്കു നയിക്കുക, ബാലകരെയും, അജ്ഞരെയുംപഠിപ്പിക്കുക, ആപല്ക്കരങ്ങളായ അബദ്ധധാരണകളെ ഉൻമൂലനംചെയ്യുക, ഭൂർഗ്രഹങ്ങളായ വിശ്വാസസത്യങ്ങളും അവയുടെ ആധാരങ്ങളും അവരെ മനസ്സിലാക്കുക എന്നിങ്ങനെയുള്ള ആദ്ധ്യാത്മിക പരസ്നേഹകൃത്യങ്ങളാകുന്നു നിനക്കു ചെയ്യാനുള്ളതെങ്കിൽ അതിനേപ്പറ്റിയും സന്തോഷിക്കാം. എന്തുകൊണ്ടെന്നാൽ ഇതു് ദൈവത്തിന്നു ഏറ്റം പ്രസാദമുള്ളതായിരിക്കുന്നതു കൂടാതെ നിനക്കു വളരെ പ്രയോജനകരവുമായിരിക്കുന്നു എന്നു നീ മനസ്സിലാക്കണം. ഒരു ലോകത്തിൽ ഇതിനെക്കാൾ ഉയർന്നതായി മറെറന്തു ഉദ്യോഗം നിനക്കു സിദ്ധിപ്പാൻ കഴിയും? ഈ പറഞ്ഞവ നീ എങ്ങനെ നിറവേറ്റിവരുന്നു? ക്ഷമയോടും ഔദാര്യത്തോടും ശ്രദ്ധ്കാന്തിയോടുംകൂടെ നിവ്വഹിച്ചുവരുന്നുണ്ടോ? ജീവിതവിശുദ്ധി, പ്രാർത്ഥന, ആത്മനിഗ്രഹം എന്നിങ്ങനെയുള്ള മാർഗ്ഗങ്ങളിലൂടെ ഇവ പൂർണ്ണമായി നിവ്വഹിക്കുവാൻ നീ ശ്രമിക്കുന്നുണ്ടോ ഇതിന്നായി ദൈവജനനിയുടേയും ദൈവദൂതന്മാരുടേയും മറു വിശുദ്ധരുടേയും സഹായം നീ അഭ്യർത്ഥിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:–മനുഷ്യരുടെപേരിലുള്ള ദൈവത്തിന്റെ കരുണയേറിയ പരിപാലനയ്ക്കു നീ അനുയോജ്യമായ ഒരുപകരണമാകുവാൻ വേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

പ്രതിജ്ഞ:— നീ ആരുടെ ആത്മികോൽക്കർഷത്തിന്നായി പ്രയത്നിക്കുന്നുവോ അവർ നിന്റെ യത്നത്തെ സഫലമാക്കുന്നില്ലെന്നു കണ്ടു നിരാശയും കോപവും തോന്നുമ്പോൾ കരുണയുള്ളവർ ഭാഗ്യവാന്മാരാകുന്നു: എന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും എന്ന ഒരു ശ്ലോകയുടെ വാക്കുകളെ അനുസ്മരിക്കുക. (മത്തേ. 5, 7)

രണ്ടാംവകുപ്പു

ആറാംഭാഗ്യം

ധ്യാനം:— ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: എന്തു കൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. (മത്തേ. 5. 8.) ഹൃദയവിശുദ്ധിയുള്ള പല പടവികളും ഉണ്ടു. ഗുരുതരമായ പാപം ഒഴിഞ്ഞിരിക്കുന്നതാകുന്ന ഒന്നാമത്തെ പടവി. ലഘുവായ പാപങ്ങൾപോലും കരുതിക്കൂട്ടി ചെയ്യാതിരിക്കുന്നതും, പാപവിഷയങ്ങളോടുള്ള പ്രതിപത്തി നിഗ്രഹിച്ചിരിക്കുന്നതും രണ്ടാമത്തെ പടവിയാണു. മൂന്നാമത്തേതു ക്രമംവിട്ട സകല വാസനകളും കൂടെ ജയിച്ചിരിക്കുന്നതാണു. സപ്തപ്രവേശനത്തിനു വിഘ്നമായ പാപാവശിഷ്ടങ്ങളെല്ലാം പരിഹരിച്ചുകഴിയുമ്പോൾ നാലാമത്തെ പടവിയിലായി. അഞ്ചാമത്തേതും പരിപൂർണ്ണവുമായ പടവിയാകട്ടെ സകല വസ്തുക്കളിലും ദൈവത്തെ മാത്രം ദർശിക്കുകയും സകല പ്രവൃത്തികളിലും അവിടുത്തെ മാത്രം ഉദ്ദേശിക്കുകയും ചെയ്യുന്ന വിശുദ്ധാവസ്ഥയാകുന്നു. ഈ അവസാനത്തിൽ പറഞ്ഞ പടവിക്കു വാങ്ങാനം ചെയ്തിരിക്കുന്ന സമ്മാനം ഏറ്റവും വലിയതാണു. അതു നിത്യമായ ദൈവദർശനംതന്നെ. ഓരോരുത്തർ പ്രാപിച്ചിരിക്കുന്ന ഹൃദയശുദ്ധിയുടെ അളവനുസരിച്ചു് ഇഹത്തിൽ ദൈവപ്രകാശനംകൊണ്ടും, പരത്തിൽ ദൈവപ്രത്യക്ഷതകൊണ്ടും അവർ അവിടുത്തെ അനുഭവിച്ചാനന്ദിക്കും.

പ്രായോഗികചിന്ത:— ഇപ്പോൾ പറഞ്ഞ പടവികളിൽ ഏതു പ്രാപിപ്പാനാകുന്ന നീ ശ്രമിച്ചുവരുന്നതു്? അതു പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ ഏതു ശ്രദ്ധാന്തിപൂർവ്വമാണു നീ ഉപയോഗപ്പെടുത്തിവരുന്നതു്? പാപസങ്കീർത്തനം; പ്രത്യേകആത്മശോധന, മൗനം, ഏകാന്തത, ബോധയടക്കം ഇന്ദ്രിയ നിഗ്രഹം, അശാസംയമനം ആദിയായി ഹൃദയശുദ്ധി വരുത്തുന്നതിനുള്ള സിദ്ധൗഷധങ്ങളെ നീ ഏതു താല്പര്യത്തോടെയാണു ഉപയോഗിച്ചുവരുന്നതു്? ധൈര്യത്തോടെ നീ യത്നിക്കുക. എന്നാൽ നിന്റെ പ്രയത്നത്തിനു സമുചിതമായ പ്രതിസമ്മാനം ലഭിക്കും.

സ്നേഹപ്രകരണങ്ങൾ:—ദൈവമെ, ശുദ്ധമുള്ള ഒരു ഹൃദയം എന്നിൽ നീ സൃഷ്ടിക്കുകയും ചൊവുള്ള അരൂപിയെ എന്നിൽ നവീകരിക്കുകയും ചെയ്യേണമെ.

പ്രതിജ്ഞ:—ഹൃദയവിശുദ്ധിയുടെ പരിപൂർണ്ണതയിലെത്തുവാൻ കഴിയുന്ന പ്രയത്നം ചെയ്യുക.

മൂന്നാംവകുപ്പു

എട്ടാമത്തെ ഭാഗ്യം

ധ്യാനം:— നീതിനിമിത്തം പീഡയനുഭവിക്കുന്നവർ ഭാഗ്യവാന്മാർ. "നീതിനിമിത്തം പീഡയനുഭവിക്കുന്നവർ" എന്നു പറയുന്നതു: ദൈവപ്രമാണങ്ങളും, സന്ന്യാസികളായിരുന്നാൽ മേല്പറഞ്ഞവയോടുകൂടെ അവരുടെ സഭയുടെ ക്രമങ്ങളും കാക്കുന്നതിലുള്ള വിശ്വസ്തതയും സ്ഥിരതയും നിമിത്തം പീഡകളും സഹിക്കുന്നവരും, ദൈവസ്തുതിയെക്കുറിച്ചുള്ള ആഗ്രഹത്താൽ പ്രേരിതരായി ദൈവത്തോടു ചെയ്യുന്ന ദ്രോഹത്തെ നിർമ്മൂലമാക്കുവാനും, അവിടുത്തെ സ്തുതി വർദ്ധിപ്പിക്കാനും ആത്മാവുകളെ രക്ഷിക്കാനും തിരുസ്സഭയുടെ സ്വാതന്ത്ര്യത്തെ ഉദ്ധരിച്ചു നിലനിറുത്തുവാനും വേണ്ടി തങ്ങളാൽ കഴിയുന്നതൊക്കയും ധൈര്യത്തോടും സ്ഥിരതയോടുംകൂടെ ചെയ്യുവരുന്നവരുമാണു്. ഇവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സമ്മാനം അവരുടെ പ്രയത്നത്തിന്റെയും അവർ സഹിക്കുന്ന കഷ്ടതകളുടെയും അളവനുസരിച്ചു വലിയതായിരിക്കും. ഇതിനാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു, എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു.

പ്രായോഗികചിന്ത:— നീ ദൈവത്തൃഷ്ണകനായതുകൊണ്ടു ഇതരന്മാർ നിന്നെ ദുഷിക്കുകയും അപമാനിക്കുകയും ചിലപ്പോൾ വിദ്വേഷിക്കുകപോലെയും ചെയ്യുന്നുണ്ടാവാം. ഇതുകൊണ്ടൊന്നും നീ പരിഭ്രമിക്കരുതു്. അവരുടെ അജ്ഞതയെക്കുറിച്ചു സഹതപിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവർ നിന്നോടു ചെയ്യുന്ന ഉപദ്രവങ്ങളെല്ലാം നിനക്കു സൗഭാഗ്യകരങ്ങളായി പരിണമിക്കും. പക്ഷെ, നീ ഇപ്രകാരം പറഞ്ഞേക്കാം: അന്യർ എനിക്കെതിരായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതൊന്നുകൊണ്ടും എനിക്കു യാതൊരു ദുഷ്പ്രവും വരാനില്ല. അതൊക്കെ ഞാൻ സഹിക്കാം. എന്നാൽ എന്റെ സഹോദരങ്ങൾ എന്റെ നേരെ പ്രദർശിപ്പിക്കുന്ന സ്നേഹക്കുറവും, വിപരീതബുദ്ധിയുമാണു് എനിക്കു ദുസ്സഹമായിട്ടുള്ളതു്. ഇതിനെപ്പ

ററി ഞാൻഎങ്ങനെ ആവലാതിപ്പെടാതിരിക്കും? ശരി, പക്ഷെ, നിന്നിലുള്ളക്രമമില്ലായ്മ, അഹങ്കാരം, പ്രത്യേകത, ഭൂശ്ശാഠ്യം, സംശയം, കോപം ആദിയായവയാണൊ ഈ ദുരവസ്ഥയ്ക്കു യഥാത്ഥത്തിലുള്ള കാരണങ്ങളെന്നു നീ പരിശോധിച്ചു നോക്കേണ്ടതുണ്ടു്. ഇങ്ങനെയാണെങ്കിൽ ആ കുറവുകൾ നീ തിരുത്തേണ്ടതാണു്. അതു തിരുത്തുന്ന കാര്യത്തിൽ യാതൊരു ഒഴിവുമില്ലതാനും. മനസ്സുണ്ടെങ്കിൽ അതു തിരുത്താൻ നിനക്കു സാധിക്കുന്നതുമാണു്. ഇങ്ങനെ ചെയ്യാതെ സ്വന്തം കുറവുകളാൽ നീ വരുത്തിവയ്ക്കുന്ന പീഡകളും, പീഡകളെന്ന പേരിനോ അതിന്റെ സമ്മാനത്തിനൊ അർഹങ്ങളല്ല. നിന്നിലുള്ള കുറവുകൾ നീ തിരുത്തുവാൻ ശ്രമിച്ചാൽ അന്യരെക്കുറിച്ചു ആവലാതിപ്പെടുവാനുള്ള വിഷയങ്ങൾ മാറിപ്പോകുമെന്നു മാത്രമല്ലാ സ്വർഗ്ഗത്തിനും ലോകത്തിനും നീ ഇഷ്ടപ്പെട്ടവനായിത്തീരുകകൂടെ ചെയ്യും.

സംതോഷണം:— തന്റെ നിരവധി ഉപകാരങ്ങൾക്കു പകരം അവർണ്ണനീയമായ പീഡകൾ തന്നെ അനുഭവിപ്പിച്ച ജനങ്ങളോടുപോലും വിസ്മയനീയ ക്ഷമയും കരുണയും മാത്രം പ്രദർശിപ്പിച്ച ഈശോയോടു സംതോഷണം ചെയ്യുക.

പത്താം തിയ്യതി

ഗിരിപ്രതോഷണം (തുടർച്ച)

അപ്പോസ്തോലജീവിതത്തിനു വേണ്ട ഗുണങ്ങൾ.

പ്രാരംഭം 1. ഈശോമലയിൽ തന്റെ അപ്പോസ്തോലന്മാരുടെ മദ്ധ്യേ ഇരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. അപ്പോസ്തോലജീവിതത്തിനു വേണ്ട ഗുണങ്ങൾ എല്ലാം നിനക്കു ലഭിക്കാനായി പ്രാത്ഥിക്കുക.

ഒന്നാംവകുപ്പ്

ഭൂമിയുടെ ഉപ്പ്.

ധ്യാനം:— ഇപ്പോൾ തിരുസ്സഭയിലുള്ള സന്ന്യാസസഭകളിൽ പലതും വേദബോധനത്തിന്നും പരസ്നേഹത്തിന്നുമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ടിരിക്കുന്നവർ എല്ലാവരും വൈദികരാണെങ്കിലും അല്ലെങ്കിലും അപ്പോസ്തോലജീവിതം നയിക്കേണ്ടവർ തന്നെയാണ്. ഇതിനാൽ നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. എന്നാൽ ഉപ്പ് ഉറകെട്ടുപോയാൽ അതു് എന്തുകൊണ്ടു് ഉപ്പിടപ്പെട്ടും. (മത്തേ. 5, 13.) എന്നു നമ്മുടെ ദിവ്യരക്ഷകൻ അപ്പോസ്തോലന്മാരോടു പറഞ്ഞ വചനങ്ങൾ ഇവരെക്കുറിച്ചും ന്യായസമേതം പറയാം.

പ്രായോഗികചിന്ത:— നമ്മുടെ കർത്താവുപറയുന്ന അർത്ഥത്തിൽ നീ ഭൂമിയുടെ ഉപ്പു തന്നെയാണൊ എന്നു അറിയണമെങ്കിൽ ഉപ്പിന്റെ ഗുണങ്ങൾ എന്തെല്ലാമെന്നു ആലോചിച്ചു നോക്കണം. ഉപ്പു് ആഹാരങ്ങൾക്കരുചി വരുത്തുകയും അവയെ ക്ഷയമില്ലാതെ സൂക്ഷിക്കുകയും ചെയ്യുന്നു? നിന്നെ ഭരമേല്പിച്ചിരിക്കുന്ന ആത്മാവുകളിലും നീ ചെയ്യേണ്ടതു് ഇതുതന്നെയാണു്. അവരുടെ വിശ്വാസവും സൽഗുണങ്ങളും അക്ഷയമായി നീ സൂക്ഷിക്കുകയും, പുണ്യജീവിതത്തോടു കൂടുതൽ കൂടുതൽ അഭിരുചി അവരിൽ ഉളവാക്കുകയും ചെയ്യണം. ഇവയെല്ലാം ദൈവപ്രസാദവരം തന്നെയാണു നിർവ്വഹിക്കേണ്ടതെന്നു വരികിലും, സാമാന്യമായിപ്പറഞ്ഞാൽ നമ്മുടെ തീക്ഷ്ണമായ പരിശ്രമം അതിനു അവശ്യം വേണ്ട ഒരു ഉപകരണമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഇതിനു നാം പരിശ്രമിക്കേണമെന്നാണ് ദൈവചിത്തം. എന്നാൽ ഈ ദൈവപ്രസാദവരം ലഭിപ്പാൻ നീ എന്തെല്ലാം ചെയ്തിട്ടുണ്ടു്? ഇപ്പോൾ എന്തെല്ലാം ചെയ്യുവാനുണ്ടു?

സ്നേഹപ്രകരണങ്ങൾ:— നിങ്ങളുടെ വചനങ്ങളിൽ ജ്ഞാനമെന്ന ഉപ്പു ഉണ്ടായിരിക്കണം എന്നു വി. പൌലോസ് കൊലോസ്യർക്കു് എഴുതിയ ഉപദേശം നിന്നിലും നിവർത്തിതമാകുന്നതിനുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക. (കൊലൊ. 4. 6)

പ്രതിജ്ഞ:— നിന്റെ ശക്തിയിലും പരിശ്രമത്തിലും ആശ്രയിക്കാതെ ദൈവാനുഗ്രഹത്തിൽ ആശ്രയിക്കുന്നതിനു പരിശീലിക്കുക.

രണ്ടാംവകുപ്പ്

ലോകത്തിന്റെ പ്രകാശം

ധ്യാനം:— ഈശോ തന്റെ അപ്പോസ്തോലന്മാരോടു നിങ്ങൾ ഭൂമിയുടെ ഉപ്പായിരിക്കേണമെന്നു പറഞ്ഞശേഷം ഉടനെ നിങ്ങൾ ലോകത്തിന്റെ പ്രകാശമായിരിക്കുന്നെന്നുകൂടെ പറയുന്നു. അതായതു: പെയിഗൻ അന്ധകാരത്തിലും തൽഫലമായ നിരവധി അക്രമങ്ങളിലും ആണ്ടുകിടക്കുന്ന ലോകത്തെ അവയിൽനിന്നുദ്ധരിച്ചു സത്യപ്രകാശത്തിലെത്തിക്കുവാനുള്ളവരാകുന്നു അപ്പോസ്തോലന്മാർ. മനുഷ്യരെ മാനസാന്തരപ്പെടുത്തി വിശുദ്ധീകരിക്കുക എന്നിതാകുന്നു അവരുടെകടമ. നമ്മുടെ കർത്താവു് ആദ്യം തെരിഞ്ഞെടുത്തവർ തങ്ങളുടെ ഗുരു ദൈവിക ഉദ്യോഗം വിശ്വസ്തതയോടെ നിർവ്വഹിച്ചു. "ഞാൻ ഏഷ്യയിൽ പ്രവേശിച്ച ഒന്നാം ദിവസംമുതൽ എല്ലാസമയത്തും ഏതു പ്രകാരം നിങ്ങളോടുകൂടെ ആയിരുന്നുഎന്നും ഏതുപ്രകാരം പ്രയോജനമുള്ളവ ഒന്നും മറച്ചുവയ്ക്കാതെ, പരസ്യമായും, വീടുകൾതോറും നടന്നും നിങ്ങളോടു് അറിയിച്ചുപദേശിച്ചുവെന്നും, രാവും പകലും കണ്ണുനീരുകളോടുകൂടെ നിങ്ങളിൽ ഓരോരുത്തനെയും ഉപദേശിക്കുവാൻ ഉപേക്ഷ വരുത്തിയിട്ടില്ല എന്നും, നിങ്ങൾ അറിയുന്നു. (അപ്പോ. നട. 20, 18. 20, 31) എന്നിങ്ങനെ മിലേത്തൂസിലെ ക്രൈസ്തവരോടു നിർവ്വിശങ്കം പറയുവാൻ പൌലോസിനു സാധിച്ചു.

പ്രായോഗികചിന്ത:— ശ്രേഷ്ഠാന്തിയുള്ള സന്യാസിയുടെ ഒരു മാതൃക ഇവിടെ നാം കാണുന്നു. അയാൾ എവിടെയും എപ്പോഴും ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ ദൈവസ്നേഹത്താൽ ജ്വലിപ്പിക്കയും ചെയ്യാൻ അവസരം അന്വേഷിക്കുന്നു. അതു നിഷ്പ്രയാസം കണ്ടെത്തുകയും ചെയ്യുന്നു. അങ്ങനെ അയാൾ എല്ലായിടത്തും എല്ലാസമയത്തും പ്രസംഗിക്കുന്നു. എന്നാൽ അയാൾ പ്രസംഗകനെന്ന ഭാവം നടിച്ചുകൊണ്ടു് അന്യരെ മുഷിപ്പിക്കുന്നില്ല. അയാൾ ധ്യാനനിഷ്ഠയിൽ സമ്പാദിച്ചിരിക്കുന്ന

പ്രകാശവും തീക്ഷ്ണതയും അയാളിൽനിന്നു സ്വയം നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ അയാളോടു സമീപിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കാതിരിക്കാൻ തരമില്ല. നിന്റെ വ്യാപാരം ഇങ്ങനെയാണോ എന്നു പരിശോധിക്കുക. നിന്റെ സഹവാസം അന്യരിൽ എന്തു ഫലമാണു് ഉത്ഭവിപ്പിക്കുന്നതു്?

സ്നേഹപ്രകരണങ്ങൾ:— നിന്റെ ബുദ്ധിയും, ഹൃദയവും ദൈവികകാര്യങ്ങളിൽനിന്നു എത്രയോ അകന്നിരിക്കുന്നു എന്നു കണ്ടു ലജ്ജിക്കുകയും എളിമപ്പെടുകയും ചെയ്യുക.

പ്രതിജ്ഞ:— നിന്റെ സംതോഷണം അന്വേഷിക്കുവാൻ പ്രയോജനകരമാണോ എന്നും അങ്ങനെയാകുവാൻ എന്തെല്ലാം ചെയ്യേണമെന്നും പ്രത്യേകം ആത്മപരിശോധനചെയ്തു നോക്കുക.

മൂന്നാം വകുപ്പ്

ക്രിസ്തീയ പരിപൂർണ്ണതയുടെ സജീവ ദൃഷ്ടാന്തം.

ധ്യാനം:— ഒരു മലമേൽ സ്ഥാപിതമായിരിക്കുന്ന നഗരം മറഞ്ഞിരിക്കുവാൻ സാധ്യമല്ല. ഇപ്രകാരം മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളും കാണുകയും, സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ സ്തുതിക്കുകയും ചെയ്യേണ്ടതിനായി നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രശോഭിക്കട്ടെ. (മത്തെ. 5. 14, 16) തന്റെ അപ്പോസ്തോലന്മാരിലും അവരുടെ അനുഗാമികളിലും പ്രശോഭിക്കേണ്ടതായ മൂന്നാമത്തെ ഗുണം ഈ വാക്യങ്ങളിൽ ഈശോ വിവരിക്കുന്നു. ദൃഷ്ടാന്തം വഴിയായി നാം സകലരേയും പുണ്യത്തിലേയ്ക്കും സ്വർഗ്ഗത്തിലേയ്ക്കും ആകർഷിക്കേണ്ടതാണു്. വാചാലതയോടുകൂടിയ പ്രസംഗത്തേക്കാൾ ശക്തിയുള്ളതാണു് മൌനത്തോടുകൂടിയ ദൃഷ്ടാന്തം.

പ്രായോഗികചിന്ത:— നിന്റെ വ്യാപാരം ആശ്രമത്തിലുള്ളവർക്കും പുറമെയുള്ളവർക്കും ഇപ്പറഞ്ഞതരത്തിലുള്ള ഉപദേശമായിരിക്കുന്നുണ്ടോ? നിന്റെ സഹോദരങ്ങൾക്കു അനുകരണവിഷയമായി നിന്നെ നിർദ്ദേശിച്ചുകൊടുക്കുവാൻ നിന്റെ ശ്രേഷ്ഠന്നു സാധിക്കുമോ? ഞാൻ മിശിഹായെ അനുകരിക്കുന്നതുപോലെ നിങ്ങളും എന്നെ അനുഗമിക്കുവിൻ എന്ന വിശുദ്ധ പൌലോസിന്റെ മഹത്തായ വാക്കുകൾ നിനക്കു ധൈര്യത്തോടെ നിന്റെ സഹോദരന്മാരോടു പറയുവാൻ കഴിയുമോ? (1. കൊ

റീ 11.1.) ക്രൈസ്തവരെ അപഹസിച്ചിരുന്ന അക്രൈസ്തവരോ ട വിശുദ്ധ സിപ്രിയാൻ ഇങ്ങനെ മറുപടി പറഞ്ഞു:- ഞങ്ങൾ വാചാലങ്കാരത്തെക്കാൾ ക്രിസ്തീയലങ്കാരത്തെ കൂടുതൽ വിലമതിക്കുന്നു. ഇതു നമുക്കു ഓരോരുത്തക്കും പറയാൻ സാധിക്കുമെങ്കിൽ നാമും ഭാഗ്യവാന്മാർതന്നെ.

സംക്ഷേണം:— തന്റെ ഏഴു പുത്രന്മാരെ രക്തസാക്ഷിത്വത്തിനു പ്രേരിപ്പിച്ചശേഷം ഒടുവിൽ അവരോടുകൂടെ വേദ സാക്ഷി കിരീടം പ്രാപിച്ച വി. ഫെലിച്ചിത്താസിനോട് സംക്ഷേണം ചെയ്യുക.

ജൂലൈ പതിനൊന്നാം തിയ്യതി

പ്രൈമോസ്തിലെ സന്ന്യാസസഭാസ്ഥാപകനായ
നോർബെർട്ടിന്റെ വിജയത്തിരുനാൾ

പ്രാരംഭം 1. ഈ വിശുദ്ധൻ മോക്ഷമഹിമ പ്രാപിച്ചിരിക്കുന്നതു കാണുന്നെന്നു സങ്കല്പിക്കുക.

2. തന്റെ ശക്തിമത്തായ അരുളിൽ നമ്മെയും സഹീകരിക്കുവാൻ ഇദ്ദേഹത്തോട് അപേക്ഷിക്കുക.

ഒന്നാം വകുപ്പു

വിശുദ്ധ നോർബെർട്ടിന്റെ മാനസാന്തരം

ധ്യാനം:— വിശുദ്ധ നോർബെർട്ട്, ഇടപ്രഭുവായ ക്ലെവെസിന്റെ നാട്ടിൽ സവുത്തേൻ എന്ന സ്ഥലത്തു രാജഗോത്രജരായ മാതാപിതാക്കന്മാരിൽനിന്നു പിറന്നു. അനിതര സാധാരണമായ ബുദ്ധി സാമർത്ഥ്യത്തോടുകൂടെ വിളങ്ങുകയും ചെയ്തു അഞ്ചാം പട്ടമേറ്റു. വൈദികനായശേഷം, കീർത്തിയും ധനാഗമവുമുള്ള ഒരു ഉദ്യോഗവും, ഏറെ താമസിയാതെ നാലാം

ഫ്രെൻറി രാജാവിൻെറ അരമന ചാപ്പലിൻ സ്ഥാനവും അദ്ദേഹത്തിന്നു ലഭിച്ചു. തദവസരത്തിൽ നയിച്ചിരുന്ന ജീവിതം അദ്ദേഹം സ്വീകരിച്ചിരുന്ന വിശുദ്ധ അന്തസ്സിന്നു യോജിക്കുന്നതല്ലായിരുന്നു. ലോകവിനോദങ്ങളിൽ അദ്ദേഹം തൻെറ സമയത്തിൻെറ അധികപങ്കും വിനിയോഗിച്ചുവന്നു. അദ്ദേഹത്തിൻെറ മാനസാന്തരത്തിനു ഒരു വിപത്താണു് ദൈവം ഉപകരണമാക്കിയതു്. ഒരുദിവസം അദ്ദേഹം വിനോദാർത്ഥം വെസ്റ്റ് ഫാലിയായിലെ ഫ്റാത്തേൻ എന്ന സ്ഥലത്തേക്കു കുതിരപ്പുറത്തു കയറിപ്പോകുകയായിരുന്നു. പെട്ടെന്നു ഒരു ഇടിനാദമുണ്ടായി, അദ്ദേഹം അർദ്ധപ്രാണനായി നിലം പതിച്ചു. പ്രജ്ഞയുണ്ടായപ്പോൾ ചഞ്ചലചിത്തനായി സാവൂളിനെപ്പോലെ "കർത്താവേ, ഞാൻ എന്തുചെയ്യണം?" എന്നു ദീനസ്വരത്തിൽ ചോദിച്ചു. അപ്പോൾ: "നീ തിന്മയിൽനിന്നു അകലുക: നന്മചെയ്യു, ഏകാന്തത്തിലും തപസ്സിലും സമാധാനം അന്വേഷിക്കുക." എന്നൊരു സ്വരം ഹൃദയത്തിൽ കേട്ടു. മാനസാന്തരപ്പെട്ട നോർബെർട്ട് ഉടനെ അരമന വിട്ടിറങ്ങി, സമ്പത്തെല്ലാം ദരിദ്രർക്കുകൊടുത്തു. വിലയേറിയ വസ്ത്രങ്ങളും മാററി സാധാരണ വൈദികവസ്ത്രങ്ങളും ധരിച്ചു, കൊളോനിയ പട്ടണത്തിന്നു സമീപമുള്ള വിശുദ്ധജിൽബെർട്ടിൻെറ ആശ്രമത്തിൽ പ്രവേശിച്ചു. അവിടെ അദ്ദേഹം അനുകരണീയമായ തപോജീവിതം ആരംഭിച്ചു.

പ്രായോഗികചിന്ത:— ദൈവവരം ചിലപ്പോൾ മധുരസ്വരത്തിലും, ചിലപ്പോൾ അസാധാരണവും ഭീകരവുമായ സംഭവങ്ങളും വഴിയായും നമ്മോടു സംസാരിക്കാറുണ്ടു്. എന്നാൽ ഏതു വിധമായാലും വിശുദ്ധ നോർബർട്ടിൻെറ ദൃഷ്ടാന്തം അനുകരിച്ചു് അവ നാം വലിയ താല്പര്യത്തോടെ ശ്രവിക്കേണ്ടിയിരിക്കുന്നു. നിൻെറ ഇപ്പോഴത്തെ വ്യാപാരം നിൻെറ വിശുദ്ധ അന്തസ്സിന്നു യോജിക്കുന്നതല്ലെന്നു് ആ സ്വരം നിന്നോടറിയിച്ചു നിന്നെ കുറപ്പെടുത്തുന്നുവെങ്കിൽ ഈ വിശുദ്ധനെ അനുകരിച്ചു ഔദാര്യത്തോടെ പരിപൂർണ്ണതയുടെ പാതയിൽ പ്രവേശിക്കുകയും അതിൽ ശ്രദ്ധാന്തിയോടെ സ്ഥിരപ്പെട്ടുവരികയും ചെയ്യണം. ഇപ്രകാരം ചെയ്യുന്നതായാൽ നിൻെറ കഴിഞ്ഞ ജീവിതം ഏതുവിധമായിരുന്നാലും നോർബെർട്ടിനെപ്പോലെ നീയും വിശുദ്ധനായിത്തീരും.

സ്നേഹപ്രകരണങ്ങൾ:— നിരാശാജനകമായ വിചാരങ്ങളെ തൃജിച്ചുകൊണ്ട് എളിമയും പ്രത്യാശയും നവീകരിക്കുകയും, നിന്റെ നല്ല പ്രതിജ്ഞകളെ ദൈവത്തിന്നു സമർപ്പിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— അധൈര്യത്തെ എപ്പോഴും എതിർക്കുക.

രണ്ടാംവകുപ്പ്

സുവിശേഷാദർശമനുസരിച്ചുള്ള വി. നോർബർട്ടിന്റെ ജീവിതം

ധ്യാനം:— വിശുദ്ധ നോർബർട്ട് രണ്ടുവർഷംഏകാന്തതയിലും തപസ്സിലും ചെലവഴിച്ചശേഷം, ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കുമായി പ്രയത്നിക്കേണമെന്നുള്ള അശ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അധികമായി ജ്വലിച്ചു. അതിനാൽ എല്ലായിടത്തും സഞ്ചരിച്ചു അനുതാപവും തപസ്സും പ്രസംഗിച്ച് അനവധിപാപികളെ മാനസാന്തരപ്പെടുത്തി. ഇദ്ദേഹത്തിന്റെ വിശുദ്ധികണ്ടു ലാവോനിലെ മെത്രാൻ തന്റെ രൂപതയിൽ ഇദ്ദേഹത്തെ താമസിപ്പിക്കണമെന്നു നിശ്ചയിച്ചു. ഇതിനാൽ വിശുദ്ധ നോർബെർട്ട് വിജനമായ പ്രെമോന്ത എന്ന താഴ്വര തന്റെ വാസസ്ഥലമായി തെരഞ്ഞെടുത്തു. ഇതു നവമായ ഒരു സന്ന്യാസസഭയുടെ കേന്ദ്രസ്ഥാനവും അനേകം മഹാത്മാക്കളുടെ വിളഭൂമിയുമാകണമെന്നായിരുന്നു ദൈവചിത്തം. ഏറെത്താമസിയാതെ നാല്പതു ശിഷ്യന്മാർ ഇദ്ദേഹത്തിനുണ്ടായി. അവരിൽ അഞ്ചത്തെ പതിമൂന്നുപേരും ബ്രാബാന്തു എന്ന സ്ഥലത്തുള്ളവരായിരുന്നു. വിശുദ്ധ അഗസ്റ്റിൻ സ്ഥാപിച്ച സഭയുടെ നിയമസംഹിത അടിസ്ഥാനമാക്കി വിവേകപൂർവ്വമായ പ്രമാണങ്ങൾ ഇദ്ദേഹം തന്റെ ശിഷ്യർക്കായി രൂപവൽക്കരിച്ചു. ഈ പ്രമാണങ്ങൾ 1125 ഫെബ്രുവരിയിൽ രണ്ടാം ഒനോരിയൂസ് പാപ്പാ ഒരു തിരുവെഴുത്താൽ അംഗീകരിക്കുകയും കുറച്ചുകാലത്തിനിടകൊണ്ടു ഈ സഭ പല സ്ഥലങ്ങളിലും പ്രചരിക്കയും ചെയ്തു. ഈ സഭയുടെ പ്രമാണങ്ങൾ സ്ഥിരീകരിക്കപ്പെട്ടു ഒരു വത്സരമായപ്പോഴാണ് ഇദ്ദേഹം സഹിതത്തിന്നെതിരായിത്തന്നെ മെക്കെബർഗ്ഗ് എന്ന പട്ടണത്തിന്റെ അതിമെത്രാനായി നിയമിക്കപ്പെട്ടു. അതിരൂപതയെ ഭരിച്ച എട്ടു വർഷ

വും അദ്ദേഹം തപഃകാഠിന്യത്തിന്നോ താൻ സ്ഥാപിച്ച സഭയേ ക്കുറിച്ചുള്ള താല്പര്യത്തിന്നോ കുറവു വരുത്തിയില്ല.

പ്രായോഗികചിന്ത:- ഈ വിശുദ്ധനെ അനുകരിക്കുന്നതിനു് ഒരു സന്ന്യാസസഭ സ്ഥാപിക്കണമെന്നോ അപ്പൊസ്തലിക സേവനത്തിൽ പ്രസിദ്ധി നേടണമെന്നോ ഇല്ല. നീ പ്രവേശിച്ചിരിക്കുന്ന സഭയിൽത്തന്നെ സുകൃതജീവിതം നയിക്കുകയും, വാക്കുകളും പ്രവൃത്തികളുംകൊണ്ടു് അന്യരെ ഇതിനു പ്രേരിപ്പിക്കുകയും ചെയ്താൽമതി. ഇതു നിനക്കു സാധിക്കുമെന്നുമാത്രമല്ല, ഇതു സാധിക്കുവാൻ നിനക്കു കടമയുംകൂടിയുണ്ടു്. നീ ഇതിനു എങ്ങനെ പരിശ്രമിച്ചുവരുന്നു?

സ്നേഹപ്രകരണങ്ങൾ:- സൽകൃത്യങ്ങളിൽ നീ ഇതു ദരിദ്രനായിരിക്കുന്നതുകൊണ്ടു് ദൈവതിരുമുമ്പാകെ നിന്നെത്തന്നെ താഴ്ത്തുക. നിന്റെ ഉദാരമനസ്സിന്നു് ദൈവത്തിനു് കാഴ്ചവെയ്ക്കുക. ഈ കാഴ്ചയെ അംഗീകരിപ്പാൻ ദൈവത്തോടു് പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- എന്റെ സഹോദരർക്കു സുകൃതദൃഷ്ടാന്തം നൽകുവാൻ എപ്പോഴും ഞാൻ ശ്രമിക്കും. വേലപ്രബോധകർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതുകൂടാതെ എന്റെ വേലകളിലും ഞാൻ സഹിക്കുന്ന ദുഃഖാനർത്ഥങ്ങളിലും അവരുടെ നിയോഗങ്ങളെ എന്നിൽ ഉജ്ജീവിപ്പിക്കുകയും ചെയ്യും.

മൂന്നാം വകുപ്പു

വി. നോർബെർട്ടിന്റെ വിജയം

ധ്യാനം:- ചില സ്ഥലങ്ങളിൽ ഈ തിരുനാൾ നോർബെർട്ടിന്റെ വിജയത്തിരുനാൾ എന്ന അഭിധാനത്തിൽ ആചരിച്ചുവരുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, ഇദ്ദേഹം തങ്കിലീനസ് എന്ന പതിതപ്രമാണിയുടെമേലും അവന്റെ ദുഷ്ടസഖാക്കളുടെമേലും പ്രാപിച്ച വിജയം അനുസ്മരിപ്പിക്കുന്നതിന്നായിട്ടാണു് ഈ തിരുനാൾ നിയമിക്കപ്പെട്ടിരിക്കുന്നതു്. ഈ പതിതർ ഗോത്തിക്കു് നാട്ടിലും പ്രത്യേകമായി ജർമ്മൻറുവെർപ്പു പട്ടണത്തിലും അവരുടെ ദുർബോധനങ്ങളെ പ്രചരിപ്പിച്ചു് അവിടങ്ങളിലുള്ള ജനങ്ങളെ കലഹിപ്പിച്ചു് വലിയ അക്രമങ്ങൾ നടത്തിക്കൊണ്ടി

രുന്നു. അവരെ അമർത്തുവാനായിരാഷ്ട്രീയാധികാരികളും വൈദികാധികാരികളും വളരെ പരിശ്രമിച്ചു. എങ്കിലും അതുകൊണ്ടു സാരമായ ഒരു ഫലവും ഉണ്ടാകാഞ്ഞതിനാൽ വി. നോർബെർട്ടിനെത്തന്നെ അങ്ങോട്ടയക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾമൂലം ഉൾഭാഗം നാമാവശേഷമായിത്തീരുകയും ക്രിസ്തീയാരാധന പൂർവ്വോപരി പ്രബലമായിവരികയും ചെയ്തു. കൃതജ്ഞരായ വൈദികാധികാരികൾ വി. മൈക്കളിന്റെ ദേവാലയം അദ്ദേഹത്തിനു സംഭാവന ചെയ്തു. അനന്തരം അതു് അദ്ദേഹത്തിന്റെ ആശ്രമങ്ങളിൽ ഒന്നായി രൂപാന്തരപ്പെടുകയുണ്ടായി. പരിശുദ്ധ സിംഹാസനം പ്രതിവർഷം ജൂലൈ 11–ൽ വി. നോർബെർട്ടിന്റെ വിജയം എന്ന അഭിധാനത്തിൽ ഒരു തിരുനാൾ ആചരിക്കുന്നതിനു് അദ്ദേഹത്തിന്റെ ആത്മികപുത്രന്മാർക്കു അനുമതി നൽകി.

പ്രായോഗിക ചിന്ത:– ആത്മരക്ഷയ്ക്കായി നാം ചെയ്യുന്ന പ്രയത്നങ്ങളിൽ ദൈവാശീർവ്വാദം ഉണ്ടാകേണമെന്നു നാം അഗ്രഹിക്കുന്നുണ്ടു്. എന്നാൽ ഇതു സാധിക്കേണമെങ്കിൽ ഈ വിശുദ്ധനെപ്പോലെ നാമും നമ്മുടെ ബാഹ്യക്രിയകളോടുകൂടെ പ്രാർത്ഥനയും പരിശുദ്ധമായ നിയോഗവും യോജിപ്പിക്കണം. കൂടാതെ ദൈവജനനിയുടെയും, നാം ആർക്കായി പ്രയത്നിക്കുന്നുവോ അവരുടെ കാവൽഭൂതന്മാരുടേയും സാഹായ്യവുംകൂടെ പ്രത്യേകാൽ അഭ്യർത്ഥിക്കേണ്ടതാണു്.

സംഭോഷണം:– വി. നോർബെർട്ടിനോടു സംഭോഷണം ചെയ്യുക. *

---

* 1. സന്ന്യാസസഭകളെ സ്ഥാപിച്ച വിശുദ്ധരുടെനേരെ നമുക്കു പ്രത്യേകഭക്തി വേണ്ടതാണു്.

2. വി. നോർബെർട്ടു് 1080–ൽ പിറന്നു. 1134 ജൂൺ 6–ൽ മരിച്ചു. 1582–ൽ വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ടു. ഭിവ്യശ്രീ ഹെലിയോത്തു് എന്ന ഭേഹത്തിന്റെ അഭിപ്രായപ്രകാരം 18–ാം നൂറാണ്ടിന്റെ അവസാനത്തിൽ ഈ സഭയ്ക്കു 130 സന്ന്യാസാശ്രമങ്ങളും 40ാ കന്യകാശ്രമങ്ങളും ഉണ്ടായിരുന്നു.

ജൂലൈ പന്ത്രണ്ടാംതിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

പ്രമാണങ്ങളുടെ കൃത്യമായ അനുഷ്ഠാനം

പ്രാരംഭം 1. ഈശോയുടെ പ്രസംഗം ജനങ്ങൾ ശ്രദ്ധിച്ചു കൊണ്ടു നില്ക്കുന്നതു ആത്മനാ ദർശിക്കുക.

2. സന്ന്യാസനിയമങ്ങളോടു ബഹുമതിയും സ്നേഹവും നിനക്കുണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

സന്ന്യാസ നിയമങ്ങളെല്ലാം അനുഷ്ഠിക്കുന്നതിൽ കാണിക്കേണ്ട വിശ്വസ്തത

ധ്യാനം:— വേദപ്രമാണത്തെ.....ഇല്ലാതാക്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കേണ്ട. ഇല്ലാതാക്കുവാനല്ല പൂർണ്ണമാക്കുവാനത്രെ.....ആകാശവും, ഭൂമിയും കടന്നുപോകുന്നതുവരെ — സകലവും നിറവേറുവോളം — വേദപ്രമാണത്തിൽനിന്നു് ഒരു ഇകാരമൊ ഒരു വിസർഗ്ഗമൊപോലും ഒഴിഞ്ഞുപോകയില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (മത്തേ. 5. 17, 18) പ്രമാണങ്ങളും സന്ന്യാസനിയമങ്ങളും കൃത്യമായി അനുഷ്ഠിച്ചുവരുന്നതു തനിക്കു് എത്ര പ്രസാദകരമെന്നു നമ്മുടെ കർത്താവു ഈ വചനങ്ങളാൽ നമ്മെ പഠിപ്പിക്കുന്നു. വാസ്തവം പറകയെന്നായാൽ ദൈവസ്നേഹത്തെപ്രതി അല്പകായ്ക്കങ്ങളിൽക്രൂടെയും നമ്മുടെ മനസ്സും സ്വാതന്ത്ര്യവും നാം ഉപേക്ഷിക്കുന്നതിലാണു് ലോകത്തിലുള്ള മറ്റു മനുഷ്യരും നമ്മളും തമ്മിലുള്ള വ്യത്യാസം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു നമ്മുടെ നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും എത്ര ലഘുവായിരുന്നാലും അവ വിശ്വസ്തതയോടെ കാത്തുകൊണ്ടു പ്രമാണങ്ങളുടെയും സന്ന്യാസക്രമങ്ങളുടെയും നകംവഹിച്ചുവരുവാൻ നമുക്കു് കടമയുണ്ടു്. ഇതുനിമിത്തമത്രെ തിരുസ്സഭ നമ്മെ Regulares അഥവാ ക്രമാനുസാരികൾ, എന്നു വിളിക്കുന്നതു്. ഇപ്രകാരമിരിക്കെ നമ്മുടെക്രമങ്ങളിൽവല്ലൊന്നിനെ നാം നിസ്സാരമായി ഗണിച്ചു അവ ലംഘിക്കുന്നതായാൽഈ നാമം നമ്മിൽ അനുചിതമാകയില്ലെന്നു് മാത്രമല്ല, അതു് ദൈവത്തിനേറയും

തിരുസ്സഭയുടെയും മുമ്പാകെ നാം ചെയ്തിരിക്കുന്ന വ്രതവാഗ്ദാനങ്ങൾക്കു് എതിരായ ഒരു വഞ്ചനക്കുടെയായിരിക്കും.

പ്രായോഗികചിന്ത:- സന്ന്യാസജീവിതക്രമം അനുസരിക്കുന്നതിൽ നിന്റെ സ്ഥിതിഎന്തെന്നു പരിശോധിച്ചുനോക്കുക. ഇതു ശരിയായി മനസ്സിലാകുന്നതിനു് ചില ക്രമങ്ങളെ പ്രതേകാൽ പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രാതത്തിൽ നിശ്ചിതസമയത്തുതന്നെ താല്പര്യത്തോടും ജാഗ്രതയോടുംകൂടെ നീ എഴുന്നേൽക്കുന്നുണ്ടോ? പരിശുദ്ധകുർബാന സന്ദർശനം, ധ്യാനം, പൊതുപ്രാർത്ഥനകളും മുതലായവയുള്ള അടയാളങ്ങളും കേട്ടാൽ ഉടൻതന്നെ നീ എത്തുന്നുണ്ടോ? മൗനം, വിനയം, സന്ന്യാസഗൗരവം മുതലായവ എത്ര സൂക്ഷ്മത്തോടെയാണു് നീ അനുഷ്ഠിച്ചുവരുന്നതു്?

സ്നേഹപ്രകരണങ്ങൾ:— കഴിഞ്ഞകാലങ്ങളിൽ നിന്നിൽ വന്നുപോയിട്ടുള്ള കുറവുകളെക്കുറിച്ചും പ്രതേകമായി നിന്നിൽ സ്വഭാവമെന്നോണം ആയിത്തീർന്നിരിക്കുന്ന പോരായ്മകളെക്കുറിച്ചും ക്ഷമായാചനംചെയ്യുക.

പ്രതിജ്ഞ:- എല്ലാവിഷയങ്ങളിലും നിന്റെ നിയമങ്ങളെ കൃത്യമായി അനുസരിക്കാൻ ഇന്നു് പ്രതേകം താല്പര്യപ്പെടുക.

രണ്ടാംവകുപ്പു

നിസ്സാരങ്ങളെന്നുവച്ചു ചെറിയ നിയമങ്ങളെപ്പോലും ലംഘിക്കുന്നതു വലിയ അപകടം

ധ്യാനം:- ഈശോ പ്രസ്തുത പ്രസംഗം തുടർന്നു പറഞ്ഞതായതു്: അതുകൊണ്ടു് ഏറ്റവും ചെറുതായ ഈ കല്പനകളിൽ ഒന്നിനെ ലംഘിക്കുകയും; അപ്രകാരം മനുഷ്യരെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനെന്നു വിളിക്കപ്പെടും.....എന്തുകൊണ്ടെന്നാൽ നിങ്ങളുടെ നീതി ഉപദേഷ്ടാക്കന്മാരുടേയും ഫരിസേയരുടേയും (നീതിയെ) അതിവർത്തിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തെ. 5. 19, 20.) ക്രമാതെയും ക്രമാനുസരണം ജീവിക്കാത്ത സന്ന്യാസി അതായതു്, തനിക്കു ഇഷ്ടമില്ലാത്തവയിൽനിന്നു ഒഴിഞ്ഞുമാറുകയും ഇഷ്ടമുള്ളവമാത്രം ചെയ്യുവരികയും ചെയ്യുന്ന സന്ന്യാസി, ഭ

യങ്കരമായ നാശമാഗ്രത്തിൽ ഇരിക്കുന്നു: എന്തെന്നാൽ ചെറിയ കുറ്റങ്ങളെ വിട്ടൊഴിയാത്തവൻ ക്രമേണ വലിയവയിൽ അകപ്പെട്ടുപോകും എന്നു ക്രീസ്തുനുകരണത്തിൽ എഴുതപ്പെട്ടിരിക്കുന്നു. (1–ാം പുസ്തകം 25. അ.) ഇവയെല്ലാം നന്നായി ആലോചിക്കുന്നതായാൽ അല്പമായ ക്രമങ്ങൾപോലും പതിവായി ലംഘിച്ചുകൊണ്ടിരിക്കുന്നതു് എത്ര അപകടകരമാണെന്നു് ഗ്രഹിക്കാം. ഇങ്ങനെ പ്രവർത്തിക്കുന്നവൻ തനിക്കുതന്നെയും, തന്റെ ഉമ്മാതൃകയാൽ അന്യർക്കും അപത്തുവരുത്തുന്നു.

പ്രായോഗികചിന്ത:– ഇപ്പോൾ പറഞ്ഞവയെ ആലോചിച്ചിട്ടു് നീ കുറ്റക്കാരനാകുന്നു എന്നു നിനക്കു തോന്നുന്നുണ്ടെങ്കിൽ, അതിനു പ്രത്യൗഷധം പ്രയോഗിക്കാനും, പരിഹാരംചെയ്യാനുംവേണ്ടി അതിന്റെ മൂലം കണ്ടുപിടിപ്പാൻ ശ്രമിക്കുക. അനന്തരജീവിതം, അഥവാ വിശ്വാസഭ്രഷ്ടാ സഭാ ദൈവത്തെ ദർശിച്ചുകൊണ്ടു സ്വന്തപ്രവൃത്തികളെല്ലാം അവിടുത്തെ സന്നിധിയിലും അവിടുത്തോടുള്ള സ്നേഹത്തെക്കുറിച്ചും അവിടുത്തെ ഹിതാനുസരണവും നിവർത്തിച്ചുവരുന്ന ജീവിതരീതി, നശിപ്പിക്കുന്ന മനഃപതർച്ചയാകുന്നു ഇതിനു സാമാന്യമായ കാരണം. മനഃപതർച്ചയുള്ളവർ തങ്ങളുടെ കടമകളെ വലിയ അലസതയോടെ ആയിരിക്കും നിവർത്തിക്കുന്നതു്. ഇതിനാൽ ഉകുതിയാകുന്ന ജലം വറ്റി അവരുടെ ഹൃദയം വരണ്ടുപോകുന്നു. ഈ വരൾച്ചയാലുള്ള വിഷമത തീർക്കാൻ ലോകസഹവാസത്തിൽ അവർ ആശ്വാസം അന്വേഷിക്കുന്നു. ക്രൂതൽ വേല ചെയ്യുന്നതിനു ശക്തരാകുവാൻ ഇതു് അവരുടെ ഹൃദയത്തിനു് ആവശ്യമായ ഒരാശ്വാസമാണെന്നും മറ്റും അവർ ഓരോ ഒഴികഴിവു കണ്ടുപിടിക്കും. പക്ഷെ, ദൈവികജലം കുറയുന്നതിനാലുണ്ടാകുന്ന വരൾച്ച ഇതുകൊണ്ടു് നീങ്ങുമോ? ഇല്ല, അതു വർദ്ധിക്കയേ ഉള്ളു. ഇതു ഗ്രഹിക്കയില്ല, ലോകത്തിൽ നടക്കുന്ന വലിയ വലിയ അക്രമങ്ങളോടു ഒപ്പിച്ചാൽ. എന്റെ കുറ്റങ്ങൾ നിസ്സാരങ്ങളല്ലെ എന്നു ധിക്കാരപൂർവ്വം സമാധാനപ്പെടുകയുംചെയ്യുന്നു. ചുരുക്കിപ്പറയാം ക്രമേണ അയാൾ അറിയാതെതന്നെ ക്രമങ്ങളെല്ലാം ലംഘിക്കുന്ന ഒരു ശീലം അയാളിലുണ്ടായി വേരുറയ്ക്കും. ഇതിനാൽ സന്ന്യാസത്തിലെ സൗഭാഗ്യം ക്രൂടാതെ നിയമങ്ങളുടെ ഭാരം മാത്രമായിരിക്കും അയാൾക്കു് അനുഭവപ്പെടുന്നതു്.

സ്നേഹപ്രകരണങ്ങൾ:– സ്പഷ്ടമായ ഈ അന്ധതയിലും മായത്തിലുംനിന്ന് നിന്നെ രക്ഷിപ്പാനായി ദൈവത്തോട് പ്രാർത്ഥിക്കുക. മേലിൽ നല്ലവനായി ജീവിപ്പാൻ ശ്രമിക്കുക. ദൈവമഹത്വത്തിന്നായി നിന്റെ സഭയുടെ ക്രമങ്ങളെ കൃത്യമായി അനുസരിച്ചുകൊണ്ട് ഇതരന്മാർക്ക് സുമാതൃകയായിരിക്കുക.

പ്രതിജ്ഞ:– ചെറിയ കുറവുകളെ വിട്ടൊഴിയാത്തവൻ ക്രമേണ വലിയവയിൽ അകപ്പെട്ടും, (പ്രസംഗി. 19. 1.) എന്ന പരിശുദ്ധാത്മപി അരുളിച്ചെയ്തിരിക്കുന്ന വചനങ്ങളെ ഓർത്തുകൊണ്ട്, ഉദാസീനതയ്ക്ക് ഹേതുവായിരിക്കുന്നവ സകലവും പരിത്യജിക്കുക.

മൂന്നാംവകുപ്പ്

സന്ന്യാസക്രമങ്ങളെ കൃത്യമായി അനുഷ്ഠിക്കുന്നതിനാൽ ഉളവാകുന്ന നന്മകൾ

ധ്യാനം:– നമ്മുടെ ദിവ്യഗുരു തുടർന്നു അരുളിച്ചെയ്ത ഈ വചനങ്ങളെക്കുറിച്ചു നന്നായി ധ്യാനിക്കുക. അവ അഭ്യസിക്കുകയും പഠിപ്പിക്കുകയുംചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽവലിയവനെന്നു വിളിക്കപ്പെടും. (മത്തേ. 5. 19.) അതേ, ഇപ്രകാരമുള്ളവൻ ദൈവശുശ്രൂഷയിൽ ഒരുദ്യോഗമുള്ളവനായിരിക്കുന്നതുകൊണ്ടു സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും. അവൻ തന്റെ സന്മാതൃകകളാൽ ഇതരന്മാരിൽ പരത്തുന്ന പുണ്യാഭിവൃദ്ധിയും, തദ്വാരാ സ്വർഗ്ഗത്തിനുണ്ടാകുന്ന മഹാലാഭവുംനിമിത്തം അവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനായിരിക്കും.

പ്രായോഗികചിന്ത:— ഈ വിചാരത്താൽ നാം വലിയ ദൈവ്യം പ്രാപിക്കേണ്ടിയിരിക്കുന്നു. ഇതു നമ്മുടെ സ്മൃതിപഥത്തിൽ സദാ ഉണ്ടായിരുന്നാൽ നിസ്സാരങ്ങളെന്നു തോന്നുന്ന ക്രമങ്ങൾപോലും കൃത്യമായി അനുവർത്തിക്കുന്നതിനു നമുക്ക് ഇടവരും. ഇതു് എപ്പോഴും നാം അനുസ്മരിച്ചുവരാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക. ഭക്തിയിലും ക്രമാനുസരണത്തിലും നമുക്കു വളുതായ താല്പര്യവും തീക്ഷ്ണതയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഭക്തിതീക്ഷ്ണതയും ക്രമാനുസരണതല്പരതയും ഉള്ള സഹോദരന്മാരെക്കാണുന്നതു് സാക്ഷാൽ ആനന്ദപ്രദംതന്നെ.

ക്രിസ്ത്യാനകരണത്തിൽ പറഞ്ഞിരിക്കുന്ന ഈ സ്തുതി നമ്മെക്കുറിച്ചും അനുഭവമാക്കുവാൻ ശ്രമിക്കുക. (ക്രീസ്ത്യാനു. 1. 25.)

സംദോഷണം:– നമ്മുടെ സ്നേഹമുള്ള പിതാവായ വിശുദ്ധയൗസേപ്പിനോടു സംദോഷണംചെയ്യുക. അദ്ദേഹം ദൈവസാന്നിദ്ധ്യത്തിൽ തന്റെ ദിനകൃത്യങ്ങളെല്ലാം ഉത്തമവിധംനിവ്വഹിച്ചുകൊണ്ടു അല്പകായ്മങ്ങളിൽക്കൂടെയും വിശുദ്ധനായിരിക്കുകയും ആന്തരീകജീവിതത്താൽ വലിയ പരിപൂർണ്ണത പ്രാപിക്കുകയും ചെയ്തു.

ജൂലൈ പതിമൂന്നാം തിയ്യതി

ദൈവശുശ്രൂഷയിൽ ഉണ്ടാകേണ്ട ശുഷ്കാന്തി

പ്രാരംഭം: 1. തീക്ഷ്ണതയുള്ള അപ്പൊസ്തലിയിൽ കർത്താവിന്നു ശുശ്രൂഷ ചെയ്യുക. (റോമാ. 12.) എന്നു വിശുദ്ധ പൗലോസ് പറയുന്നതു കേൾക്കുന്നെന്നു സങ്കല്പിക്കുക.

2. ദൈവശുശ്രൂഷയിൽ വേണ്ട ശുഷ്കാന്തിയെപ്പറ്റി മതിപ്പും സ്നേഹവും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഭക്തിതീക്ഷ്ണതയുടെ സ്വഭാവം

ധ്യാനം:— സുകൃതങ്ങളുടെ ക്രമങ്ങളെല്ലാം കൃത്യമായി അനുസരിക്കുന്നതാകുന്നു ശുഷ്കാന്തിയുള്ള സന്യാസിയുടെ ലക്ഷണം എന്നു കഴിഞ്ഞ ധ്യാനത്തിൽ കണ്ടുവല്ലോ. ദൈവശുശ്രൂഷയെ സംബന്ധിച്ചു കായ്മങ്ങളെല്ലാം ഉത്സാഹത്തോടെ ചെയ്യുന്നതിന്നു മനസ്സിന്നുള്ള ഒരു ഒരുക്കമത്രെ ആദ്ധ്യാത്മിക ശുഷ്കാന്തി എന്നു പറയുന്നതു്. ഈ ഒരുക്കം പലപ്പോഴുമുള്ള ആവശ്യനം കൊണ്ടു സ്വഭാവമെന്നോണമായിത്തീരുമ്പോൾ പുണ്യമെന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ സൽപ്രവൃത്തികൾക്കായുള്ള ഒരു സന്നദ്ധതയും ശീലവുമാകുന്നു പുണ്യം. ക്രടാതെ, ഇവിടെ പറയുന്ന ശുഷ്കാന്തി ദൈവാരാധനാപരമായ ഒരു ഗുണംകൂടെയാണെന്നു വിശുദ്ധ തോമസും, ദൈവസ്നേഹത്തിന്റെ ഫലവും

ലക്ഷണവുമെന്നു മറു ചിലരും അഭിപ്രായപ്പെടുന്നുണ്ട്. അതുകൊണ്ടു ആദ്ധ്യാത്മികശുഷ്കാന്തിയുള്ള സന്ന്യാസി താൻ അന്യസരിക്കേണ്ട ലഘുവായ കായ്ക്ലേശം പോലും ദൈവത്തിനുവേണ്ടിയുള്ള പ്രകാരമുള്ളതാണെന്നു കാണുന്നതിനാൽ അവ കൃത്യമായി അനുസരിക്കുന്നതിന്നു അവൻ എപ്പോഴും ഒരുങ്ങിയിരിക്കുന്നു.

പ്രായോഗികചിന്ത:— "നമ്മുടെ ശുഷ്കാന്തിയും പുണ്യവും ദിവസേന വർദ്ധിച്ചുവരേണ്ടതാണു". എന്നാൽ ഇപ്പോൾ ഒരുവനു തന്റെ ആദ്യത്തെ ശുഷ്കാന്തിയുടെ വല്ലൊരു അവശിഷ്ടമെങ്കിലും ഉണ്ടെന്നു വന്നാൽ അതു വലിയ കായ്മയായി വീചാരിക്കപ്പെടുന്നു" എന്നു ക്രീസ്തുനുകരണത്തിൽ പറയുന്ന വചനങ്ങളെക്കുറിച്ചു നന്നായി ചിന്തിക്കുക. (1-ാം പു. 11-ാം അ.) മനുഷ്യരുടെ പ്രകൃതി നന്നായി അറിഞ്ഞിരിക്കുന്ന ഒരു മഹാത്മാവിന്റെ വാക്കുകളാണിവ. ഇവ നമ്മിൽ വലിയ ലജ്ജയും വിനയവും ഉത്ഭവിപ്പിക്കേണ്ടതാണു. ഈ വാക്കുകളുടെ സത്യതയെക്കുറിച്ചു ആരംഭത്തിൽ നമുക്കു അവജ്ഞയുണ്ടായേക്കാം. എങ്കിലും അവ നമ്മിൽ തന്നെ അനുഭവമായിട്ടില്ലെ? ഒരു വത്സരവും നീ സഭയിൽ പ്രവേശിച്ച വത്സരവും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുക. ഇവയിൽ ഏതിലാണു നീ കൂടുതൽ ശുഷ്കാന്തിയും ക്രമാനുസരണത്തിൽ നിഷ്ഠയും പ്രദർശിപ്പിച്ചിട്ടുള്ളതു? ആരംഭത്തിൽ നിനക്കുണ്ടായിരുന്ന ആ തീക്ഷ്ണതയിൽ ഇപ്പോൾ എത്ര ശേഷിച്ചിട്ടുണ്ടു? പ്രഥമ തീക്ഷ്ണതനിന്നിൽ നിലനിന്നിരുന്നെങ്കിൽ പുണ്യത്തിൽ എത്ര ഉയർന്ന പദവി നിനക്കു പ്രാപിക്കാമായിരുന്നു?

സ്ഥിരപ്രകരണങ്ങൾ:— ദൈവത്തിരുസ്സന്നിധിയിൽ നിന്നെത്തന്നെ താഴ്ത്തുക. നിന്റെ ശുഷ്കാന്തിയെ പുനർജ്ജീവിപ്പിക്കുക.

പ്രതിജ്ഞ:— പ്രതിദിനം കാലത്തു് ഉണരുമ്പോൾ നിന്റെ നല്ല പ്രതിജ്ഞകളെ നവീകരിക്കുകയും, നിന്റെ ഭക്തി പുനർജ്ജീവിപ്പിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു

ആദ്ധ്യാത്മിക ശുഷ്കാന്തിയുള്ള സന്ന്യാസിയുടെ സൗഭാഗ്യം.

ധ്യാനം:— ശുഷ്കാന്തിയുള്ള സന്ന്യാസി ഭാഗ്യവാനാകുന്നു.

ശുഷ്കാന്തിയാൽ സകല നന്മകളും നമുക്കു ലഭിക്കുന്നു; ഇതില്ലെങ്കിൽ ഗുണമായി ഒന്നും നിലനിൽക്കുകയുമില്ല. ഈ ശുഷ്കാന്തി വഴിയായി നമുക്കു വിശുദ്ധിയും, മനസ്സമാധാനവും പൂർണ്ണഭാഗ്യവുമുണ്ടാകുന്നു. ഇതുള്ളപ്പോൾ അലസ്യമാനം ഭാരമായിത്തോന്നുകയില്ല. സന്യാസജീവിതം വളരെ ലഘുവും മനോഹരവും അതിലെ മഹാ ത്യാഗങ്ങൾ പോലും ആനന്ദകരവുമായി അനുഭവപ്പെടും. ഇങ്ങനെ ചുരുങ്ങിയ കാലത്തിനിടകൊണ്ടു വലിയ പുണ്യപൂർണ്ണത സമ്പാദിക്കുന്നതിനു ഇടയാകുകയും ചെയ്യും. ഇതിനാൽ ശ്രേഷ്ഠന്മാർക്കു ആശ്വാസവും ഇതരസഹോദരർക്കു സമാധാനകരുവും ഉണ്ടാകുന്നു. ഇതുനിമിത്തം നമ്മുടെ സ്വർഗ്ഗം നാം ചെയ്യുന്ന സകല വേലകൾക്കും നാം ദൈവാശീർവ്വാദം ആകർഷിക്കുന്നു. അപ്രകാരം തന്നെ ഈ ശുഷ്കാന്തികൊണ്ടു നാം പുണ്യത്തിൽ ഇടവിടാതുള്ള അഭിവൃദ്ധിയും നന്മയിൽ മരണപര്യന്തമുള്ള സ്ഥിരതയും സ്വർഗ്ഗത്തിൽ മഹത്തായ ആനന്ദവും പ്രാപിക്കുമെന്നതിനും സംശയമില്ല.

പ്രായോഗികചിന്ത:— ചിലപ്പോഴെങ്കിലും ഈ ശുഷ്കാന്തി നിനക്കു ഉണ്ടാകാതിരുന്നിട്ടില്ലല്ലൊ. ഇതിനാൽ ലഭിക്കുന്ന നന്മകളുടെ വൈശിഷ്ട്യം ആ അവസരങ്ങളിൽ നിനക്കു അനുഭവവേദ്യമായിട്ടില്ലയോ? നീ സാക്ഷാൽ ഭാഗ്യവാനാണെന്നു ആ അവസരങ്ങളിൽ നിനക്കു തോന്നിയിട്ടുണ്ടാകണം. കർത്താവിനു ശുശ്രൂഷചെയ്യുന്നതു് എത്ര ആനന്ദപ്രദമാണു'! എന്ന സങ്കീർത്തനവാക്യത്തിന്റെ യാഥാർത്ഥ്യം തദവസരങ്ങളിലാണു ബോദ്ധ്യപ്പെടുന്നതു്. അതുകയാൽ നീ ശുഷ്കാന്തിയിൽ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ ഉത്സാഹപൂർവ്വം അതു് പുനർജ്ജീവിപ്പിക്കുക. ആരംഭത്തിൽ ഏതു മാർഗ്ഗേണ ഇതു നീ പ്രാപിച്ചുവൊ, ആ മാർഗ്ഗേണതന്നെ അതിനെ ഇപ്പോൾ പുനർജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാം.

സ്നേഹപ്രകരണങ്ങൾ:— ആത്മീയ ശുഷ്കാന്തിയുടെ വിസ്മയനീയ ഫലങ്ങളെക്കുറിച്ചുള്ള വിശ്വാസപ്രകരണങ്ങൾ ചെയ്യുക, അതു പ്രാപിക്കുവാൻ താല്പര്യപ്പെടുക.

പ്രതിജ്ഞ:— ശുഷ്കാന്തിയുള്ള നിന്റെ സഹോദരരെ അനുകരിക്കുക.

മൂന്നാം വകുപ്പു

ആത്മീയമായി മന്ദതയുള്ള സന്ന്യാസിയുടെ നൈർഭാഗ്യം.

ധ്യാനം:— നീ മന്ദഭക്തനാകാൻ തുടങ്ങുമ്പോൾ സമാധാനരഹിതനാകാനും തുടങ്ങും. ഉദാസീനനും മന്ദഭക്തനുമായ സന്ന്യാസിക്കു മേൽക്കുമേൽ അനർത്ഥങ്ങൾ ഉണ്ടാകും. എവിടെനിന്നും അവനു സങ്കടം അനുഭവപ്പെടും. അവന്നു് ഉള്ളിൽ ആശ്വാസമില്ല, പുറമെനിന്നു ആശ്വാസം അന്വേഷിപ്പാൻ അവനു സ്വാതന്ത്ര്യവുമില്ല. (ക്രീസ്തു. 1–ാം പു. 25–ാം അ.) ഇപ്രകാരമത്രെ തോമസ് ആകെമ്പീസ് എന്ന മഹാത്മാവു ആത്മീയമായി മന്ദതയുള്ള ഒരു സന്ന്യാസിയുടെ സ്ഥിതി വർണ്ണിക്കുന്നതു്. അവൻ സാക്ഷാൽ ദുർഭാഗനത്രെ. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ദുരാശകളുടെ ദാസനായിരിക്കുന്നു, അവൻ പ്രതിദിനം പാപങ്ങളാൽ തന്റെ ആത്മാവിനെ മലിനമാക്കുന്നു. അവൻ സമാധാനം അന്വേഷിക്കുന്നു; എന്നാൽ അതു കണ്ടെത്തുന്നില്ല. അവൻ സന്ന്യാസനകർത്തിന്റെ മാധുര്യം ആസ്വദിക്കാതെ അതിന്റെ ഭാരം മാത്രം വഹിച്ചു കുഴങ്ങുന്നു. അവൻ വളരെ അദ്ധ്വാനിക്കുന്നു, പക്ഷെ, സ്വർഗ്ഗീയസമ്മാനം അവൻ സ്വല്പം മാത്രമെ അർഹിക്കുന്നുള്ളു. ഇതും പോരാഞ്ഞിട്ടു് ദൈവവിളി എന്ന മഹാദാനംകൂടെ അവൻ നിഷ്പ്രയോജനമാക്കുന്നു. അതിനാൽ ദൈവത്തോടുള്ള രമ്യതയും നന്മയിൽ മരണപര്യന്തമുള്ള നിലനിൽപും അവൻ വിപത്തിലാക്കുന്നു.

പ്രായോഗികചിന്ത:— ഈ വിചാരം ആത്മികമാന്ദ്യത്തെക്കുറിച്ചു വലിയ ഭയം നിന്നിൽ ജനിപ്പിക്കട്ടെ. ജന്മപാപം നിമിത്തം മന്ദതയും ഉദാസീനതയും നമ്മിൽ പ്രകൃതിപോലെയായിത്തീർന്നിരിക്കുന്നു. നീ അവയ്ക്കു വശംവദനായിരിക്കുകയാണെങ്കിൽ ഉടനെ അവയെ ജയിക്കുവാൻ ശ്രമിക്കുക. ഇതിന്നായി നിന്റെ ആത്മിക നിയന്താവു ഉപദേശിക്കുന്ന പ്രതിവിധികളെ സ്ഥിരതയോടും ഔത്സുക്യത്തോടുംകൂടെ പ്രയോഗിക്കുക. നിന്റെ പ്രതിജ്ഞകളെ ആശീർവ്വദിച്ചു നിന്റെ പരിശ്രമങ്ങൾ സഫലമാക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

സംഭാഷണം:— വേദസാക്ഷിയായ വിശുദ്ധ അനസ്റ്റേറു പാപ്പായോടൊ നിന്റെ മദ്ധ്യസ്ഥനോടൊ സംഭാഷണം ചെയ്യുക.

പതിനാലാംതിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

പീഡകരെക്കുറിച്ച.

പ്രാരംഭം. 1. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകയ്ക്കുന്നവർക്കു നന്മ ചെയ്‌വിൻ, നിങ്ങളെ പീഡിപ്പിക്കുകയും നിങ്ങളെപ്പറ്റി ഏഷണി പറയുകയും ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ എന്നു ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നെന്നു സങ്കല്പിക്കുക.

2. പീഡകരെ സംബന്ധിച്ചു ഈശോ അരുളിയിരിക്കുന്ന സൽബോധനങ്ങളും അവിടുത്തെ കല്പനകളും ദൃഷ്ടാന്തങ്ങളും ഉദാരമനസ്സോടെ അനുസരിക്കാൻവേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

ഒന്നാം വകുപ്പു

പീഡകരെ സംബന്ധിച്ചുള്ള ഈശോയുടെ പ്രബോധനം.

ധ്യാനം:— ഈശോയുടെ തിരുജീവിതവും പ്രബോധനങ്ങളും ഹരിസേയരുടെ ദുരാചാരങ്ങൾക്കും കപടഭക്തിക്കും ഒരു ശകാരംപോലെയായിരുന്നു. തൻമൂലം അവിടുത്തെ വിദ്വേഷിപ്പാനും ഉപദ്രവിപ്പാനും അവർ പ്രേരിതരായി. നാമും ഈശോയുടെ ശിഷ്യരും, അപ്പോസ്തോലന്മാരുമായി നമ്മെ പ്രതിഷ്ഠിച്ചിരിക്കയാണല്ലൊ. അതിനാൽ ദുഷ്ടർ നമ്മെ വിദ്വേഷിക്കുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ലാ. ഇതു ഈശോ മുൻകൂട്ടി നമ്മെ അറിയിച്ചിട്ടുണ്ടു്. അവിടുന്നു പറയുന്നു: ദാസൻ തന്റെ യജമാനനെക്കാൾ വലിയവനല്ല, ശിഷ്യൻ ഗുരുവിനു് മേലുമല്ല..... അവർ എന്നെ പീഡിപ്പിച്ചു എങ്കിൽ നിങ്ങളേയും പീഡിപ്പിക്കും. അവർ നിങ്ങളെ ന്യായാധിപസംഘങ്ങളിൽ ഏല്പിക്കുകയും തങ്ങളുടെ ജപസ്ഥാനങ്ങളിൽ നിങ്ങളെ ചമ്മട്ടികൊണ്ടു അടിക്കുകയും ചെയ്യും. സഹോദരൻ സഹോദരനേയും, അപ്പൻ

മകനേയും കൊലയ്ക്ക് ഏല്പിക്കും. നിങ്ങൾ എന്റെ നാമം നിമിത്തം എല്ലാവർക്കും വിദ്വേഷവിഷയമാകും. (യോഹ. 15. 20. മത്തേ. 10. 17. 21. 22)

പ്രായോഗികചിന്ത:– വേദവിദ്വേഷികൾ ഉന്മത്തരായി സത്യമതത്തെ എതിർത്തുകൊണ്ടിരിക്കുന്നു. നാമും അവരുടെ വിദ്വേഷവിഷയമായേക്കാം. ഇതിനാൽ നാം അധൈര്യപ്പെടുകയോ ദുഃഖിക്കയോ ചെയ്യരുത്. നമ്മുടെ ദിവ്യരക്ഷകന്റെ വാക്കുകൾ നമുക്കു സന്തോഷവും ധൈര്യവും പ്രദാനംചെയ്യണം. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ അധിക്ഷേപിക്കുകയും, പീഡിപ്പിക്കുകയും, നിങ്ങൾക്കു വിരോധമായി സകല തിന്മയും വ്യാജമായിട്ടു പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. പരലോകത്തിൽ നിങ്ങളുടെ പ്രതിഫലം വളരെയാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പൂർവ്വികരായ ദീർഘദർശികളെ അവർ ഇപ്രകാരം പീഡിപ്പിച്ചു. (മത്തേ. 5. 11. 12) ഇതു ക്രൂടാതെ സ്വർഗ്ഗത്തിൽ അവിടുത്തോടൊന്നിച്ചു ആനന്ദിക്കേണ്ട നമ്മൾ ഭൂമിയിൽ അവിടുത്തെപ്പോലെ ദുഃഖവും പീഡയും അനുഭവിക്കുന്നതു നമുക്കു അഭിമാനകരവും ആനന്ദപ്രദവും ആകേണ്ടതല്ലയോ?

സ്നേഹപ്രകരണങ്ങൾ:— ദൈവത്തേയും അങ്ങേ സത്യസഭയേയും കുറിച്ചു വലിയ പീഡകൾ സഹിപ്പാൻ തീക്ഷ്ണതയോടെ ആഗ്രഹിക്കുക.

പ്രതിജ്ഞ:– ദുഷ്ടന്മാർ മൂലം ഓരോ അവസരങ്ങളിൽ നമുക്കുണ്ടാകുന്ന അപമാനങ്ങളും, ഞെരുക്കങ്ങളും വിശ്വാസത്തിന്റെ അരുപിയിൽ സഹിക്കുക.

രണ്ടാംവകുപ്പു

പീഡകൾ സംബന്ധിച്ച ഈശോയുടെ കല്പനകൾ

ധ്യാനം:— നമ്മെ, നാം കാരണത്താൽ ഈശോയുടെ സത്യസ്സഭയെ ഞെരുക്കുന്നവരോടു നാം ഏതുവിധം വർത്തിക്കാനാണ് ദിവ്യകർത്താവു കല്പിച്ചിരിക്കുന്നതെന്നു ഇപ്പോൾ നമുക്കു ധ്യാനിക്കാം. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പകയ്ക്കുന്നവർക്കു നന്മ ചെയ്‌വിൻ" നിങ്ങളെ പീഡിപ്പി

ക്കുകയും, ഏഷണി പറയുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാ
ത്ഥിക്കുവിൻ" (ഇതു്) നിങ്ങൾ ശിഷ്ടരുടെ മേലും ദുഷ്ടരുടെമേ
ലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെ മേലും
നീതിവിഹീനരുടെമേലും മഴവർഷിപ്പിക്കുകയുംചെയ്യുന്ന സ്വർ
ഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പുത്രരായിത്തീരുവാൻ
വേണ്ടി(യത്രെ.) (മത്തേ. 5. 44, 45) ഈ കല്പനകൾ എത്ര
ശ്രേഷ്ഠങ്ങളും, എത്ര അനുകമ്പാപൂർണ്ണങ്ങളുമായിരിക്കുന്നു! എ
ന്നാൽ ഇതു് അനുസരിപ്പാൻ അസാദ്ധ്യമാണെന്നു വിചാരിക്ക
രുതു്. ഇതു് സുസാദ്ധ്യവും സുകരവുമാണു് എന്നത്രെ വിശുദ്ധ
ജനം അഭിപ്രായപ്പെട്ടുന്നതു്. എന്തുകൊണ്ടെന്നാൽ രക്തസാ
ക്ഷിയായ വിശുദ്ധ സ്റ്റീഫനും അദ്ദേഹത്തിന്റെ അനുഗാമിക
ളും ഇതു് നിവർത്തിച്ചിരിക്കുന്നതു നമുക്കു അറിവുള്ള കാര്യമാ
ണു്. ഇവർ എല്ലാവരും മരണസമയം തങ്ങളുടെ ഘാതകർക്കു
വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ഇപ്രകാരംതന്നെ ആദിമ
ക്രൈസ്തവരും ഈ ആദർശംതന്നെ അനുവർത്തിച്ചുവന്നു. ഇവ
രെക്കുറിച്ചു വിശുദ്ധ പൌലോസ് ധൈര്യസമേതം ഇങ്ങനെ പ
റയുന്നു: ഞങ്ങളെ ശപിക്കുന്നവരെ ഞങ്ങൾ വാഴ്ത്തുന്നു; ഞ
ങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
(1. കോറി. 4. 12. 13)

പ്രായോഗികചിന്ത:— തിരുസ്സഭയെ ഞെരുക്കുന്നവർക്കു
നന്മചെയ്യണമെന്നു് പ്രാത്ഥിക്കുന്നതെങ്ങിനെ എന്നു തിരുസ്സ
ഭതന്നെ നമ്മെ പഠിപ്പിക്കുന്നുണ്ടു്. സകല വിശുദ്ധരുടെപ്രാത്ഥ
നയിൽ, "നിന്റെ തിരുസ്സഭയുടെ ശത്രുക്കളെ എളിമപ്പെടുത്തേ
ണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു: കർത്താവെ, ഞ
ങ്ങളുടെ അപേക്ഷ നീ കേൾക്കേണമെ, എന്നു് നാം പ്രാർത്ഥി
ക്കുന്നുണ്ടല്ലൊ. ആകയാൽ തിന്മചെയ്വാൻ അവർക്കുള്ള ആ
സകതിയും അവരുടെ താല്പര്യാലികശക്തിയും നൈരാശ്യങ്ങൾ
വഴിയായെങ്കിലും കുറയുവാനും, ദൈവശക്തിയുടെ മുമ്പാകെ
അവർ വിനീതരായി തങ്ങളുടെ ദുഷ്ടതകളെക്കുറിച്ചു അനുതപി
ച്ചു മാനസാന്തരപ്പെടുന്നതിനും നമുക്കു പ്രാർത്ഥിക്കാം. ഇതാ
ണു് അവർക്കു് ഏറ്റവും പ്രയോജനകരമായ പ്രാർത്ഥന. കഷ്ട
തകളും അപമാനങ്ങളും വഴിയായി മാത്രമെ അവർ സന്മാർഗ്ഗ
ത്തിലേക്കു തിരിയുകയുള്ളു. ഇതു സാധിച്ചാൽ അവർക്കായി

ചെയ്യാൻ കഴിയുന്നതിൽ ഏറ്റവും മഹത്തായ കൃത്യം നാം നിവ്വഹിച്ചുവെന്ന സമാധാനപ്പെടാം.

സ്നേഹപ്രകരണങ്ങൾ:— നാം മിശിഹായുടെ ശിഷ്യരും, തിരുസ്സഭയുടെ യോദ്ധാക്കളുമായതുകൊണ്ടു മറ്റുള്ളവർ നമ്മെ വിദ്വേഷിക്കുന്നുഎങ്കിൽ ദൈവം അവരെ അനുഗ്രഹിക്കട്ടെ, എന്നു നമുക്കു പ്രാത്ഥിക്കാം.

പ്രതിജ്ഞ:— ദുഷ്ടന്മാരുടെ പ്രവൃത്തികളും പാപകരങ്ങളെന്നു പ്രത്യക്ഷപ്പെട്ടുമ്പോൾക്രൂടെയും നിഷ്ഫലമായ അനുകമ്പ അവരുടെനേരെ നാം പ്രദർശിപ്പിക്കണം.

മൂന്നാം വകുപ്പു

പീഡാനുഭവങ്ങളിൽ ഈശോ കാണിച്ചിട്ടുള്ള ദൃഷ്ടാന്തം.

ധ്യാനം:— വിശുദ്ധ അഗസ്തീൻ പറയുന്നതുപോലെ നമ്മുടെ ദിവ്യരക്ഷകൻ നമുക്കു പ്രയോജനകരമായ കല്പനകളും തരികയും അതു നിവൃത്തിക്കുന്നവർക്കു വലിയ സമ്മാനം വാഗ്ദാനം ചെയ്തു അവരെ ധൈര്യപ്പെടുത്തുകയും ചെയ്തതുകൊണ്ടു തൃപ്തനായില്ല. അവിടുത്തെ ദൃഷ്ടാന്തംക്രൂടെയും നമുക്കു നൽകിയിരിക്കുന്നു. എങ്ങനെയെന്നാൽ അവിടുന്നു മരണസമയത്തു തന്നെറ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. "പിതാവെ, തങ്ങൾ ചെയ്യുന്നതു് ഇന്നതു് എന്നു് ഇവർ അറിയുന്നില്ലാ, അതിനാൽ ഇവരോടു ക്ഷമിക്കേണമെ." (ലൂക്കാ. 23, 34.)

പ്രായോഗികചിന്ത:— ദൈവപുത്രനായ ഈശോയിൽ നിന്നു അനവധി നന്മകൾ സ്വീകരിച്ച അങ്ങെ സൃഷ്ടികൾതന്നെ അങ്ങയെ ദ്വേഷിക്കുകയും നിന്ദിക്കുകയും അപമാനിക്കുകയും, ഹിംസിക്കുകക്രൂടെ ചെയ്തിട്ടും അവരുടെ നേരെ അവിടുന്നു കാണിച്ച സ്നേഹവും, അനുകമ്പയും എത്ര വലുതായിരുന്നെന്നു് ചിന്തിക്കുക. ഇതു നാം ധ്യാനിച്ചു നമ്മുടെ ഹൃദയത്തിൽ ഗാഢമായി പതിച്ചാൽ, അന്യരോടു ക്ഷമിക്കുന്നതിനും ഉപദ്രവം ചെയ്തവരെ ഉപകാരങ്ങൾകൊണ്ടു സമ്മാനിക്കുന്നതിനും വൈഷമ്യമൊ തദ്വിഷയത്തിൽ ഒഴികഴിവുകളൊ നമുക്കു തോന്നുകയില്ല.

സംഭാഷണം:— കുരിശിൽ കിടന്നു തന്നെറ ശത്രുക്കൾക്കായി പ്രാത്ഥിച്ചുകൊണ്ടു് അവർക്കുവേണ്ടി ക്രൂടെയും തന്നെറ പ്രാണനെ ഹോമിക്കുന്ന ഈശോയോടു സംഭാഷണം ചെയ്യുക.

ജൂലൈ പതിനഞ്ചാം തിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

വ്യർത്ഥസ്മൃതിയിൽ നിന്നൊഴിയണം

പ്രാരംഭം 1. മനുഷ്യരാൽ കാണപ്പെട്ടുന്നതിനുവേണ്ടി അവരുടെ മുമ്പാകെ നിങ്ങളുടെ നീതിനിവൃത്തിക്കാതിരിക്കാൻ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. എന്നു് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക. (മത്തേ. 6. 1.)

2. മനുഷ്യപ്രീതിയെ ഉദ്ദേശിച്ചു പ്രവർത്തിക്കുന്നതും, ദൈവഹിതംമാത്രം നോക്കി പ്രവർത്തിക്കുന്നതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

മനുഷ്യപ്രീതിയെ ഉദ്ദേശിച്ചുള്ള പ്രവൃത്തി

ധ്യാനം:— നമ്മെ ഞെരുക്കുന്നവരോടു് നാം വർത്തിക്കേണ്ട വിധം ഏതു് എന്നു പഠിപ്പിച്ചശേഷം, മനുഷ്യരുടെ വ്യർത്ഥസ്മൃതിയെ നാം വിട്ടൊഴിയേണ്ടതെങ്ങിനെ എന്നുംകൂടെ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യരാൽ കാണപ്പെട്ടുന്നതിനുവേണ്ടി അവരുടെമുമ്പാകെ നിങ്ങളുടെ നീതി നിവൃത്തിക്കാതിരിക്കാൻ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ, അല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമുണ്ടാകയില്ല. (മത്തേ. 6. 1.) നാം ചെയ്യുന്ന പ്രവൃത്തികൾ പാപമോ, പുണ്യമോ ആകുന്നതു നമ്മുടെ അഭ്യന്തരനിയോഗത്തെ ആശ്രയിച്ചിരിക്കുന്നു. ആകയാൽ ദൈവത്തെ പ്രസാദിപ്പിക്കേണമെന്നുള്ള കരുതലോടുകൂടെ നാം ചെയ്യുന്ന പ്രവൃത്തികൾ ദൈവതിരുമുമ്പാകെ സമ്മാനാർഹങ്ങളായിരിക്കും. മനുഷ്യരെ പ്രസാദിപ്പിക്കാൻ, അഥവാ മനുഷ്യരിൽനിന്നു സ്തുതി ലഭിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടെ, ചെയ്യുന്ന പ്രവൃത്തികൾക്കു് ദൈവതിരുമുമ്പാകെ യാതൊരു പ്രതിഫലവും ഉണ്ടാകയില്ല. മാത്രമല്ല അവ പലപ്പോഴും കുറ്റകരങ്ങളുമായിരിക്കും.

പ്രായോഗികചിന്ത:— ജന്മശ്രുദ്ധത നഷ്ടീവിച്ചുതിന്റെ ഫലമായി അഹങ്കാരം, അഥവാ നമ്മുടെ സ്വന്ത മഹിമമേലുള്ള ക്രമരഹിതമായ ആശ, നമ്മിൽ സഹജമായി എന്നോണം ഉണ്ടായിരിക്കുന്നു. ഇതിനാൽ നാം ചെയ്യുന്ന സകല ക്രിയകളിലും, പ്രത്യേകമായി അന്യരുടെ ദൃഷ്ടിയിൽപ്പെടുന്ന പ്രവൃത്തികളിലും, മനുഷ്യർ നമ്മെ സ്തുതിക്കണമെന്നുള്ള ആശ രഹസ്യമായും പരസ്യമായും നമ്മിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഇതുതന്നെയാണ് വ്യർത്ഥസ്തുതിയിലുള്ള പ്രതിപത്തി എന്നു പറയുന്നതു്. ഇതു നമ്മുടെ പ്രകൃതിയിൽ ഗാഢമായി വേരുന്നിയിരിക്കുന്ന ഒരു ദുർവ്വാസനയാണു്. പുറമെ പ്രത്യക്ഷപ്പെടാതെ പഴങ്ങളുടെ ഉള്ളെല്ലാം ദോഷപ്പെടുത്തിക്കളയുന്ന പുഴുക്കൾക്കു തുല്യമാകുന്നു ഇതു് എന്നതെ ആദ്ധ്യാത്മികഗുരുക്കന്മാർ അഭിപ്രായപ്പെടുന്നതു്. ഉയർന്ന പുണ്യപദവിയും, തങ്ങളുടെ പ്രകൃതിയുടെയും വാസനയുടെയും മേലുള്ള വിജയവും പ്രാപിച്ചിരുന്ന മഹാ വിശുദ്ധന്മാർപോലും സൂക്ഷിക്കുവിൻ, ഉണർന്നിരിക്കുവിൻ എന്ന മിശിഹായുടെ ഉപദേശം അനുസ്മരിച്ചുകൊണ്ടു് പ്രസ്തുതദുർവ്വാസനതങ്ങളിൽ പ്രബലപ്പെട്ടേക്കുമോ എന്നു് എപ്പോഴും ഭയപ്പെട്ടിരുന്നു. ഇങ്ങനെയെങ്കിൽ നിന്റെമേൽതന്നെയും നിന്റെ പ്രവൃത്തികളുടെമേലും വലിയ സൂക്ഷം വയ്ക്കാതെ ജീവിക്കുന്ന നിനക്കു് നിന്റെ സൽകൃത്യങ്ങളുടെ യോഗ്യത നഷ്ടീവിക്കുമെന്നു ഭയപ്പെടുവാൻ എത്ര കൂടുതൽ ന്യായമാണുള്ളതു്? സാരമേറിയതും അത്യാവശ്യകവുമായ ഇക്കാര്യത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കുക.

സ്നേഹപ്രകരണങ്ങൾ:— യേശുക്രിസ്തുയിലെ കുരുടനോടുകൂടെ നീയും പ്രാർത്ഥിക്കുക: "കർത്താവെ എനിക്കു കാഴ്ചലഭിക്കണം." (ലൂക്കാ. 18. 41) എന്റെ തല്ക്കാലാവസ്ഥ എന്തെന്നും, വ്യർത്ഥാഭിമാനം എന്നിൽ എത്രത്തോളം പ്രബലപ്പെട്ടിട്ടുണ്ടെന്നും; അതിൽനിന്നൊഴിയുവാൻ ഞാൻ എന്തൊക്കെയാണു് ചെയ്യേണ്ടതെന്നും, അങ്ങുതന്നെ എന്നെ പഠിപ്പിക്കേണമെ.

പ്രതിജ്ഞ:— വ്യർത്ഥസ്തുതിയെ ഭയപ്പെടുക, നിന്റെ സദുദ്ദേശങ്ങളെ പലപ്പോഴും നവീകരിക്കുക.

രണ്ടാം വകുപ്പു

ദൈവപ്രീതിയെ ഉദ്ദേശിച്ചുള്ള പ്രവൃത്തകർ

ധ്യാനം:— നിന്റെ കണ്ണു നിഷ്കളങ്കമായിരുന്നാൽ നിന്റെ ശരീരംമുഴുവനും പ്രകാശമുള്ളതായിരിക്കും. (മത്തേ. 6. 22) എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. വിശുദ്ധ ജെറോം പറയുന്നു: മനുഷ്യൻവിവേചനാശക്തിയുള്ള സൃഷ്ടിയാകകൊണ്ടു് എപ്പോഴും ഒരു ഉദ്ദേശത്തോടുകൂടെ പ്രവർത്തിക്കുന്നു. ഈ ഉദ്ദേശമാകുന്നു ഇവിടെ പറയുന്ന കണ്ണു്. ഉദ്ദേശമാകുന്നഈ കണ്ണു നിഷ്കളങ്കവും നിഷ്കപടവും ആയിരുന്നാൽ എപ്പോഴും നമ്മുടെ പരമാന്തമായ ദൈവത്തെ ദർശിക്കാൻ അതു നമ്മെ സഹായിക്കും. തൻമൂലം നമ്മുടെ പ്രവൃത്തികളെല്ലാം ദൈവത്തിലേയ്ക്കുതന്നെ നിയുക്തങ്ങളായിരിക്കും. സകല നന്മകളുടെയും ഉത്ഭവസ്ഥാനവും സൃഷ്ടിന്റെയും പരമാന്തവുമായ ദൈവത്തെമാത്രം ഉദ്ദേശിച്ചു് അവ നിവർത്തിക്കുവാൻ അപ്പോൾ നമുക്കു സാധിക്കുകയും ചെയ്യും.

പ്രായോഗികചിന്ത:— ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ സകലവും പ്രവർത്തിച്ചുവരുന്ന ക്രിസ്ത്യാനിയും സന്യാസിയും വാസ്തവത്തിൽ വലിയവർതന്നെ. എന്തുകൊണ്ടെന്നാൽ അവർ ഇടവിടാതെ സ്വർഗ്ഗത്തിലേക്കു (ആത്മികവിധം) ഉയർന്നുകൊണ്ടിരിക്കുന്നു. അവർ സകലത്തിലും ദൈവതിരുമനസ്സിനെ അനുസരിക്കുന്നതിനാൽ ദൈവത്തോടു ഗാഢമായി യോജിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവർ സാക്ഷാൽ വലിയ ഭാഗ്യവാന്മാർതന്നെയാണു്. എന്തുകൊണ്ടെന്നാൽ അവരുടെ ഓരോ പ്രവൃത്തികൾക്കും, പ്രകൃത്യാ നിസ്സാരങ്ങളായവയ്ക്കുപോലും അവരുടെ മഹത്തായ നിയോഗത്തിനനുസരണം ദൈവം വലിയ സമ്മാനംകൊടുക്കുന്നു. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും. (മത്തേ. 6. 4) എന്നു പറഞ്ഞു നമ്മുടെ ദിവ്യരക്ഷകൻ ഇതു നമ്മെ അറിയിച്ചിരിക്കുന്നു. ഈ ഭാഗ്യം പ്രാപിപ്പാൻ നീ ശ്രമിക്കുന്നുണ്ടോ? മനസ്സാക്ഷിയുടെ വലിയ ശുദ്ധതയും നമ്മെക്കുറിച്ചു സമായുള്ള സൂക്ഷ്മവുംകൂടാതെ ഇതു പ്രാപിക്കാൻ സാധിക്കയില്ല. ഈ കാര്യത്തിൽ നിന്റെ അവസ്ഥയെന്താണു്?

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്‌വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഷ്ട്യാ ദർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോട് കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുത്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സ്വർഗ്ഗത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളോ വ്യർത്ഥാഭിമാനപ്രലോഭനങ്ങളോ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോട് സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭ്രഷ്ട്യാ തനിക്ക

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്‌വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഷ്ട്യാ ദർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോട് കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുത്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സ്വർഗ്ഗത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളോ വ്യർത്ഥാഭിമാനപ്രലോഭനങ്ങളോ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോട് സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭ്രഷ്ട്യാ തനിക്ക

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്‌വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഷ്ട്യാ ദർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോട് കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുത്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സ്വർഗ്ഗത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളോ വ്യർത്ഥാഭിമാനപ്രലോഭനങ്ങളോ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോട് സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭ്രഷ്ട്യാ തനിക്ക

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്‌വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഷ്ട്യാ ദർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോട് കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുത്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സ്വർഗ്ഗത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളോ വ്യർത്ഥാഭിമാനപ്രലോഭനങ്ങളോ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോട് സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭ്രഷ്ട്യാ തനിക്ക

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്‌വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഷ്ട്യാ ദർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോട് കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുത്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സ്വർഗ്ഗത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളോ വ്യർത്ഥാഭിമാനപ്രലോഭനങ്ങളോ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോട് സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭ്രഷ്ട്യാ തനിക്ക

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഭക്ഷ്യാഹർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സുസാദ്ധ്യമെങ്കിലും അതിനോടു കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണു് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുതു്. തീക്ഷ്ണമായ ആഗ്രഹവും അതിനനുയുക്തമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സന്തോഷത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളൊ വ്യർത്ഥാഭിമാനപ്രലോഭനങ്ങളൊ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോടു സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭാഗ്യം തനിക്കു

സ്നേഹപ്രകരണങ്ങൾ:— എന്റെ സർവ്വസ്വവുമായ ദൈവമെ, ഞാൻ നിനക്കായിമാത്രം ജീവിക്കാൻവേണ്ടി എനിക്കു തന്നെ പൂർണ്ണമായി മരിപ്പാൻ കൃപചെയ്യേണമെ, എന്നു ഭക്തനായ ഒരു വനസന്യാസി പറഞ്ഞുവന്ന വചനങ്ങളെ ഹൃദയപൂർവ്വം ചൊല്ലുക.

പ്രതിജ്ഞ:— ഈ സുകൃതജപം പലപ്പോഴും ആവർത്തിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ പ്രസാദംമാത്രം ഉന്നമാക്കിയുള്ള പ്രവൃത്തി.

ധ്യാനം:— സകലവും ദൈവത്തെക്കുറിച്ചു ചെയ്വാൻ അഭ്യസിച്ചിരിക്കുന്നവൻ അവിടുത്തെ സന്നിധിയിൽ വലിയവനും, ഭാഗ്യവാനുമാണെങ്കിൽ ദൈവത്തെ സദാ ആത്മികഭക്ഷ്യാഹർശിക്കുകയും, പരിപൂർണ്ണ നിസ്വാർത്ഥതയോടെ—സമ്മാനലാഭംപോലും ഉദ്ദേശിക്കാതെ — തന്നിൽതന്നെ പൂർണ്ണമായി മരിച്ചു—അവിടുത്തെ പ്രസാദംമാത്രം ഉദ്ദേശിച്ചു—ദൈവസേവനം ചെയ്യുന്നവൻ എത്രകൂടുതൽ ഭാഗ്യവാനും ശ്രേഷ്ഠനുമായിരിക്കണം? ഇപ്രകാരമുള്ളവനത്രെ യഥാർത്ഥ പുണ്യപൂർണ്ണതയുടെ മാതൃക. ഈ പരിപൂർണ്ണാവസ്ഥ ഇഹത്തിൽവച്ചു നമുക്കു സ്സാദ്ധ്യമെങ്കിലും അതിനോടു കഴിയുന്നത്ര സാമീപ്യം പ്രാപിക്കാനെങ്കിലും പരിശ്രമിക്കേണ്ടതാണ്.

പ്രായോഗികചിന്ത:— പുണ്യപൂർണ്ണതയുടെ കാര്യത്തിൽ നീ വളരെ താണപടിയിലാണ് നില്ക്കുന്നതെങ്കിലും അധൈര്യപ്പെടരുതു്. തീക്ഷ്ണമായ ആഗ്രഹവും അതിന്നനുയോജ്യമായ നിയോഗങ്ങളും പ്രവൃത്തികളും നിന്നിൽ ഉണ്ടാകുവാൻ ശ്രമിക്കുക. പോരായ്മയെല്ലാം സഭ്രമത്തിൽവച്ചു തീരുകയും ചെയ്യും. നീ നിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അന്യരുടെ സൂതികളൊ വ്യർത്ഥാഭിമാനപ്രലോഭനങ്ങളൊ നിന്നെ വിഷമിപ്പിക്കുന്നുവെങ്കിൽ, വിശുദ്ധ ബർണ്ണാർദിനോടുകൂടെ ഇങ്ങനെ പറഞ്ഞുകൊള്ളുക: "നിന്നെക്കുറിച്ചു ഞാൻ തുടങ്ങിയില്ല, നിന്നെക്കുറിച്ചു ഞാൻ ഉപേക്ഷിക്കയുമില്ല."

സംഭാഷണം:— ചക്രവർത്തിയായ വിശുദ്ധ ഹെൻറിയോടു സംഭാഷണംചെയ്യുക. അദ്ദേഹം ലോകഭാഗ്യാദികളെ തനിക്കു

ണ്ടായിരുന്ന മഹിമയെ അവഗണിച്ചു താഴ്മയിലും നിഷ്കപടതയിലും തന്റെ ഹൃദയത്തെ നിലനിറുത്തിയതിനാൽ സ്വർഗ്ഗത്തിൽ വലിയവനായിത്തീർന്നു.

ജൂലൈ പതിനാറാം തിയ്യതി

കമ്മലമാതാവിന്റെ, തിരുനാൾ, ഉത്തരീയസഭ.

(കർമ്മലീത്താസഭക്കാർക്കു പ്രത്യേകിച്ചുള്ള ധ്യാനം 66-ാം പെയിജിൽ നോക്കുക)

പ്രാരംഭം. 1. ദൈവജനനി നിനക്കു തിരുവുത്തരീയം നൽകുന്നെന്നു സങ്കല്പിക്കുക.

2. ഇതു യോഗ്യമായവിധം ധരിപ്പാൻവേണ്ട അനുഗ്രഹം ചെയ്തരുളേണമെന്നു ഈ നാഥയോടു തന്നെ അപേക്ഷിക്കുക.

ഒന്നാംവകുപ്പു

കമ്മലനായിക എന്ന നാമത്തിന്റെയും ഉത്തരീയസഭയുടെയും ഉത്ഭവം.

ധ്യാനം:— ഏലിയാസു് ദീർഘദർശിയുടെയും ദീർഘദർശികളുടെ പുത്രന്മാർ എന്നു വിളിക്കപ്പെട്ടിരുന്ന അല്ഫേഹത്തിന്റെ ശിഷ്യന്മാരുടെയും നിവാസത്താൽ വിശ്വവിശ്രുതമായിത്തീർന്ന സ്ഥലമാണു് കർമ്മലമല. മേല്പറഞ്ഞവർ ഈ സ്ഥലത്തു പരമ്പരാഗതരായി വസിച്ചിരുന്നു. സുവിശേഷം പ്രസിദ്ധമായ ഉടനെ അവർ അതു അംഗീകരിച്ചു എന്നു പാരമ്പര്യചരിത്രത്തിൽനിന്നു നാം അറിയുന്നു. ഇവരാണു് പരിശുദ്ധ ദൈവജനനിയെ ആദ്യമായി വണങ്ങുവാൻ തുടങ്ങിയതു്. ഇവർ ഈ നാഥയുടെ നാമത്തിൽ ഒരു ദേവാലയം പണിതു്, അതിൽ ഒന്നിച്ചുകൂടി അവിടുത്തെ സ്തുതിച്ചിരുന്നു. ഈ സംഗതികൾ "ബ്രെവിയറി"യിൽ (വൈദികരുടെ പ്രാർത്ഥനാപുസ്തകത്തിൽ) രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനാൽ ഇങ്ങനെ കർമ്മലനായി

കയോടുള്ള കേതിയും കമ്മലസഭയും വളരെ പുരാതനങ്ങളാണ്. 13–ാംനൂറാണ്ടിന്റെ മദ്ധ്യത്തിൽ, ഈ വിശുദ്ധസന്ന്യാസികളിൽപലരും ഇംഗ്ലണ്ടിൽപോയിതാമസിച്ചു. അവിടെ കേംബ്രീഡ്ജ് എന്ന സ്ഥലത്തെ ആശ്രമത്തിൽവെച്ചു ചരിത്രപ്രസിദ്ധമായ ഒരു സംവേത്താൽ തിരുവുത്തരീയഭക്തി ഉത്ഭവിച്ചു. കമ്മലസഭ ശത്രുക്കളുടെഅതികഠിനമായ അടിയോഗങ്ങൾക്കു വിഷയമായിരുന്ന ഒരു കാലമായിരുന്നു അതു്. വി. സൈമൺസ്റ്റോക്ക് സഭോശ്രേഷ്ഠനായിരുന്നു. തൽസാഹചര്യങ്ങളിൽ മറവലം ഖമില്ലെന്നറിഞ്ഞു് അദ്ദേഹം തന്റെ സഭയെ പരിശുദ്ധ ദൈവജനനിക്കു ഭരമേല്പിച്ചുകൊണ്ടു തീക്ഷ്ണതയോടെ പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥന സഫലമായി. 1251 ജൂലൈ 16–ൽ ദൈവജനനി ദിവ്യശിശുവിനെ എടുത്തുകൊണ്ടും, കൈയിൽ ഉത്തരീയം പിടിച്ചുകൊണ്ടും മാലാഖമാരുടെ പരിവാരസമേതം അദ്ദേഹത്തിനു പ്രത്യക്ഷയായി. അവിടുന്നു മാതൃനിർവ്വിശേഷമായ വാത്സല്യത്തോടെ ഇങ്ങനെ പറഞ്ഞു: "പ്രിയമകനെ, നിനക്കും കമ്മലസഭയിലെ നിന്റെ മക്കൾക്കുമായി ഞാൻ സമ്പാദിച്ച അവകാശത്തിന്റെയും വിശേഷവരത്തിന്റെയും അടയാളമായി നിന്റെ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്കുക. ഇതു ധരിച്ചുകൊണ്ടു മരിക്കുന്നവൻ നിത്യാഗ്നിയിൽ അകപ്പെടുകയില്ല; ഇതു രക്ഷയുടെ അടയാളവും ആപത്തുകളിൽ പരിത്രാണവും, എന്റെ പ്രത്യേക സംരക്ഷണത്തിന്റെ അച്ചാരവുമായിരിക്കുന്നു. പിന്നീട് അമ്പതുവർഷം കഴിഞ്ഞശേഷം ദൈവജനനി ഇരുപത്തുരണ്ടാം യോഹന്നാൻ എന്ന വിശുദ്ധ പാപ്പായ്ക്കു പ്രത്യക്ഷയായി, ഈ ഉത്തരീയസഭക്കാർ മരിച്ചു ശുദ്ധീകരണസ്ഥലത്തിൽ അകപ്പെട്ടിരുന്നാൽ വളരെവേഗം പ്രത്യേകമായി, അവർ മരിച്ചശേഷം വരുന്ന ആദ്യശനിയാഴ്ച, അവിടെനിന്നു വിമോചിക്കുമെന്നുകൂടെ അറിയിച്ചു. ഈ ദർശനങ്ങളുടെ വസ്തുത താൻ പൂർണ്ണമായി വിശ്വസിക്കുന്നുണ്ടെന്നു മഹാശാസ്ത്രജ്ഞനായ 14–ാം ബനഡിക്ത് പാപ്പാ ദൈവജനനിയുടെ തിരുനാളുകളെക്കുറിച്ചു എഴുതിയിരിക്കുന്ന പുസ്തകത്തിൽ (2–ാം പുസ്തകം 6–ാം അദ്ധ്യായം) പ്രസ്താവിക്കുന്നു.

പ്രായോഗികചിന്ത:— തിരുവുത്തരീയത്തോടുള്ള കേതിയും അതിന്റെ ധാരണത്തിൽ താല്പര്യവും ഉണ്ടാകുന്നതി

ന്നു പ്രസ്തുത സംവേണ്ടനംതന്നെ ഓത്താൽ മതി. അകയാൽ നീ ഉത്തരീയസഖ്യതയിൽ ചേന്നിട്ടില്ലെങ്കിൽ ഈ തിരുനാളിൽ തന്നെ അതിൽ ചേരുക. ചേന്നിട്ടുണ്ടെങ്കിൽ അതിന്റെ ധാരണത്തിൽ വന്നിട്ടുള്ള കേതിമാന്ദ്യവും വിശ്വസ്തതക്കുറവും പരിഹരിക്കുക.

സ്നേഹപ്രകരണങ്ങൾ:— ദൈവജനനിയുടെ ഇതുവരിയ സ്നേഹത്തെക്കുറിച്ചു നന്ദിപറയുക. നിന്റെ ഇതുവരെയുള്ള കേതിക്കുറവിനേയും, നന്ദിഹീനതയേയുംകുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— ഈ സഖ്യതയുടെ കടമകളെ കൃത്യമായി നിറവേറിക്കൊണ്ടു് അതിനു നൽകപ്പെട്ടിരിക്കുന്ന പ്രത്യേക വരങ്ങളേയും അനവധി ബന്ധവിമോചനങ്ങളേയും പ്രാപിപ്പാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പു

തിരുഉത്തരീയത്തിൽനിന്നു സിദ്ധിക്കുന്ന നന്മകൾ.

ധ്യാനം:—തിരുവുത്തരീയസഖ്യതയിൽചേന്നു വിശ്വസ്തതയോടെ അതിൽ നിലനില്ക്കുന്നവർക്കു ലഭിക്കുന്ന നന്മകൾ നിരവധിയാണു്. ഒന്നാമതു ആത്മികവും ശാരീരികവുമായസകല വിപത്തുകളിലും തിരുവുത്തരീയം അവർക്കു ബലവത്തായ സംരക്ഷണവും ദൈവജനനിയുടെ പ്രത്യേകപരിപാലനത്തിന്റെ അച്ചാരവുമായിരിക്കുന്നു. ഇതു് നിരവധി അത്ഭുതസംവേണ്ടനംകൊണ്ടു് തെളിഞ്ഞിട്ടുള്ളതുമാണു്. രണ്ടാമതു് ഇതു രക്ഷയുടെ അടയാളമായിരിക്കുന്നു. തിരുവുത്തരീയം ധരിച്ചുകൊണ്ടു് മരിക്കുന്നവർ നിത്യനരകാഗ്നിയിൽ അകപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ അവൻ നീതിമാനായിരുന്നാൽ നന്മയിൽ നിലനില്ക്കുന്നതിനും, പാപിയായിരുന്നാൽ മാനസാന്തരപ്പെട്ടു പാപസങ്കീർത്തനംചെയ്യുന്നതിനൊ, ഉത്തമ മനസ്താപംവഴിയായിട്ടെങ്കിലും പാപപ്പൊറുതി ലഭിക്കുന്നതിനൊ, ഉള്ള അനുഗ്രഹം ദൈവജനനി ലഭിച്ചുകൊടുക്കും. മൂന്നാമതു്; ശുദ്ധീകരണസ്ഥലത്തിൽനിന്നു വേഗത്തിൽ വിമുക്തനാകുമെന്നു് അവനു പ്രതീക്ഷിക്കാം. നാലാമതു്; കമ്മലസഭാംഗങ്ങളും ഉത്തരീയസഭയിൽ ചേന്നു മറ്റു ജനങ്ങളും ചെയ്യുന്ന സൽകൃത്യങ്ങളുടെ ഫ

ലങ്ങളിലും പ്രസ്തുത സഭയ്ക്കു സിദ്ധിച്ചിരിക്കുന്ന അസാധാരണ അനുകൂലങ്ങളിലും അവൻ ഭാഗഭാക്കാകും.

പ്രായോഗിക ചിന്ത:– ഈ നന്മകളെല്ലാം പ്രാപിക്കുവാൻ നിനക്ക് സാധിക്കും. അതിനു് വലിയ കാര്യങ്ങളൊന്നും ചെയ്യാനില്ല. അധികാരമുള്ള ഒരുവൈദികനാൽ പ്രസ്തുത സഖ്യതയിൽ സ്വീകരിക്കപ്പെടണം. അതിന്റെ നിയമങ്ങൾ ലഘുവാണു്. അവ വിശ്വസ്തമായി അനുഷ്ഠിക്കയും ചെയ്യണം. ഇതുയും മതി. ഉത്തരീയധാരണം നീ ഉപേക്ഷിച്ചു എന്നു വന്നാൽ വീണ്ടും ധരിക്കണമെന്നല്ലാതെ സഖ്യതാപ്രവേശനം ആവർത്തിക്കുകയൊ മറ്റൊരു വേണമെന്നില്ല. ഇങ്ങനെ ധരിക്കുന്ന ഉത്തരീയങ്ങൾക്കു് പ്രത്യേകം ആശീർവ്വാദവും അവശ്യമില്ല. എന്നാൽ ശനിയാഴ്ചവരം—മരണശേഷം ശുദ്ധീകരണസ്ഥലത്തിൽനിന്നു് ഏറ്റം വേഗത്തിൽ, പ്രത്യേകമായി ആദ്യശനിയാഴ്ച, രക്ഷപെടുക എന്ന വരം—ലഭിക്കേണമെങ്കിൽ ഓരോരുത്തന്റെ അന്തസ്സിന്നനുയോജ്യമായ ശുദ്ധത വിശ്വസ്തതയോടെ അനുഷ്ഠിക്കുകയും, കാനോൻജപത്തിന്നു കടപ്പെട്ടിട്ടില്ലാത്തവർ പരിശുദ്ധ ദൈവജനനിയുടെ ചെറിയ ഓഫീസ് ചൊല്ലിവരികയും ചെയ്യേണ്ടിയിരിക്കുന്നു. വായിപ്പാൻ അറിഞ്ഞുകൂടാത്തവർ ഓഫീസിന്നുപകരം അധികാരമുള്ള വൈദികൻ നിശ്ചയിക്കുന്ന ഏതെങ്കിലും സൽകൃത്യങ്ങളൊ ബുധൻ, ശനി എന്നീ ദിവസങ്ങളിൽ മാംസവർജ്ജനമൊ അനുഷ്ഠിച്ചാൽ മതിയാകും. ഇവ നീ വിശ്വസ്തതയോടെ അനുസരിച്ചുവരുന്നുണ്ടൊ എന്നാലോചിച്ചുനോക്കി അവയിലുള്ള പോരായ്മകൾ പരിഹരിക്കുക.

സംഭാഷണം:– ഇവയെക്കുറിച്ചു പരിശുദ്ധ അമ്മയോടു സംഭാഷണംചെയ്യുക.

പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാൾ

(കർമ്മലീത്താസഭക്കാർക്ക് പ്രത്യേകിച്ചുള്ളതു്)

പ്രാരംഭം 1. ദൈവജനനി ദൈവഭക്തന്മാരാൽ പരിസേവിതയായി വിശുദ്ധ സീമോൻ സ്തോക്കിനു പ്രത്യക്ഷപ്പെട്ട ഉത്തരീയം നൽകുന്നതു കാണുന്നെന്നു വിചാരിക്കുക.

2. പരി. ദൈവജനനി നിന്റെ നേർക്കു പ്രദർശിപ്പിച്ചിട്ടുള്ള പ്രത്യേക സ്നേഹവും ഈ നാഥയ്ക്കു നിന്നെക്കുറിച്ചുള്ള ഉദ്ദേശങ്ങളും വേണ്ടവിധം ഗ്രഹിക്കാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

കർമ്മലീത്താസഭക്കാർക്ക് ദൈവജനനിയോടുള്ള പ്രത്യേകബന്ധം

ധ്യാനം:– സന്ന്യാസത്തിനുള്ളദൈവവിളി ഒരുത്തനനുലഭിക്കുന്നതു ദൈവത്തിന്റെ അസാമാന്യ അനുഗ്രഹം കഴിഞ്ഞാൽ ഈ പരിശുദ്ധ നാഥയുടെ പ്രത്യേക കരുണ നിമിത്തമാണു്. അങ്ങനെ തന്നെ സന്ന്യാസത്തിനു വിളിക്കപ്പെട്ടിരിക്കുന്ന ഒരുത്തൻ അയാളുടെ ദൈവവിളിക്കനുസൃതം ജീവിക്കുന്നതിനും അതിൽ അയാൾക്കു ലഭിക്കാവുന്ന നന്മകൾ പ്രാപിക്കുന്നതിനും അവയിൽ പുരോഗമിക്കുന്നതിനും ദൈവജനനിയുടെ പ്രത്യേകസംരക്ഷണം അവശ്യാവശ്യവുമാണു്. ഇതിനാൽ സാമാന്യമായി എല്ലാ സന്ന്യാസസഭകളിൽപ്പെട്ടവരും പരി. നാഥയെ തങ്ങളുടെ അമ്മയും രാജ്ഞിയുമായിട്ടാണു് കരുതിവരുന്നതു. ഇങ്ങനെയായാലും കർമ്മലീത്താസഭക്കാർക്ക് ഈ പരമനായികയോടു ചില പ്രത്യേകബന്ധങ്ങളുണ്ടു്: കർമ്മലമലയിൽ വസിച്ചിരുന്നവർ ഏലിയാസ് എലിസേവൂസ് എന്നീ പ്രവാചകന്മാരുടെ കാലംമുതൽ രക്ഷകന്റെ മാതാവിനെ പ്രതീക്ഷിച്ചിരുന്നു. ഈ പരി. നാഥയെ വണങ്ങുവാൻ ആരംഭിച്ചതും ഈ നാഥയുടെ നാമത്തിൽ ആദ്യമായി ദേവാലയം സ്ഥാപിച്ചതും കർമ്മലമലയിൽ വസിച്ചിരുന്ന സന്ന്യാസികളാണു്. കാർമ്മൽ സഭയെ പരി. ദൈവജനനി വിശേഷവിധിയായി സ്നേഹിക്കാനും തന്റെ പ്രത്യേക ആദരവിൽ ഇതിനെ സ്വീകരിക്കുവാനും, ഈ പറഞ്ഞവ ബലമേറിയ ന്യായങ്ങളല്ലയോ?

പരി. നാഥ ഈസഭയെപ്രത്യേകവിധം സ്നേഹിക്കുന്നുണ്ടു, അവിടത്തെ മാതൃസംരക്ഷണയിൽ ഇതിനെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു. ഇതിനു തെളിവുകൾ ഇല്ലാതില്ല. പരി. അമ്മതന്റെ ഐഹിക ജീവിതത്തിന്റെ അവസാനഘട്ടത്തിൽ, കാൽവറിമലയിലെ സന്ന്യാസികളെ സന്ദർശിച്ചു അനുഗ്രഹിച്ചുതായി ഐതിഹ്യമുണ്ടു. അങ്ങനെതന്നെ ഈ സഭയുടെ നേരിട്ട ആപത്ഘട്ടത്തിൽ അവിടുന്നു പ്രത്യക്ഷയായി തന്റെ പ്രത്യേക സ്നേഹത്തിന്റെയും സഹോദരബന്ധത്തിന്റെയും ലക്ഷ്യമായി തിരുവുത്തരീയം നൽകി. ഇതു വഴിയായി ലഭിക്കാവുന്ന പ്രത്യേക അനുഗ്രഹങ്ങളും വെളിപ്പെടുത്തി. ഈ സഭയുടെ അരൂപി ക്ഷീണിച്ചു പോയപ്പോൾ അതിനെ പുനഃസ്ഥാപിക്കുന്നതിനു ധീരരും പ്രോജ്ജ്വലരുമായ സന്താനങ്ങളെ കൊടുത്തു. തന്റെ ദിവ്യകുമാരനിൽനിന്നു പലേ പ്രത്യേകതകളും ഇതിനായി പ്രാപിച്ചുമിരിക്കുന്നു. ഇവയെല്ലാം സഭാരാജ്ഞിയുടെ ഈ സഭയോടുള്ള പ്രത്യേക സ്നേഹത്തിന്റെയും താല്പര്യത്തിന്റെയും ലക്ഷ്യങ്ങളല്ലയൊ? ഇങ്ങനെയുള്ള ഒരു സഭയിലേക്കാണ് പരി. അമ്മ നിന്നെ ചേർത്തിട്ടുള്ളതു്. ഇതു് അവിടുത്തെയുടെ നിന്റെനേർക്കുള്ള പ്രത്യേക സ്നേഹവും കരുണയും കൊണ്ടല്ലാതെ വേറെന്തുകൊണ്ടാണ്?

പ്രായോഗികചിന്ത:– മാതാപിതാക്കന്മാർ തങ്ങളുടെ മക്കളിൽ ചിലരുടെ നേർക്കു ചില പ്രത്യേക സ്നേഹലക്ഷ്യങ്ങൾ കാണിക്കാറുണ്ടു. മഹാപിതാവായ യാക്കോബു് തന്റെ പുത്രൻ ജോസഫിന്റെനേർക്കു പ്രത്യേക സ്നേഹം പ്രദർശിപ്പിച്ചു. അതിന്റെ ലക്ഷ്യമായി ഒരു പ്രത്യേക വസ്ത്രം അദ്ദേഹത്തിനു നൽകുകയുമുണ്ടായല്ലൊ. നമ്മുടെ സഭാധ്യക്ഷനായാവും തന്റെ സ്വന്തം കരങ്ങളാൽ നെയ്തുണ്ടാക്കിയ ഒരു വസ്ത്രം തന്റെ തിരുക്കുമാരനെ ധരിപ്പിച്ചു. അവിടുന്നു സ്വർഗ്ഗത്തിലേയ്ക്കു എഴുന്നള്ളിയശേഷം, ഈ ഭൂമിയിൽ യുഗത്തിലിരിക്കുന്ന തന്റെ മക്കളിൽ ചിലരെ പ്രത്യേകവിധം സ്നേഹിക്കാൻ ചിത്തമായി. ഈ സ്നേഹത്തിന്റെ ലക്ഷ്യമായി നല്ലിയിട്ടുള്ളതാണ് നീ ധരിച്ചിരിക്കുന്ന സ്കപ്പുളാർ. ദൈവജനനി പ്രത്യേകവിധം സംരക്ഷിക്കുന്ന സഭയിൽ നീ ചേരുവാനും അവിടുത്തെ പ്രത്യേക സ്നേഹത്തിന്റെ ലക്ഷ്യമായ വസ്ത്രം ധരിക്കാനും ഇടയാക്കിയ

തിൽ അവിടുത്തെയ്ക്കു നിന്റെ നേക്കുള്ള പ്രത്യേക വാത്സല്യവും നിനക്കു് ഈ പരി. നാഥയോടുള്ള പ്രത്യേക ബന്ധവും തെളിവാകുന്നുണ്ടല്ലൊ. ഇതു മനസ്സിലാക്കി ഇതിനനുസൃതമായ സ്നേഹവും നന്ദിയും നീ പ്രദർശിപ്പിച്ചു വരുന്നുണ്ടൊ? ഈ സ്നേഹത്തിന്റെയും നന്ദിയുടെയും ലക്ഷ്യമായി നീ എന്തു ചെയ്യുന്നുണ്ടു. കന്മലമാതാവിന്റെ തിരുനാൾ കർമ്മലീത്താ സഭക്കാക്കു മാതൃദിനമാണു. മാതൃദിനം മക്കൾ മാതാവിനോടു തങ്ങളുടെ പ്രത്യേക സ്നേഹവും നന്ദിയും പ്രകടിപ്പിക്കേണ്ട ദിനമാണു്. അങ്ങനെതന്നെ അമ്മയിൽനിന്നു മക്കൾക്കു പലേ പ്രത്യേക ദാനങ്ങളും ലഭിക്കുന്ന ഒരനുദിനവുമാണു്. ഈ സ്നേഹം പ്രകാശിപ്പിക്കാനും ഈ ദാനങ്ങൾ ലഭിക്കാനും നീ പരിശ്രമിച്ചിട്ടുണ്ടൊ? ഈ ദാനങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നുണ്ടൊ? ഉണ്ടെങ്കിൽ നീ സന്തോഷിക്കണം. ഇല്ലെങ്കിൽ പശ്ചാത്തപിച്ചുകൊണ്ടു പരി. അമ്മയിൽ ആശ്രയിക്കുകയും ചെയ്യണം. മക്കളിൽ എന്തെല്ലാം തെറ്റുകളും ന്യൂനതകളും വന്നാലും അനുതപിച്ചുകൊണ്ടു ചെല്ലുമ്പോൾ എല്ലാം ക്ഷമിക്കുക മാതാക്കളുടെ പ്രകൃതിയാണു് എന്നിതു നീ വിസ്മരിക്കരുതു്.

സ്നേഹപ്രകരണങ്ങൾ:— പരി. അമ്മയുടെ നേക്കു മക്കൾക്കനുയോജ്യമായ സ്നേഹവും ആശ്രയവും നന്ദിയും സ്ഫുരിക്കുന്ന പ്രകരണങ്ങൾ ചെയ്യുക.

പ്രതിജ്ഞ:— തന്നോടു പ്രത്യേക ബന്ധമുള്ളതും താൻ പ്രത്യേകവിധം സ്നേഹിക്കുന്നതുമായ സഭയിലേക്കു നിന്നെ നയിച്ചിരിക്കുന്നതിനാൽ നിന്റെ സ്വർഗ്ഗീയമാതാവു നിന്റെ നേർക്കു പ്രദർശിപ്പിച്ചിട്ടുള്ള പ്രത്യേക സ്നേഹം എപ്പോഴും അനുസ്മരിക്കുക. ഈ സ്നേഹം നിമിത്തം പലേ പ്രത്യേകാനുഗ്രഹങ്ങളും നിനക്കു ലഭിക്കുമെന്നു പ്രത്യാശിച്ചു വർത്തിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു

പരി. അമ്മയ്ക്കു നമ്മെപ്പറ്റിയുള്ള ഉദ്ദേശ്യം.

ധ്യാനം:— പരി. അമ്മയുടെ പ്രത്യേക സ്നേഹത്തിന്റെ ലക്ഷ്യം പ്രാപിച്ചിട്ടുള്ളതും അവിടുത്തെ മാതൃസംരക്ഷണം സവിശേഷം ലഭിക്കുന്നതുമായ സഭയിൽ—തന്റെ പ്രത്യേക മ

ക്കളുടെ ഗണത്തിൽ—നീ പ്രവേശിക്കാൻ ഇടയായതു് എങ്ങനെയാണു്? അതു് അനുകൂലങ്ങളായ സാഹചര്യങ്ങൾകൊണ്ടു്, അല്ലെങ്കിൽ ആകസ്മികമായിട്ടു, സംഭവിച്ചതാണു് എന്നു നിനക്കു തോന്നിയേക്കാം. എന്നാൽ ആ സാഹചര്യങ്ങളുടെ അല്ലെങ്കിൽ സംഭവത്തിന്റെ പ്രതിഫലനം നിന്നിൽ ഈ വിധത്തിൽ ആയിത്തീർന്നതെങ്ങനെയാണു്? അതു നിശ്ചയമായും ദൈവവിചാരണയാലത്രെ. മറ്റു വാക്കുകളിൽ പറഞ്ഞാൽ പരി. അമ്മ ദൈവത്തിൽനിന്നു നിനക്കായി വാങ്ങിത്തന്ന അനുഗ്രഹങ്ങളാൽ നിമിത്തമാണു്. അപ്പോസ്തോലന്മാരുടെ സ്ഥിതി ആലോചിക്കുക: മനുഷ്യബുദ്ധ്യാ നോക്കുന്നതായാൽ അളവറ്റമായിട്ടു, അല്ലെങ്കിൽ അനുകൂലമുള്ള സാഹചര്യങ്ങൾകൊണ്ടു്, അവർ നമ്മുടെ കർത്താവിന്റെ ശിഷ്യരായിത്തീർന്നെന്നു തോന്നിയേക്കാം. എന്നാൽ ദൈവനിശ്ചയം നിറവേറുവാൻ ആ സാഹചര്യങ്ങളാൽ കാരണമാകുക മാത്രമേ ചെയ്തിട്ടുള്ളു. "ഞാനത്രെ നിങ്ങളെ തിരഞ്ഞെടുത്തതു്" എന്നു ജീവരക്ഷകൻ അവരോടരുളിയ വാക്കുകളാൽകൊണ്ടു ഇതു സ്പഷ്ടമാകുന്നുണ്ടല്ലൊ. (യോഹ. 15. 16.) നിന്റെ സ്ഥിതിയും ഏതാണ്ടിതുപോലെതന്നെയാണു്. എന്നാൽ നീ ഈവിധം ആനയിക്കപ്പെട്ടതു്, അല്ലെങ്കിൽ പരി. അമ്മ നിന്നെ തിരഞ്ഞെടുത്തതു്, എന്തിനായിരിക്കാം? ക്രിസ്തുവിന്റെ സഭ, ധ്യാനപരമായ ജീവിതത്തിനുള്ളവരുടെ ഗണമാണു്. മറ്റുവാക്കുകളിൽ പറയുന്നുപക്ഷം, ബാഹ്യവും ജഡികവുമായവ സകലത്തിൽനിന്നും മനസ്സിനെ വേർപെടുത്തി ദൈവത്തോടുകൂടെ നിന്റെ ഉള്ളിലേക്കു പ്രവേശിച്ചു, പരമനന്മയായ അങ്ങയോടുകൂടെയും അങ്ങയിലും ജീവിക്കുക എന്നിതിനാണു നീ വിളിക്കപ്പെട്ടിരിക്കുന്നതു്. ഇതിൽ നീ എത്ര അഭിവൃദ്ധി പ്രാപിക്കുമോ അത്രയധികം ഭാഗ്യവും നിനക്കു കൈവന്നുകൊണ്ടിരിക്കും. ഇങ്ങനെയുള്ളവർക്കു ലഭിക്കുന്ന സമാധാനം, ശാന്തി, സംതൃപ്തി മുതലായവ നിമിത്തം ഒരിക്കലും ദാഹമുണ്ടാകാത്ത പരമജലം പാനംചെയ്യുന്നവരാണു് ഇവർ എന്നു നാം പറയേണ്ടതില്ലല്ലൊ. ഇതു സാക്ഷാൽ സൗഭാഗ്യപ്രദമായ ഒരു മഹാ നന്മയല്ലയൊ? എന്നാൽ ഇതുമാത്രമല്ലാ, ഈ സ്ഥിതിയിലെത്തുന്നവർ വഴിയായി ദൈവത്തിൽനിന്നു തിരുസ്സഭയ്ക്കു, മനുഷ്യാത്മാവുകൾക്കു, ലഭിക്കുന്ന അനുഗ്രഹങ്ങൾ അവാച്യ

ങ്ങളും അനിതരസാധാരണങ്ങളുമായിരിക്കും. നോക്കുക! വലിയ കായ്ത്തിന്നായിട്ടല്ലെ പരി. അമ്മ നിന്നെ ആനയിച്ചിട്ടുള്ളതു?

പ്രായോഗികചിന്ത:— പരി. അമ്മ നിനക്കു നിശ്ചയിച്ചു തന്ന ഓഹരിയുടെ വൈശിഷ്ട്യവും ശ്രേഷ്ഠതയും നീ ശരിയായി മനസ്സിലാക്കി അവിടത്തെപ്പേരിൽ വേണ്ടതു നന്ദി പ്രദർശിപ്പിച്ചു വരുന്നുണ്ടോ? അമ്മ നിനക്കു നിശ്ചയിച്ചതന്നിട്ടുള്ള ജീവിതസ്ഥിതിയിൽ പരിപൂർണ്ണത പ്രാപിക്കാൻശ്രമിച്ചുകൊണ്ടല്ലാതെ മറ്റു വിധത്തിൽ ഈ നന്ദി പ്രദർശിപ്പിക്കാമെന്നു നീ വിചാരിക്കേണ്ട. ഇതിന്നു നീ ശ്രമിക്കുന്നുണ്ടൊ? ഇതു നിന്റെ ഏകകായ്വും സവ്വപ്രധാനമായ കായ്വുമായി പരിഗണിച്ചു നീ പ്രവത്തിച്ചുവരുന്നുണ്ടൊ? വിനയം, ത്യാഗം, സഹനം, ശുദ്ധത, സ്നേഹം മുതലായഗുണങ്ങളും സമ്പാദിച്ചുകൊണ്ടല്ലാതെ ഈ പരിപൂർണ്ണതയുള്ള മാഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ലാ. ഇക്കായ്വസാദ്ധ്യത്തിന്നു പ്രസ്തുതഗുണങ്ങളും, ത്യാഗം ഒരു വലിയ തോതിൽത്തന്നെ, അവശ്യാവശ്യമെന്നാണു് വിശുദ്ധ ത്രേസ്യപറയുന്നതു്. ഇതിന്നുവേണ്ട കായ്ങ്ങളിൽ സവ്വപ്രധാനമായതു ത്യാഗമത്രെ എന്നു വിശുദ്ധ യോഹന്നാൻ അക്രൂസും പറയുന്നു. ഇവർ രണ്ടുപേരും തന്റെ സഭയെ അതിന്റെ പൂവ്വശോഭയിൽ കൊണ്ടുവരുന്നതിന്നായി പരിശുദ്ധ അമ്മയാൽതന്നെ തെരിഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരും ശാസ്ത്രത്തിൽ അതിനിപുണരുമാകയാൽ ഇവരുടെ വാക്കുകളും പരി. അമ്മയുടെ നിർദ്ദേശങ്ങളായിത്തന്നെ നമുക്കു പരിഗണിക്കാവുന്നതാണു്. ഈ പറഞ്ഞ ഗുണങ്ങളിൽനിന്നിലുണ്ടൊ? അവസമ്പാദിക്കാൻനീപരിശ്രമിക്കുകയെങ്കിലുംചെയ്യുന്നുണ്ടൊ? ഇവയെപ്പറ്റി നിഷ്കർഷമായി പരിശോധിക്കുക. ഇവ കൈവന്നിട്ടുണ്ടെങ്കിൽ ഇനി വേണ്ടതു പരി. അമ്മ വിചാരിച്ചുകൊള്ളുമെന്നു കരുതി നിനക്കു സന്തോഷിക്കാം. ഇവയില്ല, ഇവ പ്രാപിക്കാൻ നീ പരിശ്രമിക്കുന്നുമില്ല, എന്നാണു കാണുന്നതെങ്കിൽ നിന്റെ സ്വർഗ്ഗീയമാതാവു നിനക്കു നിശ്ചയിച്ചുതന്ന സൗഭാഗ്യപ്രദമായ ഓഹരി സ്വായത്തമാക്കാൻ നീ ശ്രമിക്കുന്നില്ലാ എന്നു വിചാരിക്കാതെ തരമുള്ളു. ഇതു സാരമേറിയ ഈ കായ്ം ഇങ്ങനെ നീ അവഗണിച്ചിരുന്നാൽ മരണസമയത്തു നിനക്കുണ്ടാകുന്ന ഇച്ഛാഭംഗം എത്ര വലിയതായിരിക്കും? അതിനാൽ

നിന്റെസ്ഥിതി ക്രമപ്പെട്ടുത്തുവാൻ ശ്രമിക്കുക. ഇതു നിനക്കു മാത്രമിനമാണല്ലൊ. ആകയാൽ നിനക്കുപ്രത്യേകിച്ചും നിന്റെ സഹോദരന്മാർക്കും സഭയ്ക്കും തിരുസ്സഭയ്ക്കും പൊതുവിലും വേണ്ട അനുഗ്രഹങ്ങൾ പ്രത്യാശാപൂർവ്വം പ്രാർത്ഥിക്കുക.

സംതോഷണം:— പരി. അമ്മയോട് സംതോഷിക്കുക. അവിടുന്നു നിന്റെനേർക്കു പ്രദർശിപ്പിച്ചുവരുന്ന അർദ്രമായ സ്നേഹത്തെയും കരുണയെയുംപറ്റി നന്ദി പറയുക. നിന്നിൽ വന്നുപോയിട്ടുള്ള തെറ്റുകളെക്കുറിച്ചു ക്ഷമാപണം ചെയ്ക. ഈ ജീവിതസ്ഥിതിയിൽ നീ പ്രാപിച്ചുകാണുവാൻ പരി. അമ്മ അനുഗ്രഹിക്കുന്ന പരിപൂർണ്ണതയിലെത്തി അവിടുത്തോടുള്ള സ്നേഹം പൂർണ്ണവും ഗാഢവുമായിത്തീരാൻവേണ്ട അനുഗ്രഹം ലഭിച്ചുതന്നു നിന്നെ നടത്തേണമെന്നു ശിശുസഹജമായ നിഷ്കപടതയോടും പ്രത്യാശയോടുംകൂടെ പ്രാർത്ഥിക്കുക.

ജൂലൈ പതിനേഴാം തിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

കർതൃപ്രാർത്ഥന.

പ്രാരംഭം 1. വളരെ ജനങ്ങളുടെയും തന്റെ അപ്പോസ്തോലന്മാരുടെയുംമദ്ധ്യേ ഈശോ നില്ക്കുന്നതു ഭാവനാദർശിക്കുക.

2. കർതൃപ്രാർത്ഥനയെ വേണ്ടവിധം ഗ്രഹിപ്പാൻ അവശ്യമായ ദൈവാനുഗ്രഹം അപേക്ഷിക്കുക.

ഒന്നാംവകുപ്പു

കർതൃപ്രാർത്ഥനയുടെ ആരംഭം

ധ്യാനം:— ഭീർഘമായും പ്രസിദ്ധമായും ജപംചെയ്തിരുന്ന ഫരിസേയരുടെ കപടഭക്തിയെക്കുറിച്ചു ഈശോ അവരെ കുറ്റപ്പെടുത്തിയശേഷം "സ്വർഗ്ഗത്തിൽ ഇരിക്കുന്ന ഞങ്ങളുടെ പിതാവെ," എന്ന അതിശ്രേഷ്ഠമായ പ്രാർത്ഥന അവിടുന്നു നമ്മെ പ

ിപ്പിച്ചു. എങ്ങനെയെന്നാൽ, അങ്ങനെ തന്റെ ശിഷ്യരോട് അരുളിച്ചെയ്തു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ അതിഭാഷണം ചെയ്യരുതു്...നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗത്തിൽ ഇരിക്കുന്ന ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം; നിന്റെ രാജ്യം വരണം; നിന്റെ മനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം; ഞങ്ങളുടെ അതിസത്തായ അപ്പം ഇന്നും ഞങ്ങൾക്കു തരേണമെ; ഞങ്ങൾക്കു കടപ്പെട്ടിരിക്കുന്നവരോടു് ഞങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോടും ക്ഷമിക്ക; ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ, വിശേഷിച്ചു തിന്മയിൽനിന്നു് ഞങ്ങളെ രക്ഷിച്ചുകൊള്ളുക. ആമ്മേൻ. (മത്തേ. 6, 7, 9, — 13.)

പ്രായോഗികചിന്ത:— "സ്വർഗ്ഗത്തിലിരിക്കുന്ന ഞങ്ങളുടെ പിതാവെ," എന്നാരംഭിക്കുന്ന ഈ പ്രാർത്ഥന ദൈവത്തിനു വളരെ പ്രീതിയുള്ളതും, നമുക്കു വളരെ പ്രയോജനകരവുമായ ഒന്നാണു്. ഇതു നാം ഗാഢമായി വിശ്വസിക്കുന്നുണ്ടു്. എന്നാൽ ഈ വിശ്വാസത്തിനനുസരണമായ കേതിയോടും വണക്കത്തോടുംകൂടെത്തന്നെയാണോ നാംഎപ്പോഴും ഇതു ചൊല്ലിവരുന്നതു? ഈ മനോഹരജപം അതിനനുയുക്തമായ കേതിയോടും വണക്കത്തോടുംകൂടെ എപ്പോഴും ചൊല്ലിവരുന്നതിനു ഇതിലെ ഓരോ വാക്യങ്ങളെക്കുറിച്ചും ധ്യാനിക്കുക. സ്വർഗ്ഗത്തിലിരിക്കുന്ന ഞങ്ങളുടെ പിതാവെ! എന്ന സംബോധനയോടുകൂടെ ഈ പ്രാർത്ഥന ആരംഭിക്കുന്നു. നാം പ്രാർത്ഥിക്കുവാൻ ആരംഭിക്കുമ്പോൾ സൃഷ്ടങ്ങളൊക്കയിൽനിന്നും നമ്മുടെ ഹൃദയത്തെയും വിചാരങ്ങളെയും വേർതിരിച്ചു് വിനയത്തോടും പ്രതീക്ഷയോടുംകൂടെ സ്വർഗ്ഗീയപിതാവിന്റെ പക്കലേക്കു അവയെ ഉയർത്തേണമെന്നാണു് ഇതിൽനിന്നു പ്രഥമമായി നാം മനസ്സിലാക്കേണ്ടതു്. വിശിഷ്യ, പിതാവു് എന്നു വിളിപ്പാൻ അവിടുന്നു് അനുവദിക്കുന്നതിനാൽ, ഹൃദയാവർജ്ജകമായ ആ പദം നാം ദൈവത്തിൽ വയ്ക്കേണ്ട പുത്രസഹജമായ ആശ്രയത്തെയും പ്രതീക്ഷയേയും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. എന്നാൽ എന്റെ പിതാവെ, എന്നു വിളിക്കുവാൻ കല്പിക്കാതെ ഞങ്ങളുടെ പിതാവെ എന്നു വിളിക്കുവാൻ അവിടുന്നു് നിർദ്ദേശിച്ചിരിക്കുന്നതു് നമുക്കു ന

മ്മുടെ സഹോദരങ്ങളായ സകല മനുഷ്യരോടുമുണ്ടാകേണ്ട ഐ
ക്യത്തെയും ഉപകാരത്പ്പരതയേയും നമ്മെ അനുസ്മരിപ്പിക്ക
വാൻ ക്രടെയാണു്?

സ്നേഹപ്രകരണങ്ങൾ:– ഇതിനെക്കുറിച്ചു നമ്മുടെ കത്താ
വിനോട്ട നന്ദിപറയുക. അവിടുന്നു നമ്മെ സ്നേഹപൂർവ്വം പഠിപ്പി
ച്ച ഈ പ്രാർത്ഥന വേണ്ടത്ര ഭക്തിയോടും സൂക്ഷ്മത്തോടുംക്രടെ
ഉപയോഗിക്കാതിരുന്നിട്ടുള്ളതിനെക്കുറിച്ചു ക്ഷമായാചനം ചെ
യ്യുക.

പ്രതിജ്ഞ:– ഏകജാഗ്രതയോടും ബോധനിയന്ത്രണത്തോടും
ക്രടെ ഈ പ്രാർത്ഥന നടത്തുവാൽ ശീലിക്കുക.

രണ്ടാം വകുപ്പു

ഈ പ്രാർത്ഥനയിലെ ഒന്നാമത്തെ അഭ്യർത്ഥന

ധ്യാനം:– "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം." ഇവിടെ ദൈവത്തിന്റെനാമം എന്ന പദത്താൽ ദൈവത്തേ
യും, അങ്ങേ ദൈവികലക്ഷണങ്ങളെയും കാണിക്കുന്നു. വിശു
ദ്ധീകരിക്കപ്പെടണം അതായതു: സകലമനുഷ്യരും അവിടുത്തെ
അറിഞ്ഞു സ്നേഹിപ്പാനും സ്തുതിപ്പാനും ശ്രുശ്രൂഷിപ്പാനും ഇടവ
രുത്തേണം എന്നാണു് അപേക്ഷിക്കേണ്ടതെന്നു കാണിക്കുന്നു.

പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം എ
ന്ന അപേക്ഷയാൽ ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ
ത്തേയും, നാം നമ്മിലും നമ്മാലായവിധം ഇതരന്മാരിലും അങ്ങ
യെ മഹത്വപ്പെടുത്തേണ്ടതിനുള്ള നമ്മുടെ പ്രഥമ കടമയെയും
അനുസ്മരിപ്പിക്കുന്നുണ്ടു്. എന്നാൽ ഇതു നമ്മുടെ സ്വന്തം ശ
ക്തിക്കു അസാദ്ധ്യമായിരിക്കയാൽ, നിന്റെനാമം വിശുദ്ധീക
രിക്കപ്പെടണം എന്ന വചനങ്ങളാൽ ഇതിനുവേണ്ട അനുഗ്രഹം
തീക്ഷ്ണതയോടെ നാം പ്രാർത്ഥിക്കുന്നു. ഇപ്രകാരം പ്രഥമത
നമ്മുടെ സ്വർഗ്ഗസ്ഥപിതാവിന്റെ മഹത്വം നാം അന്വേഷി
ക്കുന്നതിനാൽ നമ്മുടെ നിത്യരക്ഷയുടെ കാര്യത്തിൽ ഉദാസീന
ത കാണിക്കയല്ല, പ്രത്യുത, അതു ഭദ്രപ്പെടുത്തുകയത്രെ ചെയ്യു
ന്നതു്.

പ്രായോഗികചിന്ത:– നമ്മുടെ പരമപിതാവിന്റെ സ്തുതി
ക്കും, മഹത്വത്തിനുമായി നാം എന്തു പ്രയത്നം ചെയ്യുന്നുണ്ടു്?

വിശുദ്ധ മനസ്സാക്ഷിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ അവിടുത്തെ വിശുദ്ധീകരിക്കുക എന്ന വിശുദ്ധ പത്രോസിന്റെ ഉപദേശമനുസരിച്ചു നമ്മിൽ അങ്ങയെ മഹിമപ്പെടുത്തുവാൻ നാം ശ്രമിച്ചുവരുന്നുണ്ടോ? നമ്മുടെ ക്രിസ്തീയനിഷ്ഠ, അടക്കം, സംതോഷണം, കേതിതീക്ഷ്ണത മുതലായവയാൽ നമ്മുടെ സഹോദരർക്കു സുകൃതഭിഷ്ഠാന്തം കാണിപ്പാനും, ഈ ഭിഷ്ഠാന്തത്താൽ നമ്മുടെ പരമപിതാവിനെ മഹത്വപ്പെടുത്തുവാൻ അവർ നിർബന്ധിതരാകുവാനും നാം ശ്രമിക്കുന്നുണ്ടോ? മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കാണുകയും സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ സ്തുതിക്കുകയും ചെയ്യേണ്ടതിന്നായി നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രശോഭിക്കട്ടെ എന്ന ദിവ്യരക്ഷകന്റെ തിരുവചനങ്ങളും (മത്തേ. 5. 16.) അനുപർത്തമാകത്തക്കവിധമാണോ നാം പ്രവർത്തിക്കുന്നതു്?

സ്നേഹപ്രകരണങ്ങളും;—കർത്താവിന്റെ നാമം ഇന്നും സദാകാലവും അശീർവ്വദിക്കപ്പെട്ടതാകട്ടെ. (സങ്കീ. 112. 2) എന്റെ സർവ്വേശ്വരാ സ്വാമീ, സകലജനങ്ങളും നിന്നെ വാഴ്ത്തി സ്തുതിക്കുമാറാകട്ടെ. (സങ്കീ. 148.)

പ്രതിജ്ഞ:— വേദതാഗികളോ മറെറാ, ദൈവദൂഷണം പറയുന്നതു കേൾക്കുമ്പോൾ മേൽപ്പറഞ്ഞ സുകൃതജപങ്ങളിൽ ഒന്നു കേതിതീക്ഷ്ണതയോടെ ചൊല്ലുക.

മൂന്നാം വകുപ്പു

കർതൃപ്രാർത്ഥനയിലെ രണ്ടാം അഭ്യർത്ഥന

ധ്യാനം:— "നിന്റെ രാജ്യംവരണം," സകല സൃഷ്ടികളേയും അങ്ങുന്നു ഭരിക്കേണമെന്നല്ല നാം അപേക്ഷിക്കുന്നതു്. ഈ ഭരണം സൃഷ്ടിയുടെ ആരംഭംമുതൽക്കേ അങ്ങുന്നു നടത്തിവരുന്നതാണു്. സകല ജനങ്ങളും സന്തോഷത്തോടും താല്പര്യത്തോടുംകൂടെ ദൈവത്തിന്റെ പ്രമാണങ്ങളെ അംഗീകരിച്ചു് അവയ്ക്കു് അധീനരാകുന്നതിനു് അവരുടെ ഹൃദയങ്ങളെ അങ്ങു ഭരിക്കേണമെന്നതത്രെ നാം അപേക്ഷിക്കുന്നതു്. ഇതുകൂടാതെയും, നാമെല്ലാവരും സ്വർഗ്ഗത്തിൽ നമ്മുടെ പരമപിതാവിന്റെ സിംഹാസനത്തിൻചുറ്റിൽ ഒന്നിച്ചുചേർന്നു് അങ്ങയോടുകൂടെ നിത്യംവാ

ഴുവാനുള്ള ആ നാൾ വേഗം വരണമെന്നുകൂടെ നാം അപേക്ഷിക്കണം.

പ്രായോഗികചിന്ത:- ഈ പ്രാർത്ഥനയ്ക്കനുയോജ്യമായിരിക്കണം നമ്മുടെ പ്രവൃത്തി. അതുപോലെയായിത്തന്നെ നാം നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ യോഗ്യമക്കളാകുവാനും, ദൈവാനുഗ്രഹത്തിന്റെ പ്രേരണയ്ക്ക് അധീനരായി നമ്മുടെ മനോവാക്കർമ്മങ്ങളെ ദൈവഹിതംപോലെ നയിക്കുവാനും ശ്രമിക്കണം. ഇതുപോലെതന്നെ മറ്റുള്ളവരിലും അവിടുന്നു ഭരണംനടത്തുവാൻ ഇടയാകുന്നതിനും സർവ്വാത്മനാ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇതിനു ബാഹ്യവും അഭ്യന്തരവുമായ മാർഗ്ഗങ്ങളും ധാരാളമുണ്ട്. അവയെ നാം എങ്ങനെ ഫലപ്രദമാക്കിയിട്ടുണ്ടെന്നും തൽപ്രയത്നത്തിലുള്ള ന്യൂനത എങ്ങനെയാണു പരിഹരിക്കേണ്ടതെന്നും ആലോചിച്ചുനോക്കുക.

സംഭാഷണം:—സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനോടു സംഭാഷണംചെയ്യുക.

ജൂലൈ പതിനെട്ടാം തിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

കർതൃപ്രാർത്ഥന.

പ്രാരംഭം 1. ഈശോ പ്രാർത്ഥിപ്പാൻ നമ്മെപഠിപ്പിക്കുന്നു.

2. ഉത്തമമായവിധത്തിൽ പ്രാർത്ഥിക്കുന്നതിനു് ആവശ്യമായ ദൈവാനുഗ്രഹം അപേക്ഷിക്കുക.

ഒന്നാം വകുപ്പു

കർതൃപ്രാർത്ഥനയിലെ മൂന്നാം അഭ്യർത്ഥന.

ധ്യാനം:—"നിന്റെഹിതമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം." ഈ വാക്യത്തിൽ നാം പ്രാർത്ഥിക്കുവാനായി ഈശോ നിർദ്ദേശിക്കുന്നതു ദൈവഹിതവുള്ളം വല്ലവിധത്തിലും നിവർത്തിക്കുവാനുള്ള സാഹായ്യമല്ല, പരിപൂർണ്ണമായവിധ

ത്തിൽ—സ്വർഗ്ഗവാസികളും ചെയ്യുന്നതുപോലെതന്നെ—നിവൃത്തിക്കുവാനുള്ള പ്രത്യേകവരമാണു്. സ്വർഗ്ഗത്തിൽ ദൈവേച്ഛ നമ്മാലും വിശ്വാസമാലും പരിപൂർണ്ണമായും സ്വാർത്ഥരഹിതമായും ദൈവഹിതം നിവൃത്തിക്കുന്നു. ആ മഹാ പരിപൂർണ്ണത ഇഹത്തിൽവെച്ചു പ്രാപിക്കുവാൻ നമുക്കു സാധിക്കുകയില്ലെങ്കിലും അതിനായുള്ള തീവ്രമായ ആഗ്രഹം നമ്മിൽ ഉജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുകയും, ദൈവാനുഗ്രഹത്തോടെ അതിനോടു കഴിയുന്നത്ര സാമീപ്യം പ്രാപിക്കുകയും ചെയ്യേണ്ടതാണെന്നും നമ്മുടെ കർത്താവു് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

പ്രായോഗികചിന്ത:— നാം സന്യാസികളാകയാൽ സാമാന്യജനങ്ങളെ അപേക്ഷിച്ചു് കൂടുതൽ പുണ്യപൂർണ്ണത പ്രാപിക്കുവാൻ കടമയും അതിനുള്ള സൗകര്യങ്ങളും നമുക്കുണ്ടു്. നമ്മുടെ ജീവിതനിയന്ത്രണത്തിനു വേണ്ടവയെല്ലാം നമ്മുടെ സഭാനിയമങ്ങൾവഴിയായും ദൈവസ്ഥാനത്തിൽ ഇരിക്കുന്ന ശ്രേഷ്ഠന്മാരുടെ നിർദ്ദേശങ്ങൾവഴിയായും നമുക്കു വ്യക്തമായിക്കാണാം. സദാ ദൈവഹിതം നിവൃത്തിപ്പാനുള്ള ഈ സൗകര്യത്തിനുംപുറമെ നമ്മുടെ സഹോദരരുടെ സന്മാതൃകകളും നമ്മുടെ ജീവിതാന്തസ്സിനോടു ചേർന്ന പ്രത്യേക ദൈവാനുകൂല്യങ്ങളും എളുപ്പമായും മധുരമായും ഇരട്ടി യോഗ്യതയോടുകൂടിയും ദൈവതിരുവുള്ളം നിവൃത്തിക്കുന്നതിനു നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ നമ്മുടെ ജീവിതാവസ്ഥ എത്ര ഭാഗ്യകരവും സൗഭാഗ്യവുമാണു്. ഇതു സ്വർഗ്ഗവാസികളുടെ ഭാഗ്യത്തോടു വളരെ സമീപിച്ചിരിക്കുന്നു എന്നുവേണം പറയാൻ.

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ ജീവിതാന്തസ്സിനോടു ചേർന്ന ഇത്രവലിയ നന്മകളെക്കുറിച്ചു സന്തോഷിച്ചുകൊണ്ടു ദൈവത്തിനു കൃതജ്ഞത പറയുക. സ്വർഗ്ഗവാസികളും അവിടെ ദൈവത്തിന്റെ ചിത്തം നിറവേറുന്നതുപോലെ ഭൂവാസികളായ നാം ഇവിടെയും അങ്ങേ ചിത്തം നിർവ്വഹിക്കുന്നതിനു നമ്മെ സഹായിക്കേണമെന്നു അവരോടു അഭ്യർത്ഥിക്കുക.

പ്രതിജ്ഞ:— ശ്രേഷ്ഠന്മാരുടെ ആഗ്രഹങ്ങൾപോലും നമ്മെ സംബന്ധിച്ചിടത്തോളം ദൈവഹിതമാണെന്നു മനസ്സിലാക്കി അതിനു നമ്മെത്തന്നെ കീഴ്പെടുത്തുവാൻ പരിശ്രമിക്കുക.

രണ്ടാംവകുപ്പ്

കർതൃപ്രാർത്ഥനയിലെ നാലാം അഭ്യർത്ഥന

ധ്യാനം:— നാം ആഹ്വാനമായിത്തന്നെ സ്വർഗ്ഗസ്ഥപിതാവിന്റെ സൂതിയെ അനേഷിക്കണമെന്നു അവിടുന്നു നമ്മെ പഠിപ്പിച്ചു. ഇനി നമുക്കായിത്തന്നെ നാം എന്തൊക്കെയാണു് അഭ്യർത്ഥിക്കേണ്ടതെന്നു് നമ്മെ മനസ്സിലാക്കുന്നു. നമ്മുടെ ആവശ്യം നാലുതരത്തിലാണു്. "ഞങ്ങളുടെ അനുദിനഅപ്പം ഇന്നും ഞങ്ങൾക്കു തരിക" എന്നതാണു് അവയിൽ ഒന്നാമത്തേതു്. "ഞങ്ങളുടെ അപ്പം" എന്ന പദങ്ങളാൽ നമ്മുടെ ശാരീരികവും ആത്മികവുമായ പോഷണങ്ങളെ ഉദ്ദേശിച്ചിരിക്കുന്നു. "അനുദിനം എന്ന പദം നമ്മുടെ നിരന്തരമായ ആവശ്യാവസ്ഥയെ നമ്മെ അനുസ്മരിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ധനവാനും ദരിദ്രനും അനുദിനം ആവശ്യത്തിൽത്തന്നെ ഇരിക്കുന്നു. "ഇന്നും" എന്ന പദം നമ്മുടെ പ്രാർത്ഥനയെ നാം അനുദിനം നവീകരിക്കേണ്ടതാണെന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രൂശതെ വരുവാനുള്ള കാലങ്ങളെ ഓർത്തുള്ള ഉൽക്കണ്ഠ നമ്മിൽ ഉണ്ടായിരിക്കരുതെന്നുംക്രൂടെ അതിന്നു് അർത്ഥമുണ്ടു്.

പ്രായോഗികചിന്ത:— നിന്റെ കഴിഞ്ഞ ജീവിതക്കാലത്തെയും വിശിഷ്യ, നിന്റെ സന്ന്യാസജീവിതത്തെയും പരിശോധിക്കുക. നിന്റെ സ്വർഗ്ഗസ്ഥപിതാവു നിന്റെ എല്ലാ ആവശ്യങ്ങളിലും എത്ര സംപൂർണ്ണമായും ഉദാരമായും നിന്നെ സഹായിച്ചിട്ടുണ്ടെന്നു് അപ്പോൾ നിനക്കു മനസ്സിലാകും. നീ ഇതിന്നു് എത്ര കൃതജ്ഞതയാണു കാണിച്ചിട്ടുള്ളതു്? അവിടുത്തെ അനുഗ്രഹങ്ങളെ നീ ദുഷ്പ്രയോഗിക്കുകയും, അവയെക്കൊണ്ടു നീ നിന്റെ ദുരാശകളെ ഊട്ടിപ്പെടുത്തുകപോലും ചെയ്തിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:— ഇവയെക്കുറിച്ചെല്ലാം പരിഭ്രമിച്ചു പശ്ചാത്താപത്തോടെ ദൈവാനുഗ്രഹത്തെ പുകഴ്ത്തുക. മേലാലെങ്കിലും വിശ്വസ്തനായിരിക്കുമെന്നു താഴ്മയോടുകൂടെ ദൈവത്തോടു പ്രതിജ്ഞചെയ്യുക.

പ്രതിജ്ഞ:— ക്ഷണം കഴിക്കുമ്പോൾ ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ ഓർക്കുക: ക്ഷണം കഴിഞ്ഞു ചെയ്യാറുള്ള ജപം വാസ്തവത്തിൽ ഉപകാരസ്മരണയായി വരുവാൻതക്ക സൂക്ഷത്തോടും, കേതിയോടുംക്രൂടെ ചൊല്ലുക.

മൂന്നാം വകുപ്പ്

കർതൃപ്രാർത്ഥനയിലെ അഞ്ചാം അപേക്ഷ

ധ്യാനം:— "ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കുക." ഇവിടെ പരമപിതാവിനോടു നാം അപേക്ഷിക്കുന്നതു്: നാം ചെയ്ത പാപങ്ങളും ക്ഷമിക്കുകയും, അവയുള്ള ശിക്ഷയിൽനിന്നു നമ്മെ വിമുക്തരാക്കുകയും ചെയ്യണമെന്നാണു്. ഇതു നമുക്കു ലഭിക്കുമെന്നു നമ്മുടെ കർത്താവു നമ്മോടു വാഗ്ദാനംചെയ്യുന്നുണ്ടു്. പക്ഷെ അതു സാധിക്കുന്നതിനു നമുക്കു കടപ്പെട്ടവരോടു നാമും ക്ഷമിക്കുവാനാവശ്യമാണു്. മനുഷ്യരോടു അവരുടെ കുറ്റങ്ങളും നിങ്ങളും ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ കുറ്റങ്ങളും നിങ്ങളോടും ക്ഷമിക്കും. എന്നാൽ മനുഷ്യരോടു നിങ്ങളും ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവു നിങ്ങളുടെ കുറ്റങ്ങളും നിങ്ങളോടും ക്ഷമിക്കുകയില്ല. (മത്തേ. 6. 14. 15.) എന്നു് അരുളിച്ചെയ്തിരിക്കുന്നു. ഇതുകൊണ്ടാണു് "ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നതുപോലെ" എന്ന വചനങ്ങളും ഈ അപേക്ഷയോടു അനുബന്ധിച്ചിരിക്കുന്നതു്.

പ്രായോഗികചിന്ത:— ഞങ്ങളുടെ കുറ്റങ്ങളെ ഞങ്ങളോടു ക്ഷമിക്കുക എന്ന വചനങ്ങളും നാം പ്രതിദിനം ചൊല്ലിവരുന്നുണ്ടു്. എന്നാൽ നാം യഥാർത്ഥകേതിയൊ ശ്രദ്ധയൊ ക്ലേശമെയാണു് അവ ചൊല്ലിവരുന്നതെന്നു സ്വപ്നം സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതുകൊണ്ടാണു് ഇതു തുച്ഛമായ ഫലംമാത്രം അവയിൽനിന്നു നാം പ്രാപിക്കുന്നതു്. ഇപ്രകാരം ഭക്തികുറവും അനാചിന്തകളുംനിമിത്തം പ്രതിദിനം ചെയ്യാറുള്ള കുറ്റങ്ങളെ നാം ഗവുനിക്കുകയൊ ദൈവനീതിയുടെ തുലാസിൽ അവ നമുക്കു എതിരായിക്കൂട്ടുന്ന ഭാരം ഗ്രഹിക്കുകയൊ ചെയ്യുന്നില്ല. വിശുദ്ധന്മാരെല്ലാവരും തങ്ങളോടുപദ്രവം ചെയ്യുന്നവരുടെ കുറ്റത്തെ മറന്നുകൊണ്ടു, തങ്ങളുടെ കുറ്റങ്ങളെ കണ്ണുനീരോടും പ്രലാപത്തോടുംകൂടെ ദൈവതിരുസന്നിധിയിൽ ഏറ്റുപറഞ്ഞുവന്നിരുന്നു. നമ്മുടെ ദുർവ്വാസനനിമിത്തം നമ്മോടുപദ്രവംചെയ്യുന്നവരുടെനേർക്കു വെറുപ്പും വിരോധവും, ഒരുപക്ഷെ തോന്നിയേക്കാം. എന്നാൽ നാം അവയ്ക്കനുസരണമായി പ്രവർത്തിക്കാതെ,

അവയെ നിഗ്രഹിപ്പാൻ ശ്രമിക്കണം. ഇങ്ങനെ നിഗ്രഹിച്ചു കൊണ്ടു്, നമ്മുടെ പരമപിതാവിന്റെ പാദത്തിങ്കൽ നമ്മുടെ നൈർഭാഗ്യങ്ങളേയും, കുറവുകളേയുംകുറിച്ചു വിലപിക്കുക. എന്നാൽ അവിടുന്നു അവയെ മോചിക്കും.

സംതോഷണം:– വിശുദ്ധ കമീല്ലസ് ടെ ലേലിസിനോടു സംതോഷണം ചെയ്യുക. ഈ വിശുദ്ധൻ രോഗികളുടെനേരെയുള്ള വിസ്മയനീയമായ സ്നേഹം നിമിത്തം അവരുടെ ശുശ്രൂഷയ്ക്കായി ഒരു സന്യാസസംഘം ഏർപ്പെടുത്തി. (മരണം 1611)

ജൂലൈ പത്തൊമ്പതാം തിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

കർതൃപ്രാർത്ഥന

പ്രാരംഭം 1. നീ ഈശോയുടെ പ്രസംഗം കേൾക്കുന്നവരിൽ ഒരുവനാണെന്നു് സങ്കല്പിക്കുക.

2. കേതിയും ഔദാര്യവുമുള്ള ഹൃദയം ലഭിക്കുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

കർതൃപ്രാർത്ഥനയിലെ ആറാം അഭ്യർത്ഥന

ധ്യാനം:– "ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തല്ലെ" ഞങ്ങൾ പരീക്ഷയിൽ അകപ്പെടുവാൻ അനുവദിക്കല്ലെ എന്നാകുന്നു ഇതിന്റെ സാരം. ഉൾപ്പെടുത്തുക എന്ന പദത്തിനു ആകർഷിക്ക, അഥവാ പ്രേരിപ്പിക്ക എന്നല്ല അർത്ഥം. എന്തെന്നാൽ പാപത്തിൽ വീഴുവാൻതക്ക കണികകളിലേക്കു് നമ്മെ ആകർഷിക്കുകയൊ, പാപത്തിനു നമ്മെ പ്രേരിപ്പിക്കുകയൊ ചെയ്വാൻ ദൈവത്തിനു പാടില്ല. പാപത്തിനായുള്ള പ്രലോഭനങ്ങൾ പിശാചിൽനിന്നൊ ലോകത്തിൽനിന്നൊ, നികൃഷ്ടമായ നമ്മുടെ പ്രകൃതിയിൽനിന്നൊ വരുന്നതായിരിക്കും. പാ

പത്തിന്റെ മൂലങ്ങളും നമ്മിൽത്തന്നെ ഉണ്ടായിരിക്കെ പരീക്ഷയിൽനിന്നു തീരെ ഒഴിഞ്ഞിരിക്കുക സാദ്ധ്യമല്ല. ഇതിനാൽ "പരീക്ഷയിൽ ഉൾപ്പെട്ടത്തല്ലെ" എന്ന വചനങ്ങളാൽ, പരീക്ഷയിൽനിന്നു നമ്മെ തീരെ വിമുക്തരാക്കണമെന്നല്ല, നമുക്കു അപകടമായേക്കാവുന്ന പരീക്ഷകളെ മാറിത്തരികയൊ, അങ്ങനെയുള്ളവ ഉണ്ടായാൽത്തന്നെയും അവയെ ജയിക്കുന്നതിനുവേണ്ട ആത്മികപ്രകാശവും മനക്കരുത്തും തരികയൊ ചെയ്യണമെന്നാണു് നാം അപേക്ഷിക്കുന്നതു്. ക്രൂരതയെയും പരീക്ഷകളെയും അവയുടെ കാരണങ്ങളേയും ജയിക്കുവാനുള്ള അനുഗ്രഹം മാത്രമല്ല, അവയെല്ലാം നമ്മുടെ പുണ്യാഭിവൃദ്ധിക്കുള്ള ഉപകരണങ്ങളാക്കിത്തീർക്കുവാനുള്ള പ്രത്യേകവരംകൂടെ നാം ഇവിടെ അപേക്ഷിക്കുന്നുണ്ടു്. ദൈവം വിശ്വസ്തനാകുന്നു. നമ്മുടെ ശക്തിക്കു മേലായി പരീക്ഷിക്കപ്പെടുവാൻ അവിടുന്നു സമ്മതിക്കുകയില്ല. അതു മാത്രമല്ല, പരീക്ഷയുണ്ടാകുമ്പോൾ അതിനെ സഹിപ്പാനും ജയിക്കാനുംവേണ്ട ശക്തിയും തരാറുണ്ടു് എന്നു വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു. (1. കൊറി. 10. 13) ആകയാൽ ഇപ്രകാരം നാം പരീക്ഷയിൽ അകപ്പെടാതെ സുകൃതവഴിയിൽ നടപ്പാൻവേണ്ടവരങ്ങളും ധാരാളമായി നമ്മുടെമേൽ വർഷിക്കേണമെന്നതത്രെ ഈ വചനങ്ങളുടെ സാരം.

പ്രായോഗികചിന്ത:— ഇതാകുന്നു നാം ദൈവത്തോടു അപേക്ഷിക്കുന്നതു്. എന്നാൽ നമ്മുടെ പ്രാർത്ഥന സഫലമാകുന്നതിനു നാം നമ്മുടെ സ്വന്തം ശക്തിയിൽ ആശ്രയിക്കരുതെന്നും, പരീക്ഷയ്ക്കുള്ള കാരണങ്ങളിലും പാപത്തിൽ വീഴുവാൻതക്ക അവസരങ്ങളിലും നിന്നു ഒഴിയാൻ കഴിയുന്നത്ര ശ്രമിക്കണമെന്നും അവിടുന്നു ആവശ്യപ്പെടുന്നുണ്ടു്. വിശിഷ്യ, പരീക്ഷ പ്രബലമായിത്തന്നെ നില്ക്കുന്നെങ്കിൽ നമ്മുടെ ആത്മികനിയന്താവു നല്കുന്ന ഉപദേശങ്ങളനുസരിച്ചു ജീവിക്കുന്നുണ്ടെന്നുള്ള പ്രതിജ്ഞയോടുകൂടെ നമ്മുടെ പരീക്ഷകളെ പരമാർത്ഥമായി അദ്ദേഹത്തിനു വെളിപ്പെടുത്തുവാനും എല്ലാവിധമായങ്ങളിലും നിന്നു് ഒഴിഞ്ഞിരിപ്പാനുംകൂടെ ദൈവം ആവശ്യപ്പെടുന്നു. ഇപ്രകാരമെല്ലാം നീ ചെയ്യുവരുന്നുണ്ടോ? അവ ഓരോന്നായി പരിശോധിച്ചുനോക്കുക. ഏതു കാര്യത്തിലാണു് ന്യൂനത? എന്തെല്ലാം കുറവുകളാണുള്ളതു്? ഇനി നീ എന്താണു് ചെയ്യേണ്ടതു്?

സ്നേഹപ്രകരണങ്ങൾ:- ഇപ്പോൾ വിവരിച്ചപ്രകാരം ഈ ആറാം അഭ്യർത്ഥനയിൽ അടങ്ങിയിരിക്കുന്നവയെല്ലാം കേവ തീക്ഷ്ണതയോടുകൂടെ യാചിക്കുക.

പ്രതിജ്ഞ:— ഓരോ പരീക്ഷകളുടെശേഷം, പ്രത്യേകം കഠിനമായ പ്രലോഭനങ്ങൾക്കുശേഷം, അവയിൽ എങ്ങനെ വർത്തിച്ചു എന്നു പരിശോധിച്ചുനോക്കുകയും അതുപോലെയുള്ള അവസരങ്ങളിൽ മേലിൽ ചെയ്യേണ്ടവ തീരുമാനിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു

കർതൃപ്രാർത്ഥനയിലെ ഏഴാം അഭ്യർത്ഥന

ധ്യാനം:- "തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ" മുൻപു പറഞ്ഞ അപേക്ഷയിൽ എന്നപോലെ ഇവിടെയും കുറച്ചു വചനങ്ങളിൽ വളരെ കാര്യങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. ക്ഷാമം, യുദ്ധം, സാംക്രമികരോഗങ്ങൾ, ദ്രവ്യനാശം, അനർഥങ്ങൾ നിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ, നിന്ദാപമാനം മുതലായ താല്ക്കാലികതിന്മകളിൽനിന്നു നമ്മെ രക്ഷിക്കേണമെന്നു നാം പ്രാർത്ഥിക്കുന്നു. എന്നാൽ ഈ പ്രാർത്ഥനയിൽ നാം മുഖ്യമായി ഉദ്ദേശിക്കുന്നതു താല്ക്കാലികമായ ഈദൃശതിന്മകളെക്കാൾ ആദ്ധ്യാത്മികമായവയും നമ്മുടെ പരമാനന്ദലബ്ധിയെ സ്പർശിക്കുന്നവയുമായ തിന്മകളെയാണ്. സാക്ഷാലുള്ള ഏകതിന്മയും ദൈവത്തിസ്സന്നിധിയിൽ ഒരേ ഒരു വിദ്വേഷവിഷയവുമായ പാപത്തിൽവീഴാതെ നമ്മെ കാക്കുന്നതിനും, അതിൽ അകപ്പെട്ടുപോയാൽ മോചനം നൽകി രക്ഷിക്കുന്നതിനും, ദുർമ്മരണമെന്ന അപരിഹാര്യമായ വിപത്തു നമുക്കു വരാതിരിക്കുന്നതിനും നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു.

പ്രായോഗികചിന്ത:- തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ എന്നു നീ ചൊല്ലുമ്പോൾ നീ അപേക്ഷിക്കുന്നതു ഇന്നതെന്നു നീ അറിയുന്നുണ്ടോ? നിനക്കു രോഗം, ഞെരുക്കം, അഭിയായ ശാരീരിക നൈർഭാഗ്യങ്ങൾ നേരിടുമ്പോൾ അവ നീങ്ങുവാനായി ശുഷ്കാന്തിയോടെ നീ പ്രാർത്ഥിക്കുന്നു. ആത്മികനിർഭാഗ്യമായ പരീക്ഷ, പാപം മുതലായവയിൽനിന്നു

രക്ഷപെടുവാൻ ഈവിധമുള്ള ദുഷ്ടാന്തിയോടെ നീ പ്രാർത്ഥിക്കുന്നുണ്ടോ? തന്റെ മഹത്വത്തിനും നമ്മുടെ വിശുദ്ധീകരണത്തിനും പുണ്യസമ്പാദനങ്ങൾക്കുംവേണ്ടിയാണു് നമുക്കു രോഗം, ദുഃഖം, അനർത്ഥം ആദിയായവ ഉണ്ടാകുവാൻ ദൈവം അനുവദിക്കുന്നതു്. നീ അവയെ ക്ഷമയോടും ദൈവതിരുവുള്ളത്തിനു അധീനപ്പെട്ടുകൊണ്ടും സഹിക്കുമെങ്കിൽ അതു നിനക്കു ഭാഗ്യപ്രദങ്ങളായിത്തീരും. എന്നാൽ അവ നേരിടുമ്പോൾ പലപ്പോഴും ക്ഷമയില്ലായ്കയും അധൈര്യവും കാണിക്കുകയും ദൈവപരിപാലനത്തിനു് എതിരായി ആവലാതിപ്പെടുകയും ചെയ്യുന്നില്ലയോ? അതുകൊണ്ടു തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ എന്നു ചൊല്ലുമ്പോൾ പ്രസ്തുതനൈർഭാഗ്യത്തിൽ ഇനിമേലാൽ അകപ്പെടാതിരിക്കാനും, ദുഃഖനർത്ഥങ്ങളും പീഡകളും എന്നിവയിൽ അടങ്ങിയിരിക്കുന്ന ആത്മികസമ്പത്തു നമുക്കു നഷ്ടീവിക്കാതിരിക്കാനും ഇടയാകേണമെന്നുള്ള ഓർമ്മയും ആഗ്രഹവും നമ്മിൽ ഉജ്ജീവിപ്പിക്കേണ്ടതാണു്. സ്വർഗ്ഗത്തിലിരിക്കുന്ന ഞങ്ങളുടെ പിതാവെ, എന്നാരംഭിക്കുന്ന ഈ പ്രാർത്ഥന സാക്ഷാൽ അത്ഭുതാവഹമായ ഒന്നുതന്നെയാണു്. ദൈവസ്തുതിക്കും നമ്മുടെ ഭാഗ്യത്തിനും ഉപകരിക്കുന്നവ സകലവും അതിൽ സംഗ്രഹിച്ചിരിക്കുന്നു. ഭക്തിയോടും ശ്രദ്ധയോടുംകൂടെ അതു ചൊല്ലിവരുവാൻ നാം തല്പരപ്പെടണം.

മൂന്നാം വകുപ്പു

കർത്തൃപ്രാർത്ഥനയുടെ അവസാനം

ധ്യാനം:— മുകളിൽ കാണിച്ചിട്ടുള്ള ഏഴു അപേക്ഷകളുടെ ശേഷം, "ആമ്മേൻ" എന്നു നാം ചൊല്ലുന്നു. ഇതിനു് അപ്രകാരമാകട്ടെ എന്നാകുന്നു അർത്ഥം: ഇതിനാൽ ഈ വാക്കുകൊണ്ടു മുകളിൽ പറഞ്ഞിട്ടുള്ള ഏഴു അപേക്ഷകളെയും സംക്ഷിപ്തമായും ഓരോന്നായും നാം ആവർത്തിക്കുകയത്രെ ചെയ്യുന്നതു്.

പ്രയോഗികചിന്ത:— കർത്തൃപ്രാർത്ഥനയിലെ അപേക്ഷകളുടെ അവസാനത്തിൽ പറയുന്ന ആമ്മേൻ എന്ന വാക്കിൽ ഈ പ്രാർത്ഥനയുടെ സാരം മുഴുവനും സംക്ഷിപ്തമായി

അടങ്ങിയിരിക്കുന്നതിനാൽ, ഈ വാക്കു ഉച്ചരിക്കുമ്പോൾ, അതെ, എന്റെ ദൈവമെ അപ്രകാരമാകട്ടെ, എന്നു വിനയത്തോടും കേതിയോടുംകൂടെ ചൊല്ലുവാൻ ശ്രമിക്കുക.

സംഭാഷണം:- ലാസറിസ്റ്റ് സന്യാസസഭയും പരസ്നേഹസഹോദരികളുടെ സഭയും സ്ഥാപിച്ച വിശ്രുത വിശുദ്ധനായ വിൻസെൻറ് ഡി പോളിനോടു സംഭാഷണം ചെയ്യുക. ഇപ്പോൾ ലോകമെങ്ങും ഇദ്ദേഹത്തിന്റെ നാമം കീർത്തിക്കപ്പെടുന്നു. ഇദ്ദേഹം സ്ഥാപിച്ച സഭകൾവഴിയായി നിരവധിയാളുകൾ ആത്മശരീരനന്മകൾ പ്രാപിച്ചുവരുന്നു. ഇതിനേക്കുറിച്ചും സ്വർഗ്ഗത്തിൽ ഇദ്ദേഹം പ്രാപിച്ചിരിക്കുന്ന ഭാഗ്യത്തെക്കുറിച്ചും ഈ വിശുദ്ധനെ അഭിവന്ദിക്കുക. നമുക്കാവശ്യമായ നന്മകൾ ദൈവത്തിൽനിന്നു ലഭിച്ചുതരുവാൻ ഇദ്ദേഹത്തോടു അഭ്യർത്ഥിക്കുക.

ജൂലൈ ഇരുപതാംതിയ്യതി

ഗിരിപ്രഭാഷണം (തുടർച്ച)

വിവിധ കല്പനകൾ

പ്രാരംഭം 1. ഈശോയുടെ പ്രസംഗം ശ്രദ്ധാപൂർവ്വം കേട്ടു നിൽക്കുന്ന ജനാവലിയിൽ നീയും ആത്മനാ സന്നിഹിതനാവുക.

2. സകല കാര്യങ്ങളിലും അങ്ങയുടെ പ്രബോധനം അനുസരിപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

അന്യരെ വിധിക്കരുതു്

ധ്യാനം:- നിങ്ങൾ വിധിക്കപ്പെടാതെ ഇരിക്കുവാനായി (അന്യരെ) നിങ്ങളേ വിധിക്കരുതു്. എന്തുകൊണ്ടെന്നാൽ, നിങ്ങൾ വിധിക്കുന്ന വിധിപ്രകാരംതന്നെ നിങ്ങൾ വിധിക്കപ്പെടും.....കൂടാതെയും നീ നിന്റെ സഹോദരന്റെ കണ്ണിലുള്ള

കരട് കാണുകയും നിന്റെകണ്ണിലുള്ള തടി കാണാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? (മത്തേ. 7. 1, 3) നാം നമ്മുടെ സഹോദരരെ വിധിക്കരുതെന്നു നമ്മെ ഗ്രഹിപ്പിക്കാനായി നമ്മുടെ കർത്താവു ഉപയോഗിക്കുന്ന വചനങ്ങൾ ശക്തിയുള്ളവയാകുന്നു. ബാഹ്യമായതുകളെമാത്രം നോക്കിവിധിക്കുന്ന നാം സാമാന്യന അവിവേകമായും അബദ്ധമായും ചിലപ്പോൾ കഠിനമായിത്തന്നെയും വിധിക്കുന്നു. എന്തുകൊണ്ടെന്നാൽ ഓരോ കാര്യങ്ങളുടെ സത്യാവസ്ഥ പലപ്പോഴും നമുക്കു അറിവുണ്ടാകയില്ല. ഹൃദയങ്ങളുടെ നിഗൂഢ നിയോഗങ്ങൾ ദൈവം മാത്രമെ കാണുന്നുള്ളു. എന്നിട്ടും നാം അവയെ വിധിക്കുവാനും ഇതരന്മാരുടെപേരിൽ കുറ്റം ആരോപിക്കുവാനും പലപ്പോഴുംമുതിരുന്നു! ഈശോയുടെ ഉപമ നമ്മിൽ അനുചിതമാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ സ്വസ്നേഹപ്രമത്തതനിമിത്തം നമ്മിലുള്ള ഭയങ്കരങ്ങളായ കുറ്റങ്ങൾതന്നെയും അവഗണിച്ചുകൊണ്ട് അന്യരുടെ ലഘുവായ കുറ്റങ്ങളെപ്പോലും അസൂയാപാരവശ്യത്തോടെ നാം ഭർത്സനീഭവിപ്പിക്കുകയും വിധിക്കുകയും ചെയ്യുന്നു.

പ്രായോഗികചിന്ത:— നമ്മുടെ സഹോദരെ നിന്ദിക്കുകയൊ, വിധിക്കുകയൊ, അവരുടെമേൽ കുറ്റം ആരോപിക്കുകയൊ ചെയ്യുന്നതിനുള്ള പരീക്ഷ നമുക്കുണ്ടാകുമ്പോൾ മുകളിൽ ധ്യാനിച്ച വാക്യങ്ങളൊ, "ഏറ്റം ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴൊക്കയും എനിക്കുതന്നെയാകുന്നു നിങ്ങൾ ചെയ്തതു." (മത്തേ. 25. 40.) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്ന വചനങ്ങളൊ, ഓർക്കേണ്ടതാണു. ക്രൂരതെ, അന്യരിൽ കുറ്റകരം അഥവാ ഘനമായ പാപം എന്നു നമുക്കു തോന്നുന്നവ, ഹൃദയങ്ങളെ പൂർണ്ണമായി അറിയുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ പുണ്യപ്രവൃത്തികൾ ആയിരുന്നേക്കാം. അന്യരെക്കുറിച്ചു വിചാരിച്ചു വിഷമിക്കുന്നതെന്തിനു? വിധിദിവസത്തിൽ അന്യരെക്കുറിച്ചല്ല എന്നെക്കുറിച്ചത്രെ ഞാൻ കണക്കു ബോധിപ്പിക്കേണ്ടതു് എന്നു നീ വിചാരിച്ചുകൊള്ളുക. ഇപ്രകാരം എപ്പോഴും നീ പ്രവർത്തിച്ചിരുന്നെങ്കിൽ നിനക്കു വളരെയധികം കുറ്റങ്ങളിലും അനർത്ഥങ്ങളിലുംനിന്നു് ഒഴിയുവാനും വിലയേറിയ സമയം വൃഥാകളയാതിരിക്കാനും സാധിക്കുമായിരുന്നു?

സ്നേഹപ്രകരണങ്ങൾ:— ദൈവസന്നിധിയിൽ നിന്നെ ത്തന്നെ കൂറപ്പെട്ടുത്തുക. ക്ഷമയാചിക്കുക.

പ്രതിജ്ഞ:— ഇതരന്മാരെക്കുറിച്ചു നീന്റെ വിചാരഗതിയും മനഃസ്ഥിതിയും എന്താണെന്നു പരിശോധിക്കുക.

രണ്ടാംവകുപ്പു

നാശത്തിലേയ്ക്കുള്ള വിശാലപാത

ധ്യാനം:— ഇടുക്കുവാതിലിൽക്കൂടി അകത്തു കടക്കുവിൻ, എന്തുകൊണ്ടെന്നാൽ, നാശത്തിലേയ്ക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിസ്തൃതവും ആകുന്നു; അതിൽക്കൂടി പ്രവേശിക്കുന്നവരും അനേകരാകുന്നു. ജീവങ്കലേയ്ക്കു പോകുന്ന വാതിൽ എത്ര ഇടുങ്ങിയതും വഴി എത്ര ഞെരുക്കമുള്ളതുംആകുന്നു! അതു കണ്ടെത്തുന്നവരും ചുരുക്കമാകുന്നു." (മത്തേ. 7. 13, 14) ഈശോ ഇതുവരെ പ്രസംഗിച്ചിരുന്നവയ്ക്കും ഈ ഭയങ്കരവാക്യങ്ങൾക്കും തമ്മിൽ എന്തു സംബന്ധം ഉണ്ടു എന്നു് നാം വിചാരിച്ചേക്കാം. ഇതു വിവരിക്കാൻ പ്രയാസമുള്ളതല്ല. തന്റെ പ്രബോധനങ്ങളെക്കുറിച്ചു അവജ്ഞയോടുകൂടി, ലോകം അതിനു് ഇഷ്ടപ്പെട്ട ആദർശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും ആശ്ലേഷിക്കുമെന്നു ക്രിസ്തു മുൻകൂട്ടി അറിഞ്ഞിരുന്നു. അതിനാൽ ഇത്തരം വ്യാജവ്യാഖ്യാനങ്ങളും ദുർബോധനങ്ങളും നാം നേരത്തെ അറിഞ്ഞു് അവയെ വിട്ടൊഴിയുന്നതിനുവേണ്ടിയാണു് അവിടുന്നു ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നതു്.

പ്രായോഗികചിന്ത:— നാം സന്ന്യാസാന്തസ്സു തിരഞ്ഞെടുത്തതിനാൽ ജീവങ്കലേയ്ക്കു നയിക്കുന്ന ഞെരുക്കമുള്ളവഴിയിൽ പ്രവേശിപ്പാനുള്ള ഭാഗ്യം നമുക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ ചിലർ ഇവിടെത്തന്നെയും വിസ്തീർണ്ണമായ ഒരു പാതയുണ്ടാക്കുന്നു എന്നു വ്യസനസമേതമെങ്കിലും സമ്മതിക്കാതെ നിവൃത്തിയില്ല. അതിനാൽ സന്ന്യാസജീവിതത്തിലും ഇപ്പോൾ രണ്ടു പാതകൾ നാം കാണുന്നു. നവസന്ന്യാസക്കാലത്തു് കിട്ടിയിട്ടുള്ള നിയന്ത്രണത്തിനും അച്ചടക്കത്തിനും തക്കവണ്ണം വിശുദ്ധരായി ജീവിക്കുന്ന ശ്രേഷ്ഠകാന്തിയുള്ള സന്ന്യാസികളുടെ പാതയും, ഈശോയുടെ ദിവ്യപ്രബോധനങ്ങൾ വിട്ടുകൊണ്ടു ലോക

ത്തിന്റെ പ്രബോധനങ്ങൾക്കതക്കവണ്ണം ജീവിക്കുന്ന മന്ദഭാഗ്യരായ സന്ന്യാസികളുടെ പാത വേറൊന്നു. ഈ പാതകളിൽ ഏതിലൂടെയാണു നീ യാത്രചെയ്യുന്നതു്?

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുവാനും മായകളിൽനിന്നു നമ്മെ രക്ഷിച്ചു സത്യമാർഗ്ഗത്തിലാക്കുവാനും ദൈവത്തോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഒരിക്കലും നിന്നിൽത്തന്നെ ആശ്രയിക്കാതിരിക്കുക. സുകൃതമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവൻ അതിലേയ്ക്കു തിരിച്ചുവരിക പ്രയാസമായിരിക്കയാൽ, നീ ഒരുപക്ഷേ സുകൃതപാതയിൽനിന്നകന്നു നാശമാർഗ്ഗത്തിലായിപ്പോയേക്കുമോ എന്നു ഭയപ്പെട്ടു തപ്തിക്ഷയത്തിൽ എപ്പോഴും ഉണർവുള്ളവനായിരിക്കുക.

മൂന്നാം വകുപ്പു

വ്യാജപ്രവാചകരെ ശ്രദ്ധിക്കരുതു്.

ധ്യാനം:— വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ അവർ ആടുകളുടെവേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്നു. അന്തരംഗത്തിലോ അവർ ബുഭുക്ഷയുള്ള ചെന്നായ്ക്കൾ അത്രെ. അവരുടെ ഫലങ്ങളിൽനിന്നു് അവരെ നിങ്ങൾ തിരിച്ചറിയണം. (മത്തേ. 7. 15, 16) കഴിഞ്ഞവകുപ്പിൽ കാണിച്ചതുപോലെ ഇവിടെയും നമ്മുടെ കർത്താവു പല സൽബുദ്ധികളും നമുക്കു നൽകുന്നുണ്ടു്. പാഷണ്ഡർ, കപടഭക്തരും വിശ്വാസവിഹീനരുമായ ക്രിസ്ത്യാനികൾ മുതലായവരെ മാത്രമല്ല, നിർഭാഗ്യവശാൽ പുണ്യജീവിതം ഉപേക്ഷിച്ചു മന്ദതയിലും ക്രമക്കേടിലും വ്യാപരിക്കുന്ന നമ്മുടെ സഹോദരങ്ങളെപ്പോലും നിവൃത്തിയുള്ളിടത്തോളം നാം വിട്ടൊഴിയേണ്ടതാണു. ഇതാണു നമ്മുടെ കർത്താവു പഠിപ്പിക്കുന്നതു്.

പ്രായോഗികചിന്ത:— വളരെ സൂക്ഷ്മത്തോടെ കൃഷിയിറക്കുന്ന നിലങ്ങളിൽപ്പോലും ധാന്യങ്ങളൊന്നിച്ചു കളകളും ഉണ്ടായിവരുന്നതുപോലെ, ഏറ്റവും വിശുദ്ധിയുള്ള സന്ന്യാസസഭകളിൽപ്പോലും, അവ വലുതായിരുന്നാൽ, പ്രത്യേകിച്ചും നിയമലംഘികളായ ഏതാനും അംഗങ്ങൾ ഉണ്ടാകാതിരിക്കയില്ല. അവരുടെ വിദ്യയും ജ്ഞാനിയും എത്ര കൂടിയിരിക്കുമോ അത്രയ്ക്കു

അവരിൽനിന്ന് അനുകർക്ക വരാവുന്ന നാശവും വല്യതായിരിക്കും. "അവരുടെ ഫലങ്ങൾകൊണ്ടു് അവരെ നിങ്ങൾ അറിയും." ക്രമക്കേട്, കേതിമാന്ദ്യം, നിർഭ്ഭയമനഃസ്ഥിതി, അവഭ്യാതി, മത്സരബുദ്ധി, അടിയായവകൊണ്ടു് ഇവരെ തിരിച്ചറിയാം. അവരുടെ മാനസാന്തരത്തിന്നായി അനുകമ്പാപൂർവ്വം നാം പ്രാർത്ഥിക്കണം. ക്രൂടാതെയും ഇവരോടുള്ള അമിതമായ സംസർഗ്ഗം ഒഴിച്ചു കേതിയും ശ്രുഷ്ഠാന്തിയും ക്രമാനുസരണതല്പരതയും ഉള്ളവരോടു സംസർഗ്ഗം ചെയ്യുവാനും ശ്രമിക്കണം. ഇതു നീ വേണ്ടവിധം ഗ്രഹിക്കയും ഇപ്രകാരം പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ടോ?

സംതോഷണം:– നിന്റെ കാവൽഭൂതനോടു സംതോഷണം ചെയ്യുക.

ജൂലൈ ഇരുപത്തൊന്നാം തീയ്യതി

കുഷ്ഠരോഗിയുടെ പ്രാർത്ഥനയും അവനുലഭിച്ച സ്വസ്ഥതയും

പ്രാരംഭം:– 1. അപ്പോൾ അതാ ഒരു കുഷ്ഠരോഗിവന്ന് അദ്ദേഹത്തെ പ്രണമിച്ചുകൊണ്ടു പറയുന്നു: "കർത്താവെ, അങ്ങയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ സ്വച്ഛനാക്കുവാൻ കഴിയും." (മത്തേ. 8. 2)

2. ഇതു പ്രാർത്ഥിച്ചപ്പോൾ അവനിൽ ഉണ്ടായിരുന്ന മനോവികാരങ്ങളും നിന്നിലും ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

കുഷ്ഠരോഗിയുടെ പ്രാർത്ഥന

ധ്യാനം:— നമ്മുടെ ദിവ്യകർത്താവു ലോകത്തിന്നു പ്രസിദ്ധമാക്കിയ അത്ഭുതാവഹമായ തപഃപ്രസ്ഥാനത്തെ അത്ഭുതപ്രവൃത്തികൾകൊണ്ടു സ്ഥിരീകരിച്ചു. ഈ അത്ഭുതകൃത്യങ്ങളിൽ ഒന്നാമത്തേതു ഒരു കുഷ്ഠരോഗിയുടെ സ്വസ്ഥതയായിരുന്നു. അവൻ ഈശോയെ ദൂരത്തു കണ്ടുടനെ അവന്റെ ഹൃദയം പ്ര

ത്യാശയാൽനിറഞ്ഞു. മറ്റുള്ളവർ അവനെ പരിത്യജിച്ചതുപോലെ അവിടുന്ന് അവനെ പരിത്യജിക്കയില്ലെന്നു് അവൻ വിശ്വസിച്ചു. സുവിശേഷകൻ പറയുന്നതുപോലെ, അവൻ വന്നു് അദ്ദേഹത്തെ പ്രണമിച്ചുകൊണ്ടു പറയുന്നു: "കർത്താവെ, അങ്ങയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും." (മത്തേ. 8. 2. മാർക്കു. 1. 40)

പ്രായോഗികചിന്ത:- ദൈവവരത്തിന്റെ പ്രേരണയാൽ അവൻ നടത്തിയ പ്രാർത്ഥനയുടെ ലക്ഷണങ്ങളെക്കുറിച്ചു ധ്യാനിക്കുക. അതു വിനയവും ഭക്തിയും സമ്മേളിച്ചതായിരുന്നു. ഈശോ ദൈവപുത്രനെന്നും ദൈവത്താൽ അയക്കപ്പെട്ടവനെന്നും വിശ്വസിച്ചുകൊണ്ടു് അവൻ അവിടത്തെ പ്രാർത്ഥിക്കുന്നു. ഈശോയുടെ സർവ്വശക്തതയിൽ അവനു സജീവമായ വിശ്വാസമുണ്ടായിരുന്നു. അതിനാൽ അവന്റെ കുഷ്ഠരോഗം സുഖപ്പെടുന്നതിനു് അവിടത്തെ തിരുവുള്ളമതി എന്നു് അവൻ സുസ്ഥിരമായി വിശ്വസിച്ചു. ഈശോയുടെ കരുണയിലുള്ള വലിയ ആശ്രയവും ദൈവതിരുഹിതത്തിനുള്ള കീഴ്വഴക്കവും ആയിരുന്നു അവന്റെ പ്രാർത്ഥനയുടെ പ്രധാന ലക്ഷണങ്ങളും. അതിനാൽ അങ്ങയോടു: കർത്താവെ, നിനക്കു മനസ്സുണ്ടെങ്കിൽ — നിനക്കു ഇഷ്ടമുണ്ടെങ്കിൽ — എന്നെ ശുദ്ധനാക്കുവാൻനിനക്കു കഴിയും, എന്നു് അവൻ പറഞ്ഞു. നമ്മുടെ പ്രാർത്ഥനകളും ഈ ലക്ഷണങ്ങളോടു കൂടിയവയായിരുന്നാൽ അവ ഒരിക്കലും നിഷ്ഫലമായിപ്പോകയില്ല.

സ്നേഹപ്രകരണങ്ങളം:— ആ കുഷ്ഠരോഗിയെപ്പോലെ വിനയത്തോടും, പ്രത്യാശയോടുംകൂടെ നീയും കർത്താവിനോടു ഇങ്ങനെ പ്രാർത്ഥിക്കുക. "കർത്താവെ, അങ്ങയ്ക്കു മനസ്സുണ്ടെങ്കിൽ പാപമെന്ന ആത്മികകുഷ്ഠത്തിൽനിന്നു" എന്നെ ശുദ്ധനാക്കുവാനും ജ്ഞാനസ്നാനത്തിൽ ഞാൻ പ്രാപിച്ച ആത്മികസൗന്ദര്യം വീണ്ടും എനിക്കു തരുവാനും നിനക്കു കഴിയും.

പ്രതിജ്ഞ:— എന്റെ ആത്മാവു ദൈവസന്നിധിയിൽ നിഷ്കളങ്കവും സുകൃതങ്ങളാൽ അലംകൃതവുമായിരിപ്പാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പു

കുഷ്ഠരോഗി സുഖം പ്രാപിക്കുന്നു.

ധ്യാനം:— നമ്മുടെ ദിവ്യരക്ഷകനും പരമമാതൃകയുമായിരിക്കുന്ന ഈശോയുടെ പക്കലേക്കു നിന്റെ ശ്രദ്ധയും ഹൃദയവും തിരിക്കുക. അവിടുന്ന് ആ കുഷ്ഠരോഗിയെ എപ്രകാരം സ്വീകരിച്ചുവെന്നും എത്ര അനുകമ്പാപൂർവ്വം അവന്റെ പ്രാർത്ഥന ശ്രവിച്ചുവെന്നും സൂക്ഷിക്കുക. ജനതതിയുടെ അനിഷ്ടമൊ, കുഷ്ഠരോഗത്തിന്റെ അരോചകത്വമൊ വകവയ്ക്കാതെ അവനെ അവിടുന്നു മാധുര്യപുരസ്സരം സ്വീകരിക്കുന്നു. പ്രസന്നനായും പ്രശാന്തനായും അവന്റെ പ്രാർത്ഥന കേൾക്കയും, അത്ഭുതവിധത്തിൽ അവനു സുഖം കൊടുക്കയും ചെയ്യുന്നു. യേശുവോ അവന്റെമേൽ മനസ്സലിഞ്ഞു തന്റെ കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ടു് "എനിക്കു മനസ്സുണ്ടു്, നീ സ്വച്ഛനാകുക" എന്നരുളിച്ചെയ്തു. തൽക്ഷണം കുഷ്ഠം (നീങ്ങി) അവൻ സ്വച്ഛനാകുകയും ചെയ്തു. (മത്തേ. 8. 3)

പ്രായോഗികചിന്ത:— ഈശോയുടെ പ്രബോധനങ്ങളിൽ ജനത്തിനുണ്ടായിരുന്ന വിശ്വാസം ഈ അത്ഭുതകൃത്യത്താൽ വളരെ വർദ്ധിച്ചു. നിന്റെ ദിവ്യമാതൃകയായിരിക്കുന്ന ഈശോയുടെ ദൃഷ്ടാന്തത്തോടു നിന്റെ വ്യാപാരത്തെ താരതമ്യപ്പെടുത്തി നോക്കുക. നിന്നെത്തന്നെ പരിശോധിക്കുക. വല്ലൊരുവൻ തന്റെ നിർഭാഗ്യത്തിൽ ആശ്വാസം അന്വേഷിച്ചു നിന്റെ പക്കൽ വരുന്നു എന്നു വിചാരിക്കുക. നീ വലിയ ബഹുപ്പാടുള്ള ജോലിയിൽ ഏർപ്പെട്ടിരിക്കുകയൊ, ആ സാധുവിന്റെ സാമീപ്യം നിന്റെ കണ്ണിനും കാതിനും അസുഖമായിരിക്കുകയൊ ചെയ്യുന്നപക്ഷം നീ എങ്ങനെയാണു് അവനെ സ്വീകരിക്കുന്നതെന്നു് ആലോചിച്ചു നോക്കുക. അക്ഷമനായി പാരുഷ്യവാക്കുകൾ സംസാരിക്കുകയൊ, നിഷ്കരുണം അവനെ ആശ്വാസരഹിതനായി പറഞ്ഞയയ്ക്കുകയൊ ചെയ്യുന്നില്ലയൊ? ഇങ്ങനെയാണെങ്കിൽ നീ പരിപൂർണ്ണമായി അനുകരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന ആ ദിവ്യ ആദർശത്തിൽനിന്നു് ഇനിയും നീ വളരെ വിദൂരനായിരിക്കുന്നു എന്നല്ലെ തെളിയുന്നതു്? അവിടത്തെ അനുകരണത്തിൽ ഏതെല്ലാം വിഷയത്തിലാണു നിനക്കു ന്യൂനതയുള്ളതെന്നു കണ്ടുപിടിക്കുക.

സ്നേഹപ്രകരണങ്ങൾ:– ഇവയെക്കുറിച്ചു ലജ്ജിച്ചു് അനുതാപപൂർവ്വം അവയെ തിരുത്തുക.

പ്രതിജ്ഞ:– ഏതു ജോലിയിലും ബദ്ധപ്പാടിലും ആയിരുന്നാലും സന്ന്യാസയോഗ്യമായ ശാന്തത, ദയ, നയശീലം ഇവയായവ തൃജിക്കാതിരിപ്പാൻ സൂക്ഷിക്കുക.

മൂന്നാം വകുപ്പു

കുഷ്ഠരോഗിയുടെ കൃതജ്ഞത

ധ്യാനം:– ഇത്രവേഗത്തിൽ സുഖം പ്രാപിച്ചതിനാൽ ആ കുഷ്ഠരോഗിക്കുണ്ടായ സന്തോഷവും കൃതജ്ഞതയും എത്ര വലുതായിരിക്കണം, എന്നു നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. എന്നാൽ അവൻ, ഈ അത്ഭുതകൃത്തിന്റെ ദൃക്സാക്ഷികളുടെ മുമ്പാകെ തന്റെ നന്ദിയും സന്തോഷവും പ്രദർശിപ്പിക്കാൻ നമ്മുടെ കർത്താവു അനുവദിച്ചില്ല. അവിടുന്നു് അവനോടു് ഇങ്ങനെ ആജ്ഞാപിച്ചു: നീ (ഇതു്) ആരോടും പറയാതിരിക്കാൻ ശ്രദ്ധിക്കണം. എന്നാൽ നീ പോയി മഹാപുരോഹിതനു നിന്നെ കാണിക്കുകയും, നിന്റെ ശുദ്ധീകരണത്തിന്നായി മോസെസ് കല്പിച്ചിട്ടുള്ളവ അവർക്കു (ബോദ്ധ്യമാകാൻ) ഒരു സാക്ഷ്യമായി സമർപ്പിക്കുകയും ചെയ്യുക. (മാർക്കൊ. 1. 44) എന്നാൽ കുഷ്ഠരോഗി സന്തോഷാധിക്യത്താൽ നമ്മുടെ കർത്താവിന്റെ ഈ കല്പന മറന്നു് അവിടത്തെ എല്ലായിടത്തും കീർത്തിക്കുവാൻ തുടങ്ങി.

പ്രായോഗികചിന്ത:– നീ ചെയ്യുന്ന പരിശ്രമം സഫലമാകുമെങ്കിൽ അതിനാൽ ദൈവത്തിനു മാത്രം സ്തുതിയുണ്ടാകുവാൻ വേണ്ടി മനുഷ്യരുടെ സ്തുതി തേടാതെ അതിൽനിന്നു ഒഴിവാൻ ശ്രമിക്കുക. നീ ഇതിനു വിരോധമായി പ്രവർത്തിക്കുന്നില്ലേ? ദൈവത്തിന്റെ നേരെ വലിയ നന്ദി കാണിപ്പാനും ഈശോയെ സകലരും അറിഞ്ഞു സ്നേഹിപ്പാനും, ഈ കുഷ്ഠരോഗിയെപ്പോലെ കഴിയുന്ന പരിശ്രമമൊക്കയും ചെയ്യുകയാണു വേണ്ടതു്.

സംഭാഷണം:– നമ്മുടെ ആത്മികവൈദ്യനായിരിക്കുന്ന ഈശോയോടു സംഭാഷണം ചെയ്യുക.

ലൂക്കൊ ഇരുപത്തിരണ്ടാം തിയ്യതി

കഫർന്നാമിലെ ശതാധിപന്റെ പ്രാർത്ഥന.

പ്രാരംഭം:– 1. നമ്മുടെ ദിവ്യരക്ഷകൻ കരുണയോടെ ആ ശതാധിപനെ ദർശിക്കുന്നതു കാണുന്നെന്നു സങ്കല്പിക്കുക.

2. ഈശോയെ അറിവാനും സ്നേഹിപ്പാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ശതാധിപന്റെ പരസ്നേഹവും പ്രതീക്ഷയും

ധ്യാനം:– കഫാർന്നാം നഗരത്തിന്റെ കോട്ടവാതുക്കൽവച്ചു് കുഷ്ഠരോഗിക്കു സിദ്ധിച്ച അത്ഭുതകരമായ രോഗശമനം ആ പട്ടണത്തിൽ ഒരു വലിയ കാവൽ സൈന്യത്തിന്റെ അധിപനും പ്രകാശം നൽകി. അയാൾ വിജാതിയനായിരുന്നെങ്കിലും ഈശോ സൃഷ്ടികളുടെ നാഥനാണെന്നു വിശ്വസിച്ചു. അവിടുന്നു പട്ടണത്തിനു സമീപം ഉണ്ടെന്നു കേട്ടപ്പോൾ അയാൾ യഹൂദപ്രമാണികളെ അയച്ചു് അത്യാസന്നമരണനായിക്കിടക്കുന്ന തന്റെ ഭൃത്യനെ സുഖപ്പെടുത്തണമെന്നു യാചിപ്പിച്ചു. അവർ പറഞ്ഞു: "അങ്ങുനതു് ഇതു് ചെയ്തുകൊടുക്കുന്നതിനു് അവൻ അർഹനാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. ഞങ്ങൾക്കായി ഒരു ജപാലയവും അവൻ പണിയിച്ചിട്ടുണ്ടു്." (ലൂക്കാ. 7. 4, 5.)

പ്രായോഗികചിന്ത:– കേവലം ഒരു അവിശ്വാസിയായിരുന്ന ഈ ശതാധിപൻ ഇത്രയേറെ സ്നേഹവും താല്പര്യവും കാണിച്ചതു ഒരു സംബന്ധിയുടേയോ സ്നേഹിതന്റേയോ പേരിലല്ല. ഒരു വെറും ഭൃത്യന്റെനേക്കാണു് എന്നുനാം ഓർക്കണം. സജീവവും ഉദാരവുമായ പരസ്നേഹത്തിന്റെ ഒരു മാതൃകയായിരുന്നു ഇതു്. വളരെ ധനം വ്യയംചെയ്തു ചികിത്സകരെ നടത്തിയിട്ടും ആ ഭൃത്യനു് സുഖം ലഭിക്കാതിരിക്കയിലാണു് ഈശോയെക്കുറിച്ചുള്ള ശ്രുതി അയാൾ കേട്ടതു്. സ്വജാതീയരുടെ അവജ്ഞയും അവഹേ

ളനവും വകവയ്ക്കാതെ അയാൾ ഉടനെ ഈശോയുടെ സാഹായ്യം അഭ്യർത്ഥിക്കുകയായി. അയാളുടെ പരസ്നേഹം സ്വാർത്ഥരഹിതവുമായിരുന്നു. റോമാക്കാരനെന്ന നിലയിൽ അയാളെ വിദ്വേഷിക്കുകയും അയാളുടെ അധികാരത്തോട് പലപ്പോഴും എതിർക്കുകയും ഖണ്ഡംക്രുദ്ധകയും ചെയ്തിരുന്ന യഹൂദ ജനതതിക്കായിരുന്ന അയാൾ സ്വന്തംചെലവിൽ ഒരു ജപാലയം പണിയിച്ചു കൊടുത്തത്. പരസ്നേഹത്തിന്റെ പ്രകൃത്യതീതമായ വൈശിഷ്ട്യവും അതിനു നമ്മെ പ്രേരിപ്പിക്കുന്ന കാരണങ്ങളും അറിഞ്ഞിട്ടില്ലാതിരുന്ന ഒരു അവിശ്വാസി തന്റെ ഭൃത്യന്റെനേരെയും അന്യജാതിയരുടെനേരെയും ഇത്ര പരമാത്ഥമായ സ്നേഹം കാണിച്ചെങ്കിൽ പ്രകൃത്യതീതങ്ങളായ ദാനങ്ങളും പ്രകാശങ്ങളും സ്വീകരിച്ചിരിക്കുന്ന നാം മിശിഹായിൽ നമ്മുടെ സഹോദരങ്ങളായിരിക്കുന്നവരുടെ നേരെ കാണിക്കേണ്ട സ്നേഹം ഏതു വിധമായിരിക്കണം? അതു സ്വപരിത്യാഗത്തിലും ക്ഷമയിലും ഔദാര്യത്തിലും ഇതിനേക്കാൾ കുറഞ്ഞതാകുന്നു എങ്കിൽ ലജ്ജാവഹമായിരിക്കും.

സ്നേഹപ്രകരണങ്ങൾ:— നമ്മെ പരിത്യജിച്ചുകൊണ്ട് ഇതരന്മാരെ സ്നേഹിപ്പാൻ വേണ്ട ദൈവസഹായം പ്രാത്ഥിക്കുക.

പ്രതിജ്ഞ:— നമ്മുടെ സഹോദരന്മാരുടെ നേരെ, എന്നല്ല നമ്മുടെ കീഴുള്ളവരുടെനേരെയും, സ്വഭാവം ഉപചാരം ഉപവി എന്നിവ പ്രദർശിപ്പിക്കുവാൻ പരിശ്രമിക്കുക.

രണ്ടാംവകുപ്പ്

ശതാധിപന്റെ വിനയവും വിശ്വാസവും.

ധ്യാനം:— പിന്നെ യേശു "കഫർണാമിലേയ്ക്ക്" കടന്നപ്പോൾ ശതാധിപൻ അദ്ദേഹത്തിന്റെ അടുത്തുവന്ന് അപേക്ഷിച്ചു, പറഞ്ഞതാവിത്: കർത്താവെ, എന്റെ ഭൃത്യൻ പക്ഷവാതം പിടിച്ചു വീട്ടിൽകിടക്കുന്നു വല്ലാതെ കഷ്ടപ്പെടുന്നു. അപ്പോൾ യേശു: ഞാൻ വന്നു അവനെ സുഖപ്പെടുത്താം എന്നു അയാളോടു അരുളിച്ചെയ്തു. അതിനു ശതാധിപൻ ഇങ്ങനെ പ്രത്യുത്തരം പറഞ്ഞു: കർത്താവെ, അങ്ങു് എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല, അങ്ങു ഒരു വചനം മാത്രം അരുളിച്ചെയ്യുക, എന്നാൽ എന്റെ ഭൃത്യൻ സുഖം

പ്രാപിച്ചുകൊള്ളും, എന്തുകൊണ്ടെന്നാൽ ഞാൻ അധികാരത്തിന്നധീനനായ ഒരു മനുഷ്യനാകുന്നു. എന്റെ കീഴിൽ ഭടന്മാരുമുണ്ടു്, ഒരുവനോട പോകുക എന്നു ഞാൻ പറയുന്നു. അപ്പോൾ അവൻ പോകുന്നു. മറെറാരുവനോടു: വരികയെന്നു, അപ്പോൾ അവൻ വരുന്നു. എന്റെ ദാസനോടു് ഇതു ചെയ്യു എന്നു് ഞാൻ പറയുന്നു. അവൻ ചെയ്യുന്നു." (മത്തേ. 8. 5—9.) അല്പാധികാരം മാത്രമുള്ള എന്റെ വചനങ്ങളെ എന്റെ കീഴുള്ളവർ അനുവർത്തിക്കുന്നു, എന്നിരിക്കെ സർവ്വലോകാധിപതിയായിരിക്കുന്ന അങ്ങു് ഒരു വചനംമാത്രം അരുളിച്ചെയ്യുന്നപക്ഷം എന്റെ ഭൃത്യന്റെ രോഗം നീങ്ങാതിരിക്കുമോ? ഇപ്രകാരം എന്റെ ഭൃത്യൻ സുഖംപ്രാപിക്കുന്നതിന്നു് അങ്ങയുടെ ഒരു വചനം മാത്രം മതി എന്നാകുന്നു അവൻ ഉണർത്തിച്ചതു്.

പ്രായോഗികചിന്ത:— ഈ സുവിശേഷവാക്യങ്ങളെ വായിക്കുമ്പോൾ ദേവവരത്താൽ പ്രേരിതനായി ആത്മികപ്രകാശം പ്രാപിച്ച ഈ ശതാധിപനെപ്പററി നാം വിസ്മയിക്കുന്നു. അവന്റെ എളിമയും വിശ്വാസവും എത്ര മഹത്തരവും സുദൃഢവുമായിരുന്നു! അപ്രകാരംതന്നെ അവന്റെ നിഷ്കപടതയും ക്രിസ്തുവിലുള്ള പ്രത്യാശയും അവണ്ണനീയവുമായിരുന്നു. അവൻതന്റെ സങ്കടം ഈശോയെ ബോധിപ്പിക്കുന്നു. ദിവ്യരക്ഷകന്റെ ശക്തിയേയും കരുണയേയും കുറിച്ചുള്ള ബോദ്ധ്യം തന്റെ അപേക്ഷ സാധിക്കും എന്ന പൂർണ്ണധൈര്യം അവനു നൽകി. നാം പ്രാർത്ഥിക്കുമ്പോൾ ഇപ്രകാരമുള്ള വിശ്വാസവും ശരണവും നമ്മിൽ ഇല്ലാതെ ആയിപ്പോകുന്നതിന്നു കാരണമെന്തു്? ഇതു നമ്മുടെ അനർഹതയെക്കുറിച്ചുള്ള സ്മരണയാണെന്നു നാം പറയും. എന്നാൽ ഇതു് ആ ശതാധിപനിലും ഉണ്ടായിരുന്നില്ലെ? അയാളിൽ അതു് ഗാഢമായി പതിഞ്ഞിരുന്നു. എന്നാൽ അതിലും ശക്തിയായിരുന്നു ഈശോയുടെ കരുണാതിരേകത്തിലും സർവ്വശക്തതയിലും അയാൾക്കുണ്ടായിരുന്ന വിശ്വാസം. നമ്മിൽ ഈ അറിവു വേണ്ടവിധം ഇല്ല. ഇതിനാലാണു് വിശ്വാസവും പ്രത്യാശയും നമ്മിൽ ഇത്ര കുറവായിരിക്കുന്നതു്.

സ്നേപ്രകരണങ്ങൾ:— ദിവ്യരക്ഷകന്റെ ശക്തിയെയും കരുണയേയും നന്നായി അറിഞ്ഞു സ്നേഹത്തോടും പ്രത്യാശയോടുംകൂടെ അവിടുത്തെ സമീപിക്കുവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പരിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനു ഒരുങ്ങുമ്പോൾ, ക്ഷീണിച്ചു തളർന്നിരിക്കുന്ന നിന്റെ ഹൃദയത്തിൽ എഴുന്നള്ളിവരുവാൻ പോകുന്നതു് ആരെന്നും എന്തിനായി എഴുന്നരുളി വരുന്നു എന്നും നിന്നോടുതന്നെ ചോദിക്കുക. അതേ സമയം തന്നെ "ഞാൻ വന്നു നിന്നെ സുഖപ്പെടുത്താം" എന്നു് ഈശോ അരുളിച്ചെയ്യുന്നതു ശ്രവിക്കുകയും ചെയ്യുക.

മൂന്നാംവകുപ്പു

ശതാധിപനു ലഭിച്ച പ്രതിഫലം

ധ്യാനം:— മുകളിൽപ്രസ്താവിച്ച ലക്ഷണങ്ങളോടുകൂടെ ശതാധിപൻ ചെയ്ത പ്രാർത്ഥന ഈശോയെ വളരെ പ്രസാദിപ്പിച്ചു. ഇതിനാൽ അവിടുന്നു ആശ്ചര്യപ്പെട്ടു, തന്റെ പിന്നാലെ ചെന്നിരുന്നവരോടു അരുളിച്ചെയ്തു. ഇത്രവലിയ വിശ്വാസം ഇസ്രായേലിൽ ഞാൻ കണ്ടിട്ടില്ല, എന്നു സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. പിന്നെ അവിടുന്നു ശതാധിപനോടു: നീ പോയ്ക്കൊള്ളുക. നീ വിശ്വസിച്ചപ്രകാരം നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. തൽസമയം തന്നെ ഭൃത്യൻ സുഖംപ്രാപിക്കുകയും ചെയ്തു. (മത്തേ. 8. 10, 13.) ഇതാകുന്നു ശതാധിപനു സിദ്ധിച്ച സമ്മാനം. അവന്റെ ഭൃത്യൻ പെട്ടെന്നു പൂർണ്ണസുഖം പ്രാപിച്ചു. ശതാധിപനൊ ഈശോയുടെ വലിയ സ്തുതിക്കു അർഹനായി. ആ സ്തുതി ലോകത്തിൽ അക്ഷയമായി നിലനിൽക്കുകയും ചെയ്യുന്നു. അന്നു വിശ്വാസത്തോടും വിനയത്തോടുംകൂടെ അയാൾ പറഞ്ഞ ആ വാക്കുകൾതന്നെ വൈദികരും വിശ്വാസികളും പരിശുദ്ധകുർബാന സ്വീകരിക്കുന്ന സമയം നിത്യവും ആവർത്തിച്ചുകൊണ്ടു അയാളുടെ കീർത്തിയെ നിലനിറുത്തുന്നു.

പ്രായോഗികചിന്ത:— ദൈവം തന്റെ ശുശ്രൂഷകരുടെ നേരെ കാണിക്കുന്ന അനുകമ്പയേയും കരുണയേയും കുറിച്ചു് അങ്ങയെ പുകഴ്ത്തുക. ഈ കരുണയ്ക്കു സാക്ഷികളും നാംതന്നെയാണു്. അതിനാൽ നമ്മെത്തന്നെ അങ്ങയ്ക്കു നിത്യബലികളായി സമർപ്പിച്ചുകൊണ്ടു അവിടുത്തോടു കൃതജ്ഞത പ്രകടിപ്പിക്കുക.

സംരക്ഷണം:— വിശുദ്ധ മരിയമദ്ദലേനയോട് സംരക്ഷണം ചെയ്യുക. ഈ വിശുദ്ധയുടെ നേരെ നമ്മുടെ കർത്താവു കാണിച്ചിരിക്കുന്ന കരുണ അവർണ്ണനീയമാകുന്നു (ഇന്നു് ഈ വിശുദ്ധയുടെ തിരുനാൾ ആചരിക്കുന്നു.)

ഇരുപത്തിമൂന്നാം തിയ്യതി

വിശ്വാസത്തെക്കുറിച്ചു.

പ്രാരംഭം 1. നീ വിശ്വസിച്ചപ്രകാരം നിനക്കു ഭവിക്കട്ടെ എന്നു ഈശോ ശതാധിപനോട് അരുളുന്നതു ആത്മനാ ശ്രവിക്കുക. (മത്തേ. 8. 13,)

2. ഈ ധ്യാനത്തിന്റെ ഫലമായി വിശ്വാസത്തിൽ വലിയ വർദ്ധനവു പ്രാപിക്കാൻ പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

വിശ്വാസത്തിന്റെ സ്വഭാവവും അതിന്റെ ആവശ്യകതയും.

ധ്യാനം:— ക്രിസ്തീയ പുണ്യങ്ങളിൽവച്ചു വിശ്വാസം ഒന്നാമത്തേതും സകലത്തിന്നും അടിസ്ഥാനവുമാണു്. ഇതിന്റെ പ്രകാശനം വഴിയായിട്ടാണു് നാം ദൈവത്തേയും അവിടത്തെ അപരിമിതമായ ഗുണങ്ങളേയും, തിരുഹിതത്തേയും അവിടുന്നു് ഇഹത്തിലും പരത്തിലും നമുക്കായി നിയമിച്ചിരിക്കുന്നവയേയും അറിയുന്നതു്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ അസാദ്ധ്യമാണു് (എബ്രാ. 11. 6.) എന്നു വിശുദ്ധ പൗലോസ് പറയുന്നു. ഇതിനാൽ വിശ്വാസം കൂടാതെ സ്വഭാവാതീതമായതും സ്വർഗ്ഗത്തിൽ വിലയുള്ളതുമായ യാതൊരു സൽപ്രവൃത്തിയും ചെയ്യുവാൻ സാധിക്കുകയില്ല. ആകയാൽ കഴിയുന്നതും വേഗത്തിൽ നാം സ്വഭാവാതീതജീവിതം ആരംഭിക്കുന്നതിന്നു ജ്ഞാനസ്നാനം വഴിയായി ശൈശവത്തിലെന്നെ വിശ്വാസം എന്ന മഹാദാനം നമുക്കു നൽകപ്പെട്ടുന്നു.

എന്നാൽ ഇതു് വിശുദ്ധ പൗലോസ് പറയുന്നതുപോലെ നമ്മുടെ സ്വന്തം യോഗ്യതകൊണ്ടല്ല പ്രാപിക്കുന്നതു്, നല്ല ദൈവത്തിന്റെ ദാനമാകുന്നു. (എഫേ. 2. 8.)

പ്രായോഗികചിന്ത:— വിശ്വാസം സകല പുണ്യങ്ങളുടേയും അടിസ്ഥാനമാകയാൽ ഇതു നമ്മിൽ എത്ര ഗാഢമായി വേരുന്നുകയും എത്ര സജീവമായി പരിലസിക്കുകയും ചെയ്യുമോ അത്രയ്ക്കു വിശിഷ്ടങ്ങളായിരിക്കും നമ്മുടെ മറ്റു പുണ്യങ്ങളും. അതുകയാൽ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവാൻ കഴിയുന്ന പരിശ്രമമെല്ലാം നാം ചെയ്യണം. ഇതു നമ്മുടെ അർഹതകൊണ്ടോ പരിശ്രമംകൊണ്ടോ അല്ല ഉത്ഭവിക്കുന്നതെങ്കിലും ലബ്ധമായശേഷം അതിനെ അഭിവൃദ്ധിപ്പെടുത്തുവാൻ നമ്മുടെ പരിശ്രമം കൂടിയേതീരൂ. 1. വിശുദ്ധ അപ്പോസ്തോലന്മാർ ചെയ്തപോലെ കർത്താവെ ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചുതരേണമെ. (ലൂക്കാ. 17. 5) എന്നു പ്രാർത്ഥിക്കുകയും, ജപദ്ധ്യാനങ്ങൾ വഴിയായി ഇതിനെ വർദ്ധിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുക. 2. അതുപൊലെതന്നെ ഈ പുണ്യത്തിന്റെ പ്രകരണങ്ങളെ ആവർത്തിക്കുന്നതും സകല പ്രവൃത്തികളും വിശ്വാസത്തിന്റെ അരൂപിയിൽ നിവർത്തിച്ചുവരുന്നതും ഇതിൽ വർദ്ധനവു പ്രാപിക്കുന്നതിനുള്ള വേറൊരു മാർഗ്ഗമാണ്. ഇങ്ങനെ നാം ചെയ്യുന്നതായാൽ നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു. (എബ്രാ. 10. 38) എന്ന വേദവാക്യാനുസരണം നമ്മുടെ ജീവിതം വിശ്വാസത്തിന്റെ ജീവിതമായിരിക്കും. അതുകയാൽ ദൈവസാന്നിദ്ധ്യസ്മരണ നമ്മിൽ എപ്പോഴും നിലനിറുത്തുവാനും അതു നമ്മുടെ ജീവിതത്തെ ഭരിക്കുവാൻ ഇടവരുത്തുവാനും ശ്രമിക്കുക. ഇതു നമ്മിൽ ഗാഢമായി പതിഞ്ഞിരുന്നാൽ നാം ഒരിക്കലും പാപം ചെയ്യുകയില്ല. ഇതു വഴിയായി നമ്മുടെ പ്രാർത്ഥനകളും ധ്യാനങ്ങളും ഫലപ്രദങ്ങളായി ഭവിക്കും. നാം പുണ്യാഭിവൃദ്ധി പ്രാപിക്കും. വ്യാപാരങ്ങളിൽ വിനയവും സൂക്ഷ്മവും, പ്രലോഭനങ്ങളിൽ ധൈര്യവും ശക്തിയും ഇതു നമുക്കു പ്രദാനം ചെയ്യും. ചെറിയ കാര്യങ്ങളിൽപോലും വലിയ സൂക്ഷ്മവും തീക്ഷ്ണതയും പരിശുദ്ധ നിയോഗവും നമുക്കുണ്ടാകും. ചുരുക്കിപ്പറയാം: നാം വിശുദ്ധരെപ്പോലെ വ്യാപരിക്കുകയും വിശുദ്ധരുടെ സമ്മാനത്തിനു അർഹരായിത്തീരുകയും ചെയ്യും.

സ്നേഹപ്രകരണങ്ങൾ:— നിന്നിൽ വിശ്വാസം വർദ്ധിപ്പിക്കുവാനും അവിടുത്തെ തിരുസാന്നിദ്ധ്യത്തിന്റെ സ്മരണ സദാ നിന്നിൽ ഗാഢമായി പതിക്കുവാനും വിശുദ്ധ അപ്പോസ്തലന്മാരെപ്പോലെ, അപേക്ഷിക്കുക.

പ്രതിജ്ഞ:— ദൈവം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു എന്ന വിചാരം വളരെ പ്രയോജനകരമാകയാൽ ഇതിന്റെ അഭ്യാസനം നിന്നിൽ ഉണ്ടൊ എന്ന വിഷയത്തിൽ പ്രത്യേകം ആത്മശോധന ചെയ്യുക.

രണ്ടാം വകുപ്പു

വിശ്വാസത്തിന്റെ ശ്രേഷ്ഠതയും പ്രയോജനവും.

ധ്യാനം:— വിശ്വാസം നമ്മെ ഭൂമിക്കും ആകാശമണ്ഡലത്തിനും മേലായി ഉയർത്തുന്നു. പഞ്ചേന്ദ്രിയങ്ങളൊ ബുദ്ധിശക്തിതന്നെയൊ എത്താത്ത അത്യന്നത മാർഗ്ഗങ്ങളിലൂടെ അതു നമ്മെ നയിക്കുന്നു. നമ്മുടെ നോക്കെത്താത്ത സ്വർഗ്ഗീയകായ്ച്ചകളിലേയ്ക്കു", എന്നല്ല ദൈവിക പരിപൂർണ്ണതയിലേയ്ക്കുതന്നെ, നമ്മെ നയിക്കുന്നതു വിശ്വാസമാണു". ഇതു ഭാവിയിൽ നമുക്കു സിദ്ധിപ്പാനിരിക്കുന്ന നമ്മുടെ സ്വദേശത്തിന്റെ, സ്വർഗ്ഗത്തിന്റെ, ജ്യോതിസ്സും അലങ്കാരവും സൗന്ദര്യവും മഹിമയും ഒക്കെത്തന്നെ നമ്മെ കാണിക്കുന്നു. നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും അന്വേഷണങ്ങളെല്ലാം വിശ്വാസം വഴിയായി ഉന്നതവും ശ്രേഷ്ഠവുമായിത്തീരുന്നു. അനിത്യമായവയെല്ലാം പരിത്യജിച്ചു സ്വർഗ്ഗീയ സമ്പത്തുകളെ ശേഖരിക്കണം എന്നിതല്ലാതെ മറെറാരു ആഗ്രഹവും നമുക്കില്ലാതെ ആയിത്തീരുന്നതു ഇതു വഴിയായിട്ടത്രെ. വിശ്വാസത്താൽ നാം നമ്മുടെ ബലഹീനതയും അസ്ഥിരതയും മേൽ ഉയരുകയും, അജയ്യരും പിശാചുക്കൾക്കു ഭീജനകരും ആയിത്തീരുകയും ചെയ്യുന്നു. ആദിമക്രൈസ്തവാനികളും അസംഖ്യം വേദസാക്ഷികളും നയം, ഭയം, ഞെരുക്കം, കാരാഗൃഹം, ദേശഭ്രഷ്ടു വിവിധ ബാധകളും എന്നല്ല മരണത്തെക്കൂടെയും ഭയപ്പെടാതെയിരിക്കുന്നതിനു ഇതിൽനിന്നു ശക്തിയും ധൈര്യവും പ്രാപിച്ചിരുന്നെന്നു വിശുദ്ധ പൌലോസ് പറയുന്നു. ഈ ഗുണങ്ങൾതന്നെ വിശ്വാസത്തിൽനിന്നു നമുക്കും പ്രാ

പിക്കാം. വിശ്വാസം വഴിയായി നമ്മുടെ ഏറ്റവും സാധാരണ തരത്തിലുള്ള പ്രവൃത്തികളും ക്രൂടെയും ദൈവത്തിനുമുമ്പാകെ ഉത്തമങ്ങളും യോഗ്യതാപരങ്ങളുമായിത്തീരുന്നു.

പ്രായോഗികചിന്ത:— ഈ വിചാരത്താൽ പ്രവൃത്തിയിലും വിശ്രമജീവിതത്തിലും പ്രത്യക്ഷപ്പെടുന്ന സജീവവിശ്വാസം നിന്നിൽ വളരുകയും ശോഭിക്കുകയും ചെയ്യേണമെന്നുള്ള ആശ നിന്നിൽ ജ്വലിക്കാതിരിക്കുകയില്ല. നിന്റെ പ്രവൃത്തികളും നിന്റെ വിശ്വാസത്തിനു് എത്ര അനുയോജ്യമായിരിക്കുമോ അത്ര വലുതായിരിക്കും വിശ്വാസത്തോടു നിനക്കുള്ള മതിപ്പും, നിന്നിലുള്ള വിശ്വാസത്തിന്റെ അളവും. നിങ്ങൾ വിശ്വാസത്തിലിരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിച്ചുനോക്കുവിൻ എന്നു വിശുദ്ധ പൗലോസു് എഴുതിയിരിക്കുന്നു. (2. കോറി. 13. 5) ആകയാൽ നീ വിശ്വസിക്കുന്നതും നിന്റെ പ്രവൃത്തിയും തമ്മിൽ വല്ല വൈപരീത്യവുമുണ്ടോ എന്നുനോക്കുക. നശ്വരമായ ഈ ശരീരസംരക്ഷണത്തിനു വേണ്ടതിനേക്കാൾ നൂറിരട്ടിയായ സൂക്ഷ്മം അനശ്വരമായ നിന്റെ ആത്മാവിനെക്കുറിച്ചു വേണ്ടതാണു് എന്നു നീ വിശ്വസിക്കുന്നു. എന്നാൽ നിന്റെ പ്രവൃത്തി നിന്റെ ഈ വിശ്വാസത്തിനു തീരെ വിപരീതമല്ലയോ? ദൈവം നിന്നെ സദാ ദർശിക്കുകയും, നീ ചെയ്യുന്നതെല്ലാം ഉറ്റു സൂക്ഷിക്കുകയും നിന്റെ ഹൃദയത്തിലുള്ള ഏറ്റവും നിഗൂഢ രഹസ്യങ്ങൾപ്രകടെ അറിയുകയും, ചെയ്യുന്നെന്നു നീ വിശ്വസിക്കുന്നു; എങ്കിലും നീ തനിയെ ആയിരിക്കുമ്പോൾ നിന്റെ കുറ്റങ്ങൾ കള്ളം, ഉപേക്ഷ, വീഴ്ചകൾ, വ്യർത്ഥവിചാരങ്ങൾ എന്നിവ ആരും കാണുന്നില്ലെന്നവിധം നീ വർത്തിക്കുന്നില്ലയോ? ഇന്ദ്രിയനിഗ്രഹവും, ഏകാന്തതയും വഴിയായി സിദ്ധിക്കുന്ന ജ്വലധ്യാനാത്മകമായ ക്രൂടാതെ ഒരു യഥാർത്ഥ സന്ന്യാസിയാകാൻ സാധിക്കയില്ല എന്നു നീ വിശ്വസിക്കുന്നു; എങ്കിലും നീ ധ്യാനത്തിനുള്ള ഒരുക്കത്തിൽ സൂക്ഷ്മവും താല്പര്യവും ക്രൂടാതിരിക്കുകയും, ഇന്ദ്രിയനിഗ്രഹവും ഏകാന്തതയും തീരെ ഉപേക്ഷിച്ചുകളകയും ചെയ്യുന്നില്ലയോ? നിന്നെത്തന്നെ പരിശോധിച്ചു നീതന്നെ വിധിക്കുക. മേലിൽ ഏതു പ്രകാരം വ്യാപരിക്കണമെന്നു് നിശ്ചയിക്കുകയും ചെയ്യുക.

സംക്ഷേപം:- നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിങ്കൽ നിന്നെത്തന്നെ കുറെപ്പെട്ടുത്തുക, താഴ്ത്തുക, നിന്റെ കുറ ങ്ങളെക്കുറിച്ചു ക്ഷമാപണം ചെയ്യുക. നിന്റെ നല്ല പ്രതിജ്ഞ കളെ അങ്ങേയ്ക്കു കാഴ്ചവച്ചു അവയെ വിശ്വസ്തതയോടെ നിവ ർത്തിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ജൂലൈ ഇരുപത്തിനാലാം തിയ്യതി

ഈശോ നായിം നഗരത്തിലെ വിധവയുടെ പുത്രനെ ഉയിർപ്പിക്കുന്നു.

പ്രാരംഭം:- 1. സംസ്കാരത്തിന്നായി കൊണ്ടുപോകുന്ന ഏക പുത്രന്റെ ശവമഞ്ചത്തെ ആ തള്ള അനുഗമിക്കുന്നതും, ഈശോ അവനെ ഉയിർപ്പിച്ചു് അവർക്കു് ഏല്പിക്കുന്നതും അനുസ്മരിക്കുക.

2. നമ്മുടെ കർത്താവിന്റെ സർവ്വശക്തിയിലും കരുണയിലും അതിയായ പ്രത്യാശ ജനിക്കുന്നതിന്നു വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ഈശോ ആ പ്രേതമഞ്ചത്തിന്നു എതിരെ ചെല്ലുന്നു.

ധ്യാനം:- ഈശോ അങ്ങേക്കരുണയാൽ കഷ്ടരോഗിക്കും ശതാധിപന്നുമായി ചെയ്ത വിസ്മയജനകമായ ആ അത്ഭുതങ്ങളുടെശേഷം അവിടുന്നു അതിനേക്കാൾ വിസ്മയകരമായ മറെറാരു അത്ഭുതംകൂടെ ചെയ്തു. അതു, സംസ്കരിക്കുന്നതിനു കൊണ്ടുപോയിരുന്ന ഒരുവനെ പുനർജ്ജീവിപ്പിച്ചതായിരുന്നു. ഇതിനെക്കുറിച്ചു വിശുദ്ധ ലൂക്കാസ് എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: ഇവയുടെശേഷം അദ്ദേഹം നായിം എന്നു വിളിക്കപ്പെടുന്ന പട്ടണത്തിലേക്കു പോയി. സച്ശിഷ്യന്മാരും വളരെ പുരുഷാരവും അദ്ദേഹത്തിന്റെകൂടെ പോയിരുന്നു. അദ്ദേഹം

പട്ടണദ്വാരത്തിനു സമീപിച്ചപ്പോൾ അതാ തന്റെ മാതാവിനു ഏകപുത്രനായിരുന്ന ഒരുവൻ മരിച്ചിട്ട (സംസ്കാരത്തിനായി) പുറത്തെയ്ക്ക് ആനയിക്കപ്പെട്ടിരുന്നു. അവളാകട്ടെ വിധവയായിരുന്നു. നഗരിയിലെ വളരെ പുരുഷാരവും അവളോടുകൂടെയുണ്ടായിരുന്നു. (ലൂക്കാ. 7. 11. 12)

പ്രായോഗികചിന്ത:— ചിത്രംപോലെ നമ്മുടെ ദൃഷ്ടികൾക്കു വിഷയീഭവിച്ചിരിക്കുന്ന ഈ സംഭവം നമ്മുടെ ബുദ്ധിയെ തെളിക്കുകയും മനസ്സിനെ ധൈര്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. ഐഹികസമ്പാദ്യങ്ങൾ, സുഖം സന്തോഷങ്ങൾ ആദിയായവയെ, തങ്ങളുടെ ഭാഗ്യവും ആലംബവും ആയി മനുഷ്യർ കരുതുന്നതു് എത്ര വലിയ മൗഢ്യമാണെന്നു് ഇവിടെ പ്രത്യക്ഷമാകുന്നു. തന്റെ മാതാവിനോടുകൂടെ സുഖിച്ചുവാഴേണ്ടതായിരുന്ന ഒരു സ്ത്രീ ഇതാ അവളുടെ യൌവനദശയിൽതന്നെ വിധവയായിത്തീർന്നിരിക്കുന്നു! അവളുടെ സന്തോഷദിനങ്ങൾ തുടങ്ങിയതിനോടുകൂടെ അത്ര ദുഃഖനാളുകളായി പകർന്നുപോയി. പിന്നെ അവർക്കു ശേഷിച്ചിരുന്ന ഒരേ ഒരു ആശ്വാസവിഷയം അവളുടെ മാതാവിന്റെ പ്രതിമപോലെയായിരുന്ന ഏകസന്താനമായിരുന്നു. അവൻ വഴിയായി തന്റെ കുടുംബത്തിനു് ഉണ്ടാകുമെന്നു പ്രതീക്ഷിച്ച ശോഭനമായ ഭാവിയെ ധ്യാനിച്ചു് അവർ സന്തോഷത്തിൽ കാലം കഴിക്കയായിരുന്നിരിക്കാം. എന്നാൽ അഹോ ദുഃഖം! അവളുടെ മനോരാജ്യം ശിഥിലമാകുന്നു. അവളുടെ സന്തോഷം സന്താപമായി പരിണമിക്കുന്നു. മരണം അപ്രതീക്ഷിതമായവിധം സകല പ്രത്യാശകളെയും കെടുത്തിക്കളഞ്ഞു. ലോകഗതിയുടെയും ലോകത്തെ ആശ്രയിക്കുന്നവർക്കുണ്ടാകുന്ന അനുഭവത്തിന്റെയും ഒരു ദൃഷ്ടാന്തമാണിതു്.

സ്നേഹപ്രകരണങ്ങൾ:— ക്ഷണഭംഗുരങ്ങളായ ലൗകിക നന്മകളെ അവഗണിച്ചു നിത്യമായ സ്വർഗ്ഗീയ നന്മകൾക്കു് നീ അവകാശിയാകുവാൻവേണ്ടി, സന്ന്യാസാന്തസ്സിലേക്കു ദൈവം നിന്നെ വിളിച്ചതിനെക്കുറിച്ചു ഹൃദയപൂർവ്വം സന്തോഷിക്കുകയും പൂർണ്ണഹൃദയത്തോടെ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— നമുക്കു ലഭിച്ച ദൈവവിളി എന്ന അനർഘദാനത്തിനു അനുയുക്തമായവിധം ജീവിച്ചുകൊണ്ടു് നമ്മുടെ നന്ദി പ്രകാശിപ്പിക്കാൻ ശ്രമിക്കുക.

LUTHERAN COLLEGE LIBRARY 28045

രണ്ടാം വകുപ്പ്

ഈശോ അതീവ്രചിത്തനായി മരിച്ചവനെ ഉയർപ്പിക്കുന്നു.

ധ്യാനം:– ഈശോയും അങ്ങയെ അനുഗമിച്ചിരുന്നവരും പട്ടണവാതിൽക്കൽ ചെന്നപ്പോൾ പ്രേതത്തെ സംസ്കരിക്കാൻ കൊണ്ടുപോയിരുന്നവരും അവിടെ എത്തി. ഇതുകണ്ടു ഈശോയോട്ടുകൂടെ ഉണ്ടായിരുന്നവർ നിശ്ശബ്ദരായിനിന്നു. ആശ്വാസരഹിതയായി പ്രലപിച്ചുകൊണ്ടിരുന്ന തള്ളയോട് "നീ കരയേണ്ട" എന്നു ഈശോ കരുണാതിരേകത്തോടെ അരുളിച്ചെയ്തു. പിന്നെ അവിടുന്നു അടുത്തുചെന്നു ശവമഞ്ചത്തെ തൊട്ടു. അപ്പോൾ അതു വഹിച്ചിരുന്നവർ നിന്നു. അനന്തരം ഈശോ ജീവനും മരണത്തിനും കർത്താവു് എന്ന നിലയിൽ പറയുന്നു: ബാലകാ ഞാൻ നിന്നോടു പറയുന്നു, എഴുന്നേല്ക്കുക. ഉടനെ മരിച്ചവൻ എഴുന്നേറിരുന്നു സംസാരിക്കാൻതുടങ്ങി. അവിടുന്നു് അവനെ അവന്റെ മാതാവിനു നൽകുകയും ചെയ്തു." (ലൂക്കാ. 7, 13, 14, 15.)

പ്രായോഗികചിന്ത:— തന്റെ സഹായം അഭ്യർത്ഥിക്കപോലും ചെയ്യാത്ത ഒരു വിജാതീയസ്ത്രീയോടാണു് അവിടുന്നു ഇത്ര വലിയ കരുണ കാണിച്ചതെന്നു് ഓർക്കുക. ഇങ്ങനെ ആലോചിക്കുമ്പോൾ നിന്റെ അധൈര്യത്തിനും നിരാശയ്ക്കും കാരണം അവിടുത്തെ പേരിലുള്ള നിന്റെ പ്രത്യാശയുടെയും ആശ്രയബുദ്ധിയുടെയും പോരായ്കയാണെന്നു് നിനക്കു മനസ്സിലാകും. നീ പലപ്പോഴും സംശയിക്കുന്നില്ലെ? "മുമ്പു് എനിക്കുണ്ടായിരുന്ന ഭക്തിയും ശുഷ്കാന്തിയും പുനർജ്ജീവിപ്പിക്കുവാനായി ഞാൻ എത്രതന്നെ പ്രയത്നിച്ചിട്ടും സാധിക്കുന്നില്ല. എന്റെ ഇന്ന ഇന്ന സ്നേഹിതരെ, അഥവാ, രോഗികളെയും മരിക്കുകതരെയും,മാനസാന്തരപ്പെടുത്താൻ ഞാൻചെയ്യുന്ന പ്രയത്നങ്ങളെല്ലാം വിഫലങ്ങളാകുന്നു. ഇവ ദൈവത്തിന്റെ അത്ഭുതം കൊണ്ടല്ലാതെ മറുവിധത്തിൽ സാധിക്കുകയില്ല" എന്നിങ്ങനെ നീ ആവലാതിപ്പെടുന്നില്ലെ? എന്നാൽ ദൈവാനുഗ്രഹത്തിന്റെ ഈ അത്ഭുതം ലഭിക്കാനായി എന്തുകൊണ്ടു് നീ പ്രത്യാശാപൂർവ്വം പ്രാർത്ഥിക്കുന്നില്ല? അതു ലഭിക്കയില്ലെന്നു നീ എന്തിനു സംശയിക്കുന്നു? ശരീരത്തെ പുനർജ്ജീവിപ്പിച്ച ക്രിസ്തു ശരീരത്തെക്കാൾ വിലയേറിയ ആത്മാവിനെ പുനർജ്ജീവിപ്പിക്കുവാൻ മടി

ക്കുമെന്നോ? ഇതുഅവിടുന്നു ചെയ്കയില്ലെന്നു നീ വിചാരിക്കുന്നതുതന്നെ കരുണാനിധിയായ അവിടുത്തേയ്ക്കു മമ്മദോകമായിരിക്കും. പ്രസ്തുത യുവാവിന്റെ പുനരുത്ഥാനം പാപികളുടെ ആത്മാവുകളിൽ മിശിഹാ തന്റെ ശിഷ്യർ വഴിയായി വരുത്തുവാനിരുന്ന നിരവധി പുനരുത്ഥാനങ്ങളുടെ സാദൃശ്യമായിരുന്നു എന്നാണ് വേദപാരംഗതരിൽ പലരുടേയും അഭിപ്രായം. ക്രിസ്തുതന്നെയും ആ യുവാവിനു് ഈഅനുഗ്രഹം ലഭിച്ചതു് അവന്റെ അമ്മ നിമിത്തമാണു്. ആകയാൽ എന്തെങ്കിലും സാരമായ നന്മ ലഭിക്കാൻ നീ ആഗ്രഹിക്കുമ്പോൾ നിന്റെ സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകമറിയം വഴി അതു നീ അപേക്ഷിക്കണം. ഇപ്രകാരം നീ അപേക്ഷിക്കുമെങ്കിൽ നിന്റെ പ്രത്യാശ സാധിക്കും.

സ്തോത്രപ്രകരണങ്ങൾ:— ഇതുവരെ നിന്നിൽഉണ്ടായിട്ടുള്ള പ്രത്യാശക്കുറവിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— എന്തെങ്കിലും സാരമായ നന്മ ഈശോയോടു അപേക്ഷിക്കേണ്ടിവരുമ്പോൾ, കുരിശിൻ ചുവട്ടിൽ വ്യാകുലാധികയായിരുന്നുകൊണ്ടു നിന്നിരുന്ന ദിവ്യമാതാവിന്റെസങ്കടങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു അവിടുത്തെമദ്ധ്യസ്ഥതയിൽ ഞാൻ പ്രാർത്ഥിക്കും.

മൂന്നാം വകുപ്പു്

ജനസഞ്ചയം ഈശോയെ സ്തുതിക്കുന്നു.

ധ്യാനം:— ഈശോചെയ്ത ഈ അത്ഭുതം കണ്ടു് അവിടെയുണ്ടായിരുന്ന ജനങ്ങൾ ഭയവിഹ്വലരായി: ഒരു വലിയ ദീർഘദർശി നമ്മുടെയിടയിൽ ആവിർഭവിച്ചിരിക്കുന്നു. ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ സ്തുതിച്ചു. (ലൂക്കാ. 7. 16.)

പ്രായോഗികചിന്ത:— ദൈവം തന്റെ കരുണയുടേയും ശക്തിയുടേയും വിസ്മയാവഹങ്ങളായ അത്ഭുതങ്ങൾ സ്വാഭാവികവും സ്വഭാവാതീതവുമായ വിധങ്ങളിൽ സദാചെയ്യുവരുന്നുണ്ടു്. നാം ഇവകണ്ടു വ്യർത്ഥായിരിക്കുകയൊ കൗതുകാഗ്രഹത്തെ തൃപ്തിപ്പെടുത്തുകയൊ അല്ലാ വേണ്ടതു്. പ്രസ്തുത ജനത്തെപ്പോലെ ദൈവത്തെ സ്തുതിച്ചുകൊണ്ടു് അവിടുത്തെ നേർക്കു നമ്മു

ടെ നന്ദി കാണിക്കാൻ ശ്രമിക്കണം. ഈ കൃതജ്ഞതാപ്രകാശനം ഇതരന്മാരും ചെയ്യാനും ഇടവരുത്തണം. ഈ വിഷയത്തിൽ ഇതുവരെ നീ എങ്ങനെയാണു് വർത്തിച്ചിട്ടുള്ളതു്?

സംഭാഷണം:— പരിശുദ്ധ ദൈവജനനിയോടു സംഭാഷണം ചെയ്യുക.



ഇരുപത്തിഅഞ്ചാംതിയ്യതി

വിശുദ്ധ സ്നാപകയോഹന്നാൻ അയച്ച ദൂതു്.

പ്രാരംഭം 1. വിശുദ്ധ സ്നാപകയോഹന്നാൻ തടവിൽ ഇരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. ഈ വിശുദ്ധനുണ്ടായ അരിഷ്ടതയിൽ അദ്ദേഹം പ്രദർശിപ്പിച്ച ക്ഷമയും ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കവും ധൈര്യവും അനുകരിപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ബലഹീനായ വിശുദ്ധ സ്നാപകയോഹന്നാന്റെ ധ്യാനം.

ധ്യാനം:— കാരാഗൃഹത്തിൽവെച്ചു യോഹന്നാൻ ക്രീസ്തുവിന്റെ പ്രവൃത്തികളെ കേട്ടിട്ടു തന്റെ ശിഷ്യരിൽ രണ്ടുപേരെ അയച്ചു് അവിടുത്തോടു പറയിച്ചു: വരുവാനുള്ളവൻ നീയോ അഥവാ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കുകയോ? (മത്തേ, 11. 2, 3.) വിശുദ്ധ സ്നാപകയോഹന്നാൻ ദൂതന്മാരെ അയച്ചു് ഇങ്ങിനെ ചോദിപ്പിച്ചതെന്തിനു? ദൈവം അയക്കുമെന്നു വാഗ്ദാനം ചെയ്തിരുന്ന മെസിയാസ് ഈശോ തന്നെയാണൊ എന്നു് അറിയുന്നതിന്നായിരിക്കുമോ? അല്ല. ഇതിനെക്കുറിച്ചു് അദ്ദേഹത്തിന്നു യാതൊരു സംശയവുമുണ്ടായിരുന്നില്ല. ബലഹീനായി—നിരാശ്രയനായി—കിടന്നിരുന്ന തന്റെ അവസ്ഥ ഈശോയെ മനസ്സിലാക്കുവാൻ ആയിരിക്കുമോ? അതുമല്ല. എന്തെന്നാൽ നീതി നിമിത്തം പീഡിക്കപ്പെടുന്നവർ ഭാഗ്യവാന്മാരാകുന്നു എന്നു് അദ്ദേഹം അറിഞ്ഞിരുന്നു. ആകയാൽ തന്റെ

ശിഷ്യന്മാർ ഈശോയെ അറിയുന്നതിനും അവിടത്തെ അനുഗമിക്കുന്നതിനുംവേണ്ടി മാത്രമായിരുന്നു ഇങ്ങനെ ചെയ്തതെന്നു സില്ലാം.

പ്രായോഗികചിന്ത:— നാം പഠിക്കേണ്ടതായ എത്ര നല്ല പാഠങ്ങളാണ് ഇവിടെയുള്ളതു്! വിശുദ്ധ സ്നാപകയോഹന്നാൻ തന്റെ ജീവിതം മുഴുവനും നന്മ ചെയ്യുന്നതിന്നായി വിനിയോഗിച്ചിരുന്നു എങ്കിലും ഇപ്പോൾ അതാ സകലരാലും പരിത്യജിക്കപ്പെട്ട തടവിൽ ബദ്ധനായിരിക്കുന്നു. ഈശോപോലും അദ്ദേഹത്തെ വിസ്മരിച്ചുകളഞ്ഞു എന്നു തോന്നിപ്പോകും. യോഹന്നാൻ ഇതിനേക്കുറിച്ചൊന്നും ആവലാതിപ്പെടുന്നില്ല. അദ്ദേഹം അക്ഷമനോ ചഞ്ചലഹൃദയനോ ആകുന്നില്ല. ഈദൃശ സന്ദർഭങ്ങളിൽ എന്റെ സ്ഥിതി എന്താണു്? എന്റെ ഉദ്യമങ്ങളും വിഫലങ്ങളാകയോ ആശ്വാസരഹിതമായ ദുർഭാഗ്യത്തിൽ ഞാൻ അകപ്പെടുകയോ ചെയ്യുമ്പോൾ എന്റെ മനഃസ്ഥിതി എന്താണു്? അക്ഷമനായി ആവലാതിപ്പെടുകയും നിരാശയിൽ നിപതിക്കുകയുമല്ലേ ഞാൻ ചെയ്യുന്നതു്?

ഇതിൽനിന്നു പഠിക്കേണ്ട വേറൊരു സംഗതി കൂടെയുണ്ടു്: ബന്ധനസ്ഥജീവിതത്തിൽ ബാഹ്യവും ആഭ്യന്തരവുമായി അദ്ദേഹത്തിന്നനുഭവപ്പെട്ട ഉന്മാഹപീഡകളൊന്നും അദ്ദേഹത്തിന്റെ കേതീക്ഷ്ണതയെ മന്ദീഭവിപ്പിക്കുവാൻ പര്യാപ്തങ്ങളായില്ല. അദ്ദേഹം അവിടെയും തന്റെ കടമകളെ നിവർത്തിച്ചിരുന്നു. ഈ മനക്കരുത്തും വീരോചിതമായ സ്ഥൈര്യവും നിന്നിലുണ്ടോ? നിസ്സാരമായ അസ്വാസ്ഥ്യങ്ങൾപോലും നിന്നെ ഭീരുവും അലസനും കൃത്യബോധമില്ലാത്തവനുമാക്കുന്നില്ലെ? തദവസരങ്ങളിൽ ദൈവത്തോടും നിന്റെ സഹോദരങ്ങളോടും യാതൊരു കടമയും നിർവ്വഹിക്കാനില്ലാത്തവണ്ണമല്ലെ നീ വർത്തിക്കുന്നതു്? ഇതു പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— ലജ്ജയോടും മനസ്താപത്തോടും കൂടെ നിന്റെ കുറവുകളെ ഏറ്റു പറയുക.

പ്രതിജ്ഞ:— ക്ഷണികങ്ങളായ വൈഷമ്യങ്ങളോ ലഘുവായ രോഗങ്ങളോ എന്റെ സ്ഥൈര്യത്തേയും ഹൃദയസമാധാനത്തേയും ഭഞ്ജിക്കുവാൻ ഞാൻ അനുവദിക്കയില്ല.

രണ്ടാംവകുപ്പു

വിശുദ്ധ യോഹന്നാൻ അയച്ച ശിഷ്യരോട് ഈശോ പറഞ്ഞ പ്രത്യുത്തരം.

ധ്യാനം:- വിശുദ്ധ സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ വന്നു് ഈശോയോടു: "വരുവാനിരിക്കുന്നവൻ നീയൊ" അതായതു്, ദീർഘദർശികളാൽ അറിയിക്കപ്പെട്ടിരിക്കുന്ന മെസിയാസ് നീ തന്നെയോ? എന്നു ചോദിച്ചപ്പോൾ നമ്മുടെ കർത്താവു് അതിനു സമാധാനം പറയുകയല്ല, സമാധാനമാകുന്ന ക്രിയകൾ പ്രവൃത്തിച്ചു കാണിക്കുകയാണു ചെയ്തതു്. അവിടുന്നു് ഇസയാസിന്റെ പ്രവചനങ്ങൾ അവരുടെ കൺമുമ്പിൽ നിവർത്തിച്ചു കാണിച്ചു. അനന്തരം അവരോടു പറഞ്ഞു. നിങ്ങൾ ചെന്നു നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്തവ വി. യോഹന്നാനെ അറിയിക്കുവിൻ. (മത്തേ. 11, 4)

പ്രായോഗികചിന്ത:- വിശുദ്ധി തന്നെയും സ്വർഗ്ഗീയ ഗുണങ്ങളുടെയും മൂർത്തീകരണവുമായ സ്വർഗ്ഗീയ പിതാവിന്റെ മക്കളാണു നാം എന്നു വെറും വചനങ്ങളിലല്ല, പ്രവൃത്തികളിലാണു പ്രത്യക്ഷപ്പെടേണ്ടതു്. സഭാസ്ഥാപകരുടെ വിശുദ്ധിയും വിശിഷ്ടാദർശങ്ങളും നമ്മുടെ ജീവിതത്തിൽ പകർത്തിക്കൊണ്ടു നാം അവരുടെ അനുയായികളും മക്കളുമാണെന്നു ലോകത്തിനു വിളംബരപ്പെടുത്തുക. ശ്രേഷ്ഠമായ പ്രവൃത്തികളില്ലെങ്കിൽ നാമത്തിന്റെ ശ്രേഷ്ഠത നമുക്കൊട്ടും ഉപകരിക്കുകയില്ല. കൂടാതെ നമ്മുടെ വാക്കുകൾക്കനുസൃതമല്ലാ നാം പ്രവർത്തിക്കുന്നതെങ്കിൽ ആ വാക്കുകൾ ആർ ഗവുനിക്കും?

സ്നേഹപ്രകരണങ്ങൾ:- നിന്റെ വിശുദ്ധ അന്തസ്സിന്റെ അരൂപിയിൽ സ്ഥിരതയും അഭിവൃദ്ധിയും പ്രാപിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ദൈവത്തിന്റെ രാജ്യം വചനത്തിലല്ല, പുണ്യത്തിൽ അത്രെ അടങ്ങിയിരിക്കുന്നതു്. (1. കൊറീ. 4, 20) എന്നു വി. പൗലോസ് എഴുതിയിരിക്കുന്നതു് ഓർത്തു യഥാർത്ഥ പുണ്യങ്ങൾ അഭ്യസിക്കാൻ ശ്രമിക്കുക.

മൂന്നാം വകുപ്പു

നമ്മുടെ കർത്താവു വിശുദ്ധ സ്നാപകയോഹന്നാനെ പുകഴ്ത്തുന്നു.

ധ്യാനം:— ഓരോരുത്തന്റെ പുണ്യയോഗ്യതകളും ഹൃദയ രഹസ്യങ്ങളും അറിയുന്ന ക്രിസ്തു വിശുദ്ധ സ്നാപകയോഹന്നാനെ പ്രസിദ്ധമായി സ്തുതിച്ചതു് ഈ വിശുദ്ധനുള്ള മഹിമകളിൽ വളരെ പ്രാധാന്യമേറിയ ഒന്നാണു് എന്നു പറയാം. വി. യോഹന്നാന്റെ ദൂതന്മാർ തിരിച്ചുപോയശേഷം ഈശോ ജനാവലിയോടു യോഹന്നാനെക്കുറിച്ചു പറയാൻ തുടങ്ങി. "നിങ്ങൾ എന്തു കാണുവാനാണു വനത്തിലേക്കു പോയതു്? കാറ്റിനാൽ ഉലയുന്ന ഞാങ്ങണയേയൊ? എന്നാൽ നിങ്ങൾ എന്തു കാണുവാൻ പുറപ്പെട്ടു ചെന്നു? മൃദുവസ്ത്രങ്ങൾ ധരിച്ച ഒരു മനുഷ്യനെയൊ? ഇതാ മൃദുവസ്ത്രങ്ങൾ ഉടുക്കുന്നവർ രാജകൊട്ടാരങ്ങളിൽ ആകുന്നു. പിന്നെ നിങ്ങൾ എന്തു കാണുവാനാണു പുറപ്പെട്ടു ചെന്നതു്? ഒരു പ്രവാചകനെയൊ? അതെ, പ്രവാചകനിലും മികച്ചവനെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തേ. 11. 7,— 9.)

പ്രായോഗികചിന്ത:— മനുഷ്യരുടെ സ്തുതി ഒരിക്കലും കായ്മയിക്കരുതരുതു്. അവർ പുറമെ മാത്രം നോക്കി സ്തുതിക്കുന്നതിനാൽ അതു മായയത്രേ. അതുകയാൽ നമ്മുടെ ഹൃദയങ്ങൾ കാണുന്നവനും, നമ്മെ വിധിക്കാനിരിക്കുന്നവനുമായ ദൈവത്തിന്നിഷ്ടമുള്ളവരാകുവാനത്രെ നാം ശ്രമിക്കേണ്ടതു്. ഇതിന്നായി ഈശോ തന്റെ പുരോഗാമിയിൽ സ്തുതിച്ച മഹദ്ഗുണങ്ങൾ — പുണ്യത്തിലുള്ള സ്ഥൈര്യവും ഉല്ലാസനകളുടെ പൂണ്ട നിഗ്രഹവും — സമ്പാദിക്കുവാൻ നാം ശ്രമിക്കണം. എന്നാൽ ഇവയുടെ പ്രലപനീയമായ അഭാവമല്ലെ നമ്മിൽ കാണുന്നതു്? കാറ്റിനാൽ ഉലയുന്ന ഞാങ്ങണപോലെ നാമും നമ്മുടെ പ്രതിജ്ഞാനിർവ്വഹണത്തിൽ ചഞ്ചലിക്കുന്നു. തുടങ്ങുന്നവയൊന്നും നാം മുഴുമിപ്പിക്കുന്നില്ല. ഇന്ദ്രിയാസക്തികൾ അവയുടെ ഇഷ്ടം പോലെ നമ്മെ നയിക്കുന്നു. ഇവയെല്ലാം ഏറ്റു പറഞ്ഞുകൊണ്ടു വിനയപൂർവ്വം നിന്നെ തിരുത്തുക.

സംഭാഷണം:— ഈശോ അപ്പോസ്തോലവേലയ്ക്കു വിളിക്കുന്നതിനു മുമ്പു വിശുദ്ധ സ്നാപകയോഹന്നാന്റെ ശിഷ്യനായി

ന്നു വി. വലിയ യാക്കോബിനോട്ട സംഭാഷണം ചെയ്യുക. ഇന്നു തിരുസ്സഭ ആചരിക്കുന്ന തിരുന്നാൾ ഈ വിശുദ്ധനേറതാണു്.

ജൂലൈ ഇരുപത്താറാംതിയ്യതി

ഈശോയുടെ അത്ഭുതങ്ങളുടെ വിവിധഫലങ്ങൾ.

പ്രാരംഭം 1. ഈശോയെ ചുറ്റിയിരിക്കുന്ന ജനാവലിയിൽ ചിലർ അവിടുത്തെ സ്തുതിക്കുകയും ചിലർ ദുഷിക്കുകയും ചെയ്യുന്നതു് ആത്മനാ ദർശിക്കുക.

2. ഈ ധ്യാനം വഴിയായി നിനക്കു എളിമയിൽ അഭിവൃദ്ധിയുണ്ടാകുന്നതിനുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ ചെയ്ത അത്ഭുതങ്ങൾ എളിമയുള്ളവർക്കു പ്രകാശവും പ്രോത്സാഹനവുമാണു്.

ധ്യാനം:– മുമ്പു പ്രസ്താവിച്ചുവയെത്തുടർന്നു രണ്ടു അത്ഭുതങ്ങൾകൂടെ ഈശോ പ്രവർത്തിച്ചു. ഒന്നു ഒരു പിശാചഗ്രസ്ഥന്റെ സുഖപ്രാപ്തിയായിരുന്നു. അപ്പോൾ പിശാചു ബാധിച്ചു് അന്ധനും മൂകനുമായ ഒരുവൻ അവിടുത്തെ അടുക്കൽ കൊണ്ടുവരപ്പെട്ടു. അവൻ സംസാരിക്കുകയും കാണുകയും ചെയ്വാൻ തക്കവണ്ണം അവിടുന്നു് അവനെ സുഖപ്പെടുത്തുകയും ചെയ്തു. അപ്പോൾ ജനങ്ങളെല്ലാം അത്ഭുതഭരിതരായി ദാവീദിന്റെ പുത്രൻ (അതായതു്, ആ വംശത്തിൽ നിന്നു വരുവാനുള്ള മെസിയാസ്) ഇവനല്ലയോ എന്നു പറഞ്ഞു. (മത്തേ. 12. 22, 23.)

പ്രായോഗികചിന്ത:— ആ പിശാചഗ്രസ്ഥന്റെ സ്ഥിതിയും ഗുരുതരമായ പാപത്തിൽ ഇരിക്കുന്ന ഒരു ക്രിസ്ത്യാനിയു

ടെ സ്ഥിതിയും ഒന്നുതന്നെയാണു്. എന്തുകൊണ്ടെന്നാൽ ചാവുദോഷത്തിൽ ഇരിക്കുന്നവൻ പിശാചിനു പൂണ്ണമായി അധീനനായിരിക്കുന്നു. ആ സ്ഥിതിയിൽ അവൻ മരിച്ചാൽ എന്നും ഈ ദാസ്യത്തിൽതന്നെ ആയിരിക്കുകയും ചെയ്യും. 2. പ്രസൂത അവസ്ഥയിലിരിക്കുന്നവൻ സാക്ഷാൽ അന്ധനമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, പാപത്തിന്റെ കാഠിന്യമൊ, തപ്പോരാ അവൻ അകപ്പെട്ടിരിക്കുന്ന വിപത്തിന്റെ വലിപ്പമൊ, ഇഹത്തിലും പരത്തിലും അവൻ അനുഭവിക്കുവാനിരിക്കുന്ന ശിക്ഷകളുടെ കാഠിന്യമൊ ആ ദുർഗ്ഗേൻ ഗ്രഹിക്കുന്നില്ല. 3. അവൻ മൂകനംശുടെയാണു്. അനുരുടെ പ്രാർത്ഥനാസഹായങ്ങളും ഉപദേശങ്ങളും അഭ്യർത്ഥിക്കുന്നതും രക്ഷാകരമായ പാപസങ്കീർത്തനം ചെയ്യുന്നതും അവനു വൈഷമ്യമേറിയ കാര്യമാണു. നീയും ഒരുപക്ഷെ ഈ നൈർഭാഗ്യസ്ഥിതിയിൽ അനേകംനാൾ കഴിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെയെങ്കിൽ തല്ക്കാലാവസ്ഥയിൽ നീ എത്തിയിരിക്കുന്നതു നിന്റെ ശക്തികൊണ്ടൊന്നുമല്ല ദൈവാനുഗ്രഹത്തിന്റെ ഒരു മഹാ അത്ഭുതകൃത്യം വഴിയായിത്തന്നെയാണെന്നു മനസ്സിലാക്കിക്കൊള്ളുക. എത്രപേർ ഈ നിർഭാഗ്യസ്ഥിതിയിലായിരിക്കെ യാദൃശ്ചികമരണത്തിൽ അകപ്പെട്ടുപോയിട്ടുണ്ടു്!

സ്നേഹപ്രകരണങ്ങൾ:— ദൈവം നിന്നെറനേരെ കാണിച്ചിരിക്കുന്ന കരുണാതിരേകത്തെക്കുറിച്ചു വിസ്മയിക്കുക. അവിടുത്തെനേരെ പൂണ്ണഹൃദയത്തോടെ കൃതജ്ഞത പ്രകാശിപ്പിക്കുക.

പ്രതിജ്ഞ:— നീ പാപസങ്കീർത്തനം ചെയ്യുമ്പോൾ പിശാചു നിന്നെ മൂകനാക്കാതിരിക്കാൻ സൂക്ഷിക്കുക.

രണ്ടാംവകുപ്പു

ഈശോ ചെയ്ത അത്ഭുതങ്ങളാൽ അഹങ്കാരികളും, അന്ധരും കഠിനഹൃദയരുമായിത്തീരുന്നു.

ധ്യാനം:— അവജ്ഞയൊ ദുരുദ്ദേശ്യമൊ ഇല്ലാത്ത നല്ല ജനങ്ങളും ഈശോയുടെ അത്ഭുതകൃത്യങ്ങളുംകണ്ടു് അവിടുത്തേയ്ക്കു പ്രതികൂലമായി വിചാരിക്കുകയും സംസാരിക്കയും ചെയ്തിരുന്നു. ദുർമ്മതികളും അസൂയാലുക്കളുമായിരുന്ന ഫരിസേയരാകട്ടെ പ്രസ്തുത സംഭവങ്ങളാൽ കൂടുതൽ അന്ധരും കഠിനഹൃദയരും ഈശോ

യുടെനേരെ കൂടുതൽ വിദ്വേഷമുള്ളവരുമായിത്തീരുകയാണുചെയ്തു. അത്ഭുതസംഭവങ്ങളുടെ വസ്തുതയെ നിഷേധിക്കുവാൻ കഴിയാഞ്ഞിട്ട് അവയിൽ പ്രവർത്തിച്ച ശക്തി ദൈവികമല്ലാ, പൈശാചികമാണ് എന്നു് അവർ വാദിച്ചു, അവിടുത്തേയ്ക്ക് പിശാചുണ്ടെന്നും. പിശാചപ്രമാണിയെക്കൊണ്ടു് അങ്ങനെ പിശാചുക്കളെ ബഹിഷ്കരിക്കുന്നു എന്നും പറഞ്ഞിരുന്നു. (മാർക്കൊ. 3. 22.) ഇതു യുക്തിഹീനമാണെന്നു പ്രത്യേകം തെളിയിക്കേണ്ട ആവശ്യമില്ലല്ലൊ. ഇതു് അവരെ മനസ്സിലാക്കുവാൻ വേണ്ടി അവിടുന്നു പറഞ്ഞു: സാത്താൻ സാത്താനെ ബഹിഷ്കരിക്കുന്നുവെങ്കിൽ അവൻ തനിക്കുതന്നെ വിരുദ്ധമായി ഛിദ്രിച്ചിരിക്കുന്നു, അപ്പോൾ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? (മത്തേ. 12. 26 ലൂക്കാ. 11.)

പ്രായോഗികചിന്ത:– ഫരിസേയരുടെ ഈ മതിമറന്ന സംസാരത്തെക്കുറിച്ചു് അൽപ്പം ലജ്ജതോന്നും. ദുരാശകളും ദുരുദ്ദേശങ്ങളും പ്രത്യക്ഷപ്പെടുന്നതു ഇങ്ങനെയാണു്. ഇതു അന്യരിൽ നീ പലപ്പോഴും കണ്ടിട്ടുണ്ടാകും. എന്നാൽ നിന്നിലും ഇങ്ങനെ സംഭവിക്കുന്നുണ്ടൊ എന്നാണു് പ്രത്യേകം പരിശോധിക്കേണ്ടതു്. ശാന്തതയോടും രക്ഷകനു് അനുരൂപമായ ഗൗരവത്തോടുംകൂടെ ഈശോ പറഞ്ഞ പ്രസ്തുതത്തെക്കുറിച്ചു ധ്യാനിക്കുക. ഈശോയുടെനേരെ ജനങ്ങൾക്കുണ്ടായിരുന്ന കോപ്രായങ്ങൾ നശിപ്പിക്കുവാൻവേണ്ടി ഫരിസേയർചെയ്ത ഈ വ്യാജകുറ്റാരോപണം ഈശോ നിഷേധിക്കുകമാത്രമല്ല, അവക്കു മറുപടി ഇല്ലാതാകത്തക്കവണ്ണം ന്യായങ്ങളാൽ അവരെ മടുപ്പിക്കുകകൂടെ ചെയ്തു. സാധുക്കളായ ജനങ്ങൾ ഫരിസേയരുടെ കുതന്ത്രങ്ങൾക്കു വിധേയരാകാതിരിക്കാൻവേണ്ടിയാണു് അവിടുന്നു് ഇങ്ങനെ ചെയ്തതു്. ഈശോയുടെ ഈ ദൃഷ്ടാന്തം അനുകരിക്കേണ്ട അവസരങ്ങൾ നമുക്കും ഉണ്ടായേക്കും. നമ്മുടെ പ്രവൃത്തികളുടെ നീതിയുക്തത തെളിയിക്കേണ്ടിവരുമ്പോൾ അതു സ്വാർത്ഥത്തെക്കുറിച്ചൊ ആത്മപ്രശംസയേക്കുറിച്ചൊ അല്ല, കോപ്രായത്തെയും ദൈവികദൃഷ്ടാന്തിയേയും കുറിച്ചുമാത്രമാണു് ചെയ്യേണ്ടതു്. നീ ഇപ്രകാരമാണൊ ചെയ്യുവരുന്നതു്?

സ്നേഹപ്രകരണങ്ങൾ:– ഫരിസേയരെ അന്ധരും കഠിനഹൃദയരുമാക്കിയ സഹങ്കാരത്തേയും അസൂയയേയും സൂക്ഷ്മാത്മനാ വിദ്വേഷിക്കുക.

പ്രതിജ്ഞ:— ഈ ദുർഗ്ഗുണങ്ങൾക്കു നമ്മുടെ ഹൃദയത്തിൽ സ്ഥലം അനുവദിക്കാതിരിക്കുക.

മൂന്നാം വകുപ്പു

ഈശോ എളിമയുള്ളവരെ സ്തുതിക്കുകയും അഹങ്കാരികളെ ശാസിക്കുകയും ചെയ്യുന്നു.

ധ്യാനം:— പിതാവെ, സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കർത്താവെ, അങ്ങു് ഈ കാര്യങ്ങൾ ജ്ഞാനികളിൽനിന്നും, വിദ്വാന്മാരിൽനിന്നും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ടു ഞാൻ അങ്ങയെ സ്തുതിക്കുന്നു. (മത്തേ. 11. 25.) ഇപ്രകാരമാകുന്നു ദൈവകുമാരൻ ജനങ്ങളുടെ നിഷ്കപട വിശ്വാസത്തേയും എളിമയോടുകൂടിയ അനുസരണത്തേയും സ്തുതിക്കുന്നതു്. ഈ വചനങ്ങൾ നമുക്കു എത്ര വലിയ ആശ്വാസവും ധൈര്യവും തരുന്നു! എന്നാൽ ജനങ്ങൾക്കു അഖണ്ഡബോധനം കൊടുക്കുന്ന അഹങ്കാരികളും കപടഭക്തരുമായ ഫരിസേയരെ അവിടുന്നു് എത്ര കഠിനമായി ശകാരിക്കുന്നു എന്നു നോക്കുക: അണലിസന്തതീ, നിങ്ങൾ ദോഷികളായിരിക്കെ നല്ലവ പറയുവാൻ നിങ്ങൾക്കു എങ്ങിനെ കഴിയും? (മത്തേ. 12. 34.) പിന്നെയും അവിടുന്നു തന്നാൽ അനേകം അത്ഭുതങ്ങൾ ചെയ്യപ്പെട്ട നഗരങ്ങൾ അനുതപിക്കായ്കകൊണ്ടു് അവയെ അധിക്ഷേപിച്ചു പറഞ്ഞ ഭയങ്കര വാക്യങ്ങളായതു്: കോരോസയിനെ നിനക്കു ഹാ കഷ്ടം! ബഥസയിദാ നിനക്കു ഹാ കഷ്ടം! എന്തുകൊണ്ടെന്നാൽ നിങ്ങളിൽ ചെയ്യപ്പെട്ട അത്ഭുതങ്ങൾ തീരുസിലും സീദോനിലും ചെയ്യപ്പെട്ടിരുന്നു എങ്കിൽ അവ പണ്ടേതന്നെ രട്ടിലും വെണ്ണീരിലും അനുതപിക്കുമായിരുന്നു. നീയും കഫാർണ്ണാം പട്ടണമെ, സ്വർഗ്ഗത്തോളം ഉയരുമെന്നോ, നീ പാതാളംവരേയും താഴും. എന്തുകൊണ്ടെന്നാൽ നിന്നിൽ ചെയ്യപ്പെട്ട അത്ഭുതങ്ങൾ സോദോമിൽ ചെയ്യപ്പെട്ടിരുന്നെങ്കിൽ അതു പക്ഷെ ഇന്നിനവരെ നിൽക്കുമായിരുന്നു. എന്നാൽ വിധിദിവസത്തിൽ നിന്നെക്കാൾ സോദോംദേശത്തിനു അധികകഠിനയായി ഭവിക്കുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തേ. 11. 21—24.)

പ്രായോഗികചിന്ത:— സമൃദ്ധമായ ദൈവാനുഗ്രഹവും വിശുദ്ധി പ്രാപിക്കുന്നതിനു വേണ്ട ഉപകരണങ്ങളും പ്രാപിച്ചി

രിക്കുന്ന നാം പ്രസ്തുത ശകാരത്തിനും ഭയങ്കരമായ ശാപത്തിനും അർഹരായിപ്പോകാതിരിക്കാൻ ജാഗ്രതാപൂർവ്വം ശ്രദ്ധിക്കേണ്ടതാണ്. ഈ ഭയങ്കരമായ ദുർഭാഗ്യം നമുക്ക വരാതിരിക്കണമെങ്കിൽ ഫരിസേയരെ ബാധിച്ചിരുന്ന കപടഭക്തിയും അഹങ്കാരവും നമ്മിൽ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കണം. മാത്രമല്ല, പ്രായമൊ വിദ്വത്വമൊ കൊണ്ടൊന്നും മാറാതെ വരാത്ത നിഷ്കളങ്കമായ പരമാർത്ഥതയും ശിശുസഹജമായ വിനയവും അഭ്യസിക്കുകകൂടെയും ചെയ്യണം.

ജൂലൈ ഇരുപത്തിഏഴാം തിയ്യതി

ഫരിസേയനായ സിമോന്റെ വീട്ടിൽവച്ചു മറിയമദ്ദലേന ഈശോയുടെ പാദങ്ങൾ കഴുകുന്നു.

പ്രാരംഭം 1. ആ വിരുന്നിൽ കൂടിയിരുന്നവരുടെ മദ്ധ്യേ മറിയമദ്ദലേന അശ്രുധാരയാൽ ഈശോയുടെ പാദങ്ങൾ കഴുകുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. അപ്പോൾ ഈ വിശുദ്ധയ്ക്കുണ്ടായിരുന്ന മനഃസ്ഥിതി നിനക്കും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

മറിയമദ്ദലേന വിരുന്നുശാലയിൽ പ്രവേശിക്കുന്നു.

ധ്യാനം:- പിന്നെ ഫരിസേയരിൽ ഒരുവൻ തന്നോടുകൂടെ ഭക്ഷിക്കണമെന്നു അവിടുത്തോടു അപേക്ഷിച്ചു. അതുകൊണ്ട അവിടുന്നു ഫരിസേയന്റെ വീട്ടിൽ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു. അപ്പോൾ ആ നഗരത്തിൽ ഉണ്ടായിരുന്ന പാപിനിയായിരുന്ന ഒരു സ്ത്രീ അവിടുന്നു ഫരിസേയന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്നതറിഞ്ഞു ഒരുകുപ്പി സുഗന്ധതൈലവുംകൊണ്ടുവന്നു. (ലൂക്കാ. 7. 36 ,37) ഇങ്ങനെ അവൾ ആ വീട്ടിൽ വരിക മാത്രമല്ല, സുവിശേഷത്തിൽത്തന്നെ തുടർന്നുപറഞ്ഞിരിക്കുംവണ്ണം അവൾ ആ വിരുന്നുശാലയിൽ പ്രവേശിക്കുകയും ഈശോയുടെ

പാഠത്തിങ്കൽ ചെല്ലുകയും ചെയ്യു. മനുഷ്യരുടെ മുഖദാക്ഷിണ്യവും അവരുടെ അപഹാസങ്ങളും വകവയ്ക്കാതെ ഇപ്രകാരം പ്രവർത്തിക്കുന്നതു അവളുടെ ആത്മാഭിമാനത്തിനു് എത്ര അസഹ്യമായിരുന്നായിരിക്കണം! ആ സ്ഥലം, സമയം ആദിയായ സാഹചര്യങ്ങളും ഓരോന്നു നന്നായി ആലോചിക്കുക: അവളും ദൈവാനുഗ്രഹത്താൽ പ്രേരിതയും തന്നിൽനിന്നു ഏഴു പിശാചുക്കളെ ബഹിഷ്കരിച്ചിട്ടുണ്ടായിരുന്ന ക്രിസ്തുവിന്റെനേരെയുള്ള കൃതജ്ഞതയും വശംവദയുമായിത്തീർന്നിരുന്നു. അതിനാൽ തന്റെ പശ്ചാത്താപത്തിന്റെയും കൃതജ്ഞതയുടേയും പരസ്യപ്രഖ്യാപനത്തിനു് അവൾ അവസരം പ്രതീക്ഷിച്ചിരിക്കയായിരുന്നു. ആ അവസരം ഇപ്പോൾ അവൾക്കു സിദ്ധിച്ചു. ഉടനെ മനുഷ്യരുടെ മുഖപ്രീതി വകവെയ്ക്കാതെ ആ അവസരം അവൾ ഫലപ്രദമാക്കുകയും ചെയ്തു.

പ്രായോഗികചിന്ത:— വിശുദ്ധ മറിയ മഗ്ദലേനയെ അനുകരിപ്പാൻ ആഗ്രഹിക്കുന്നെങ്കിൽ ശുശ്രൂഷ്യാന്തിയോടും ഔദാര്യത്തോടുംകൂടെ ദൈവവരത്തിന്റെ പ്രേരണകളെ നാം അനുസരിക്കണം. നന്മചെയ്യുന്നതിനും പ്രത്യേകമായി നമ്മുടെ ഉമ്മാതൃകയുടെ ഉദ്ദിഷ്ടങ്ങളെ പരിഹരിക്കുന്നതിനും ദൈവവിചാരണയാൽ നമുക്കു ലഭിക്കുന്ന അവസരങ്ങളെ നാം നിഷ്ഫലമാക്കിക്കളയരുതു്. മനുഷ്യരുടെ മുഖപ്രീതിയോ പരിഹാസമോ ഒന്നും തല്പരിഷയത്തിൽ നമുക്കു വിഘ്നങ്ങളാകരുതു്. ഇങ്ങനെ ചെയ്യുന്നതായാൽ വി. മറിയമഗ്ദലേനയ്ക്കു സിദ്ധിച്ചതുപോലെയുള്ള ധാരാളമായ സമ്മാനം നിനക്കും സിദ്ധിക്കും. നീ ഇപ്രകാരമാണോ വർത്തിക്കുന്നതു്?

സ്നേഹപ്രകരണങ്ങൾ:— ഉൽകൃഷ്ടവും ഉദാരവും ആയ സ്നേഹം തരണമെന്നു് കർത്താവിനോടു് അപേക്ഷിക്കുക.

പ്രതിജ്ഞ:— ഒരു നല്ലകാര്യം ചെയ്യണമെന്നു ഒരിക്കൽ പ്രതിജ്ഞചെയ്താൽ പിന്നെ ചഞ്ചലമൊന്നുംകൂടാതെ അതു നിർവ്വഹിക്കുക.

രണ്ടാംവകുപ്പു

വിശുദ്ധ മറിയമഗ്ദലേന തന്റെ മനസ്താപത്തിന്റെയും സ്നേഹത്തിന്റെയും ലക്ഷ്യങ്ങളും കാണിക്കുന്നു.

ധ്യാനം:– വിശുദ്ധ മറിയമഗ്ദലേന ഈശോയെക്കണ്ട ഉടനെ അവിടുത്തെ സമീപിച്ചു പിറകിൽ അങ്ങേ കാല്ക്കൽനിന്നു, കണ്ണുനീരുകളാൽ അങ്ങേ പാദങ്ങളും നനച്ചുതുടങ്ങി. പിന്നെ അവൾ അങ്ങേ പാദങ്ങളും തന്റെ തലമുടികൊണ്ടു തുടക്കുകയും, ചുംബിക്കുകയും, സുഗന്ധതൈലംകൊണ്ടു പൂശുകയുംചെയ്തു. (ലൂക്കാ. 7. 38) മറിയമഗ്ദലേനയുടെ ഈ പ്രവൃത്തിയിൽ ഉത്തമമനസ്താപത്തിന്റെ സ്വഭാവം നാം കാണുന്നു. തീവ്രമായ മനസ്താപവും പ്രോജ്ജ്വലമായ സ്നേഹവും അവളിൽ ഉണ്ടായിരുന്നു. ദൈവത്തോടു ദ്രോഹം ചെയ്തതിനെക്കുറിച്ചല്ലാതെ മറെറാന്നിനെക്കുറിച്ചും അവൾ ദുഃഖിക്കുന്നില്ല. അപ്രകാരംതന്നെ അവിടുത്തെ സന്തോഷിപ്പിക്കണമെന്നല്ലാതെ മറെറാന്നും അവൾ ആഗ്രഹിക്കുന്നുമില്ല.

പ്രായോഗികചിന്ത:– പാപസങ്കീർത്തനത്തിന്നായി വൈദികപാദങ്ങളെ നാം സമീപിക്കുമ്പോൾ പ്രസ്തുത ലക്ഷണങ്ങളോടുകൂടിയ മനസ്താപം നമ്മിൽ ഉണ്ടാക്കുവാൻ ശ്രമിക്കുക. പാപസങ്കീർത്തനാവസരത്തിൽ നമ്മുടെ പശ്ചാത്താപത്തിന്റെ തീവ്രതയെന്തെന്നു ചിന്തിച്ചു, പാപങ്ങളാൽ നാം അർഹിച്ചിരിക്കുന്ന ശിക്ഷയുടെ ഭീഷണവും, ദൈവസ്നേഹത്തിൽ വർദ്ധനവും, പ്രലോഭനങ്ങളേയും പുണ്യാഭിവൃദ്ധിക്കുള്ള വിഘ്നങ്ങളെയും ജയിക്കാനുള്ള ശക്തിയും നമുക്കു സിദ്ധിക്കുന്നു എന്നോർത്താൽ ഉത്തമമനസ്താപം നമ്മിൽ ഉത്ഭവിപ്പിക്കുവാൻ നമുക്കു പ്രയാസമുണ്ടാകയില്ല.

സ്നേഹപ്രകരണങ്ങൾ:– ദൈവസ്നേഹത്തിന്റെ ഫലമായ ഉത്തമമനസ്താപം നമ്മിൽ ഉണ്ടാകുവാനും അഭിവൃദ്ധമാകുവാനും തീക്ഷ്ണതയോടെ ആഗ്രഹിക്കുക.

പ്രതിജ്ഞ:– മനസ്താപം എന്ന ദാനത്തിനായി പ്രാർത്ഥിക്കുക. പാപസങ്കീർത്തനാവസരങ്ങളിൽ അതിനെ കൂടുതൽ ഉജ്ജ്വലിപ്പിക്കുവാൻ ശ്രമിക്കുക.

മൂന്നാം വകുപ്പു

നമ്മുടെ കർത്താവു മരിയമഗ്ദലേനയുടെ ശുശ്രൂഷ സ്വീകരിക്കുന്നു.

ധ്യാനം:— ഈശോയെ ക്ഷണിച്ചിരുന്ന ഫരിസേയൻ അതുകണ്ടു് ഇങ്ങനെ ആത്മഗതംചെയ്തു. ഇയാൾ ഒരു ദീർഘദർശിയായിരുന്നുഎങ്കിൽ തന്നെ തൊട്ട സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും നിശ്ചയമായി അറിയുമായിരുന്നു. എന്തുകൊണ്ടെന്നാൽ അവൾ ഒരു പാപിനിയാകുന്നു. ആ ഫരിസേയന്റെ ആത്മഗതം അറിഞ്ഞു, മരിയമഗ്ദലേനയെ ആദരിച്ചുകൊണ്ടു നമ്മുടെ കർത്താവു അവനോടുപറഞ്ഞു: സീമോൻ, നീ ഈ സ്ത്രീയെ കാണുന്നുവൊ? ഞാൻനിന്റെവീട്ടിൽപ്രവേശിച്ചു, നീ എന്റെ കാലുകൾക്കു വെള്ളംതന്നില്ല. ഇവളോ കണ്ണുനീരുകൊണ്ടു് എന്റെ കാലുകൾ നനക്കുകയും, തന്റെ തലമുടികൊണ്ടു തുടക്കുകയും ചെയ്തു. നീ എണ്ണകൊണ്ടു എന്റെ തലയെ പൂശിയില്ല. ഇവളൊ സുഗന്ധതൈലംകൊണ്ടു എന്റെ കാലുകളെ പൂശിയിരിക്കുന്നു. അതുകൊണ്ടു ഞാൻപറയുന്നു: ഇവൾ അധികം സ്നേഹിച്ചതുകൊണ്ടു് അനേകംപാപങ്ങൾ ഇവൾക്കു മോചിക്കപ്പെട്ടിരിക്കുന്നു. പിന്നെ അങ്ങനെ അവളോടുപറഞ്ഞു: നിന്റെപാപങ്ങൾ നിന്നോടുക്ഷമിക്കപ്പെട്ടിരിക്കുന്നു. സമാധാനത്തോടെ പൊയ്ക്കൊള്ളുക, (ലൂക്കാ. 7. 39, 46, 47, 48–50)

പ്രായോഗികചിന്ത:— നീ ആത്മികദൗർബല്യംനിമിത്തം പ്രതിദിനം ചെയ്യുവരുന്ന അനേകംപാപങ്ങൾക്കായിദൈവനീതിയുടെമുമ്പിൽ പരിഹാരംചെയ്യുന്നതിനുള്ളമാർഗ്ഗങ്ങൾ അറിവാൻ ആഗ്രഹിക്കുന്നു. അതിനുള്ള സുഗമമായമാർഗ്ഗം ഈശോ നിനക്കു കാണിച്ചുതരുന്നുണ്ടു്, നീ വളരെ സ്നേഹിക്കുക. അപ്പോൾ വളരെ നിന്നോടു ക്ഷമിക്കപ്പെട്ടും. "എന്റെ ദൈവമെ, ഞാൻ നിന്നെ സ്നേഹിക്കുന്നു.....നിന്നോടുഞാൻ ചെയ്തദ്രോഹങ്ങളൊക്കയും എന്നോടു ക്ഷമിക്കേണമെ. എന്നിങ്ങനെ ചുരുങ്ങിയ ദൈവസ്നേഹപ്രകരണങ്ങളെങ്കിലുംചെയ്യുക. ഈ ചെറിയപ്രാർത്ഥനകൾ നീഅറിയാതെതന്നെഉത്തമമനസ്താപപ്രകരണങ്ങളായിപരിണമിക്കുമെന്നാണു പല ശാസ്ത്രജ്ഞന്മാരുടേയും അഭിപ്രായം.

സംഭാഷണം:— വിശുദ്ധ മരിയമഗ്ദലേനയോടു സംഭാഷണം ചെയ്യുക.

ജൂലൈ ഇരുപത്തെട്ടാം തിയ്യതി

ബഹിഷ്കൃതനായ പിശാചു വീണ്ടും വരുന്നതു, അഥവാ ഒരുവൻ വീണ്ടും പാപത്തിൽ അകപ്പെടുന്നതു.

പ്രാരംഭം 1. ബഹിഷ്കൃതനായ ശത്രു വീണ്ടും ആ ഭവനത്തിൽ പ്രവേശിക്കുവാൻ പരിശ്രമിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. പിശാചിന്റെ കുതന്ത്രങ്ങളെ മനസ്സിലാക്കി അവയെ വിട്ടൊഴിയാൻവേണ്ട ദൈവാനുഗ്രഹത്തിന്നായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ബഹിഷ്കൃതനായ പിശാചു്.

ധ്യാനം:— മരിയമഗ്ദലേനയിൽനിന്നു് ഏഴു പിശാചുക്കൾ ബഹിഷ്കൃതരായി. പിന്നെ ഒരിക്കലും അവർ അവളുടെ പ്രവേശനം നൽകിയില്ല. എന്നാൽ നിർഭാഗ്യവശാൽ ഈ വിഷയത്തിൽ എല്ലാവരും മഗ്ദലേനയെപ്പോലെ വിശ്വസ്തരാകുന്നില്ല. ഈ മഹാനൈർഭാഗ്യത്തിൽനിന്നു നാം അകലുവാനായി നമ്മുടെകർത്താവു പിശാചിന്റെ കുതന്ത്രങ്ങളെ നമുക്കു വെളിപ്പെടുത്തിത്തരുന്നു. അവിടുന്നുപറയുന്നു: അശുദ്ധാത്മാവു മനുഷ്യനിൽനിന്നു പുറപ്പെട്ടശേഷം വരണ്ടസ്ഥലങ്ങളിലൂടെ ആശ്വാസം അന്വേഷിച്ചുനടക്കുന്നു. എന്നാൽ കണ്ടെത്തുന്നില്ല. (മത്തേ. 12, 43) ബഹിഷ്കരണം അവനു് അപമാനകരവും അസഹ്യവും ആയിരിക്കയാൽ അവൻ ഒരിക്കലും അടങ്ങുന്നില്ല. നഷ്ടമായിപ്പോയതിനെ വീണ്ടും കരസ്ഥമാക്കുവാനും തൽക്കായത്തിൽ നേരിട്ടുന്ന വിഘ്നങ്ങളെല്ലാം ജയിക്കുവാനും അവൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. അപ്പോൾ അവൻ പറയുന്നു: ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേയ്ക്കുതന്നെ തിരിയും. (മത്തേ. 12, 44)

പ്രായോഗികചിന്ത:— ദൈവപ്രസാദവരവും കേവലീക്ഷണതയും നമ്മിൽ പരിരക്ഷിക്കുന്നതിനായി നാം ചെയ്യുന്ന യത്നത്തെ, അവയെ നശിപ്പിക്കുവാൻ പിശാചു ചെയ്യുന്ന പരിശ്രമത്തോടു താരതമ്യപ്പെടുത്തിനോക്കുക. ലജ്ജാവഹവും പരിതാപക

രവുമായ അനാസ്ഥയല്ലെ നമ്മിൽ ഉള്ളതു്? നാം പാപസങ്കീർത്ത നംവഴിയായി ദൈവവുമായുള്ള ഐകൃവും ഏകാന്തധ്യാനത്തിൽ ഭക്തിതീക്ഷ്ണതയും പ്രാപിക്കുന്നുണ്ടെങ്കിലും, അനന്തരക്ഷണത്തിൽ, വ്യർത്ഥധൈര്യനിമിത്തം, മനസ്സാപംനഷ്ടീവിക്കുകയും മനസ്സുപതറി വിവിധ മായകളിൽലയിക്കുകയുംചെയ്യുന്നു. ഇനി ഒന്നും ഭയപ്പെടാനില്ലെന്നവണ്ണം നാം അലസരായി കാലംകഴിക്കുകയാൽ നമ്മെനശിപ്പിക്കുവാൻ അശ്രാന്തംപരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശത്രുവിന്റെ അടിയോഗങ്ങൾക്കു നാം വിധേയരായിപ്പോകുന്നു: ഇതിനാലാണു് നാംവീണ്ടും പാപത്തിൽഅകപ്പെടുന്നതു്. ഇതുകൊണ്ടുതന്നെയാകുന്നു നമ്മുടെ ശുദ്ധീകരണത്തിനായി നാംപ്രയോഗിക്കുന്നമാർഗ്ഗങ്ങൾനിഷ്ഫലമായിപ്പോകുന്നതും. നമ്മെവിശ്വസിക്കാതെ എപ്പോഴും ഉണർവ്വോടുകൂടെ പ്രാർത്ഥിച്ചിരുന്നെങ്കിൽ ഈ നൈർഭാഗ്യംവരികയില്ലായിരുന്നു. ഇതു് അനുഭവംകൊണ്ടു നീ പഠിച്ചിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:- പിശാചിന്റെ തന്ത്രങ്ങളിൽനിന്നു, കർത്താവെ ഞങ്ങളെ നീ രക്ഷിക്കേണമെ.

പ്രതിജ്ഞ:— പിശാചു അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങേണമെന്നു് അന്വേഷിച്ചു ചുറ്റിനടക്കുന്നു എന്ന വി. പത്രോസിന്റെവാക്യം നിന്റെ സ്മൃതിപഥത്തിൽ സദാ ഉണ്ടായിരിപ്പാൻ ശ്രമിക്കുക. (1. പത്രോ. 5. 8)

രണ്ടാംവകുപ്പു

പിശാചു മടങ്ങിവരുന്നു.

ധ്യാനം:— പിശാചു നമ്മെ നശിപ്പിക്കാൻ തീർച്ചയാക്കുമ്പോൾ വെറും വിചാരങ്ങളും പ്രതിജ്ഞകളുംകൊണ്ടു് അവൻ തൃപ്തനാകുന്നില്ല. ശക്തങ്ങളായ ഉപകരണങ്ങളെ അവൻ ഉത്സാഹപൂർവ്വം പ്രയോഗിക്കുന്നു. വേണ്ടിവന്നാൽ നമ്മെഎതിർക്കുവാൻ നരകത്തോളംകൂടെയും അവൻ ആനയിക്കും. ഇതിനെക്കുറിച്ചു നമ്മുടെ കർത്താവു ഇങ്ങനെ പറയുന്നു: അതു് താൻ പുറപ്പെട്ടുപോന്ന വീടിനെ നോക്കുമ്പോൾ ഒഴിഞ്ഞതും അടിച്ചു വെടിപ്പാക്കപ്പെട്ടതും അലങ്കരിക്കപ്പെട്ടതുമായി കണ്ടെത്തുന്നതിനാൽ തന്നേക്കാൾ അധികം ദുഷ്ടന്മാരായ വേറെ ഏഴുപിശാചുക്കളെക്കൂടെക്കൊണ്ടുവരുന്നു. അതായതു്, എല്ലാഭോഗങ്ങളിലും എ

ല്ലാമാർഗ്ഗേണയും നമ്മോടു കൈയേറ്റം ചെയ്യുന്നതിന്നായി അവനേക്കാൾ അധികംവഞ്ചനയും ദുഷ്ടതയുംഉള്ള ഏഴഴപിശാചുക്കളെ കൂടെക്കൊണ്ടുവരുന്നു. സുഖവും ദുഃഖവും സമ്പത്തും ദരിദ്രതയും, നയവും ഭയവും, അമിത ധൈര്യവും ഭീരുത്വവും എന്നല്ലാ, ഊഹിക്കാവുന്ന സകല മാർഗ്ഗങ്ങളും നമ്മുടെ നാശത്തിന്നായി, അവൻ വിനിയോഗിക്കുന്നു.

പ്രായോഗികചിന്ത:—പിശാചിന്റെ തീക്ഷ്ണതയും നമ്മുടെ മാന്ദ്യവും തുലനം ചെയ്യുക! നമ്മെനശിപ്പിക്കാനായി നമ്മുടെ വാസനകളും സ്ഥിതിഗതികളും അവൻ ഉണർവ്വോടെ പരിശോധിക്കുന്നു. നാമാകട്ടെ ശത്രുവിനെ എതിർക്കുവാൻ നമുക്കുള്ള അശക്തതയെക്കുറിച്ചു വിചാരിക്കുകയൊ, വിചാരിച്ചാൽതന്നെയും വേണ്ട പ്രതിവിധികളും പ്രവൃത്തിയിൽവരുത്തുകയൊ ചെയ്വാൻ വിമുഖരായിരിക്കുന്നു. പിശാചു് അവന്റെ ശക്തികൊണ്ടു തൃപ്തനാകാതെ അനന്യരെ സഹായത്തിന്നു വിളിക്കുന്നു. നാമോ നമ്മുടെ ബലഹീനത ഓർക്കാതെ തൃപ്തരായിക്കൊണ്ടു പ്രലോഭനാവസരങ്ങളിൽപോലും ദൈവാനുഗ്രഹവും വിശുദ്ധരുടെ പ്രാർത്ഥനാസഹായവും അന്വേഷിക്കുന്നതിന്നും, ആത്മിക നിയന്ത്രണത്തിനും സകലവും വെളിപ്പെടുത്തി അന്വേഷത്തിന്റെ നിയന്ത്രണത്തിനും സഹായത്തിനും സ്വയം അധീനരാക്കുന്നതിനും മടിക്കുന്നു. ഇതു് അഹങ്കാരത്തിന്റെ നിർഭാഗ്യഫലമാണു്. അഹങ്കാരം നമ്മെ ദൈവത്തിൽ നിന്നു അകറുന്നതുകൂടാതെ പുണ്യത്തിൽ നിലനില്പാനുള്ള ദൈവസഹായം നഷ്ടിവിപ്പിക്കുകയും ചെയ്യുന്നു. ഇതു സാക്ഷാൽ വലിയ ദോഷത്തം തന്നെയാണു്. ഇതു നാംനമ്മുടെ ജന്മശത്രുവിനെ സഹായിക്കുന്നതുപോലെയുള്ള വർത്തനമല്ലെ?

സ്നേഹപ്രകരണങ്ങൾ:— ഇതിന്റെ യാഥാർത്ഥ്യം ലജ്ജാപൂർവ്വം ഏറ്റു പറഞ്ഞു പശ്ചാത്തപിക്കുക.

പ്രതിജ്ഞ:— മേലാൽ എന്റെ ആത്മരക്ഷയുടെ കാര്യത്തിൽ കൂടുതൽ ജാഗ്രതയും എന്റെ നേരെ പരമാർത്ഥമായ സ്നേഹവും ഞാൻ പ്രദർശിപ്പിക്കും.

മൂന്നാം വകുപ്പു

പിശാചിന്റെ ജയം

ധ്യാനം:— നമ്മുടെ അമിതധൈര്യമൊ, ഭീരുത്വമോ, അല

സതയോ നിമിത്തം പിശാചു നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്ന പരിതാപകരമായ കാഴ്ചഈശോവണ്ണിക്കുന്നു: അവൻ അകത്തുകടന്നു അവിടെപാർക്കുകയും ഇങ്ങനെ ആ മനുഷ്യന്റെ ഒടുവിലത്തേവ മുമ്പിലത്തെവയെക്കാൾ അധികമോശമായിത്തീരുകയും ചെയ്യുന്നു. (മത്തേ. 12. 45.) വീണ്ടും വീണ്ടും പാപത്തിൽ നിപതിക്കുന്നവൻ പാപത്തോടു തനിക്കുണ്ടായിരുന്ന ഭയവും വിദ്വേഷവും ക്രമേണ ലഘൂകരിക്കുകയും നിരവധി ദൈവാനുഗ്രഹങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടു് ആത്മാവിനെ അടിക്കടിക്ഷീണിപ്പിക്കുകയും ചെയ്യുന്നു. ക്രമേണ വിശ്വാസത്തിന്റെ ദീപ്തി ക്ഷയിച്ചു് അവൻ അന്ധകാരത്തിലുമാകുന്നു. ദുഷ്ക്രിയകൾ അവനിൽ സാധാരണസംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അവ പ്രായേണ ഒരു വാസനയോ പ്രകൃതിയിൽ വേരൂന്നിയ ഒരു സ്വഭാവമോ പോലെയായിത്തീരുന്നതിനാൽ അത്ഭുതപ്പെടുവാനില്ല. ഇതു മനുഷ്യനു വരാവുന്നതിൽ ഏറ്റവും വലിയ ദുർഭാഗ്യമാണു്.

പ്രായോഗികചിന്ത:— പ്രസ്തുത നൈർഭാഗ്യത്തിന്റെ വലിപ്പം മനസ്സിലാക്കുവാൻ ശ്രമിക്കുക. സ്വല്പപാപങ്ങളിൽപോലും പതിക്കുന്നതു നാം എത്രയും ഭയപ്പെടേണ്ട ഒരു ദുരവസ്ഥയാണു്. ഇതിൽനിന്നു് ഉത്ഭവിക്കുന്ന ഭക്തിമാന്ദ്യം ജയിക്കുന്നതു് ഒരു സാമാന്യക്രിസ്ത്യാനിയെ അപേക്ഷിച്ചു സന്ന്യാസിക്കു കൂടുതൽ ദുസ്സാധമാണു്. എന്തുകൊണ്ടെന്നാൽ വിശ്വാസസത്യങ്ങളേയും വിശുദ്ധകാര്യങ്ങളേയും കുറിച്ചു ഒരു സാമാന്യക്രിസ്ത്യാനിക്കു് അത്ര വലിയ അറിവും പരിശീലനവും സിദ്ധിച്ചിട്ടുണ്ടായിരിക്കയില്ല. അതുപോലെതന്നെ ഒരു സന്ന്യാസി പ്രദർശിപ്പിക്കേണ്ടതു കുതറുന്ന പ്രദർശിപ്പിക്കുവാൻ അവനു് കടമയും ഉണ്ടാകയില്ലാ. എന്നാൽ സന്ന്യാസിയുടെ സ്ഥിതി ഇതിൽനിന്നു് വളരെ വ്യത്യസ്തമാണു്. അതിനാൽ മന്ദഭക്തനായ ഒരു സന്ന്യാസി ശുഷ്കാന്തിയുള്ളവനായിത്തീരുന്നതു് മരിച്ചുവൻ ഉയിർക്കുന്നതിനേക്കാൾ അത്ഭുതാവഹമാണെന്നു് വിശുദ്ധ ബെർണ്ണർദ്ദു് പറയുന്നു. ആകയാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെന്തു്? നാം ഭയപ്പെടേണ്ടതെന്തു്? ഇനി നാം ചെയ്യേണ്ടതെന്തു്? എന്നിവ നമുക്കു ആലോചിച്ചുനോക്കാം.

സംഭാഷണം:— പിശാചുക്കളോടു യുദ്ധം ചെയ്തു ജയിച്ചുവരിൽ വിശ്രുതനായിരിക്കുന്ന വിശുദ്ധ വലിയ അന്തോനിയുടെ

നോട്ട സംതോഷണം ചെയ്യുക. അഭ്യാസത്തിൽ ശോഭിച്ചിരുന്ന വിവേകം, ധീരത, ആശ്രയബുദ്ധി എന്നിവയുടെ ഓർമ്മ നിനക്കും ലഭിച്ചു തരുവാൻ അപേക്ഷിക്കുക.

ജൂലൈ ഇരുപത്തിഒമ്പതാം തിയ്യതി

ഈശോയോട്ടു നമുക്കുണ്ടാകേണ്ട ആദ്ധ്യാത്മികബന്ധം.

പ്രാരംഭം:– 1. ഈശോജനത്തോട്ടുപ്രസംഗിച്ചുകൊണ്ടിരിക്കെ അഭ്യാസത്തിന്റെ അമ്മയും സഹോദരന്മാരും അഭ്യാസത്തെ കാണുവാൻ വരികയും ഈ വിവരം ജനങ്ങൾ അഭ്യാസത്തെ അറിയിക്കുകയും ചെയ്യുന്നതു് ആത്മനാ ഓർക്കുക.

2. നിന്റെ ചാർച്ചക്കാരുടെ നേരെ നിനക്കുള്ള ക്രമാതീതമായ സ്നേഹം നിഗ്രഹിക്കുവാൻ ആവശ്യമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയോട്ടു നമുക്കുള്ള ബന്ധം

ധ്യാനം:— ഈശോ വി. സ്നാപകയോഹന്നാനെക്കുറിച്ചു പുകഴ്ത്തിയായി സംസാരിച്ചുകൊണ്ടിരിക്കെ, ഒരുവൻ അഭ്യാസത്തോടു്; ഇതാ അങ്ങയുടെ അമ്മയും സഹോദരന്മാരും അങ്ങയെ അന്വേഷിച്ചു പുറത്തു നില്ക്കുന്നു എന്നു പറഞ്ഞു. എന്നാൽ അഭ്യാസം മറുപടി പറഞ്ഞു: എന്റെ അമ്മ ആരാകുന്നു? എന്റെ സഹോദരന്മാർ ആരാകുന്നു? പിന്നെ തന്റെ ശിഷ്യന്മാരുടെ നേരെ കൈ നീട്ടി അരുളിച്ചെയ്തു: ഇതാ എന്റെ അമ്മയും സഹോദരന്മാരും: (മത്തേ. 12. 47. 48. 49.) ഇവരെയാണു് അവിടുന്നു തന്റെ അമ്മയും സഹോദരന്മാരുമായി പരിഗണിക്കുന്നതു്.

പ്രായോഗിക ചിന്ത:— ഇവിടെ നമ്മുടെ ജീവപ്രകാശകൻ പല വിലയേറിയ പാഠങ്ങൾ നമുക്കു തരുന്നുണ്ടു്. ദൈവസ്തുതി, ആത്മരക്ഷ, നമ്മുടെ വിശുദ്ധീകരണം എന്നിവയോട്ടു ഇടഞ്ഞു വരുമ്പോൾ ഭൗമികമായ സകല ബന്ധങ്ങളേയും നാം തകർക്ക

ണം. ക്രൂരതെ ദൈവഹിതം നിവർത്തിക്കുന്നതിനു് ചിലപ്പോൾ നമ്മുടെ ചാർച്ചക്കാരെയും മാതാപിതാക്കന്മാരെപ്പോലും പരിത്യജിക്കേണ്ടതായിവരും. എന്നുവച്ചാൽ ദൈവത്തെക്കുറിച്ചും ദൈവത്തിലും ദൈവസ്തുതിക്കായും മാത്രമാണു് നാം അവരെ സ്നേഹിക്കേണ്ടതു് എന്നു സാരം. ഇതാണു് മാതാപിതാക്കന്മാരോടും മറ്റും നമുക്കു് സ്വാഭാവികമായുള്ള സ്നേഹം സ്വഭാവാതീതമാക്കിത്തീർക്കണമെന്നു് പറയുന്നതിന്റെ അർത്ഥം. നീ ഇപ്രകാരമാണോ ചെയ്യുവരുന്നതു്?

സ്നേഹപ്രകരണങ്ങൾ:— ഇപ്രകാരം ഔദ്യോഗത്തോടും മനോധൈര്യത്തോടും ക്രൂടെ മരണംവരെ വ്യാപരിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിന്റെ ചാർച്ചക്കാരോടു നിനക്കുള്ള സ്വാഭാവിക സ്നേഹം നിന്നെ വഞ്ചിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുക.

രണ്ടാംവകുപ്പു

ഈശോയുടെ സഹോദരന്മാർ ആകുവാൻ നമുക്കു കഴിയുന്നതെങ്ങിനെ?

ധ്യാനം:— സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും, സഹോദരിയും അമ്മയും ആകുന്നു. (മത്തേ. 12. 50.) എന്നു് ഈശോ അരുളിച്ചെയ്തിരിക്കുന്നു. എന്നാൽ ഇതെങ്ങനെയാണു് സാധിക്കുക? അതു നമ്മുടെ മനസ്സു സകലത്തിലും ദൈവതിരുമനസ്സിനോടു യോജിപ്പിക്കുന്നതുകൊണ്ടുതന്നെ. ദൈവതിരുമനസ്സും ഈശോയുടെ മനസ്സും ഒന്നായിരിക്കുന്നതിനാൽ, ദൈവതിരുമനസ്സിനോടു യോജിച്ചിരിക്കുന്നവൻ തന്റെ നിനവിലും ഉണ്വിലും ഈശോയോടു മുഴുവനും യോജിച്ചു് അങ്ങേ സഹോദരൻതന്നെ ആയിത്തീരുന്നു. മാത്രമല്ലാ, ഇപ്രകാരമുള്ളവർ സകലത്തിലും ദൈവതിരുമനസ്സിൻപ്രകാരം വിശ്വസ്തതയോടെ വ്യാപരിക്കുന്നതിനാൽ അവനിൽ ദൈവസ്നേഹം നിലനില്ക്കുന്നു. ദൈവസ്നേഹം അവനെ ദൈവത്തിന്റെ ഒരു പുത്രനും മിശിഹായുടെ സഹോദരനുമാക്കിത്തീർക്കുന്നു. വിശേഷിച്ചും ഈശോ ഉയിർത്തശേഷം ഭക്തസ്ത്രീകൾ തിരുക്കല്ലറയിൽപോയി മടങ്ങുക

യിൽ ഈശോ, അവക്കു പ്രത്യക്ഷനായി, നിങ്ങൾ ചെന്നു് എന്റെ സഹോദരന്മാരോടു് ഗലീലേയായിലേക്കു പോകുവാൻ അറിയിപ്പിൻ. (മത്തേ. 28. 10) എന്നരുളിയതിനാൽ അങ്ങയുടെ സഹോദരർ എന്നീ നാമം അങ്ങുന്നു തന്നെയാകുന്നു തന്റെ ശിഷ്യർക്കു നൽകിയിരിക്കുന്നതു് എന്നു സ്പഷ്ടം.

പ്രായോഗിക ചിന്ത:— ഇപ്രകാരമായിരിക്കെ ദൈവതിരുമനസ്സിനോടു നമ്മുടെ മനസ്സിനെ പൂർണ്ണമായി യോജിപ്പിക്കാൻ ശ്രമിക്കുന്നതു എത്ര സാരമായ കാര്യമായിരിക്കുന്നു! ഈ മനസ്സംയോജ്യത വഴിയായി നിരവധി നന്മകളും നമുക്കു ലഭിക്കുന്നതു കൂടാതെ ഈശോയുടെ സഹോദരൻ അഥവാ സഹോദരി എന്നീ ഉന്നതനാമവും, അങ്ങയോടു് അദ്ധ്യാത്മിക ബന്ധവുംകൂടെ സിദ്ധിക്കുന്നു. മാത്രമല്ല, ഇതു നമ്മെ അങ്ങയോടു് ഏകീഭവിപ്പിക്കുകയും, അങ്ങുന്നു തന്റെ പീഡാനുഭവങ്ങളും മരണവും വഴിയായി പ്രാപിച്ച സകല നന്മകളുംക്കും നമ്മെ ഭാഗഭാക്കുകളാക്കുകയും ചെയ്യുന്നു. നീ ഈ പുണ്യാഭ്യാസനം ഏതു പ്രകാരം വിലമതിച്ചു വരുന്നു? ഇതിൽ എന്തു വർദ്ധനവു നീ പ്രാപിച്ചിട്ടുണ്ടു്.

സ്നേഹപ്രകരണങ്ങളം:— കർത്താവെ, എനിക്കായും എന്നിലും, എന്നാലും ഇപ്പൊഴും എപ്പോഴും നിന്റെ തിരുമനസ്സു നിവർത്തിക്കപ്പെടട്ടെ. ആമ്മേൻ. (ഭാ. ഉയീസ് ഡിപ്പോൻഡ്)

പ്രതിജ്ഞ:— നാം അനുസരിക്കേണ്ട കല്പനകളും സഭാവസ്തുവിനു് എത്ര വിപരീതമായിരിക്കുമോ അത്ര കൂടുതൽ തീക്ഷ്ണതയോടെ അവ അനുസരിക്കുക.

മൂന്നാം വകുപ്പു്

ഈശോയുടെ അമ്മയാകുന്നു എന്നു പറയുന്നതിന്റെ അർത്ഥം

ധ്യാനം:— സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം നിറവേറുന്നവൻ ആരൊ അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. (മത്തേ. 12. 50.) "എന്റെ അമ്മയുമാകുന്നു" ഇതിന്റെ അർത്ഥം എന്താണു്? ഈശോയുടെ സഹോദരനാകുന്നതിനെക്കാൾ ഏറ്റവും ഗാഢമായ ഒരു ബന്ധമാണു് തന്റെ അമ്മ എന്ന പദത്താൽ ഇവിടെ വിവക്ഷിക്കു

ന്നതു്. വിശുദ്ധ ഗ്രിഗോരിയുസ് പാപ്പാ ഈ വാക്യത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: അവിശ്വാസികൾക്കു് സത്യവേദം അറിയിച്ചു് അവരുടെ ഹൃദയങ്ങളിൽ മിശിഹായെ ജനിപ്പിക്കുന്നവനാരോ അവൻ മിശിഹായുടെ അമ്മ എന്ന മഹത്തായ നാമത്തിനു് അർഹനാകുന്നു. ആദ്ധ്യാത്മികമായ ഒരു മാതൃത്വം തന്നെയാണു് ഇതു്. എന്നാൽ പ്രകൃത്യതീതമായ ഈ മാതൃത്വം പ്രകൃത്യായുള്ളതിനെ അപേക്ഷിച്ചു കൂടുതൽ ശ്രേഷ്ഠവും യോഗ്യതാപരവും കൂടെയാണു്.

പ്രായോഗികചിന്ത:— പ്രാസംഗികന്മാരോ, വേദപ്രചാരണത്തിനു് ഔദ്യോഗികമായി നിയുക്തരൊ അല്ലെങ്കിലും നമുക്കു് എല്ലാവർക്കും തന്നെ മുകളിൽ പറഞ്ഞ മാഴിബഹുമതിയെ അർഹിക്കുവാൻ കഴിയും. വേദപ്രചാരണത്തിൽ അനൗദ്യോഗികമായ വിധത്തിലെങ്കിലും കൂടെക്കൂടെ സഹകരിക്കുവാൻ എല്ലാവർക്കും സാധിക്കും. സന്മാതൃകകളും പ്രാർത്ഥനാശീലവും കൃത്യങ്ങളും പാപികളുടേയും അജ്ഞാനികളുടേയും ഹൃദയങ്ങളിൽ മിശിഹായെ ആദ്ധ്യാത്മികമായി ജനിപ്പിക്കുന്നതിനുള്ള ഫലവത്തായ മാർഗ്ഗങ്ങളാണു്. ഇവയെ നീ പ്രയോജനപ്പെടുത്തി വരുന്നുണ്ടോ? മേലിൽ ഈ വിഷയം സംബന്ധിച്ചു എന്തൊക്കെയാണു നിർവ്വഹിക്കേണ്ടതെന്നു ആലോചിച്ചു തീർച്ചപ്പെടുത്തുക.

സംഭാഷണം:— ലാസറിന്റെയും വി. മറിയ മഗ്ദലേനയുടേയും സഹോദരിയായ വിശുദ്ധ മാർത്തയോടു സംഭാഷണം ചെയ്യുക.

ജൂലൈ മുപ്പതാംതിയ്യതി

രക്തസംബന്ധികളോടു ഉണ്ടാകാവുള്ള അമിത സ്നേഹം

പ്രാരംഭം 1. എന്നെക്കാൾ അധികം പിതാവിനെയെങ്കിലും മാതാവിനെയെങ്കിലും സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല എന്ന ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

2. അമിതമായ ഈ സ്നേഹത്തിൽനിന്നു ഒഴിഞ്ഞിരിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒരു സന്യാസിയെ തന്റെ ചാർച്ചക്കാരിലേയ്ക്കു ക്രമാതീതമായി ആകർഷിക്കുന്ന കാരണങ്ങൾ മൂന്നാണ്. 1. പ്രത്യേകകാരണംകൂടാതെ അടുത്തടുത്തു അവരെ സന്ദർശിക്കുക. 2. അവരുടെ കായ്ക്കളിലുള്ള വലുതായ തല്പരത. 3. അവരോടു അമിതമായ അനുകമ്പ. സന്യാസികൾ ഇവയിൽ നിന്നെല്ലാം ഉത്സാഹത്തോടുകൂടെ ഒഴിയേണ്ടതാകുന്നു.

ഒന്നാംവകുപ്പു

പ്രത്യേക കാരണംകൂടാതെ അടുത്തടുത്തു അവരെ സന്ദർശിക്കുക.

ധ്യാനം:— തന്റെ ചാർച്ചക്കാരെ പ്രത്യേക കാരണംകൂടാതെ സന്ദർശിക്കുവാനുള്ള അവസരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന സന്യാസി അനേകം അപകടങ്ങളിൽ തന്നെത്തന്നെ അകപ്പെടുത്തുന്നു. അവൻ തന്റെ പരിശുദ്ധമായ ദൈവവിളിയെ നഷ്ടപ്പെടുത്തിയില്ലെങ്കിൽ തന്റെ പുണ്യാത്മാവിനെങ്കിലും നഷ്ടപ്പെടുത്താതിരിക്കയില്ല. വിശുദ്ധ ഖേസിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: കൂടക്കൂടെ തന്റെ ചാർച്ചക്കാരെ കാണുവാൻ പോകുന്ന സന്യാസി ദൈവത്തിൽനിന്നും തന്റെ പുണ്യാഭിവൃദ്ധിയെയും അന്യരുടെ ആത്മോപകാരത്തെയും സംബന്ധിക്കുന്ന കായ്ക്കളിൽനിന്നും ഹൃദയത്തെ അകറ്റുന്നു. അയാളുടെ പഴയ ജീവിതത്തിൽ സുപരിചിതങ്ങളായിരുന്ന സ്ഥലങ്ങളെയും, സാഹചര്യങ്ങളെയും, ആളുകളെയും കാണുമ്പോൾ അവയോടു ചേർന്ന പഴയ പാപങ്ങളും, പാപഹേതുക്കളും അയാളുടെ സ്മൃതിപഥത്തിൽ പുനർജ്ജീവിക്കുകയും അയാൾ അവയ്ക്കു വിധേയനാകുവാൻ ഇടവരികയും ചെയ്യുന്നു. തന്റെ മാതാപിതാക്കന്മാർ സഹോദരീ സഹോദരന്മാർ ആദിയായവർക്കു നേരിട്ടുന്ന കഷ്ടാരിഷ്ടതകളും, തന്റെ കുടുംബത്തിന്റെ ശ്രേയോഭംഗങ്ങളും ഇവയെല്ലാം അയാളുടെ ഓർമ്മയിൽ സദാ വന്നുകൊണ്ടിരിക്കുന്നതിനാൽ തന്റെ ഹൃദയത്തെ ശാന്തവും സമാധാനപൂർണ്ണവുമായി നിറുത്താൻ അയാൾക്കു സാധിക്കുന്നില്ല. ഇങ്ങനെ അയാൾക്കു തന്റെ ദൈവവിളിയും പുണ്യാത്മാവിനെയും പാലിച്ചുകൊണ്ടു പോകുവാൻ അസാദ്ധ്യമായിത്തീരുന്നു.

പ്രായോഗികചിന്ത:— മുകളിൽ വിവരിച്ച ദുരവസ്ഥ നിനക്കു അനുഭവവേദ്യമായിട്ടില്ലെങ്കിൽ ആ അപകടത്തിൽനിന്നു

നിന്നെ രക്ഷിച്ച ദൈവാനുഗ്രഹത്തിനു കൃതജ്ഞത പ്രദർശിപ്പിക്കുക. പ്രത്യേക കാരണംകൂടാതെ തന്റെ ചാർച്ചക്കാരെ ഒരിക്കലും സന്ദർശിക്കാത്ത നല്ല സന്യാസികളെ അനുകരിക്കാമെന്നു ദൃഢപ്രതിജ്ഞ ചെയ്യുക.

സ്നേഹപ്രകരണങ്ങൾ:- ലോകത്തിനും, ദൈവത്തെക്കുറിച്ചു നീ ലോകത്തിൽ പരിത്യജിച്ചിട്ടുള്ള സകലത്തിനും പൂർണ്ണമായി മരിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- 1. സാധാരണ നമ്മെ സന്ദർശിക്കുകയൊ നമ്മുടെ സന്ദർശനങ്ങളെ അവശ്യപ്പെടുകയൊ ചെയ്യുന്നവരെ കഴിയുന്നതും അകറ്റിനിറുത്തുവാൻ ശ്രമിക്കുക.

2. അചാരോപചാരമോ പ്രത്യേകാവശ്യങ്ങളൊ നിർബന്ധിക്കാത്ത ഘട്ടങ്ങളിൽ കത്തിടപാടുകൾ ഒഴിച്ചുവയ്ക്കുക.

രണ്ടാം വകുപ്പ്

ക്രമാതീതമായ താല്പര്യം

ധ്യാനം:- ചാർച്ചക്കാരുടെ ആത്മികോപകാരത്തെ ഉദ്ദേശിച്ചുപോലുമുള്ള ഉൽക്കണ്ഠയും അവർക്കുവേണ്ടി ബാഹ്യമായ വല്ലതും പ്രവർത്തിക്കണമെന്നുള്ള അത്യാശയും സന്യാസികൾക്കു അനുയോജ്യമല്ലാത്ത അമിതശുഷ്കാന്തിതന്നെയാണെന്നു് അദ്ധ്യാത്മികപണ്ഡിതർ അഭിപ്രായപ്പെടുന്നു. അവരുടെ ശ്രേഷ്ഠന്മാർ ഈ ജോലി അവരെ ഭരമേല്പിച്ചിട്ടില്ലെങ്കിൽ തല്പരിഷയത്തിലുള്ള ശുഷ്കാന്തിയെല്ലാം അവർക്കു പ്രായേണ അപലപ്യതരമായിരിക്കും. സംബന്ധികളോടുള്ള അടുപ്പം പല സന്യാസികളുടേയും കേതിതീക്ഷ്ണതയെ മന്ദീഭവിപ്പിച്ചിട്ടുണ്ടു്. ചിലരെ ഇതു ലോകാത്രപിയിലേയ്ക്കും അനന്തരം നിത്യനാശത്തിലേയ്ക്കുടെയും നയിച്ചിട്ടുണ്ടെന്നാണു് വിശുദ്ധ ജെറോം പറയുന്നതു്. ചാർച്ചക്കാരുടെ ആത്മികോൽക്കർഷത്തെക്കുറിച്ചുള്ള ഉൽക്കണ്ഠപോലും ഇതു അപൽക്കരമാണെങ്കിൽ അവരുടെ ഭൗതികകാര്യങ്ങളിൽ ഏർപ്പെടുകയും സാമ്പത്തികവും സാമുദായികവുമായ ഉദ്ധർഷം അവർക്കു വരുത്തിക്കൊടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നതിലുള്ള അപകടം എത്ര വലുതായിരിക്കണം? അതു ക്രമാതീതം മാത്രമല്ലാ തികച്ചും അപൽക്കരംതന്നെയാണു്.

പ്രായോഗികചിന്ത:- നാം ലോകത്തിനു മരിച്ചവരും

ദൈവത്തിന്നായിമാത്രം ജീവിക്കുന്നവരുമായിരിക്കുന്നു. ദൈവത്തിന്നായി അഥവാ സ്വന്തം പുണ്യപൂർണ്ണതയ്ക്കായിമാത്രം സമർപ്പിക്കപ്പെട്ടവരാണ് നമ്മൾ. നമ്മുടെ ബന്ധുമിത്രാദികളെക്കുറിച്ചുള്ള ഉൽക്കണ്ഠ എത്ര പൂർണ്ണമായി നാം പരിത്യജിക്കുമോ അത്രകൂടുതലായി ദൈവം അവരുടെ കാര്യത്തിൽ താല്പര്യപ്പെടുകയും, അവരെ അനുഗ്രഹിച്ചുകൊണ്ടു നമ്മുടെ ത്യാഗത്തെ സമ്മാനിക്കുകയും ചെയ്യും.

സ്നേഹപ്രകരണങ്ങൾ:— ഒന്നാംവകുപ്പിൽ കാണിച്ചിരിക്കുന്നവതന്നെ.

പ്രതിജ്ഞ:— നമ്മുടെ ബന്ധുമിത്രാദികൾ തങ്ങളുടെ അവശതകളെ നമ്മെ അറിയിക്കുകയൊ നമുക്കു ചെയ്യാൻ സ്വാതന്ത്ര്യമില്ലാത്ത വല്ല അനുകൂലങ്ങൾ നമ്മിൽനിന്ന് ആവശ്യപ്പെടുകയൊ ചെയ്യുമ്പോൾ, നമ്മുടെ പ്രാർത്ഥനാസഹായം മാത്രം വാഗ്ദാനം ചെയ്യുകയും, അതു നിവർത്തിച്ചുകൊണ്ട് ഉൽക്കണ്ഠയൊന്നും ക്രൂരതിരിക്കുകയുംചെയ്യുക.

മൂന്നാംവകുപ്പു

ക്രമാതിതമായ അനുകമ്പ

ധ്യാനം:— നമ്മുടെ ബന്ധുമിത്രാദികളുടെ കഷ്ടാരിഷ്ടതകളിൽ സഹതപിക്കുന്നതു ന്യായരഹിതമൊ ക്രൂരകരമൊ അല്ല. എന്നാൽ അതു വർദ്ധിച്ച് മനഃക്ഷോഭത്തിന്നും അസ്സമാധാനത്തിന്നും കാരണമാകുകയൊ, നമ്മുടെ കൃത്യനിർവ്വഹണങ്ങളെ തടയുകയൊ, ദൈവതിരുഹിതപ്രകാരമുള്ള പൂർണ്ണ പരിത്യാഗത്തിൽനിന്നും നമ്മുടെ ദൈവവിളിയിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുവാൻ തുടങ്ങുകയൊ ചെയ്യുമ്പോൾ, പ്രസ്തുത അനുകമ്പ ക്രമാതിതവും ക്രൂരകരവുമായി പരിണമിക്കുന്നു. ചാർച്ചക്കാരോടുള്ള അമിതമായ അനുകമ്പനിമിത്തം അനേകം സന്ന്യാസികൾ തങ്ങളുടെ ദൈവവിളി തൃജിച്ചു നിത്യനാശത്തിൽ അകപ്പെട്ടിട്ടുണ്ട് എന്ന് വി. ജെറോം പറഞ്ഞിട്ടുള്ളതു നാം എപ്പോഴും അനുസ്മരിക്കണം. അപ്പന്റെയും അമ്മയുടെയും നേക്കുള്ള അനുകമ്പകാരണത്താൽ എത്ര സന്ന്യാസികൾ തങ്ങളുടെ ആത്മാവുകളെ നശിപ്പിച്ചിരിക്കുന്നു!

പ്രായോഗികചിന്ത:— ഈവിധ പരീക്ഷകൾ ഉണ്ടാകു

മ്പോഠംനാം ഇങ്ങനെ ഓക്കണം. "വ്രതപ്രഖ്യാപനത്താൽ ഞാൻ എന്നെത്തന്നെ ദൈവശുശ്രൂഷയ്ക്കു നിത്യമായി സമർപ്പിച്ചിരിക്കുന്നു. ദൈവസ്നേഹത്തെപ്രതി ഞാൻ പരിത്യജിച്ച എന്റെ വാത്സല്യഭോജനങ്ങളുടെ അവശതകളും കഷ്ടാരിഷ്ടതകളും ദൈവം കാണുന്നുണ്ടു്. അവയെല്ലാം ഗുണകരങ്ങളാക്കിത്തീർത്തുകൊണ്ടു് അവരെ സഹായിക്കുവാൻ കൃപാനിധിയായ അവിടുത്തേയ്ക്കു് അറിയാം." ഏവംവിധമായ പരീക്ഷാവസരങ്ങളിൽ അല്പമെങ്കിലും അജാഗ്രത ഭവിച്ചാൽ ഉൽക്കണ്ഠകരം നമ്മുടെ ഹൃദയത്തിൽ സ്ഥലം പിടിച്ച നമ്മെ ആത്മികമന്ദതയിലേക്കും, ദൈവവിളിപോലും നഷ്ടപ്പെട്ടുത്തക്ക അപകടത്തിലേക്കും നയിക്കുവാൻ ഇടയുണ്ടെന്നു പ്രത്യേകം സ്മരിക്കണം.

സംഭാഷണം:— അത്ഭുതാവഹമായ പരിപൂർണ്ണതയോടെ ലോകത്തേയും കുടുംബപ്രതാപത്തേയും പരിത്യജിച്ച വിശുദ്ധ ലൂയിസ് ഗൊൻസാഗയോടു സംഭാഷണം ചെയ്യുക.

ജൂലൈ മുപ്പത്തിഒന്നാംതിയ്യതി

ഈശോസഭാസ്ഥാപകനായ വിശുദ്ധ ഇഗ്നേഷ്യസിന്റെ തിരുനാൾ.

പ്രാരംഭം 4. വിശുദ്ധ ഇഗ്നേഷ്യസ് മോക്ഷമഹിമ അനുഭവിക്കുന്നതു് ആത്മനാ ഭർശിക്കുക.

2. ദൈവവരപ്രസാദ പ്രേരണകളെ വിശ്വസ്തതാപൂർവ്വം അനുസരിക്കുന്നതിനു വരം ലഭിച്ചുതരേണമെന്നു ഈ വിശുദ്ധനോടു അപേക്ഷിക്കുക.

ഒന്നാം വകുപ്പു

ദൈവാനുഗ്രഹം വിശുദ്ധ ഇഗ്നേഷ്യസിൽ നിവൃത്തിച്ച വിസ്മയാവഹമായ കൃത്യങ്ങൾ.

ധ്യാനം:— ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവാനുഗ്രഹത്താലാണു് (1. കൊറീ. 15. 10) എന്ന വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്ന ഈ വാക്കുകൾതന്നെ വിശുദ്ധ ഇഗ്നേഷ്യസിലും അനുചർത്തമായിരിക്കുന്നു. അതേ, ദൈവാനുഗ്

ഹത്തിന്റെ പ്രവൃത്തികളും വിശുദ്ധ ഇഗ്നേഷ്യസിൽ പ്രത്യക്ഷപ്പെട്ടതുപോലെ വേറെ അത്യധികംപേരിൽ പ്രത്യക്ഷപ്പെട്ടിട്ടില്ലാ. വിശുദ്ധ ഇഗ്നേഷ്യസ് വഴിയായി നടത്തുവാൻ ദൈവം നിശ്ചയിച്ചിട്ടുണ്ടായിരുന്ന മഹത്തരമായ കാര്യങ്ങൾക്ക് അവിടുന്ന് എത്ര സാവധാനത്തിലാണ അദ്ദേഹത്തെ ഒരുക്കുന്നതെന്നു നോക്കുക. പതിനാറാം ശതാബ്ദത്തിൽ ഉത്ഭവിച്ച പാഷണ്ഡമതങ്ങളെ എതിർക്കുന്നതിനും, അവയുടെ ദുഷ്ഫലങ്ങളെ പരിഹരിക്കുന്നതിനുമായി വിശുദ്ധ ഇഗ്നേഷ്യസ് ഒരു സന്യാസസഭയ്ക്ക് അടിസ്ഥാനമിടണമെന്നായിരുന്നു ദൈവനിശ്ചയം. എങ്കിലും മുപ്പത്തുവയസ്സുവരെ ഇഗ്നേഷ്യസ് ഒരു സൈനികവൃത്തിൽതന്നെ കാലംകഴിച്ചു. മുപ്പതാംവയസ്സിൽ അദ്ദേഹം മുറിവേറ്റ് ഒരു ആതുരശാലയിൽ കിടപ്പായി. ദൈവപരിപാലനത്തിന്റെ നിഗൂഢനിശ്ചയങ്ങൾ അദ്ദേഹത്തിൽ നിവർത്തിതമാകുവാനുള്ള കാലം അപ്പോൾ ആഗതമായി. ദൈവാനുഗ്രഹം അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. ഐഹികങ്ങളുടെ ക്ഷണികതയും, പാരത്രികങ്ങളുടെ നിത്യതയും അദ്ദേഹം സുവ്യക്തമായികണ്ടു. ഇതഃപര്യന്തം തന്നിൽ വന്നുപോയിട്ടുള്ള പാപങ്ങളെ കഠിനതപഃക്രിയകളാൽ പരിഹരിക്കുവാൻ ഇഗ്നേഷ്യസ് സന്നദ്ധനായി. അദ്ദേഹം മൻരേസാഗുഹയിൽ പ്രവേശിച്ചു കഠിനമായ തപോജീവിതം ആരംഭിച്ചു. അവിടെവച്ചു ശക്തിമത്തായ പ്രലോഭനങ്ങളാൽ അദ്ദേഹം പരിശോധിക്കപ്പെട്ടു. ദൈവപ്രകാശനങ്ങളും ധ്യാനപാരവശ്യങ്ങളും വഴിയായി ആന്തരികജീവിതം എന്ന മഹാശാസ്ത്രത്തിൽ അദ്ദേഹം നിപുണതപ്രാപിച്ചു. തദ്ഫലമായി അദ്ദേഹത്തിനു എത്രത്തോളം പാടവം സിദ്ധിച്ചുവെന്നുള്ളതിനു മൻരേസാഗുഹയിൽവച്ചുതന്നെ അദ്ദേഹം എഴുതിയ 'ആദ്ധ്യാത്മികാഭ്യാസം' എന്ന പുസ്തകം സാക്ഷ്യംവഹിക്കുന്നു.

അദ്ദേഹത്തെ ഒരു അപ്പോസ്തോലനും അപ്പോസ്തോലന്മാരുടെ പിതാവും ആക്കണമെന്നായിരുന്നു ദൈവത്തിന്റെ നിശ്ചയം. ദൈവനിയുക്തമായിരുന്ന ആ മഹാ ഉദ്യമം സുകരമാക്കുന്നതിനുവേണ്ടിയിരുന്ന ശാസ്ത്രജ്ഞാനം ക്രമേ സമ്പാദിക്കുന്നതിനു ദൈവം അദ്ദേഹത്തിനു വഴികൊടുത്തതു. ദൈവപ്രേരണയാൽ അദ്ദേഹം പാരീസ് സർവ്വകലാശാലയിൽ ചെന്നെത്തി. ഇഗ്നേഷ്യസിനെ സർവ്വകലാശാലയിലേയ്ക്ക് ആനയിച്ച ആ

ദൈവവിചാരണതന്നെ ശാസ്ത്രനിപുണരായിരുന്ന ചിലരെ ഇ
ഗ്നേഷ്യസിന്റെ പക്കലേയ്ക്കു ആകർഷിച്ചു. ആദ്ധ്യാത്മിക ധ്യാ
നങ്ങളാൽ അവർ പ്രകാശിതരായി. ഇങ്ങിനെ അവർ ഇഗ്നേഷ്യ
സിന്റെ അനുയായികളും ദൈവത്തിന്റെ യോദ്ധാക്കളുമായി
പരിണമിച്ചു. പരിശുദ്ധപിതാവിന്റെ അഗ്രഹാനുസരണം
ലോകത്തിൽ എവിടെയും വേഗപ്രചാരണാർത്ഥം പോകുന്നതി
നു് എല്ലാവരും സന്നദ്ധരായി. അനന്തരം ഈശോയുടെ സം
ഘം എന്ന അഭിധാനം തങ്ങൾക്കായി സ്വീകരിച്ചുകൊണ്ടു് അ
വർ ഒരു നിയമസംഹിത എഴുതി അംഗീകരണത്തിന്നായി, പ
രിശുദ്ധപിതാവു് പോൾ തൃതീയനു സമർപ്പിച്ചു. പരിശുദ്ധ
പിതാവു് ഇതു വായിച്ചശേഷം ഇതിൽ ദൈവതൃക്കരം പ്രത്യ
ക്ഷപ്പെട്ടുന്നു എന്നാണു് കല്പിച്ചരുളിയതു്. ഇഗ്നേഷ്യസ് പതി
നാറു സംവത്സരം തന്റെ സഭയെ ഭരിച്ചു. അദ്ദേഹത്തിന്റെ
പുണ്യവൈപുല്യവും ഭരണനൈപുണ്യവും നിമിത്തം സഭ വള
രെ അഭിവൃദ്ധിപ്രാപിച്ചു. ടൈറ്റു തിരുസംഘത്തിന്റെ അഭി
നന്ദനത്തിനു അർഹമായിത്തീർന്നു. ഇദ്ദേഹം മരിച്ചിട്ടു് അമ്പ
ത്തുമൂന്നാം വത്സരത്തിൽ സിലുൻ എന്നു് തിരുസ്സഭയാൽ നാ
മകരണം ചെയ്യപ്പെട്ടു.

പ്രായോഗികചിന്ത:— ഇതുപര്യന്തമുള്ള നിന്റെ ജീവിത
ശൈയും വിശിഷ്യ, നിന്റെ ദൈവവിളിയുടെ ഉത്ഭവവും അഭിവൃ
ദ്ധിയും പരിശോധിച്ചുനോക്കുക. പ്രത്യേക ദൈവപരിപാലന
ത്തിന്റെ സുവ്യക്തമായ ലക്ഷ്യങ്ങളും നീ അതിൽ കാണാതി
രിക്കുകയില്ല.

സ്ഥാപകരണങ്ങൾ:— ദൈവാനുഗ്രഹത്തിന്റെ അത്ഭു
താവഹമായ ഔദാര്യത്തെക്കുറിച്ചു കൃതജ്ഞനായിരിക്കുക. ഇനി
യെങ്കിലും ദൈവാനുഗ്രഹത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ
പഠിച്ചുകൊള്ളുക.

പ്രതിജ്ഞ:— ദൈവപ്രേരണകളെ ശ്രദ്ധാപൂർവ്വം അനുസ
രിക്കുക.

രണ്ടാംവകുപ്പു്

ദൈവാനുഗ്രഹത്തിന്റെ പ്രേരണകൾക്കു വിശ്വസ്തനായിരുന്നു.

ധ്യാനം:— ദൈവപ്രകാശനം സിദ്ധിച്ചു ഉടനെ ഇഗ്നേഷ്യസ്
ജീവിതം നവീകരിക്കുന്നതിനും, ദൈവപരിപാലനത്തിന്റെ

മഹാസന്ഹെത്തിലേയ്ക്ക് ആനയിക്കപ്പെട്ടന്നതിനും സന്നദ്ധനായി. അദ്ദേഹം ഉടനെ അരമന ഉപേക്ഷിച്ചു അജ് ഞാതവാസത്തിനായി ഇറങ്ങി. അയോധനപ്രവീണനായിരുന്ന അദ്ദേഹം തന്റെ ഖഡ്ഗത്തെ മൊൻസെറാത്ത് എന്ന സ്ഥലത്തെ പരിശുദ്ധ ജനനിയുടെ പീഠത്തിങ്കൽ സമർപ്പിക്കുന്നു. അനന്തരം വിലയേറിയ വസ്ത്രങ്ങളെല്ലാം മാററി. ഭിക്ഷയിരന്നു കാലം കഴിക്കുവാനും തുടങ്ങി. പശ്ചാത്താപരിതമായ ഹൃദയത്തോടെ അദ്ദേഹം ഒരു പൊതുപാപസങ്കീർത്തനം ചെയ്തു. വ്യസനാധികൃം നിമിത്തം സംസാരിക്കുവാൻപോലും അശക്തനായിത്തീന്നതിനാൽ പാപസങ്കീർത്തനം പലതവണയായിട്ടു മുഴുമിപ്പിക്കുവാനേ അദ്ദേഹത്തിന്നു സാധിച്ചുള്ളു. അതിന്റെശേഷമാണു അദ്ദേഹം മൻരേസാഗുഹയിൽ പ്രവേശിച്ചു കഠിനമായ തപോജീവിതം ആരംഭിച്ചതു്. ഇവ വഴിയായി അദ്ദേഹം മിശിഹായിൽ നവജീവൻ പ്രാപിക്കുകയും, ദൈവസ്നേഹത്തിൽനിന്നു ഉത്ഭവിച്ച ശുഷ്കാന്തി നിമിത്തം അന്യരുടെ ആത്മരക്ഷയ്ക്കായി സ്വയം സമർപ്പിക്കുകയുംചെയ്തു. തന്റെ പ്രയത്നങ്ങൾ സഫലങ്ങളാകുവാൻ ശാസ്ത്രജ്ഞാനവും അവശ്യം വേണ്ടിയിരുന്നതിനാൽ ലത്തീൻ പഠിക്കുന്നതിനു് അല്ക്കലപ്പട്ടണത്തിലേയ്ക്കും, അനന്തരം ഉന്നതവിദ്യാഭ്യാസാർത്ഥം പാരീസിലേയ്ക്കും പുറപ്പെട്ടു. സുദീർഘവും ശ്രമസാദ്ധ്യവുമായ ഈ പഠനങ്ങളിൽ അദ്ദേഹത്തിന്നു വല്ലതായ പ്രതിബന്ധങ്ങൾ നേരിട്ടു. എന്നാൽ അവയെ അതിശയിക്കുന്ന പ്രതിബന്ധമായിരുന്ന ദൈവപ്രേരണയാൽ താൻ സ്ഥാപിച്ച സഭയ്ക്കു നിയമസംഹിത ഉണ്ടാക്കുന്നതിൽ അദ്ദേഹത്തിന്നു് അനുവേപ്പെട്ടതു്. അവയെല്ലാം അദ്ദേഹം ക്ഷമയും സ്ഥിരോത്സാഹവുംകൊണ്ടു ജയിച്ചു. പ്രസ്തുത നിയമങ്ങളുടെ ശ്രുപവൽകരണം ദൈവഹിതാനുസരണവും അവിടുത്തെ സ്തുതിക്കു ഉപയുക്തവും ആയിരിക്കേണ്ടതിനുവേണ്ടി അദ്ദേഹം ഏകാന്തതയിൽ തപസ്സും ജപദ്ധ്യാനവും അനുഷ്ഠിച്ചുകൊണ്ടു ജീവിച്ചു. ദൈവസ്തുതിവർദ്ധനവു വിശുദ്ധ ഇഗ്നേഷ്യസിന്റെ മുദ്രാവാക്യമായിരുന്നതുകൊണ്ടുതന്നെയാണു് അദ്ദേഹം എഴുതിയ നിയമസംഹിതയിൽ മുന്നൂററിരുപതിൽപരം പ്രാവശ്യം അതു് ആവർത്തിച്ചിരിക്കുന്നതു്. അദ്ദേഹം ലോകത്തിന്നും തനിക്കുതന്നെയും മൃതനായി ദൈവത്തിന്നുവേണ്ടിമാത്രം ജീവിച്ചു. ദൈ

വപ്രേരണകളും വിശ്വസ്തതയോടെ നിവൃത്തിച്ചതിന്റെ മഹാ സമ്മാനമായിരുന്നു അത്.

പ്രായോഗികചിന്ത:— വിശുദ്ധ ഇഗ്നേഷ്യസിന്റെ ഉപ്പാ നം അനുസരിച്ചു നാമും ഉദാരമായും സ്ഥിരമായും പൂർണ്ണമായും ദൈവപ്രേരണകളെ അനുസരിച്ചുവർത്തിക്കുമെങ്കിൽ അതുനമ്മുടെ സംശയങ്ങളിൽ പ്രകാശവും, ദുഃഖാരിഷ്ടതകളിൽ സമാശ്വാസവും ആദ്ധ്യാത്മികസമരത്തിൽ ധൈര്യവും ശക്തിയുമായിരിക്കും. ദൈവപ്രസാദവരത്തെ മാർഗ്ഗദീപമായിഅരെല്ലാം അവലംബിക്കുമോ, അവരെല്ലാവരും നിത്യപ്രതാപകിരീടം പ്രാപിക്കും.

സംഭാഷണം:— വിശുദ്ധഇഗ്നേഷ്യസിനോടു സംഭാഷണം ചെയ്യുക. തന്റെ ശ്രേഷ്ഠനായിരുന്ന ഈ വിശുദ്ധനു വിശുദ്ധ ഫ്രാൻസീസ് സേവ്യർ, എഴുതിയിരുന്ന ലേഖനങ്ങളുടെ അവസാനത്തിൽ പറഞ്ഞിരുന്ന വചനങ്ങളെത്തന്നെ നീയും ആവർത്തിക്കുക. എന്റെ ആത്മികപിതാവേ, ഞാൻ സകലത്തിലും ദൈവതിരുമനസ്സു് അറിഞ്ഞു നിറവേറുന്നതിനുവേണ്ട അനുഗ്രഹം എനിക്കു ലഭിക്കുവാനായി അങ്ങുന്നു എനിക്കുവേണ്ടി പ്രാർത്ഥിക്കേണമെന്നു ഞാൻ അങ്ങയുടെ പാദങ്ങളിൽ കേണപേക്ഷിക്കുന്നു.

ആഗസ്റ്റ് ഒന്നാംതിയ്യതി

വിത്തുകളുടെ ഉപമ

പ്രാരംഭം 1. ഈശോ പടവിൽ ഇരുന്നുകൊണ്ടു ജനത്തോടു പ്രസംഗിക്കുന്നതു് ആത്മനാ ശ്രവിക്കുക.

2. ഈ ഉപമയിൽ നമ്മുടെകർത്താവു ഉദ്ദേശിച്ച ഫലംപ്രാപിക്കുവാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു
വഴിയരികിൽ വീണ വിത്തു്.

ധ്യാനം:— നമ്മുടെ കർത്താവു തന്റെ പ്രസംഗകജീവിതത്തിന്റെ രണ്ടാംവത്സരത്തിൽ ഉൽകൃഷ്ടങ്ങളും ഗഹനങ്ങളുമായ തത്വങ്ങളും ജനങ്ങളുംക്രമപ്രദേശിച്ചിരുന്നതു സുഗ്രഹങ്ങളും

രസാവഹങ്ങളുമായ ഉപമകളിലായിരുന്നു. ഹൃദയസ്പർശകമായ ആ ഉപമകളിൽ പ്രധാനമായ ഒന്നുതന്നെയായിരുന്നു വിതക്കുന്നവനെക്കുറിച്ചുള്ളതു: വിതക്കാരൻ വിത്തുവിതക്കാനായി പുറപ്പെട്ടു. അവൻ വിതയ്ക്കുവെ ചിലതു വഴിയരികിൽവീണു. അതു ചവിട്ടപ്പെടുകയും വാനിലെ പറവകൾ തിന്നുകളയുകയും ചെയ്തു. മറ്റു ചിലതു പാറപ്പുറത്തുവീണു, അതുകൾ മുളച്ചു; പക്ഷേ ഈർപ്പമില്ലാതിരുന്നതിനാൽ ഉണങ്ങിപ്പോയി. (ലൂക്ക 8. 5, 6)

പ്രായോഗികചിന്ത:— ഇതിനേപ്പറ്റി നന്നായി ആലോചിക്കുന്നതായാൽ നാം പ്രവൃത്തിയിൽ അനുസരിക്കേണ്ട പല പാഠങ്ങളും ഇതിന്റെ ആലങ്കാരഗത്തിൽനിന്നുതന്നെ പഠിക്കാം. നമ്മുടെ കർത്താവുതന്നെ അതു വ്യാഖ്യാനിക്കുന്നു. വിത്തു ദൈവവചനമാണു്. വഴിയരികിലുള്ളവരൊ, വചനം കേൾക്കുന്നവരാകുന്നു, അനന്തരം വിശ്വസിച്ചു രക്ഷപെടാതിരിപ്പാനായി പിശാചുവന്നു് അവരുടെ ഹൃദയത്തിൽനിന്നു വചനം (അവർ ശ്രവിച്ചവ) എടുത്തുകളയുന്നു. ദൈവവചനം കേൾക്കുമ്പോൾ സന്തോഷപൂർവ്വം സ്വീകരിക്കുന്ന ചിലരുണ്ടു്. എന്നാൽ ഇവക്കു വേരില്ല. ഇവർ തല്ക്കാലത്തേക്കു വിശ്വസിക്കുന്നു. പ്രലോഭനങ്ങളുണ്ടാകുമ്പോൾ വ്യതിചലിച്ചുപോകയും ചെയ്യുന്നു. ഇത്തരക്കാരാകുന്നു പാറസ്ഥലത്തു (വിത്തു സ്വീകരിച്ചിട്ടുള്ളവർ (ലൂക്കാ. 11. 12, 13.) ദൈവവചനങ്ങൾ സശ്രദ്ധം ശ്രവിച്ചിട്ടു് അതിൽനിന്നു ആശാസ്യമായഫലം പ്രാപിക്കാതെ പോകുന്നതിന്റെ കാരണങ്ങൾരണ്ടാണെന്നു ഇതിൽനിന്നു തെളിയുന്നു. അവയിൽ പ്രധാനമായതു, നമ്മുടെ ബുദ്ധിപ്പുതർച്ചയും ചിന്താബാഹുല്യവുംതന്നെ. രണ്ടാമത്തേതു നമ്മുടെ ഹൃദയകാഠിന്യമാണു്. ഇതുനിമിത്തം നമ്മിലുണ്ടാകുന്ന സദ്വിചാരങ്ങൾ നമ്മുടെ ഹൃദയത്തിൽ വേരുന്നുന്നതിനു് ഇടവരുന്നില്ല. നമ്മെത്തന്നെസൂക്ഷ്മമായി പരിശോധിച്ചാൽ ഇതിന്റെ യാഥാർത്ഥ്യം നമുക്കു ബോദ്ധ്യപ്പെട്ടും.

സ്നേഹപ്രകരണങ്ങൾ:— നിന്റെ മനപ്പുതർച്ച, ഉദാസീനത, ഹൃദയകാഠിന്യം ഇവയിയായവയെക്കുറിച്ചു ദൈവത്തിങ്കൽമുമ്പാകെ വിനയപ്പെട്ടുകയും വിലപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— പ്രത്യേകാത്മശോധനവഴിയായി ബോധയുക്തവും ഹൃദയമാർദ്ദവവും പ്രാപിക്കാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു

മുള്ളുകളുടെയിടയിൽവീണ വിത്തു.

ധ്യാനം:– ചിലതു മുള്ളുകളുടെയിടയിൽവീണു; മുള്ളുകളും ഒന്നിച്ചുവളർന്നു് അതിനെ ഞെക്കിക്കളഞ്ഞു. (ലൂക്കാ. 8. 7) ഇതിന്റെ സാരമെന്തെന്നു അപ്പോസ്തലന്മാർ നമ്മുടെ ദിവ്യരക്ഷകനോടു ചോദിച്ചതിനു് അവിടുന്നു് അരുളിച്ചെയ്തതു്: ഇങ്ങനെയാണു്. ശ്രവണാനന്തരം ചിന്താകുലതയാലും ധനകാംക്ഷയാലും ജീവിതത്തിന്റെ സുഖഭോഗാസക്തിയാലും ഞെക്കപ്പെട്ടിട്ടു നിഷ്ഫലമാക്കിക്കളയുന്നവരാകുന്നു മുള്ളുകൾക്കുള്ളിൽ പതിച്ച വിത്തു (സഫീകരിച്ചവർ) (ലൂക്കാ. 8. 14)

പ്രായോഗികചിന്ത:— വിവിധലോകവ്യവഹാരങ്ങളുടെമദ്ധ്യേ ജീവിക്കുന്ന ക്രിസ്ത്യാനികളുടെ ഭയനീയാവസ്ഥയെക്കുറിച്ചു നമുക്കു് അനുകമ്പയുണ്ടാകണം. അവയാൽവരുന്ന അപകടങ്ങൾ തടഞ്ഞുകൊണ്ടാണു് അവർ തങ്ങളുടെ നിത്യരക്ഷയ്ക്കായി പ്രയത്നിക്കേണ്ടതു്. ദൈവവാക്യം സൂക്ഷ്മത്തോടെ കേൾക്കുന്നതിനും, തദനുസരണം തങ്ങളുടെ ജീവിതത്തെ ക്രമവൽക്കരിക്കുന്നതിനും, നവംനവങ്ങളായ എത്രയോ പ്രതിബന്ധങ്ങളാണു് അവർക്കുനേരിടുന്നതു്! ഇതുകാരം എത്രപേരുടെ വിശ്വാസത്തെ ഞെക്കി നിർജ്ജീവമാക്കിക്കളയുന്നു! നാം നമ്മോടുതന്നെ ബലംചെയ്തു ലൗകിക ഉൽക്കണ്ഠകളിൽനിന്നു വിമുക്തരായിരിക്കുന്നു. എങ്കിലും പ്രത്യേകകാരണംകൂടാതെ നാം സണ്ഡർശനാത്മം ആശ്രമത്തിനു പുറത്തുപോകയൊ, വർത്തമാനപ്പത്രങ്ങൾ വായിക്കുന്നതിനും ലോകത്തിലെ വിശേഷങ്ങൾ അറിയുന്നതിനും അമിതമായ ആസക്തി പ്രദർശിപ്പിക്കുകയൊ, ബന്ധുമിത്രാദികളുടെ ലൗകികാഭ്യുദയം കാംക്ഷിച്ചുകൊണ്ടു് അതിനായി പരിശ്രമിക്കുകയൊ ചെയ്യുന്നുവന്നാൽ ലോകത്തെയും അവിടെ നാം ഉപേക്ഷിച്ച വിഷയങ്ങളെയും നമ്മുടെ ഹൃദയത്തിലേക്കു ആനയിക്കുകയായിരിക്കും ചെയ്യുന്നതു്. ഇതു നാം തന്നെ നമ്മെ നശിപ്പിക്കുന്നതുപോലെയുള്ള വർത്തമാനമല്ലയൊ? ബുദ്ധിഹീനമായ ഈ പ്രവൃത്തികൊണ്ടു നാം പൈശാചികതന്ത്രങ്ങൾക്കു വശംവദരാകയും, നമ്മുടെ അവസ്ഥ ലൗകികരുടേതുപോലെയൊ അതിലും പരിതാപകരമൊ ആയിത്തീരുകയും ചെയ്യും. ഈ സ്ഥിതിയിൽ ജീവിതവിശുദ്ധി പ്രാപിക്കേ

ണമെന്നുള്ള നമ്മുടെ ആഗ്രഹവും അതിനായി നമുക്ക സിദ്ധിച്ചിരിക്കുന്ന ദൈവാനുഗ്രഹങ്ങളും ഉപകരണങ്ങളും മുള്ളുകളുടെ ഇടയിൽ വീണ വിത്തുപോലെ ഫലശൂന്യങ്ങളായിപ്പോകാതെ ഗത്യന്തരമില്ല. ആകയാൽ നാം നമ്മെക്കുറിച്ചുതന്നെ സദാ ജാഗരൂകരായിരിക്കണം. നീ ഇങ്ങിനെയാണോ ചെയ്യുന്നത്?

സ്നേഹപ്രകരണങ്ങൾ:— പിശാചിന്റെ ചതികളെ മനസ്സിലാക്കി അവയെ വിട്ടൊഴിയാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നമ്മുടെ ജീവിതസ്ഥിതിക്കും ഉദ്യോഗത്തിനും യോജിക്കാത്ത യാതൊരു കായ്ത്തിലും ഏർപ്പെടാതെയും ഇപ്രകാരമുള്ള കായ്ങ്ങളെക്കുറിച്ചു വിചാരിക്കാതെയും ഇരിപ്പാൻ എപ്പോഴും ജാഗരൂകരായിരിക്ക.

മൂന്നാം വകുപ്പു

നല്ലനിലത്തിൽവീണ വിത്തു്.

ധ്യാനം:— എന്നാൽ മറ്റു ചിലതു നല്ലനിലത്തിൽ വീണു. അതു മുളച്ചു നൂറുമേനി വിളയുകയുംചെയ്തു. (ലൂക്കാ. 8. 8) ഇതിന്നു് അവിടുന്നുതന്നെ വ്യാഖ്യാനം നൽകിയതു് ഇങ്ങനെയാണു്:— നല്ലനിലത്തിൽവീണതു്, വചനംകേട്ടു, നല്ലതും ഉത്തമവുമായ ഹൃദയത്തിൽ അതിനെ സംഗ്രഹിക്കയും ക്ഷമയോടുകൂടെ ഫലം പുറപ്പെടുവിക്കയും ചെയ്യുന്നവരാകുന്നു.

പ്രായോഗികചിന്ത:— നാം ഈ ഒടുവിൽപറഞ്ഞവരുടെ ഗണത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ദിവ്യരക്ഷകന്റെ പ്രബോധനാനുസരണം നമ്മുടെ ഹൃദയത്തിൽനിന്നു ക്രമാതീതമായസ്നേഹം നിശ്ശേഷം തള്ളിക്കണം. അപ്രകാരംതന്നെ സത്യം ഗ്രഹിക്കാനുള്ള ശക്തിയായ ആഗ്രഹത്തോടും അതിനെ അംഗീകരിക്കാനുംആദരിക്കാനുമുള്ള സന്നദ്ധതയോടും ധർമ്മധീരതയോടുംകൂടിവേണം ദൈവവചനം കേൾക്കാനും അതേപ്പറ്റി ധ്യാനിക്കാനും. ദൈവവചനം കേട്ടതുകൊണ്ടു മാത്രമായില്ല, അതേപ്പറ്റി സശ്രദ്ധം ധ്യാനിക്കയുംകൂടെ ചെയ്യണം. നാം എപ്പോഴും ഇപ്രകാരമാകുന്നോ ചെയ്യു

വരുന്നതു്? തദ്വിഷയത്തിൽ നാം അനുവർത്തിക്കേണ്ട നയവും പ്രയോഗിക്കേണ്ട ഉപകരണങ്ങളും ആലോചിച്ചു തീർച്ചപ്പെടുത്തുക.

സംഭാഷണം;— നമ്മുടെ ദിവ്യഗുരുവിനോടു സംഭാഷണം ചെയ്യുക.

രണ്ടാംതിയ്യതി

രക്ഷകന്റെ സഭാ സ്ഥാപകനായ
വി. അല്ഫോൻസു ലിഗോരി.

പ്രാരംഭം 1. വിശുദ്ധ അല്ഫോൻസു് പരിശുദ്ധദൈവജനനിയുടെ സ്വരൂപത്തിൽമുമ്പിൽ കേവപാരവശ്യത്തിൽ നിൽക്കുന്നതു് ആത്മനാ ദർശിക്കുക.

2. ഈ വിശുദ്ധനെ ധീരതയോടെ അനുകരിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പരിശ്രമശീലത്തിൽ തന്നെ അനുകരിക്കുന്നതിനു
വി. അല്ഫോൻസു നമ്മെ പ്രേരിപ്പിക്കുന്നു.

ധ്യാനം:— വിശുദ്ധരുടെ ജീവിതം നമുക്കു് ആദർശം മാത്രമല്ല, പ്രോത്സാഹനം കൂടെയായിരിക്കണം. വിശുദ്ധ ലിഗോരിയുടെ ജീവിതം ഈ പറഞ്ഞ രണ്ടുവിധത്തിലും നമുക്കു വളരെ പ്രയോജനകരമായിരിക്കുന്നുണ്ടു്. ധീരത ഇല്ലാതിരുന്നാൽ നമ്മുടെ അന്തസ്സിന്റെ കടമകൾ കൃത്യമായും പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കുകയില്ല. വിശുദ്ധ അല്ഫോൻസിന്റെ ധീരത ഗ്രഹിക്കുന്നതിനു് അല്പം ചെയ്തിട്ടുള്ള മഹൽകൃത്യങ്ങൾ ആലോചിച്ചാൽ മതി. അല്പം വൈദികപദം സ്വീകരിച്ചതുമുതൽ വാർദ്ധക്യത്താൽ അവശനായതുവരെയുള്ള ദീർഘമായ കാലാവധിയത്രയും പ്രസംഗിക്കുക, പാപസങ്കീർത്തനം കേൾക്കു

ക, ആദ്ധ്യാത്മികധ്യാനങ്ങൾ നടത്തുക ആദിയായ വേലകൾ ക്കായി സതീക്ഷ്ണം വിനിനോഗിച്ചു. ഇതോടുകൂടെ മുപ്പത്തുവ ത്സരം ശ്രപതരേണവും, നാല്പത്തുരണ്ടു വത്സരം തന്റെ സഭ യുടെ ഭരണവും അദ്ദേഹം യഥോചിതം നിർവ്വഹിച്ചു. അദ്ദേഹം ചെയ്ത ജോലികളുടെ ബാഹുല്യം ആലോചിക്കുമ്പോൾ അതു ഒരു മനുഷ്യന്റെ കഴിവിനെ വളരെ അതിക്രമിച്ചതാണെന്നു വേണംപറയുവാൻ. അദ്ദേഹമാകട്ടെ ഭൂർഭരമായ ഈ ജോലിപ്പെ രുപ്പത്തിനിടയിൽ നിരവധി പുസ്തകങ്ങൾ രചിക്കുക ടെ ചെയ്തു. സാമാന്യം വലിപ്പമുള്ള അമ്പത്തിരണ്ടിലധികം പു സ്തകങ്ങൾക്കുപുറമെ അനേകം ചെറുകൃതികളും എഴുതി എന്നു കേട്ടാൽ ആർക്കാണ് അത്ഭുതം തോന്നാത്തതു്? ഇദ്ദേഹത്തി ന്റെ കൃതികളിലെല്ലാം അനേക വിശ്രുതഗ്രന്ഥകാരന്മാരുടെ വാക്യങ്ങൾ സുലഭമായി ഉദ്ധരിച്ചുകാണുന്നതിൽനിന്നു് ഇദ്ദേ ഹം നിരവധി പുസ്തകങ്ങൾ സശ്രദ്ധം വായിച്ചിട്ടുണ്ടെന്നും വെ ളിവാകുന്നു. ഈ പറഞ്ഞവയിൽനിന്നു വിശുദ്ധ അല്പോൻസ് ചെയ്ത മഹാപരിശ്രമങ്ങളുടെ ഒരു രൂപം നമുക്കു സിദ്ധിക്കുന്നു. അദ്ദേഹത്തിന്റെ ഈ നിരന്തരയത്നം തൊണ്ണൂറുവയസ്സുവരെ ദീർഘിക്കുകയും ചെയ്തുവെന്നു നാം സ്മരിക്കണം.

പ്രായോഗികചിന്ത:— എല്ലാറ്റിലും തങ്ങളുടെ ശരീര സുഖം മുൻനിറുത്തി, പരിശ്രമങ്ങളിലും അദ്ധ്യാനങ്ങളിലും നിന്ന് ഓടിയൊളിക്കുന്ന ചില സന്ന്യാസികളുടെ ലജ്ജാവഹ മായ അവസ്ഥയിൽ നീ അകപ്പെടാതിരിക്കാൻ സൂക്ഷിക്കുക. അവർ ഇതരന്മാർക്കും തങ്ങൾക്കുതന്നെയും ഭാരമായിത്തീരുന്നു. അവരെ നീ അനുകരിക്കാതെ അദ്ധ്യാനം തങ്ങളുടെ ശരീരസുഖ ത്തിന്നു് ഉപകാരപ്രദമെന്നും രോഗത്തിനു പ്രത്യൗഷധമെന്നും കരുതുന്ന ഉത്തമ സന്ന്യാസികളെ അനുകരിപ്പാൻ ശ്രമിക്കുക. ക്രമാനുചിതമായ അദ്ധ്യാനം ദീർഘായുസ്സിനും കാരണമാകുന്നു എന്നതത്വത്തെ വിശുദ്ധ ലിഗോരിയുടെജീവിതം സ്ഥിരീകരി ക്കുന്നു.

സ്തോത്രപ്രകരണങ്ങൾ:— തന്റെ ഉത്തമശ്രേഷ്ഠകൻ വഴി യായി ദൈവം ചെയ്ത ഇത്രയേറെ നന്മകളെക്കുറിച്ചു് അങ്ങയെ സ്തുതിക്കുക. ക്രമാനുസരണം അദ്ധ്യാനിക്കുന്നതിനുള്ള വാസന യും ഉദാരഹൃദയവും തന്നരുളുവാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ആരോഗ്യം നഷ്ടീഭവിക്കും എന്ന അടിസ്ഥാനരഹിതമായ ഭയം പരിത്യജിക്കുക.

രണ്ടാംവകുപ്പു

വിശുദ്ധ ലിഗോരി നമ്മിൽ ഭക്തിതീക്ഷ്ണത ഉദ്ദീപിപ്പിക്കുന്നു.

ധ്യാനം:— തീക്ഷ്ണതയോടെചെയ്ത പരിശ്രമങ്ങൾകൊണ്ടു വിശുദ്ധ അല്ഫോൻസ് ലിഗോരിയുടെ ദീർഘമായജീവിതം നിബിഡമായിരിക്കുന്നു. നേപ്പിൾസിലെ മിക്കപ്പട്ടണങ്ങളും അദ്ദേഹത്തിന്റെ ശുശ്രൂഷാന്തിപൂർവ്വകമായ പരിശ്രമങ്ങളുടെ രംഗങ്ങളായിരുന്നു. കൊടും പാപികളെ മാനസാന്തരപ്പെടുത്തുന്നതിനും, വളരെ അത്ഭുതകൃത്യങ്ങൾ ചെയ്യുന്നതിനും ഉള്ളവരം പ്രദാനം ചെയ്തുകൊണ്ടു ദൈവം അദ്ദേഹത്തിന്റെ തീക്ഷ്ണതയെ സമ്മാനിക്കുകയുംചെയ്തു. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുതിരുസ്സഭയെടുത്തിയ പരിശോധനയിൽ നൂറിൽ അധികംഅത്ഭുതങ്ങൾ ഈ വിശുദ്ധൻ ചെയ്തതായി തെളിയുകയുണ്ടായി. പലഅവസരങ്ങളിലും ദിവ്യപൂജ സമർപ്പിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും ഭക്തിപാരവശ്യംനിമിത്തം അദ്ദേഹം നിലംവിട്ടുയർന്നിട്ടുണ്ട്. ചില അവസരങ്ങളിൽ പെട്ടെന്നു പ്രസംഗംനിറുത്തി ദൂരദേശത്തിൽ ആത്മികയുദ്ധത്തോടെ മരണം പ്രാപിച്ച ചില മഹാന്മാക്കുവേണ്ടി പ്രാർത്ഥിപ്പാനും പറഞ്ഞിരുന്നു. പലപ്പോഴും, ഈ വിശുദ്ധന്റെപക്കൽ ആലോചനയ്ക്കായി ചെന്നിരുന്നവരുടെ ഹൃദയരഹസ്യങ്ങൾപോലും അദ്ദേഹം പ്രസ്താവിച്ചിരുന്നു. അസാദ്ധ്യരോഗങ്ങൾ കുരിശിന്റെ അടയാളം കൊണ്ടു ശമിപ്പിച്ചിരുന്നു. ഒരു സമയത്തുതന്നെ ഒന്നിലധികം സ്ഥലങ്ങളിൽ സന്നിധി ചെയ്വാനുള്ള മഹാവരവും അദ്ദേഹത്തിനു സംസിദ്ധമായിരുന്നു. 1774 സെപ്റ്റംബർ 22—ാംനു- നേപ്പിൾസ് പട്ടണത്തിൽ ഇരുന്നുകൊണ്ടു്, റോമിൽ അസന്നമരണനായിക്കിടന്നിരുന്ന 14—ാം ക്ലേമെൻറു പാപ്പായെ തന്റെ സാന്നിദ്ധ്യത്താൽ സമാശ്വസിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു!

പ്രായോഗികചിന്ത:— ദൈവത്തിന്റെ മഹാദാനങ്ങളെ അർഹിക്കണമെങ്കിൽ വിശുദ്ധ അല്ഫോൻസിനെപ്പോലെ നാമും നമ്മുടെ ശുശ്രൂഷയെ പ്രവൃത്തികളാൽ പ്രത്യക്ഷപ്പെടുത്തേണ്ട

താണ്. ഇതിനു് അനേകം മാഗ്ഗങ്ങളുണ്ടു്. അദ്ദേഹത്തെ അനുകരിച്ചു ദൈവസ്തുതിയും അന്യരുടെ നന്മയും മാത്രം അഗ്രഹിക്കയും നാം ചെയ്യുന്നവ സമസ്തവും ഈ വിശുദ്ധ ഉദ്ദേശ്യത്തോടെ നിവൎത്തിക്കയും ചെയ്യാൻ നമുക്കു സാധിക്കും. നാം എപ്പോഴും ഇങ്ങനെ ചെയ്യുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— കൎത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ദീർഘകാലം വേലചെയ്വാനും, വലിയ ഫലം പ്രാപിപ്പാനും വേണ്ട ദൈവാനുഗ്രഹം പ്രാൎത്ഥിക്കുക.

പ്രതിജ്ഞ:— ഇതരന്മാരുടെ രക്ഷയ്ക്കും സുകൃതസമ്പാദനത്തിനുംവേണ്ടി ചെയ്യുന്ന വേലകൾക്കു പ്രപിഫലമായി സ്വൎഗ്ഗത്തിൽ ലഭിക്കാവുന്ന ഭാഗ്യത്തെ ഓൎത്തു, നമ്മെത്തന്നെ പ്രോത്സാഹിപ്പിക്കുകയും ധൈൎയ്യപ്പെടുത്തുകയും ചെയ്യുക.

മൂന്നാംവകുപ്പു

വിശുദ്ധ അല്പോൻസ് ദൈവജനനിയുടെ നേരെയുള്ള ഭക്തിയിലേയ്ക്കു നമ്മെ ആകർഷിക്കുന്നു.

ധ്യാനം:— വിശുദ്ധ അല്പോൻസിനെപ്പോലെ ഇത്ര ആർദ്രമായി ദൈവജനനിയെ സ്നേഹിക്കുകയും, പ്രസംഗങ്ങൾകൊണ്ടും പ്രബന്ധങ്ങൾകൊണ്ടും അവിടുത്തെ കീൎത്തിക്കുവാൻ ഇത്ര പരിശ്രമിക്കുകയും ചെയ്തിട്ടുള്ളവർ വിശുദ്ധരിൽപേലും ചുരുക്കമാണു്. മരിയാസൂതികർമ്മം എന്ന അഭിധാനത്തിൽ അദ്ദേഹംഎഴുതിയിട്ടുള്ള പുസ്തകം ശാസ്ത്രജ്ഞാനീയ്യംകൊണ്ടും ഭക്തിമാധുൎയ്യംകൊണ്ടും ദൈവജനനിയെക്കുറിച്ചുള്ള കൃതികളിൽ പ്രഥമസ്ഥാനം അൎഹിക്കുന്നഒന്നുതന്നെയാണു്. പലഭാഷകളിലേക്കു അതു വിവൎത്തനം ചെയ്തിട്ടുണ്ടു്. ഇതു വഴിയായി സ്പഷ്ടരാജ്ഞിയുടെ നേരെയുള്ള ഭക്തി അനേകഹൃദയങ്ങളിൽ പ്രബലപ്പെടുവാനും ഇടവന്നിട്ടുണ്ടു്. തനിക്കുചെയ്തുസവനത്തിനു സ്പഷ്ടരാജ്ഞി അദ്ദേഹത്തെ സമൃദ്ധിമായി സമ്മാനിച്ചു. പരിശുദ്ധമാതാവിന്റെ സ്തുതികർമ്മം പ്രസംഗിച്ചുകൊണ്ടു മാൽഫി പട്ടണത്തിലെ ഒരു ദേവാലയത്തിൽ നില്ക്കുമ്പോൾ അദ്ദേഹം സ്വാഭീയപാരവശ്യത്താൽ ഭൂമിവിട്ടുയൎന്നു. തത്സമയംതന്നെ അടുത്തുണ്ടായിരുന്ന സ്പഷ്ടരാജ്ഞിയുടെ ഒരു പ്രതിമയിൽനിന്നു തേജോരശ്മികർമ്മം പുറപ്പെട്ടു അദ്ദേഹത്തെ വലയം ചെയ്യുന്നതും എല്ലാവർക്കും ദൃശ്യമാ

യി. എല്ലാവരും ഈ കാര്യയാൽ അത്ഭുതഭരിതരായി (1756)

പ്രായോഗിക ചിന്ത:— ദൈവജനനിയുടെനേരെ മക്കൾക്കനുയോജ്യമായസ്നേഹം നമ്മിൽഅഭിവൃദ്ധമാക്കുവാനും അതിന്റെ രക്ഷാകരഫലങ്ങൾ അനുഭവിച്ചറിവാനും ശ്രമിക്കുക. ഇതരമാരിലും ഈ ഭക്തി വർദ്ധിപ്പിക്കാൻ നമ്മാലായപരിശ്രമംചെയ്യുക. ഇങ്ങിനെ ഈ സ്വർഗ്ഗരാജ്ഞിയുടെ അനുഗ്രഹപൂർണ്ണമായ പരിപാലനത്തിനു നാമും അർഹരാകും.

സംതോഷണം:— വിശുദ്ധ അല്ഫോൻസ് ലിഗോരിയോട് സംതോഷണംചെയ്യുക. അദ്ദേഹം നിർവ്വഹിച്ചതും അദ്ദേഹത്തിന്റെ ശിഷ്യന്മാർവഴിയായി അദ്ധ്യാത്മം നിർവ്വഹിച്ചുവരുന്നതുമായ മഹൽകൃത്യങ്ങളെക്കുറിച്ചു വിശുദ്ധനെ അഭിനന്ദിക്കുക. അദ്ദേഹത്തിൽ പരിശോഭിച്ചിരുന്ന ധീരത, ക്ലേതിതീക്ഷ്ണത, ഉപവി, ദൈവജനനിയുടെനേർക്കുള്ളഭക്തി എന്നിവയിൽ നമ്മെയും ഭാഗഭാക്കുകളാക്കണമെന്നു അദ്ദേഹത്തോട് അഭ്യർത്ഥിക്കുക.

ആഗസ്റ്റ് മൂന്നാംതിയ്യതി.

കുളയേയും ഗോതമ്പിനേയും കുറിച്ചുള്ള ഉപമ.

പ്രാരംഭം 1. ഈശോ ഈ ഉപമ വ്യാഖ്യാനിക്കുന്നതു ആത്മനാശ്രവിക്കുക.

2. അതു ശരിയായി മനസ്സിലാക്കുവാനും ഫലപ്രദമാക്കുവാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ഈ ഉപമയുടെ സാമാന്യവ്യാഖ്യാനം.

ധ്യാനം:— തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനു സദൃശമാകുന്നു സ്വർഗ്ഗരാജ്യം. അപ്പോൾ ഉറങ്ങുകയിൽ അവന്റെ ശത്രു വന്നു ഗോതമ്പിന്റെ ഇടയിൽ കുളകളും വിതച്ചുംവച്ചു പോയി. എന്നാൽ തൊറു വളർന്നു ഫലം പുറപ്പെടുവിച്ചപ്പോൾ കുളകളും പ്രത്യക്ഷപ്പെട്ടു. അപ്പോൾ ഗൃ

ഥനായകന്റെ വേലക്കാർ വന്നു് അയാളോട്: സ്വാമിൻ... ഞങ്ങൾ പോയി അവ പിഴുതുകൂട്ടുവാൻ അങ്ങയ്ക്കു സമ്മതമുണ്ടോ? എന്നു ചോദിച്ചു. അതിന്നു് അവൻ പറഞ്ഞു: ഇല്ല, നിങ്ങൾ കളകളെ പറിക്കുമ്പോൾ, പക്ഷെ അവയോടുകൂടെ പിഴുതുകളഞ്ഞേക്കും. വിളവെടുപ്പുവരെ രണ്ടും കൂടെ വളർന്നുകൊള്ളട്ടെ. വിളവെടുപ്പുകാലത്തു് ഞാൻ കൊയ്ത്തുകാരോടു പറയും: ആദ്യം കളകളെ പറിച്ചു കൂട്ടുകളായുന്നതിന്നു് അവ കെട്ടുകളായി കെട്ടുവിൻ, ഗോതമ്പോ എന്റെ കളപ്പുരയിൽ കൂട്ടുവിൻ. (മത്തേ. 13. 24, 26, 28, 30)

പ്രായോഗികചിന്ത:— അപ്പോസ്തോലന്മാരുടെ അപേക്ഷാനുസരണം നമ്മുടെ ദിവ്യരക്ഷകൻ പ്രസ്തുത ഉപമ വ്യാഖ്യാനിച്ചുകൊടുത്തതു് ഇങ്ങനെയായിരുന്നു: "നല്ല വിത്തു വിതക്കുന്നവൻ മനുഷ്യപുത്രനാകുന്നു. വയലോ ലോകമാകുന്നു. നല്ലവിത്താകട്ടെ (സ്വർഗ്ഗ)രാജ്യത്തിന്റെ പുത്രരുമാകുന്നു. എന്നാൽ കളകളോ ദുഷ്ടന്റെ മക്കളാകുന്നു. അവയെ വിതച്ച ശത്രുവൊ, പിശാചാകുന്നു. കൊയ്ത്തു് ലോകത്തിന്റെ അവസാനമാകുന്നു കൊയ്ത്തുകാർ ദൈവദൂതന്മാരുമാകുന്നു- മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും, അവർ തന്റെ രാജ്യത്തിൽനിന്നു സകല ഇടർച്ചഹേതുകരേയും അധർമ്മാചാരികളേയും ശേഖരിക്കുകയും അവരെ അഗ്നിച്ചൂളയിലേയ്ക്കു് ഇട്ടുകളയുകയും ചെയ്യും. അവിടെ കരച്ചിലും പല്ലിറുമ്മലും ഉണ്ടാകും. അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യസമാനം ശോഭിക്കും. (മത്തേ. 13. 37, 39, 42, 43.) സനാതനസ്സിലേക്കുള്ള ദൈവവിളി എന്ന വിശുദ്ധ ബീജം ദൈവം നിന്നിൽ വിതച്ചു മുളപ്പിക്കയും ലോകവ്യാമോഹങ്ങളായ കളകളിൽനിന്നു നിന്നെ രക്ഷിക്കയും ചെയ്തതിനെക്കുറിച്ചു അങ്ങേ നേരെ കൃതജ്ഞത പ്രദർശിപ്പിക്കുക. എന്നാൽ നീ അതുകൊണ്ടു ഭദ്രാവസ്ഥയിലായിപ്പോയി എന്നുകരുതി ഉദാസീനനൊ അഹങ്കാരിയൊ ആകരുതു്. എന്തുകൊണ്ടെന്നാൽ ഈ പരിശുദ്ധാത്മസ്സിലും ശത്രു പ്രവേശിച്ചു പാപംഅഥവാആത്മികമരണത നിന്നിൽ വിതക്കുവാൻശക്തിയായ ശ്രമങ്ങൾനടത്തും. എന്നുവച്ചു് നിന്റെ ശത്രുവിനെക്രമാതീതമായി ഭയപ്പെടുകയും അരുതു്. എന്തുകൊണ്ടെന്നാൽ ഇതു നിന്നെ സർവ്വത്തിലും ഭീരുവാക്കിത്തീർക്കും. അതുകയാൽ പൊരുവി

ധി, ദേവപ്രസാദ പ്രേരണകളനുസരിച്ചും അവനവന്റെ കടമകളെ അനുവർത്തിച്ചും ജീവിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം, ഇവയെ അവഗണിക്കുന്നവർക്കുണ്ടാകുന്ന ശിക്ഷ, ആദിയായവയെപ്പറ്റി ചിന്തിച്ചു ധൈര്യവും ത്യാഗാസക്തിയും നിന്നിൽ പരിരക്ഷിക്കുവാൻ ശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്നെത്തന്നെ അറിവാനും, നിന്നിൽത്തന്നെ അശേഷം ആശ്രയിക്കാതിരിപ്പാനും, ഉദാരഭാവവും നന്മയിൽ സ്ഥിരതയും ലഭിപ്പാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അപലപ്യമായ ലോകാഭിപ്രായത്തിലും, പിശാചിന്റെ നാശകരമായ പ്രലോഭനങ്ങളിലുംനിന്നു സൂക്ഷ്മത്തോടെ ഒഴിഞ്ഞുമാറുക.

രണ്ടാം വകുപ്പ്

പ്രസ്തുത ഉപമയുടെ പ്രത്യേക വ്യാഖ്യാനം.

ധ്യാനം:— നല്ല ധാന്യവും കളകളും ഒന്നിച്ചു വളരുന്ന വയൽ സന്യാസസഭകളായി വിചാരിക്കാം. ചെറുതായ ഒരു സന്യാസഗണം തന്നെ ആയിരുന്നാലും അതിലും മേല്പറഞ്ഞ വിധം ഗോതമ്പിനും കളകൾക്കും സദൃശരായവർ, ഉണ്ടാകാതെയിരിക്കയില്ല. നല്ലവിത്തിനു്, അഥവാ ഗോതമ്പിനു് സദൃശരായവർ തങ്ങളുടെ പരിപാവനമായ ദൈവവിളിയുടെ പ്രേരണയാൽ പുണ്യപൂർണ്ണതാലബ്ധിക്കായി അശ്രാന്തപരിശ്രമം ചെയ്യുവരുന്ന ശ്രേഷ്ഠാന്തിയുള്ള സന്യാസികളാകുന്നു. കളകൾക്കു സദൃശരായവരോ, തങ്ങളുടെ ഉത്പത്തിഭാവം നിമിത്തം തങ്ങൾക്കും ഇതരന്മാർക്കും പുണ്യപൂർണ്ണതാവിഘ്നങ്ങൾ എന്നല്ലാ പാപഹേതുക്കളുംകൂടെ ആയി ജീവിച്ചുവരുന്ന മന്ദഭാഗ്യരായ സന്യാസികളാകുന്നു. ഗോതമ്പുകളുടെ ഇടയിൽ കളകളെന്നോണം ഇത്തരക്കാർ പരിശുദ്ധരായവരുടെ ഇടയിൽക്കൂടെയും കുറെക്കുറെ കാണപ്പെടുന്നു.

പ്രായോഗികചിന്ത:— നാം പ്രായോഗികമാക്കേണ്ട പല പാഠങ്ങളും ഈ ഉപമയിൽ നിന്നൊടുക്കാം. 1. നിനക്കു ദൈവമേല്പിക്കപ്പെട്ടിരിക്കുന്നവരിൽ കാണുന്ന ന്യൂനതകളും ക്രമലംഘനങ്ങളും നിസ്സാരങ്ങളെന്നോണം നീ അവഗണിക്കരുതു്. തിന്മ

കളയെപ്പോലെതന്നെ പ്രതിഭിനം വേരുന്നിയും പ്രബലപ്പെട്ടും വരുന്നു. ഇപ്രകാരം ബലപ്പെട്ടാൽ അവ നീക്കുന്നതിനു് എളുപ്പവുമല്ല. 2. നിന്റെ അധികാരത്തിൽപ്പെടാത്തവരായാലും ഇതരന്മാരുടെ ദുശ്ശീലങ്ങളും നീക്കി ഗുണപ്പെടുത്തുവാനും കഴിയുന്നതു പരിശ്രമിക്കണം. എന്നാൽ കോപപാരവശ്യത്താൽ ദുഷ്ടന്മാരെ ശപിക്കാതിരിക്കാൻ—അവരുടെ മരണമാഗ്രഹിക്കാതിരിക്കാൻ—നീ പ്രത്യേകം ശ്രദ്ധിക്കണം. അവന്റെ ജീവിതവൈകല്യങ്ങളും നിനക്കു ക്ഷമ, പരസ്നേഹം, ശുഷ്കാന്തി ആദിയായവ അഭ്യസിക്കുന്നതിനു് അവസരം നൽകും. ക്രൂരതെ അവൻ തന്റെ സ്വഭാവദൂഷ്യങ്ങളും ഗ്രഹിച്ചു് അനുതപിച്ചു, തപസ്സും പരിഹാരക്രിയകളുംകൊണ്ടു് അനുഗ്രഹസന്മാതൃകയാകുവാനും ഇടയുണ്ടു്. 3. നിന്റെമേൽതന്നെ പ്രത്യേകശ്രദ്ധ പതിക്കുക. നിന്റെ സാക്ഷാലുള്ള അവസ്ഥയും അന്യരോടുള്ള വ്യാപാരത്തിന്റെ പ്രകൃതിയും വേണ്ടപോലെ മനസ്സിലാക്കുന്നതിനു ദൈവാനുഗ്രഹം അപേക്ഷിക്കുക. അക്ഷമനായി അന്യരെ തിരുത്തുവാൻ നീ ശ്രമിക്കുന്ന കുറവു തന്നെ നിന്നിൽ ഉണ്ടോ എന്നും പരിശോധിച്ചുനോക്കുക. നിന്റെ സഹോദരന്റെ കണ്ണിലുള്ള കരടു നീ കാണുകയും, നിന്റെകണ്ണിലുള്ള തടി നീ കാണാതിരിക്കയും ചെയ്യുന്നു. (മത്തേ. 7, 3) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്ന വചനങ്ങളും പലപ്പോഴും നമ്മെ സംബന്ധിച്ചിടത്തോളം വളരെ അനുചിതമായിട്ടില്ലയൊ? അന്യരെക്കുറിച്ചു നീ ചെയ്യുന്ന വിധിയും, നിന്റെ വ്യാപാരവും എങ്ങനെയുള്ളവയാണെന്നു ആലോചിച്ചു നോക്കി അവയെ ക്രമവൽക്കരിക്കാൻ ഇനിയെങ്കിലും ദൃഢപ്രതിജ്ഞ ചെയ്യുക.

സംഭാഷണം:—സത്യദൈവവും നമ്മുടെ പിതാവും രക്ഷകനുമായ ഈശോയോടു സംഭാഷണം ചെയ്യുക.

നാലാംതിയ്യതി

പ്രാസംഗികസഭാസ്ഥാപകനായവിശുദ്ധഡോമ്മിനിക്കിന്റെ തിരുനാൾ.

പ്രാരംഭം 1. വിശുദ്ധ ഡോമ്മിനിക്ക് ദൈവവചനം പ്രസംഗിക്കുന്നതിനുമുമ്പു ജപദ്ധ്യാനങ്ങളിൽ ലയിച്ചിരിക്കുന്നതു ആത്മനാ ദർശിക്കുക.

2. ഈ വിശുദ്ധനെ അനുകരിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

വിശുദ്ധ ഡോമ്മിനിക്ക് സ്വാർത്ഥരഹിതമായ പരിത്യാഗത്തിന്റെ മാതൃക.

ധ്യാനം:— വിശുദ്ധ ഡോമ്മിനിക്ക് കസ്തീലിയ നാട്ടിൽ കുലശ്രേഷ്ഠതയും ധനസമൃദ്ധിയും ഉള്ളവരായിരുന്ന മാതാപിതാക്കന്മാരിൽ നിന്നു ജനിച്ചു. അദ്ദേഹം പ്രകൃത്യാ വാഗ്മിയായിരുന്നു. ചെറുപ്പത്തിലെതന്നെ വൈദികവൃത്തിക്കായി അദ്ദേഹത്തിനു ദൈവവിളി ഉണ്ടായി. വൈദികനായശേഷം വേദപ്രസംഗത്തിനു നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസംഗം ജനങ്ങൾക്കു സന്തോഷപൂർവ്വം ശ്രവിച്ചിരുന്നു. ഈ കാലസന്ധിയിൽ അദ്ദേഹത്തിനു ഒരു ദൈവനിവേശം ഉണ്ടായി. ലാംഗ്വെദോക്ക് എന്ന സ്ഥലത്തെ പാഷണ്ഡമതത്തോടു് എതിർക്കുന്നതിനും പാവനമായ ഈ കൃത്യം തുടർന്നുകൊണ്ടിരിക്കുന്നതിനും ലോകമെങ്ങും സത്യമതം പ്രസംഗിക്കുന്നതിനുമായി ഒരു സന്ന്യാസസഭ രൂപവൽക്കരിക്കണമെന്നായിരുന്നു അതു്. ദൈവഹിതംനിവർത്തിക്കുന്നതിനു് അദ്ദേഹം തൽക്ഷണം സന്നദ്ധനായി. ബന്ധുമിത്രാദികളേയും ധനം മാനം തുടങ്ങിയുള്ള ലൗകിക ഐശ്വര്യങ്ങളേയും പരിത്യജിച്ചു ദരിദ്രവസ്ത്രം ധരിച്ചു നഗ്നപാദനായി ഭിക്ഷയിരന്നു നടക്കുന്ന ഒരു ത്യാഗിവര്യനായിട്ടാണു് അദ്ദേഹം പിന്നീടു ലോകത്തിനു പ്രത്യക്ഷപ്പെട്ടതു്. പ്രേഷിതജോലിയിൽ തനിക്കു സഹകാരികളായി ചിലരെ തിരഞ്ഞെടുത്തു. ത

ന്നെപ്പോലെ അവരെയും ത്യാഗികളും പരോപകാരതല്പരരും ആത്മരക്ഷയിൽ ശ്രദ്ധാന്തിയുള്ളവരുമാക്കുവാൻ അദ്ദേഹം നിരന്തരം യത്നിച്ചു.

പ്രായോഗികചിന്ത:— തീവ്രമായ ഈ ശ്രദ്ധാന്തി നിമിത്തം അദ്ദേഹം ഒരു മഹാ വിശുദ്ധനായിത്തീർന്നു. മാത്രമല്ലാ, അ സംഘം ആത്മാവുകൾക്കു രക്ഷയും തിരുസ്സഭയ്ക്കു ശാശ്വതമായ പല നന്മകളും സമ്പാദിച്ചു കൊടുക്കുകയുടെ ചെയ്തു. കൂടാതെ അദ്ദേഹം അനേക വിശുദ്ധരെയും വിശ്രുത വേദശാസ്ത്രജ്ഞന്മാരെയും തിരുസ്സഭയ്ക്കു സമ്മാനിക്കുകയുണ്ടായിരിക്കുന്നു ഒരു സന്ന്യാസസഭയുടെ സ്ഥാപകൻ എന്ന പ്രശസ്തപദവും പ്രാപിച്ചിരിക്കുന്നു. ഈ വിശുദ്ധന്റെ ദൃഷ്ടാന്തം അനുകരിച്ചു നാമും ഐഹികവസ്തുക്കളെയും നമ്മേത്തന്നെയും നിശ്ശേഷം പരിത്യജിക്കുന്നതായാൽ ദൈവവരപ്രസാദപ്രേരണകൾക്കനുസരണമായിജീവിക്കുന്നതിനുംകർത്താവിന്റെമുന്തിരിത്തോട്ടത്തിൽ ഫലപ്രദമായി വേലചെയ്യുന്നതിനുംനാംശക്തരാകും. ഇങ്ങിനെ നാംപ്രവർത്തിച്ചിട്ടുണ്ടോ? ധീരമനസ്സോടെ സകലവും പരിത്യജിച്ചശേഷം ഉദാരമായ ആ ത്യാഗങ്ങളിൽ വല്ലതും നാം പിൻവലിച്ചിട്ടുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ലോകപരിവർജ്ജനത്തിലുംസ്വപരിത്യാഗത്തിലും ദിവസേന അഭിവൃദ്ധി പ്രാപിപ്പാൻ കൃപയാചിച്ചു അതിന്നായുള്ള ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:—എന്നെ അനുഗമിപ്പാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിക്കട്ടെ എന്ന ദിവ്യഗുരു അരുളിച്ചെയ്തിരിക്കുന്ന വാക്യം പലപ്പോഴും അനുസ്മരിക്കുക.

രണ്ടാം വകുപ്പ്

വിശുദ്ധ ഡോമിനിക്കു് തപസ്സിന്റെയും ആശാനിഗ്രഹത്തിന്റെയും മാതൃക.

ധ്യാനം:— പ്രേഷിതർ, സമ്പത്തു ബഹുമാനം ആദിയായവ പരിത്യജിച്ചാൽ മാത്രം മതിയാകയില്ല? വിശുദ്ധ പൌലോസ് പറയുന്നതുപോലെ ഈശോയുടെ ജീവിതം തങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷപ്പെടുവാൻവേണ്ടി അവിടുത്തെ ആശാനിഗ്രഹം തങ്ങളുടെ ശരീരത്തിൽ വഹിച്ചുകൊള്ളുകയുടെ ചെയ്യു

ണം. (2 കൊരി. 4. 10) വിശുദ്ധ ഡോമ്മിനിക്ക് ഇതു നന്നായി ഗ്രഹിച്ചിരുന്നതിനാൽ പ്രേഷിതവേലകൊണ്ടു വളരെ ക്ഷീണിച്ചിരുന്നെങ്കിലും അതൊന്നും ഗണ്യമാക്കാതെ അദ്ദേഹം തപഃക്രിയകളും അതിശുഷ്കാന്തിയോടെ ചെയ്തിരുന്നു. അദ്ദേഹം ഒരിക്കലും മാംസം ക്ഷേിച്ചിരുന്നില്ല. തന്റെ സഭയിലും ഈ മുറ അദ്ദേഹം നടപ്പാക്കി. സാമാന്യം അദ്ദേഹം ദിവസത്തിൽ ഒരിക്കലേ ക്ഷേിക്ക പതിവുണ്ടായിരുന്നുള്ളു. തപസ്സുകാലങ്ങളിലാകട്ടെ അപ്പവും വെള്ളവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ആഹാരം. ശീർഷമായ പ്രാർത്ഥനകൾക്കു രാത്രിയുടെ വലിയ ഭാഗവും വിനിയോഗിച്ചശേഷം അവശ്യം വേണ്ടിയിരുന്ന ഉറക്കത്തിനു ഒരു വെറും പലകയാണു് കിടക്കയായി ഉപയോഗിച്ചിരുന്നതു്. ഇവയൊന്നുംകൊണ്ടും തൃപ്തനാകാതെ മുള്ളരഞ്ഞാൺ മുതലായ തപക്രിയകൾകൊണ്ടും തന്റെ ശരീരത്തെ പീഡിപ്പിച്ചുവന്നു.

പ്രായോഗികചിന്ത:— ഇത്രയേറെ കഠിനതപസ്സുകൾ നിനക്കു സാദ്ധ്യമല്ലെങ്കിലും നിന്റെ ജഡിക വാസനകളെ നിഗ്രഹിപ്പാനെങ്കിലും ശ്രമിക്കുക. അതോടുകൂടെ നിന്റെ ആത്മനിയന്താവിന്റെ അഭിപ്രായാനുസരണം ചില തപഃക്രിയകളും ചെയ്യാവുന്നതാണു്. നിന്റെ കണ്ണു, ചെവി, നാവു മുതലായ പഞ്ചേന്ദ്രിയങ്ങളെ പ്രത്യേക വിധത്തിൽ നിഗ്രഹിക്കുക. നിന്റെ സഭയുടെ ഏറ്റവും ലഘുവായ നിയമങ്ങളും ആചാരങ്ങളും വലിയ വിശ്വസ്തതയോടെ അനുസരിക്കുക. തപശ്ചിയത്തിൽ നിന്നോടതന്നെ നീ ചെയ്യേണ്ടിവരുന്ന യുദ്ധം ഒരു നിരന്തര തപസ്സായിരിക്കും. ഇപ്രകാരം നീ ചെയ്യുവരുന്നുണ്ടോ? അങ്ങനെ ചെയ്യുന്നപക്ഷം മരണസമയത്തു അനുഭവപ്പെടുന്ന ആനന്ദവും അല്ലാത്തപക്ഷം നീ സഹിക്കേണ്ടിവരുന്ന മനഃപീഡയും ചിന്തിച്ചു പ്രോത്സാഹനവും ധൈര്യവും പ്രാപിക്കുക.

സ്നേഹപ്രകരണങ്ങൾ:— തപസ്സിന്റെയും ആശാനിഗ്രഹത്തിന്റെയും വാസന നിനക്കു ലഭിച്ചുതരുവാൻ വിശുദ്ധ ഡോമ്മിനിക്കിനോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ആശാനിഗ്രഹത്തെക്കുറിച്ചു കൂടക്കൂടെ പ്രത്യേകവിധത്തിലുള്ള ആത്മശോധന ചെയ്യുക.

മൂന്നാം വകുപ്പു

വിശുദ്ധ ഡോമ്മിനിക്ക് ഉപവിയുടെയും ശാന്തതയുടേയും മാതൃക.

ധ്യാനം:– വിശുദ്ധ ഡോമ്മിനിക്ക്, തന്നോടുതന്നെ വളരെ നിർദ്ദയനായിട്ടാണ് വർത്തിച്ചിരുന്നതെങ്കിലും ഇതരന്മാരോടു, പ്രത്യേകമായി ആ നാളുകളിൽ അൽബിജേൻസെസ് പതിത ഗണത്തിൽചേർന്ന മതവിരോധികളോടു, വളരെ ശാന്തതയും അനുകമ്പയും പ്രദർശിപ്പിച്ചിരുന്നു. വിരോധികളെ വാളിനും അഗ്നിക്കും ഇരയാക്കിയിരുന്ന ക്രൂരരും വെറിയന്മാരുമായിരുന്ന ഇവർ. ഒരുത്തക്കും — ക്രിസ്തുയേശുക്കാർക്കുപോലും — അവരെ അടക്കി ജയിപ്പാൻ കഴിഞ്ഞിരുന്നില്ല. ഉപവിയും, വാഗ്മാധുര്യവും അത്ഭുതങ്ങളുംകൊണ്ട് അവരെ ജയിക്കയും മാനസാന്തരപ്പെടുത്തുകയും ചെയ്യുന്നതിനാലുള്ള മഹത്വം വിശുദ്ധ ഡോമ്മിനിക്കിനാണ് ദൈവം നിയമിച്ചിരുന്നതു്. വിശുദ്ധനാകട്ടെ പ്രാർത്ഥന, ഉപവാസം, താഴ്മ, ദൈവത്തിലുള്ള ആശ്രയം, പ്രത്യേകമായി സ്വർഗ്ഗരാജ്ഞിയുടെനേരെ പുത്രനിർവ്വിശേഷമായ ഭക്തി എന്നിവ വഴിയായി ഈ മഹൽക്കാര്യം സാധിക്കുകയും ചെയ്തു. പരിശുദ്ധ മാതാവിനേയും അവിടുത്തെ ദിവ്യപുത്രനേയും ബഹുമാനിക്കുന്നതിനു് ഉപയുക്തവും സുകരവുമായ മാർഗ്ഗം ജപമാലഭക്തിയാണല്ലൊ. ഈ ഭക്തി നമ്മുടെ സിലാനെ പഠിപ്പിച്ചതു അ സ്വർഗ്ഗരാജ്ഞിതന്നെയാണ്. വിശുദ്ധ ഡോമ്മിനിക്കിന്റെ പ്രയത്നത്താൽ ഈ ഭക്തി ലോകമെങ്ങും പ്രചരിക്കുകയുമുണ്ടായി.

പ്രായോഗികചിന്ത:— നീ ആരംഭിക്കുന്ന കാര്യങ്ങളിലും നിന്റെ സൽകൃത്യങ്ങളിലും ദൈവാശീർവ്വാദം ലഭിക്കണമെന്നുണ്ടെങ്കിൽ ഈ വിശുദ്ധൻ പ്രയോഗിച്ച പോംവഴികൾതന്നെ നീയും പ്രയോഗിക്കുക. അപ്പോൾ സകലവും നിനക്കു സുസാദ്ധ്യമായിവരും.

സംഭാഷണം:— വിശുദ്ധ ഡോമ്മിനിക്കിനോടു് സംഭാഷണംചെയ്യുക.

ആഗസ്റ്റ് അഞ്ചാം തിയ്യതി

കടുകുമണിയേയും പുളിമാവിനെയും ഉപനിക്ഷേപത്തെയും കുറിച്ചുള്ള ഉപമകൾ.

പ്രാരംഭം 1. ഈശോയുടെ പ്രസംഗം ശ്രവിക്കുന്നവരുടെ ഗണത്തിൽ നീയും അത്മനാ സന്നിഹിതനാകുക.

2. ഈ ഉപമയുടെ അർത്ഥം നന്നായി ഗ്രഹിപ്പാനും അതു ഫലപ്രദമാക്കുവാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

കടുകുമണിയുടെ ഉപമ.

ധ്യാനം:— നമുക്കു പഠനവും ധൈര്യവും ഉണ്ടാകുവാനായി നമ്മുടെ ദിവ്യഗുരു അരുളിയ ഈ ഉപമകളെ ഗാഢമായി ചിന്തിക്കുക. അവയിൽ ഒന്നു കടുകുമണിയുടേതാണു്: സ്വർഗ്ഗരാജ്യം എന്നതു ഒരു മനുഷ്യൻ തന്റെ വയലിൽ എടുത്തു വിതച്ച കടുകുമണിക്കു സദൃശമാകുന്നു. അതു സകല വിത്തുകളിലും ഏറ്റവും ചെറിയതുതന്നെയാകുന്നു. എങ്കിലും വളർന്നുകഴിയുമ്പോൾ സകല സസ്യങ്ങളേയുംകാൾ ഏറ്റവും വലിയതാകയും, ആകാശത്തിലെ പറവകൾ വന്നു് അതിന്റെ കൊമ്പുകളിൽ വസിക്കത്തക്കവണ്ണം, വൃക്ഷമായിത്തീരുകയും ചെയ്യുന്നു. (മത്തേ. 13. 31, 32.) ഈ ഉപമയാൽ തിരുസ്സഭയുടെ വിസ്മയനീയമായ വളർച്ചയെ നമ്മുടെ കർത്താവു മുൻകൂട്ടി അറിയിച്ചിട്ടുണ്ടു്. അവിടുന്നു് ഈ ലോകത്തിൽ ആയിരുന്നപ്പോഴും, പരിശുദ്ധാത്മാവിയുടെ ആഗമനത്തിലും തിരുസ്സഭ എത്രയോ ചെറിയ ഒരു സ്ഥാപനമായിരുന്നു! അക്കാലം ഇതു വളരെ ചെറിയ ഒരു വിത്തായിരുന്നു. എന്നാൽ ദൈവവരപ്രസാദമഞ്ചിനാലും, അപ്പോസ്തോലന്മാരുടെ വാചോതീക്ഷ്ണതയാലും വേദസാക്ഷികളുടെ രക്തവർഷത്താലും വേദബോധകരുടെ വിയർപ്പുനീരിനാലും ഇപ്പോൾ ഇതു് ഒരു ബ്രഹ്മാണ്ഡവൃക്ഷമായിത്തീർന്നിരിക്കുന്നു. അതിന്റെ ശാഖോപശാഖകൾ ലോകമൊക്കയിലും വ്യാപിച്ചിരിക്കുന്നു. അതിന്റെ പ്രശാന്തരമണീയമായ തണലിൽ ലോ

കം വിശ്രമമേൽക്കുകയും ചെയ്യുന്നു. ആകാശത്തിലെ പറവകളെപ്പോലെ ഉയർന്നു സഞ്ചരിക്കുന്ന രാജാക്കളും, ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും, അവർക്കു ലോകത്തിൽനിന്നു ലഭിക്കാൻ സാധിക്കാത്ത പരമഭോഗവും പൂർണ്ണസമാധാനവും കണ്ടെത്തുന്നതു് തിരുസ്സഭയുടെ ഈ തണലിൽ മാത്രമാകുന്നു.

പ്രായോഗികചിന്ത:— നീ ചേർന്നിരിക്കുന്ന സന്ന്യാസസഭയും മേല്പറഞ്ഞ കൂട്ടുകുടുംബങ്ങളെപ്പോലെ സ്വർഗ്ഗമല്ലയോ? ഇതിൽ നിന്റെ ദിവസങ്ങൾ സമാധാനത്തോടും നിത്യസൗഭാഗ്യത്തിനു പകരിക്കുന്ന യോഗ്യതാപൂർണ്ണതയോടുംകൂടെ കടന്നുപോകുന്നു. നിന്റെ സന്ന്യാസസഭയും ആരംഭത്തിൽ എത്രയോ ചെറുതായിരുന്നു! അതിന്റെ സ്ഥാപകരുടെ പ്രയത്നത്താലും പുണ്യപരമായ വ്യാപാരത്താലുമാണു് ഇതു് ഇത്ര വികസിച്ചു് സ്ഥിരപ്പെട്ടിരിക്കുന്നതു്. ആകയാൽ ഈ സഭയുടെ അംഗങ്ങളോടു നീയും മാനസികമായി യോജിച്ചു്, നിന്റെ മുൻഗാമികൾ ഏർപ്പെടുത്തിയ നിയമങ്ങളുടെ അനുഷ്ഠാനം നിലനില്പാനും തലമുറകൾ നിന്റെ സഭ മേലിലും ക്രമപ്രവൃദ്ധമായി പരിപുഷ്ടമാകുവാനും വേണ്ടി പ്രയത്നിക്കുക. ഇതിനായി ഓരോരുത്തരും സ്വന്തം കടമകളെ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുകയും, നല്ല ദൃഷ്ടാന്തവും പ്രാർത്ഥനയുംകൊണ്ടു മറുള്ളവരെ സഹായിക്കാൻ യഥാശക്തി ഉത്സാഹിക്കുകയും ചെയ്യണം. നിന്റെ ഈ കടമയെപ്പറ്റി നീ വേണ്ടവിധം ചിന്തിച്ചിട്ടുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ആശ്ചര്യം, സന്തോഷം, കൃതജ്ഞത, ഔദാര്യം എന്നിവയുടെ പ്രകരണങ്ങളെ ഉജ്ജീവിപ്പിക്കുക.

പ്രതിജ്ഞ:— നീ പ്രവേശിച്ചിരിക്കുന്ന സഭയ്ക്കും നീ വസിക്കുന്ന ആശ്രമത്തിനും വേണ്ടതായ എല്ലാ നന്മകളും തീക്ഷ്ണതാപൂർവ്വം അഗ്രഹിക്കുക. ഇതു ലഭിപ്പാനായി പ്രാർത്ഥിക്കുക.

രണ്ടാം വകുപ്പു

പുളിമാവിന്റെ ഉപമ.

ധ്യാനം:— മൂന്നുപറ മാവിൽ, അതു മുഴുവനും പുളിക്കുവോളം, ഒരു സ്ത്രീ എടുത്തു് അടക്കിവെച്ച പുളിമാവിനു സദൃശമാകുന്നു സ്വർഗ്ഗരാജ്യം. (മത്തേ. 13. 33) ഈ ഉപമ പരിശുദ്ധ കത്തോലിക്കാസഭയെ നമുക്കു നൽകപ്പെട്ടിരിക്കുന്ന ദിവ്യദൃഷ്ടാന്തത്തെ വി

വക്ഷിക്കുന്നതായിട്ട നമുക്ക വിചാരിക്കാം. പരമരഹസ്യമായ ഈ പുളിമാവു നമ്മോടു ചേർന്നു, നമ്മുടെ ബലഹീനതയിൽ നിന്നു നമ്മെ ഉയർത്തുകയും നമ്മുടെ ആത്മികശക്തികളെ മുന്നിന്നും സ്വഭാവാതീതമായ ചൈതന്യം നൽകുകയും ചെയ്യുന്നു. കൂടാതെയും "എന്റെ മാംസം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." (യോഹ. 6. 54) എന്നുള്ള അവിടുത്തെ വാഗ്ദാനസ്മരണം നമ്മെ നിശ്ശേഷം രൂപാന്തരപ്പെടുത്തി ഈശോതന്നെയും ആക്കിതീർക്കുന്നു.

പ്രായോഗികചിന്ത:— പരിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനു വലിയ സൂക്ഷ്മത്തോടുകൂടെ ഒരുങ്ങുക. ഇങ്ങനെ ചെയ്താൽ ഇതു നമ്മിൽ ഉളവാക്കുന്ന ഫലങ്ങളും വിസ്മയകരമായിരിക്കും. നമുക്ക ഇതു സ്വഭാവാതീതമായ ഒരു ശക്തി നൽകുകയും, നമ്മെ അജയ്യരും ക്രിസ്തുവിന്റെ ധീരയോദ്ധാക്കളും യഥാർത്ഥ ജ്ഞാനികളും സ്വർഗ്ഗീയമനുഷ്യരും ദൈവത്തിന്റെ മഹിതാനുവർത്തികളായ ശ്രുശ്രൂഷകരുമാക്കിത്തീർക്കുകയും ചെയ്യും.

സ്നേഹപ്രകരണങ്ങൾ:— പരിശുദ്ധകുർബാന ഉൾക്കൊള്ളുന്ന കാര്യത്തിൽ പലപ്പോഴും നിനക്കുണ്ടായിട്ടുള്ള ഔദാസീന്യത്തെക്കുറിച്ചു അനുതപിക്കുക. ദൈവത്തോടു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— ഭക്തിയോടും ഉത്തമഫലപ്രാപ്തിയോടുംകൂടെ പരിശുദ്ധകുർബാന ഉൾക്കൊള്ളുന്നതിനു് ഈ ധ്യാനഗ്രന്ഥങ്ങളുടെ ഏഴാംഭാഗത്തിൽ അനുബന്ധമായി കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളെ,നീ മുമ്പു അഭ്യസിച്ചിട്ടുള്ള മുറകളെന്തെന്നോ അനുസരിക്കുക.

മൂന്നാം വകുപ്പ്

ഗ്രന്ഥനിക്ഷേപത്തിന്റെ ഉപമ.

ധ്യാനം:— സ്വർഗ്ഗരാജ്യം ഒരു വയലിൽ ഒളിച്ചുവയ്ക്കപ്പെട്ട നിക്ഷേപത്തിനു സദൃശമാകുന്നു. അതു കണ്ടെത്തിയ മനുഷ്യൻ മറച്ചുവെയ്ക്കുകയും അതിനെക്കുറിച്ചുള്ള സന്തോഷം നിമിത്തം പോയി സ്വത്തും വിറ്റു, ആ വയൽ വാങ്ങുകയും ചെയ്തു. (മത്തേ. 13. 44.) ഈ ഉപമയുടെ സാരം ഒരു സന്ന്യാസിയെ വിശേഷവിധം പറഞ്ഞറിയിച്ചേ കഴിയൂ എന്നില്ല. ഈശോ ഈ ഉപമയാൽ വിവക്ഷിക്കുന്ന ഗ്രന്ഥനിക്ഷേപം സന്ന്യാ

സജീവിതാവസ്ഥയിൽ അനുഭവേദ്യമായും ലൗകികഭൂഷ്ടിക്ക അളശ്യമായും സ്ഥിതിചെയ്യുന്ന ആ ക്രിസ്തീയപരിപൂർണ്ണത തന്നെയാണ്. ഈ നിക്ഷേപം കണ്ടെത്തുവാനും അതിന്റെ അതുല്യവില ഗ്രഹിക്കുവാനുമുള്ള ഭാഗ്യം ദിവ്യനിവേശത്താൽ തനിക്ക സംസിദ്ധമായിട്ടുണ്ടെന്നും, ഒരു സന്യാസിക്ക ഭോജ്യം വന്നിട്ടുള്ളതാണ്.

പ്രായോഗികചിന്ത:— നശ്വരങ്ങളായ സംഗതികളെ തൃജിച്ചു, സന്യാസത്തിൽ നിഗ്രഥമായി കിടക്കുന്ന സ്വർഗ്ഗീയനിക്ഷേപത്തെ നിന്റെ വ്രതവാഗ്ദാനങ്ങളാൽ കൈവരിക്കുകയും അതിനെ നിന്റെ നിത്യാവകാശമാക്കുകയും ചെയ്തപ്പോൾ, നിന്റെ ഹൃദയത്തിലുണ്ടായ ആനന്ദം ഏതുവിധത്തിലുള്ളതായിരുന്നെന്ന ഓക്കുക. സൗഭാഗ്യസമ്പുഷ്ടമായ ഈ സ്മരണ നിനക്ക പലപ്പോഴും, പ്രത്യേകമായി നിന്റെ അന്തസ്സിനു വിരോധമായ പരീക്ഷകൾ ഉണ്ടാകുമ്പോഴും, നീ കൈയേൽക്കുന്ന ഉദ്യോഗഭാരങ്ങളുടെയായവയെക്കുറിച്ച് അനിഷ്ടം തോന്നുമ്പോഴും, വളരെ പ്രയോജനകരമായിരിക്കും.

സംതോഷണം:— നീ പ്രത്യേക മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തിരിക്കുന്ന വിശുദ്ധനോട്, അഥവാ നിന്റെ കാവൽ ദൂതനോട് സംതോഷണംചെയ്യുക.

ആഗസ്റ്റ് ആറാംതിയ്യതി

മറ്റു ചില ഉപമകൾ

പ്രാരംഭം കഴിഞ്ഞ ധ്യാനത്തിലേതുതന്നെ.

ഒന്നാം വകുപ്പു

വിലയേറിയ മുത്ത്

ധ്യാനം:— സ്വർഗ്ഗരാജ്യം നല്ല മുത്തുകൾ അന്വേഷിക്കുന്ന വ്യാപാരിയായ ഒരു മനുഷ്യനു തുല്യമാകുന്നു. അവൻ വിലയേറിയ ഒരു മുത്ത് കണ്ടെത്തിയപ്പോൾ ചെന്നു തനിക്കുണ്ടായിരുന്നവ സകലവും, വിറ്റ് അതു വാങ്ങി. (മത്തേ. 13.

45, 46) നമ്മുടെ ആത്മാവിനെ അലങ്കരിക്കുന്ന പുണ്യങ്ങളെയാണു് മുത്തു് എന്ന പദത്താൽ ദിവ്യരക്ഷകൻ ഇവിടെ വിവക്ഷിക്കുന്നതു്. ഇവ വെള്ളിയേയും സ്വർണ്ണത്തേയുംകാളെല്ലാം വിലയേറിയവയാകയാൽ മുത്തിനോടുപമിക്കപ്പെട്ടതു. ഈ പുണ്യങ്ങളിൽ ഉപവിക്കാണു് ശ്രേഷ്ഠസ്ഥാനം. ദൈവികപുണ്യങ്ങളിൽ പ്രധാനവും പുണ്യങ്ങളുടെയെല്ലാം കിരീടവുമാണല്ലൊ ഉപവി. ഇതിനുള്ള പ്രതിഫലമാകട്ടെ സ്വർഗ്ഗരാജ്യവുമാകുന്നു. സ്വർഗ്ഗരാജ്യത്തിൽ നമുക്കു സിദ്ധിക്കുന്ന മഹത്വം ഈ പുണ്യത്തിന്റെ വർദ്ധനവിനെ ആശ്രയിച്ചിരിക്കുകയുംചെയ്യും.

പ്രായോഗികചിന്ത:— ഈ വിലയേറിയ മുത്തുതേടി നാം കഷ്ടപ്പെടേണ്ടതില്ല. ജ്ഞാനസ്നാനത്തിൽ ദൈവംഇതു് നമ്മിൽ ബീജാവാപം ചെയ്തിട്ടുണ്ടു്. എന്നുവെച്ചു് അതു നഷ്ടപ്പെട്ടുകൂടെന്നില്ല. ദൈവസ്നേഹവും സ്വർഗ്ഗഭോഗവും, ആദ്യമായി നഷ്ടപ്പെട്ടതിയ പിശാചു്, അനർഘമായ ഈ മുത്തു് നാം കൈവശപ്പെടുത്താതിരിക്കാൻവേണ്ടി, സാധിക്കുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും പരിശ്രമിക്കുമെന്നു ശപഥംചെയ്തിരിക്കയാണു്. അസൂയയുടേയും ദുഷ്ടതയുടേയും മൂർത്തിയായ അവൻ ഇതിനുവേണ്ടി സർവ്വതന്ത്രങ്ങളും പ്രയോഗിക്കുമെന്നതു നിശ്ചയമാണു്. അതിനാൽ നാം നമ്മുടെ വികാരങ്ങളെ വിശ്വസിക്കുകയോ സ്വന്തം കഴിവുകളെമാത്രം ആശ്രയിക്കുകയോ അലക്ഷ്യമായിത്തീർന്നടിമപ്പെടുകയോ ചെയ്യാതെ, എപ്പോഴും വലിയ വിവേകത്തോടും ജാഗരൂകതയോടുംകൂടെ വർത്തിക്കുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യണം. നീ ഇങ്ങനെ ചെയ്യുവരുന്നുണ്ടോ? ഉണ്ടെങ്കിൽ അമൂല്യമായ ഈ മുത്തു നിനക്കു സമാർജ്ജിക്കുവാൻ സാധിക്കും. ദൈവസ്നേഹത്തിൽ അഭിവൃദ്ധി പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ നമുക്കു വളരെയുണ്ടു്. നീ അവയെ അന്വേഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:— ദൈവസ്നേഹമെന്ന നിക്ഷേപം നമ്മിൽ ഉളവാക്കിത്തരുവാനായി നാം സന്ന്യാസത്തിൽ പ്രവേശിച്ചിരിക്കുന്നതിനെക്കുറിച്ചു കർത്താവിൽ സന്തോഷിക്കുക.

പ്രതിജ്ഞ:— ഈ പുണ്യം നമ്മിൽ വർദ്ധിപ്പിപ്പാൻ അതൃത്സാഹത്തോടെ പരിശ്രമിക്കുക.

രണ്ടാംവകുപ്പ്

കടലിൽ ഇറക്കപ്പെട്ട വല.

ധ്യാനം:— കടലിൽ ഇറക്കപ്പെട്ട സകലതരം മത്സ്യങ്ങളേയും ശേഖരിയ്ക്കുന്ന ഒരു വലയോട് സദൃശമാകുന്നു സ്വർഗ്ഗരാജ്യം. അതു നിറഞ്ഞപ്പോൾ അവർ അതു വലിച്ചുകയറി, കരയിൽ ഇരുന്നുകൊണ്ടു നല്ലവയെതിരിഞ്ഞു പാത്രങ്ങളിൽ ഇട്ടു: ചീത്തവയൊ എന്നാൽ പുറത്തെയ്ക്കു എറിഞ്ഞുകളകയും ചെയ്തു. ലോകാവസാനത്തിങ്കൽ ഇപ്രകാരം സംഭവിക്കും. ദൈവദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെഇടയിൽനിന്നു ദുഷ്ടരെ വേർതിരിക്കയും, അവരെ തീച്ചൂളയിലേക്കു ഇട്ടുകയും ചെയ്യും. അവിടെ കരച്ചിലും പല്ലിറുമ്മലും ഉണ്ടാകും. (മത്തേ. 13. 47, 50) ഇവിടെ പറയപ്പെട്ടുന്ന വല തിരുസ്സഭയുടെ ഒരു സാദൃശമാണു്. ഇതു് ലോകമൊക്കെയിലും പരന്നു: നീതിമാന്മാരേയും നീതികെട്ടവരേയും, തെരിഞ്ഞെടുക്കേണ്ടവരേയും തിരസ്കരിക്കേണ്ടവരേയും ഉള്ളടക്കിക്കൊണ്ടേയിരിക്കുന്നു.

പ്രായോഗികചിന്ത:— നീ പ്രവേശിച്ചിരിക്കുന്ന സന്ന്യാസസഭയേയും ഈ വലയോടു ഉപമിക്കാം. ഇതിൽ ശിഷ്ടരും ദുഷ്ടരുമുണ്ടാകും. സന്ന്യാസവ്രതവാഗ്ദാനങ്ങൾമൂലം തങ്ങൾ കൈയേറിരിക്കുന്ന ഗൗരവമായ കടമയെ ശരിയായി നിറവേറാത്തവരും നിന്നെ സഭയിൽ ഉണ്ടായിരിക്കാം. എന്നാൽ ഓരോരുത്തരുടെ യഥാർത്ഥസ്ഥിതി പ്രസിദ്ധമാക്കയും, നീതിമാന്മാരെ ദുഷ്ടന്മാരുടെ ഇടയിൽനിന്നു വേർതിരിക്കയും ചെയ്യുന്ന ഒരു ദിവസംവരും. അന്നു് ഇവക്കുണ്ടാകുന്ന ലജ്ജയും ഇച്ഛാഭംഗവും എത്ര ഭയങ്കരമായിരിക്കും! എന്നുവെച്ചു് നിന്നെ അധികാരത്തിൽ ഉൾപ്പെട്ടുന്നവരേയോ ഉൾപ്പെടാത്തവരേയോ എന്നല്ലാ, ആരെയും ആക്ഷേപിക്കാതിരിക്കാൻ നീ സൂക്ഷിച്ചുകൊള്ളുക. എന്തെന്നാൽ അപ്രകാരംചെയ്യുന്നതു് പരസ്നേഹത്തിന്നെതിരായ കുറ്റമാണു്. മാത്രമല്ല, നീ ആക്ഷേപിക്കുന്നവരിലുള്ള കുറ്റം തന്നെ നിന്നിലും ഉണ്ടായേക്കും. ഓരോരുത്തരുടെ ഹൃദയരഹസ്യങ്ങളും പ്രവൃത്തികൾക്കുള്ള യോഗ്യതകളും ദൈവത്തിന്നുമാത്രമെ അറിയാവൂ. ആകയാൽ "മറ്റൊരുത്തനെ വിധിക്കുന്നതിന്നു നീ ആരാകുന്നു?" എന്ന വിശുദ്ധ യാക്കോബു് എഴുതിയിരിക്കുന്നതു എപ്പോഴും ഓർത്തുകൊള്ളണം.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, രക്ഷാകരമായ ദയ ത്താൽ എന്നെ ദേഭിക്കയും അങ്ങെ കരുണാമസൃണങ്ങളായ കണ്ണുകളെ എന്റെമേൽ തിരിക്കയും ചെയ്യണമെ.

പ്രതിജ്ഞ:— എന്റെ അന്തരംഗസ്ഥിതിയേയും വ്യാപാരത്തെയുംകുറിച്ചു ദൈവം ഇപ്പോൾ ചെയ്യുന്ന വിധിയെന്തായിരിക്കുമെന്നു ഞാൻ ക്രുടക്കൂടെ പരിശോധിക്കും.

മൂന്നാംവകുപ്പു

ഗുഹനായകനെക്കുറിച്ചുള്ള ഉപമ.

ധ്യാനം:— ഇവയൊക്കയും നിങ്ങൾ ഗ്രഹിച്ചുവോ എന്നു ഈശോ തന്റെ ശിഷ്യരോടു ചോദിച്ചു. ഉവ്വ് എന്നു അവർ അവിടുത്തോടു പറഞ്ഞു. അപ്പോൾ അവിടുന്നു അവർക്കു നൽകിയിരുന്ന ദിവ്യപ്രബോധനവും പ്രകാശവുംകൊണ്ടു എന്താണു ചെയ്യേണ്ടതെന്നു അവരെ ഗ്രഹിപ്പിക്കാനായി മറെറാരുപമയുംകൂടെ അവരോടരുളിച്ചെയ്തു. അതായതു്, സ്വർഗ്ഗരാജ്യത്തിന്നായി പഠിപ്പിക്കപ്പെട്ട എല്ലാ ഉപദേഷ്ടാവും തന്റെ ബഡ്ഡാഗാരത്തിൽ നിന്നു പുതിയവയും പഴയവയും പുറപ്പെടുവിക്കുന്ന ഗുഹനായകനു സദൃശനാകുന്നു. (മത്തേ. 13. 25.)

പ്രായോഗികചിന്ത:— ഇതരന്മാരെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ വിവേകമുള്ളവരായിരിക്കണമെന്നാണു് ഇവിടെ നിർദ്ദേശിക്കുന്നതു്. ഒരു കാര്യം പലആവർത്തി പറയേണ്ടിവന്നാൽ അതു് ഒരേവിധത്തിൽതന്നെ ആകരുതു്. വെവ്വേറെ വാക്കുകളും വിധങ്ങളുമാണു് അതിനു പ്രയോഗിക്കേണ്ടതു്. വലിയ ഉത്സാഹവും ശ്രദ്ധയുംകൊണ്ടുമാത്രമേ സന്ദർഭോചിതമായി സംസാരിക്കാനുള്ള ഈ ശീലം നമ്മിലുണ്ടാകയുള്ളു. കുട്ടികളെ പഠിപ്പിക്കുന്നവർക്കു് ഈ സൂക്ഷ്മവും വിവേചനയും കൂടുതലായി വേണ്ടതാണു്. കാര്യങ്ങൾ അവർക്കു ഗ്രാഹ്യമാകത്തക്ക മാർഗ്ഗങ്ങൾ കണ്ടെത്തണം. നീ ഇങ്ങനെ ചെയ്യുന്നുണ്ടൊ? നിന്റെ പരിശ്രമംകൊണ്ടു എന്തു ഫലമുണ്ടായിട്ടുണ്ടു്?

സംഭാഷണം:— ഇന്നു നമ്മുടെ ദിവ്യരക്ഷകൻ താബോർ മലയിൽ രൂപാന്തരീഭവിച്ച തിരുനാളാണു്. അങ്ങയുടെ പ്രതാപാവസ്ഥയിൽ അങ്ങയെ കാണുവാൻ ഭാഗ്യംലഭിച്ച ആ മൂന്നു് അപ്പോസ്തോലന്മാരോടു സംഭാഷിക്കുക.

ആഗസ്റ്റ് ഏഴാംതിയ്യതി

ഈശോയുടെ സ്വഭാവശിക്ഷണം അവിടത്തെക്കുറിച്ചു ആശ്ചര്യപ്പെടുന്നു; അനന്തരം അവിടത്തെ ത്യജിക്കുന്നു.

പ്രാരംഭം 1. നസ്രത്തിലെ ജപസ്ഥാനത്തിൽ ഇരുന്നു് ഈശോ തന്റെ സ്വഭാവശിക്ഷണങ്ങളോടു പ്രസംഗിക്കുന്നതു ആത്മനാ ദർശിക്കുക.

2. ഈ ധ്യാനം ക്ലൃപ്തമാകത്തോടെ കഴിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

നസറേയർ ഈശോയെക്കുറിച്ചു ആശ്ചര്യപ്പെടുന്നു.

ധ്യാനം:— നാം കഴിഞ്ഞദിവസങ്ങളിൽ ധ്യാനിച്ച ഉപമകളും പറഞ്ഞശേഷം, ഈശോ, താൻ വളർന്ന ദേശമായ നസറേത്തിലേയ്ക്കു തന്റെ ശിഷ്യരോടുകൂടെ ചെന്നു. പതിവിൻപ്രകാരം സാബത്തു ദിവസം ജപാലയത്തിൽ പ്രവേശിച്ചു, വായിപ്പാനായി എഴുന്നേറ്റുനിന്നു. അപ്പോൾ ഇസയ്യാസ് പ്രവർത്തകർശിയുടെ പുസ്തകമാണു് അവിടത്തെ കൈയിൽ കൊടുത്തതു്. ഈശോ പുസ്തകം വിടർത്തിനോക്കിയപ്പോൾ കണ്ട വാക്യംവായിച്ചിട്ടു് അതിനെവ്യാഖ്യാനിക്കുകയായി. യാതൊരു മുന്നൊരുക്കവുംകൂടാതെ, യഥേഷ്ടയാ അഭിമുഖീകരിക്കേണ്ടിവന്ന വേദവാക്യത്തെപ്പറ്റി, ക്രിസ്തു നൽകിയ കാര്യക്ഷമമായ ആ വ്യാഖ്യാനംകേട്ടിട്ടു പലരും അവിടത്തെ ഉപദേശചാതുരിയേയും വിജ്ഞാനപാടവത്തെയുംകുറിച്ചു വിസ്മയിച്ചു. "ഇവയെല്ലാം ഇവനു് എവിടെനിന്നു സിദ്ധിച്ചു? ഇവനു നൽകപ്പെട്ട ജ്ഞാനം ഏതുതരത്തിലുള്ളതാണു? ഇവന്റെ കൈകളാൽ ചെയ്യപ്പെടുന്ന ഈ അത്ഭുതകൃത്യങ്ങളും എങ്ങിനെയുള്ളവ?" (ലൂക്കാ. 4. 16, മാർക്ക. 6. 2) എന്നു അവർ അത്ഭുതപ്പെടുകയായി.

പ്രായോഗികചിന്ത:— നമ്മുടെകർത്താവു നസറേത്തിൽ നിന്നു പുറപ്പെട്ടിട്ടു് ഏറെക്കുറെ രണ്ടു വത്സരങ്ങൾ കഴിഞ്ഞപ്പോൾ മടങ്ങി അവിടെ ചെന്നതെന്തിനു്? തന്റെ ചാർച്ച

ക്കാർ മിത്രങ്ങളും മുതലായവരുടെ മദ്ധ്യസ്ഥതാമസിച്ച് ഒരുല്ലാസം കഴിക്കുന്നതിനായിരിക്കുമോ? അതോ, അവരിൽനിന്നും പ്രശംസയും സ്തുതിയും ലഭിക്കുന്നതിനോ? അല്ല, അതൊന്നുമായിരുന്നില്ല അവിടുത്തെ പ്രത്യാഗമനത്തിന്റെ ഉദ്ദേശ്യം. തന്റെ സ്നേഹാതിരേകം പ്രത്യക്ഷീകരിക്കാനും, അവർക്കു നന്മചെയ്ത് അവരെ വിശുദ്ധീകരിക്കാനും വേണ്ടിയാണ് അവിടുന്നു ചെന്നതു്. മിതമായവിധം സ്വദേശത്തെ സ്നേഹിക്കുകയും ദൈവികവേലകൾക്കായി സ്വദേശികളെ സന്ദർശിക്കുകയും ചെയ്യുന്നതിൽ തെറ്റൊന്നുമില്ലെന്നു് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. എന്നാൽ അന്യരുടെ പ്രീതിയും പ്രശംസയും നേടണമെന്നും മറ്റുമുള്ള ഉദ്ദേശങ്ങളോടുകൂടി പ്രവർത്തിക്കാതിരിപ്പാൻ സൂക്ഷിക്കണം. നിന്റെ സ്വദേശികൾക്കുവേണ്ടി നന്മചെയ്യുന്നതു് സന്ന്യാസോചിതമായ ഉദ്ദേശങ്ങളോടുകൂടെത്തന്നെയായിരിക്കണം. അവരെ ദൈവതീക്ഷ്ണതയുള്ളവരാക്കി ദൈവത്തെ മഹത്വീകരിക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തോടെയാണു് നാം അവരുടെയിടയിലും ജോലിചെയ്യേണ്ടതു്. ഇക്കാര്യത്തിൽ നിന്റെ അഭിപ്രായഗതി ഏതുവിധമായിരുന്നു? അതിനെ തിരുത്തേണ്ട ആവശ്യം കാണുന്നില്ലേ?

സ്നേഹപ്രകരണങ്ങൾ:— എന്റെ ഈശോയെ എപ്പോഴും എല്ലാക്കാര്യങ്ങളിലും നിന്റെ ഏറ്റവും വലിയ സ്തുതിയും അന്തരക്ഷയും മാത്രം അന്വേഷിപ്പാൻ എന്നെ പഠിപ്പിക്കേണമെ.

പ്രതിജ്ഞ:— നിന്റെ ജന്മദേശത്തെയും കുടുംബത്തെയും ദൈവത്തിലും ദൈവത്തെപ്രതിയും അവിടുത്തെ തിരുച്ചിത്തത്തിനൊത്തവിധവും സ്നേഹിക്കുക.

രണ്ടാംവകുപ്പു

നസറേയർ ഈശോയെ ത്യജിക്കുന്നു

ധ്യാനം:— നസറേയർ നമ്മുടെ കർത്താവിനെ അത്യം ബഹുമാനത്തോടെ സ്വീകരിച്ചു. എങ്കിലും അവിടുന്നു കീർത്തിപ്രാപിക്കുന്നതു തങ്ങൾക്കു് എന്തോവലിയ കുറച്ചിലാണെന്ന നിലയിൽ അവരുടെ ഭാവം പെട്ടെന്നു് പകർന്നു. അതിനാൽ അവർ അവിടുത്തെ തൃജിക്കുകയും അവിടുത്തെ കീർത്തിയും പൊതുജനത്തിനു് അവിടുത്തോടുണ്ടായിരുന്ന വിശ്വാസവും നശിപ്പിക്കുക

യുമാണ് പിന്നീട് ചെയ്തത്. "ഇവൻ തച്ചന്റെ മകനല്ലയൊ ഇവന്റെ അമ്മ മരിയഎന്നു വിളിക്കപ്പെട്ടുന്നവളും, ഇവന്റെ സഹോദരന്മാർ യാക്കോബു, ജോസഫ്, സീമോൻ, യൂദാസ് എന്നിവരുമല്ലയൊ?..... ആകയാൽ ഇവന്നു ഇവഎവിടെ നിന്നു? എന്നു പറഞ്ഞു അങ്ങയെക്കുറിച്ചു ഇടറിയിരുന്നു." (മത്തേ. 13. 55. 56.) ഇസ്രയേലിന്റെ ഉപദേഷ്ടാവു് എന്ന സ്ഥാനത്തിന്നു അവിടത്തേയ്ക്കു് അർഹതയില്ലെന്നോണവും, അവിടത്തെ വംശം കീർത്തിയില്ലാത്തതായതിനാൽ അവിടത്തെ വാക്കുകൾ അനുസരിക്കാൻ അവശ്യമില്ലെന്നോണവുമായിരുന്നു അവരുടെ വർത്തനം.

പ്രായോഗികചിന്ത:— അസൂയയുടെ സ്വഭാവവും, അതിന്റെ നികൃഷ്ടഫലങ്ങളും ഇവിടെ നാം കാണുന്നു. അസൂയാകലുഷിതർക്കു് മറ്റുള്ളവർ, പ്രത്യേകമായി അവരേക്കാൾ പ്രായവും ശ്രേഷ്ഠതയും കുറഞ്ഞവർ, പഠനം, യോഗ്യത, ആദിയായവയിൽ ഉയരുന്നതും അവർ ഏർപ്പെട്ടുന്ന കായ്യം അഥവാ പറഞ്ഞ അഭിപ്രായം വിജയത്തിൽ കലാശിക്കുന്നതും ദുസ്സഹമായി തോന്നും. അസൂയയുള്ളവർ, തങ്ങൾ ദ്വേഷിക്കുന്നവരേക്കുറിച്ചു കേൾക്കുന്നു കുറവോ വാസ്തവമൊ അവാസ്തവമൊ എന്നു് ആലോചിക്കാതെ അവയെ അതിവർണ്ണനം ചെയ്തു കൊട്ടിഘോഷിക്കും. അവർ നിഷ്പക്ഷബുദ്ധ്യാ ചെയ്യുന്ന നന്മകളിൽക്കുടെയും കുറവു കണ്ടു പിടിക്കാൻ ശ്രമിക്കും. ആരെങ്കിലും അവരെ അഭിനന്ദിച്ചാൽ അതു് അസ്ഥാനത്തായി എന്നു് അവർ വാദിക്കും. നസറേയരിൽ ഈ നീചമായ മനഃസ്ഥിതി കാണുന്നതിനാൽ നമുക്കും അവരോടു വെറുപ്പു തോന്നുന്നു. എന്നാൽ നാം നമ്മുടെ ഹൃദയത്തിന്റെ അന്തർഭാഗത്തെയ്ക്കു് തിരിഞ്ഞു നമ്മെത്തന്നെ നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നതായാൽ, ഒരുപക്ഷെ, ഇതു നമ്മിലും ഉള്ളതായിക്കണ്ടു ലജ്ജിക്കുന്നതിന്നും അതിനാൽ വരാവുന്ന ആപത്തുകൾ കണ്ടു വ്യസനിക്കുന്നതിന്നും ഇടയായേക്കാം.

സ്തോത്രപ്രകരണങ്ങൾ:— നാം അന്ധരായി അസൂയയിൽ നിപതിക്കാതെ നമ്മെക്കാത്തുകൊള്ളണമെന്നു ദൈവത്തോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അസൂയ എന്നീ ദുർഗ്ഗുണത്തിന്റെ പ്രാരംഭവികാരങ്ങളെക്കുടെയും ഭയപ്പെട്ടു് തൽക്ഷണം പിന്മാറുക.

മൂന്നാം വകുപ്പു

നസറേയർ ഈശോയെ ഉപദ്രവിക്കുന്നു.

ധ്യാനം:— ഈശോ ഒരു സാധാരണ മനുഷ്യനാണെന്നും അങ്ങനെയല്ലെന്നാണെങ്കിൽ അവിടുന്നു ധാരാളം അത്ഭുതങ്ങൾ ചെയ്യട്ടെ എന്നുമായിരുന്ന നസറേയരുടെ വാദം. ഈശോയെ അവിശ്വസിക്കുകയും പരീക്ഷിക്കുകയും ചെയ്യുകയെന്ന ഈ മനഃസ്ഥിതി കൊണ്ടുതന്നെ അവിടുത്തെ അത്ഭുതകൃത്യങ്ങൾ കാണുന്നതിനു് അവർ അയോഗ്യരായിത്തീർന്നു. ഇതു് അവരെ ഗ്രഹിപ്പിക്കാനായി അവിടുന്നു് ഇങ്ങനെ അരുളിച്ചെയ്തു: "വൈദ്യാ നിന്നെത്തന്നെ സുഖപ്പെടുത്തുക.....നീ കഫർന്നാമിൽ ചെയ്തപ്പെട്ടതായി ഞങ്ങൾ കേട്ടിരുന്ന മഹത്തായ കാര്യങ്ങൾ ഇവിടെ നിന്റെ സ്വദേശത്തും ചെയ്യുക എന്നു് നിങ്ങൾ എന്നോടു പറയും.....യാതൊരു ദീർഘദർശിയും തന്റെ സ്വദേശത്തിൽ അംഗീകൃതനായിട്ടില്ല എന്നു് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.....ഏലിസ്വൂസ് ദീർഘദർശിയുടെ കാലത്തു് ഇസ്രയേലിൽ അനേകം കുഷ്ഠരോഗികളുണ്ടായിരുന്നു. എങ്കിലും സീറിയാക്കാരനായ നാമാൻ അല്ലാതെ അവരിൽ മറാരും സ്വസ്ഥരാക്കപ്പെട്ടില്ല.....അപ്പോൾ ജപസ്ഥാനത്തിൽ (ഉണ്ടായിരുന്ന) സകലരും ഇവകേട്ടു കോപാക്രാന്തരായി. തൻമൂലം അവർ എഴുന്നേറ്റു് അദ്ദേഹത്തെ പട്ടണത്തിൽനിന്നു പുറത്താക്കുകയും കീഴക്കാംതൂക്കായ (സ്ഥലത്തുനിന്നു) തള്ളിയിടുവാൻവേണ്ടി തങ്ങളുടെ നഗരം സ്ഥാപിച്ചിരുന്ന പർവ്വതത്തിന്റെ അഗ്രഭാഗത്തേയ്ക്കു് അദ്ദേഹത്തെ കൊണ്ടുപോകയും ചെയ്തു." (ലൂക്കാ. 4. 23, 24, 28, 29.)

പ്രായോഗികചിന്ത:— ദുരാശകളെ അതിന്റെ ആരംഭകാലത്തിലെതന്നെ നിഗ്രഹിച്ചു കളയാഞ്ഞാൽ അതു് അതിന്റെ കടന്നു, ഭയങ്കരസ്ഥിതിയിലേയ്ക്കു നമ്മെ ആനയിക്കുമെന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാണു് ഇവിടെ നാം കാണുന്നതു്. അതുകൊണ്ടു് അപകടകരമായ വല്ല ദുരാശയും നാം മറച്ചു വച്ചിട്ടുണ്ടോ എന്നു പരിശോധിക്കുക. ഉണ്ടെങ്കിൽ അതിനെ നിർമ്മൂലമാക്കുവാൻ സർവ്വാത്മനാ ശ്രമിക്കണം. ദൈവസഹായം ഇതിനു നമുക്കു സിദ്ധിക്കാതിരിക്കയില്ല.

സംഭോഷണം:— നിന്റെ കാവൽഭൃതനോട് സംഭോഷണം ചെയ്യുക.

എട്ടാംതിയ്യതി

ഈശോ പന്ത്രണ്ട് അപ്പോസ്തോലന്മാരെ അയച്ചതു്.

പ്രാരംഭം 1. ഈശോ തന്റെ പന്ത്രണ്ടു് അപ്പോസ്തോലന്മാരെ ഗലീലേയ നാട്ടിന്റെ നാനാഭാഗങ്ങളിലേക്കും പറഞ്ഞയക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. അവിടുത്തെ പരസ്നേഹത്തിന്റെയും ശുഷ്കാന്തിയുടേയും ഓഹരി നിനക്കും തന്നരുളുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്

ഈശോ പന്ത്രണ്ടു അപ്പോസ്തോലന്മാരെ അയക്കുന്നു.

ധ്യാനം:— ഈശോ തന്നെ കിഴക്കാംതൂക്കായ സ്ഥലത്തു നിന്നു തള്ളിയിടുവാൻ കൊണ്ടുപോയിരുന്നവരുടെ മദ്ധ്യേക്രൂടി കടന്നുപോകയും, തനിക്കു പഠിപ്പിക്കാനുള്ള മറ്റു സ്ഥലങ്ങളിൽ സസുഖം ചെന്നു ചേരുകയും ചെയ്തു. ഇതെങ്ങനെ സംഭവിച്ചുവെന്നു ചോദ്യമുണ്ടാവാം. തന്നെ കീഴ്പോട്ടു തള്ളിയിടണമെന്നു കരുതിയവർ ആ കഥ മറന്നുപോയോ? ഇല്ലാ, താൻ നിശ്ചയിച്ച സമയം വരാതെ തന്നെ ഉപദ്രവിക്കാൻ അവർക്കും സാധിച്ചിരുന്നില്ലെന്നുള്ള ഒരു സംഗതി നമുക്കു് ഇതിൽനിന്നു് പഠിക്കാം. മലമുകളിൽനിന്നു തള്ളിയിട്ടു കൊല്ലണമെന്നു കരുതി ഈശോയോടുകൂടെ പോയ കോപകലുഷിതരായ ആ ജനങ്ങൾക്കു് അവിടുത്തോടു യാതൊന്നും ചെയ്വാൻ സാധിച്ചില്ല. അനന്തരം നാനാഭാഗങ്ങളിൽനിന്നും വളരെ ജനങ്ങൾ അവിടുത്തെ സന്നിധിയിൽ വന്നിരുന്നു, അവരോടു ഈശോ കരുണ കാണിക്കുകയും ചെയ്തു. എന്തെന്നാൽ സുവിശേഷകൻ പറയുന്നതുപോലെ, അവർ വലഞ്ഞു് ഇടയനില്ലാത്ത ആടുകളെപ്പോലെ കിടന്നിരുന്നു. അപ്പോൾ അവിടുന്നു തന്റെ ശിഷ്യരോടു പറ

ഞ്ഞു: സാക്ഷാൽ വിളവു് വളരെയുണ്ടു്, വേലക്കാരോ ചുരുക്കം. അതിനാൽ വിളവിന്റെ ഉടമസ്ഥനോടു തന്റെ വിളവിലേയ്ക്കു വേലക്കാരെ അയയ്ക്കേണമെന്നു് ആലോചിക്കുവിൻ." (മത്തേ. 9. 36,—38.) ഈശോ, മനുഷ്യരുടെ ആത്മരക്ഷയെക്കുറിച്ചു തനിക്കുണ്ടായിരുന്ന ശ്രേഷ്ഠാന്തി ഇങ്ങനെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു്, തന്റെ ശിഷ്യന്മാരും അതനുസരിച്ചു പ്രവർത്തിക്കണമെന്നു് അവരെ പ്രബോധിപ്പിക്കുകയും, തന്റെ അടുക്കൽ വന്നു സദുപദേശം കേൾപ്പാൻ കഴിയാത്തവർക്കു ദൈവരാജ്യം പ്രസംഗിക്കുന്നതിന്നായി അപ്പോസ്തോലന്മാരെ ഈരണ്ടു പേരായി നാനാഭാഗങ്ങളിലേയ്ക്കും അയയ്ക്കുകയും ചെയ്തു.

പ്രായോഗികചിന്ത:— ഇവിടെ നമ്മുടെ ദിവ്യരക്ഷകൻ തന്റെ ശിഷ്യന്മാരെ നയിച്ച സമ്പ്രദായം നോക്കുക. ഇതു് എല്ലാ സന്ന്യാസസഭാസ്ഥാപകർക്കും ഒരു ഉത്തമമാതൃകയാണു്. ആദ്യംതന്നെ അവിടുന്നു അവരെ പുണ്യങ്ങളിൽ അഭ്യസിപ്പിക്കുകയും അദ്ധ്യാത്മികശ്രേഷ്ഠാന്തിയിൽ അവരെ ഉജ്ജീവിപ്പിക്കുകയും ചെയ്തു. അനന്തരം മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കുവേണ്ടി വേലചെയ്യേണ്ടതെങ്ങിനെയെന്നു ഉപദേശംകൊണ്ടും ദൃഷ്ടാന്തംകൊണ്ടും അവരെ മനസ്സിലാക്കുന്നു. പരീക്ഷാഘട്ടത്തിൽ—നവസന്ന്യാസക്കാലത്തു— ഈ പരിശീലനം തന്നെയാണു സന്ന്യാസസഭകളിലും നടക്കുന്നതു്. ഇതു കഴിഞ്ഞു ബാഹ്യജോലികൾ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്ന സഭയാണെങ്കിൽ ഈരണ്ടു പേരായി അവരെ ഓരോ ജോലികൾക്കയയ്ക്കുന്നു. ആദ്യം എളുപ്പമുള്ള ജോലികളേ അവർക്കു കൊടുക്കുന്നുള്ളു. സന്ന്യാസികർ എപ്പോഴും ഈരണ്ടുപേരായി, അഥവാ ഒരു തുണയോടുകൂടെ, പോകണമെന്നുള്ള മുറ ഇതിൽനിന്നാണു് ഉത്ഭവിച്ചിട്ടുള്ളതു്. ഇതു വലിയ വിവേകത്തോടുകൂടിയ ഒരു ഏർപ്പാടാണു്. ഇങ്ങനെ പോകുന്നതുകൊണ്ടു സംശയങ്ങളിൽ ഉപദേശവും ഉപദ്രവങ്ങളിൽ സഹായവും, പരസ്പരം കാവലും ലഭിക്കുന്നു. നമ്മുടെ സ്വഭാവത്തിന്നും ബലഹീനതയ്ക്കും ഇതു വലിയൊരു സഹായമല്ലെ? നീ ഇതു വേണ്ടവിധം വിലമതിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— എളുപ്പവും പ്രയോജനകരവുമായ മാർഗ്ഗങ്ങളിലൂടെ ദൈവം നിന്നെ പുണ്യങ്ങളിലും ആത്മരക്ഷയ്ക്കായുള്ള വേലകളിലും അഭ്യസിപ്പിച്ചതിനെക്കുറിച്ചു് അവിടുത്തേയ്ക്കു നന്ദി പറയുക.

പ്രതിജ്ഞ:– നിന്റെ വ്യാപാരത്തിന്ന സാക്ഷിയായി എപ്പോഴും ഒരുവൻ ഉണ്ടായിരിപ്പാൻ ആഗ്രഹിക്കുക.

രണ്ടാംവകുപ്പു

ഈശോ അപ്പോസ്തോലന്മാർക്കുകൊടുത്ത അധികാരവും അവർക്കു നൽകിയ ഉപദേശവും.

ധ്യാനം:—ഈശോ അപ്പോസ്തോലന്മാരെ അയക്കുന്നതിന്ന മുമ്പു പിശാചുക്കളുടെമേലും, രോഗികളെ സുഖപ്പെടുത്തുവാനും, അവർക്ക് അധികാരവും ശക്തിയും കൊടുത്തു. "അപ്പോൾ അവിടുന്ന് അവരോടു് അരുളിച്ചെയ്തു: നിങ്ങൾക്ക സൌജന്യമായി കിട്ടി; സൌജന്യമായിക്കൊടുത്തുകൊള്ളുവിൻ. വഴിക്ക വടിയും പൊക്കണവും അപ്പവും പണവും ഒന്നും എടുക്കരുതു്. ഈരണ്ടു കുപ്പായവും നിങ്ങൾക്കുണ്ടാകരുതു്. (ലൂക്കാ. 9. 1, 3.) എന്തുകൊണ്ടെന്നാൽ വേലക്കാരൻ തന്റെ ആഹാരത്തിന്നു് അർഹനാകുന്നു. ക്രൂരതെ ഏതു നഗരത്തിലൊ ഗ്രാമത്തിലൊ നിങ്ങൾ പ്രവേശിച്ചാലും അതിൽ ആരാണു് അർഹനെന്നു തിരക്കുവിൻ; നിങ്ങൾ പുറപ്പെട്ടുവാളം അവിടെ പാർക്കുകയും ചെയ്യുവിൻ. ആരെങ്കിലും നിങ്ങളെ സ്വീകരിക്കാതെയും, നിങ്ങളുടെ വചനങ്ങൾ കേൾക്കാതെയും ഇരുന്നാൽ, ആ വീട്ടിൽനിന്നൊ നഗരത്തിൽനിന്നൊ നിങ്ങൾ വെളിയിലേയ്ക്കു പുറപ്പെട്ടു, നിങ്ങളുടെ പാദങ്ങളിലെപൊടി തട്ടിക്കളയുവിൻ (മത്തേ. 10. 10, 11, 14.)

പ്രായോഗികചിന്ത:— ആത്മരക്ഷയ്ക്കായി പ്രയത്നിക്കുന്നവർക്ക എന്തെല്ലാംഗുണങ്ങളുണ്ടായിരിക്കണമെന്നാണു് ഈശോ ആഗ്രഹിക്കുന്നതെന്ന മേല്പറഞ്ഞിരിച്ച ഉപദേശത്തിൽനിന്ന നമുക്ക മനസ്സിലാക്കാം. 1. അവരെ ഏല്പിച്ചിരിക്കുന്ന ഉദ്യോഗനിർവ്വഹണത്തിന്നു് ആവശ്യമായ അനുഗ്രഹങ്ങളും ശക്തികളും ദൈവം അവർക്ക നൽകിയിരിക്കുകൊണ്ടു് അവർ ആ അനുഗ്രഹങ്ങളെ ദൈവത്തിന്റെപേരിൽ മറ്റുള്ളവർക്ക നൽകുന്നതിന്ന വലിയ ആഗ്രഹമുള്ളവരായിരിക്കണം. 2. സ്വാർത്ഥം പൂർണ്ണമായിട്ടതന്നെ പരിത്യജിച്ചിരിക്കണം. 3. ദൈവത്തിന്നു ശുശ്രൂഷചെയ്യുന്നവർക്കു യാതൊന്നും പോരാതെവരാതിരിക്കത്തക്കവിധം അവിടുന്നു വിചാരിച്ചുകൊള്ളുന്നതാകയാൽ അവിടുത്തെ ദിവ്യവിചാരണയ്ക്കു തങ്ങളെ പൂർണ്ണമായി ഏല്പിച്ചിരിക്കണം.

4. സുഖപ്രിയം പ്രശംസാഭിലാഷം ആദിയായ വ്യാമോഹങ്ങളെ ല്ലാം പരിവർജ്ജിച്ചിരിക്കണം. 5. ദൈവവിചാരണയെപ്പറ്റി കൃതഘ്നത ഭാവിക്കുന്ന മൂർക്കചമനസ്സുകളുടെ ഇടയിൽ പോകേണ്ടി വന്നാൽ അവരോട് പ്രശാന്തമായി പെരുമാറുവാൻതക്ക സൗമ്യ ശീലം വേണം. അവർ ശിക്ഷാർഹരാണെന്നറിയുന്നതു നല്ലതു തന്നെ. എങ്കിലും അവർഹിക്കുന്ന ശിക്ഷ അവരുടെമേൽ വരേണമെന്നോ ദൈവം അവരെ ശിക്ഷിക്കണമെന്നോ അഗ്രഹിക്കയൊ, അവരെ ശപിക്കയൊ ചെയ്യാതിരിക്കുന്നതിനുവേണ്ടി ക്ഷമയും പ്രശാന്തതയും പ്രദർശിപ്പിക്കണം. നിന്റെ പെരുമാറ്റം ഈശോയുടെ ഈ ഉപദേശങ്ങൾക്കെല്ലാം യോജിക്കുന്നതാണോ? നിന്റെ ശ്രുശ്രൂഷ മിശിഹായുടെ ഉപദേശത്തിനു് അനുഗുണമായ പൂർണ്ണതപ്രാപിപ്പാനായി എന്തു പരിശ്രമം നീ ചെയ്യുന്നുണ്ടു്?

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ കർത്താവിനു നാം ഇഷ്ടമുള്ളവരാകുന്നതിനു് എന്തെല്ലാം ഗുണങ്ങളാണു് നമുക്കു വേണ്ടതെന്നു് അവിടുന്നുതന്നെ നമ്മെ പഠിപ്പിച്ചിരിക്കുന്നതിനെക്കുറിച്ചു നന്ദി പറയുക.

മൂന്നാം വകുപ്പു

അപ്പോസ്തോലന്മാർ പോയകാര്യം സാധിച്ചുകൊണ്ടു മടങ്ങിവരുന്നു.

ധ്യാനം:— ആകയാൽ അവർ പുറപ്പെട്ടു് എല്ലായിടത്തും സുവിശേഷം പ്രസംഗിച്ചും (രോഗികളെ) സുഖപ്പെടുത്തിയും കൊണ്ടു ഗ്രാമങ്ങൾതോറും സഞ്ചരിച്ചുവന്നു. അവർ അനേകം പിശാചുക്കളെ ബഹിഷ്കരിക്കയും, വളരെ രോഗികളെ തൈലം പൂശി സുഖപ്പെടുത്തുകയും ചെയ്തിരുന്നു.....എന്നാൽ അപ്പോസ്തോലന്മാർ യേശുവിന്റെ അടുക്കൽ വന്നുകൂടി, തങ്ങൾ ചെയ്തവയും ഉപദേശിച്ചവയും എല്ലാം അദ്ദേഹത്തെ ബോധിപ്പിച്ചു. അപ്പോൾ നിങ്ങൾ തനിച്ചു ഒരു ഏകാന്തസ്ഥലത്തേയ്ക്കു ചെന്നു് അല്പം ആശ്വസിപ്പിൻ. എന്നു് അദ്ദേഹം അവരോടു പറഞ്ഞു. (ലൂക്കാ, 9. 6, മാക്ക്. 6. 13. 30, 31)

പ്രായോഗികചിന്ത:— സന്ന്യാസികൾ തങ്ങളുടെ വിശുദ്ധ ഉദ്യോഗനിർവ്വഹണത്തിനോ, രോഗികളെ സഹായിക്കുന്ന

തിന്നോ, വല്ല കായ്യം നടത്തുന്നതിന്നോ വേണ്ടി ആശ്രമത്തിന്നുപുറത്തു് പോകേണ്ടിവരുമ്പോൾ അനുസരിക്കേണ്ട മുറയുടെ മനോഹരമായ ഒരു ദൃഷ്ടാന്തമാണു് ഇവിടെ നാം കാണുന്നതു്. 1. അവർ ഇങ്ങനെ പോയിട്ടു് ആശ്രമത്തിലേയ്ക്കു മടങ്ങിവരുമ്പോൾ പുറത്തു തങ്ങൾ ചെയ്തതും തങ്ങൾക്കു സംഭവിച്ചതുമെല്ലാം കുണിശമായും തെളിവായും ശ്രേഷ്ഠനെ അറിയിക്കുന്നു. 2. ഈശോയുടെ സദുപദേശത്തിനൊത്തവിധം ഏകാന്തവും ധ്യാനവുംകൊണ്ടു് മനഃശാന്തത നിലനിറുത്തുകയും അലാഹാത്മിക ദൃഷ്ടാന്തി നവീകരിക്കയും ചെയ്യുന്നു. ഈ കാര്യങ്ങളിൽ നീ എങ്ങിനെയാണു വർത്തിച്ചുവരുന്നതു്.

സംദോഷണം:— നമ്മുടെ ദിവ്യഗുരുവും, പരമ മാതൃകയുമായിരിക്കുന്ന ഈശോയോടു സംദോഷണംചെയ്യുക.

ഒമ്പതാം തിയ്യതി

അപ്പോസ്തോലന്മാർക്കുണ്ടാകുവാനിരിക്കുന്ന കഷ്ടതകളെ അറിയിച്ചു ഈശോ അവരെ ധൈര്യപ്പെടുത്തുന്നു.

പ്രാരംഭം 1 പന്ത്രണ്ടു് അപ്പോസ്തോലരും തങ്ങൾ അയക്കപ്പെട്ട സ്ഥലങ്ങളിൽനിന്നു് മടങ്ങിവന്നു് ഈശോയുടെ ചുറും നില്ക്കുന്നതു ആത്മനാ ദർശിക്കുക.

2. ഈശോയുടെ യഥാത്ഥ അപ്പോസ്തലനു യോഗ്യമായ ഹൃദയം ലഭിപ്പാനായി പ്രത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയുടെ പ്രവചനത്താൽ സിദ്ധിച്ച അറിവു്.

ധ്യാനം:— നമ്മുടെ കത്താവിന്റെ നിർദ്ദേശാനുസരണം അപ്പോസ്തോലന്മാർ വേദപ്രസംഗത്തിന്നായി ചെലവഴിച്ചുതുടങ്ങിയ കലാവധിയിൽ അവർക്കു യാതൊരുവക വിരോധ

വും ഉപദ്രവവും നേരിട്ടിരുന്നില്ല. അതിനാൽ എപ്പോഴും അങ്ങനെതന്നെ ആയിരിക്കുമെന്നു് അവർ വിശ്വസിക്കുകയും ചെയ്തിരിക്കാം. എന്നാൽ ഈ ധാരണ പിന്നീടു് അവർക്കു് ഏറ്റവും മോശമായിത്തീരുമെന്നു് കണ്ടു് അതു ദൂരീകരിക്കാൻ അവിടുന്നു നിശ്ചയിച്ചു. അതുകൊണ്ടു മേലാൽ അവർക്കു് ഏല്പിക്കപ്പെടുവാനിരിക്കുന്ന ജോലികളുടെ സാഫല്യത്തിനും ഇതിൽ നിന്നെല്ലാം തീരെ വ്യത്യസ്തങ്ങളായിരിക്കുമെന്നും, നിഷ്ഠുര ചെന്നായ്ക്കളുടെ ഇടയിൽ അനാഥരായ ആട്ടുകളെപ്പോലെ അവർ ഇതര മതസ്ഥരുടേയും ക്രൂരജനങ്ങളുടെയും മദ്ധ്യേ ജീവിതം നയിക്കേണ്ടിവരുമെന്നും സ്പഷ്ടമായി അവിടുന്നു പ്രസ്താവിച്ചു. "ഇതാ ഞാൻ ചെന്നായ്ക്കളുടെ ഇടയിൽ ആട്ടുകളെപ്പോലെ നിങ്ങളെ അയക്കുന്നു." (മത്തേ. 10, 16) ഇതു കേട്ടപ്പോൾ അപ്പോസ്തോലന്മാർക്കുണ്ടായ വിചാരങ്ങൾ എന്തൊക്കെയായിരിക്കാം?

പ്രായോഗികചിന്ത:— ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അനുഭവിക്കാനിരുന്ന മർദ്ദനങ്ങളെപ്പറ്റിയുള്ള ഈ പ്രവചനം അപ്പോസ്തോലന്മാർക്കും ആദിമക്രിസ്ത്യാനികൾക്കും എത്ര വലിയ വിശ്വാസസ്ഥിരതയും ധൈര്യവുമാണു് നൽകിയിരുന്നതു്. ഇതു നിമിത്തം എന്തൊക്കെ പ്രതിബന്ധങ്ങൾ നേരിട്ടാലും അവർ പരിഭ്രമിക്കുകയോ പിൻമാറുകയൊ ചെയ്തിരുന്നില്ല. ഈശോയുടെ അപ്പോസ്തോലന്മാരും ശിഷ്യരുമായ നമുക്കും ഈലോകത്തിൽ കഷ്ടതകളാകുന്ന ക്രൂരിത്തുകൾ പലതരം ഉണ്ടാകാൻ ന്യായമുണ്ടു്. ഇതു നാം മുൻകൂട്ടി ഓർത്തിരുന്നാൽ, ഇടയ്ക്കിടെ നമുക്കുണ്ടാകുന്ന പീഡകളിൽ നാം അമ്പരന്നു് ധൈര്യവിഹ്വലരാകയില്ല. മാത്രമല്ലാ, ഇങ്ങിനെയുള്ള മുൻകരുതൽ നമുക്കുണ്ടെങ്കിൽ, എത്രയധികം പീഡകൾ നമുക്കു നേരിട്ടാലും അതൊന്നും നമുക്കു വേണ്ടിടത്തോളമായില്ലെന്നേ നാം കരുതുകയുള്ളൂ. എന്തെന്നാൽ, മിശിഹായുടെ ഒരു ധീരയോദ്ധാവിനു് യോഗ്യമായ മഹത്പദം ലഭിക്കേണമെങ്കിൽ അതിനു തക്ക യത്നവും വേണ്ടതാണല്ലൊ. നീ ഇപ്രകാരം കരുതുകയും പ്രവർത്തിക്കുകയും ചെയ്യുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ഏതു തരത്തിലുള്ള ദുഃഖങ്ങളും പീഡകളുമായാലും അവയെല്ലാം ഈശോയെപ്രതി സഹിക്കുന്നതു വലിയ ഭാഗ്യമായി കരുതുവാനും, അവയെ ക്ഷമാപൂർവ്വം അ

ശ്ലേഷിക്കാനും വേണ്ട ആത്മശക്തി നൽകേണമെന്ന് അപേക്ഷിക്കുക.

പ്രതിജ്ഞ:— നീ ഓരോ ദിവസവും എഴുന്നേൽക്കുമ്പോൾ അന്ന് വിഷമതരമായ അനേകം പ്രതിബന്ധങ്ങളെ തരണം ചെയ്യാനുണ്ടാകുമെന്ന വിചാരിക്കുക. ഇപ്രകാരം വിചാരിച്ചു പ്രവർത്തിച്ചിരുന്ന ഭക്തനായ ഒരാശ്രമശ്രേഷ്ഠൻ ഉണ്ടായിരുന്നു. തനിക്ക് എന്തെല്ലാം കഷ്ടങ്ങളും ഉണ്ടായാലും അതെല്ലാം താൻ വിചാരിച്ചിരുന്നതിൽ കുറവായിട്ടാണ് അദ്ദേഹത്തിനു എപ്പോഴും അനുഭവപ്പെട്ടിരുന്നത്. അതിനാൽ അദ്ദേഹത്തിന്റെ ആഹ്ലാദത്തിനും സമാധാനത്തിനും ഒരിക്കലും ഭംഗം നേരിട്ടിരുന്നില്ല.

രണ്ടാം വകുപ്പ്

വിശുദ്ധ സ്നാപകയോഹന്നാന്റെ രക്തസാക്ഷിത്വത്തിൽ നിന്നുള്ള പാഠം.

ധ്യാനം:— അപ്പോസ്തോലന്മാർ ചുറ്റിനടന്നു പ്രസംഗിച്ചുവരുന്നതിനിടയ്ക്ക് വിശുദ്ധ സ്നാപകയോഹന്നാൻ രക്തസാക്ഷിയായി മരണംപ്രാപിച്ചു. അപ്പോസ്തോലന്മാർക്കു സംഭവിക്കാനിരിക്കുന്നതായി ഈശോ ചെയ്തിരുന്ന പ്രവചനത്തെ ദൃഷ്ടാന്തപ്പെടുത്തി സ്ഥിരീകരിക്കുന്ന ഒന്നായിരുന്നു ഈ സംഭവം. നമ്മുടെ കർത്താവിന്റെ പുരോഗാമിയായ വി. സ്നാപകയോഹന്നാന്റെ ജീവിതം നിരന്തരമായ അപ്പോസ്തോലവേലതന്നെയായിരുന്നു. വിശുദ്ധവും ത്യാഗപരവുമായ ജീവിതത്തിൽ അദ്ദേഹത്തെ അതിശയിക്കുന്നവരായി അധികമാളുകളെ കാണുകയില്ല. അപ്പോസ്തോലന്മാർ ഇതെല്ലാം നന്നായി ഗ്രഹിച്ചിരുന്നു. മാത്രമല്ലാ ഈശോ വിശുദ്ധനെ ഹാർദ്ദമായി പ്രശംസിക്കുന്നതും അവർ ശ്രവിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് തന്റെ ഭക്തി ചൈതന്യം നിമിത്തം ഈ വിശുദ്ധൻ പീഡിപ്പിക്കപ്പെട്ടുവെന്ന വിവരം അവരുടെ കണ്ണുപൂടങ്ങളിൽ എത്തിയപ്പോൾ, തങ്ങളുടെ ഗുരുവിയെക്കുറിച്ചുള്ള മിശിഹായുടെ പ്രവചനം അവർ അനുസ്മരിച്ചിരിക്കാം. ഹെരോദേസ് ഒരു വേശ്യയുടെ പ്രതികാരേച്ഛയ്ക്കു തൃപ്തിവരുത്തുന്നതിനായി വിശുദ്ധ സ്നാപകയോഹന്നാനെ ഒന്നര വത്സരം കാരാഗൃഹത്തിൽ പാർപ്പിച്ചശേഷം ശിരച്ഛേദം ചെയ്യിക്കുന്നു! വി. യോഹന്നാനെ ബന്ധന

ത്തിൽ നിന്നും വിമോചിക്കുന്നതിനും ഈശോയും ശ്രമിക്കുകയുണ്ടായില്ല! വിശുദ്ധ സ്നാപകയോഹന്നാൻ ഇങ്ങനെ വധിക്കപ്പെട്ടതു കണ്ടപ്പോൾ, "നീതിയെപ്രതി പീഡിപ്പിക്കപ്പെട്ടവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." എന്നു മിശിഹാ ചെയ്തിരുന്ന വാഗ്ദാനമോർത്തു് അപ്പോസ്തോലന്മാർക്കു സമാശ്വസിക്കാൻ ന്യായമുണ്ടായിരുന്നു.

പ്രായോഗികചിന്ത:— വിശുദ്ധസ്നാപകയോഹന്നാൻ പ്രതാപകിരീടം പ്രാപിച്ചതിനെ അനുസ്മരിച്ചു് നമ്മുടെ പ്രതിജ്ഞകളെ നാം നവീകരിക്കുക. ആത്മാവുകളുടെ രക്ഷയ്ക്കുള്ള വേലകളുടെയും നമ്മുടെ കടമകളുടെയും നിർവ്വഹണത്തിൽ എതിരിടുന്ന വിഘ്നങ്ങളെ അവഗണിച്ചു ധീരധീരം പുരോഗമനം ചെയ്യുക. നമ്മെയും നമുക്കുള്ള സകലത്തെയും ദൈവതൃക്കരങ്ങളിൽ ഭാരമേല്പിക്കുക. ഇതരന്മാർ നമുക്കു ചെയ്യുന്ന ദോഷം പോലും ഗുണപ്രദമാക്കിത്തീർക്കുവാൻ അവിടുത്തേയ്ക്കു കഴിയും. വിശുദ്ധ സ്നാപകയോഹന്നാൻ അനുഭവിച്ച കഷ്ടതകളാൽ അദ്ദേഹം രക്തസാക്ഷിയുടെ മഹനീയകിരീടം പ്രാപിച്ചു. ക്രൂശാതെ, അദ്ദേഹം ഈ ലോകത്തിൽ ദിവ്യരക്ഷകന്റെ പുരോഗാമിയായിരുന്നതുപോലെതന്നെ, പാതാളങ്ങളിൽ വസിക്കുന്ന ഗോത്രപിതാക്കൾക്കും ദീർഘദർശികൾക്കും ആദിയായവരുടെ അടുക്കലും അവിടുത്തെ പുരോഗാമിയായിത്തീർന്നു.

സ്നേഹപ്രകരണങ്ങൾ:— ആത്മാവുകളുടെ രക്ഷയെക്കുറിച്ചുള്ള ശുഷ്കാന്തി നിമിത്തം രക്തസാക്ഷിയാകുന്നതിനും തീക്ഷ്ണതാപൂർവ്വം ആഗ്രഹിക്കുക.

പ്രതിജ്ഞ:— ദൈവസ്തുതിയും ആത്മാവുകളുടെ രക്ഷയും സാധിക്കുന്നതിനും നമുക്കുള്ള ഉത്തമമാർഗ്ഗം നമ്മുടെ കടമകളെ യഥാവിധി നിർവ്വഹിക്കുന്നതാണെന്നു ഗ്രഹിച്ചു പ്രഥമതഃ അതിനായി പരിശ്രമിക്കുക.

മൂന്നാം വകുപ്പു്

ഈശോയുടെ വാഗ്ദാനങ്ങളിലും ദൃഷ്ടാന്തങ്ങളിലും
നിന്നെടുക്കേണ്ട അറിവു്.

ധ്യാനം:— ഈശോ തന്റെ അപ്പോസ്തോലന്മാരോടു ചെയ്ത വാഗ്ദാനങ്ങളെപ്പറ്റി ചിന്തിക്കുക. ഒരു കാശിനും രണ്ടു കുരികി

ലുകൾ വിണ്ണപ്പെടുന്നില്ലയോ? എങ്കിലും നിങ്ങളുടെ പിതാവിന്റെ അറിവു കൂടാതെ അവയിൽ ഒന്നും നിലത്തു വീഴുകയില്ല. നിങ്ങളുടെ തലമുടികൾപോലും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. മനുഷ്യർക്കു നിങ്ങളുടെ ശരീരത്തെ മാത്രം കൊല്ലുവാൻകഴിയും. എന്നെക്കുറിച്ചു തന്റെ ജീവനെ നഷ്ടപ്പെടുത്തിയവൻ സ്വർഗ്ഗത്തിൽ മഹത്വത്തോടെ അതിനെ കണ്ടെത്തും. (മത്തേ. 10. 28, 29, 30.) അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. (യോഹ. 15. 20.) ശിഷ്യൻ ഗുരുവിനു മേലല്ല, ഭൃത്യൻ തന്റെ യജമാനനെപ്പോലെയാകുന്നതു മതി. (മത്തേ. 10. 24, 25.)

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യഗുരുനാഥൻ അരുളിയിരിക്കുന്ന പ്രസ്തുത വാക്യങ്ങൾ, ശിഷ്യൻ തന്റെ ഗുരുവിനേക്കാൾ മേലല്ല ഭൃത്യൻ തന്റെ യജമാനനെപ്പോലെയായാൽമതി എന്നീ വാക്യങ്ങൾ വിശേഷിച്ചും, എത്രവലിയ ധൈര്യവും സമാശ്വാസവുമാണു നമുക്കു പ്രദാനം ചെയ്യുന്നതു്. ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിലും ഭൃത്യൻ തന്റെ യജമാനനെപ്പോലെയായിരിക്കുന്നതു് എത്രയോ വലിയ മഹത്വം! "എന്റെ പിതാവു എനിക്കു രാജ്യംനിയമിച്ചതുപോലെ, ഞാൻ എന്റെ രാജ്യം നിങ്ങൾക്കായും നിയമിക്കുന്നു; അതു് നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽ ഭക്ഷിക്കയും പാനം ചെയ്കയും സിംഹാസനാരൂഢരായിരുന്നുകൊണ്ടു് ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കും ന്യായവിധി നടത്തുകയും ചെയ്യേണ്ടതിന്നത്രെ." (ലൂക്കാ. 22. 29, 30.) എന്നു് അരുളിച്ചെയ്തുകൊണ്ടു നമ്മുടെ ദിവ്യരക്ഷകൻ മേൽപറഞ്ഞ മഹത്വത്തെ വീണ്ടും സ്ഥിരീകരിക്കുന്നുമുണ്ടു്. ആകയാൽ പ്രസ്തുത വാക്യങ്ങൾ സദാ നമ്മുടെ സ്മൃതിപഥത്തിൽ ഉണ്ടായിരിപ്പാൻ ശ്രമിക്കുക. അവ നമ്മിൽ ഗാഢമായി പതിഞ്ഞിരുന്നാൽ പീഡനാവസരങ്ങളിൽ വലിയ ധൈര്യം നമുക്കുണ്ടാകും. മാത്രമല്ല, തോമാസ് ആകെമ്പിസ് പറയുന്നതുപോലെ, നാം സാധാരണയേപ്പെട്ടുപോകുന്ന ക്ലേശങ്ങളെയും മർദ്ദനങ്ങളെയും ആഗ്രഹത്തോടെ അന്വേഷിക്കാനും ആശ്ലേഷിക്കാനും ഈ വിചാരം നമ്മെ പ്രേരിപ്പിക്കുകയും ചെയ്യും.

സംഭാഷണം:— നമ്മുടെ കർത്താവും ദിവ്യമാതൃകയുമായിരിക്കുന്ന ഈശോയോടു് സംഭാഷണം ചെയ്യുക.

പത്താം തിയ്യതി

ആത്മാവുകളുടെ രക്ഷയേയും പരസ്നേഹത്തേയും സംബന്ധിച്ച് ആവശ്യമുള്ള പുണ്യചൈതന്യം

പ്രാരംഭം. 1. എഴുത്തിലല്ല തന്റെ അരൂപിയിലാണ് ദൈവം നമ്മെ പുതിയ നിയമത്തിന്റെ വേലകാരാക്കിയതെന്ന് വിശുദ്ധ പൌലോസ് പറയുന്നതു ആത്മനാ ശ്രവിക്കുക. (2. കൊറീ. 3.)

2. ആത്മരക്ഷയ്ക്കും ഇതരന്മാരുടെ നന്മയ്ക്കും ഉപകരിക്കുന്ന പുണ്യങ്ങളുടെ ഉന്നത പദവി പ്രാപിക്കാൻ വേണ്ടതൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ദാരിദ്ര്യത്തിന്റെയും വിനയത്തിന്റെയും വാസന.

ധ്യാനം:— ആത്മരക്ഷയേയും പരസ്നേഹത്തേയും സംബന്ധിക്കുന്ന വേലകളിൽ അത്യുത്കൃഷ്ടമായ ദൈവപ്രാപ്തിപ്പാൻ വേണ്ട ന്യായങ്ങളെയും മാർഗ്ഗങ്ങളെയും പറ്റി നാം ധ്യാനിച്ചു കഴിഞ്ഞു. എന്നാൽ ഈ വേലകാരാക്കു ജീവൻ നൽകുന്നതും അവയെ ഫലപ്രദമാക്കുന്നതുമായ ചൈതന്യം എന്തു? ഇതാണ് ഇനി നാം അറിയേണ്ടതു, ഈ ചൈതന്യം സന്ന്യാസത്തെ സജീവമാക്കുന്ന പുണ്യങ്ങളാം തന്നെയാണ്. ഇവയിൽ— ഈ പുണ്യങ്ങളിൽ— നാം എത്ര അഭിവൃദ്ധി പ്രാപിക്കുമോ, അത്രമേൽ ഫലപ്രദവും പ്രശസ്തവുമായിത്തീരും ആത്മരക്ഷയേയും പരസ്നേഹത്തെയും സംബന്ധിക്കുന്ന നമ്മുടെ പ്രവൃത്തികളാം. ഒരു സന്ന്യാസി പ്രധാനമായി പ്രകാശിപ്പിക്കേണ്ടതു് ലോകത്തെയും തന്നെത്തന്നെയും പരിത്യജിച്ചിരിക്കുന്ന ആ പരിപൂർണ്ണമായ ദാരിദ്ര്യ അരൂപിയാണ്. പ്രേഷിതവേലയിൽ പ്രവേശിക്കുന്നവനു് അവശ്യംവേണ്ട ഗുണങ്ങളിൽ ഒന്നാം ഇതു തന്നെയാണ്. "നിങ്ങളാക്കു സൌജന്യമായി കിട്ടി, സൌജന്യമായി കൊടുത്തുകൊള്ളുവിൻ." എന്നാണല്ലൊ ഈശോ അരുളിച്ചെയ്തിരിക്കുന്നതു്. (മത്തേ. 10. 8.) സ്വഭാവാതീതമായ ഉദ്ദേശത്തോടുകൂടെയും ഇതരന്മാരുടെ ആത്മിക നന്മയെ മുൻനിറു

ത്തിയുമാണ് അവക്കുവേണ്ടി നാം അല്പാനിക്കേണ്ടതെന്ന് ഈ ശോ നമ്മെ പ്രബോധിപ്പിക്കുന്നു. സ്വാത്മാനേടാനുള്ള താല്പര്യവും പ്രശംസ ലഭിക്കാനുള്ള മോഹവുംകൊണ്ടാണ് ഇവ നാം ചെയ്യുന്നതെങ്കിൽ അതു എത്രയോ മോശമായിരിക്കും! ഇപ്രകാരമുള്ള സ്വാർത്ഥാഭ്യേച്ഛകൾ നമ്മിൽ കാണുന്നപക്ഷം ജനങ്ങൾ നമ്മെ അവിശ്വസിക്കുകയും നമ്മുടെ സദുപദേശങ്ങളെ അവഗണിക്കുകയും നമ്മിൽനിന്നകന്നു പോകുകയും ചെയ്യുകയില്ലയോ? ഈ സ്ഥിതിയിൽ നമ്മുടെ പ്രയത്നം അവരിൽ ഫലപ്രദമാകുമൊ?

പ്രായോഗികചിന്ത:— നീ രോഗികളുടെ കായ്യം അന്വേഷിക്കുമ്പോൾ അവരിൽനിന്ന് ലൌകികമായ എന്തെങ്കിലും ഒരു കായ്യലാഭം മുഖ്യമായി പ്രതീക്ഷിക്കുന്നില്ലയോ? നിന്റെ സ്വന്തം നന്മയെക്കുറിച്ചുള്ള ആകാംക്ഷ നിന്റെ വൈദികവേലകളിൽ സ്ഥലംപിടിക്കാറില്ലയോ? പഠിക്കുക, പഠിപ്പിക്കുക, പ്രസംഗിക്കുക, എന്നിവയ്ക്കു നിന്നെ പ്രേരിപ്പിക്കുന്ന ഉദ്ദേശ്യങ്ങളെ പരിശോധിക്കുക. അവയിലും ദൈവസ്തുതി സാധിക്കുകയെന്നതിനേക്കാൾ മനുഷ്യരുടെ സ്തുതി ലഭിക്കുകയെന്നുള്ള ആഭിവാഞ്ഛയല്ലെയോ മുന്നിട്ടു നില്ക്കുന്നതു? അന്യന്മാർ നിന്നെക്കാൾ അനുകൂല്യം പ്രാപിക്കുമ്പോഴും, ലോകദൃഷ്ട്യാ പ്രശംസാർഹമല്ലാത്ത ജോലികളിൽ നീ ഏർപ്പെട്ടിരിക്കുമ്പോഴും, മറ്റുള്ളവർ നിന്നെ നിസ്സാരനായി ഗണിക്കുന്നുവെന്നു തോന്നുമ്പോഴും, നിന്നിൽ അസഹ്യാസ്ഥിരവും ചാഞ്ചല്യവും തോന്നുന്നെങ്കിൽ അതു വ്യർത്ഥസ്തുതിയോടുള്ള നിനക്കുള്ള പ്രതിപത്തിയെയല്ലയൊ പ്രത്യക്ഷമാക്കുന്നതു? നിന്റെ സ്വാർത്ഥം നിന്നെ വഞ്ചിക്കുകയും അപത്തിൽ അകപ്പെടുത്തുകയും ചെയ്യുമെന്ന ഭയം സദാ നിന്നിൽ ഉണ്ടായിരിക്കണം. നിന്റെ സ്ഥിതി ഖണ്ഡിതമായും നിർഭാക്ഷിണ്യമായും ഒന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:— അന്യരുടെ ആത്മരക്ഷയ്ക്കായി നീ ചെയ്യുന്ന വേലകളിലും, പഠിക്കുക, പഠിപ്പിക്കുക, രോഗികളെ പരിചരിക്കുക ആദിയായതുകളിലും നീ ദൈവസ്തുതിമാത്രമാണ് അന്വേഷിക്കുന്നതെന്നു നിന്നെക്കുറിച്ചു യഥാർത്ഥത്തിൽ പറയാൻ ഇടയാകുന്നതിനു വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഈ നിയോഗം കൂടക്കൂടെ നവീകരിക്കുക.

രണ്ടാംവകുപ്പു

അനുസരണവും ദൃഢചിത്തതയും.

ധ്യാനം:— സന്ന്യാസികളായ നാം ലോകത്തെയും അതിന്റെ ആഡംബരങ്ങളേയും മാത്രം സംത്യജിച്ചതുകൊണ്ടായില്ല. നമ്മെത്തന്നെ—നമ്മുടെ സ്വന്ത മനസ്സിനെപ്പോലും—പരിത്യജിച്ചു് ത്യാഗത്തിലും അനുസരണത്തിലും കൂടുതൽ കൂടുതൽ അഭിവൃദ്ധി പ്രാപിപ്പാനും ശ്രമിക്കേണ്ടിയിരിക്കുന്നു. സുവിശേഷം പ്രസംഗിക്കുന്നവക്കു് ആവശ്യം ആവശ്യമായ പുണ്യമാണിതു്. വേദപ്രചാരണജോലി ദൈവത്തിൽനിന്നു് സഭയുടെ രേണകത്താക്കന്മാർ വഴിയായിട്ടാണു് നമുക്കു സിദ്ധിക്കേണ്ടതു്. ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ നാം എങ്ങോട്ടു പോകണമെന്നും എന്തു ചെയ്യണമെന്നും, ഏതുവിധം പ്രവർത്തിക്കണമെന്നും മറ്റും നിശ്ചയിക്കേണ്ടതു് അവിടുത്തെ കാര്യമാണു്. അവിടുന്നു തന്റെ നിശ്ചയങ്ങൾ അറിയിക്കുന്നതു് ശ്രേഷ്ഠന്മാർ വഴിയായിട്ടാണുതാനും. യഥേഷ്ടം വർത്തിക്കുന്നതിനുവേണ്ടി ശ്രേഷ്ഠന്മാരുടെ കല്പനകളും നിശ്ചയങ്ങളും വിട്ടൊഴിയാൻ ശ്രമിക്കുന്ന സന്ന്യാസി, തനിക്കു നേരിടുന്ന ആപത്തുകളിലും അനർത്ഥങ്ങളിലും ദൈവ പരിപാലനയിൽ നിന്നുൽഭൂതമാകുന്ന ആനുകൂല്യവും ആശ്വാസവും ലഭിക്കാതെ കഷ്ടപ്പെടേണ്ടിവരും. അങ്ങനെയുള്ളവർ എത്ര വളരെ അദ്ധ്വാനിച്ചാലും ആ അദ്ധ്വാനത്തിന്റെ യോഗ്യതയും ഫലവും അവർക്കു മിക്കവാറും നഷ്ടപ്പെട്ടുപോകുമെന്നുള്ളതും നാം അറിഞ്ഞിരിക്കേണ്ടതാണു്.

പ്രായോഗികചിന്ത:— ശ്രേഷ്ഠന്മാർ നിനക്കു ഓരോ ജോലികളും വേലകളും നിശ്ചയിക്കുമ്പോൾ, നീ ഉപായങ്ങളും തന്ത്രങ്ങളും പ്രയോഗിച്ചു് അവരെ വിഷമിപ്പിച്ചു് നിനക്കിഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുകയും അങ്ങനെ മുകളിൽ സൂചിപ്പിച്ച നിർഭാഗ്യാവസ്ഥയിൽ ഉൾപ്പെടുകയും ചെയ്തിട്ടില്ലെ? നീ അപ്രകാരം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, ദൈവം കല്പിച്ച വേലയാണു് നീ ചെയ്യുന്നതെന്നും, അവിടുന്നു നിശ്ചയിച്ചവിധമാണു് നീ വർത്തിക്കുന്നതെന്നും പറയാൻ നിനക്കു എങ്ങിനെ സാധിക്കും? ശ്രേഷ്ഠന്മാരുടെ കല്പനകളേയും തപോരാശി ദൈവരിതവുള്ളതേയും അവഗണിക്കാനിടവരുത്തുന്നവിധം സ്വാഭിപ്രായങ്ങളാൽ വഞ്ചിതരാകുന്നവർ ഒരു ദിവസം അത്യധികം ദുഃഖിക്കേണ്ടി

വരും. നീ അവരുടെ ഗണത്തിൽ ഉൾപ്പെടാതിരിക്കാൻ സൂക്ഷിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഒന്നിലും നീല വിട്ട ലയിക്കാതിരിക്കുകയെന്ന മനഃസ്ഥിതിയുടെ പൂർണ്ണത പ്രാപിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ശ്രേഷ്ഠന്മാരുടെ നിശ്ചയങ്ങളേപ്പറ്റി വല്ല പ്പോഴും എതിർപറയങ്ങൾ പറയാൻ നിർബന്ധിതരായാൽ, അവരുടെ അറിവിന്നായി ആ നിശ്ചയങ്ങൾ നിഷ്പക്ഷമായി അവരോട് പറയാൻ വിരോധമില്ല. പക്ഷെ ആ നിശ്ചയങ്ങൾ അനുസരിച്ചുതന്നെ കാര്യം നടക്കണമെന്ന് ശഠിച്ചുകൂടാത്തതാണ്.

മൂന്നാം വകുപ്പ്

ആശാനിഗ്രഹത്തിന്റേയും സ്വാർത്ഥത്യാഗത്തിന്റേയും അരുപി.

ധ്യാനം:— ആശാനിഗ്രഹം സ്വാർത്ഥത്യാഗം എന്നിവയുടെ അരുപിയും സന്ന്യാസികളായ നമ്മിൽ പരിശോഭിക്കേണ്ടതാണ്. ആത്മാവുകളുടെ രക്ഷയ്ക്കുവേണ്ടി നാം ചെയ്യുന്ന വേലകൾക്കും ഈ ചൈതന്യവും ക്രിയയേതീർത്തും ആതുരശുശ്രൂഷ ചെയ്യുക, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക, അവരെ സാമ്മാഗ്ലികനിഷ്ഠയിൽ നയിക്കുക ആദിയായ സൽകൃത്യങ്ങൾ വേണ്ടവിധം നിർവ്വഹിക്കണമെങ്കിൽ ക്ഷമയും, ധൈര്യവും, ഉദാരശീലവും ധാരാളമുണ്ടായിരിക്കണം. അപ്രകാരം തന്നെ അഹോരാത്രം പാപോച്ചാരണം കേൾക്കുക, പ്രസംഗിക്കുക, ആത്മാവുകളെ സുകൃതപന്ഥാവിൽ നടത്തുക മുതലായവയ്ക്കും മേൽ പ്രസ്താവിച്ച ഗുണങ്ങൾ ആവശ്യമുണ്ട്.

പ്രായോഗികചിന്ത:— പ്രസ്തുതഗുണങ്ങൾ നവസന്ന്യാസക്കാലത്തു തന്നെ സമ്പാദിക്കാൻ അശ്രാന്തം പരിശ്രമിക്കുകയും അതു സാധിക്കുന്നതുവരെ സ്ഥിരോത്സാഹപൂർവ്വം യത്നിക്കുകയും ചെയ്യുന്ന സന്ന്യാസി ഭാഗ്യവാൻ! എന്തെന്നാൽ നിഷ്പക്ഷവും സുസ്ഥിരവുമായ കീർത്തിനിക്ഷിപ്തത പ്രദർശിപ്പിക്കേണ്ട അവസരങ്ങളിൽ അയാൾ വീരോചിതം വീരത്തോടുംകൂടെ പ്രവർത്തിക്കും. തന്മൂലം വളരെ അധികം ആത്മാവുകളെ അയാൾ രക്ഷാവഴിയിലേയ്ക്ക് ആനയിക്കുകയും ചെയ്യും. തന്നെത്തന്നെ പരിത്യജി

ക്കാനും സ്വമനസ്സിനെ ദൈവത്തിനു ബലികഴിപ്പാനും പഠിച്ചിട്ടില്ലാത്ത സന്ന്യാസിയുടെ ദുർഭാഗ്യം എത്ര ഭയങ്കരമാണു്! എന്തുകൊണ്ടെന്നാൽ അവന്റെ ശ്രദ്ധക്കാന്തി ദുർബ്ബലവും മിക്കവാറും നിഷ്ഫലവുമായിരിക്കും. മാത്രമല്ലാ, അവന്റെ കുറ്റം നിമിത്തം അനേകം ആത്മാവുകൾ ക്ഷീണിച്ചും നശിച്ചും പോകാനിടയുമുണ്ടു്. ഇതിനെക്കുറിച്ചു് ദൈവ സന്നിധിയിൽ അവൻ വളരെ കർക്കശമായ കണക്കും കേൾപ്പിക്കേണ്ടിവരും. മേൽ പറഞ്ഞ രണ്ടുതരം സന്ന്യാസികളിൽ ആരോടാണു് നിനക്കു യോജിപ്പുള്ളതെന്നു പരിശോധിച്ചുനോക്കുക.

സംഭാഷണം:— മതതീഷ്ണതയിൽ വിശ്വവിശ്രുതനായ വിശുദ്ധ ദേവപിനോടു്, അഥവാ ഇന്നു തിരുസ്സഭതിരുനാൾ ആചരിക്കുന്ന വിശുദ്ധ ഭോരൻസിനോടു, സംഭാഷണം ചെയ്യുക.

പതിനൊന്നാം തിയ്യതി.

ആത്മാവുകളുടെ രക്ഷയേയും പരസ്നേഹത്തേയും സംബന്ധിച്ചു പ്രവൃത്തികൾക്കു ആവശ്യമായ പുണ്യാത്മരൂപി.

(കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ച)

പ്രാരംഭം:— കഴിഞ്ഞ ധ്യാനത്തിലേതുതന്നെ.

ഒന്നാം വകുപ്പു

വിശുദ്ധിയുടേയും പുണ്യപൂർണ്ണതയുടേയും ചൈതന്യം.

ധ്യാനം:— നമ്മുടെ വിശുദ്ധഅനന്തസ്സിനു് അവശ്യംവേണ്ട പുണ്യങ്ങളിൽ നാം എത്രയധികം അഭിവൃദ്ധി പ്രാപിക്കുമോ, അത്രയധികം ഫലം നമ്മുടെ ആദ്ധ്യാത്മിക പരിശ്രമങ്ങൾക്കും ലഭിക്കും. ഇതു നല്ലപോലെ ഗ്രഹിക്കുക. എങ്കിൽമാത്രമെ ഈധ്യാനത്തിന്റെ ഉദ്ദേശ്യം സഫലമാകയുള്ളൂ. നമ്മുടെ പ്രയത്നങ്ങളെ സജീവങ്ങളും ഫലപ്രങ്ങളുമാക്കുന്നതു് ഈ പുണ്യങ്ങളാണെന്നുള്ള

വിചാരം പരിപൂർണ്ണത പ്രാപിക്കുന്നതിനു നമ്മെ നിർബന്ധിക്കുന്ന ഒരു പ്രേരകശക്തിയായിരിക്കട്ടെ. ദൈവവിചാരത്തിൽ സ്ഥിരത, മനസ്സാക്ഷിയുടെ വിശുദ്ധി എന്നിവ നമ്മുടെ ഈ വിശുദ്ധ അന്തസ്സിൽ അവശ്യംവേണ്ട ഗുണങ്ങളാകുന്നു. മനസ്സാക്ഷിയുടെ വിശുദ്ധിവഴിയായിട്ടാണ് നാം ദൈവത്തിനിഷ്ടമുള്ളവരാകേണ്ടതു്. "മനഃശുദ്ധിയുള്ളവരായിരിപ്പിൻ, നിങ്ങളുടെ ദൈവമായ ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധിയുള്ളവരായിരിപ്പിൻ" എന്നാണല്ലൊ വേദസൂക്തി. നാം പാപമാർഗ്ഗങ്ങളിൽനിന്നു വിരമിച്ചു പ്രസാദവരത്താൽ ദൈവത്തോടു് സംയോജിക്കുമ്പോഴാണു് ആത്മാവുകളുടെ രക്ഷയ്ക്കായി നാം ചെയ്യുന്ന പ്രവൃത്തികൾക്കു സ്വർഗ്ഗീയ സഹായം ലഭിക്കുന്നതു്. ഈ സാഹായ്യം ലഭിക്കുമ്പോൾ നമ്മുടെ പ്രവൃത്തികൾക്കു പരിപൂർണ്ണമായ ഫലമുണ്ടാകുമെന്നു നമുക്കു ന്യായമായി ആശിക്കാവുന്നതാണു്. യാതൊരുത്തൻ (സ്നേഹം വഴിയായി) എന്നിലും ഞാൻ അവനിലും വസിച്ചാൽ അവൻ വളരെ ഫലം നൽകുന്നു" (യോഹ. 15. 5.) എന്ന സുവിശേഷവചനങ്ങൾ മേൽ പറഞ്ഞ സംഗതികളെ സ്ഥിരീകരിക്കുന്നുമുണ്ടു്. എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ കിലുമ്പുന്നതാളമോ ആയിരിക്കും" (1. കൊറി. 13. 1.) എന്നു വിശുദ്ധ പൌലോസും എഴുതിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ എത്ര വാചാലതയോടെ പ്രസംഗിച്ചാലും ശ്രോതാക്കളെ എത്രയധികം രസിപ്പിച്ചാലും ദൈവസ്നേഹം ഇല്ലെങ്കിൽ ഒരുവനേയും മാനസാന്തരപ്പെട്ടുത്തുവാൻ സാധിക്കയില്ല.

പ്രായോഗികചിന്ത:— ആത്മാവുകളുടെ രക്ഷയ്ക്കായി നീ ചെയ്യുന്ന കൃത്യങ്ങളിൽ ദൈവാനുഗ്രഹം ലഭിക്കണമെങ്കിൽ നീ ദൈവപ്രസാദവരമുള്ളവനായിരിക്കണം. മാത്രമല്ല, ഹൃദയ വിശുദ്ധിയും പുണ്യൈചതന്യവും സിദ്ധിപ്പാനായി അശ്രാന്തം പരിശ്രമിക്കുകയും ചെയ്യണം. എന്നാൽ നീ ഇതിന്നായി പരിശ്രമിക്കുന്നുണ്ടോ? അല്പങ്ങളായ പാപങ്ങളെക്കൂടെയും നീ ഭയപ്പെടുകയും വിട്ടൊഴിയുകയും ചെയ്യുന്നുണ്ടോ? അവയിൽനിന്നു് അകലുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണു നീ പ്രയോഗിക്കുന്നതു്? പശ്ചാത്താപക്കണ്ണീരിനാലും പാപസങ്കീർത്തനത്താലും നിന്നെത്തന്നെ ശുദ്ധീകരിപ്പാൻ ജാഗ്രതയോടെ നീ പരിശ്രമിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ഹൃദയ വിശുദ്ധിയിൽ, അഥവാ

മനസ്സാക്ഷിയുടെ വിശുദ്ധിയിൽ, ഉന്നത പദവി പ്രാപിക്കാൻ തീവ്രമായി ആഗ്രഹിക്കുക.

പ്രതിജ്ഞ:— ഈ ആഗ്രഹം ഫലപ്രദമാകുവാൻ തക്ക മാർഗ്ഗങ്ങൾ ഇന്നുമുതൽ ഉത്സാഹപൂർവ്വം പ്രയോഗിക്കുക.

രണ്ടാംവകുപ്പ്

ദൈവസ്നേഹം സൌമ്യത എന്നിവയുടെ അഭ്യാസം.

ധ്യാനം:— ആർദ്രവും ശാന്തവുമായ പരസ്നേഹം എളിമയുടെ ഫലമാണ്. ഇതുതന്നെയാണു നമ്മുടെ പരമമാതൃകയായിരിക്കുന്ന ദിവ്യഗുരുവിന്റെ അഭ്യർത്ഥന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. ഈശോയെ പരിപൂർണ്ണമായി അനുകരിക്കാൻ ശ്രമിക്കുന്നവർക്ക് അവശ്യംവേണ്ട ഗുണങ്ങളാണു മുകളിൽ പറഞ്ഞവ. ആത്മാവുകളെ രക്ഷിക്കുകയെന്നവേലയിൽ അവിടുത്തോടു സഹകരിക്കുന്നവരിലാകട്ടെ ഈ ഗുണങ്ങൾ വിശേഷവിധിയായി പ്രശോഭിക്കേണ്ടതാണ്. വിദ്വേഷം ഏഷണി മുതലായവയ്ക്ക് അല്പംപോലും അവർ വശംവദരായിക്കൂടാ. ഇതുകൂടാതെ പരസ്നേഹത്തിന്റെ ബദ്ധവൈരികളാണ്. ഇതുനമ്മെ ഗ്രഹിപ്പിക്കാനായി അവിടുന്നുപറയുന്നു: "നിങ്ങളെ ദ്വേഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കു നന്മചെയ്യുവിൻ" നമ്മുടെ ശാന്തത കുഞ്ഞാടിന്റെതും പ്രാവിന്റെതുംപോലെ ആയിരിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. ഇതാ ചെന്നായ്ക്കളുടെ ഇടയിൽ അടുക്കളയെയ്ക്കുന്നോണം നിങ്ങളെ ഞാൻ അയയ്ക്കുന്നു. (മത്തേ. 10.)എന്നാണല്ലൊ അവിടുന്ന് അരുളിച്ചെയ്തതു്: ദിവ്യരക്ഷകന്റെ ഈ പ്രബോധനങ്ങളും അവിടുത്തെ വിസ്മയകരമായ ദൃഷ്ടാന്തങ്ങളും അനുവർത്തിച്ച അപ്പോസ്തോലന്മാരും അവരുടെ അനുഗാമികളും, ചെന്നായ്ക്കളെപ്പോലെ ക്രൂരന്മാരായിരുന്ന അനേകംപേരെ കുഞ്ഞാടുകൾക്കുസമം പ്രശാന്തരാക്കിത്തീർത്തിട്ടുണ്ട്.

പ്രായോഗികചിന്ത:— ഇതരന്മാരുടെ മാനസാന്തരവും പുണ്യാഭിവൃദ്ധിയും സാധിക്കേണ്ടതു് നമ്മുടെ പരസ്നേഹവും ശാന്തതയും കൊണ്ടാണ്. നാം സ്നേഹവും ക്ഷമയുംകൊണ്ടു നമ്മുടെ പ്രകൃതിയേയും തീഷ്ണതയേയും മിതപ്പെടുത്തുകയും ക്രമവൽക്കരിക്കുകയും

ചെയ്യേണ്ടതാണു്. മൻകോപത്തോടുകൂടിയ വാക്കുകൾ ഹൃദയങ്ങളിൽ പ്രവേശിക്കുകയില്ല. മറിച്ചു ശാന്തവും സ്നേഹപൂർണ്ണവുമായ വാക്കുകൾ നമ്മിലേയ്ക്കു ശ്രോതാക്കളുടെ ഹൃദയങ്ങളെ ആകർഷിക്കും.

സ്നേഹപ്രകരണങ്ങൾ:— പെട്ടെന്നുള്ള ക്ഷോഭവും അതിൽ നിന്നുപുറപ്പെടുന്ന പരുഷവാക്കുകളുംകൊണ്ടു് നിനക്കും ഇതരന്മാർക്കും നീ വരുത്തിയിട്ടുള്ള ദുഷ്പ്പേരുകൾ ഏറ്റു പറഞ്ഞു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— വല്ലൊരുത്തനെ കുറപ്പെടുത്തേണ്ടിവന്നാൽ നിന്നിലും അയാളിലും കോപം ഇല്ലാത്ത അവസരത്തിൽ അതു ചെയ്വാൻ ശ്രമിക്കുക.

മൂന്നാംവകുപ്പു്

ഭക്തിയുടേയും പ്രാർത്ഥനയുടേയും അനുപേക്ഷ.

ധ്യാനം:— ശുദ്ധമൂലവും ഹൃദയംഗമവുമായ ഭക്തിനിഷ്ഠയും പ്രാർത്ഥനാശീലവും ഇല്ലാതിരുന്നാൽ നാം നാമമാത്ര സന്ന്യാസികളേ ആയിരിക്കയുള്ളു. മാത്രമല്ല, ദൈവസന്നിധിയിലും മനുഷ്യരുടെ സമക്ഷത്തിലും നമ്മെ ഉത്തമരാക്കുന്ന സൽകൃത്യങ്ങൾപോലും ചെയ്യുന്നതിനും നാം അശക്തരായിരിക്കും. നമ്മുടെ സ്ഥിതി തന്നെ ഇങ്ങനെയാണെങ്കിൽ മറ്റുള്ളവരുടെ ആത്മാവുകളിൽ നന്മയുളവാക്കുവാൻ നമുക്കു കഴിയുന്നതെങ്ങിനെ? ആത്മാവുകളുടെ രക്ഷയ്ക്കുവേണ്ടി നാം ചെയ്യുന്ന അദ്ധ്വാനങ്ങൾപോലും ഫലപ്രദമാകേണ്ടതു ദൈവവരപ്രസാദത്താലാണു്? അതിന്റെ അഭാവത്തിൽ നമ്മുടെ പ്രയത്നങ്ങളെല്ലാം വിഫലമായിരിക്കുകതന്നെ ചെയ്യും. "നട്ടുന്നവനും, നനയ്ക്കുന്നവനും ഏതുമാകുന്നില്ല. വളർച്ച നൽകുന്നദൈവമത്രെ." (കായ്യം സാധിക്കുന്നതു.)1. കൊറീ 3, 7.)

പ്രായോഗികചിന്ത:— നീ ഇതരന്മാരുടെ ആത്മരക്ഷയ്ക്കായി പലരെയൊക്കെ അദ്ധ്വാനിച്ചിട്ടും അവർ വിശേഷഗുണമൊന്നും പുറപ്പെടുവിക്കാതെ മാന്ദ്യത്തിൽത്തന്നെ ജീവിതം നയിക്കുന്നതിനേപ്പറ്റി നിനക്കു് ആവലാതിതോന്നുന്നുണ്ടാവാം. പക്ഷെ നിന്റെ സ്വന്തംകുറവാണൊ ഈ പരാജയത്തിനു കാരണം എന്നു നീ ആലോചിച്ചുനോക്കാറുണ്ടോ? ദൈവം ആത്മാവുകളുടെ പരിരക്ഷയ്ക്കായി തന്റെ തിരുരക്തമെല്ലാം ചിന്തിയകാ

ലംമുതൽ രക്തംകൊണ്ടാണു് ആത്മാവുകളെ രക്ഷിക്കേണ്ടതു് എന്നു വിശുദ്ധന്മാർ പറയുന്നു. ആ വഴിക്കാണോ നിന്റെ പരിശ്രമം? ആശാനിഗ്രഹവും, സ്വാർത്ഥത്യാഗവും നീ ശീലിക്കുന്നുണ്ടോ? പ്രാർത്ഥനയിൽ നീ സ്ഥിരനിഷ്ഠനാണോ? നവനാൾ ജപം കഴിക്കാറുണ്ടോ? ഒരു പക്ഷെ ഈ മാർഗ്ഗങ്ങളൊന്നുംതേടാതെ, കേവലം ലൌകികമായ ഉപകരണങ്ങളാൽ ആത്മാവുകളുടെരക്ഷ സാധിച്ചുകളയാമെന്നു നീ വിചാരിച്ചിരിക്കാം. അങ്ങനെയെങ്കിൽ നിന്റെ പരാജയത്തെപ്പറ്റി എന്തിനു് അത്ഭുതപ്പെടുന്നു? വി: പൌലോസുപറയുന്നതുപോലെ ദൈവത്തിന്റെ മനുഷ്യനായിരിക്കുക, ജപവും തപസ്സും ഉള്ളവനായിരിക്കുക. അപ്പോൾ ആത്മരക്ഷയ്ക്കായി നീ ചെയ്യുന്നവേല വിജയപ്രദമാകും.

സംഭാഷണം:— നമ്മുടെ കർത്താവിനോടു സംഭാഷണംചെയ്യുക. നീ ആത്മരക്ഷയ്ക്കുവേണ്ടി ഫലോദയംവരെ പ്രയത്നിക്കത്തക്കവിധം നിന്റെ അന്തസ്സിനാൽ നിർബന്ധിക്കപ്പെടുന്ന സൽഗുണങ്ങൾ—പ്രത്യേകമായി ഭക്തിചൈതന്യം—നിന്നിൽ വർദ്ധിപ്പാൻവേണ്ട അനുഗ്രഹം നൽകണമെന്നു് ശുഷ്കാന്തിപൂർവ്വം പ്രാർത്ഥിക്കുക.

ആഗസ്റ്റ് പന്ത്രണ്ടാം തിയ്യതി

വിശുദ്ധ ക്ലാര

പ്രാരംഭം 1. ക്ലാരവഴിയായി വിശുദ്ധപദം പ്രാപിച്ച നിരവധി കന്യകകളുടെമദ്ധ്യേ ഈ പുണ്യവതി സ്വർഗ്ഗീയസൌഭാഗ്യം അനുഭവിക്കുന്നതു ആത്മനാ ദർശിക്കുക.

2. നിന്റെ അന്തസ്സിനു് അനുയോജ്യമായ പുണ്യങ്ങൾ ലഭിച്ചുതരേണമെന്നു് ഈ പുണ്യവതിയോടപേക്ഷിക്കുക.

ഒന്നാംവകുപ്പു

വിശുദ്ധ ക്ലാരയിൽ പരിശോഭിച്ച ഉദാരശീലം.

ധ്യാനം:— വിശുദ്ധ ഫ്രാൻസീസിന്റെ കഠിനതരമായ ത

പോജീവിതാനുഷ്ഠാനം സ്ത്രീകളുടെ ഇടയിൽ സ്ഥാപിച്ചു പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ സ്വദേശത്തിൽ നിന്നുതന്നെ ദൈവം വിശുദ്ധ ക്ലാരയെ തിരഞ്ഞെടുത്തു. അസീസ്സിപട്ടണത്തിലെ ഒരു കുലീനകുടുംബത്തിൽ സംജാതയായ ഈ വിശുദ്ധയെ ആജീവനാന്തം ഭൗതികകോലാഹലങ്ങളിൽനിന്നെ ബന്ധിച്ചിടണമെന്നായിരുന്നു അവളുടെ മാതാപിതാക്കന്മാരുടെ മോഹം. അവർ ഇക്കാര്യത്തിൽ കാണിച്ച ശാഠ്യംനിമിത്തം പതിനെട്ടു വയസ്സുള്ളപ്പോൾ ഈ യുവതി ആരുമറിയാതെ പിതൃഗൃഹംവിട്ടു സന്ന്യസിക്കുന്നതിനായി ഓടിപ്പോകയാണുണ്ടായത്. പോർസ്യുങ്കുള എന്ന പ്രശ്രുത ദേവാലയത്തിലത്രെ പുണ്യവതി അഭയംപ്രാപിച്ചതു്. അവിടെവെച്ചു തന്റെ തലമുടി കത്രിക്കുകയും വിശുദ്ധ ഫ്രാൻസീസ് അസീസ്സിയുടെ കൈയിൽനിന്നുതന്നെ താപസവസ്ത്രങ്ങൾ വാങ്ങി ധരിക്കുകയുംചെയ്തു. അനന്തരം നിരവധി കന്യകകളെ കൂട്ടിച്ചേർത്തു ഒരു പുതിയ സഭ സ്ഥാപിക്കുവാൻവേണ്ട ദൈവാനുഗ്രഹം ഈ പുണ്യവതിക്കു് സിദ്ധിച്ചു. വിശുദ്ധ ക്ലാരതന്നെയായിരുന്നു 1210-ൽ സ്ഥാപിതമായ ഈ സഭയുടെ ഭരണഭാരം കയ്യേറ്റതു്. ഈ കന്യകാരത്നം പ്രദർശിപ്പിച്ച സുകൃതമാതൃകയാൽ പ്രസ്തുത സന്ന്യാസിനികൾ എല്ലാവരും, അതുവരെ സ്ത്രീകൾ ശീലിച്ച പതിവില്ലാതിരുന്ന കഠിനതരമായ തപോനിഷ്ഠയോടുകൂടിയ സന്ന്യാസജീവിതം നയിപ്പാൻ ആരംഭിച്ചു. പാദരക്ഷകൂടാതെ നഗ്നപാദരായി നടക്കുക, ക്ഷൗരത്തിന്റെ അളവു വളരെയധികം കുറയ്ക്കുക, പാൽ, മുട്ട, മത്സ്യം മുതലായവ വർജ്ജിക്കുക, ആണ്ടിൽ ഒട്ടനേകം ദിവസങ്ങളിൽ ഉപവാസമനുഷ്ഠിക്കുക, പരുപരുപ്പുള്ള രോമവസ്ത്രം ധരിക്കുക, അർദ്ധരാത്രി എഴുന്നേറ്റു പ്രാർത്ഥിക്കുക എന്നിങ്ങനെ അക്കാലസ്ഥിതിക്കു് അസാധാരണങ്ങളായിരുന്ന പല നിഷ്ഠകളും ഉൾപ്പെട്ടതായിരുന്നു പ്രസ്തുത സന്ന്യാസിനികളുടെ ദിനചര്യ. എന്നാൽ വിശുദ്ധ ക്ലാരയാകട്ടെ, പൊതുവെയുള്ള ഈ നിഷ്ഠകളൊന്നുംകൊണ്ടു തൃപ്തിപ്പെടാതെ പ്രത്യേകമായ താപസകൃത്യങ്ങൾകൂടി അനുഷ്ഠിക്കുകകൂടെ ചെയ്തിരുന്നു.

പ്രായോഗികചിന്ത:— ദൈവത്തെക്കുറിച്ചുള്ള പ്രവൃത്തികളിൽ ലേശവും ലുബ്ധ് കാണിക്കാതെ ഔദാര്യനിരതരായിരിക്കുന്നവർക്കു എന്തുതന്നെ അനുഷ്ഠിക്കാൻ സാധിക്കയില്ല; വി

ഫലം എന്താണെന്നു അവർ അറിയുന്നില്ല. അസാദ്ധ്യമെന്തെന്നു അവർ മനസ്സിലാക്കുന്നുമില്ല. വിശുദ്ധ ക്ലാരയിൽ പ്രശോഭിച്ച പോലെയുള്ള ഉദാരശീലം നമ്മിലും ഉണ്ടായിരുന്നെങ്കിൽ നമുക്കു തപസ്സിൽ എത്രവലിയ താല്പര്യം ഉണ്ടായേനെ! അങ്ങനെ തന്നെ ഇതുണ്ടായിരുന്നെങ്കിൽ വലിയ പുണ്യവർദ്ധനവും നമുക്കുണ്ടാകുമായിരുന്നു.

സ്നേഹപ്രകരണങ്ങൾ:— പ്രസ്തുത പുണ്യം ദൈവത്തിൽ നിന്നു നിനക്കു ലഭിച്ചുതരുവാനായി ഈ വിശുദ്ധയോടു തീവ്രമായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഏതുകാര്യത്തിലാണു് നിന്റെ ഉദാരശീലം മന്ദീഭവിക്കാറുള്ളതെന്നു് പരിശോധിക്കുകയും തൽപരിഹാരാർത്ഥം പരിശ്രമിക്കുകയും ചെയ്യുക.

രണ്ടാം വകുപ്പു്

വിശുദ്ധ ക്ലാരയുടെ ദാരിദ്ര്യം.

ധ്യാനം:—വിശുദ്ധ ക്ലാര ദാരിദ്ര്യത്തെ ഗാഢമായി സ്നേഹിക്കുകയും അതിമാത്രം ബഹുമാനിക്കുകയും ചെയ്തിരുന്നു. അശ്രമത്തിലുണ്ടായിരുന്നതിൽ ഏറ്റവും മോശവും ഹീനതരവുമായ സാമാനങ്ങളാണു് പുണ്യവതി സ്വന്തം ഉപയോഗത്തിനായി സ്വീകരിച്ചിരുന്നതു്. അശ്രമാംഗങ്ങളിൽ ആർക്കും വിശേഷവിധിയായ യാതൊരാനുകൂല്യവും യാതൊരുകാര്യത്തിലും അനുവദിക്കാതിരുന്ന ഒരു സഭയിലാണു്, വിശുദ്ധ ക്ലാര എല്ലാവർക്കും ലഭിക്കുന്നതിനെക്കാൾ മോശമായ സാധനങ്ങൾ സ്വീകരിച്ചിരുന്നതെന്നു് നാം ഓർക്കണം. പ്രസ്തുത സന്ന്യാസിനികൾ സ്വീകരിച്ചിരുന്ന ദാരിദ്ര്യ വ്രതത്തിന്റെ കാഠിന്യം മനസ്സിലാകണമെങ്കിൽ അവരുടെ സഭയുടെ നിയമങ്ങൾകൂടി നാം അനുസ്മരിക്കേണ്ടിയിരിക്കുന്നു. അശ്രമശ്രേഷ്ഠത്തിക്കുപോലും യാതൊന്നും സ്വകാര്യമായി സൂക്ഷിക്കുവാൻ അനുമതിയുണ്ടായിരുന്നില്ല. കൈത്തൊഴിലും അന്യരിൽനിന്നു ലഭിക്കുന്നദാനവുമായിരിക്കണം അവരുടെ ഉപജീവനമാർഗ്ഗം എന്നു് വ്യവസ്ഥയുണ്ടായിരുന്നു. മറ്റു കന്യകാസഭകളെപ്പോലെ ഈ വിശുദ്ധയുടെ അശ്രമത്തിന്നും എന്തെങ്കിലും ധനാഗമമാർഗ്ഗം ഉണ്ടായിരിക്കണമെന്നു് ഒമ്പതാം ഗ്രിഗോരി, നാലാം ഇന്നൊച്ചെന്റ് എന്നീ മാർപ്പാപ്പാമാർ അഭിപ്രായപ്പെട്ടുകയുണ്ടായി. വിശുദ്ധ ക്ലാര

യുടെ സക്കോർ ശീലിക്കുന്ന ദാരിദ്ര്യവ്രതം വളരെ കഠിനമാണെന്നു് പലരും ആക്ഷേപിക്കാതെയുമിരുന്നില്ല. അതിനെല്ലാം വിശുദ്ധ പറഞ്ഞിരുന്ന മറുപടി ഇതായിരുന്നു: "ഈശോയുടെ പ്രബോധനങ്ങൾക്കും ആദർശങ്ങൾക്കും അതീതനും അനന്യോജ്യമായിട്ടാണ് ഈ നിയമങ്ങൾ ശ്രുപവൽക്കരിച്ചിരിക്കുന്നതു്. ഈവിധം അനുവർത്തിക്കുന്നപക്ഷം ഏതൊരു ആശ്രമങ്ങളിൽ സന്ന്യാസക്രമങ്ങൾക്ക് വിഘാതമുണ്ടാകയൊ, ലോകാശ്രപിനഴഞ്ഞുകയറുകയൊ ചെയ്യുകയില്ല. ഭിന്നതകളും സ്വാർത്ഥപരങ്ങളായ പ്രവൃത്തികളും മറ്റും പ്രത്യക്ഷപ്പെടുകയുമില്ല."

പ്രായോഗിക ചിന്ത:- വിശുദ്ധ ക്ലാരയുടെ ഈ വാക്കുകൾ നന്നായി ചിന്തിച്ചാൽ സുവിശേഷസദുപദേശാനുസരണമുള്ള ദാരിദ്ര്യവ്രതത്തെ ഏറ്റവും വിലമതിക്കുന്നതിനു് നിനക്കും ഇടയാകും. എന്നല്ലാ, മേലുദ്ധരിച്ച ന്യായങ്ങളെപ്പറ്റി നീ ഗാഢമായി ആലോചിക്കുന്നപക്ഷം ഈ വിശുദ്ധയെപ്പോലെ നീയും ദാരിദ്ര്യത്തെ അതിമാത്രം ബഹുമാനിക്കുകയും സ്നേഹിക്കുകയും ക്രൂടെചെയ്യും. അതിനാൽ താളശമായ ദാരിദ്ര്യവ്രതം കഠിനമെന്ന വിചാരിക്കാതെ നീ അതിൽ സ്ഥിരനിഷ്ഠനായിരിക്കുകയും നിന്റെ അനുഗാമികളും അതു് നന്മനസ്സോടുകൂടെ അനുവർത്തിച്ചുവരത്തക്കവിധം നീ അവർക്ക് സന്മാതൃകയായിരിക്കുകയും ചെയ്യുക. ഈ പുണ്യത്തിൽ അഭിവൃദ്ധിപ്രാപിപ്പാനായി ഇന്നുവരെ നീ എന്തു ചെയ്തിട്ടുണ്ടു്?

സ്നേഹപ്രകരണങ്ങൾ:- സുവിശേഷപ്രബോധനാനുസരണമുള്ള ദാരിദ്ര്യത്തോടു സ്നേഹവും അതിന്റെ ചൈതന്യവും ലഭിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- വിശുദ്ധ ക്ലാരയെപ്പോലെ ഈശോയുടെ പരമോന്നതമായ ദാരിദ്ര്യത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു് അതു് അനുവർത്തിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

മൂന്നാംവകുപ്പു്

വി ക്ലാരയുടെ ഭക്തി ചൈതന്യം

ധ്യാനം:- ക്രൂശുമരണത്തെയുള്ള ദിവ്യകാരുണ്യസ്വീകരണങ്ങളും ജപങ്ങളും ധ്യാനങ്ങളുംവഴിയായി വിശുദ്ധ ക്ലാര ഉപയ്യുപരി ആത്മികശക്തിയും സമാശ്വാസവും പ്രാപിച്ചിരുന്നു. രാത്രി

യുടെ അധികസമയവും ജപദ്ധ്യാനങ്ങൾക്കായിട്ടാണ് ഈ വിശുദ്ധ വിനിയോഗിച്ചിരുന്നത്. ഒരിക്കൽ മഹമ്മദീയരുടെ ആക്രമണംമൂലം തന്റെ ആശ്രമത്തിനു വരുവാനിരുന്ന വിപത്തിനെ ഈ പുണ്യവതി പ്രാർത്ഥനയാൽത്തന്നെ അത്ഭുതകരമായവിധം വിപാടനം ചെയ്തതായിക്കാണുന്നു. തന്റെദേശവാസികൾക്കുനിക്കും തന്റെ ആശ്രമവാസികൾക്കും ചെയ്തിരുന്ന ദാനങ്ങൾക്കുനിമിത്തം ആശ്രമാംഗങ്ങളെല്ലാം അവൾക്കടക്കാരികളാണെന്നു് വിശുദ്ധ ക്ലാര കരുതുകയും അവൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുവാൻ മറ്റു കന്യാസ്ത്രീകളെ പ്രബോധിപ്പിക്കുകയും ചെയ്തിരുന്നതിൽ നിന്നു പുണ്യവതിയുടെ കൃതജ്ഞതാശീലം വ്യക്തമാകുന്നുണ്ടു്.

പ്രായോഗികചിന്ത:— നാമും നമ്മുടെ സഹായികൾക്കുവേണ്ടി ദൈവത്തോടു പ്രത്യേകം പ്രാർത്ഥിക്കണം. ലോകത്തിന്റെ പാപങ്ങൾ ഹേതുവായി സംവേദിക്കാനിരിക്കുന്ന ഭയങ്കരശിക്ഷ നീക്കുന്നതിനു് വളരെ പുണ്യാത്മാക്കൾ ആശ്രമങ്ങളുടെ ഏകാന്തങ്ങളായ ഉള്ളറകളിൽ ഇരുന്നു കേതിതീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുന്നുണ്ടെന്നുള്ള വസ്തുതയും ഈപ്രകൃതത്തിൽ വിസ്മരിച്ചുകൂടാത്തതാണു്. ഇതിനെക്കുറിച്ചു അവരുടെനേരെയും അവരുടെ വിശുദ്ധ അന്തസ്സിന്റെ നേരെയും കൃതജ്ഞതയും ബഹുമാനവും പ്രദർശിപ്പിക്കാൻ പ്രത്യേകമായ കടമ ലോകവാസികൾക്കുണ്ടു്.

സംഭാഷണം:— വിശുദ്ധ ക്ലാരയോടു സംഭാഷണം ചെയ്യുക.

ആഗസ്റ്റ് പതിമൂന്നാം തിയ്യതി

ഈശോ അപ്പം വർദ്ധിപ്പിച്ചതു്

പ്രാരംഭം 1. ഈശോ അത്ഭുതകരമായി വർദ്ധിപ്പിച്ച അപ്പം അപ്പൊസ്തോലന്മാർ ജനങ്ങൾക്കു വിളമ്പുന്നതു് ആത്മനാ ദർശിക്കുക.

2. ഈശോയെ ക്രൂതൽ ക്രൂതലായി സ്നേഹിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അപ്പം വർദ്ധിപ്പിച്ച അവസരം

ധ്യാനം:— അപ്പോസ്തോലന്മാർ സുവിശേഷം പ്രസംഗിച്ചു തിരിച്ചുവന്നപ്പോൾ ഈശോ അവരെ ഒരു വിജനപ്രദേശത്തേക്ക് ആനയിച്ചു. എന്നാൽ എവിടെ ചെന്നാലും ജനതയുടെ സന്ദർശനത്തിൽനിന്നു ഒഴിയാൻ സാധിച്ചിരുന്നില്ല. ദിവ്യഗുരുവിന്റെ വചോമാധുരി അനുഭവിക്കണമെന്നുള്ള അതിയായ ആഗ്രഹത്താൽ ക്ലേശംക്ലേശമായി വന്നിരുന്ന ജനസഞ്ചയം ആ വിജനപ്രദേശത്തു് അവിടത്തെ വലയം ചെയ്തുകഴിഞ്ഞു. അപ്പോൾ അവിടുന്നു അനുകമ്പാപൂർവ്വം ഒരു ഉയർന്ന സ്ഥലത്തു സ്ഥിതിചെയ്തുകൊണ്ടു തന്റെ പന്ത്രണ്ടു അപ്പോസ്തോലന്മാരോടുകൂടെ ദൈവരാജ്യത്തെക്കുറിച്ചു് അവരെ പ്രബോധിപ്പിക്കയായി. എന്നാൽ വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു: ഇതു് ഒരു വിജനസ്ഥലമാണു്. നേരവും വൈകി, ഗ്രാമങ്ങളിൽചെന്നു തങ്ങൾക്കു ഭക്ഷണസാധനങ്ങൾ വാങ്ങുവാനായി ജനക്കൂട്ടത്തെ വിട്ടയക്കുക. എന്നാൽ യേശു അവരോടു പറഞ്ഞു: ഇവർ പോകണമെന്നില്ല, നിങ്ങൾ അവർക്കു് ഭക്ഷണം കൊടുക്കുവിൻ, (മത്തേ. 14, 15, 16.) ഈ വചനങ്ങൾ ആലോചിച്ചാൽ അപ്പോസ്തോലന്മാരുടെ വിശ്വാസാഭാവത്തെ അവഗണിച്ചുകൊണ്ടു ആ ജനത്തെക്കുറിച്ചു വലിയ ഒരു അത്ഭുതം ചെയ്യേണ്ടതാണെന്നു അവിടുന്നു പ്രത്യക്ഷപ്പെടുത്തുന്നുവെന്നു കാണാം.

പ്രായോഗികചിന്ത:— പ്രസ്തുത നല്ല ജനത്തെപ്പോലെ നാമും എല്ലാറ്റിനുംമുമ്പു ദൈവരാജ്യത്തേയും അവിടത്തെ നീതിയേയും അന്വേഷിച്ചുവരണം. ഇങ്ങനെ നാം ചെയ്യുന്നുണ്ടോ? ശാരീരികകാര്യങ്ങളിലും അതിന്റെ സുഖം ആശ്വാസം മുതലായവയിലും ബദ്ധശ്രദ്ധരായിരിക്കുകയും, ദൈവസ്തുതിയേയും, പുണ്യാഭിവൃദ്ധിയേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ ഉദാസീനത പ്രദർശിപ്പിക്കുകയുമല്ലെ ചെയ്യുന്നതു്? എത്ര ക്രൈസ്തവർ, എന്നല്ല (സന്ന്യാസികളിൽതന്നെയും എത്രപേർ) ഈ കാര്യത്തിൽ തങ്ങളെത്തന്നെ കുറ്റം വിധിക്കേണ്ടിവരുന്നു! ഓരോ അവശ്യങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിൽ ആശ്രയിക്കുകയും, അവിടത്തെ സഹായം അഭ്യർത്ഥിക്കുകയും ചെയ്യാത്തതു മേൽ

പ്രസ്താവിച്ച കാരണത്താലല്ലയൊ?

സ്നേഹപ്രകരണങ്ങൾ:— ഇവയുടെ യാഥാത്ഥ്യം ഗ്രഹിച്ച ലജ്ജിക്കുകയും, പശ്ചാത്തപിക്കുകയും ചെയ്യുക. ദൈവത്തിലുള്ള ആശ്രയം വർദ്ധിപ്പിക്കുക.

പ്രതിജ്ഞ:— എല്ലാറ്റിനും മുമ്പു ദൈവരാജ്യത്തെയും അതിന്റെ നീതിയേയും അന്വേഷിപ്പിൻ. അപ്പോൾ ശേഷമുള്ളവ സമസ്തവും നിങ്ങൾക്കു ചേർത്തു നൽകപ്പെട്ടും എന്നു ഈശോ അരുളിച്ചെയ്തിരിക്കുന്നു. നിരവധി അത്ഭുതസംഭവങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നുമുണ്ട്.

രണ്ടാംവർഷം

ഈ അത്ഭുതത്തിന്റെ സ്ഥിതി.

ധ്യാനം:— യേശു ഫിലീപ്പൊസിനോടു പറയുന്നു: ഇവർ ഭക്ഷിക്കാൻ നാം എവിടെനിന്നാണു അപ്പം വാങ്ങുക? അയാളെ പരീക്ഷിപ്പാൻവേണ്ടിയത്രെ ഇങ്ങനെ ചോദിച്ചതു. എന്തെന്നാൽ താൻ ചെയ്യുവാൻ പോകുന്നതെന്തെന്നു അദ്ദേഹം അറിഞ്ഞിരുന്നു. ഫിലീപ്പൊസ് അവിടുത്തോടുണർത്തിച്ചു: (ഇവരിൽ) ഓരോരുത്തനും സ്വല്പം വല്ലതും ലഭിക്കണമെങ്കിൽ, ഇരുന്നൂറു ദെനാരി നാണയത്തിനു അപ്പം മതിയാകയില്ല. അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരുത്തനും, സീമോൻപത്രോസിന്റെ സഹോദരനുമായ അന്ത്രയാസ് അദ്ദേഹത്തോടുപറഞ്ഞു: ഇവിടെ ഒരു ബാലകനുണ്ടു, അവന്റെ പക്കൽ യവംകൊണ്ടുണ്ടാക്കിയ അഞ്ചു അപ്പവും, രണ്ടു മത്സ്യവും ഉണ്ടു. എങ്കിലും ഇത്രപേർക്ക അവ എന്തുള്ളൂ?.....നിങ്ങൾ ജനങ്ങളെ പന്തിയായി ഇരുത്തുവിൻ എന്നു യേശു അവരോടു പറഞ്ഞു.....ആകയാൽ ഉദ്ദേശം അയ്യായിരം പുരുഷന്മാർ ഇരുന്നു. അപ്പോൾ യേശു ആ അപ്പം എടുത്തു സ്തോത്രംചെയ്തശേഷം, പന്തിയിൽ ഇരുന്നവർക്കു മീനിച്ചുകൊടുത്തു. അപ്രകാരംതന്നെ മത്സ്യത്തിൽനിന്നും അവർക്കു വേണ്ടിയിരുന്നിടത്തോളം (പങ്കിട്ടുകൊടുത്തു) എന്നാൽ അവർ തൃപ്തരായപ്പോൾ ശേഷിച്ച കഷണങ്ങൾ നഷ്ടപ്പെടാതിരിപ്പാൻ വേണ്ടി ഒന്നിച്ചുകൂട്ടുവിൻ എന്നു അദ്ദേഹം സ്വശിഷ്യന്മാരോടു പറഞ്ഞു. അതുകയാൽ അവർ ഒന്നിച്ചുകൂട്ടി, അഞ്ചു യവഅപ്പങ്ങളിൽനിന്നു ഭക്ഷിച്ചു മിച്ചംവന്ന കഷണങ്ങൾകൊണ്ടു പന്ത്ര

ണ്ടു കൊട്ടനിറയെ അവർ ശേഖരിച്ചു. (യോഹ. 6. 5—16.)

പ്രായോഗികചിന്ത:— യവംകൊണ്ടുള്ള അഞ്ചു് അപ്പവും രണ്ടു മത്സ്യവുംകൊണ്ടു് ഇത്രവളരെ ജനം ക്ഷീച്ചു സംതൃപ്തരായതു് വലിയ അത്ഭുതം തന്നെ. ഈ അത്ഭുതം ദർശിക്കാൻ ഇടയായിരുന്നെങ്കിൽ വലിയ ഭാഗ്യമായിരുന്നെന്നു നിനക്കു തോന്നുമായിരിക്കാം. വിശുദ്ധ അഗസ്റ്റിൻ പറയുന്നു: മണ്ണിൽ വിതക്കുന്ന കുറെ വിത്തുകൾ വർദ്ധിപ്പിച്ചു ലക്ഷോപലക്ഷം പേരെ അങ്ങനെ തീറ്റിപ്പോറ്റുന്നതു കാണുന്നില്ലയൊ?

സ്തോത്രപ്രകരണങ്ങൾ:—ഇവയെല്ലാം കണ്ടു വിസ്മയിക്കുക. ദൈവത്തിന്റെ അനന്തശക്തിയേയും കരുണാതിരേകത്തേയും കുറിച്ചു് അങ്ങയെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— നാം ഭക്ഷിക്കുന്നതിനുമുമ്പു് ആ ഭക്ഷണ സാധനങ്ങളെ നമുക്കു നൽകുന്ന പരമപിതാവിലേക്കു, ഈശോയെ അനുകരിച്ചു നമ്മുടെ നേത്രങ്ങളേയും ഹൃദയത്തേയും ഉയർത്തി അവിടുത്തെ അനുഗ്രഹം പ്രാർത്ഥിക്കുക.....ഭക്ഷണം കഴിഞ്ഞശേഷം ഹൃദയപൂർവ്വം അവിടുത്തേയ്ക്കു സ്തോത്രവും ചെയ്യുക.

മൂന്നാം വകുപ്പു

ഈ അത്ഭുതത്തിന്റെ ഫലങ്ങൾ.

ധ്യാനം:— ഇത്രയധികം ജനങ്ങൾക്കായി ചെയ്യപ്പെട്ട പ്രസ്തുത അത്ഭുതകൃത്യംകൊണ്ടു് ഉത്തമഫലം ഉണ്ടാകുന്നതിനു സമയമതിരാവും വേണ്ടിവന്നില്ല. ഈ അത്ഭുതംകണ്ടപ്പോൾ ലോകത്തിലേക്കുവരുവാനുള്ള ദീർഘദർശിസത്യമായും ഇയ്യാൾതന്നെ (യോഹ. 6. 14.) എന്നു ജനങ്ങൾ ഐകകണ്ഠ്യേന സംസാരിക്കയായി. അവരുടെ വിശ്വാസം ബലപ്പെട്ടുകയും, നമ്മുടെ കർത്താവിന്റെനേരെ അവക്കു് സാക്ഷാത്തായ മോഹവും സ്നേഹവും വർദ്ധിക്കുകയും ചെയ്തു. തന്നിമിത്തം, തന്നെ ബലമായി പിടിച്ചുകൊണ്ടുപോകുന്നതിനും, രാജാവാക്കുന്നതിനും അവർ വരുവാനിരിക്കുന്നു എന്നു് അറിഞ്ഞു് യേശു ഏകാകിയായി മലയിലേക്കു പോയി. (യോഹ. 6. 15.)

പ്രായോഗികചിന്ത:— അത്ഭുതവിധത്തിൽ വർദ്ധിപ്പിക്കപ്പെട്ട അപ്പം പരിശുദ്ധ കുർബാനയുടെ സാദൃശമാകുന്നു എന്നതിനു സന്ദേഹമില്ല. അതുകൊണ്ടു തിരുമന്ദിരത്തിൽ സംസ്ഥിത

നായിരിക്കുന്ന ഈശോയെ സന്ദർശിക്കുമ്പോഴും, അവിടത്തെ ഉൾക്കൊള്ളുമ്പോഴും കേരളായ ഇസ്രായേൽ ജനത്തിനു് ഉണ്ടായ തുപോലെയുള്ള വിശ്വാസം, ഭക്തി, സ്നേഹം, കൃതജ്ഞത ആദിയായവ നമ്മിൽ ഉണ്ടായിരിക്കണമെന്നാണു് അവിടത്തെ ആഗ്രഹം. ഇതിനാൽ ഈ പുണ്യങ്ങളുടെ പ്രകരണങ്ങൾ ചെയ്യുവാൻ ശ്രമിക്കുക.

സംതോഷണം:— വിശുദ്ധ യോഹന്നാൻ ബെർക്കുമാൻസിനോടു സംതോഷണം ചെയ്യുക. നമുക്കാവശ്യമുള്ള ആത്മികനന്മകൾ ലഭിച്ചു തരുവാനായി പ്രാർത്ഥിക്കുക. ഇതരന്മാരിലും ഇഷ്ടമേത്തോടുള്ള ഭക്തി ഉളവാക്കുവാൻ ശ്രമിക്കുക. ഇഷ്ടമേത്തിന്റെ മദ്ധ്യസ്ഥതയാൽ ഇപ്പോഴും പല അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ടു്.

ആഗസ്റ്റ് പതിനാലാം തിയ്യതി

പരിശുദ്ധ ദൈവജനനി സ്വർഗ്ഗത്തിൽ പ്രവേശിച്ചതിന്റെ തലേദിവസം.

പ്രാരംഭം 1. പരിശുദ്ധ ദൈവജനനിയുടെ മരണശയ്യയ്ക്കു ചുറ്റും നിൽക്കുന്ന അപ്പോസ്തോലന്മാരുടെ ഗണത്തിൽ നീയും അത്മനാ സന്നിഹിതനാകുക.

2. പരിശുദ്ധവും ഭാഗ്യസംപൂർണ്ണവുമായ മരണം ലഭിക്കുവാനായി പ്രാർത്ഥിക്കുക.

ദൈവജനനി അത്യുല്പ്രതാപത്തോടുകൂടെ സ്വർഗ്ഗത്തിലേക്കു് എഴുന്നള്ളിപ്പോകുന്നതിനു മുമ്പു സകലത്തിലും തന്റെ ദിവ്യകുമാരനോടനുരൂപം പ്രാപിക്കുവാൻവേണ്ടി മരണത്തിനു കീഴ്പ്പെടണമെന്നായിരുന്നു ദൈവത്തിന്റെ ചിത്തം. അതിനാൽ ഇന്നു് ഈ പരമനായികയുടെ മരണത്തെപ്പറ്റി ധ്യാനിക്കുക. ഈ പരിശുദ്ധമാതാവു് മൃത്യു പ്രാപിച്ചതു് വാസ്തവംതന്നെ; എങ്കിലും രോഗപീഡകളോ, മരണവേദനയോ മറ്റു ക്ലേശസഞ്ചയമോ ഒന്നുംതന്നെ അവിടത്തെ മരണസമയത്തുണ്ടായിട്ടില്ല.

ഒന്നാം വകുപ്പു

എല്ലാം പീഡകളിലുംനിന്നു ഒഴിഞ്ഞതായിരുന്ന പരിശുദ്ധ കന്യകയുടെ മരണം.

ധ്യാനം:— മരണത്തെ സങ്കടകരമാക്കുന്ന കാരണങ്ങൾ മൂന്നുണ്ടെന്നാണു് വി. അല്ഫോൻസു് ലിഗോരിയുടെ അഭിപ്രായം. ലോകവസ്തുക്കളോടുള്ള പ്രതിപത്തിയാണു് അവയിൽ ഒന്നാമത്തേതു്. അഹോ! മരണമെ! ലൗകിക വസ്തുക്കളോടു ഗാഢമായവിധം ബന്ധിക്കപ്പെട്ട ജീവിക്കുന്നവക്കു് നിന്റെ സ്മരണ എത്ര ഭീഷണമാണു്! അവർ അത്യധികം പ്രയാസപ്പെട്ടു സമ്പാദിച്ചവയെല്ലാം, ഒന്നുപോലും ശേഷിക്കാതെ, നിത്യമായി പരിത്യജിക്കേണ്ടി വരുന്ന ആ അവസരത്തിൽ അവക്കുണ്ടാകുന്ന അതിഭയങ്കരമായ വൈഷമ്യവും ദുഃഖവും വിവരിക്കുക സാദ്ധ്യമല്ല. എങ്കിലും അതു് പ്രയോജനരഹിതവും വ്യർത്ഥവുമായ ദുഃഖമാണു്. എന്നാൽ മേൽപ്രസ്താവിച്ചവിധമുള്ള ദുഃഖഹേതുക്കൾ ഒന്നുംതന്നെ നമ്മുടെ സ്വർഗ്ഗീയ മാതാവിന്റെ മരണാവസരത്തിൽ ഉണ്ടായില്ല. ഈ നായിക മൂന്നാംവയസ്സിൽതന്നെ മാതാപിതാക്കന്മാരെയും ബന്ധുമിത്രാദികളെയും എന്നല്ലാ, തന്നെത്തന്നെയും പൂർണ്ണമായി പരിത്യജിച്ചു ദൈവത്തിനു ബലിയായി സ്വയം സമർപ്പിക്കുകയും തന്റെ അഭിലാഷം മുഴുവനും ദൈവത്തെക്കുറിച്ചു മാത്രമാക്കുകയും ചെയ്തു. അതിനാൽ ലോകത്തെ വിട്ടുപിരിയുമ്പോൾ ദുഃഖഹേതുക്കളായവയൊന്നും അവിടുത്തേയ്ക്കുണ്ടാകുവാൻ മാർഗ്ഗമില്ല തന്നെ. ഈ പ്രപഞ്ചത്തെ വിട്ടു് സ്വർഗ്ഗത്തിലേയ്ക്കു് പറന്നു്, തന്റെ സ്നേഹത്തിന്റെ ഏകവിഷയവും, പരമാനന്ദവുമാകുന്ന ഈശോയോടു—തന്റെ ദിവ്യകുമാരനോടു — ഒന്നിച്ചിരിക്കണമെന്നായിരുന്ന ഈ പരിശുദ്ധ അമ്മയുടെ ഏകവും തീവ്രവുമായ ആഗ്രഹം.

പ്രായോഗികചിന്ത:— നീ സന്ന്യാസവ്രതങ്ങളാൽ ലൗകികവും ശാരീരികവുമായ എല്ലാ ആശാപാശങ്ങളിലുംനിന്നു വിമുക്തി പ്രാപിച്ചിരിക്കുന്നു. തൻമൂലം നിനക്കു സന്തോഷപൂർവ്വം ഈ ലോകംവിട്ടു പിരിയാമെന്നു നിസ്സംശയം അഭിമാനിക്കാമല്ലൊ. നീ വിശ്വസ്തതയോടെ സന്ന്യാസാന്തസ്സിൽ വർത്തിക്കുകയും സുസ്ഥിരമായി അതിൽ നിൽക്കുകയും ചെയ്യുന്നപക്ഷം നി

ന്റെ മരണം നിന്റെ സ്വദേശത്തിലേക്കു നീ ചെയ്യുന്ന ആനന്ദപൂർണ്ണവും ആശ്വാസപ്രദായകവുമായ ഒരു പ്രയാണമായിരിക്കും.

സ്നേഹപ്രകരണങ്ങൾ:— നീതിമാന്മാരുടെ മരണം ഞാൻ പ്രാപിക്കട്ടെ.

പ്രതിജ്ഞ:— ഉദാരമനസ്സോടുകൂടെ സകലവും പരിത്യജിച്ചുശേഷം നിസ്സാരവസ്തുക്കളെ പ്രിയപ്പെട്ട നിന്റെ സ്വാതന്ത്ര്യം കൈവെടിയാതിരിക്കുക.

രണ്ടാംവകുപ്പു

പരിശുദ്ധ ദൈവജനനിയുടെ മരണം ക്ലേശാവഹമായിരുന്നില്ല.

ധ്യാനം:— കഴിഞ്ഞ ജീവിതത്തിലെ പാപഭാരത്തിന്റെയും ദൈവനീതിയുടെ കഠിനവിധിയുടെയും സ്മരണയാണു് ഒരുവന്റെ മരണത്തെ ഭയാനകവും ഭീതിജനകവുമാക്കിത്തീർക്കുന്ന രണ്ടാമത്തെ കാരണം. എന്നാൽ സകല സൃഷ്ടികളിൽവച്ചു് ഏറ്റവും പരിശുദ്ധമുള്ളവളായിരിക്കുന്ന നമ്മുടെ പരമനായികയിൽ ഈ വിധ പീഡയ്ക്കു യാതൊരു വഴിയും ഉണ്ടായിരുന്നില്ല. തന്റെ സുദീർഘമായ ആയുഷ്കാലത്തിന്നിടയിൽ പാപമെന്നല്ലാ അതിന്റെ നിഴൽക്രൂടെയും ഒരിക്കലും തന്നെ സമീപിക്കുകപോലും ഉണ്ടായിട്ടില്ല. ഏറ്റവും ഉന്നതവും മഹത്തരവുമായ പുണ്യങ്ങളാൽ അവിടുന്നു സദാ അലംകൃതയുമായിരുന്നു. ഞങ്ങൾ നിന്റെ പ്രവൃത്തികളാണു്, ഇപ്പോൾ നീ തനിയെ പോകുവാൻ ഞങ്ങൾ സമ്മതിക്കുകയില്ല എന്നു പറഞ്ഞുകൊണ്ടു പ്രസ്തുത പുണ്യങ്ങൾ ഈ പരി. നാഥയോടൊരുമിച്ചു അവിടുത്തെ ജയകിരീടത്തെ മഹത്വീകരിക്കുന്നതിന്നായി ദൈവസിംഹാസനത്തിങ്കലേയ്ക്കു ചെല്ലുകയില്ലയോ?

പ്രായോഗികചിന്ത:— നീ ചെയ്തിട്ടുള്ള പാപങ്ങളുടെ അല്പകറപോലും നിന്നിൽ അവശേഷിക്കാതെ അവ മുഴുവനായി നീക്കി വിശുദ്ധി പ്രാപിപ്പാൻ അത്യുത്സാഹത്തോടെ പരിശ്രമിക്കുക. യാതൊരു കുറവും ഉണ്ടാകാതിരിപ്പാൻ സദാ ജാഗരൂകനായിരിക്കുക. ഇങ്ങനെ നീ ചെയ്യുന്നപക്ഷം മനോവ്യഥയും ഭയവുംകൂടാതെ ആശയും ആനന്ദവുംകൊണ്ടു സംപുഷ്ട

നും സമാധാനചിത്തനുമായി മരണത്തെ പ്രതീക്ഷിക്കുവാനുള്ള ഭാഗ്യം നിനക്കു കരഗതമാകും.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, എന്റെ അനീതിയിൽനിന്ന് എന്നെ ഇനിയും കഴുകി ശുദ്ധമാക്കേണമെ.

പ്രതിജ്ഞ:— ഓരോദിവസവും നിനക്കു ചെയ്വാനുള്ള വേലകളും സഹിപ്പാനുള്ള ക്ലേശങ്ങളും നിന്റെ പാപങ്ങൾക്കും കുറവുകൾക്കും പരിഹാരമായും, തപഃക്രിയകളായും ദിവസം പ്രതി കാലത്തു ദൈവത്തിനു സമർപ്പിക്കുക.

മൂന്നാം വകുപ്പു

കന്യകമറിയത്തിന്റെ മരണം ഭീതികരമായിരുന്നില്ല

ധ്യാനം:— "താൻ സ്നേഹത്തിന്നൊ ദ്വേഷത്തിന്നൊ എന്തിന്നാണു് അർഹനായിരിക്കുന്നതെന്നു മനുഷ്യൻ അറിയുന്നില്ല" എന്നാണല്ലൊ വേദോക്തി. ഇവ സ്മരിക്കുമ്പോൾ ഞാൻ ആപാദചൂഡം വിറക്കുകയും ഒരുവിധ മരണവേദനയനുഭവിക്കുകയും ചെയ്യുന്നു. എന്നാണു് വി. ബർണ്ണാർട്ട് പറയുന്നതു്. അതേ, മരിക്കാൻപോകുന്നവനുണ്ടാകുന്ന മൂന്നാമത്തെ പീഡ സ്വർഗ്ഗരാജ്യപ്രാപ്തിയെക്കുറിച്ചുള്ള ഉൽകണ്ഠയായിരിക്കും. എന്നാൽ സ്വർഗ്ഗത്തിൽ തന്റെ തിരുക്കുമാരന്റെ സമീപത്തു തനിക്കു സജ്ജീകരിക്കപ്പെട്ടിരിക്കുന്ന മഹത്പദവിയെപ്പറ്റി സംശയലേശമെന്യേ ദൃഢവിശ്വാസം ആത്മികളഭിഷ്ടാ ദർശിച്ചിരുന്ന ദൈവജനനിക്കു പ്രസ്തുത സമയത്തിനു് അവകാശമുണ്ടായിരുന്നൊ? ഉണ്ടു, ഒരിക്കലുമില്ല. മാത്രമല്ലാ, തന്നെ ലോകത്തിൽ തടഞ്ഞു നിറുത്തിയിരുന്ന ബന്ധനങ്ങൾ പൊട്ടുന്ന ആ സുവർണ്ണാവസരം വരുവാൻ അവിടുന്നു തീവ്രമായി ആഗ്രഹിച്ചുമിരുന്നു.

പ്രായോഗികചിന്ത:— നിന്റെ നിത്യരക്ഷയെക്കുറിച്ചു നിനക്കു നിശ്ചയം നല്കിയിട്ടില്ല എന്നതു യഥാർത്ഥമാണു്. ഇതിനെക്കുറിച്ചു പലപ്പോഴും നിനക്കു വ്യസനവും ഭയവും ഉണ്ടായിട്ടുമുണ്ടു്. എങ്കിലും നിനക്കു് ആശ്വാസവും ധൈര്യവും പ്രാപിക്കാൻതക്ക ന്യായങ്ങളുമുണ്ടു്. എന്റെ നാമത്തെപ്രതി ജീവനും, ധനം, മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ...എന്നിവയെ ഉപേക്ഷിക്കുന്നവനു് നിത്യായുസ്സുണ്ടാകും എന്നു നമ്മുടെ ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്തിട്ടില്ലെ?

ദൈവജനനിയുടെ യഥാർത്ഥ കേതന്മാർ ഒരിക്കലും നശിച്ചുപോകയില്ല എന്നാണ് വിശുദ്ധ പിതാക്കന്മാരുടെ പ്രബോധനം. ആകയാൽ നീ പൂർണ്ണമായ പ്രത്യാശയോടും സന്തോഷത്തോടും കൂടെയിരിക്കുക. നിന്റെ ദിവ്യഅമ്മയെ നീ സ്നേഹിക്കുന്നതിനേക്കാൾ നൂറുമടങ്ങ് അധികം അവിടുന്നു നിന്നെ സ്നേഹിക്കും. ആകയാൽ അവിടുത്തെ നിഷ്പടമായി സ്നേഹിക്കുക. വിശുദ്ധ സ്തനിസ്ലാവൂസ് കൊസ്തക്കയുടെ മരണസമയത്തു ലഭിച്ചതു പോലെയുള്ള സാഹായ്യം നിന്റെ മരണസമയത്തു നിനക്കും സിദ്ധിക്കും. "ഇതാ ദൈവജനനി എഴുന്നള്ളിവന്നിരിക്കുന്നു." എന്നു വിശുദ്ധൻ പറയുകയുണ്ടായി. (*) ആകയാൽ എത്രയും ഭാഗ്യപൂർണ്ണയായ നമ്മുടെ അമ്മയുടെ എല്ലാ തിരുനാളുകളിലും ഈ നാഥയെ പ്രത്യേകവിധം സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. അവിടുത്തെ തിരുനാളിന്റെ തലേദിവസമായ ഇന്നു ശുദ്ധാന്തിപൂർവ്വമായ പ്രാർത്ഥനകൊണ്ടു നിന്നെത്തന്നെ തയ്യാറാക്കുക. ഇപ്രകാരം ചെയ്യുന്നപക്ഷം, പരിശുദ്ധ അമ്മ, താൻ ത്രിലോകരാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ട തിരുനാൾ പ്രതിവത്സരം ഭക്തിപൂർവ്വം കൊണ്ടാടുന്ന തന്റെ വിശ്വസ്തമക്കൾക്കു ലഭിച്ചുകൊടുക്കാറുള്ള നന്മകളിൽ വലിയ ഓഹരി നിനക്കും ലഭിക്കും.

സംഭാഷണം:— വിശുദ്ധ സ്തനിസ്ലാവൂസ് കൊസ്തക്കയോടു സംഭാഷണം ചെയ്യുക.

(*) 18-ാം വയസ്സിൽ ഈശോസഭയിൽ നവസന്ന്യാസിയായിചേർന്ന ഈ വിശുദ്ധൻ തന്റെ അമ്മയെന്നു എപ്പോഴും വിളിച്ചിരുന്ന ദൈവജനനിയുടെ ഈ തിരുനാൾ സ്വർഗ്ഗത്തിൽ ആഘോഷിക്കുന്നതിനുവേണ്ടി ആഗസ്റ്റ് മാസം 14-ാംതിയ്യതിയുടെയും 15-ാംതിയ്യതിയുടെയും മദ്ധ്യേ മരിക്കുന്നതിനുള്ള കൃപ അപേക്ഷിക്കുകയും ഇതു പ്രാപിക്കുകയും ചെയ്തു.

ആഗസ്റ്റ് പതിനഞ്ചാംതിയ്യതി

പരിശുദ്ധ ദൈവജനനിയുടെ സ്വർഗ്ഗപ്രവേശത്തിരുനാൾ

പ്രാരംഭം 1. ദൈവജനനി ദൈവദൂതന്മാരാൽ പരിസേവിതയായി മഹത്വത്തോടുകൂടെ സ്വർഗ്ഗത്തിലേയ്ക്കു എഴുന്നള്ളുന്നതു് അത്മനാ ദർശിക്കുക.

2. ഈ മഹാതിരുനാൾ അതിനു് അനുയോജ്യമായ ഭക്തിതീക്ഷ്ണതയോടുകൂടെ ആഘോഷിക്കുവാൻ ആവശ്യമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പരിശുദ്ധ കന്യകമറിയത്തിന്റെ ഉയിർപ്പു.

ധ്യാനം:— ദൈവജനനിയുടെ മരണം ഉന്നതമായ ദൈവാനുഭങ്ങളോടുകൂടിയതായിരുന്നു. അതുപോലെതന്നെയായിരുന്നു അവിടുത്തെ ഉയിർപ്പും. ഇക്കാര്യത്തെപ്പറ്റി പരമ്പരാഗതമായി തിരുസ്സഭയിലുള്ള അറിവുകളുടെ യാഥാർത്ഥ്യം വിശുദ്ധ ബ്രിജീത്തായ്ക്കുണ്ടായ വെളിപാടുകൾ സ്ഥിരീകരിക്കുന്നുമുണ്ടു്. ഇവയെപ്പറ്റി വിശുദ്ധ ജോൺ ഡമേഷ്യൻ ഇപ്രകാരം പ്രസ്താവിക്കുന്നു: ഈശോയുടെ പരിശുദ്ധജനനി മൃത്യുപ്രാപിക്കുന്ന അവസരത്തിൽ അത്ഭുതവിധം ജെരുസലേമിൽ സമ്മേളിച്ച അപ്പോസ്തോലന്മാർ ഗത്സേമെനിത്തോട്ടത്തിൽ ഒരു പുതിയ കല്ലറയിൽ അവിടുത്തെ തിരുശ്ശരീരം യഥോചിതം സംസ്കരിച്ചു. മൂന്നു ദിവസംവരെ പ്രസ്തുത ശവകുടീരത്തിങ്കൽ ദൈവദൂതന്മാരുടെ മനോഹരമായ സംഗീതം കേൾക്കപ്പെടുകയുണ്ടായി. വിശുദ്ധ തോമസ് ഈ നാഥയുടെ മരണസമയത്തു് വന്നുചേർന്നിട്ടില്ലാഞ്ഞതിനാലും, വന്നശേഷം ഈ മഹാത്മാവിനെ ദൈവജനനിയുടെ തിരുശ്ശരീരം കാണുന്നതിനുണ്ടായ തീവ്രമായ ആശയാലും അപ്പോസ്തോലന്മാർ ആ കല്ലറ തുറന്നു. അപ്പോൾ അതിൽ അവിടുത്തെ തിരുശ്ശരീരം അപ്രത്യക്ഷമായിരുന്നു ശീലകളല്ലാതെ മറ്റൊന്നും കാണാനുണ്ടായിരുന്നില്ല. അതിനാൽ ഈശോ തന്റെ മാതാവിനെ ഉയിർപ്പിച്ചു സ്വർഗ്ഗത്തിലേക്കു ആനയിച്ചു എന്നു് അവർ നിശ്ചയിച്ചു.

1950 നവമ്പർ 1-ാംനു- പരി. പിതാവു 12-ാംപീയുസ് തിരുമനസ്സുകൊണ്ടു ഇതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തു.

"എന്നും കന്യകയും ദൈവത്തിന്റെ അമലോത്ഭവമാതാവുമായ മറിയം, അവളുടെ ഭൌതികജീവിതത്തിന്റെ അന്ത്യത്തിൽ ആത്മാവോടും ശരീരത്തോടുംകൂടെ സ്വർഗ്ഗമഹത്വത്തിലേയ്ക്കു സംവഹിക്കപ്പെട്ട എന്നതു ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമാണെന്നു് നാം വിധിക്കുകയും പ്രഖ്യാപിക്കുകയും അല്ഭുവസാനം ചെയ്കയും ചെയ്യുന്നു." (പരി. പി. ഡിഗ്രി.)

ദൈവജനനി സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടതിലുള്ള സന്തോഷവും കൃതജ്ഞതയും ബഹുമാനവും പ്രദർശിപ്പിക്കുന്നതിനായി തിരുസ്സഭ ഈ തീയ്യതിയിൽ ഒരു തിരുനാളും ആഘോഷിക്കുന്നുണ്ടല്ലൊ. ദൈവജനനി ദൈവഭക്തന്മാരാൽ പരിസേവിതയായി സ്വർഗ്ഗത്തിലേയ്ക്കു് സ്വീകരിക്കപ്പെട്ടുവെന്നു് ഇന്നത്തെ ദിവ്യപൂജയിലും കാനോൻജപത്തിലും ചൊല്ലുന്നു.

പ്രായോഗികചിന്ത:— ഈ മഹാതിരുനാളിൽ നമ്മുടെ പരിശുദ്ധ അമ്മയുടെ മഹത്വപൂർണ്ണമായ ഉയിർപ്പിനെക്കുറിച്ചു നാം സന്തോഷിക്കണം. അപ്രകാരംതന്നെ ദൈവഭക്തരോടും, തിരുസ്സഭയോടും ആത്മനാ യോജിച്ചുകൊണ്ടു് ഈ അമ്മയെ സ്തുതിക്കയും ചെയ്യണം. മാത്രമല്ലാ നമുക്കു ഒരുദിവസം സിദ്ധിപ്പാനിരിക്കുന്ന ഉയിർപ്പിനെക്കുറിച്ചും നാം സന്തോഷിക്കണം. നാം മരിച്ചുടനെ ഉയിർക്കുകയില്ലാ എന്നതു വാസ്തവംതന്നെ. എങ്കിലും ഒരുദിവസം നാമും ഉയിർക്കുമെന്നതു് അനിഷേധ്യമായ സത്യമത്രെ. എന്നാൽ നാം നിരന്തരം പരിശ്രമിക്കുന്നപക്ഷം ആ ഉയിർപ്പു നിത്യഭാഗ്യത്തിനും മഹത്വത്തിനുമായിരിക്കുകയുംചെയ്യും.

സ്നേഹപ്രകരണങ്ങൾ:— നമുക്കു ലഭിക്കാനിരിക്കുന്ന ഉത്ഥാനത്തെക്കുറിച്ചു വിശ്വാസപ്രകരണങ്ങൾ ചെയ്യുക. ശരീരത്തിന്റെ ഉയിർപ്പു് ഞാൻ വിശ്വസിക്കുന്നു.

പ്രതിജ്ഞ:— എന്റെ ശരീരത്തെയും അതിന്റെ പഞ്ചേന്ദ്രിയങ്ങളേയും നിഗ്രഹിക്കുന്നതിനു ഞാൻ ശ്രമിക്കും. ഇതിനു എത്രയധികം അല്ഭുവാനംചെയ്യുമോ അത്രയധികം മഹത്വവും അതിന്റെ ഉയിർപ്പിൽ പ്രാപിക്കും.

രണ്ടാംവകുപ്പു

പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗപ്രവേശം.

ധ്യാനം:—"മരിയ സ്വർഗ്ഗത്തിലേയ്ക്കു എടുക്കപ്പെട്ടിരിക്കുന്നു." ഈ മഹാരഹസ്യത്തെപ്പറ്റി വിശുദ്ധ ബർണ്ണാർദ്ദും വിശുദ്ധ അൻസേൽമും പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്: നിരവധി ദൈവഭൃതന്മാർ സ്വർഗ്ഗത്തിൽനിന്നു അണിനിരന്നു ഇറങ്ങി, കന്യകയും മാതാവുമായ ഈ നാഥയെ ബഹുമാനിച്ചുവണങ്ങിയശേഷം ആകാശമണ്ഡലങ്ങൾവഴിയായി സ്വർഗ്ഗരാജ്യത്തിലേക്കു ബഹുമാനപൂർവ്വം അവിടുത്തെ എതിരേറ്റുകൊണ്ടുപോകുന്നു! അവിടെ ലക്ഷോപലക്ഷം സ്വർഗ്ഗസ്ഥർ ഈ നാഥയ്ക്കു തിരെ വരുകയും അവിടുത്തെ ദിവ്യമായ സൗന്ദര്യപ്രഭയാൽ വിസ്മയരിതരായിത്തീരുകയും ചെയ്യുന്നു!! അല്പാനന്തരമാകുന്ന അരണ്യാന്തരത്തിൽനിന്നു സ്വർഗ്ഗീയമാധുരിയാൽ പരിപൂർണ്ണയായി ആരോഹണം ചെയ്യുന്ന ഇവൾ ആര്? എന്നു അവർ ഗാനം ചെയ്തിരുന്നു. മാത്രമല്ലാ ഇപ്രകാരം മഹത്വപൂർണ്ണതയോടെ അവിടുന്നു് സ്വർഗ്ഗത്തിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ദിവ്യകുമാരൻ തന്നെ സബഹുമാനം സ്വീകരിച്ചു് നിത്യപിതാവിന്റെ സിംഹാസനത്തിങ്കലേക്കു് ആനയിക്കുകയായി. അപ്പോൾ ദൈവഭൃതന്മാരും മറ്റു സ്വർഗ്ഗസ്ഥരും ചുറ്റുംനിന്നുകൊണ്ടു മാവീടിന്റെ പുതിയ സ്ഥിതിയും ബഹുമാനവും മഹത്വവുമുണ്ടായിരിക്കട്ടെ! കർത്താവിന്റെ നാമത്തിൽ ഞങ്ങളുടെ രാജ്ഞിയായി വരുന്നവൾ അഭിഷിക്തപ്പെട്ടവളായിരിക്കട്ടെ എന്നു പാടി അവിടുത്തെ വാഴ്ത്തുകയുംചെയ്തു.

പ്രായോഗികചിന്ത:— മാതാവിന്റെ സന്തോഷവും ബഹുമാനവും മക്കൾക്കും സന്തോഷകരവും ബഹുമാനപ്രദവുമല്ലയോ? അതുകയാൽ നമ്മുടെ വാത്സല്യപൂർണ്ണയായ അമ്മ സ്വർഗ്ഗസൗഭാഗ്യത്തിലേക്കു് എഴുന്നള്ളിയതിന്റെ വാർഷികോത്സവദിനമായ ഇന്നു നാമും വിശുദ്ധമായ സന്തോഷത്താൽ ഉത്തേജിക്കപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ അമ്മ സ്വർഗ്ഗത്തിൽ ഇത്ര വിപുലവും വിശിഷ്ടവുമായ ഔന്നത്യവും മഹത്വവും പ്രാപിച്ചതു, സകലരിലും ഏറ്റവും അധികമായി സ്വയം വിനയപ്പെട്ടതുകയും, വേദസാക്ഷികളുടെ രാജ്ഞി എന്നീ നാമത്തിനു പോലും അർഹയാകുവാൻതക്കവണ്ണം പീഡാനുഭവങ്ങൾക്കു അ

നനിമിഷം തന്നെ സമർപ്പിക്കുകയും ചെയ്തുകൊണ്ടാണ് എന്നീ പരമാത്മാം നാം ഒരിക്കലും വിസ്മരിക്കരുത്.

സ്നേഹപ്രകരണങ്ങൾ:— ആശ്വയ്ത്തോടും ആനന്ദത്തോടും കൂടെ നമ്മുടെ സ്വർഗ്ഗീയമാതാവിനെ സ്തുതിക്കുക. അവിടത്തെ അനുകരിച്ചു എളിമയിലും ആശാനിഗ്രഹത്തിലും അഭിവൃദ്ധി പ്രാപിപ്പാൻ ഹൃദയപൂർവ്വം ആഗ്രഹിക്കുക.

പ്രതിജ്ഞ:— നമുക്കുണ്ടാകുന്ന പീഡാനുഭവങ്ങളിൽ സ്വർഗ്ഗീയസൗഭാഗ്യത്തെ അനുസ്മരിക്കുക.

മൂന്നാംവകുപ്പ്

പരിശുദ്ധ കന്യകമറിയത്തിന്റെ കിരീടധാരണം

ധ്യാനം:— പരിശുദ്ധ കന്യകമറിയം പരലോകത്തിലോകങ്ങൾക്കു രാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ടു. ഇതു മഹത്വപൂർണ്ണമായ ഈ പരമരഹസ്യത്തിന്റെ ഏറ്റവും പ്രമുഖവും പ്രധാനവുമായ ഒരു ഭാഗമാണ്. മംഗളകരമായ ഈ മഹോത്സവത്തെ ആത്മികഉല്ലാസത്തോടെ അനുസ്മരിക്കുക. കന്യകയും മാതാവുമായ മറിയം നിത്യപിതാവിന്റെ സിംഹാസനത്തിന്റെ സമീപത്തു നിൽക്കുന്നു. അവിടുന്നു ഈ നാഥയുടെ ശിരസ്സിൽ കിരീടം അണിയിക്കുന്നു. കൈയിൽ ചെങ്കോൽ കൊടുക്കുന്നു. ദൈവത്വത്തിനും മനുഷ്യർക്കും രാജ്ഞിയായും ദൈവവരങ്ങൾ ഭാഗിച്ചുകൊടുക്കുന്നവളായും, കരുണയുടെ മാതാവായും ഈ നാഥയെ ദൈവം നിശ്ചയിക്കുകയും ചെയ്യുന്നു. മനോജ്ഞമായ ഈ ദർശനത്താൽ സ്വർഗ്ഗവാസികളും ആനന്ദവിവശരായി ഞങ്ങളുടെ "രാജ്ഞിക്കു മംഗളവും സ്തുതിയും മഹത്വവും ഉണ്ടായിരിക്കട്ടെ. ഓ! രാജ്ഞിയെ കരുണയുടെ മാതാവെ സ്വസ്തി! നിന്റെ തിരുമുമ്പാകെ നീയും എന്നും ഞങ്ങളെ തരിക്കുക" എന്നു ഗാനം ചെയ്തു അവരുടെ ഹൃദയസംഗമങ്ങളായ മംഗളാശംസാചരണാധർമ്മം നിർവ്വഹിച്ചു.

പ്രായോഗികചിന്ത:—വിജയവൈജയന്തി പ്രാപിച്ചു ആനന്ദിക്കുന്ന സ്വർഗ്ഗസ്ഥരായ സകലരോടും ആത്മനാ സംയോജിക്കുകയും സ്നേഹശുശ്രൂഷാന്തിയോടുകൂടെ നമ്മുടെ അമ്മയെ സ്തുതിക്കുകയും ചെയ്യുക. അവരുടെ സ്തുതികളെ സ്നേഹതീവ്രതയോടെ ആവർത്തിക്കുക. സ്നേഹത്തിന്റെയും കൃതജ്ഞതയുടേയും സാ

ക്ഷ്യമായി നമ്മെ മുഴുവനും ഈ പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കുക. ദൈവം കഴിഞ്ഞാൽ പിന്നെയുള്ള സകലർക്കുംമേലായി നമ്മുടെ അമ്മ ഉയർത്തപ്പെട്ടതു തന്റെ ദിവ്യകുമാരന്റെ പീഡകളെ ഏറ്റവും ഗാഢമായവിധം അനുകരിക്കുകയും അതിൽ ഓഹരി പ്രാപിക്കുകയും ചെയ്തതുകൊണ്ടാണ്. അകയാൽ നാമും നമ്മുടെ കുരിശുകളെ സംവഹിച്ചുകൊണ്ടു ഈശോയോടുകൂടെ കാൽവരിഗിരിയുടെ ഉച്ചിവരെ അനുയാത്ര ചെയ്യുന്നതിനും അങ്ങയോടുകൂടെ കുരിശിൽ മരിക്കുന്നതിനും സദാ സന്നദ്ധരായിരിക്കണം എന്നിതു നാം ഒരിക്കലും വിസ്മരിച്ചുകളയരുതു്.

സംതോഷിക്കണം:— സൗഭാഗ്യസംപൂർണ്ണയായ നമ്മുടെ അമ്മയോടു സംതോഷിക്കുക. രാജകന്യകയെ എന്നീ ജപം ഓരോ വാക്കുകളുടെ അർത്ഥം ചിന്തിച്ചുകൊണ്ടു ചൊല്ലുക.

ആഗസ്റ്റ് പതിനാറാം തിയ്യതി.

അപ്പം വർദ്ധിപ്പിച്ച ദിവസം രാത്രി അപ്പോസ്തോലന്മാർ അനുഭവിച്ച അരിഷ്ടത.

പ്രാരംഭം 1. അപ്പോസ്തോലന്മാർ ഗലിലേയ കടലിലെ പെശറിൽ അകപ്പെട്ട അതിനെതിരായി പരിശ്രമിക്കുന്നതു ആത്മനാ ഭർശിക്കുക.

2. നിന്റെ ജീവിതക്കാലത്തിൽ ഉണ്ടാകുന്ന എല്ലാവിധ പരീക്ഷകളെയും വിശ്വസ്തതയോടും സ്ഥിരതയോടുംകൂടെ അഭിമുഖീകരിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

അപ്പോസ്തോലന്മാരുടെ അതിയായ ക്ഷീണം

ധ്യാനം:— യേശു അപ്പം വർദ്ധിപ്പിച്ചദിവസം അവിടുന്നും അവിടുത്തെ ശിഷ്യന്മാരും വളരെ അദ്ധ്വാനിക്കുവാൻ ഇടവന്നു. ഉടയംമുതൽ ഏകദേശം അസ്തമനംവരെ ഒരു ക്ഷണം പോലും അവർക്കു് ആശ്വസിപ്പാൻ സാധിച്ചില്ല. എന്നാൽ രാ

ത്രിയെങ്കിലും നിദ്രയ്ക്കോ ആശ്വാസത്തിനോ സമയം കിട്ടിയോ? അതുമില്ല. ഉദ്ദേശം പതിനായിരം ജനങ്ങൾക്കു ക്ഷേണം വിതരണംചെയ്കയും ശേഷിച്ചിരുന്ന കഷ്ണങ്ങൾ വലിയ പ്രയാസത്തോടെ ശേഖരിക്കുകയും ചെയ്കഴിഞ്ഞപ്പോൾ വിശ്വല്യാസുവിശേഷകൻ പറയുന്നതുപോലെ അതാ "ഉടനെ ശിഷ്യന്മാർ പടവിൽകയറി തന്നിക്കുമുമ്പെ അക്കരയ്ക്കു, ബെത്ത്സൈദായിലേക്കു, പോകുവാൻ" യേശു അവരെനിർബന്ധിക്കുന്നു. അങ്ങനെ ഇസ്രായേലിൻെറരാജാവാക്കുവാൻ ജനങ്ങൾക്കുണ്ടായിരുന്ന ഉദ്ദേശത്തിനു ഇവരും വശംവദരാകാതിരിപ്പാൻ വേണ്ടിയായിരുന്ന ഈശോഇപ്രകാരം നിർബന്ധിച്ചതു. ഇങ്ങിനെ അവരെ അയച്ചശേഷം അവിടുന്നു പ്രാർത്ഥിപ്പാനായി ഒരു മലയിലേക്കു പോയി. (മാർക്കോ. 6. 45. 46.) എന്നാൽ ഇതു കുറെ കഠിനമെന്നു അപ്പോസ്തോലന്മാർക്കു തോന്നിയിട്ടുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ തന്നിമിത്തം അവർ ഈശോയെ പിരിയേണ്ടിവന്നു, മാത്രമല്ലാ രാത്രിപോലും ആശ്വാസം ലഭിക്കാതെ വളരെ ക്ലേശാവഹമായ ഒരു യാത്രകൂടി ചെയ്യേണ്ടതായുംവന്നു.

പ്രായോഗികചിന്ത:— ദൈവം നമ്മെ വിളിച്ചിരിക്കുന്ന ജീവിതാന്തസ്സിൽ നിരവധി ജോലികളും നിരന്തരമായ ബുദ്ധിമുട്ടുകളും ഉണ്ടെന്നു എല്ലാവർക്കും അറിവുണ്ടു. ഇവ ക്രമീകരിക്കുന്നതിനു ജ്ഞാനത്തോടും വിവേകത്തോടുംകൂടിയ നിയമങ്ങളും ഉണ്ടെന്നുള്ളതും യഥാർത്ഥംതന്നെ. ഇങ്ങിനെയൊക്കെയാണെങ്കിലും ഓരോ കാരണങ്ങൾനിമിത്തം ചിലപ്പോഴൊക്കെയും പകൽ മുഴുവനും കഷ്ടപ്പെട്ട വേല ചെയ്യേണ്ടിവരുന്നതുകൂടാതെ, രാത്രിയും ആശ്വാസരഹിതരായിത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നേക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മന്ദഭാഗ്യനായ സന്യാസി പിറുപിറുക്കുകയും കാണുന്നവരോടെക്കെ ആവലാതി പറയുകയും ചെയ്യുമാറുള്ളതു സാധാരണമാണു. എന്നാൽ ഭാഗ്യതീക്ഷ്ണതയുള്ള സന്യാസിയുടെ വർത്തനം ഇതിൽ നിന്നു എത്രയോ വ്യത്യസ്തമാണു! തൻെറ ധർമ്മകൃത്യങ്ങളാണു താൻ അനുഷ്ഠിക്കുന്നതെന്നു അയാൾ അറിയുന്നു. വിശ്വല്യാന്മാരുടെ പ്രവൃത്തികളോടു തുലനം ചെയ്യുന്നതായാൽ താൻ ചെയ്യുന്നവ എത്രയോ നിസ്സാരങ്ങളെന്നും, ലൌകികലാഭത്തിനും ബഹുമതിക്കും വേണ്ടി മനുഷ്യർ എത്രയധികം കഷ്ടപ്പെടുന്നുവെന്നും അയാൾ ഓർക്കുന്നു. ഒരു വേലകൊണ്ടുണ്ടായ ക്ഷീണം തീർ

ക്കുന്നതിന്നായി അയാൾ മറെറാരു വേല ആരംഭിക്കുകയാണു് ചെയ്യുന്നതു്. അവസരോചിതമായ ഒരു വേല ചെയ്യുശേഷമുള്ള ക്ഷീണം തന്നെ മറെറാരു വേല ആരംഭിക്കുന്നതിന്നു അയാൾക്കു പ്രേരകമായിരിക്കുന്നു. മേല്പറഞ്ഞവരിൽ ആരോടാണു് നീ സാമ്യം വഹിക്കുന്നതു്?

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, ഇനിയും അധികം അദ്ധ്വാനം തന്നരുളുക. വിശുദ്ധ ഫ്രാൻസീസ് സേവ്യറി നേപ്പോലേ ഈ ഉദ്ദേശമായ പ്രാർത്ഥന ആവർത്തിക്കാൻതക്ക ഉദാരഹൃദയം നിനക്കു തന്നരുളേണമെന്നു അപേക്ഷിക്കുക.

പ്രതിജ്ഞ:— വിശുദ്ധ അഗസ്റ്റിൻ പറയുന്നു: അദ്ധ്വാനം കൊണ്ടുമയം തോന്നുമ്പോൾ സമ്മാനത്തെ ഓർത്തു ധൈര്യം പ്രാപിക്കുക. പ്രസ്തുത വചനങ്ങളെ അനുസ്മരിച്ചു അരിഷ്ടതാസമയങ്ങളിൽ ഉണ്ടാകുന്ന പ്രയാസങ്ങളെ ജയിക്കുവാൻ ഉത്സാഹിക്കുക.

രണ്ടാംവകുപ്പു

അപ്പോസ്തോലന്മാർ രാത്രിമുഴുവനും പെരുനെതിരായി കഷ്ടപ്പെട്ടതു.

ധ്യാനം:— ഈശോയുടെ പ്രസിദ്ധമായ കല്പന പ്രമാണിച്ചു് അപ്പോസ്തോലന്മാർ പടവിൽ യാത്ര ചെയ്യുകയിൽ കാറ്റു അവർക്കു പ്രതികൂലമായി വീശിത്തുടങ്ങി. ദിവ്യഗുരുനാഥൻ നിശ്ചയിച്ചിരുന്ന ബെത്ത്സൈദായിലെ തുറമുഖത്തു ചെന്നെത്തുന്നതിന്നു് അവർ എത്രയധികം ശ്രമിച്ചിട്ടും സാധിച്ചിരുന്നില്ല. ഇങ്ങനെ അർദ്ധരാത്രി കഴിയുന്നതുവരെ അവർ അശ്രാന്തം പരിശ്രമിച്ചിട്ടും ഒന്നും സാധിച്ചില്ലെന്നുമാത്രമല്ല, വലിയ കൊടുങ്കാറ്റടിച്ചു പടവു് അങ്ങുമിങ്ങും കൊണ്ടുപോകപ്പെട്ടുമിരുന്നു. അവർ പടവു് തുഴഞ്ഞുവലയുന്നതു് അവിടുന്നു കണ്ടു, അവരെ സഹായിപ്പാനായി ഏകദേശം രാത്രിയുടെ നാലാം യാമത്തിൽ കടലിന്മേൽ നടന്നു് അവരുടെ പക്കൽ ചെല്ലുവാൻ തിരുമനസ്സായി. (മാർക്ക 7. 18) എങ്കിലും അത്ഭുത കൃത്യം നടത്തി തൽക്ഷണം തന്നെ പെരുമാറ്റം ശമിപ്പിച്ചില്ല. വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസ് പറയുന്നു: അവരെ പ്രയാസത്തിലും വിഷമതകളിലും പരിചയിപ്പിക്കുന്നതിന്നും, വിശ്വാസം, വിനയം,

പ്രത്യാശ അറിയായവയിൽ അവരെ സ്ഥിരപ്പെടുത്തുന്നതിനും അരിഷ്ടതകളിൽ ലഭിക്കുന്ന ദൈവസഹായത്തെ കൂടുതൽ വില മതിക്കാൻ അവർ പഠിക്കുന്നതിനും വേണ്ടിയായിരുന്നു ഉടൻ തന്നെ പെരുമാറ്റം ശമിപ്പിക്കാഞ്ഞതു്.

പ്രായോഗികചിന്ത:—ഏതാട്ടശങ്കളായ ഉദ്ദേശ്യങ്ങളാൽ തന്നെ ദൈവം നമ്മേയും മേൽപ്രസ്താവിച്ച വിധം നയിക്കാറുണ്ടു്. നമ്മുടെ അന്തസ്സിന്റെ കടമകളും, അനുസരണത്താൽ നാം സ്വീകരിച്ചിരിക്കുന്ന ഉദ്യോഗങ്ങളും ഉദ്ദേശ്യശുദ്ധിയോടുകൂടെ നാം ആരംഭിച്ച കാര്യങ്ങളും ശരിയായി ചെയ്തു മുഴുമിപ്പിക്കുന്നതിനു നാം എത്ര പ്രയത്നിച്ചിട്ടും സാധിക്കാതിരിക്കയോ, നമ്മുടെ പ്രയത്നത്തിനനുസരണമായ ഫലം കാണാതിരിക്കയോ ചെയ്യുന്നു; അങ്ങിനെതന്നെ മാനസിക പീഡകളും, ഏറ്റവും കഠിനതരങ്ങളായ പ്രലോഭനങ്ങളും നീങ്ങുന്നതിനു എന്തെല്ലാം പോംവഴികളും പ്രയോഗിച്ചിട്ടും, എത്രയധികം പ്രാർത്ഥിച്ചിട്ടും ഒരു ഫലവുമില്ലാത്തതുപോലെ കാണുന്നു; എന്നുവന്നാൽ അതാണു ദൈവതിരുമനസ്സ് എന്നു നാം കരുതണം. ഇങ്ങനെയുള്ള അവസരങ്ങളിൽ ദൈവം നമ്മെ ഉപേക്ഷിച്ചതുപോലെ വിചാരിച്ചു ധൈര്യവും മനോവിശ്വാസവും കൈവെടിയാതിരിപ്പാൻ പ്രത്യേകാൽ സൂക്ഷിക്കണം. ക്രൂശതെ, ദൈവം അവിടത്തെ പ്രസാദവരത്താൽ എപ്പോഴും നമ്മെ സഹായിക്കുന്നുണ്ടു് എന്നും വിശ്വസിക്കണം. നമ്മുടെ ജോലികളും കായ്യാലികളും നാം വിചാരിക്കുന്നതുപോലെയുള്ള പൂർണ്ണതയോടെ നിർവ്വഹിപ്പാൻ കഴിയാതിരുന്നാലും അതിനു വിശ്വസ്തതയോടെ—നമുക്കു സാധിക്കുന്നതു—പരിശ്രമിച്ചാൽ മതി. ഇതു മാത്രമെ ദൈവം നമ്മിൽ നിന്നാവശ്യപ്പെടുന്നുള്ളു. വിശിഷ്യ, ചിലപ്പോഴൊക്കയും നാം പരീക്ഷിക്കപ്പെടുന്നതിനു ദൈവം അനുവദിച്ചാലും അവിടുന്നു നമ്മെ അതിൽ നിത്യകാലത്തേക്കു് ഉപേക്ഷിച്ചുകളകയില്ല. അവിടുന്നു നിശ്ചയിച്ചിരിക്കുന്ന കാലം സമാഗതമാകുമ്പോൾ അവിടത്തെ സാന്നിദ്ധ്യത്തിന്റെ സമാധാനവും ആനന്ദവും നമുക്കു പ്രത്യക്ഷപ്പെടും എന്നിതും നാം അനുസ്മരിക്കേണ്ടതുണ്ടു്. ഇവയെല്ലാം ഗാഢമായി ചിന്തിച്ചു് നിന്റെ വിചാരത്തിലും പ്രവൃത്തികളിലും തിരുത്തേണ്ടവ എന്തെല്ലാമെന്നു പരിശോധിക്കുക. തദനുസരണമുള്ള പ്രതിജ്ഞചെയ്യുക.

സംതോഷണം:— നമ്മുടെ ഗുരുവും പരിപാലകനുമായ ഈ ശോയോട്ട സംതോഷിക്കുക. നിന്റെ പ്രതിജ്ഞകളെ അവിട്ടത്തേയ്ക്ക് സമർപ്പിച്ച് അവ ഉത്സാഹപൂർവ്വം നിവർത്തിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പതിനേഴാം തിയ്യതി

കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ച.

പ്രാരംഭം. 1. വിശുദ്ധ പത്രോസ് കടലിൽ വെള്ളത്തിന്റെ ഉപരിതലത്തിൽ നടന്ന് ഈശോയെ സമീപിക്കുന്നതു് ആത്മനാ ദർശിക്കുക.

2. ഈശോയെക്കുറിച്ചുള്ള അറിവിലും അവിട്ടത്തോടുള്ള സ്നേഹത്തിലും അഭിവൃദ്ധിപ്രാപിപ്പാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ വെള്ളത്തിന്മേൽ നടന്നു അപ്പോസ്തോലന്മാരുടെ പടവിനെതിരെ ചെല്ലുന്നു.

ധ്യാനം:— അപ്പോസ്തോലന്മാരെ സഹായിക്കുന്നതിനു് ഈശോ നിശ്ചയിച്ചിരുന്ന സമയം വന്നു. ഉടനെ, അതായതു് രാത്രിയുടെ നാലാംയാമത്തിൽ—പ്രാതത്തിൽ—സുവിശേഷകൻ പറയുന്നതുപോലെ "ഏശു കടലിന്മേൽ നടന്നു അവരുടെ നേരെ ചെന്നു" (മാർക്കോ. 6. 48.) അവിടുന്നു കടലിന്മേൽ നടക്കുന്നതുകണ്ടു് അവർ പരിഭ്രമിച്ചു, അതു് ഒരു ഭൂതമാകുന്നു എന്നുപറഞ്ഞു ഭയപ്പെട്ടു നിലവിളിച്ചു. (മത്തേ. 14. 26.)

പ്രായോഗികചിന്ത:— അപ്പോസ്തോലന്മാർ ഈശോയെ ഭൂതമെന്നു വിചാരിച്ചതു് അവരുടെ സംശയത്തിൽ നിന്നുണ്ടായ വഞ്ചനയാലാണു്. എന്നാൽ നമ്മിലുള്ള ആത്മികാന്ധത അതുപോലെയുള്ള വഞ്ചന കാണിക്കാതിരുന്നാലും ഒരു വിധം പറഞ്ഞാൽ അതിനെക്കാൾ ആക്ഷേപാർഹമായ വഞ്ചന കാണിക്കുന്നില്ലെ? നമ്മുടെ ആത്മീകോപകാരത്തിന്നായി സിദ്ധിക്കുന്നതായ പ്രകാശനങ്ങളും അവിട്ടത്തെ നിവേശനങ്ങളും രക്ഷാകരമായ

ഭയം മുതലായവ വ്യർത്ഥവിചാരം മിഥ്യാരൂപങ്ങൾ എന്നിങ്ങനെയും, വാസ്തവത്തിൽ മിഥ്യാരൂപങ്ങളും അഹങ്കാരജനിതങ്ങളുമായ കായ്ങ്ങളെ ദൈവനിവേശനങ്ങളായും നാം കരുതാറില്ലയോ? ഇതു ഈശോയെ ഭൂതമായും ഭൂതത്തെ ഈശോയായും വിചാരിക്കുന്നതിനു് സദൃശമാണു്. ഇതും ആശാപാശങ്ങളിൽനിന്നുത്ഭവിക്കുന്നതാകയാൽ കുറ്റകരംതന്നെ.

സ്നേഹപ്രകരണങ്ങൾ:— സ്വർഗ്ഗാരൂപിയുടെയും നരകാരൂപിയുടേയും വിരുദ്ധസ്വഭാവങ്ങളായ പ്രേരണകളെ വിവേചിച്ചറിവാൻ അവശ്യമായവരം പ്രാർത്ഥിക്കുക. പ്രകാശരൂപനായ ദൈവദൂതന്റെ ഭാവം ക്രൂരതയും കാണിക്കുന്ന പിശാചിന്റെ വഞ്ചനാമോഹങ്ങളിലും വഞ്ചനയിലും അകപ്പെടാതിരിക്കുന്നതിനും, ദൈവദൂതനെ പിശാചെന്നു കരുതി തള്ളിക്കാതിരിക്കുന്നതിനും ഇതു വളരെ ഉപകാരപ്രദമായിരിക്കും.

പ്രതിജ്ഞ:— ആത്മിക നിയന്താവിനു് നിന്റെ ഹൃദയം തുറന്നു കാണിക്കുകയും നല്ല മനസ്സോട്ടുകൂടെ അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക.

രണ്ടാം വകുപ്പു്

ഈശോ അപ്പോസ്തോലന്മാരുടെ ഭയം നീക്കി അവരെ സമാശ്വസിപ്പിക്കുന്നു.

ധ്യാനം:— അപ്പോസ്തോലന്മാർ ദൂരത്തു കണ്ട മനുഷ്യരൂപം ഒരു ഭൂതംപോലെ വെള്ളത്തിൽ നടക്കുകയും, അവരുടെ നേരെ അടുത്തു വരികയും ചെയ്യുന്നതു കണ്ടു. ഈ കാഴ്ചയാൽ അവർ ഭയപ്പെട്ടു് അതു് ഒരു ഭൂതമാകുന്നു എന്നു കരുതി നിലവിളിച്ചിരുന്നു. ഉടനെ യേശു അവരോടു സംസാരിച്ചു; നിങ്ങൾ ധൈര്യപ്പെടുവിൻ ഞാൻതന്നെയാകുന്നു, ഭയപ്പെടേണ്ട എന്നരുളിച്ചെയ്തു. (മത്തേ. 14. 27.)

പ്രായോഗികചിന്ത.— അപ്പോസ്തോലന്മാർ കടലിൽ അപത്തിൽ അകപ്പെട്ടുന്നതിനു കാരണം ഈശോയുടെ കല്പനാനുസരണം അവർ ചെയ്ത യാത്രയാണു്. തന്നിമിത്തം അവിടുത്തെ സാഹായ്യം ലഭിക്കുമെന്നു പ്രതീക്ഷിപ്പാൻ അവർക്കു ന്യായമുണ്ടായിരുന്നു, അപ്രകാരം തന്നെ ഈ സഹായം ഉണ്ടാകുകയും ചെയ്തു. അനുസരണം വഴിയായി നാം ഭരമേൽക്കുന്ന ആത്മിക

വും ശാരീരികവുമായ ജോലികളിൽ അനേകം അപത്തുകളും പ്രലോഭനങ്ങളും നമുക്കു വന്നേക്കാമെങ്കിലും വിശേഷമായ ദൈവസഹായം കൂടെ ഉണ്ടാകുമെന്നു സുസ്ഥിരമായി നമുക്കു പ്രത്യാശിക്കാവുന്നതാണു്. ഇതാണു നാം ഇതിൽ നിന്നു ഗ്രഹിസ്ഥമാക്കേണ്ട പാഠം. ഈ സത്യം എത്രയധികം ധൈര്യം നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്.

സ്നേഹപ്രകരണങ്ങളേ:— നിനക്കുണ്ടാകുന്ന അപത്തുകളിലും അനർത്ഥങ്ങളിലും "ഞാനാകുന്നു, ഭയപ്പെടേണ്ട" എന്നീ അമൃതോപമമായ വചനങ്ങളെ നിന്നോടരുളുവാൻ വിനയപൂർവ്വം ഈശോയോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അനുസരണത്താൽ നാം കൈയേല്ക്കുന്ന ജോലികളിൽ നമുക്കു മോശം വരുമെന്നു ഭയപ്പെടാതെ അവ സ്വീകരിച്ചുകൊള്ളുക.

മൂന്നാം വകുപ്പ്

വിശുദ്ധ പത്രോസ് വെള്ളത്തിന്മേൽ ഉപരിതലത്തിൽ നടന്നു ഈശോയുടെ പക്കൽ ചെല്ലുന്നതിനു് അവിടുന്നു അനുവദിക്കുന്നു.

ധ്യാനം:— വിശുദ്ധ പത്രോസ് തന്റെ ദിവ്യഗുരുവിന്റെ ശബ്ദംകേട്ട ക്ഷണത്തിൽ സ്വയം വിസ്മരിച്ചുവിധം അവിടത്തോടു: കർത്താവേ, അങ്ങുതന്നെയാണെങ്കിൽവെള്ളത്തിന്മേലേക്കൂടി അങ്ങയുടെ അടുക്കൽ വരുവാൻ എന്നോടു കല്പിക്കുക എന്നു പറഞ്ഞു. വരിക, എന്നു് അവിടുന്നു അരുളിച്ചെയ്തു. അപ്പോൾ പത്രോസ് പടവിൽ നിന്നിറങ്ങി യേശുവിന്റെ അടുക്കൽ ചെല്ലുവാനായി വെള്ളത്തിന്മീതെ നടന്നു. എന്നാൽ കാറ്റു ശക്തിമത്താണെന്നു കണ്ടു് അയാൾ ഭയപ്പെട്ടു. മുങ്ങിത്തുടങ്ങുകയിൽ, കർത്താവേ, എന്നെ രക്ഷിക്കുകയെന്നു പറഞ്ഞു നിലവിളിച്ചു. ഉടനെ യേശു കൈനീട്ടി അയാളെ പിടിച്ചിട്ടു്, അല്പവിശ്വാസീ നീ സംശയിച്ചതെന്തിന്നു? എന്നു് അയാളോടു ചോദിച്ചു. അവർ പടവിൽ കയറിയപ്പോൾ കാറ്റു ശമിച്ചു. അപ്പോൾ പടവിലുണ്ടായിരുന്നവർ വന്നു അങ്ങു സത്യമായും ദൈവപുത്രനാകുന്നു എന്നു പറഞ്ഞു. അവിടത്തെ നമസ്ക്കരിച്ചു. (മത്തേ. 14. 26—33.)

പ്രായോഗികചിന്ത:— സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഈ സംഭവം വായിക്കുമ്പോൾ, സുകൃതവ്യാപാരത്തെയും സദുപദേശത്തെയും സംബന്ധിച്ച എത്ര ഉൽകൃഷ്ട ചിന്തകളാണ് നമ്മിൽ ജനിക്കുന്നതു്! ദിവ്യകത്താവിന്റെ നേരെ വി. പത്രോസിനുള്ള തീക്ഷ്ണമായ സ്നേഹം, ശീഘ്രത്തിൽ അവിടത്തെ സമീപിക്കുന്നതിനു് അയാൾക്കുള്ള തീവ്രമായ ആഗ്രഹം, വിശ്വാസം, പ്രസ്തുത വിശ്വാസത്തിന്റെ ഫലമായി നടന്ന അത്ഭുതകൃത്യം ആദിയായവ അനുസ്മരിക്കുക. അയാളുടെ അചഞ്ചലവും സുസ്ഥിരവുമായ വിശ്വാസം, അല്പമായ കാറ്റും തിരകളും ഉണ്ടായ ഉടനെ മാറിപ്പോയതും ചിന്തിക്കുക. അന്യത്ര ഈശോയുടെ അനുകമ്പയും നന്മയാധിക്യവുംകൂടെ ദർശിക്കുക. വിശുദ്ധ പത്രോസിനെ പ്രഥമതഃ കൈ നീട്ടി പിടിക്കുന്നു. പിന്നെ അയാളെ ശകാരിക്കുന്നതിനു തുനിയാതെ ധൈര്യപ്പെടുത്തുവാനായി ഇങ്ങനെ പറയുന്നു: അല്പവിശ്വാസീ, നീ സംശയിച്ചതെന്തിനു്? ആകയാൽ നിന്റെ വിശ്വാസത്തിന്റെ സ്ഥിരത എങ്ങിനെയെന്നു് പരിശോധിക്കുക.

സംതോഷണം:— നമ്മുടെ ദിവ്യരക്ഷകനോടു സംതോഷണം ചെയ്യുക. അപ്പോസ്തോലന്മാരോടുകൂടെ അവിടത്തെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു് അവിടത്തെ ആരാധിക്കുക. വിശ്വാസത്തിലും സ്നേഹത്തിലും അഭിവൃദ്ധി പ്രാപിപ്പാൻ ആവശ്യമായ അനുഗ്രഹം പ്രാർത്ഥിക്കുക.

പതിനെട്ടാംതിയ്യതി

ജെനേസരേത്തു ദേശീയരുടെ വിശ്വാസവും അവർക്കുലഭിച്ച അത്ഭുതാവഹങ്ങളായ സ്വാസ്ഥതകളും.

പ്രാരംഭം 1. തന്റെ വസ്ത്രത്തിന്റെ വിളുമ്പെങ്കിലും സ്പർശിക്കുന്നതിനു പരിശ്രമിക്കുന്ന രോഗികളുടെ മദ്ധ്യേ ഈശോ നിൽക്കുന്നതു് ആത്മനാ ദർശിക്കുക.

2. അവരുടെവിശ്വാസത്തെ ഏറ്റവും കാത്തുസൂക്ഷിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ജനേസരേത്തു് ദേശവാസികളുടെ വിശ്വാസചൈതന്യവും അവരുടെ ഭക്തിതീക്ഷ്ണതയും.

ധ്യാനം:— ഈശോയും അവിടത്തെ അപ്പോസ്തോലന്മാരും കയറിയിരുന്ന പടവു പ്രദേശത്തിൽ ജനേസർ, അഥവാ ജനേസരേത്തു എന്ന കരയിൽ ചെന്നു ചേർന്നു. മുകളിൽ പ്രസ്താവിച്ചതുപോലെ തലേദിവസം അപ്പം വർദ്ധിപ്പിച്ച അത്ഭുതകൃത്യം കണ്ടവരിൽ പലരും കടൽകടന്നു ഈ ദേശത്തു ചെന്നിരുന്നു. അതിനാൽ ആ അത്ഭുതകൃത്യത്തിന്റെ ശ്രുതി സർവ്വത്ര പരന്നു കഴിഞ്ഞു. അതുകയാൽ, നിഷ്കപടരും സത്യശീലരുമായിരുന്ന ആ ദേശവാസികളും, ഈശോ അവരുടെ ദേശത്തിൽ വന്നിട്ടുണ്ടെന്നു് അറിയുകയാൽ സജീവ വിശ്വാസത്തോടുകൂടി നാനാഭാഗങ്ങളിൽനിന്നും അവിടത്തെ പക്കൽ ചെന്നുചേർന്നു. വിശുദ്ധ മത്തേവുസ് എഴുതിയിരിക്കുന്നതുപോലെ, അവിടുന്നു മഹാ ദീർഘദർശിയും ദൈവത്താൽ അയക്കപ്പെട്ട മെസ്സിയാസുമാകുന്നെന്നു അവർ അറിഞ്ഞു് അനുസരിക്കയായി. സകലരുടെ ഹൃദയങ്ങളും അവിടത്തെ പക്കലേക്കു ആകർഷിക്കപ്പെട്ടു. തന്നിമിത്തം ഈശോ തന്റെ മക്കളുടെ ഇടയിൽ എന്നപോലെ അവരുടെ മദ്ധ്യേ സഞ്ചരിച്ചു.

പ്രായോഗികചിന്ത:— നമ്മുടെ വിശ്വാസം കുറെക്കൂടെ തീക്ഷ്ണതയുള്ളതായിരുന്നെങ്കിൽ നാം ആദ്ധ്യാത്മിക ചൈതന്യത്താൽ എന്തെല്ലാം പ്രവൃത്തികളിൽ വ്യാപൃതരായേനെ. ഈശോ പരോക്ഷമായി നിവസിക്കുന്ന ദേവാലയത്തിൽ നാം പ്രവേശിക്കുമ്പോഴും, വൈദികൻ ക്രമാശ്രവചനങ്ങളും ഉച്ചരിച്ചു അവിടുന്നു സപ്രത്തിൽനിന്നു ബലിപീഠത്തിന്മേൽ എഴുന്നള്ളുമ്പോഴും, നമ്മെ അനുഗ്രഹിക്കുന്നതിന്നായി തിരുമന്ദിരത്തിന്നു പുറത്തു പ്രത്യക്ഷനാകുമ്പോഴും, അനന്തസ്നേഹത്താൽ ഉജ്ജ്വലിക്കുന്ന അവിടത്തെ തിരുഹൃദയത്തിൽനിന്നു പുറപ്പെടുന്ന വചനങ്ങളും—"അദ്ധ്വാനിച്ചും ഭാരം വഹിച്ചുമിരിക്കുന്ന നിങ്ങളും എല്ലാവരും എന്റെ പക്കൽ വരുവിൻ; ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം" എന്നരുളുന്ന വചനങ്ങളും—സ്മരിക്കുമ്പോഴും

നമ്മുടെ ഹൃദയം സ്നേഹതീക്ഷ്ണതയാൽ ജ്വലിച്ചു് അവിടത്തെ സന്നിധിയിലേക്കു പറന്നെത്തുമായിരുന്നു.

സ്നേഹപ്രകരണങ്ങൾ:— ഇത്ര അത്യന്തതനായ ദൈവവും ഇത്ര ശക്തനായ രക്ഷകനും, ഇത്ര കരുണയുള്ള ഉപകാരിയുമായ ക്രീസ്തുനാഥനിൽവിശ്വാസവും, അറിവും, ആരാധനയും, പുനർജ്ജീവിപ്പിക്കുക.

പ്രതിജ്ഞ:— ദേവാലയത്തിൽ ഈശോയുടെ സന്നിധിയിൽ പ്രവേശിക്കുമ്പോൾ ബോധനിയന്ത്രണത്തോടിരിക്കുക. അവിടെ പ്രവേശിച്ചശേഷം ഈശോ അവിടത്തെ തൃക്കരങ്ങളെ നീട്ടി നമ്മെ അങ്ങയുടെ പക്കലേക്കു വിളിക്കുന്നതു വിശ്വാസ ദൃഷ്ട്യാ ദർശിക്കുക.

രണ്ടാംവകുപ്പു

ജെനേസരേയരുടെ വിശ്വാസം തീക്ഷ്ണതരവും പരസ്നേഹപരവുമായിരുന്നു.

ധ്യാനം:— വിശ്വാസം ഉപവിവഴിയായി പ്രവർത്തിക്കുന്നു എന്നു വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു. (ഗലാ. 5. 6.) ജെനേസരേയരിൽ അധികം ഈശോയെ അറിവാനും രക്ഷകനായി അവിടത്തെ അംഗീകരിപ്പാനും ഭാഗ്യം ലഭിച്ചവരാൽ ഇതു് ദൃഷ്ടാന്തീകരിക്കപ്പെട്ടു. അവർ തങ്ങൾക്കു ലഭിച്ച സൗഭാഗ്യം മറ്റുള്ളവർക്കും ലഭിക്കുന്നതിനു ആഗ്രഹിക്കയായി. ഈശോ അവരുടെ മദ്ധ്യേ വന്നിരിക്കുന്നുവെന്നു വിവരം നാടുമുഴുവനും പ്രചരിപ്പിക്കുകയും പരിതസ്ഥിതികളായ ഗ്രാമങ്ങളിൽനിന്നു നടന്നു വരുവാൻ വഹിയാത്ത രോഗികളെ കട്ടിലിൽഎടുത്തെങ്കിലും അവിടത്തെപ്പക്കൽ കൊണ്ടുവരുന്നതിനു ശ്രമിക്കുകയും ചെയ്തു.

പ്രായോഗികചിന്ത:— രോഗികളുടെനേരെ പ്രദർശിപ്പിച്ച ഈടുശമായ ഉപവി വളരെ സ്തുത്യർഹവും കരുണാനിധിയായ നമ്മുടെ കർത്താവിനു വളരെ ഇഷ്ടകരവുമായ ഒന്നായിരുന്നു. നമ്മുടെ സഹോദരന്മാരുടെ നിത്യരക്ഷയെപ്പറ്റി ഇപ്രകാരമുള്ള ശുഷ്കാന്തി സമൃദ്ധമായിരുന്നെങ്കിൽ നിശ്ചയമായും നമ്മുടെ ജീവിതം ദൈവസന്നിധിയിൽ കൂടുതൽ യോഗ്യതാപരമായിത്തീരുമായിരുന്നു. പലപ്പോഴും നമുക്കു ലഭിക്കുന്ന അവസരങ്ങ

ളിൽ നാം ഇതരന്മാരുടെ ആത്മികകാര്യങ്ങളെക്കുറിച്ചു ചിന്തിപ്പാനും അവരുടെ ആത്മികരോഗങ്ങളെ മനസ്സിലാക്കിക്കൊടുപ്പാനും പ്രസ്തുതരോഗത്തിൽനിന്നു പരിപൂർണ്ണമായി അവരെ വിമോചിക്കുന്ന വൈദ്യസത്തമന്റെ അടുക്കൽ ചെല്ലുന്നതിനു് അവരെ സമ്മതിപ്പിക്കുവാനും ശ്രമിച്ചേനെ. ഇതുതന്നെയാണല്ലൊ മറ്റുള്ളവരുടെ നേരെയഥാർത്ഥസ്നേഹമുള്ളവരുടെ പ്രവൃത്തി. തന്നിമിത്തം നമുക്കു കരഗതമാകുന്ന പ്രതിസമ്മാനം ഒട്ടും നിസ്സാരവുമായിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:— ഇതരന്മാരുടെ ആത്മികകാര്യങ്ങളിൽ നാം ഇത്ര ബുദ്ധിശൂന്യരായി പ്രവർത്തിക്കുന്നതിനെക്കുറിച്ചു് ദൈവസന്നിധിയിൽ നമ്മെ താഴ്ത്തുക. വിശ്വാസം, ഉപവി, ആത്മരക്ഷയെപ്പറ്റിയുള്ള ശുഷ്കാന്തി എന്നിവയിൽ വലിയ അഭിവൃദ്ധി പ്രാപിപ്പാൻ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— മറ്റുള്ളവക്കു പ്രയോജനപ്രങ്ങളായ അവസരങ്ങളും മാർഗ്ഗങ്ങളും സാഹചര്യങ്ങളും ഏതെല്ലാമെന്നു് ഗഹനമായി ആലോചിക്കുക.

മൂന്നാം വകുപ്പ്

ജെനേസരേയരുടെ വിശ്വാസം വിനയാന്വിതവും പ്രത്യാശാപൂർണ്ണവുമായിരുന്നു.

ധ്യാനം:— ജെനേസരേയരുടെ പ്രസ്തുത വിശ്വാസത്തിനു പ്രതിസമ്മാനമായി അത്ഭുതകരമായ അനവധി രോഗസൗഖ്യങ്ങളും നടന്നു. ഇതിനെക്കുറിച്ചു വി. മാർക്കു പ്രകാരം എഴുതിയിരിക്കുന്നു: അവിടുന്നു് പട്ടണങ്ങളിലൊ ഗ്രാമങ്ങളിലൊ കുഗ്രാമങ്ങളിലൊ എവിടെ പ്രവേശിച്ചാലും അവർ രോഗികളെ തെരുവീഥികളിൽ കിടത്തിക്കൊണ്ടു് അവിടുത്തെ വസ്ത്രാഞ്ചലമെങ്കിലും സ്പർശിക്കുവാൻ ഇവരെ അനുവദിക്കേണമെ എന്നു് അവിടുത്തോടു് അഭ്യർത്ഥിച്ചു കൊണ്ടിരുന്നു. അപ്രകാരം അവിടുത്തെ സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തു. (മാർക്കു. 6. 56.)

പ്രായോഗികചിന്ത:— നമ്മുടെ ജീവപരിരക്ഷകനും മഹാരാജാധിരാജനുമായിരിക്കുന്ന അവിടുത്തെ ദയ, ക്ഷമ, ആർദ്രതയായവ ചി

ന്തിക്കുക. അവിടുന്ന് തന്നെ സ്പർശിക്കുന്നതിന് സമീപിക്കുന്ന വരാൽ തെരുക്കപ്പെട്ടവനും, അന്ധന്മാർ അംഗവികലന്മാർ ആടിയായ വിവിധരോഗികളും തിക്കിത്തിരക്കി കയറുകയും, അങ്ങയുടെമേൽ വീഴുകയും വളരെ അസഹ്യപ്പെടുത്തുകയും ചെയ്തുകയുണ്ടായി. എങ്കിലും അവലാതി പറയുകയൊ ക്ഷമയില്ലായ്മ, അനിഷ്ടം ആടിയായവ പ്രദർശിപ്പിക്കയൊ ചെയ്യുന്നില്ല. അത്ഭുതകരവും അനിതരസാധാരണവുമായ ഈ മാതൃകയിൽ നിന്നെ കഴിയുന്നതു അനുകരിപ്പെടുത്തുവാൻ ശ്രമിക്കുക. രോഗികളും സുഖം പ്രാപിക്കുന്നതിന് അവിടുത്തെവസ്ത്രം സ്പർശിക്കണമെന്നു ഈശോ തിരുമനസ്സായിരുന്നതിനെപ്പറ്റിയും ചിന്തിക്കുക. പ്രസ്തുത ദിവസം ഈശോ കഫാർണ്ണാമ്മിലെ ജപസ്ഥാനത്തിൽ വെച്ചു പരിശുദ്ധ കുർബാനയെപ്പറ്റി ആദ്യമായി പ്രസംഗിപ്പാൻ ഉദ്ദേശിച്ചിരുന്നു. ഈ ദിവ്യനൽക്കരുണ വഴിയായി നാം അവിടുത്തെ സ്വീകരിച്ചു് അവിടുത്തോട് സംയോജിക്കുമ്പോൾ വളരെ പ്രയാസവരങ്ങളും സഹായങ്ങളും നമുക്കു പ്രാപിക്കാവുന്നതാണെന്നുള്ളതു് നമ്മെ ഗ്രഹിപ്പിക്കാൻ കൂടെയുമാണു് അവിടുന്നു ഇങ്ങനെ അനുവദിച്ചതു്.

സംഭാഷണം:— നമ്മുടെ ആത്മികവൈദ്യനായിരിക്കുന്ന ഈശോയോടു സംഭാഷിക്കുക. നമ്മുടെ ആത്മികരോഗങ്ങളെ അവിടുത്തെ അറിയിക്കുക; അവയെ മുലഛേദം ചെയ്വാൻ അവിടുത്തോടു അഭ്യർത്ഥിക്കുകയും ചെയ്യുക.

ആഗസ്റ്റ് പത്തൊമ്പതാം തിയ്യതി

ഈശോ താൻ സ്ഥാപിപ്പാനിരുന്ന പരിശുദ്ധ കുർബ്ബാനയെക്കുറിച്ചു പറഞ്ഞ പ്രസംഗം.

പ്രാരംഭം 1. ഈശോ കഫാർണ്ണാമ്മിലെ ജപസ്ഥാനത്തിൽ ചെയ്ത പ്രസംഗം ആത്മനാ ശ്രവിക്കുക.

2. വിധേയമായ ബോധവും ഭക്തിയുള്ള ഹൃദയവും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ കഫാണ്ണാം നിവാസികളുടെ ആബല്യം കാണിക്കുന്നു.

ധ്യാനം:– ഈശോ ജെനേസരേത്തിലെ രോഗികളെ സുഖപ്പെടുത്തിക്കൊണ്ടു് ആസ്ഥലം കടക്കുന്നതിനു് ഒരു പകൽമുഴുവനും വേണ്ടിവന്നു. ഒരു വെള്ളിയാഴ്ചയായിരുന്ന പ്രസ്തുത സംഭവം നടന്നതു്. അന്നു അസ്തമിച്ചു യഹൂദന്മാക്കു സാബത്തു് ആരംഭിക്കുന്ന സമയം അവിടുന്നു കഫാണ്ണാമ്മിൽ ആഗതനായി. ഉടനെ ഒട്ടും വിശ്രമിക്കാതെ ജപാലയത്തിൽ പ്രവേശിച്ചു. അവിടുന്നു് തലേദിവസം അത്ഭുതവിധമായി വർദ്ധിപ്പിച്ച അപ്പം ക്ഷേിച്ചു തൃപ്തരായവരിൽ ഭൂരിപക്ഷവും അവിടെ കൂടിയിരുന്ന ജനസഞ്ചയത്തിൽ ഉണ്ടായിരുന്നു. അവർ ഇപ്രകാരം അവിടുത്തെ വീണ്ടും കാണുന്നതിനു് അനേപക്ഷിച്ചുവന്നതു, സ്തുത്യർഹമായ കായ്യംതന്നെ; എങ്കിലും അതു് അനർഹവും ഒരുവിധം നോക്കിയാൽ അക്ഷേപകരവുമായി പരിണമിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, കേവലം ഭൗതികവും സ്വാർത്ഥപരവുമായ ഉദ്ദേശങ്ങളാൽ പ്രേരിതരായിട്ടാണു് അവർ വന്നിരുന്നതു. ഇതു് നമ്മുടെ കർത്താവു അവരോടരുളിയ വചനങ്ങളിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. നിങ്ങൾ അത്ഭുതങ്ങൾ കണ്ടതുകൊണ്ടല്ല, (യാതൊരു ചിലവും അല്പാനവും ക്ലേശവുമെടുത്തെ) അപ്പം ക്ഷേിച്ചു തൃപ്തരായതുകൊണ്ടാണു് എന്നെ അനേപക്ഷിക്കുന്നതു് എന്നു സത്യം സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു. (യോഹ. 6. 26.)

പ്രായോഗികചിന്ത:– നീയും സ്വന്തം തൃപ്തിയെ അന്വേഷിക്കുന്നതിനാൽ, നിന്റെ സൽകൃത്യങ്ങളിൽ വേണ്ടത്ര ഉദ്ദേശശുദ്ധി ഇല്ലാതെ അവയുടെ യോഗ്യത വളരെ തുഛപ്രായമാകുന്നതിനു് ഇടവരുത്തുന്നില്ലയോ? പരസ്നേഹത്തേയും ആത്മരക്ഷയേയും സംബന്ധിക്കുന്ന കായ്യങ്ങൾക്കുവേണ്ടി സുദീർഘമായ പ്രയാണം ചെയ്യുകയും, ഓരോ ഉദ്യോഗങ്ങൾ ജോലികൾ ആദിയായവ ഏല്പിക്കയോ മാറുകയോ ചെയ്യുമ്പോൾ, അതിനു വിധേയനാകുവാൻ ശുഷ്കാന്തി പ്രദർശിപ്പിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ പ്രയാണം ചെയ്യുന്നതിനു, അഥവാ ഉല്ലസിക്കുന്നതിനു, നിനക്കുള്ള അഗ്രഹം, ശരീരാശ്വാസം വ്യർത്ഥസ്മൃതി മുതലായ വയിലുള്ള അതിലാഷം ആദിയായവയല്ലയോ ഇതിനു മുഖ്യമായി നിന്നെ ആകർഷിക്കുന്നതു്? നിന്റെ സ്വാഭാവികേച്ഛയും വാ

സനയ്യും യോജിക്കുന്ന വേലകളിലും കായ്ക്കുള്ളിലും തോന്നുന്ന പോലെയുള്ള താല്പര്യം, നിനക്ക അപ്രിയവും നിന്റെ മനോഗതിക്ക വിപരീതവുമായ വേലകളിലും കായ്ദികളിലും ഉണ്ടോ എന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാംകണ്ടു ലജ്ജിക്കുകയും ലോകത്തിനും നിനക്കുതന്നെയും മരിപ്പാൻ തീക്ഷ്ണമായി അഗ്രഹിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— നിന്റെ പ്രവൃത്തികളുടെ ഉദ്ദേശങ്ങൾ എന്തെന്നു എപ്പോഴും ഇന്നു പ്രത്യേകമായും പരിശോധിക്കുക.

രണ്ടാം വകുപ്പു

നമ്മുടെ കുത്താവു വെളിപ്പെടുത്തിയ രഹസ്യം

ധ്യാനം:— വചോവിലാസത്തെ അതിശയിക്കുന്നതും ഇന്ദ്രിയങ്ങൾക്ക് അഗ്രാഹ്യവുമായ പരിശുദ്ധ കർബ്ബാനയെപ്പറ്റിയുള്ള രഹസ്യത്തിൽ വിശ്വസിക്കുന്നതിനു ജനങ്ങളുടെ മനസ്സിനെ ക്രമേണ സന്നദ്ധമാക്കുന്നതിനു ഈശോ തിരുമനസ്സായി. കഫർണ്ണാംനഗരവാസികൾക്ക് അത്ഭുതവിധത്തിൽ ലഭിച്ചു അവർ ഭക്ഷിച്ച അപ്പവും അതിന്റെശേഷം അവക്കുണ്ടായ കുറവാരോപണവും, ഈ പരമരഹസ്യത്തെക്കുറിച്ചു സംസാരിക്കുന്നതിനു ഒരു ഹേതുവായും പരിണമിച്ചു. അവിടുന്നു അപ്പോൾ അരുളിച്ചെയ്തു: നശ്വരമായ ഭോജനത്തിനായിട്ടല്ല. നിത്യായുസ്സിലോളം നിലനിൽക്കുന്ന ഭോജനത്തിനായി പരിശ്രമിക്കുവിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു നൽകും..... സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു.. ഞാൻ കൊടുക്കാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി എന്റെ മാംസമാകുന്നു.. അതുകയാൽ നമുക്കുക്ഷിപ്പാനായി തന്റെ മാംസം തരുവാൻ ഇവനു കഴിയുന്നതെങ്ങിനെ എന്നു യഹൂന്മാർ പരസ്പരം പറഞ്ഞുവാദിച്ചിരുന്നു. അപ്പോൾ യേശു അവരോടരുളിച്ചെയ്തു. ഞാൻ സത്യംസത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും, അയാളുടെ രക്തം കുടിക്കാതെയുമിരുന്നാൽ നിങ്ങൾക്ക് നിങ്ങളിൽതന്നെ ജീവനുണ്ടാകയില്ല.....എന്തുകൊണ്ടെന്നാൽ

എന്റെ മാംസം സത്യമായി ഭോജനവും എന്റെ രക്തം സത്യമായി പാനീയവുമാകുന്നു. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചിട്ടും മരിച്ചുതുപോലെയല്ല, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും. (യോഹ. 6. 27. 51—54,56-59)

പ്രായോഗിക ചിന്ത:— നമ്മുടെ സ്നേഹരക്ഷകന്റെ തിരുവായിൽനിന്നു് എന്നല്ലാ, അവിടുത്തെ ദിവ്യഹൃദയത്തിൽനിന്നുതന്നെ പുറപ്പെടുന്ന വിസ്മയനീയമായ ഈ വാക്കുകളും നന്നായി ചിന്തിക്കുക. അങ്ങിനെ ചിന്തിക്കുന്നപക്ഷം നാം ആനന്ദതുന്ദിലരാകുകയും അവിടുത്തെനേരെ കൃതജ്ഞതാപ്രകടനങ്ങളും നമ്മിൽനിന്നു താനേ പുറപ്പെടുകയും ചെയ്യാതിരിക്കയില്ല. 1. അവിടുന്നു തന്നെത്തന്നെ നമുക്കു ഭോജനമായി നൽകുന്നു! 2. ഈ പരമരഹസ്യം നമ്മുടെ ബുദ്ധിക്കു അഗ്രാഹ്യമായിരുന്നാലും ഇതു് സ്പഷ്ടമായും ദീർഘമായും അവിടുന്നു വിവരിച്ചു ഉറപ്പിക്കുന്നു. 3. പരമരഹസ്യമായ ഈ അപ്പത്തെ ക്രൂടക്കുടെ ഉൾക്കൊള്ളുവാൻതക്കവിധം സത്യസ്നേഹത്തോടെ മടിത്തട്ടത്തിൽ നമ്മെ ജനിക്കുന്നതിനും അവിടുന്നു നമുക്കു കൃപചെയ്യു.

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ വിശ്വാസം കൃതജ്ഞത, സ്നേഹം ആദിയായവയുടെ പ്രകരണങ്ങളും ഈശോയ്ക്കു സമർപ്പിക്കുക.

പ്രതിജ്ഞ:— നമ്മോടു ഔദാര്യപൂർവ്വം വർത്തിക്കുന്നതുപോലെ വർത്തോടു നാമും അതേവിധംതന്നെ വർത്തിപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

മൂന്നാംവകുപ്പു

കഫാർണ്ണം നഗരവാസികളും ഇടറി അങ്ങയെ വിട്ടുപിരിയുന്നു അപ്പോസ്തോലന്മാർ സ്ഥിരമായി നിൽക്കുന്നു

ധ്യാനം:— "(ഇവ) കേട്ടപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ അനേകർ: ഈ പ്രസംഗം കഠിനംതന്നെ, ഇതു കേൾപ്പാൻ ആർക്കു കഴിയും? എന്നു പറഞ്ഞു." പരിശുദ്ധ കുർബാന എന്നീ പരമരഹസ്യത്തെ ഗ്രഹിക്കാതെ "ഇതുമുതൽ...പലരും പിൻവാങ്ങി; പിന്നെ അവർ അദ്ദേഹത്തോടുകൂടെ സഞ്ചരിച്ചി

രുന്നതുമില്ല. ആകയാൽ ഏശു തന്റെ പന്ത്രണ്ടുപേരോടു: നിങ്ങളും പോകുവാൻ മനസ്സുണ്ടോ? എന്നു ചോദിച്ചു. അപ്പോൾ സീമോൻ പത്രോസ് അദ്ദേഹത്തോടു ഇങ്ങനെ ഉത്തരം പറഞ്ഞു: കർത്താവെ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങളും അങ്ങയുടെ പക്കലാണല്ലൊ. മാത്രമല്ല, അങ്ങു ദൈവത്തിന്റെ പുത്രനായ ക്രീസ്തുവാകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞുമിരിക്കുന്നു." (യോഹ. 6. 61, 67—70)

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യഗുരുവിനോടുള്ള വിശ്വസ്തതയിൽ എപ്പോഴും സുസ്ഥിരമായി നില്ക്കുന്നുണ്ടെന്നു വിശുദ്ധ പത്രോസിനെപ്പോലെ പ്രതിജ്ഞചെയ്യുക. എന്നാൽ നമ്മുടെ അസ്ഥിരസ്വഭാവത്തെ നാം വിസ്മരിക്കരുതു്. ആകയാൽ നമ്മുടെ സ്വന്ത ബലഹീനതയിൽനിന്നും ശത്രുക്കളുടെ കപട തന്ത്രങ്ങളിൽനിന്നും നമ്മെ കാത്തുകൊള്ളേണമെന്നു വിനയപൂർവ്വം ഈശോയോടു പ്രാർത്ഥിക്കുക.

സംശോഷണം:— നമ്മിൽ സ്വഭാവാതീതമായ ചൈതന്യം വർദ്ധിപ്പിച്ചു് ബലപ്പെട്ടുനിന്നതിനുവേണ്ടി നമ്മുടെ ആഹാരമായിത്തീർന്ന ദയാനിധിയും ഔദാര്യാത്മനുമായ ദിവ്യഹൃദയനോടു സംശോഷണം ചെയ്യുക.

ആഗസ്റ്റ് ഇരുപതാംതിയ്യതി

ചിസ്റ്റെർസേൻസ്യൻസഭയെ പുന:സ്ഥാപിച്ച വിശുദ്ധ ബർണ്ണാർദിന്റെ തിരുനാൾ.*

പ്രാരംഭം 1. നിത്യമഹിമാകാരമായ സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത വിശുദ്ധനെ ആത്മനാ ദർശിക്കുക.

---

* വിശുദ്ധ ബെർണ്ണാർദ് 1092-ൽ ദിജോനു സമീപം പിറന്നു. 1152-ൽ മരിച്ചു. 1163-ൽ വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. ഇദ്ദേഹം 160 ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്.

2. പുണ്യപൂർണ്ണതപ്രാപിക്കാൻതീവ്രമായആഗ്രഹംനിനക്കുലഭിച്ചുതരേണമെന്നു് ഈ വിശുദ്ധനോടു പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

വിശുദ്ധ ബെർണ്ണാർദിന്റെ ഭൗതികജീവിതം.

ധ്യാനം:– വിശുദ്ധ ബെർണ്ണാർദിന്റെ മാതാപിതാക്കന്മാർ ശ്രേഷ്ഠവംശജരായിരുന്നു. അവർ അല്പേഹത്തെ വളരെ സൂക്ഷ്മത്തോടെയാണു് വളർത്തിവന്നതു്. അല്പേഹം ജന്മനാതന്നെ വാശിയും കുശാഗ്രബുദ്ധിയുമായിരുന്നു. തന്നിമിത്തം ശാസ്ത്രാഭ്യാസനത്തിൽ അതിസമർത്ഥനായിത്തീർന്നു. അല്പേഹത്തിന്റെ ഭക്തയായ മാതാവു് ശൈശവത്തിലെതന്നെ ബ്രഹ്മചാരിതപത്തെപ്പറ്റി സ്നേഹവും പരിശുദ്ധ ദൈവജനനിയുടെനേരെ തീക്ഷ്ണമായ ഭക്തിയും ഈ വിശുദ്ധനിൽ ജനിപ്പിക്കാൻ ഉദ്യമിച്ചിരുന്നു. അവളുടെ പ്രയത്നം ഫലപ്രദമായി പരിണമിച്ചു. വിശുദ്ധ ബെർണ്ണാർദ് വിരക്തിയിൽ അതിവിസ്മയനീയമായ സ്ഥിരത പ്രാപിച്ചു. ഒരിക്കൽ അവിവേകമായുണ്ടായ തന്റെ ഒരൊറ്റ നോട്ടത്തെക്കുറിച്ചു അധികമായി പശ്ചാത്തപിക്കുകയും ഇതിന്നു ശിക്ഷയായിട്ടു ഉസ്സാഹമായ ശൈത്യമുള്ള കുളത്തിൽ ചാടി കുഴഞ്ഞുവരെ അതിൽ മുങ്ങിക്കൊണ്ടു സ്വന്തംശരീരത്തെ പീഡിപ്പിക്കുകയും ചെയ്കയുണ്ടായി. വിഷയവിരക്തി എന്ന സദ്ഗുണപുണ്യംനിമിത്തം, കന്യകയായ ദൈവജനനിയെക്കുറിച്ചു അനവധി സ്തുതികളെ വിരചിച്ചു. പ്രായപൂർത്തിവന്നപ്പോൾ കഠിനതര താപസജീവിതത്തോടുകൂടിയ ചിസ്തേർസെൻസ്വൻ സഭയിലേയ്ക്കു തന്നെ ദൈവം വിളിക്കുന്നെന്നു മനസ്സിലാക്കി. ഈ ദൈവവിളി അനുസരിക്കുന്നതിന്നു് തീക്ഷ്ണമായി ആഗ്രഹിച്ചെങ്കിലും സ്വന്തം സഹോദരന്മാരിൽനിന്നു പലവിഘ്നങ്ങളുണ്ടായിക്കൊണ്ടിരുന്നു. എന്നാൽ വിശുദ്ധ ബെർണ്ണാർദ് തന്റെ പ്രാർത്ഥനയാൽ ഈ പ്രതിബന്ധങ്ങളെയെല്ലാം ജയിക്കുതന്നെചെയ്തു. മാത്രമല്ലാ അവരെയും കുലീനരായ മറ്റു ഇരുപത്തിഅഞ്ചുപേരെയും തന്നോടുകൂടെ പ്രസ്തുത ആശ്രമത്തിലേക്കു കൊണ്ടുപോകുകയുംചെയ്തു. ആശ്രമശ്രേഷ്ഠനായ വിശുദ്ധ സ്തേഫനുസിന്റെ മുമ്പാകെ അടുത്ത അവസരത്തിൽ അത്യാശ്ചര്യമായവിധം വ്രതാനുഷ്ഠാനം നടത്തുന്നതിനും സാധിച്ചു.

പ്രായോഗിക ചിന്ത:— നിന്റെ ജീവിതം പരിശോധിച്ചു നോക്കുക. നിന്റെ മാതാപിതാക്കന്മാരെയും, വിദ്യാഭ്യാസത്തെയും പ്രത്യേകമായി നിന്റെ ദൈവവിളിയേയും പറ്റി ആലോചിക്കുക. ഇങ്ങിനെ ഗാഢമായി ആലോചിക്കുന്നപക്ഷം വിൻസെന്റ്ഡിൽ എഴുന്നപ്പോലെ പ്രത്യേകദൈവനന്മയുടെ സാഹായ്യങ്ങൾ നിന്നിലും കുണ്ടാതിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:— ദൈവം നിനക്കു ചെയ്ത നന്മകളെയും ഉപകാരങ്ങളെയും കുറിച്ചു അവിടുത്തെ സ്തുതിക്കുക. ഈ വിശുദ്ധൻ തനിക്കു സിദ്ധിച്ച വരപ്രസാദങ്ങൾക്കനുസരണമായി ജീവിച്ചതുപോലെ നീ ജീവിക്കാത്തതിനെപ്പറ്റി അനുതപിക്കുക.

പ്രതിജ്ഞ:— നമ്മുടെ വിശുദ്ധ അന്തസ്സിന്റെ സൗഭാഗ്യത്തെയും ഇവിടെ നമ്മെ വിശുദ്ധരാക്കുന്നതിനുള്ള സാഹചര്യങ്ങളെയുംപറ്റി ദിനംപ്രതി ചിന്തിക്കുക.

രണ്ടാംവകുപ്പു

വിശുദ്ധ ബെർണ്ണാർദിന്റെ ഏകാന്ത ജീവിതം.

ധ്യാനം:—വിശുദ്ധ ബെർണ്ണാർദ് ആശ്രമത്തിൽ പ്രവേശിച്ച ദിവസത്തിൽ തനിക്കുണ്ടായിരുന്ന ക്ഷേതിതീക്ഷ്ണത പിന്നീട് ക്ഷീണിക്കുകയോ കുറയുകയൊ ചെയ്തിട്ടില്ല. തന്നിമിത്തം അനതിദീർഘമായവത്സരങ്ങൾകൊണ്ടു താൻ ഉന്നതതരപുണ്യങ്ങളിലും ആത്മസംയമനത്തിലും സകലർക്കും സജീവ മാതൃകയായിത്തീർന്നു. പശ്ചേന്ദ്രിയ നിഗ്രഹം ഇഷ്ടേഹത്തിന് സഹജമെന്നോണം ആയിരുന്നു. സിത്തോവുക്സ് എന്ന സ്ഥലത്തു ഒരു വർഷം വസിച്ചെങ്കിലും അവിടെ താൻ പാർക്കുന്ന മുറിയുടെമേൽഭാഗം കണ്ടിട്ടില്ല. അങ്ങിനെ തന്നെ പ്രാർത്ഥനാമുറിയിൽ ഉള്ള ജന്നലുകളുടെ വിവരവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഈവിശുദ്ധൻ സകലത്തിലും തന്നെത്തന്നെ പൂർണ്ണമായി നിഗ്രഹിച്ചിരുന്നു. ചാരം കൂട്ടിയ അപ്പമായിരുന്നു ക്ഷോണം. ചില ഉദര രോഗങ്ങൾമൂലം ചിലപ്പോഴൊക്കയും അല്പം എണ്ണയും തേനും കൂടിയ പദാർത്ഥങ്ങൾ ക്ഷേപിപ്പാൻ അനുസരണത്താൽ നിർബന്ധിതനായിട്ടുണ്ട്. ലോകത്തിനും തനിക്കുതന്നെയും മരിച്ചവനായിട്ടായിരുന്നു വിശുദ്ധൻ ജീവിച്ചിരുന്നതു. സഭയിൽ

ഏറ്റവും നികൃഷ്ടവും കഷ്ടതരവുമായ ജോലികൾ ചെയ്യുന്നതായിരുന്ന അദ്ദേഹത്തിനും ആനന്ദം. ഇതൊഴികെ മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല. ജപദ്ധ്യാനം വളരെ സന്തോഷകരമായിരുന്നു. അതിനാൽ ആ സമയം ക്ഷണം കടന്നു പോകുന്നതായി തോന്നിയിരുന്നു. സദാ പ്രാർത്ഥിച്ചിരുന്നെന്നതന്നെ പറയാം. ഒരിക്കലും, ലൌകിക മനുഷ്യരോട് സംഭാഷിക്കുമ്പോൾ പോലും, ദൈവസാന്നിദ്ധ്യചിന്ത വിസ്മരിച്ചിരുന്നില്ല. തന്നിമിത്തം ഇദ്ദേഹം ദൈവകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതു ശ്രവിച്ചിരുന്നവർ ഇദ്ദേഹത്തിൽ ഉജ്ജ്വലിച്ചിരുന്ന ഭക്തിയും ഭയാശീലവും കണ്ടു, സകലത്തിലും ഇദ്ദേഹത്തെ അനുസരിച്ചിരുന്നു. ഭക്തിതീക്ഷ്ണത തന്നിൽ ഉജ്ജീവിപ്പിക്കുന്നതിനുവേണ്ടി "ഖെർണ്ണാർദേ, നീ ഏന്തിനായി ഇവിടെ വന്നു" എന്നു ഈ വിശുദ്ധൻ തന്നോടുതന്നെ ചോദിച്ചിരുന്നു.

പ്രായോഗികചിന്ത:– ആരംഭത്തിൽ എനിക്കുണ്ടായിരുന്ന ഭക്തി തീക്ഷ്ണത എന്നിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ചിരുന്നെങ്കിൽ ഇപ്പോൾ എത്ര വലിയ പുണ്യാഭിവൃദ്ധി എനിക്കുണ്ടാകുമായിരുന്നു! എന്നു നീ പറയുമായിരിക്കും. എന്നാൽ ഈ വ്യർത്ഥദുഃഖം മാത്രംപോരാ. കഴിഞ്ഞ കാലം കൈവിട്ടുപോയി, അതു് നിന്റെ കൈവശത്തിലില്ല. ആകയാൽ നഷ്ടമായതു ലഭിപ്പാൻ തക്കവിധം ഇരട്ടി ശ്രദ്ധാന്തിയോടെ പരിശ്രമിക്കണം.

സ്നേഹപ്രകരണങ്ങൾ:— കഴിഞ്ഞ ജീവിതക്കാലത്തു് വന്ന വലിയ നഷ്ടത്തെപ്പറ്റി ഖേദിക്കയും നന്മയിൽ ഉറപ്പും സ്ഥിരതയും ലഭിപ്പാനായി പ്രത്യാശിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— കാലത്തു എഴുന്നേൽക്കുമ്പോഴെങ്കിലും വിശുദ്ധ ബെർണ്ണാർദിനെപ്പോലെ ഞാൻ എന്തിനായി ഇവിടെ വന്നു എന്നു ചിന്തിക്കുക.

മൂന്നാംവകുപ്പു

വിവിധ ജോലികളുടെ ഇടയിൽ വിശുദ്ധ ബെർണ്ണാർദു് അനുസരിച്ച ഏകാന്തത.

ധ്യാനം:— ആശ്രമത്തിലെ ഏകാന്തതയിൽ വിശുദ്ധ ബെർണ്ണാർദു് അനുഭവിച്ചിരുന്ന മനസ്സമാധാനവും ആനന്ദവും വി

വരിച്ചറിയിക്കുക സുസാദ്ധ്യമല്ല. സൗഭാഗ്യകരമായ ഏകാന്തതയെ! ഓ! ഏകാന്തമായ സൗഭാഗ്യമെ! എന്നു വിശ്രുതൻ പല പ്പോഴും നിലവിളിക്കയുണ്ടായിട്ടുണ്ട്. എന്നാൽ ഈ ഏകാന്തത്തിനു പല വിഘ്നങ്ങളും നേരിടുവാൻ ദൈവം അനുവദിച്ചു. ക്ലേർമൊ എന്ന സ്ഥലത്തു സഭാശ്രേഷ്ഠനായിരിക്കയിൽ അദ്ദേഹത്തിന്റെ അസാമാന്യജ്ഞാനം അനേകം ദൃഷ്ടാന്തങ്ങളാൽ സ്പഷ്ടമായി. അനിനാൽ നിരസ്സനീയിലുള്ള സകലരും അശ്ശയ്പ്പെട്ടകയും, രാജാക്കന്മാർ പ്രഭുക്കന്മാർ ആദിയായവർ തങ്ങളുടെ തക്കം വഴക്കു മുതലായവയിൽ ഇദ്ദേഹത്തെ മദ്ധ്യസ്ഥനായി സ്വീകരിക്കയും ചെയ്തിരുന്നു. ഓരോ ദേശങ്ങളിലുണ്ടാകുന്ന കലഹങ്ങളും തീർത്തു സമാധാനമുണ്ടാക്കുക, ഓരോ സംഘങ്ങളെ നിയന്ത്രിക്കുക, മതഭിന്നങ്ങളും തീർക്കുക, തിരുസ്ഥലങ്ങളുടെ പുനരുദ്ധാരണാർത്ഥം ചെയ്യുന്ന യുദ്ധത്തിനു ജനങ്ങളുടെ പ്രോത്സാഹനം ഉണ്ടാകാനായി പ്രസംഗിക്കുക, ഇതിന്നായി ദീർഘവും വിഷമകരവുമായ പ്രയാണം കഴിക്കുക, എന്നിവയ്ക്കു വിശ്രുത പാപ്പായുടെ കല്പന നിമിത്തം നിർബന്ധിതനായിത്തീർന്നു. ഇത്ര വിവിധതരവും വിപൽകരവുമായ കാര്യങ്ങളും നടത്തിയിരുന്നിട്ടും അതൊന്നും വി. ബെർണ്ണാർദിന്റെ വിനയത്തിനും, ദൈവസംയോജ്യതയ്ക്കും വിഘ്നം ചെയ്തിരുന്നില്ല. എന്തു കൊണ്ടെന്നാൽ തന്റെ ചരിത്രകാരൻ സാക്ഷ്യം നൽകുന്നതു പോലെ ഈ വിശ്രുതൻ പോകുന്നിടത്തെല്ലാം ഏകാന്തതയും കൊണ്ടു പോയിരുന്നു. ഇപ്രകാരം ചെയ്യുന്നതിനു നാമും ശ്രമിക്കുന്നതായാൽ എപ്പോഴും എല്ലായിടത്തും ദൈവത്തോടൊന്നിച്ചിരിക്കുന്നതിനു നമുക്കും ഇടവരും.

സംഭോഷണം:—വിശ്രുത ബെർണ്ണാർദിനോടു സംഭോഷണം ചെയ്യുക.

ഇരുപത്തി ഒന്നാം തിയ്യതി

ഈശോയുടെ പ്രസംഗജീവിതത്തിന്റെ മൂന്നാം വത്സരം, മൂന്നാമത്തെ പെസഹാത്തിരുനാൾ.

പ്രാരംഭം 1. ഈശോ ഫരിസേയരോട്ടം ഉപദേഷ്ടാക്കന്മാരോട്ടം പ്രതിവാദിക്കുന്നതു് ആത്മനാ ശ്രവിക്കുക.

2. കപടഭക്തിയെപ്പറ്റി ശക്തിയായ ഭയവും യഥാർത്ഥപുണ്യങ്ങളോട്ട വലിയ സ്നേഹവും ലഭിപ്പാനായി പ്രർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ വേദനിയമത്തിന്റെ ഒരു വിഷയത്തിൽ ഒഴിവെടുക്കുന്നു.

ധ്യാനം:— ഈശോ സാബട്ടിനും കഫാർന്നാമിൽ ചെലവഴിച്ചശേഷം, ഗലീലേയയിൽ സഞ്ചരിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ യൂദന്മാർ അദ്ദേഹത്തെ കൊല്ലുവാൻ അന്വേഷിച്ചിരുന്നതിനാൽ യൂദേയയിൽ സഞ്ചരിപ്പാൻ അദ്ദേഹത്തിന്നു മനസ്സില്ലായിരുന്നു. (യോഹ. 7. 1.) തന്നിമിത്തം നമ്മുടെ ദിവ്യരക്ഷകൻ പെസഹാത്തിരുനാൾ ആഘോഷിക്കുന്നതിന്നു് ജെരുസലേമ്മിലേയ്ക്കു പോയില്ല. വിശ്വസിക്കാത്തവർക്കു മാത്രമേ ഇതിൽ സംബന്ധിക്കുന്നതിന്നു കടമയുണ്ടായിരുന്നുള്ളു. അവിടുന്നു പ്രമാണമാതാവായിരുന്നതിനാൽ അതിൽനിന്നൊഴിവെടുക്കുന്നതിന്നു് അവിടുത്തേയ്ക്കുള്ള സ്വാതന്ത്ര്യവും സുസ്പഷ്ടമാണല്ലൊ. ഇതുമല്ലാ, യഹൂദന്മാർ അവിടുത്തെ വധിക്കാനുദ്യോഗിച്ചിരുന്നതു് ഈ ഒഴിവിന്നു മതിയായ ന്യായവുമായിരുന്നു.

പ്രായോഗികചിന്ത:— നമ്മുടെ ക്രമങ്ങൾക്കും സ്വയേലുള്ള ആചാരാനുഷ്ഠാനങ്ങൾക്കും പ്രതികൂലമായി ശ്രേഷ്ഠന്മാർ വല്ലതും പ്രവർത്തിക്കയൊ ഉപേക്ഷിക്കയൊ ചെയ്യുന്നതു കാണുമ്പോൾ അവരെക്കുറിച്ചു നാം ദുർവ്വിധി ചെയ്യരുതെന്നാണു് ഇതിൽനിന്നു നാം പഠിക്കേണ്ടതു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ മറ്റുള്ളവർക്കു ഒഴിവുകൊടുപ്പാൻ അധികാരമുള്ള സ്ഥിതിക്കു ന്യായമായ കാരണമുള്ളപ്പോൾ ആ ഒഴിവു സ്വന്തംകാര്യത്തിലും ഏർപ്പാൻ വ

ഥിയാ എന്നു വരുമോ? അവർക്കുള്ള ന്യായങ്ങളും എന്തെല്ലാമെന്നു അറിയാൻ സാധാരണമായി നമുക്കു സാധിക്കുന്നതല്ല. അവ നമ്മെ അറിയിപ്പാൻ അവർക്കു കടവുമില്ല. പ്രസ്തുത ന്യായങ്ങളും നമ്മെ അറിയിക്കുന്നതുപലപ്പോഴും വിഹിതവുമായിരിക്കയില്ല. ക്രൂരതയും ദൈവത്തെ പകെക്കുന്ന ദുഷ്ടന്മാർ നമുക്കു എന്തെങ്കിലും തിന്മയൊ നാശമൊ ചെയ്യുന്നതിനു ശ്രമിക്കുമ്പോൾ വിവേകത്തോടെ അതിൽനിന്നൊഴിയുകയൊ സ്വാഭാവിക ഉപകരണങ്ങളും പ്രയോഗിച്ചു അതിനെ തടുക്കുകയൊചെയ്യേണ്ടതാകുന്നു എന്നും ഈ പ്രവൃത്തിമൂലം നമ്മുടെ ജീവപരിരക്ഷകൻ നമ്മെ പ്രബോധിപ്പിക്കുന്നുണ്ടു്. തക്കതായ കാരണമില്ലാത്തപ്പോൾ ഇപ്രകാരം നമ്മെത്തന്നെ ആദരിക്കാതെയിരിക്കുന്നതു നാം നമ്മുടെ സ്വപ്രശക്തിയിൽ ആശ്രയിക്കുന്ന സാഹസവുമായിരിക്കും. രക്തസാക്ഷിയാകുന്നതിനുള്ള വരം ദൈവം തനിക്കിഷ്ടമുള്ളവർക്കും ഇഷ്ടമാകുന്ന അവസരത്തിലും നൽകുന്നു. ദൈവം തിരുമനസ്സാകാതെ ദുഷ്ടന്മാർ നമ്മോടു ദുഷ്ടത പ്രവർത്തിക്കുന്നതിനു നാം ഇടവരുത്തുന്നപക്ഷം അവരുടെ ദുഷ്ടതയ്ക്കു നാം ഹേതുഭൂതരായിത്തീരും.

സ്നേഹപ്രകരണങ്ങളും:—ന്യായം ക്രൂരതെ, നീതിക്കു വിരുദ്ധമായി, മറുള്ളവരിൽ കുറ്റം ആരോപിച്ചതിനെക്കുറിച്ചും നിന്റെമേൽ തന്നെ അധികം ആശ്രയിച്ചതിനെക്കുറിച്ചും അനുതപിച്ചു ക്ഷമാപണംചെയ്യുക.

പ്രതിജ്ഞ:— ഈവക കുറ്റങ്ങളിൽനിന്നു അത്യുത്സാഹത്തോടെ ഒഴിയുക.

രണ്ടാംവകുപ്പു

വേദനിയമങ്ങളെക്കാളും വ്യർത്ഥമായ ബാഹ്യാചാരങ്ങളെ കാംക്ഷിക്കുന്നതിനാൽ ഈശോ ഫരിസേയരെ അധിക്ഷേപിക്കുന്നു.

ധ്യാനം:—ജരുസലേമ്മിൽ ഉണ്ടായിരുന്ന യഹൂദന്മാർ തങ്ങളുടെ ചതിപരമായ ആലോചനകളും വ്യർത്ഥമായെന്നു കണ്ടു് അതിനു പ്രതിക്രിയയായി ജനങ്ങൾക്കു ഈശോയെക്കുറിച്ചുണ്ടായിരുന്നബഹുമാനം നശിപ്പിപ്പാൻനിശ്ചയിച്ചു. അതിന്നായി വിശുദ്ധമാർക്കൂസ് എഴുതിയിരിക്കുന്നതുപോലെ ഫരിസേയരും ഉപദേ

ഷ്ടാക്കന്മാരും ജെരുസലേമിൽനിന്നുഗലിലേയായിലേക്കുചെന്നു. (മാക്കൊ. 3. 22.) തന്നിൽകുറ്റം കണ്ടുപിടിക്കുന്നതിന്നു് ഉപായേന അവർ ശ്രമിച്ചിരുന്നു. ഇങ്ങിനെയിരിക്കെ ഈശോയുടെ ശിഷ്യരിൽ ചിലർ കൈകഴുകാതെ അപ്പംഭക്ഷിക്കുന്നതു് അവർകണ്ടു: "നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ പാരമ്പര്യം ലംഘിക്കുന്നതെന്തുകൊണ്ടു്" എന്നു് അവർ അങ്ങയോടു ചോദിച്ചു. (മത്തേ. 15. 2.) അവരുടെ വചനങ്ങളും കാപട്യപരവും അസൂയാപൂർണ്ണവുമായിരുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾസ്നാനംചെയ്ത ശ്ലൂഹായിരിപ്പിൻ എന്നു് ഈസയ്യാസു് പറഞ്ഞിട്ടുണ്ടു്. ഈ വചനങ്ങളും ആത്മികശുദ്ധിയെ ഉദ്ദേശിച്ചുകൊണ്ടുള്ള പരമാർത്ഥം അവക്കു് അഗ്രാഹ്യമല്ലായിരുന്നു. അതു അവരെ അനുസരിപ്പിക്കാനായിത്തന്നെയാണു് അവിടുന്നു, "കപടഭക്തരേ, നിങ്ങൾ ദൈവകല്പനയെ അവഗണിച്ചുകൊണ്ടു് ഭരണികളുടേയും പാനപാത്രങ്ങളുടേയും ക്ഷാളനം മുതലായ മനുഷ്യരുടെ പാരമ്പര്യത്തെ അനുസരിക്കുന്നു, ഇവയ്ക്കു സമമായ മറ്റു പല കാര്യങ്ങളും നിങ്ങൾ ചെയ്യുന്നു എന്നു അവിടുന്നു പറഞ്ഞതു്. (മാക്കൊ. 7. 6, 8.) അനന്തരം പ്രസ്തുത കപടഭക്തരാൽ വഞ്ചിതരായ ജനതയോടു് അവിടുന്നരുളിചെയ്തു: കേട്ടഗ്രഹിച്ചുകൊള്ളുവിൻ: വായ്ക്കകത്തു പ്രവേശിക്കുന്നതല്ല മനുഷ്യനെ അശുദ്ധനാക്കുന്നതു, പ്രത്യുത, വായിൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധനാക്കുന്നതു്. (മത്തേ. 15. 11.)

പ്രായോഗികചിന്ത:— കപടഭക്തിയും അസൂയയുമാണു് ഫരിസേയരിലും ഉപദേഷ്ടാക്കന്മാരിലും ഉണ്ടായിരുന്ന ഭയങ്കരമായ കുറ്റം. നാം ഇവയെ വിദ്വേഷിക്കുന്നു എങ്കിലും ഇവയിൽനിന്നു നാം നിശ്ശേഷം മോചനം പ്രാപിച്ചുവരുന്നില്ല. ഇതരന്മാർനന്മെക്കാർ ഉയരുകയൊ, അവരുടെ കാര്യങ്ങൾ ശുഭമാകയൊ ചെയ്യുന്നു എന്നു വരുമ്പോൾ നാം അവരെക്കുറിച്ചു വിചാരിക്കയും പറയുകയും ചെയ്യുന്നതു് എങ്ങനെയാണെന്നു് പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിഗൂഢമായിക്കിടക്കുന്ന രഹസ്യങ്ങളെ കണ്ടറിവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അസൂയ, വ്യർത്ഥസ്തുതി എന്നിവയാൽ വരാവുന്ന വഞ്ചനയിൽനിന്നു ഒഴിയുന്നതിനുബദ്ധശ്രദ്ധനായിരിക്കുക.

മൂന്നാം വകുപ്പ്

പ്രമാണലക്ഷണക്കുറവു ഹൃദയത്തിൽനിന്നു പുറപ്പെട്ടുന്നു എന്നു യേശു തെളിയിക്കുന്നു.

ധ്യാനം:— യേശു ജനസമൂഹത്തെവിട്ടു വീട്ടിലേയ്ക്കു ചെന്നപ്പോൾ, ഈ ഉപമ ഞങ്ങൾക്കു വ്യാഖ്യാനിച്ചുതരിക എന്നു പത്രോസ് അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം ഇപ്രകാരം അരുളിച്ചെയ്തു: ഇതുവരെയായിട്ടു നിങ്ങളും വിവേചനയില്ലാത്തവരായിരിക്കുന്നുവോ? വായ്ക്കകത്തു കടക്കുന്നതെല്ലാം വയറ്റിൽ ചെന്നിട്ടു മറപ്പുരയിൽ വിസർജ്ജിക്കപ്പെടുന്നു. എന്നു നിങ്ങൾ അറിയുന്നില്ലയോ? എന്നാൽ വായിൽനിന്നു പുറപ്പെട്ടുന്നവ ഹൃദയത്തിൽനിന്നു വരുന്നു; അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ദുർവ്വിചാരങ്ങളും കൊലപാതകങ്ങളും വ്യഭിചാരങ്ങളും പരസംഗങ്ങളും, മോഷണങ്ങളും, കള്ളസാക്ഷ്യങ്ങളും ദൈവദൂഷണങ്ങളും, ഹൃദയത്തിൽനിന്നു പുറപ്പെട്ടുന്നു. ഇതുകളത്രെ മനുഷ്യനെ അശുദ്ധനാക്കുന്നതു്. കൈകഴുകാതെ ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധനാക്കുന്നില്ല. (മത്തേ. 15. 16—20.)

പ്രായോഗികചിന്ത:— ഈ വാക്യങ്ങളെപ്പറ്റി നല്ലതുപോലെ ചിന്തിക്കുക. 1. ദൈവം നമ്മിൽനിന്നു പ്രത്യേകമായി ആവശ്യപ്പെട്ടുന്നതു് ഹൃദയശുദ്ധിയാണു്. 2. ബാഹ്യമായി നമുക്കുണ്ടാകുന്ന പ്രലോഭനങ്ങളും, ചിന്തകളും, രൂപീകരണങ്ങളും, പാപത്തിലേയ്ക്കു മനസ്സിൽ തോന്നുന്ന ആകർഷണവും, മുതലായവയ്ക്കു നാം സമ്മതിക്കാതിരിക്കുമ്പോൾ അവ നമ്മെ അശുദ്ധമാക്കുകയില്ല. 3. എങ്കിലും നമ്മുടെ ആശകളേയും സ്നേഹത്തേയും പരിശോധിച്ചു നിഗ്രഹിക്കുന്നതിൽ നാം ഉണർവും സൂക്ഷ്മവും ഉള്ളവരായിരിക്കണം. ഈ കാര്യത്തിൽ നീ ഏതുവിധമാണു് പ്രവർത്തിച്ചു വരുന്നതു്? ക്രമാതീതമായ വല്ലസ്നേഹമോ നിന്നെ അപത്തിലാക്കുവാൻതക്ക വല്ല ആളുകളുടെ രൂപമോ വിഗ്രഹതുല്യം നിന്റെ ഹൃദയാന്തർഭാഗത്തു് മറഞ്ഞു കിടപ്പുണ്ടോ? അതു നീ കാണാത്തവിധം അതിനു നിന്റെ ഹൃദയത്തിൽ സ്ഥലമനുവദിച്ചിട്ടുണ്ടോ?

സംതോഷണം:— വി. യോഹന്നാ ടെ ഷന്താളിനോട്ട സം തോഷണം ചെയ്യുക. തിരുസ്സഭ ഇന്ന് ഈ വിശുദ്ധയുടെ തിരു നാൾ ആചരിക്കുന്നു.

ആഗസ്റ്റ് ഇരുപത്തിരണ്ടാംതിയ്യതി

കാനാൻകാരിയുടെ വിസ്മയകരമായ വിശ്വാസവും പ്രാർത്ഥനയും.

പ്രാരംഭം:— 1. ഈ സ്ത്രീ ഈശോയുടെ പാദത്തിങ്കൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നതു് ആത്മനാ ഓർശ്ശിക്കുക.

2. ഇവളിൽ ഉണ്ടായിരുന്നതുപോലെയുള്ള വിശ്വാസവും സ്ഥിരതയും നിനക്കും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

കാനാൻകാരിയുടെ വിശ്വാസവും അവളുടെ പ്രാർത്ഥനയും

ധ്യാനം:— ഈശോ ജെരുസലേമിൽനിന്നു ഗലീലേയയുടെ വടക്കേ അതൃത്തികളിലേയ്ക്കും, അവിടെനിന്നു പൂർവ്വിക കനനേയരുടെ സന്തതികളും വസിക്കുന്ന ഭാഗങ്ങളിലേക്കും ചെന്നു. എന്നാൽ ബിംബാർച്ചകരായിരുന്ന ആ ജനങ്ങളിൽക്കു സുവിശേഷം പ്രസംഗിക്കണമെന്നുള്ള ഉദ്ദേശം അവിടുത്തേയ്ക്കു ഉണ്ടായിരുന്നില്ല. അതിനാൽ അവിടുന്ന് ഒരു വീട്ടിൽ പ്രവേശിച്ചു, ആരും അറിയരുതെന്നും കാംക്ഷിച്ചിരുന്നു. എങ്കിലും, മറഞ്ഞിരിപ്പാൻ കഴിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം അവിടെ ചെന്നിരിക്കുന്ന വിവരം കേട്ട കാനാൻകാരിയായ ഒരു സ്ത്രീ ആ അതൃത്തികളിൽനിന്നു പുറപ്പെട്ടുവന്നു് അദ്ദേഹത്തോടു നിലവിളിച്ചുപറഞ്ഞു: "ദാവീദിന്റെ പുത്രനായ കർത്താവേ, എന്നോടു കരുണ തോന്നേണമെ, എന്റെ മകൾ പിശാചിനാൽ കഠിനമായി ബാധിക്കപ്പെട്ടിരിക്കുന്നു." (മാർക്ക. 7. 26. മത്തേ. 15. 22)

പ്രായോഗികചിന്ത:— ഈ സ്ത്രീയുടെ പ്രാർത്ഥനയുടെ സുലക്ഷണങ്ങളെക്കണ്ടു വിസ്മയിക്കുകയും അതു് അനുകരിക്കുകയും

ചെയ്യുക. 1. അവർ സംശയവും താമസവുംകൂടാതെ ഈശോയുടെപക്കൽ ചെല്ലുന്നു. 2. അവിടുത്തെയ്ക്ക് ദൈവമെന്ന നിലയിലുള്ള സർവ്വശക്തിയേക്കുറിച്ചും, മനുഷ്യനെന്ന നിലയിലുള്ള അനുകമ്പയേക്കുറിച്ചും സജീവ വിശ്വാസത്തോടുകൂടെ അവർ അവിടുത്തെ സമീപിച്ചു, ദാവീദിന്റെ പുത്രനായ കർത്താവേ, എന്നു വിളിക്കുന്നു. 3. അതുവരെ അവർ ബിംബാർച്ചകയായിരുന്നുവെങ്കിലും അതോടുകൂടി നിരാശയുടെ വശംവദയാകുന്നില്ല. സ്വന്തം സ്ഥിതിയും നൈർഭാഗ്യവും അനുസരിച്ചു പറഞ്ഞുകൊണ്ട് വിനയപ്പെട്ട കൃപയപേക്ഷിക്കുന്നു. 4. തന്നത്തന്നെ പൂർണ്ണമായി നിഗ്രഹിച്ചു ദൈവഹിതത്തിനു വിധേയയായിക്കൊണ്ട് അവളുടെ പുത്രിയുടെ ഭൂർഭാഗ്യസ്ഥിതിയറിയിക്കയും ഈശോയുടെ കരുണയാൽ സമസ്തവും സാധിക്കുമെന്ന് അവർ ആശിക്കുകയും ചെയ്യുന്നു. നീ പ്രാർത്ഥിക്കുമ്പോൾ ഈ ഭൂമനഃസ്ഥിതി നിനക്കുണ്ടൊ?

സ്നേഹപ്രകരണങ്ങൾ:– നിന്റെ പ്രാർത്ഥന നിഷ്ഫലമാകുന്നതിനു കാരണമെന്തന്നറിയാൻ വേണ്ട ആത്മികപ്രകാശവും, ആ കാരണം നീക്കുവാൻവേണ്ട ധൈര്യവും നിനക്കു ലഭിക്കുമാറായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:– പ്രാർത്ഥിപ്പാൻ പോകുന്നതിനു മുമ്പു വിനയം, വിശ്വാസം എന്നിവയുടെ പ്രകരണങ്ങൾ നിന്നിൽ ഉജ്ജീവിപ്പിക്കാൻ ശ്രമിക്കുക.

രണ്ടാംവകുപ്പ്

കനാൻകാരി വിശ്വാസത്തിലും പ്രാർത്ഥനയിലും സ്ഥിരമായി നിൽക്കുന്നു

ധ്യാനം:– ഈ സ്ത്രീയുടെ വിശ്വാസവും പ്രത്യാശയും ലോകത്തിൽ സർവ്വത്ര പ്രകീർത്തിക്കപ്പെട്ടവാനും നമുക്ക് ആദർശമായിരിപ്പാനുംവേണ്ടി അതു കഠിനമായി പരീക്ഷിപ്പാൻ ഈശോ ഉചിതമായി. ആദ്യം അവളുടെ അപേക്ഷ അവഗണിച്ചതുപോലെ "അവിടുന്ന് അവളോട് ഒരു വാക്കുപോലും മറുപടിപറഞ്ഞില്ല." അനന്തരം അപ്പോസ്തലന്മാർ അവളുടെ മദ്ധ്യസ്ഥരെന്ന നിലയിൽ, അവർ നമ്മുടെ പിന്നാലെ നിലവിളിക്കുന്നതുകൊണ്ട് അവളെ വിട്ടയക്കുക എന്നു പറഞ്ഞിട്ടും അനുകൂലമൊന്നു

ണ്ടായില്ല. "ഇസ്രായേൽവേനത്തിലെ നഷ്ടീവിച്ച ആട്ടുകളുടെ അട്ടുക്കലേയ്ക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല." എന്നായിരുന്ന മറുപടി. ഇങ്ങിനെ അവളുടെ അപേക്ഷ തിരസ്കൃതമെന്ന വിധമായിത്തീർന്നിട്ടും അവൾ പിൻമാറിയില്ല. ധൈര്യം അവലംബിച്ചുകൊണ്ടു പ്രാർത്ഥിക്കുകയാണു ചെയ്തതു്. അവൾ വന്നു് ആദ്യമായി നമസ്കരിച്ചു സ്വാമിൻ, എന്നെ സഹായിക്കുക. എന്റെ മകളിൽനിന്നു എങ്ങിനെയെങ്കിലും പിശാചിനെ ഒഴിക്കേണമെ എന്നപേക്ഷിച്ചിരുന്നു. (മത്തേ. 15. 23—25. മാർക്ക 7. 25, 26.)

പ്രായോഗികചിന്ത:—നമ്മുടെ പ്രാർത്ഥന ഫലപ്രാപ്തിയിൽ എത്താതെയിരിക്കുന്നതിനു പ്രധാനകാരണം സ്ഥിരമില്ലായ്മയത്രെയാണു്. നാം നമുക്കായിട്ടോ നമ്മുടെ സഹോദരന്മാർ സ്നേഹിതന്മാർ മുതലായവർക്കുവേണ്ടിയോ ചില പ്രത്യേക ദൈവാനുകൂലങ്ങൾ പ്രാർത്ഥിക്കാറുണ്ടു്. തൽസാദ്ധ്യത്തിനുവേണ്ടി ആദ്യം ചിലപ്പോൾ നവനാളുകളും ആചരിക്കാറുണ്ടു്. അതു ശ്രേഷ്ഠാന്തിപൂർവ്വം ആചരിക്കാൻ തുടങ്ങിയാലും ഏതാനും ദിവസം കഴിയുമ്പോൾ മന്ദീഭവിച്ചുപോകുന്നില്ലയൊ? അങ്ങനെതന്നെ നവനാൾജപങ്ങളും മറ്റുംവഴിയായി രണ്ടോ മൂന്നോ പ്രാവശ്യം വല്ല പ്രത്യേകനന്മകൾക്കായി പരിശ്രമിച്ചിട്ടും സാധിക്കാത്തപ്പോൾ ദൈവത്തോടു നിരന്തരം പ്രാർത്ഥിക്കാൻ ഭയപ്പെടുന്നതുപോലെ പ്രസ്തുത പ്രാർത്ഥനനിറുത്തിക്കളയുന്നില്ലയൊ? കാനാൻകാരിയുടെ ദൃഷ്ടാന്തത്താൽ നമ്മുടെ ഈ ഭയം നിശ്ശേഷം നീങ്ങേണ്ടതാണു്. മാത്രമല്ല, അചഞ്ചലമായ പ്രത്യാശയോടുകൂടെ നിഷ്കപടമായി നിരന്തരം ദൈവത്തെ പ്രാർത്ഥിക്കുന്നതു് അവിടത്തേയ്ക്കു വളരെ ഇഷ്ടമുള്ളതാണെന്നും നാം മനസ്സിലാക്കണം. ആകയാൽ മേലിൽ നാം ഏതുവിധമാണു് വർത്തിക്കേണ്ടതെന്നു് ആലോചിച്ചു നിശ്ചയിക്കുക.

സ്വാധ്യായകരണങ്ങൾ:— നിന്റെ കുറവുകളെ അറിയുകയും അവയെക്കുറിച്ചു അനുതപിക്കുകയുംചെയ്യുക.

പ്രതിജ്ഞ:— ഈ സ്ത്രീയുടെ അചഞ്ചലമായ സ്ഥിരതയും കേവികരപ്രാർത്ഥനയും അനുകരിപ്പാൻ ശ്രമിക്കുക.

മൂന്നാംവകുപ്പു

കാനൻകാരിയുടെ വിശ്വാസത്തിന്നും പ്രാർത്ഥനയ്ക്കും ലഭിച്ച പ്രതിഫലം

ധ്യാനം:– ആ കാനാൻകാരിയുടെ വിശ്വാസത്തിന്നുംസ്ഥിരതയ്ക്കും പ്രതിസമ്മാനം നൽകുവാൻ ഈശോ തിരുവുള്ളമായി; എങ്കിലും ഇതുചെയ്യുന്നതിന്നുമുമ്പ് അവളെഒന്നുകൂടെ പരീക്ഷിക്കാൻ അവിടുന്നു നിശ്ചയിച്ചു. അതിനാൽ അവിടുന്ന് അവളോടു പറഞ്ഞു: "മക്കളുടെ അപ്പം എടുത്തു നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല" നിർഭാക്ഷിണ്യപരമായ ഈ വാക്കുകൾ കേട്ടപ്പോൾ അവൾ നിരാശക്കണ്ടിൽ പതിക്കേണ്ടതായിരുന്നു. എങ്കിലും അങ്ങനെ ഉണ്ടായില്ല. അവൾ തന്റെ പ്രത്യാശ പ്രസ്പഷ്ടമാക്കുകയാണു ചെയ്തത്. അവൾ പറഞ്ഞു: "അതെ കർത്താവെ, എങ്കിലും നായ്ക്കുട്ടികളും തങ്ങളുടെ യജമാനന്മാരുടെ മേശയിൽനിന്നു വീഴുന്ന കഷണങ്ങൾകൊണ്ടു ഉപജീവിക്കുന്നുണ്ടല്ലൊ. അപ്പോൾ യേശു അവളോടു മറുപടി പറഞ്ഞു: അല്ലയൊ സ്ത്രീ, നിന്റെ വിശ്വാസം വലുതാകുന്നു. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ നാഴികമുതൽ അവളുടെ മകൾ സ്വസ്ഥയാകുകയും ചെയ്തു. (മത്തേ. 15. 26–28)

പ്രായോഗികചിന്ത:– ഇത്രയധികം സൂക്ഷത്തിന്നും ജാഗ്രതയ്ക്കും കാരണമായിരുന്ന ഈ പുതിയാൽനമ്മുടെ ആത്മാവിനെയാണു് സൂക്ഷിക്കുന്നതു് എന്നതെ വി. ജെറോമിന്റെ അഭിപ്രായം. ആ തള്ളയുടെഅത്യുത്സാഹത്തോടുകൂടിയ സൂക്ഷം; നമ്മുടെ ആത്മരക്ഷയിൽ നാം അനുദിനം പ്രദർശിപ്പിക്കേണ്ട ജാഗരൂകതയുടെ ഒരു ഉത്തമോദാഹരണമാണ്. നമ്മുടെ ആത്മാവു പിശാചിന്റെ അധീനതയിൽ അകപ്പെടാതിരിപ്പാനും, ദുഷ്ടനും വഞ്ചകനുമായ ഈ അരൂപി അതിൽ യാതൊരധികാരവും നടത്താതിരിക്കുന്നതിന്നും സകലവിധത്തിലും നാം ഉറ്റു പരിശ്രമിക്കേണ്ടതാണു്. എന്നാൽ അഹോ! യേകരം! നീ അറിയാതെതന്നെ പിശാചിന്നു നീ വിധേയനായി ജീവിക്കുന്നുണ്ടായിരിക്കാം. പഞ്ചേന്ദ്രിയസംയമനം ബോധനിയന്ത്രണം ഉണർവ്വോടുകൂടിയ പ്രാർത്ഥന എന്നിവയിൽ നീ ശ്രദ്ധാന്തി പ്രദർശിപ്പിക്കാതെയാകുമ്പോഴും ദൈവത്തിലുള്ള മനോവിശ്വാസം നി

ന്നിൽ മന്ദീഭവിക്കുമ്പോഴും പിശാചിന്റെ അധികാരം നിന്നിൽ പ്രവർത്തിക്കുവാൻ ഇടയുണ്ട്. തന്നിമിത്തം യേശുപ്പേടേണ്ടതുമാണ്.

സംശോഷണം:— നമ്മുടെ കർത്താവിനോട് സംശോഷണം ചെയ്യുക. നിന്റെ അന്തരീകാവസ്ഥയും അതിനെക്കുറിച്ചു നിനക്കുള്ള സൂക്ഷവും എങ്ങനെയാണെന്നറിയാൻവേണ്ട അനുഗ്രഹം നൽകണമെന്നു പ്രാർത്ഥിക്കുക.

ആഗസ്റ്റ് ഇരുപത്തിമൂന്നാം തിയ്യതി

നമ്മുടെ ആത്മാവിന്റെ വില

പ്രാരംഭം 1. മനുഷ്യൻ തന്റെ ആത്മാവിന്നു പകരമായി എന്തു കൊടുക്കും? (മാർക്കൊ. 8. 37) എന്നു ഈശോ അരുളിച്ചെയ്യുന്നതു ആത്മനാ ശ്രവിക്കുക.

2. നമ്മുടെ ആത്മാവിന്റെ വില ശരിയായി ഗ്രഹിപ്പാൻ ആവശ്യമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ആത്മാവു് ഭൗതികമായ സകലത്തിലും വിലയുയർന്നതാണ്.

ധ്യാനം:— ആത്മാവിന്റെ വിലയോടു തുലനംചെയ്യത്തക്കതായി ലോകത്തിൽ ഒന്നുംതന്നെയില്ല. ലോകം മുഴുവനുംകൂടിയാലും ഇതിനോടു സാമ്യംവഹിക്കാൻ സാധിക്കുകയില്ല എന്നു വിശുദ്ധ യോഹന്നാൻ ക്രിസോസ്തോം പറയുന്നു. ലോകത്തിലുള്ള സകല സാകാരവസ്തുക്കളേയും അലങ്കാരമഹത്വങ്ങളേയും അപേക്ഷിച്ചു സീമാതീതമായവിധം വിലയുള്ളതാണ് ആത്മാവു്. എന്തുകൊണ്ടെന്നാൽ മുകളിൽ പ്രസ്താവിച്ചവയെല്ലാം നശ്വരതരമാണ്. എന്നാൽ ആത്മാവാകട്ടെ അക്ഷയതത്വമുള്ളതും സത്ഭാവാതീതഗതിയുള്ളായി നിശ്ചയിക്കപ്പെട്ടതുമാണ്.

പ്രായോഗികചിന്ത:— നിസ്തുലമായ ഈ സത്യം ചിന്തിച്ചുകൊണ്ടു വേദപാരംഗതന്മാർ ഇങ്ങനെ പ്രസ്താവിക്കുന്നു: സർവ്വലോകവും അഴിഞ്ഞുപോകുന്നതിനെക്കാൾ ഒരാത്മാവു് നശി

ച്ചുപോകുന്നതാണു് വലുതു്. ഇവരുടെ അഭിപ്രായം അനിഷേധ്യമായ ഒരു വാസ്തവമാണു്. ആത്മാവിന്റെ വില ഇത്ര വിപുലമായിരുന്നിട്ടും, അനുദിനം എന്നല്ല അനുനിമിഷം, നശിച്ചുപോകുന്ന ആത്മാവുകൾ എത്ര വളരെയാണു്. മരത്തിൽനിന്നു ഇലകൾ പൊഴിയുന്നതുപോലെ ആത്മാവുകൾ നരകത്തിൽ പതിക്കുന്നതു വിശുദ്ധ ത്രേസ്യാ ഒരു കേതപാരവശ്യത്തിൽ കാണുകയുണ്ടായി. പ്രസ്തുത ദർശനാനന്തരം പാപത്തിൽനിന്നു് ആത്മാവുകളെ രക്ഷിക്കുന്നതിനുവേണ്ടി പുണ്യവതി ചെയ്തിട്ടുള്ള ജപങ്ങൾ എത്ര അധികമായിരിക്കുന്നു! ആത്മരക്ഷയുടെ കാര്യത്തിൽ നിന്റെ മനഃസ്ഥിതി എന്താണു്? ആത്മരക്ഷയ്ക്കായി നീ എന്തെല്ലാമാണു് ചെയ്യുന്നതു്?

സ്നേഹപ്രകരണങ്ങൾ:— ആത്മാവുകൾ നശിച്ചുപോകുന്നതിൽ നീ ഇത്ര വിചാരവിഹീനനും നിഷ്ഠുരനുമായിരിക്കുന്നതിനെക്കുറിച്ചു ദൈവതിരുമുമ്പാകെ നിന്നെത്തന്നെ താഴ്ത്തുക. ആത്മരക്ഷയിൽ വലിയ ആസക്തിയും അക്ഷീണതരവും ഉദാരപൂർണ്ണവും ഉന്മേഷോൻമുഖവുമായ ശ്രദ്ധാന്തിയും ലഭിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— എല്ലാ ആത്മാവുകളേയും പ്രത്യേകമായി നമ്മുടെ സംരക്ഷണത്തിന്നേല്പിക്കപ്പെട്ടിരിക്കുന്ന ആത്മാവുകളേയും സംരക്ഷിക്കുന്നതിനു് ഇന്നുമുതൽ ശ്രദ്ധാന്തിപൂർവ്വം പരിശ്രമിക്കുക.

രണ്ടാം വകുപ്പു്

ആത്മാവു് ദൈവത്തിന്റെ തിരുരക്തത്തോളം വിലയുള്ളതാണു്.

ധ്യാനം:— ആദാമിന്റെ സ്വാമിദ്രോഹം നിമിത്തം ആയാളുടെ സന്തതികളായ നമ്മുടെ ആത്മാവുകൾ പിശാചിന്നടിമകളായിപ്പോയി. ക്രൂരവും നീചവുമായ ഈ ദാസ്യത്തിൽനിന്നു് അവയെ രക്ഷിച്ചു ദൈവമക്കളുടെ സ്വാതന്ത്ര്യം വീണ്ടും അവയ്ക്കു കൊടുക്കുന്നതിനും ദൈവവും മനുഷ്യനുമായ ഈശോയ്ക്കു മാത്രമെ കഴിഞ്ഞുള്ളൂ. ഈ മഹാ കൃപ ചെയ്യുന്നതിനു് അവിടുന്നു ചിത്തമാകയും ചെയ്തു. എന്നാൽ എങ്ങിനെ അഥവാ എന്തു കൊടുത്താകുന്നു അവിടുന്നു അവയെവീണ്ടെടുത്തതു്? മനുഷ്യാ, നിന്റെ ആത്മാവിന്റെ വില അറിയേണമെങ്കിൽ, അതിന്റെ പുനരുദ്ധാ

രണത്തിന്നായി ദൈവകുമാരൻ നൽകിയ വില എന്തെന്നു ചിന്തിക്കുക എന്നു വിശുദ്ധ അഗുസ്തീൻ പറയുന്നു. നശ്വരവും ഭൗമവുമായ വെള്ളിയൊ സ്വർണ്ണമൊ കൊടുത്തല്ല, വിലമതിക്കാൻ സാധിക്കാത്ത തന്റെ തിരുരക്തം കൊടുത്താണ് അവിടുന്നു, അതിനെ പുനരുദ്ധരിച്ചതു് എന്നു വി. പത്രോസ് രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ. (പത്രൊ. 1. 12, 19) എല്ലാക്കാര്യങ്ങളും എത്രയും സ്പഷ്ടമായും യഥാർത്ഥമായും അറിയുന്ന ഈശൊ തന്റെ തിരുരക്തം അവസാനത്തുള്ളിവരെ ചിന്തിയിട്ടും അതു് അധികമെന്നു വിചാരിക്കുന്നില്ല.

പ്രയോഗികചിന്ത.– നിന്റെ ആത്മരക്ഷയ്ക്കായി നീ എന്തുചെയ്യുന്നുണ്ടു്? ദൈവം കഴിഞ്ഞാൽ പിന്നെയുള്ള സകലകാര്യങ്ങൾക്കും മേലായും പ്രഥമവുംപ്രധാനവുമായും ഇതിനെ നീ വിചാരിച്ചു സ്നേഹിക്കുന്നുണ്ടൊ? നിന്റെ ആത്മാവിനെക്കാൾ ശരീരത്തെ, അഥവാ കീർത്തിയെ, അല്ലെ കായ്മയിനീ കരുതുന്നതു്? നിന്റെ കീർത്തിക്കു അല്പം ഭംഗംവരികയൊ ഹാനിതട്ടുകയൊചെയ്യുമ്പോൾ ഉടനെ നീ വ്യസനിക്കുകയും പരിഭ്രമിക്കുകയുംചെയ്യുന്നു. എന്നാൽ നിന്റെ കൗതുകാഗ്രഹവും ആത്മസംയമനത്തിലുള്ള അലക്ഷ്യവും ഹേതുവായി ആത്മാവിന്നു വന്നഭവിക്കുന്ന നിരവധിപാപമാലിന്യങ്ങളെക്കുറിച്ചു ചഞ്ചലവും ഉൽക്കണ്ഠയും ക്ലേശാതിരിക്കുന്നു! വിവിധശാസ്ത്രങ്ങളാൽ ബുദ്ധിയെ അലങ്കരിക്കുന്നതിന്നു നീ ബദ്ധശ്രദ്ധനായിരിക്കുന്നുണ്ടു്. പുണ്യയോഗ്യതകളാൽ ആത്മാവിനെ അലംകൃതമാക്കുന്നതിൽ നീ വളരെ ഉദാസീനനാണു്. ശരീരത്തിന്നു അല്പ വേദനയൊ രോഗമൊ ഉണ്ടായാൽ നീ ഉടനെ വൈദ്യനെ അന്വേഷിക്കയും വേണ്ടിവന്നാൽ കഠിനപഥ്യംക്രമേ അനുസരിക്കയും ചെയ്യുന്നു. എന്നാൽ ആത്മാവു ക്ഷീണിച്ചു വിവശമായി മരിപ്പാൻതക്ക സ്ഥിതിയിൽ ഇരുന്നാലും ആത്മികവൈദ്യന്റെ പക്കൽ അണയുന്നതിന്നും നല്ലതെന്നു് അനുഭവംകൊണ്ടു് അല്പമെങ്കിലും അറിഞ്ഞിട്ടുള്ള ഔഷധങ്ങളും പഥ്യവും നിശ്ചയിച്ചു തരുമ്പോൾ അനുസരിക്കുന്നതിന്നും നീ വൈമുഖ്യമാണു് പ്രദർശിപ്പിക്കുന്നതു്. ഇതു വലിയ ബുദ്ധിഹീനതയല്ലെ?

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാംകണ്ടു വിസ്മയിക്കുക. മേലിൽ നിന്നോടു വിശുദ്ധമായ ഒരു കോപത്തോടെ വർത്തിക്കു

ക. നിന്റെ അന്ധതയെ വിനയപൂർവ്വം അനുസരിച്ചു പറഞ്ഞു ദൈവകൃപയപേക്ഷിക്കുക.

പ്രതിജ്ഞ:— ഇന്നുമുതൽ കുറഞ്ഞപക്ഷം എന്റെശാരീരിക കാര്യങ്ങളിലുള്ളിടത്തോളമെങ്കിലും സൂക്ഷം എന്റെ ആത്മാവിന്റെ കാര്യങ്ങളിലുണ്ടാകുവാൻ ഞാൻ ശ്രമിക്കും.

മൂന്നാം വകുപ്പ്

നമ്മുടെ ആത്മാവു ഒരുവിധത്തിൽ ദൈവത്തെപ്പോലെ വിലയുള്ളതാണ്

ധ്യാനം:— ആത്മാവു ഒരുവിധത്തിൽ ദൈവത്തെപ്പോലെ വിലയുള്ളതാണു്. നമ്മുടെ ആത്മാവു ദൈവത്തിന്റെ ഒരു ശ്വാസമാകുന്നു. അവന്റെ മുഖത്തിൽ ജീവന്റെ ശ്വാസം ഊതി: മനുഷ്യൻ ജീവാത്മാവുള്ളവനായിത്തീർന്നു. (ഉല്പത്തി. 2. 2, 7) 2. ദൈവം നമ്മുടെ ആത്മാവിനെ തന്റെ ഛായയായി സൃഷ്ടിച്ചു. അതിനാൽ പ്രസ്തുത ആത്മാവു ഭൂമിയിൽ ദൈവത്തിന്റെ സജീവ ഛായയായിരിക്കുന്നു. 3. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ ഈ ആത്മാവിനുവേണ്ടി തന്നെത്തന്നെ ഹോമിക്കയുണ്ടായി. അവിടുന്നു് എനിക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു. എന്നു വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു. (ഗാല. 2. 20) 4. ഞാൻ തന്നെയാകുന്ന നിന്റെ ഏറ്റവും വലിയ പ്രതിസമ്മാനം എന്നു് അവിടുന്നു അരുളിച്ചെയ്തിരിക്കുന്നു. തന്നുസരണം ഈ ആത്മാവിനുള്ള പ്രതിഫലവും ബഹുമതിയും ദൈവം തന്നെയാണു്.

പ്രായോഗികചിന്ത:— ഇപ്രകാരം അതിശ്രേഷ്ഠവും ഉന്നതവുമായ ന്യായങ്ങളാൽ തങ്ങളുടെ ആത്മരക്ഷയ്ക്കും വിശുദ്ധീകരണത്തിനുമായി എത്രയധികം പ്രയത്നിച്ചാലും എത്രയധികം പീഡകളും സഹിച്ചാലും അവയൊന്നും തെല്ലും മാരമായി വിശുദ്ധർക്കു തോന്നിയിരുന്നില്ല. നാമും അവരെ അനുകരിക്കുന്നപക്ഷം മരണസമയത്തു മനോഹരമായ പ്രതീക്ഷയോടുകൂടെ നമ്മുടെ ആത്മാവിനെ സൃഷ്ടാവിനു സമർപ്പിക്കാം. നമ്മുടെ ജീവരക്ഷകൻ കുരിശിൽ മരിക്കയിൽ പിതാവേ, നിന്റെ തൃക്കൈകളിൽ ഞാൻ എന്റെആത്മാവിനെ ഏല്പിക്കുന്നു. (ലൂക്കാ. 23,

44) എന്നു പറഞ്ഞതു നാം അനുദിനം അനുസ്മരിച്ചുകൊണ്ട് അതിനിടയാകത്തക്കവിധം ജീവിതം നയിക്കുക.

സംതോഷണം:— നിന്റെ കാവൽദൂതനോടു സംതോഷണം ചെയ്യുക.

ആഗസ്റ്റ് ഇരുപത്തിനാലാംതിയ്യതി

ഈശോ ഗലിയായിലേയ്ക്കു മടങ്ങിവരുന്നു. ജന്മനാ ബധിരനും മൂകനുമായ ഒരുവനെ സുഖപ്പെടുത്തുന്നു.

പ്രാരംഭം 1. ബധിരനും മൂകനുമായ ഒരുവൻ ഒരു ഭിക്ഷുവിനെപ്പോലെ ഈശോയുടെ സന്നിധിയിൽ നില്ക്കുന്നതു് ആത്മനാ ദർശിക്കുക.

2. ആത്മികബധിരതാത്തിലും മൂകതാത്തിലും അകപ്പെടാതിരിപ്പാനും,അവ നിനക്കുള്ളപക്ഷം അതിൽനിന്നു നിന്നെ രക്ഷിപ്പാനും ഈശോയോടു പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ ഫെനീച്ചിയായിൽനിന്നു ഗലിലേയയിലേക്കുപോകുന്നു.

ധ്യാനം:— മേൽപ്രസ്താവിച്ചവിധം കാനാൻകാരി സ്ത്രീയുമായുണ്ടായ സംതോഷണംകഴിഞ്ഞു് ഈശോ വീണ്ടും, തീത്രസിന്റെ പരിധികളിൽനിന്നു പുറപ്പെട്ടു സീദോൻവഴി ഡെക്കാപ്പോലീസ് പ്രദേശത്തിന്റെ മദ്ധ്യത്തിലുള്ള ഗലിലേയയിലെ കടൽത്തീരത്തുചെന്നു. (മാക്കു. 7, 31) ഫെനീച്ചിയായിൽ മറ്റുള്ളതുപോലെ പ്രവർത്തിക്കയൊ മാനസാന്തരപ്പെടുത്തുകയൊ ചെയ്തതായി സുവിശേഷകൻ പ്രസ്താവിക്കുന്നില്ല. അതിനാൽ നമ്മുടെ ദിവ്യരക്ഷകൻ ആ വിജാതീയസ്ത്രീയെ പ്രതിമാത്രമായിരുന്നു അവിടേക്കുപോയതെന്നു നാം അനുമാനിക്കേണ്ടിയിരിക്കുന്നു. അതായതു്, അടുത്തതരമായുണ്ടാകുന്ന മൈവികനിവേശനങ്ങൾ അനുസരിച്ചു വർത്തിക്കുന്നതിൽ അവൾ

പ്രദർശിപ്പിച്ച തീക്ഷ്ണമായ വിശ്വസ്തതയ്ക്കു പ്രതിഫലമായി അവളെ രക്ഷാമാർഗ്ഗത്തിലേയ്ക്കു് ആനയിക്കുന്നതിനും, അവളുടെ മകളിൽ ചെയ്യപ്പെട്ട അത്ഭുതസംഭവം വഴിയായി അവർക്കു സത്യദൈവത്തെ അറിഞ്ഞു വിശ്വസിക്കുന്നതിന്നിടവരുത്തുന്നതിനും മാത്രമായിരുന്നു. വേറൊരുവാക്കിൽ പറഞ്ഞാൽ ഒരാത്മാവിനെ സ്വർഗ്ഗീയപാതയിലേയ്ക്കു് ആനയിക്കുന്നതിനുവേണ്ടി ആയിരുന്നു.

പ്രായോഗികചിന്ത:— നമ്മുടെ പ്രയത്നങ്ങളുടെ എല്ലാം ഫലമായി ഒരാത്മാവുമാത്രമെ രക്ഷപ്പെടുന്നുള്ളു എന്നുവന്നാൽ തന്നെയും അതു നമ്മുടെ പ്രയത്നങ്ങൾക്കു ധാരാളമായ പ്രതിഫലമാണെന്നു വിശ്വസിക്കുവാൻ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നു. തന്റെ ക്ഷമാപൂർവ്വമായപരിചരണംകൊണ്ടു് ഒരു രോഗിയെ മാത്രം ആശ്വസിപ്പിക്കുവാനെ സാധിച്ചുള്ളു എന്നുകാണുന്ന സന്ന്യാസസഹോദരനും, തന്റെ നിരന്തരമായ പ്രയത്നംകൊണ്ടു് ഒരുവനെമാത്രം പഠിപ്പിക്കുവാനെ സന്ദർഭം കിട്ടിയുള്ളു എന്നുകാണുന്ന ഉപാദ്ധ്യായനും, ക്ലേശപൂർണ്ണമായ പ്രയാണങ്ങളുടെയും പ്രസംഗങ്ങളുടെയുംശേഷം രണ്ടോ മൂന്നോ ആത്മാവുകളെ മാത്രമെ രക്ഷിക്കുവാൻ ഇടയായുള്ളുഎന്ന നിലയിരിക്കുന്ന പ്രേഷിതജോലിക്കാരനും ഈ വിചാരം എത്രയോ ആശ്വാസപ്രദമാണു്. ജോലി വലുതോ ചെറുതോ ഏതുതരത്തിൽപ്പെട്ടതായിരുന്നാലും നമുക്കുണ്ടാകേണ്ട ശ്രദ്ധാന്തിക്കും സഹോദരസ്നേഹത്തിനും ഒട്ടും കുറവുണ്ടാകേണ്ടതില്ലെന്നും നമ്മുടെ കർത്താവു ഇതിനാൽ പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അപ്രധാനമായ ജോലിക്കും കീഴ്വഴക്കംനിമിത്തം മഹൽകൃത്യങ്ങളെപ്പോലെയുള്ള പുണ്യയോഗ്യതതന്നെ സിദ്ധിക്കുന്നു. ഈ സത്യം നീ വിശ്വസിക്കുന്നുണ്ടു്, എന്നാൽ നിന്റെ പ്രവൃത്തി അതിന്നനുസരണമാണോ എന്നു പരിശോധിച്ചുനോക്കുക. കീഴ്വഴക്കം നിന്നെ കടപ്പെട്ടുത്തുന്ന ഏതുതരം ജോലികൾക്കും സ്ഥലകാലസാഹചര്യങ്ങൾക്കും നീ ഒരുപോലെ സന്നദ്ധനാണോ? നീ മഹത്തരമായ ജോലികളും ബഹുമതിയുള്ള സ്ഥാനങ്ങളും വഹിക്കുന്നതിൽതല്പരനും താണതരം ജോലികളും സ്ഥാനങ്ങളും വഹിക്കുന്നതിൽ വിമുഖനും ആയി കാണപ്പെടുന്നില്ലേ? ഇതിനു കാരണമെന്തു് എന്നാലോചിച്ചുനോക്കുക. ദൈവസ്തുതിയെക്കുറിച്ചുള്ള ശ്രദ്ധാന്തിയല്ല, നിന്റെ സ്വന്ത സ്തുതിയെക്കുറിച്ചുള്ള

വ്യത്യാഭിലാഷമാണു് നിന്നെ പ്രേരിപ്പിക്കുന്നതെന്നു് വിചാരിക്കുവാൻ ന്യായമില്ലെ? നിന്റെ മനസ്സാക്ഷിയെ നന്നായി പരിശോധിച്ചുനോക്കുക. എന്നാൽ ഇതു കാണാതിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:– ഇവയെല്ലാംകണ്ടു ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— സകലത്തിലും ദൈവത്തേയും അങ്ങേ തിരുച്ചിത്തത്തേയും അനുവർത്തിക്കുക.

രണ്ടാം വകുപ്പു്

ബധിരനും മൂകനുമായ ഒരുവനെ ഈശോ സുഖപ്പെടുത്തുന്നു.

ധ്യാനം:– ഈശോ ഗലിലേയായിൽ പ്രവേശിച്ചുടനെ ചെകിടനും മൂകനുമായ ഒരുവനെ ചിലർ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. അവന്റെമേൽ കൈവയ്ക്കണമെന്നു് അവർ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. അദ്ദേഹം ജനസമുദായത്തിൽ നിന്നു അവനെ തനിച്ചുകൊണ്ടുപോയി തന്റെ വിരലുകളെ അവന്റെ ചെവിയിൽ ഇട്ടു. (വിരലിന്മേൽ) തുപ്പിക്കൊണ്ടു അവന്റെ നാവിനെ തൊട്ടു. പിന്നെഅദ്ദേഹം ആകാശത്തിലേക്കുനോക്കി നെടുവീർപ്പിട്ടു, അനന്തരം എഫേഥാ, അതായതു: തുറക്കപ്പെടട്ടെ, എന്നു അവനോടു പറഞ്ഞു; തൽക്ഷണം അവന്റെ ചെവികൾ തുറക്കപ്പെട്ടു. നാവിന്റെ ബന്ധവുമഴിഞ്ഞു. അവൻ ശരിയായി സംസാരിക്കുകയും ചെയ്തു. (മാർക്കൊ. 7. 32, 35)

പ്രായോഗികചിന്ത:— സുവിശേഷത്തിലെ ഈ സംഭവം അനേകകാര്യങ്ങൾ നമ്മുടെ മാനുഷികദുഷ്ടികൾക്കു വിധേയമായി വിപ്പിക്കുന്നുണ്ടു്. അവയിൽ ഓരോരോഗത്തെപ്പറ്റിയും വിചിന്തനംചെയ്യുക. എന്നാൽ അവയിൽ അന്തർവേഷിച്ചിരിക്കുന്ന ഉൽകൃഷ്ടങ്ങളായ പ്രബോധനങ്ങൾ സ്പഷ്ടമായിക്കാണാം. ആദ്യം തന്നെ ഇവിടെ പറയുന്ന ആളുകളുടെ സ്ഥിതിനോക്കുക. അവർ നാനാരോഗങ്ങളിൽനിന്നും ഈശോയുടെ അടുക്കൽ ഓടിവരുന്നു. അവിടുത്തെ വിട്ടുപിരിയുന്നതു സങ്കടമെന്നോണം അവിടുത്തെ അടുക്കൽ നില്ക്കുന്നു. നിന്റെസ്ഥിതി എന്താണു്? ദൈവാലയത്തിൽ പോയി ഈശോയെ ആരാധിക്കുന്നതിനു നീ എത്ര ഉദാസീനനാണു്! പോയാൽതന്നെയും വേഗത്തിൽ അവിടെനിന്നു

പുറപ്പെട്ടുന്നതിനു് എത്ര ബദ്ധപ്പാടാണു കാണിക്കുന്നതു്? 2. ഈശോയെ ആത്മികളഷ്ടാ വീക്ഷിക്കുക. അവിടുത്തെ തിരുമുഖത്തിലും ശരീരഭാവത്തിലും മഹിമയും, വിശുദ്ധിയും, അവണ്ണനീയമാധുര്യവും പരിശോഭിക്കുന്നു. ഗൗരവമില്ലാത്തതും ഗർവ്വത്തോടുകൂടിയതുമായ നിന്റെ ഭാവവും പ്രവൃത്തികളും ഇതിനു നേരെ വിപരീതമല്ലയോ? 3. ചെകിടനും മൂകനുമായ ആ രോഗിയെ നോക്കുക. അവന്റെ ആഭ്യന്തരസ്നേഹത്തിന്റേയും, മനോവിശ്വാസത്തിന്റേയും വികാരങ്ങളെ നോട്ടംകൊണ്ടു മാത്രമെ പ്രത്യക്ഷപ്പെടുത്തുവാൻ അവനു സാധിക്കുന്നുള്ളു. അതു അവൻ ചെയ്യുന്നുമുണ്ടു്. അവന്റെ ഹൃദയവികാരങ്ങളെ അറിഞ്ഞിരിക്കുന്ന ഈശോ അതുകണ്ടു് അവനോടു കരുണാപൂർവ്വം വർത്തിക്കുകയുംചെയ്യുന്നു. ക്ലേശിതരൂപത്തെ ആർദ്രതയോടും സ്നേഹത്തോടുംകൂടെ നീ നോക്കുക. ഇതുകൊണ്ടു നിന്റെമേൽ അനേകം ദൈവാനുഗ്രഹങ്ങളും ഉണ്ടാകാതിരിക്കയില്ല. എന്നാൽ അതിനു നീ ഉദാസീനതയല്ലെ കാണിക്കുന്നതു്? ഈശോയുടെ പ്രവൃത്തികളെക്കുറിച്ചും ഗാഢമായി ചിന്തിക്കുക. അവ ദിവ്യരഹസ്യങ്ങളും ഉത്തമപാഠങ്ങളുംകൊണ്ടു സമൃദ്ധങ്ങളാണു്. അനാഥരിൽനിന്നുള്ള സ്തുതി ആഗ്രഹിച്ചു നാം ഒന്നും ചെയ്യരുതെന്നു കാണിപ്പാനായി അവിടുന്നു് അവനെ പുരുഷാരത്തിൽനിന്നു തനിച്ചുകൊണ്ടുപോകുന്നു. അവിടുത്തെ വിരലുകളെ അവന്റെ ചെവിയിൽ ഇടുകയും അവിടുത്തെ ഉമിനീർ അവന്റെ നാവിൽ തൊടുകയും, സ്വർഗ്ഗത്തിലേക്കുനോക്കി ദീർഘനിശ്വാസം വിട്ടുകൊണ്ടു, തുറക്കപ്പെടുക എന്നു കല്പിക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മികമായി ബധിരരും മൂകരുമായിരിക്കുന്നവരെ സുഖപ്പെടുത്തുക ഉസ്സാധമാണെന്നു നാം ഇതിൽനിന്നു മനസ്സിലാക്കണം. ഇതു നമ്മുടെ സ്വന്തം ശക്തികൊണ്ടു സാധിക്കുന്നതുമല്ല. ഈ അനുഗ്രഹം പ്രാപിക്കേണമെങ്കിൽ ശുശ്രൂഷിയോടും വിനയത്തോടുംകൂടെ നിരന്തരം പ്രാർത്ഥിക്കുകയാണുവേണ്ടതു്. നിന്റെ ദിവ്യരക്ഷകന്റെ ഈ പഠനങ്ങൾകൊണ്ടു നീ എന്തു പ്രയോജനം വരുത്തിയിട്ടുണ്ടു്?

ഈ ധ്യാനത്തിൽ നിനക്കുണ്ടായിട്ടുള്ള ഹൃദയവികാരങ്ങൾക്കനുസരണമായ സ്നേഹപ്രകരണങ്ങളും പ്രതിജ്ഞകളും ചെയ്യുക.

മൂന്നാംവകുപ്പു

എല്ലാവരും അത്ഭുതപരതന്ത്രരായി ഈശോയെ സ്തുതിക്കുന്നു.

ധ്യാനം:— ചെകിടനും മൂകനുമായിരുന്നവനെ സുഖപ്പെടുത്തിയതും ആ ദിവസത്തിൽതന്നെ അങ്ങേക്കരുണയാൽ ചെയ്ത മറനവധി വിസ്മയകര രോഗശമനങ്ങളും കണ്ടവരെല്ലാം ഈശോയെക്കുറിച്ചു വിസ്മയിക്കുകയും, ഇവൻ എല്ലാം നന്നായി ചെയ്തു എന്നു പറകയുംചെയ്തു.

പ്രായോഗികചിന്ത:— "എല്ലാം നന്നായി ചെയ്തു" എന്ന വാക്യം നമ്മുടെ ശവകുടീരങ്ങളിൽ രേഖപ്പെടുത്തുവാൻ തക്ക വിധം നാം വ്യാപരിച്ചിരുന്നാൽ നാം എത്ര ഭാഗ്യവാന്മാരായിരിക്കും! നമ്മുടെ കടമകളും തീക്ഷ്ണതയോടും പരിശുദ്ധ നിയോഗത്തോടും ദൈവതിരുച്ചിത്തത്തിന്നൊത്തവിധത്തിലും നിവ്വഹിക്കുന്നതായാൽ നാം ചെയ്യുന്നവ ദൈവതിരുമുമ്പാകെ നന്നായി ചെയ്തു എന്നുപറയാം. നിയമാനുസരണവും അനുക്ഷണസുകൃതമാതൃകയുമാകത്തക്കവിധത്തിലും വർത്തിച്ചുവന്നാൽ മനുഷ്യരുടെ മുമ്പാകെയും നാം നന്നായിച്ചെയ്തു എന്നു പറയാം. ഈ നല്ല സാക്ഷ്യങ്ങളും ഉണ്ടാകുന്നതിന്നു വേണ്ടമാർഗ്ഗങ്ങളിൽ ഒന്നും ഉപേക്ഷിച്ചു കളയാതിരിപ്പാൻ ശ്രമിക്കുക.

സംതോഷണം:— ഇന്നു തിരുസ്സഭ തിരുനാൾ ആചരിക്കുന്ന വിശുദ്ധ ബർത്തലൂമ്മൈ അപ്പോസ്തോലനോടു സംതോഷണം ചെയ്യുക.

ഇരുപത്തി അഞ്ചാം തിയ്യതി

രണ്ടാംപ്രാവശ്യം അപ്പം വർദ്ധിപ്പിക്കുന്നു.

പ്രാരംഭം 1. ഏഴപ്പംകൊണ്ടു തൃപ്തിയാകത്തക്കവിധം ഭക്ഷിച്ച നാലായിരം ജനങ്ങളും പന്തിയായി ഇരിക്കുന്നതു് ആത്മനാ ദർശിക്കുക.

2. വിശ്വാസം, പ്രത്യാശ, ദൈവസ്നേഹം എന്നപുണ്യങ്ങളും നിന്നിൽ വർദ്ധിപ്പിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈ അത്ഭുതത്തിനുള്ള കാരണം.

ധ്യാനം:— ഏതാനും മാസങ്ങൾക്കുമുമ്പു അപ്പം വർദ്ധിപ്പിക്കുന്നതിനു കാരണം എന്തായിരുന്നോ അതുതന്നെയാണു ഇപ്പോഴത്തെയും കാരണം. ഇതിനെക്കുറിച്ചു വിശുദ്ധ മാർക്കൂസ് ഇങ്ങിനെ എഴുതിയിരിക്കുന്നു: ആ ദിവസങ്ങളിൽ പുരുഷാരം വീണ്ടും വളരെ വർദ്ധിച്ചു. അവർക്കു ഭക്ഷിപ്പാൻ ഒന്നുമുണ്ടായിരുന്നുമില്ല. അപ്പോൾ അവിടുന്നു ശിഷ്യന്മാരെ വിളിച്ചുകൂട്ടി അവരോടു് ഇങ്ങനെ അരുളിച്ചെയ്തു: ഈ ജനാവലിയോടു് എനിക്കു് അനുകമ്പതോന്നുന്നു. എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഇതാ മൂന്നു ദിവസമായി അവർ എന്നോടുകൂടെ താമസിക്കുന്നു. അവർക്കു ഭക്ഷിപ്പാൻ ഒന്നുമില്ല. അവരെ പട്ടിണിയായി സ്വഗൃഹത്തിലേക്കു ഞാൻ പിരിച്ചുവിട്ടാൽ അവർ വഴിയിൽ തളർന്നുപോകും; എന്തുകൊണ്ടെന്നാൽ അവരിൽ ചിലർ ദൂരത്തുനിന്നാണു് വന്നിരിക്കുന്നതു്. അപ്പോൾ സ്വശിഷ്യന്മാർ അവിടുത്തോടു: ഇവിടെ, ഈ മരുഭൂമിയിൽവച്ചു, ഇവരെ അപ്പംകൊണ്ടു തൃപ്തിപ്പെടുത്തുവാൻ ആർക്കു സാധിക്കും? അവിടുന്നു് അവരോടു: നിങ്ങളുടെവശം എത്ര അപ്പം ഉണ്ടു് എന്നു ചോദിച്ചു. ഏഴു് എന്നു അവർ പറഞ്ഞു. അപ്പോൾ ജനാവലിയോടു നിലത്തിരിക്കുവാൻ അദ്ദേഹം കല്പിച്ചു. പിന്നെ ആ ഏഴപ്പം എടുത്തു സ്തോത്രം ചെയ്തിട്ടു മുറിച്ചു, വിളമ്പുവാനായി തന്റെ ശിഷ്യന്മാർ വശം കൊടുത്തു. അവർ ജനത്തിനു വിളമ്പി. ഏതാനും ചെറുമത്സ്യങ്ങളും ഉണ്ടായിരുന്നു. അവയെയും അവിടുന്നു ആശീർവ്വദിച്ചിട്ടു വിളമ്പുവാൻ കല്പിച്ചു. (ജനങ്ങൾ ഭക്ഷിച്ചു തൃപ്തിയടഞ്ഞു ശേഷിച്ച കഷണങ്ങളും ഏഴുകൊട്ട (നിറച്ചു) എടുത്തു. (മാർക്ക. 8. 1—9) ഭക്ഷണം കഴിച്ചവർ സ്ത്രീകളും കുട്ടികളും ഒഴികെ ഉദ്ദേശം നാലായിരം പേരായിരുന്നു. (മത്തേ. 15. 38.)

പ്രായോഗികചിന്ത:— മുകളിൽ പറഞ്ഞിട്ടുള്ളവ നമുക്കു എത്ര വലിയ ആശ്വാസവും ധൈര്യവുമാണു നൽകുന്നതു്! "ഈ പുരുഷാരത്തെക്കുറിച്ചു എനിക്കു് അനുകമ്പതോന്നുന്നു" എന്നു് അവിടുന്നു പറയുന്നു. ഈശോയുടെ തിരുഹൃദയം നമുക്കു ഓരോ സമയങ്ങളിൽ ആവശ്യമായ ആത്മശരീരാവശ്യങ്ങളെക്കുറിച്ചു്

എത്രയധികം വിചാരവും അനുകമ്പയും കാണിക്കുന്നെന്നു നോക്കുക. ആത്മികവും ശാരീരികവുമായി നമുക്കുണ്ടാകുന്ന ദുഃഖങ്ങളിലും അരിഷ്ടതകളിലും അവിടുത്തെ അനുകമ്പയെ നാം അനുസ്മരിക്കുന്നതു ക്ഷമയും ധൈര്യവും നമ്മിൽ ഉജ്ജീവിക്കുന്നതിന്നു് എത്ര നല്ലമാർഗ്ഗമാണു്. ഇവർ മൂന്നുദിവസമായി എന്നെ വിട്ടുപിരിയാതിരിക്കുന്നു എന്നു് പറയുന്നു. നാം അവിടുത്തെ ശുശ്രൂഷയ്ക്കായി ചെലവഴിക്കുന്ന ദിവസങ്ങളും ക്ഷണങ്ങളും ക്രൂടെ അവിടുന്നു വളരെ ഖണ്ഡിതമായി സൂക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നല്ലെ ഇതിൽനിന്നു വിശദമാക്കുന്നതു്? അവരിൽ ചിലർ ദൂരത്തുനിന്നുവന്നവരാണു് എന്നു പ്രത്യേകം പറയുന്നു. അവിടുത്തെ ശുശ്രൂഷയിൽ നാം സഹിക്കേണ്ടിവരുന്ന കഷ്ടങ്ങളും അതിന്റെ പരിമാണവും എല്ലാം അവിടുന്നു സൂക്ഷിക്കുന്നുണ്ടു്. നമുക്കു പ്രതിസമ്മാനം നൽകുന്നതിന്നായി ഇവയൊക്കയും അവിടുന്നു തരംതിരിച്ചുകൊണ്ടുമിരിക്കുന്നു. അവരെ പട്ടിണിയായി തങ്ങളുടെ വീട്ടിലേക്കു വിട്ടയച്ചാൽ അവർ വഴിയിൽ തളർന്നുപോകും എന്നുക്രൂടെ പറയുന്നു. അഹോ! നമ്മെക്കുറിച്ചു അവിടുത്തേയ്ക്കുള്ള താല്പര്യം എത്ര വിപുലമാണു്! ഭാവിയിൽ നമുക്കു സംഭവിക്കാനിരിക്കുന്നവയെക്കുറിച്ചു ക്രൂടെ അവിടുന്നു ഉൽക്കണ്ഠാപൂർവ്വം ആലോചിക്കുന്നു! ഭാവിയെപ്പറ്റിയുള്ള ചിന്തയാൽ പലപ്പോഴും നാം ഭയപ്പെടുകയും വിചാരമഗ്നരാകുകയും ചെയ്യുന്നില്ലേ? നമ്മുടെ ഭാവി—നമുക്കു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളും നാം അകപ്പെടുവാനിരിക്കുന്ന ആപത്തുകളും നമുക്കു ആവശ്യമായ സഹായനന്മകളും മറന്നിട്ടുപോലെയുള്ളവയെല്ലാം—അവിടുത്തെ ദൃഷ്ടിയിൽ സുസ്പഷ്ടമാണു്. എപ്പോഴും നമ്മെ പരിപാലിക്കുന്നതിന്നും വേണ്ടിവന്നാൽ അത്ഭുതംചെയ്യുന്നതിന്നും ഒരുങ്ങിയാണു് അവിടുന്നിരിക്കുന്നതു്. ഇവിടെ പ്രസ്താവിച്ച അത്ഭുതം ഇതിന്നു് ദൃഷ്ടാന്തമല്ലയോ?

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാം ഓർത്തു വിസ്മയിക്കുക. അവിടുത്തെ വാഴ്ത്തിസ്തുതിക്കുക. അവിടുത്തോടു കൃതജ്ഞതയും മനോവിശ്വാസവും ഉള്ളവരായിരിക്കുക.

പ്രതിജ്ഞ:— ഈശോയുടെ തിരുഹൃദയത്തിൽ ആശ്വാസവും ആദരവും തേടുക.

രണ്ടാംവകുപ്പു

ഈ അത്ഭുതത്തിന്റെ ആദ്ധ്യാത്മികാർത്ഥം.

ഈശോ വെവ്വേറെ സമയങ്ങളിലായി രണ്ടു പ്രാവശ്യം അപ്പം വർദ്ധിപ്പിച്ചതിൽ അനേകം ആദ്ധ്യാത്മികാർത്ഥങ്ങൾ അന്തർഭവിച്ചിട്ടുണ്ട് എന്നാണ് വ്യാഖ്യാതാക്കളുടെ അഭിപ്രായം. പഴയനിയമത്തിനും പുതിയനിയമത്തിനും, യഹൂദമതത്തിനും ക്രിസ്തുമതത്തിനും, തമ്മിലുള്ള സാദൃശ്യത്തെ ഈ അത്ഭുതങ്ങളാൽവർണ്ണിച്ചുകൊണ്ട് പുതിയനിയമമായ തിരുസ്സഭ പഴയനിയമമായ യഹൂദമതത്തെക്കാൾ ശ്രേഷ്ഠമാണെന്നു വ്യക്തമാക്കുന്നു. ആദ്യത്തെ അത്ഭുതത്തിൽ പന്തിയിലിരുന്ന അയ്യായിരം പേർ അഞ്ചു് ആഗമങ്ങളിലായി പഴയനിയമങ്ങൾ അടക്കിയിരിക്കുന്ന പെന്താത്തേവൂസ് പുസ്തകത്തിനും, രണ്ടാമത്തെ അത്ഭുതത്തിൽ പന്തിയിലിരുന്ന നാലായിരംപേർ പുതിയനിയമത്തിനും ഈ നിയമങ്ങൾ അടക്കിയ നാലുസുവിശേഷങ്ങൾക്കും സദൃശരാണു്. ആദ്യത്തെ അത്ഭുതത്തിൽ ജനങ്ങൾ ക്ഷീണിച്ചു തൃപ്തരായതുകൊണ്ടു അവർ ഈശോയെ അന്വേഷിച്ചിരുന്നു എന്നുപറയുന്നു. രണ്ടാമത്തേതിൽ ഇപ്രകാരമുള്ളവയൊന്നും കാണുന്നില്ല. അതിനാൽ ക്രിസ്ത്യാനികൾ ആദ്ധ്യാത്മികജീവിതം നയിക്കയും ലൌകികവസ്തുക്കളിൽ ഒന്നിനേയും സ്നേഹിക്കാതെ ദൈവത്തിലും ദൈവകാര്യങ്ങളിലും എപ്പോഴും ശ്രദ്ധപതിച്ചിരിക്കയും ചെയ്യേണ്ടതാണെന്നു് അനുസ്മരിപ്പിക്കുന്നു. ആദ്യത്തെ അത്ഭുതത്തിൽ വാൽകോതമ്പുകൊണ്ടുള്ള അപ്പമായിരുന്നു; ഇതു് അടിമകൾക്കുള്ള ക്ഷേണമത്രെ. രണ്ടാമത്തേതിൽ നല്ലകോതമ്പുകൊണ്ടുള്ള അപ്പമായിരുന്നു. ഇതു മക്കൾക്കുള്ള ക്ഷേണമാണു. ആദ്യത്തെ അത്ഭുതത്തിൽ പന്ത്രണ്ടുകൊട്ട നിറച്ചു കഷണങ്ങൾ എടുത്തു. ഇതു പഴയനിയമത്തിലെ പന്ത്രണ്ടു ഗോത്രപിതാക്കളെ അനുസ്മരിപ്പിക്കുന്നു. രണ്ടാമത്തേതിൽ ഏഴുകൊട്ട കഷണങ്ങളാണു് ഉണ്ടായിരുന്നതു്. ഇവ പരിശുദ്ധ അരൂപിയുടെ ഏഴാനങ്ങളെയും വിശിഷ്യ ആദ്ധ്യാത്മികസംരക്ഷണത്തിന്നായി നമുക്കു നിയമിക്കപ്പെട്ടിരിക്കുന്ന ഏഴു ക്രമങ്ങളേയും വിവക്ഷിക്കുന്നു.

പ്രായോഗികചിന്ത:— ഈ ഇരുനിയമങ്ങളിലും ദൈവജ്ഞാനം മനുഷ്യരെ പരിപാലിക്കുന്നവിധം കണ്ടു വിസ്മയിക്കു

ക. നാം പുതിയനിയമത്തിന്റെ കാലത്തു ജനിക്കാനും ഇതു വഴിയായി യഹൂദന്മാരേക്കാൾ മഹത്വമുള്ളവരാകുവാനും കൃപ നൽകിയതിനേക്കുറിച്ചു ദൈവത്തിന്നു സ്തോത്രംചെയ്യുക. യഹൂദന്മാരിൽ ഉണ്ടായിരുന്നതു സത്യത്തിന്റെ നിഴലായിരുന്നു. നമ്മിൽ നിഴലല്ല സത്യംതന്നെയുണ്ടു്. ജഡം ധരിച്ച ദൈവവചനം നമ്മോടുകൂടെ ഉണ്ടായിരിക്കുന്നു. അവരിലൊ അവിടുത്തെക്കുറിച്ചുള്ള വാഗ്ദാനം മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടുത്തെ തിരുശ്ശരീരവും രക്തവുംകൊണ്ടു നാം പരിപോഷിപ്പിക്കപ്പെട്ടവരുന്നു. അവക്കാവട്ടെ ഇതിന്റെ സാദൃശ്യമായിരുന്ന മന്നാ മാത്രമേ ലഭിച്ചിരുന്നുള്ളു. ഇങ്ങിനെ നമുക്കു അവരെക്കാൾ വിപുലവും ബഹുലവും പ്രയോജനപ്രദവുമായവ ലഭിച്ചതിനെക്കുറിച്ചു സന്തോഷിക്കുക. എന്നാൽ ഉൽകൃഷ്ടമായ ജീവിതം ഹൃദയവിശുദ്ധി എന്നിവ ദൈവം നിന്നിൽനിന്നാവശ്യപ്പെടുന്നുണ്ടെന്നുള്ളതു നീ വിസ്മരിച്ചുകളയരുതു്. ഇതു പ്രാപിക്കാൻ നീ ശ്രമിക്കുന്നുണ്ടോ?

സംതോഷണം:— കരുണാനിധിയായ നമ്മുടെ ദിവ്യരക്ഷകനോടു സംതോഷണംചെയ്യുക. അവിടുന്നു് ഔദാര്യമായി നമുക്കു ചെയ്തുള്ളിയ നന്മയുപകാരങ്ങളെക്കുറിച്ചും നമുക്കായി നിരന്തരം ചെയ്തുവരുന്ന അത്ഭുതങ്ങളെക്കുറിച്ചും കൃതജ്ഞത പറയുക. ദൈവസ്നേഹത്തിൽ നിന്നെ സ്ഥിരപ്പെടുത്തി മനോശരണത്താലും ആത്മികസന്തോഷത്താലും നിന്റെ ഹൃദയത്തെ പരിപൂർണ്ണമാക്കുവാൻ പ്രാർത്ഥിക്കുക. അഥവാ ഇന്നു തിരുസ്സഭ തിരുനാൾ ആചരിക്കുന്ന പ്രഞ്ചുരാജാവായ വി. ലൂയിസിനോടു സംതോഷണംചെയ്യുക.

ആഗസ്റ്റ് ഇരുപത്താറാം തിയ്യതി.

ഈശോ മഗ്ദലൻനഗരത്തിലേയ്ക്കു ചെല്ലുന്നു.

അവിടെ ഫരിസേയരും സദ്ദുക്കേയരും അവിടുത്തെ പരീക്ഷിക്കുന്നു.

പ്രാരംഭം 1. ഈശോ ഫരിസേയരോടും ഉപദേഷ്ടാക്കന്മാരോടും സംസാരിച്ചുകൊണ്ടിരിക്കുന്നതു് ആത്മനാ ദർശിക്കുക.

2. സത്യത്തിന്റെയും നിഷ്കപടതയുടെയും വാസന ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ പടവിൽ കയറി മഗ്ദലാനിൽ പ്രവേശിക്കുന്നു.

ധ്യാനം:— ഈശോ രണ്ടാംപ്രാവശ്യം അപ്പം വർദ്ധിപ്പിച്ചുകഴിഞ്ഞ ഉടനെ ജനങ്ങളെ പറഞ്ഞയച്ചുകൊണ്ടു തന്റെ ശിഷ്യരോടുകൂടെ പടവിൽ കയറി ഗലീലേയക്കടൽ കടന്നു മഗ്ദലാനിലേക്കു ചെന്നു. ഈശോ അങ്ങുമിങ്ങും സഞ്ചരിച്ചതു ചിന്തിക്കുമ്പോൾ യൂദേയദേശത്തിലുള്ള ചെറുഗ്രാമങ്ങളിൽകൂടെയും തന്റെ ദിവ്യപ്രബോധനം പ്രചരിക്കാൻ അവിടുന്നാഗ്രഹിച്ചിരുന്നതായി പ്രത്യക്ഷപ്പെടുന്നു എന്നാണു വ്യാഖ്യാതാക്കളുടെ അഭിപ്രായം. കൂടാതെയും ഇതു പിൽക്കാലങ്ങളിൽ അപ്പോസ്തോലന്മാരും അവരുടെ പിൻഗാമികളും ചെയ്യേണ്ടിയിരുന്നതിന്റെ ഒരു സൂചനയുമായിരുന്നു.

പ്രായോഗികചിന്ത:— നിന്റെയും നിന്റെ ദിവ്യമാതൃകയായിരിക്കുന്ന ഈശോയുടെയും വ്യാപാരത്തിലുള്ള വ്യത്യാസം നോക്കുക. നീ ഒരിടത്തിൽ ബാഹ്യകാര്യങ്ങളെല്ലാം ശ്രമമായിരിക്കുമ്പോൾ, മറ്റുള്ളവർ നിന്നെ സ്തുതിപ്പാൻ ആഗ്രഹിച്ചു ഒരു നടനെപ്പോലെ അവിടത്തന്നെ താമസിപ്പാൻ ഇഷ്ടപ്പെടുന്നു. എന്നാൽ കാര്യങ്ങൾ അത്ഭുതമായിത്തീരുമ്പോൾ ഉടനെ മനുഷ്യദൃഷ്ടിയിൽനിന്നു ഒഴിവാനായി മറ്റു സ്ഥലങ്ങളിലേക്കു പോകുവാനല്ലെ നിന്റെ ശ്രമം? ഈശോയുടെ വർത്തനം ഇതിനു നേരെ വിപരീതമാണു. അവിടുന്നു ചെയ്ത വലിയ അത്ഭുതംകണ്ടു ജനം ആശ്ചര്യപ്പെട്ടു അവിടത്തെ സ്തുതിക്കുന്നതിനു മാവിച്ചപ്പോൾ അവിടുന്നു ദ്രുതഗതിയിൽ അവരെ വിട്ടകലുകയാണു ചെയ്തതു. അവിടത്തെ ശുശ്രൂഷ എല്ലായിടത്തും ഫലപ്രദമാക്കേണമെന്നു അവിടത്തേയ്ക്കു ആഗ്രഹമുണ്ടായിരുന്നതുകൊണ്ടും ഇങ്ങനെ യാത്രചെയ്തു.

സ്നേഹപ്രകരണങ്ങൾ:—ഞങ്ങൾക്കല്ല, കർത്താവെ ഞങ്ങൾക്കല്ല, നിന്റെ തിരുനാമത്തിനു നീ മഹത്വം നൽകുക.

പ്രതിജ്ഞ— നമ്മുടെ സൽകൃത്യങ്ങൾക്കു ദൈവംമാത്രം

സാക്ഷിയായിരിപ്പാൻ അനുഗ്രഹിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു

ഈശോ ഫരിസേയരെ പ്രതികുലിച്ചു വിട്ടുപിരിയുന്നു

ധ്യാനം:— മഗ്ദലാൻ ദേശത്തിൽ ഈശോ ചെയ്ത അത്ഭുതങ്ങളെയോ തൻറെ പ്രസംഗത്തെയോ കുറിച്ചു സുവിശേഷത്തിൽ ഒന്നും പ്രസ്താവിക്കുന്നില്ല. എങ്കിലും അവിടെ ഫരിസേയരും സദുക്യരും അവിടുത്തോടു കാണിച്ച കപടതന്ത്രത്തെക്കുറിച്ചു പറയുന്നുണ്ട്. അവർ മതവിഷയത്തിൽ പതിതരെപ്പോലെ തമ്മിൽ ഒട്ടും യോജിപ്പുള്ളവരല്ലായിരുന്നെങ്കിലും നമ്മുടെ കർത്താവിനു വിരോധമായി സംസാരിക്കുന്നതിൽ യോജ്യതയുള്ളവരായിരുന്നു. അതുകയാൽ അവർ പരീക്ഷിക്കുന്നതിനായി അവിടുത്തെ അടുക്കൽ ചെന്നു, തങ്ങൾക്കു ആകാശത്തിൽനിന്നു ഒരടയാളം കാണിക്കേണമെന്ന് അങ്ങയോടു അപേക്ഷിച്ചു. (മാക്ക. 8. 1) അവർ ഇപ്രകാരം ചോദിച്ചതു അവിടുത്തെ പരീക്ഷിച്ചുകൊണ്ടാകുന്നു എന്നു സുവിശേഷകൻതന്നെ പറയുന്നുണ്ട്. ഇപ്രകാരം അത്ഭുതം ചെയ്താൽ അതു ക്ഷുദ്രപ്രയോഗം കൊണ്ടാണെന്നു അവർക്കു പറയണം. ചെയ്യാതിരുന്നാൽ അത്ഭുതം ചെയ്യുന്നതിന്ന് അവിടുത്തേയ്ക്കു ശക്തിയില്ലാ എന്നാക്കണം. ഇങ്ങനെ ഏതുവിധമെങ്കിലും അവിടുത്തെ ജനരഞ്ജനം നശിപ്പിക്കുവാനായിരുന്നു അവരുടെ ഉദ്ദേശം. അവരുടെ ഈ ദുരുദ്ദേശം അവിടുന്നറിഞ്ഞു ഹൃദയത്തിൽ പ്രലപിച്ചുകൊണ്ടു പറയുന്നു: ഈ ദുഷ്ടവും വ്യഭിചാരികവുമായ സന്തതി ലക്ഷ്യം അന്വേഷിക്കുന്നു. എന്നാൽ യോനാസ് പ്രീർഷദർശിയുടെ ലക്ഷ്യമല്ലാതെ വേറെ ലക്ഷ്യം അതിന്നു കൊടുക്കപ്പെടുകയില്ല." അനന്തരം അവിടുന്നു അവരെ വിട്ടുപോയി. (മത്തേ. 16. 4.)

പ്രായോഗികചിന്ത:— ദുഷ്ടന്മാർ തിന്മ ചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്നതോടുള്ളം തീക്ഷ്ണതയെങ്കിലും നന്മ ചെയ്യുന്നതിന്നു നിനക്ക് ഉണ്ടാകണം. പതിതർ ദുഷ്ടന്മാർ മുതലായവർ വ്യാപാരത്തിലും അഭിപ്രായത്തിലും ഒട്ടും യോജിക്കാത്തവരാണെങ്കിലും ഈശോയ്ക്കും തൻറെ സത്യസഭയ്ക്കും വിരോധമായി പ്രവർത്തിക്കുന്നതിന്നു് അവർ എങ്ങിനെ തങ്ങളുടെ അഭി

പ്രായങ്ങൾ തൃജിച്ചുകൊണ്ടു യോജിക്കുന്നു എന്നു നോക്കുക. അങ്ങനെയെങ്കിൽ ദൈവസ്തുതി, തിരുസ്സഭയുടെ ഗുണം പൊതുനന്മ, എന്നിങ്ങനെയുള്ള സൽക്കായ്യസാദ്ധ്യങ്ങൾക്കായി നമ്മുടെ സ്വേച്ഛ, അഭിപ്രായം, അസൂയ മുതലായവ പരിത്യജിക്കേണ്ടിവരുമ്പോൾ അതിനു താമസമൊ അലസതയൊ കാണിക്കാമൊ? അങ്ങിനെതന്നെ പ്രാർത്ഥനയിലും പ്രയത്നങ്ങളിലും ഏകാഗ്രതയും ഏകമനസ്സുമായി യോജിച്ചുകൊണ്ടു് അജ്ഞാനാന്ധകാരം നീങ്ങി സുജ്ഞാനം പ്രകാശിപ്പാനും അസത്യവും തിന്മയും നീങ്ങുവാനും സത്യവും നന്മയും പ്രബലപ്പെടുവാനും ശ്രമിക്കേണ്ടതല്ലെ? ഈ ഉദ്ദേശകായ്യങ്ങളിൽ നിന്റെ മനഃസ്ഥിതി എന്താണു്?

സ്നേഹപ്രകരണങ്ങൾ:— സ്വാർത്ഥം, അസൂയ, വ്യർത്ഥാഭിമാനം എന്നിവയുടെ ദോഷങ്ങളുടെയും നിന്നിൽ ഇല്ലാതിരിക്കത്തക്കവിധം നിനക്കുതന്നെ മരിപ്പാൻ ഇടവരുത്തേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നമ്മുടെ വിചാരം വാസന ഉദ്ദേശം എന്നിവ എങ്ങിനെയെന്നു പരിശോധിക്കുക.

മൂന്നാം വകുപ്പു

ഈശോ അപ്പോസ്തോലന്മാരുടെ വിശ്വാസക്കുറവിനേയും ബുദ്ധിഹീനതയേയുംകുറിച്ചു അവരെ ശകാരിക്കുന്നു

ധ്യാനം:— ഈശോ മഗ്ദലാൻ ദേശത്തിൽ ചെയ്യേണ്ടിയിരുന്നതെല്ലാം ചെയ്തശേഷം പടവിൽ കയറി ഗലീലേയാക്കടൽ വഴി മടങ്ങിവരികയിൽ "ഫരിസേയരുടെയും സദൂക്യരുടെയും പുളിമാവിനെ സൂക്ഷിച്ചു (ഒഴിഞ്ഞു) കൊള്ളുവിൻ" എന്നു് അവിടത്തെ ശിഷ്യരോടു പറഞ്ഞു. (മത്തേ. 16. 6) ഈ വാക്കു കേട്ടപ്പോൾ പുളിമാവിനാൽ ഉണ്ടാക്കപ്പെട്ട അപ്പത്തെക്കുറിച്ചാണു് അവിടുന്നു് ഈ പറയുന്നതു, നമുക്കു വേണ്ടിടത്തോളം അപ്പം എടുപ്പാൻ നാം മറന്നുപോയി എന്നു് അവർ പറഞ്ഞിരുന്നു. യേശു അതറിഞ്ഞു് അവരോടു അരുളിച്ചെയ്തു: അല്പവിശ്വാസികളെ അപ്പം ഇല്ലാത്തതിനെക്കൊണ്ടു നിങ്ങൾ ഉള്ളിൽ വിചാരിക്കുന്നതെന്തു? അഞ്ചു് അപ്പം അയ്യായിരം പേർക്കു (കൊടുത്തു) ശേഷിപ്പു എത്ര കൊട്ട നിങ്ങൾ എടുത്തു എന്നുള്ളതും ഏഴപ്പം

നാലായിരം പേക്ക (കൊട്ടത്തു) ശേക്കിപ്പ് എത്ര കൊട്ട നിങ്ങൾ എടുത്തു എന്നുള്ളതും നിങ്ങൾ ഇതുവരെയും ഗ്രഹിക്കയും ഓർക്കയും ചെയ്യുന്നില്ലയോ? ഫരിസേയരുടെയും സദുക്കേയരുടെയും പുളിമാവിൽനിന്നു സൂക്ഷിച്ചുകൊള്ളുവിൻ എന്നു ഞാൻ പറഞ്ഞതു് അപ്പത്തെക്കുറിച്ചല്ല എന്നു നിങ്ങൾ ഗ്രഹിക്കാത്തതെന്തെ? അപ്പോൾ അപ്പത്തിന്റെ പുളിമാവിൽനിന്നല്ല, ഫരിസേയരുടെയും സദുക്കേയരുടെയും ഉപദേശത്തിൽനിന്നാണു് സൂക്ഷിച്ചുകൊള്ളുവാൻ അവിടുന്നു പറഞ്ഞതു് എന്നു് അവർ ഗ്രഹിച്ചു.

പ്രായോഗികചിന്ത:— നാം ദൈവത്തിൽനിന്നു കൈക്കൊണ്ടിരിക്കുന്ന ഉപകാരസഹായങ്ങൾ എത്രയധികമായിരിക്കുന്നു! പരിപൂർണ്ണതയ്ക്കു നമ്മെ കടപ്പെടുത്തുന്ന സന്ന്യാസാന്തസ്സിൽ നാം ജീവിക്കാൻ തുടങ്ങിയിട്ടു് ഇപ്പോൾ എത്രവളരെകാലമായി? എന്നിട്ടും ദൈവത്തിലുള്ള മനോവിശ്വാസവും അദ്ധ്യാത്മികകായ്ങ്ങളെക്കുറിച്ചുള്ള അറിവും വേണ്ടിടത്തോളം നമുക്കുണ്ടോ? ഇവ ഇല്ലാത്തതുകൊണ്ടു് അപ്പോസ്തോലന്മാർക്കുണ്ടായതിനെക്കാൾ വലിയ ശകാരം നമുക്കും വരാൻ ന്യായമില്ലെ?

സംഭാഷണം:— നിന്റെ മദ്ധ്യസ്ഥനായ വിശുദ്ധനോടു സംഭാഷണം ചെയ്യുക.

ആഗസ്റ്റ് ഇരുപത്തിഏഴാം തിയ്യതി

ബഥ്സായിദായിൽ അന്ധനായ ഒരുവന്നു് ഈശോ കാഴ്ച നൽകുന്നു

പ്രാരംഭം 1. ഈശോ അന്ധന്റെ കണ്ണിൽ തന്റെ കൈ വിരൽ വയ്ക്കുന്നതു ആത്മനാ ഭർശിക്കുക.

2. പരിശുദ്ധാത്മാവിയിൽനിന്നു ക്ലൃപ്തലായ പ്രകാശവും ആർദ്രതരമായ കേതിയും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അന്ധനുവേണ്ടിയുള്ള പ്രാർത്ഥന
ഈശോ സസന്തോഷം സ്വീകരിക്കുന്നു

ധ്യാനം:— ഈശോയും അപ്പോസ്തോലന്മാരും പടവിൽ നിന്നിറങ്ങി ബഥ്സായിദായിലേയ്ക്കു ചെന്നു. അപ്പോൾ ഒരു കുരുടനെ ജനങ്ങൾ അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. അവനെ സ്പർശിക്കേണമെന്നു് അവർ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. അദ്ദേഹം കുരുടന്റെ കൈക്കു പിടിച്ചു അവനെ ഗ്രാമത്തിനു പുറത്തു കൊണ്ടുപോയി; പിന്നെ അവന്റെ കണ്ണുകളിൽ തുപ്പി തന്റെ കൈകളെ അവന്റെമേൽ വച്ചിട്ടു, നീ വല്ലതും കാണുന്നുണ്ടോ എന്നു് അവനോടു ചോദിച്ചു. അവൻ നോക്കിയിട്ടു നടക്കുന്ന മനുഷ്യരെ വൃക്ഷങ്ങളെന്നപോലെ ഞാൻ കാണുന്നു എന്നു പറഞ്ഞു. (മാർക്ക. 8. 22—24)

പ്രായോഗികചിന്ത:— ഈശോ ഈ കുരുടനെ ഗ്രാമത്തിനു പുറത്തു കൊണ്ടുപോയി ഉമിനീർ പൂശിയതു പരിശുദ്ധാത്മാവു നമ്മുടെ ഹൃദയത്തെ ആദ്ധ്യാത്മികതൈലത്താൽ ലേപനം ചെയ്യുന്നതിന്റെ ഒരു സാദൃശ്യമാണെന്നത്രെ ബേദാ എന്ന വന്ദ്യദേഹത്തിന്റെ അഭിപ്രായം. ആദ്ധ്യാത്മികകാര്യങ്ങളിൽ ഉയർന്ന തരത്തിലുള്ള അറിവു പ്രാപിക്കയും ആദ്ധ്യാത്മികമാധുര്യം നമുക്കു അനുഭവസിദ്ധമാക്കുകയും ചെയ്യണമെങ്കിൽ നാം ഏകാന്തവാസത്തെ സ്നേഹിക്കണം. ഏകാന്തതയിലിരിക്കയും ലൗകികവും ബാഹ്യവുമായ കാര്യങ്ങളിൽനിന്നു പൂർണ്ണമായി വിരമിക്കയും ചെയ്താലല്ലാതെ നമ്മുടെ ആദ്ധ്യാത്മികലക്ഷ്യങ്ങൾ വേണ്ടതു തെളിവു സിദ്ധിക്കുകയില്ല എന്നതുകൊണ്ടു ഇതിനാൽ വിവക്ഷിക്കുന്നുണ്ടു്. പ്രതിവത്സരം ഏതാനും ദിവസങ്ങൾ ഇപ്രകാരം സകലത്തിൽനിന്നും വിരമിച്ചു് ഏകാന്തമായി കഴിക്കാൻ നമ്മുടെ സന്ന്യാസനിയമം നമ്മെ നിർബന്ധിക്കുന്നുമുണ്ടു്. എപ്പോഴും ഈദൃശമായ ഏകാന്തതയോടെ പരമധ്യാനത്തിൽ ചെലവഴിപ്പാൻ സാധിച്ചെങ്കിൽ എത്ര ഭാഗ്യമായിരുന്നു! എന്നാൽ പരമധ്യാനത്തിന്റെ മാധുര്യവും സൽകൃത്യങ്ങളുടെ യോഗ്യതകളും ഒരുമിച്ചു ലഭിപ്പാൻ ഇടയാകുന്നതു ഇതിലും വലിയ ഭാഗ്യമല്ലെ? ഏകാന്തതയിൽ നിനക്കു ലഭിച്ചിട്ടുള്ള കേതിതീക്ഷ്ണതയും പുണ്യാത്മപിയും നിന്റെ ഹൃദയത്തിൽ പരിരക്ഷിച്ചും

പഞ്ചേന്ദ്രിയങ്ങളെ ഉത്സാഹപൂർവ്വം നിഗ്രഹിച്ചും ബോധത്തെ ശരിയായി നിയന്ത്രിച്ചുംകൊണ്ട് അനന്തജീവിതം നയിക്കുന്നപക്ഷം ഇതുകൊണ്ടും നിനക്കു ലഭിക്കും. മുകളിൽ പറഞ്ഞവ ഇല്ലായ്കകൊണ്ടല്ലയോ ഓരോ കായ്കൾകൊണ്ടും തെറ്റിലധികരിക്കാനും പലപ്പോഴും ഉഴറിധി ചെയ്യാനും ഇടയാകത്തക്കവിധം ദിവ്യവെളിച്ചം നിന്നിൽ കുറഞ്ഞത്? ആദ്ധ്യാത്മികാന്ധതയിൽ നീ അകപ്പെട്ടുന്നതു്?

സ്നേഹപ്രകരണങ്ങൾ:- ധ്യാനവാസനയും സൽകൃത്യങ്ങളുടെ യോഗ്യതയും പ്രാപിപ്പാൻ സർവ്വാത്മനാ അഗ്രഹിക്കുക. ഇതു ലഭിപ്പാനായി പ്രാർത്ഥിക്കുക. ഇതു സാധിക്കുന്നതിന്നായി ഔദായ്മനസ്സോടും സ്ഥിരോത്സാഹത്തോടുംകൂടെ പരിശ്രമിക്കുക.

രണ്ടാം വകുപ്പു

ഈശോ ആ കുരുടനു ക്രമേണ കാഴ്ച നൽകുന്നു.

ധ്യാനം:- അനന്തരം അവിടുന്നു വീണ്ടും അവന്റെ കണ്ണുകളിൽ കൈകൾവച്ചു, അപ്പോൾ അവൻ കണ്ണുതുറക്കുകയും സകലവും വ്യക്തമായി കാണ്മാൻതക്കവണ്ണം ദർശനശക്തി പ്രാപിക്കയും ചെയ്തു. (മാർക്കോ. 8. 25) ഈശോ ഇവിടെ ക്രമേണ മാത്രം കാഴ്ച നൽകിയിരിക്കയിൽ ഇതും ജ്ഞാപകയോഗ്യമാണു്. ഈ കുരുടനു് ആരംഭത്തിൽ വേണ്ടത്ര ഒരുക്കമില്ലാതിരിക്കയും, ക്രമേണ അതുണ്ടായി വരുകയും ചെയ്തതിനാലാണു് ഇപ്രകാരം അവിടുന്നു പ്രവർത്തിച്ചതെന്നു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ആത്മാവിൽ സാവധാനത്തിലും ക്രമേണയും ഉണ്ടാകാറുള്ള ദൈവവരപ്രസാദാഭിവൃദ്ധിയേയാണു് നമ്മുടെ കർത്താവു് ഇതിനാൽ വിവക്ഷിക്കുന്നതെന്നു വേറെ ചിലരും പറയുന്നുണ്ടു്.

പ്രായോഗിക ചിന്ത:- ദൈവം നമ്മിലും നമ്മെക്കൊണ്ടും പ്രവർത്തിക്കുന്നതു സാധാരണമായി നമ്മുടെ ഹൃദയ സന്നദ്ധതയ്ക്കു യോജിച്ചവിധമാണെന്നു് ഇതിൽനിന്നു നമുക്കു പഠിക്കാം. വേണ്ടത്ര ഹൃദയസന്നദ്ധത നമ്മിലുണ്ടായിരുന്നാൽ ദൈവം വലിയ കായ്കൾതന്നെ നമുക്കു ചെയ്യും. ഈ സജ്ജീകരണം ഇല്ലാതെ കുറച്ചിലോട്ടുകൂടിയിരിക്കുമ്പോൾ ദൈവം നന്നാകുറച്ചുമാത്രമെ പ്രവർത്തിക്കയുള്ളു. അനേകംപേരും പല സൽകൃത്യ

ങ്ങളും പതിവായി അനുഷ്ഠിച്ചും വിശുദ്ധ ക്രമാശകളും ക്രമത്തോടെ സഫീകരിച്ചുംവന്നിട്ടും ദൈവവെട്ടം അവരിൽ ഇത്ര കുറവായിരിക്കുന്നതിന്റെ കാരണം ഇതാണു്. അവരുടെ ഉത്സാഹക്കുറവും കേതിമാന്ദ്യവും നിമിത്തം ദൈവപ്രസാദജലം അവരിൽ പ്രവഹിക്കാതെയും ദൈവത്തിനു് അവരെക്കുറിച്ചുള്ള കരുണാസംപൂർണ്ണമായ ഉദ്ദേശങ്ങളും പൂർണ്ണമായി നിറവേറാതെയും വരുന്നു. ഇതു് അനുഭവംകൊണ്ടു നിനക്കു ബോധപ്പെട്ടിട്ടില്ലയോ? ജപതപാനുഷ്ഠാനസമേതം വളരെനാളും നാം പ്രയത്നിച്ചിട്ടും നമ്മുടെ സുകൃത ഉദ്ദേശം സാധിക്കാതെയൊ, ആത്മവ്യാധി മൂഢവനായി നീങ്ങാതെയോ നാം കരുതിയ പുണ്യം വേണ്ടവിധം ലഭിക്കാതെയോ ഇരിക്കുന്നൊന്നു കണ്ടാലും ഇതിനാൽ നാം നിരാശപ്പെടരുതു്. എന്തെന്നാൽ ദൈവം എല്ലാറ്റിനും സമയം നിശ്ചയിച്ചിട്ടുണ്ടു്. അവിടുന്നു നിശ്ചയിച്ചിരിക്കുന്ന ഗതിയിലേയ്ക്കു നമ്മെ പടിപടിയായി കയറ്റിക്കൊണ്ടു പോകയാണു ചെയ്യുന്നതു്. ആകയാൽ ധീരതാപൂർവ്വം സുസ്ഥിരമായി നിന്നെങ്കിലെ നമ്മുടെ ഉദ്ദേശ്യം സാധിക്കയുള്ളു. നിന്റെ സ്ഥിരത ഏതുവിധത്തിലുള്ളതാണു് എന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങളും:— ധീരതയുള്ള അരുപിയും, വിധേയമായ ഹൃദയവും, മാറ്റമില്ലാത്ത സ്ഥിരതയും പ്രാപിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിന്റെ സന്ന്യാസക്കുടമകളെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അരുപിയിൽ നിവർത്തിക്കുക.

മൂന്നാം വകുപ്പു

ഈശോ ആ കുരുടനോടു ബെഥ്സായിദായിൽ നില്ലാതെ നിന്റെ വീട്ടിലേക്കു പോക എന്നു പറയുന്നു

ധ്യാനം:— ഇതിന്റെശേഷം അവിടുന്നു (കുരുടനോടു) നീ നിന്റെ വീട്ടിലേയ്ക്കു പൊയ്കൊള്ളുക. ഗ്രാമത്തിൽ പ്രവേശിക്കുന്നപക്ഷം (ഇതു്) ആരോടും പറയരുതു് എന്നരുളിച്ചെയ്കൊണ്ടു് അവിടുന്നു് അവനെ അവന്റെ വീട്ടിലേക്കയച്ചു. (മാർക്കൂ. 8. 26) നമ്മുടെ കർത്താവു് ഈ കുരുടനോടു നേരെ വീട്ടിലേക്കു പോകുവാൻ പറഞ്ഞതു് അവൻ തനതുഭവനത്തിൽ അടങ്ങിയിരുന്നു തനിക്കു ലഭിച്ച ഇത്രവലിയ ദൈവാനുഗ്രഹ

ത്തെപ്പററി വേണ്ടവിധം ചിന്തിച്ച്, അങ്ങയ്ക്ക സ്തോത്രംചെയ്യുന്നതിന്നുവേണ്ടിയായിരുന്നു. എന്നാൽ ഈ നൂതനാത്ഭുതം കാണാൻ ആഗ്രഹിക്കുന്ന ഖഥ്സായിഭാക്കാരുടെ ആഗ്രഹത്തിന്നിണങ്ങി പ്രവർത്തിക്കേണ്ടയെന്ന് അങ്ങുനെ കല്പിച്ചതിന്റെ കാരണമെന്തായിരിക്കും? അത് അവിടെ നമ്മുടെ ദിവ്യരക്ഷകൻ അനേകം അത്ഭുതങ്ങൾ ചെയ്തിട്ടും അവർ ഒരു ഫലവും വരുത്താതിരുന്നതിന്ന് ഒരു ശിക്ഷയായിരുന്നു. വേറൊരു സമയത്ത് അവിടുന്ന് ഇവരേക്കുറിച്ച് അരുളിച്ചെയ്തിട്ടുള്ള വാക്യങ്ങൾ ഇതിന്നു പ്രസ്പഷ്ടസാക്ഷ്യവുമാണ്. കോരോസേനെ, നിനക്കു ദുരിതം! ഖഥ്സായിദാ, നിനക്കു ദുരിതം? എന്തുകൊണ്ടെന്നാൽ നിങ്ങളിൽ ചെയ്യപ്പെട്ട അത്ഭുതങ്ങൾ തീരുസിലും സീദോനിലും ചെയ്യപ്പെട്ടിരുന്നെങ്കിൽ അവപണ്ടേതന്നെ രട്ടിലും വെണ്ണീറിലും തപസ്സുചെയ്യുമായിരുന്നു. (മത്തേ. 11. 21.)

പ്രായോഗികചിന്ത:— ദൈവം നിനക്കു ചെയ്ത ഉപകാരങ്ങളെ വിസ്മരിക്കാതെ അവയെപ്പററി ഓർമ്മയുണ്ടായിരിപ്പാനും അവയെക്കുറിച്ചു കൃതജ്ഞതയുടെ പ്രകരണങ്ങൾ നിന്റെ മനസ്സിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കാനും ശ്രമിക്കുക. അങ്ങിനെതന്നെ ഇതുവരെ നന്മകളും സഹായങ്ങളും ലഭിച്ചിട്ടും ഇവയ്ക്കു സകൃതാഭിവൃദ്ധി നിന്നിൽ ഇല്ലാത്തതിനെക്കുറിച്ചു ഹൃദയപൂർവ്വം പശ്ചാത്തപിക്കുക. ഈ കായ്ങ്ങളിലും നിന്റെപേരിൽ കുറവു ആരോപിക്കുന്നതിന്നു ന്യായമില്ലയോ?

സംബോധനം:— ഈശോയുടെപക്കൽ നമ്മുടെ മദ്ധ്യസ്ഥയായി സദാ പ്രാർത്ഥിച്ചുവരുന്ന നമ്മുടെ സ്വർഗ്ഗീയമാതാവിനോടു സംബോധനം ചെയ്യുക.

ആഗസ്റ്റ് ഇരുപത്തിഎട്ടാം തീയ്യതി

ഹിപ്പോയുടെ മെത്രാനും അഗുസ്തീന്യൻ സഭയുടെ സ്ഥാപകനുമായ വിശുദ്ധ അഗസ്തീൻ

പ്രാരംഭം 1. ഈ വിശുദ്ധൻ ദൈവസ്നേഹത്താൽ ഉജ്ജ്വലിക്കുന്ന ഒരു ഹൃദയം കൈയിൽ പിടിച്ചുകൊണ്ടു നില്ക്കുന്നതു് അത്മനാ ദർശിക്കുക.

2. അഭ്യേഹത്തിനുണ്ടായിരുന്നതുപോലെയുള്ള ഹൃദയപശ്ചാത്താപം നിനക്കും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ആരംഭത്തിൽ വിശുദ്ധ അഗസ്റ്റിന്റെ സ്ഥിതി

ധ്യാനം:— മനുഷ്യസ്വഭാവത്തിന്നലങ്കാരമായ പല ഗുണവിശേഷങ്ങളും വി. അഗസ്റ്റിനു് സഹജമായിത്തന്നെ ഉണ്ടായിരുന്നു. അനിതരസാധാരണമായ വാക്ചാതുര്യവും ആശ്ചര്യകരമായ ബുദ്ധിസാമർത്ഥ്യവും അഭ്യേഹത്തിൽ പ്രശോഭിച്ചിരുന്ന രണ്ടു ഗുണവൈശിഷ്ട്യങ്ങളാണു്. എന്നാൽ അദ്ദേഹം ഈ ഗുണപൌഷ്കല്യങ്ങളും അഭ്യേഹം നന്മയ്ക്കു സാഹായ്യങ്ങളാക്കിയിരുന്നില്ല. അതിനാൽ അവ തിന്മയ്ക്കു കാരണങ്ങളായി പരിണമിച്ചു. താൻ കുശാഗ്രബുദ്ധിയാണെന്നുള്ള വിചാരത്താലും അന്യർ തന്റെ ബുദ്ധിക്രമ്മതയെ സ്തുതിക്കുന്നതു കേട്ടിരുന്നതിനാലും അഭ്യേഹം അഹങ്കാരത്തിന്നധീനനായിത്തീർന്നു. അഹങ്കാരം അഭ്യേഹത്തെ ആത്മികാന്ധനാക്കിയിരുന്നതിനാൽ തിരുസ്സഭയുടെ പ്രബോധനങ്ങളും തിരസ്കരിച്ചു മനിക്കേയരുടെ അബദ്ധത്തിൽ നിപതിച്ചുപോയി. ഇങ്ങനെ അഭ്യേഹം ദൈവഭയം വെടിഞ്ഞു ദുരാശകൾക്കു ദാസ്യപ്പെട്ടു മുപ്പതുവയസ്സുവരെ അത്യന്ത പാപകലുഷിയിൽതന്നെയാണു ജീവിതം നയിച്ചതു്. സുബുദ്ധികൊണ്ടു് ഈ ദാസ്യത്തിന്റെ നികൃഷ്ടസ്ഥിതി ഗ്രഹിച്ചു, ലജ്ജിച്ചു, പിൻമാറുവാൻ അഗ്രഹിച്ചുവെങ്കിലും, ഇതിന്നു ശക്തിയും ധൈര്യവും ഉണ്ടായിരുന്നില്ല. തിരുസ്സഭയിൽമാത്രം കിട്ടുന്ന ആ അത്ഭുതാത്മികശക്തി—ദേവവരപ്രസാദത്തിന്റെ അത്ഭുതകര സഹായം —കൊണ്ടുമാത്രമേ ഇതു സാധിക്കയുള്ളുവല്ലോ.

പ്രായോഗികചിന്ത:— നിന്റെ യൌവനപ്രായത്തിലെ സ്ഥിതി ഓർത്തുനോക്കുക. അതു് ഒരുവിധത്തിൽ വി. അഗസ്റ്റിന്റെ യൌവനപ്രായത്തിന്നൊത്തിരുന്നില്ലയോ? ദുരാശകളുടെ ശക്തിയാൽ നീ ദൈവഭയം വെടിഞ്ഞു് അഹങ്കരിച്ചു ലോകമായകളേയും നീചസന്തോഷങ്ങളേയും തേടി ദുരാശകൾക്കു ദാസ്യപ്പെട്ടു് അനേകംനാൾ കഴിച്ചിട്ടില്ലയോ? ഇങ്ങനെയാണെങ്കിൽ ആ നൈർഭാഗ്യപാതാളത്തിൽനിന്നു നിന്നെ രക്ഷിച്ച ദൈവാനുഗ്രഹത്തിന്നു നന്ദിപറയണം. എന്നാൽ ഈവിധം നിനക്കു സംഭ

വിച്ചിട്ടില്ല. പാപവിഷം സ്പർശിക്കാതെയാണു ദൈവം നിന്നെ കാത്തിരിക്കുന്നതു് എന്നു കണ്ടാൽ ഇരട്ടിയായ നന്ദി അവിടത്തോടു കാണിക്കേണ്ടിയിരിക്കുന്നു.

സ്നേഹപ്രകരണങ്ങൾ:—നിന്റെ കഴിഞ്ഞ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുക. ദൈവം നിനക്കുചെയ്ത നന്മകളെക്കുറിച്ചു നന്ദിപറയുക. മേലിൽ വിശ്വസ്തനായി ജീവിക്കാൻ നിശ്ചയിക്കുക.

പ്രതിജ്ഞ:—പാപത്താൽ ദൈവത്തിൽ നിന്നകന്നുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുക.

രണ്ടാം വകുപ്പു

വിശുദ്ധ അഗസ്റ്റിൻ ദൈവത്തിലേയ്ക്കു പിന്തിരിയുന്നു

ധ്യാനം:—സ്വന്തം പാപഷണ്ഡങ്ങളെ തകർക്കുന്നതിനും, ദുശ്ശീലങ്ങളെ ജയിക്കുന്നതിനുമായി വി. അഗസ്റ്റിൻ് സുദീർഘസമരംതന്നെ നടത്തേണ്ടിവന്നു. തനതു പാപസങ്കീർത്തനം എന്ന അഭിധാനത്തിൽ ഈ വിശുദ്ധൻ എഴുതിയ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: ദുസ്സഹക്കം എനിക്കു രണ്ടാമത്തെ സ്വഭാവംപോലെ ആയിരുന്നു. ജഡമോഹങ്ങളെ നിഗ്രഹിച്ചുജീവിക്കാൻ, പതവും ക്രമവും കാത്തു വിരക്തനായിജീവിക്കാൻ, അസാദ്ധ്യമായിട്ടാണു് എനിക്കുതോന്നിയിരുന്നതു്. എന്തുകൊണ്ടെന്നാൽ പ്രലോഭനാവസരങ്ങളിൽ പ്രാർത്ഥിക്കുന്ന തഴക്കമോ പ്രലോഭനങ്ങളെ അടക്കത്തക്ക മനശക്തിയൊ എനിക്കുണ്ടായിരുന്നില്ല. ദുരാശകൾക്കു വശംവദനായിരുന്ന ഈ പാപിയെ ദൈവപ്രസാദവരം എങ്ങനെ രൂപാന്തരപ്പെടുത്തിയെന്നു് നോക്കുക! അതു് അയാളെ ആശാനിഗ്രഹത്തിനും തപോജീവിതത്തിനും ഉത്തമമാതൃകയും വേദസത്യങ്ങളുടെ സംരക്ഷണാർത്ഥം സധൈര്യം പോരാടുന്ന വീരയോദ്ധാവും പതിതർക്കു കണ്ണുകോടാലിയും അവർക്കു സത്യമാർഗ്ഗം പ്രസ്പഷ്ടമാക്കുന്ന ദീപ്തിമത്തായ പ്രകാശവും തിരുസ്സഭയുടെ വിശ്രുത ശാസ്ത്രജ്ഞന്മാരിൽ ഒരുവനുമാക്കിത്തീർത്തു!

പ്രായോഗികചിന്ത:— ആരംഭത്തിൽ ഉണ്ടായിരുന്ന ദുഷ്കൃതിതീഷ്ണത ക്ഷയിച്ച ദുസ്സഹക്കത്തിലാകുന്ന സന്ദർഭവിപത്തിൽനിന്നു രക്ഷപെടുക എളുപ്പമല്ല. ദുസ്സഹക്കങ്ങൾ പല

തരമുണ്ടാകും. അലസനായി അങ്ങുമിങ്ങും ചുറ്റിനടക്ക, ഒരുവ
കചഞ്ചലവുംക്രൂടാതെ നിയമങ്ങളെ ലംഘിക്കുക, ഓരോ നിസ്സാര
കാരണങ്ങളും ഒഴികഴിവുകളും വിചാരിച്ചുകൊണ്ടു കേരാഭ്യാ
സങ്ങളെ തള്ളിക്കുക, ഭക്തിപരമായ കാര്യങ്ങളിൽ സൂക്ഷ്മംക്രൂടാ
തിരിക്കുക, ബോധനിയന്ത്രണത്തിൽ വൈമുഖ്യം പ്രദർശിപ്പി
ക്കുക, അപൽക്കരമായ സംസർഗ്ഗങ്ങൾക്ക വഴിയുണ്ടാക്കുക, പ
ഞ്ചേന്ദ്രിയങ്ങളെ സ്വാതന്ത്ര്യത്തിൽ വിടുക, ഇതരന്മാരെക്കുറി
ച്ച്, വിശിഷ്യ ശ്രേഷ്ഠന്മാരെക്കുറിച്ചു, കുറ്റം പറയുക, അനർ
ക്ക അപകീർത്തികരങ്ങളായ വർത്തമാനങ്ങൾ സന്തോഷത്തോടെ
ശ്രവിക്കുക എന്നിവ ദുസ്സഹക്കങ്ങളാണ്. ഇവ വി. അഗസ്റ്റിനിൽ
ഉണ്ടായിരുന്നതുപോലെ ഭയങ്കര കുറ്റങ്ങളല്ലെങ്കിലും ജയിച്ചട
ക്കുന്നതിനു വളരെ പ്രയാസമുള്ളവയാണ്. ഈ മഹാപ്രയത്നം
മനുഷ്യശക്തിക്ക പ്രായേണ അസാദ്ധ്യമാണെന്നു വിശുദ്ധ ബ
ർണ്ണാർഡ് പറയുന്നു. പക്ഷെ അതുകൊണ്ടൊന്നും നീ നിരാശനാക
രുത്. ദൈവപ്രസാദവരത്തിനു സകലവും സാദ്ധ്യമത്രെ. നീ ഔ
ദാര്യബുദ്ധ്യാനിരന്തരം പരിശ്രമിക്കുമെങ്കിൽ ദൈവസഹായം നിന
ക്കുലഭിക്കാതിരിക്കയില്ല. ഈ സഹായം സകലത്തിനും നിന്നെ ശ
ക്തനാക്കും. ഇതു അസാദ്ധ്യമായിനിനക്കുതോന്നുന്നതു ഭീരുത്വം
കൊണ്ടാണ്. അസാദ്ധ്യമെന്നു നീ പറയുമ്പോൾ നിന്റെ ധൈ
ര്യമില്ലായ്മ നീ വിളിച്ചറിയിക്കുകയാണു ചെയ്യുന്നതെന്നു നീ ഓ
ർക്കണം. അതിനാൽ നീ പ്രവർത്തിക്കേണ്ടതു് എന്താണെന്നു് ആ
ലോചിച്ചു നിശ്ചയിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്റെ കുറ്റങ്ങളെ അറിഞ്ഞു
അവയെക്കുറിച്ചു വിലപിച്ചു ക്ഷമാപണംചെയ്യുക.

പ്രതിജ്ഞ:— നമ്മെത്തന്നെ ജയിക്കുന്നതിനും നമ്മുടെ
ജീവിതത്തെ ക്രമവൽക്കരിക്കുന്നതിനും ആവശ്യമായ ദൈവാ
നുഗ്രഹം കിട്ടുമോ എന്നോർത്തു സംശയിക്കയൊ നിരാശപ്പെട്ട
കയൊ ചെയ്യാതിരിക്കുക.

മൂന്നാംവകുപ്പു

വിശുദ്ധ അഗസ്റ്റിന്റെ ദൈവസ്നേഹം.

ധ്യാനം:— ഉഗ്രമായി ജ്വലിക്കുന്ന ദൈവസ്നേഹത്തെ സൂചീ
കരിക്കുന്ന അഗ്നിമയമുള്ള ഒരു ഹൃദയം കൈയിൽ പിടിച്ചിരിക്കു
ന്ന വിധത്തിലാണ് വിശുദ്ധ അഗസ്റ്റിനെ ചിത്രണം ചെയ്യാറു

ഷ്ടത്ത്. തന്റെ ജീവിതക്കാലത്തിലെ അക്ഷീണശുഷ്കാന്തി ഈ ദൈവസ്നേഹത്തെ പ്രത്യക്ഷമായി കാണിച്ചിട്ടുണ്ട്. മുപ്പത്തിരണ്ടു വയസ്സായിരിക്കെ ഇദ്ദേഹം വിശുദ്ധ അമ്പ്രോസിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. അനന്തരം തനിക്കു ശേഷിച്ച നാല്പത്തിരണ്ടുവത്സരം, ദൈവവചനം പ്രസംഗിക്കുന്നതിലും ആദ്ധ്യാത്മികഗ്രന്ഥങ്ങൾ രചിക്കുന്നതിലും പൂർണ്ണമായി വിനിയോഗിച്ചിരുന്നു. അസംഖ്യം പാപികളുടെ മാനസാന്തരവും പതിതരും മതഭ്രഷ്ടന്മാരുമായവരുടെ പുനരൈക്യവും അദ്ദേഹം സാധിച്ചു. വിശുദ്ധ അഗസ്റ്റിൻ മരിച്ചിട്ട് ഇപ്പോൾ പതിന്നാലിൽ അധികം നൂറാണ്ടുകൾ കഴിഞ്ഞുവെങ്കിലും അദ്ദേഹം സ്ഥാപിച്ച സന്ന്യാസസമൂഹം വഴിയായും, എഴുതിയപ്രബന്ധങ്ങൾകൊണ്ടും പ്രത്യക്ഷമായി വിസ്മയനീയ പരസ്നേഹത്തോടും പ്രോജ്ജ്വലമായ ഭക്തിതീക്ഷ്ണതയോടുംകൂടിയ അഗ്രസ്ഥീനാൻ സന്ന്യാസിനികൾ വഴിയായും അദ്ദേഹത്തിന്റെ ശുഷ്കാന്തി ഇന്നുവരെ നിലനിന്നും ഫലം തന്നും വരുന്നുണ്ട്.

സംതോഷണം:– വിശുദ്ധ അഗസ്തീനോട് സംതോഷണംചെയ്യുക. ഈ വിശുദ്ധനെ അഭിനന്ദിക്കുക. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വലിയ അഭിവൃദ്ധിയും നിന്റെ വിശുദ്ധീകരണത്തിനു തീവ്രമായ ആഗ്രഹവും നിനക്കു ലഭിച്ചുതരുവാൻ പ്രാർത്ഥിക്കുക.

ഇരുപത്തിഒമ്പതാം തിയ്യതി

വിശുദ്ധ പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും പ്രഥമസ്ഥാനലബ്ധിയും.

പ്രാരംഭം 1. നീ പത്രോസ് (അഥവാ പാറ) ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിചെയ്യും. (മത്തേ. 16, 28.) എന്നു് ഈശോ അരുളിച്ചെയ്യുന്നതു ആത്മനാ ശ്രവിക്കുക.

2. തിരുസ്സഭയെ ആർദ്രമായി സ്നേഹിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ചു വിശുദ്ധ പത്രോസിനുണ്ടായ വെളിപാടു്.

ധ്യാനം:— ഈശോ ഫെഫ്സായിദായിൽനിന്നു പുറപ്പെട്ടു ജനങ്ങളിൽനിന്നു മാറി പ്രാർത്ഥിപ്പാൻ തുടങ്ങി. പിന്നെ യേശുവും അവിടത്തെ ശിഷ്യന്മാരും ഫീലീപ്പൻ സെസരേയയുടെ പ്രദേശങ്ങളിലേക്കുചെന്നു. അദ്ദേഹം തന്റെ ശിഷ്യരോടു് ചോദിച്ചു: മനുഷ്യപുത്രൻ ആരാകുന്നു എന്നാണു് മനുഷ്യർ പറയുന്നതു്? അപ്പോൾ അവർപറഞ്ഞു: സ്നാപകയോഹന്നാൻ എന്നു്, ചിലർ എലിയാസെന്നു്, മറ്റു ചിലരോ യെരമ്യാസ് അഥവാ, പ്രീർഘദർശികളിൽ ഒരുവൻ എന്നു്" യേശു അവരോടു പറയുന്നു: നിങ്ങളോ ഞാൻ ആരാകുന്നുഎന്നാണു് പറയുന്നതു്? സീമൊൻ പത്രോസ്മറുപടിയായി പറഞ്ഞു: അങ്ങു് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രീസ്തുവാകുന്നു. അപ്പോൾ യേശു അയാളോടു ഉത്തരമായി അരുളിച്ചെയ്തു: യോനായുടെ പുത്രൻ സീമോനെ നീ അനുഗ്രഹീതനാകുന്നു; എന്തുകൊണ്ടെന്നാൽ ജഡവും രക്തവുമല്ല, സ്വർഗ്ഗത്തിലിരിക്കുന്ന എന്റെ പിതാവത്രെ ഇതു നിനക്കു വെളിപ്പെടുത്തിയതു്. (മത്തേ. 16. 13, 17)

പ്രായോഗികചിന്ത:— എത്ര വിശിഷ്ടങ്ങളായ പാഠങ്ങൾ! ഈശോ പന്ത്രണ്ടു അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുമ്പു പ്രാർത്ഥിച്ചതുപോലെ, അവരുടെ ശ്രേഷ്ഠനായി ഒരുവനെ തിരഞ്ഞെടുക്കുന്നതിനു മുമ്പും പ്രാർത്ഥിക്കുന്നു. നാം നമ്മുടെ ജീവിതത്തിലെ സകല പ്രവൃത്തികളും, ഗൗരവമായവ പ്രത്യേകിച്ചും, പ്രാർത്ഥനകൊണ്ടു സമാരംഭിക്കണം: ദൈവസഹായം യാചിക്കാതെ യാതൊന്നും നാം ആരംഭിക്കരുതു്; ഇതാണു് അവിടുന്നു നൽകുന്ന പ്രഥമ പാഠം. തന്നെപ്പറ്റി പ്രചരിച്ചിരിക്കുന്ന പൊതുജനാഭിപ്രായം എന്തെന്നറിയാൻ അവിടുന്നുചോദ്യം ചെയ്തതു് ഏതെങ്കിലും മായവിചാരത്താൽ പ്രേരിതനായായിരിക്കുമോ? ഒരിക്കലുമല്ല. അപ്പോസ്തോലന്മാർ തന്റെ ദൈവത്വത്തെ സവിശേഷം ഗ്രഹിക്കുന്നതിനും ഏറുപറയുന്നതിനും, പ്രത്യേകമായി വിശുദ്ധ പത്രോസ് അതു പ്രസിദ്ധമായി പ്രഖ്യാപനം ചെയ്യുന്നതിനുംമാത്രമാണു് അവിടുന്നു് ഇങ്ങനെചോ

ടിച്ചതു്. ഇതരന്മാർ നിന്നെപ്പററി എന്തു വിചാരിക്കുന്നുവെന്നും അഭിപ്രായപ്പെടുന്നുവെന്നും അറിവാൻ നിനക്കും ജിജ്ഞാസയുണ്ടാകാവുന്നതല്ലൊ? എന്നാൽ നീ ഇങ്ങനെ ആഗ്രഹിക്കുന്നതു് അതു വഴിയായി നിന്റെ കുറവുകൾ യഥായഥം മനസ്സിലാക്കി നീക്കുന്നതിനും വേണ്ടിട്ടോ അഥവാ അഹങ്കാരത്താൽ പ്രേരിതനായിട്ടോ എന്നു പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— എന്റെ ഈശോയെ എന്റെ കുറവുകളെ തിരുത്തുവാൻ തക്കവിധം എന്നെ അതു നന്നായി അറിവാൻ എനിക്കനുഗ്രഹം ചെയ്യേണമെ.

പ്രതിജ്ഞ:— നമ്മുടെ സകല ക്രിയകളും ദൈവതിരുമനസ്സിന്നൊത്തതായിരിപ്പാൻവേണ്ടി, മനുഷ്യർ നമ്മെക്കുറിച്ചു് എന്തു വിചാരിക്കും എന്നു നോക്കാതെ, ദൈവസന്നിധിയിൽ നാം എങ്ങിനെയുള്ളവരാകുന്നു എന്നു മാത്രം എപ്പോഴും നോക്കുവാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു

വിശുദ്ധ പത്രോസിന്നു തിരുസ്സഭയിലെ പ്രഥമാധികാരം കൊടുക്കുന്നു.

ധ്യാനം:— മേലിൽനിന്നു ലഭിച്ച ദിവ്യപ്രകാശത്താൽ വിശുദ്ധ പത്രോസ് ഈശോയുടെ ദൈവത്വത്തെക്കുറിച്ചു ചെയ്ത പ്രഖ്യാപനത്തിന്നു് ഉടനെ പ്രതിഫലം ലഭിച്ചു. ഈശോ അയാളെ സ്നേഹസംവീക്ഷണം ചെയ്തിട്ടു പറഞ്ഞു: ഞാനും നിന്നോടു പറയുന്നു. നീ പത്രോസ് (അഥവാ പാറ) ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിയും, നരകവാതിലുകളും അതിന്നു പ്രതികൂലം പ്രബലപ്പെടുകയില്ല. (മത്തേ. 16, 18.) തിരുസ്സഭ ലോകാവസാനംവരെ നിലനിൽക്കുമെന്നും, ദുഷ്ടന്മാർ അതിനെ എത്ര കഠിനമായി ഉപദ്രവിച്ചാലും അതു സദാ വിജയം പ്രാപിക്കുമെന്നും പ്രവചിക്കയാണു് മിശിഹാ ഇവിടെ ചെയ്യുന്നതു്.

പ്രായോഗികചിന്ത:— യുദ്ധവും ജയവും, ഇതാണു് തിരുസ്സഭയ്ക്കും അതിന്റെ ഉദ്ധാരകന്മാരും ഉണ്ടാകുവാനിരിക്കുന്നതായി ഈശോ അപ്പോൾ പ്രവചിച്ചതു്. കഴിഞ്ഞ പത്തൊമ്പതു നൂറാണ്ടുകളിലെ അനുഭവം ഈ പ്രവചനത്തെ ദൃഢീകരിക്കുന്നില്ലയോ? ആകയാൽ മതവിദ്വേഷികൾ തിരുസ്സഭയോടും അതി

ന്റെ പരമാധ്യക്ഷനോടും അദ്ദേഹത്തിന്റെ സഹാധികാരികളോടും എത്ര ഉഗ്രമായ ദ്രോഹങ്ങളാണ് ചെയ്യുന്നതു കണ്ടാലും അതേപ്പറ്റി നാം അല്പമെങ്കിലും ചഞ്ചലിക്കയൊ വിസ്മയിക്കയൊ ചെയ്യേണ്ടതില്ല. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ യുദ്ധങ്ങളിൽ സംഭവിച്ചതുപോലെ ഇക്കാലത്തിലും തിരുസ്സഭ അതിനു വിരോധമായുണ്ടാകുന്ന കുബുദ്ധികളുടെ കഠോരപോരാട്ടത്തിൽ ജയം പ്രാപിക്കുമെന്നതിനു സന്ദേഹമില്ല. എന്നാൽ ഈ ജയലബ്ധിയുടെ സമയംവരെ അവാച്യമായ വ്യസനവും കഷ്ടതകളും അതു സഹിക്കേണ്ടതുണ്ട്. ആകയാൽ തിരുസ്സഭയുടെ മക്കളും ഇതിന്റെ സൈന്യത്തിൽപെട്ടവരുമായ നാം നമ്മുടെ ശ്രേഷ്ഠാന്തിയുള്ള ജപതപങ്ങളാലും സൽകൃത്യങ്ങളാലും നമ്മുടെ മാതാവിനെ ശ്വസിപ്പിക്കാനും അവർക്കു വരുന്ന നഷ്ടം പരിഹരിപ്പാനും ശ്രമിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ നാം എങ്ങനെ പ്രവർത്തിച്ചുവരുന്നു? തിരുസ്സഭയ്ക്കു നേരിടുന്ന ഉപദ്രവങ്ങളും കണ്ടു നാം ഹൃദയപൂർവ്വം സഹതപിക്കുന്നുണ്ടോ? ആ ഉപദ്രവങ്ങൾക്കു ഹേതുഭൂതരായവരെ നിഷ്ഫലമായി ശകാരിച്ചുകൊണ്ടു തൃപ്തിയടയുന്നവരെ നാമും അനുകരിക്കുന്നില്ലയൊ?

സ്നേഹപ്രകരണങ്ങൾ:— നമ്മെ ദൈവത്തിനു പരിഹാരബലിയായി സമർപ്പിക്കുക. തിരുസ്സഭയോടു യോജിച്ചു് അതിന്റെ ശത്രുക്കളെ വിനയപ്പെടുത്തേണമെന്നപേക്ഷിക്കുക.

പ്രതിജ്ഞ:— നാം സന്ന്യാസികളായിരിക്കുക നിമിത്തം മതവിദ്വേഷികളും ഭക്തിവിഹീനരുമായവരുടെ വിദ്വേഷത്തിനു പ്രഥമവിഷയമാകുവാനുണ്ടായതിനെക്കുറിച്ചു സന്തോഷിക്കുക.

മൂന്നാം വകുപ്പു്

ഈശോ വിശുദ്ധ പത്രോസിനു സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ കൊടുക്കുമെന്നു വാഗ്ദാനം ചെയ്യുന്നു.

ധ്യാനം:— വിശുദ്ധപത്രോസിനു യുദ്ധത്തിലിരിക്കുന്നസമയത്തിൽ പ്രഥമസ്ഥാനവും അധികാരവും നൽകിയതുകൊണ്ടു് മാത്രം ഈശോ തൃപ്തനായില്ല. വിജയശ്രീലാളിതമായ സഭാസ്ഥാപിതരെ സഭയുടെ പരമാധികാരത്തെ ഉയർത്തുവാൻകൂടെ അവിടുന്നു് ആഗ്രഹിച്ചു. അതിനാൽ നീ പത്രോസ് (അഥവാ പാറ) ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളിപണിചെ

യ്യും എന്നരുളിയശേഷം, സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും: നീ ഭൂമിമേൽ ബന്ധിക്കുന്നതെന്തോ അതു സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടിരിക്കും; നീ ഭൂമിമേൽ മോചിക്കുന്നതെന്തോ, അതു സ്വർഗ്ഗത്തിലും മോചിക്കപ്പെട്ടിരിക്കും എന്നരുളിച്ചെയ്തു.

പ്രായോഗികചിന്ത:— ഈശോ വിശുദ്ധ പത്രോസിന്നും അദ്ദേഹം മുഖേന അദ്ദേഹത്തിന്റെ പിൻഗാമികൾക്കും: (വി. പാപ്പാമാർക്കും) കൊടുത്ത അധികാരം എത്ര നിസ്സീമമാണ്! ഈ അധികാരംമൂലം അദ്ദേഹത്തെ മറ്റു അപ്പോസ്തോലന്മാർക്കും ഭൂലോകത്തിലെ സകല രാജാക്കന്മാർക്കും മേലായി ഉയർത്തിയിരിക്കുന്നു! എന്തുകൊണ്ടെന്നാൽ നിങ്ങൾ അരുടെ പാപങ്ങൾ മോചിക്കുമോ അവ അവർക്കു മോചിക്കപ്പെടുന്നു; എന്നു് അപ്പോസ്തോലന്മാർ എല്ലാവരോടും ഈശോ അരുളിച്ചെയ്തതു ശരിതന്നെ. എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും എന്നു വി. പത്രോസിനോടു മാത്രമെ പറഞ്ഞിട്ടുള്ളൂ. ഇവിടെ താക്കോലുകൾ എന്ന സംജ്ഞയാൽ പരമവും സാവ്വർത്രികവുമായ അധികാരപ്രാബല്യത്തെയാണു് അവിടുന്നു വിവക്ഷിക്കുന്നതു്. ആകയാൽ വി. പത്രോസു് അപ്പോസ്തലന്മാരുടെ തലവനായതിനെക്കുറിച്ചു സന്തോഷിക്കുക. അതോടെതന്നെ നമ്മുടെ ഭാഗ്യത്തെക്കുറിച്ചും സന്തോഷിക്കാൻ നമുക്കു ന്യായമുണ്ടു്. എന്തുകൊണ്ടെന്നാൽ ആ താക്കോലുകൾ അദ്ദേഹത്തിന്നായിട്ടല്ല, നമുക്കായിട്ടു, നമുക്കു സ്വർഗ്ഗവാതിൽ തുറന്നുതരുന്നതിന്നായിട്ടു്, അതെ അദ്ദേഹത്തിനു് ഏല്പിക്കപ്പെട്ടിരിക്കുന്നതു്.

സംഭാഷണം:— പ്രഥമാധികാരം പ്രാപിച്ചിരിക്കുന്ന വിശുദ്ധ പത്രോസിനോടു സംഭാഷണം ചെയ്യുക.

മുപ്പതാം തിയ്യതി

ഈശോ തന്റെ കഷ്ടാനുഭവത്തെ പ്രവചിക്കുന്നു.
നമ്മെ പരിത്യാഗം പഠിപ്പിക്കുന്നു.

പ്രാരംഭം 1. ഈശോ കുരിശു ചുമന്നുകൊണ്ടു നമുക്കു മുമ്പു നടക്കുന്നതു ആത്മനാ ദർശിക്കുക.

2. പരിത്യാഗത്തിന്റെ അരൂപിയും കുരിശിനോടുള്ള സ്നേഹവും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ തന്റെ കഷ്ടാനുഭവങ്ങളേയും മരണത്തേയും അപ്പോസ്തോലന്മാരെ അറിയിക്കുന്നു.

ധ്യാനം:— അപ്പോസ്തോലന്മാർക്കുണ്ടുണ്ടായിരുന്ന ദിവ്യഗുരുവിന്റെ ദൈവത്വത്തിന്മേൽ യാതൊരു സംശയവുമുണ്ടായിരുന്നില്ലാ. എങ്കിലും അവിടുന്നു ഭൂമിയിൽ പ്രതാപമുള്ള ഒരു രാജാവായി രേണം നടത്തുമെന്നു അവർ ശ്രുദ്ധഗതിക്കാർ പരമാർത്ഥത്തിൽ വിശ്വസിച്ചിരുന്നു. ഈ വിശ്വാസം ഭൗമികമായ പല ആശകളേയും അവരിൽ ബലപ്പെടുത്തുകയും ചെയ്തു. ഇത്തരം ആശകൾ പിന്നീടു അവരെ ഇച്ഛാഭംഗത്തിലാക്കാതിരിക്കാൻ വേണ്ടി അവരോടു കായ്യം തുറന്നു പറയണമെന്നു അവിടുന്നു് ആഗ്രഹിച്ചു. അതിനാൽ "താൻ യെരുശലേമിലേയ്ക്കു പോകയും, അവിടെവച്ചു പ്രമാണികളിൽനിന്നും ഉപദേഷ്ടാക്കന്മാരിലും പുരോഹിതപ്രമുഖന്മാരിലും നിന്നും നിരവധികഷ്ടതകൾ അനുഭവിക്കുകയും മരിക്കുകയും മൂന്നാംദിവസം ഉയിർത്തെഴുന്നല്ക്കുകയും ചെയ്യും" എന്നിങ്ങനെ പറകയുണ്ടായി: അപ്പോൾ വിശുദ്ധ പത്രോസ് തന്റെ ദിവ്യഗുരുവിന്റെ അഭ്യുദയത്തിലും മഹത്വത്തിലുമുള്ള നിർവ്യാജമായ ആശയാൽ പ്രേരിതനായിട്ടു പറഞ്ഞു: "സ്വാമിൻ, ഇതു് അങ്ങയിൽനിന്നു് വിദൂരമായിരിക്കട്ടെ. ഇതു് അങ്ങയ്ക്കു സംഭവിക്കരുതു്." ഇതു, കുരിശു വഴിയായി മനുഷ്യരക്ഷ സാധിക്കുന്നതിനു അവതീർണ്ണനായ ദൈവകുമാരന്റെ ഹിതത്തിനു തീരെ വിപരീതമായിരുന്നതിനാൽ അവിടുന്നു പത്രോസിനോടു, സാത്താനെ നീ എന്റെ പിന്നിൽ പോക, നീ എനിക്കു ഇടർച്ചയാകുന്നു. എന്തുകൊണ്ടെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങൾ ഗ്രഹിക്കുന്നില്ല. മറിച്ചു് മനുഷ്യരുടെ കാര്യങ്ങളാണു് ഗ്രഹിക്കുന്നതു് എന്നരുളിച്ചെയ്തു. (മത്തേ. 16. 21, 23)

പ്രായോഗികചിന്ത:— ഈ അവസരത്തിൽ പറഞ്ഞ വാക്കുകളിൽ ചിലതെങ്കിലും നിന്നെക്കുറിച്ചും പറഞ്ഞുകൂടെയോ? പുണ്യപൂർണ്ണതാശാസ്ത്രജ്ഞാനം, ആദ്ധ്യാത്മികപുസ്തകപരായണം, എളിമ, ആശാനിഗ്രഹം, മുതലായവയിൽ എന്നതിനെക്കാൾ

ലൗകിക ശാസ്ത്രപഠനത്തിലും കേവലം വിനോദപ്രധാനങ്ങളും ഉപയോഗശൂന്യങ്ങളുമായ ഗ്രന്ഥപാരായണങ്ങളിലും ലൗകിക മഹിമാസമ്പാദനത്തിലും ശാരീരിക സുഖസംരക്ഷണത്തിലും മറ്റുമല്ലയൊ നീ കൂടുതൽ ശ്രദ്ധാലുവായിരിക്കുന്നതു്. വേറൊരു വാക്കിൽ ചോദിക്കയാണെങ്കിൽ, നീ ഒരു ആദ്ധ്യാത്മികമനുഷ്യൻ എന്നതിനെക്കാൾ ഒരു വെറും ലോകായതികൻ എന്ന നിലയിലല്ലയോ ജീവിതം കഴിച്ചുവരുന്നതു്? നിന്നെത്തന്നെ നന്നായി പരിശോധിക്കുക. ഈ ചോദ്യത്തിനു നിഷ്കപടമായി പ്രത്യുത്തരം പറയാൻ ശ്രമിച്ചുനോക്കുക. അപ്പോൾ നിന്റെ തല്ക്കാലാവസ്ഥ സ്പഷ്ടമാകും.

സ്വാധ്യായനിർദ്ദേശം:— ഇവയെല്ലാം കണ്ടു വിസ്മയിക്കുക. ലജ്ജിക്കുക, പശ്ചാത്തപിക്കുക.

പ്രതിജ്ഞ:— നമ്മുടെ സുകൃതാഭിവൃദ്ധിക്കു നവമായ മാർഗ്ഗങ്ങൾ അന്വേഷിക്കുക.

രണ്ടാംവകുപ്പു

പരിപൂർണ്ണമായ പരിത്യാഗത്തെയാണ് ഈശോ
നമ്മിൽനിന്നു് ആവശ്യപ്പെടുന്നതു്

ധ്യാനം:— ദിവ്യരക്ഷകന്റെ തിരുമരണവും ഉത്ഥാനവും വഴിയായി നിത്യമരണത്തിൽനിന്നു രക്ഷിക്കപ്പെട്ട മനുഷ്യനു സ്വയം പൂർണ്ണമായി പരിത്യജിച്ചു് അവിടുത്തെ അനുകരിച്ചുകൊണ്ടല്ലാതെ നിത്യജീവൻ പ്രാപിപ്പാൻ സാധിക്കയില്ല. ഇതു് ഒരു സാവ്രതിക പ്രമാണമായതുകൊണ്ടു തന്നെ അപ്പോസ്തോലന്മാർ മാത്രമല്ല എല്ലാ മനുഷ്യരും ഇതു നന്നായി ഗ്രഹിച്ചിരിപ്പാൻ ഈശോ ആഗ്രഹിക്കുന്നു. അതുകയാൽ അവിടുന്നു തന്റെ ശിഷ്യരോടുകൂടെ ജനാവലിയേയും വിളിച്ചുകൂട്ടി അവരോടരുളിചെയ്തു: യാതൊരുത്തൻ (നിത്യായുസ്സിലേയ്ക്കുള്ള പാതയിൽ) എന്നെ അനുഗമിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ അവൻതന്നെത്തന്നെ പരിത്യജിക്കട്ടെ. (മാർക്ക. 8, 34)

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യരക്ഷകൻ ഇത്ര നിഷ്കർഷയായി നമ്മോടു കല്പിക്കുന്ന ഈ പരിത്യാഗം നമ്മുടെ നിത്യരക്ഷയ്ക്കു വിഘ്നമായിരിക്കുന്ന സകലത്തിലും നാം അനുസരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവൻ തന്നെ നഷ്ടപ്പെട്ടുമെ

ന്നായാലും ഈ പരിത്യാഗം ഉപേക്ഷിക്കേണ്ടതല്ല. ഇതിനെക്കുറിച്ചു ഈശോ അരുളിച്ചെയ്തിരിക്കുന്നതായതു്: (എനിക്കു ശുശ്രൂഷ ചെയ്യാതെ) തന്റെ ജീവനെ രക്ഷിപ്പാൻ മനസ്സായിരിക്കുന്നവൻ അതിനെ നശിപ്പിക്കും; എന്നാൽ എന്നെയും സുവിശേഷത്തെയും കുറിച്ചു തന്റെ ജീവനെ നശിപ്പിക്കുന്നവൻ അതിനെ രക്ഷിക്കും. (മാർക്ക. 8. 35.) മനുഷ്യജീവിതത്തിന്റെ യഥാർത്ഥവും ശാശ്വതവുമായ അവസ്ഥ ഇഹത്തിലല്ല, നിത്യഭോഗത്തോടുകൂടിയോ നിത്യനിർഭോഗത്തോടുകൂടിയോ പരത്തിലാണാരംഭിക്കുന്നതു്. എന്നാൽ മനുഷ്യൻ തന്റെ കടമകൾ ഗവുനിക്കാതെയും നിവർത്തിക്കാതെയും ലൌകികൈശ്വര്യത്തിനുമുഖനായി ഐഹിക മഹിമ വർദ്ധനവിനായും മറ്റും മാത്രം ശ്രമിക്കുമ്പോൾ നിത്യഭോഗജീവനെ അവൻ സ്വയം നശിപ്പിച്ചുകളയുന്നു. എന്നാൽ ദൈവത്തോടു അവിശ്വസ്തത കാണിക്കാതിരിക്കുവാൻവേണ്ടി ഐഹിക ജീവിതത്തെയും അതോടു ബന്ധപ്പെട്ടവ സമസ്തവും നഷ്ടപ്പെടുവാൻ സമ്മതിക്കുന്നവൻ നിത്യഭോഗത്തെ നിശ്ചയമായും പ്രാപിക്കുന്നു. കൂടാതെ, നഷ്ടീകരിച്ചതിൽ നൂറിരട്ടിയായ സൌഭാഗ്യങ്ങൾക്കു് അവൻ നിത്യാവകാശിയായും ഭവിക്കുന്നു. ആദ്യം പറഞ്ഞവനു് അവൻ സ്വായത്തമാക്കാൻ ശ്രമിച്ച ഭൌതിക ശ്രേയസ്സു ക്ഷണത്തിൽ നഷ്ടപ്പെടുകയും അവൻ മനഃപൂർവ്വം കൈവിട്ടുകളഞ്ഞ നിത്യഭോഗം വീണ്ടും പ്രാപിക്കാൻ ഒരു മാർഗ്ഗവുമില്ലാതായിത്തീരുകയും ചെയ്യുന്നു. ഈ ഭയങ്കര സത്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടാകുന്നു യേശു ചോദിക്കുന്നതു്: മനുഷ്യൻ ലോകം മുഴുവനുംനേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു് എന്തു പ്രയോജനം? അഥവാ മനുഷ്യൻ തന്റെ ആത്മാവിനു പകരം എന്തു കൊടുക്കും? (മാർക്ക. 8. 36, 37)

സ്നേഹപ്രകരണങ്ങൾ:— ഈ മഹാ വാസ്തവം യഥോചിതം ഗ്രഹിക്കുന്നതിനു് അനുഗ്രഹവും നിത്യഭോഗജീവൻ ലഭിപ്പെടുത്തുന്നതിന്നായി ഇപ്രപഞ്ച ഭോഗങ്ങളെ ത്യജിക്കുന്നതിനു ശക്തിയും ധൈര്യവും തന്നരുളിയതിനെക്കുറിച്ചു ദൈവത്തിനു നന്ദി പറയുക.

പ്രതിജ്ഞ:— ലോകത്തിനും നമുക്കു തന്നെയും പൂർണ്ണമായി മരിപ്പാൻ ദിവസേന ശ്രമിക്കുക.

മൂന്നാം വകുപ്പു

നാം നമ്മുടെ കുരിശു ചുമന്നുകൊണ്ടു തന്നെ അനുഗമിക്കണമെന്നു ഈശോ കല്പിക്കുന്നു.

ധ്യാനം:—ഈശോ, തന്നെ അനുഗമിപ്പാൻ ആഗ്രഹിക്കുന്നവൻ തന്നൊത്തന്നെ പരിത്യജിക്കണമെന്നു സ്മരണീയമായ വാക്യം അരുളിച്ചെയ്തു ഉടനെ അവൻ തന്റെ കുരിശുമെടുത്തുകൊണ്ടു് എന്നെ അനുഗമിക്കട്ടെ എന്നുകൂടെ തുടർന്നു പറഞ്ഞു. (മത്തേ. 8, 34.)

പ്രായോഗികചിന്ത:— ഈശോയെ അനുഗമിപ്പാൻ അഭിലഷിക്കുന്നവൻ അനുദിനവുമുള്ള സ്വന്തം കുരിശും ചുമന്നുകൊണ്ടു് അദ്ദേഹത്തെ അനുഗമിക്കേണ്ടതാണു്. ഈ കല്പന നമ്മുടെ പ്രകൃതിയ്ക്കു രസകരമല്ലെങ്കിലും അതുപോലെ കല്പനയോളംതന്നെ പ്രയാസമുള്ളതല്ലെന്നു സ്പഷ്ടം ചിന്തിച്ചാൽ ഗ്രഹിക്കാം. നാം ചുമക്കേണമെന്നു് ഈശോ പറയുന്ന കുരിശു് അവിടുത്തെ മേരമേറിയ കുരിശല്ല. അതിനേക്കാൾ തുലോം ലഘുവായ നമ്മുടെ കുരിശത്രെ. യഥാർത്ഥം പറയുകയെന്നായാൽ നമ്മുടെ കുരിശിനെ നമ്മുടെ തോളിൽ വയ്ക്കുന്നതു് ഈശോയല്ല, ഈ ലോകജീവിതമാണു്: പാപത്താൽ അധഃപതിച്ചു ദുരിതപ്പെടുന്ന ലോകത്തിൽ നാം വസിക്കുന്ന കാലത്തോളം, അഥവാ മരണത്തിനു വിധേയമായ ഈ ശരീരത്തിൽനിന്നു നാം വിമുക്തരാകുന്നതുവരെ, കുരിശുകൂടാതെ കഴിച്ചുകൂട്ടുവാൻ നമുക്കു സാധിക്കുന്നതല്ല. എന്നാൽ ഈ കുരിശുകളെ ഈശോയോടുകൂടെയും അവിടുത്തെ അനുകരിച്ചും, ദൈവനീതിക്കു പരിഹാരം ചെയ്യുക നമ്മുടെ ദിവ്യമാതൃകയായ അവിടുത്തോടു് കൂടുതൽ തുല്യരാകുക അവിടുത്തെ മഹത്വത്തിൽ കൂടുതൽ ഭാഗഭാക്കാകുക എന്നീദൃശ സ്വഭാവാതീത ഉദ്ദേശങ്ങളോടുകൂടെയും, നാം ചുമക്കുന്നതായാൽ അതു നമുക്കു ലഘുവായിത്തോന്നും. മാത്രമല്ല അവയോടു ക്രമേണ നമുക്കു സ്നേഹം ജനിക്കുകയും ഒടുവിൽ അവ നമുക്കു ആനന്ദജനകങ്ങളായിത്തീരുകയും ചെയ്യും.

സംഭാഷണം:— വിശുദ്ധ റോസ ലീമയോടു് സംഭാഷണം ചെയ്യുക. ഈ പുണ്യവതി ജ്ഞാനസ്നാനത്തിൽ ലഭിച്ച ദൈവപ്രസാദവരത്തെ ഒരിക്കലും നശിപ്പിച്ചിട്ടില്ലായിരുന്നു.

എങ്കിലും കുരിശുകളെ അതിയായി സ്നേഹിച്ചിരുന്നു. ഈ സ്നേഹം നിമിത്തം എത്ര കഠിനമായ തപക്രിയകളും പ്രയാസംകൂടാതെ ചെയ്വാൻ കഴിഞ്ഞു.

മുപ്പത്തിഒന്നാം തിയ്യതി

പരിത്യാഗത്തിന്റെ അഥവാ എളിമയുടെ മൂന്നു അവസ്ഥാന്തരങ്ങൾ

പ്രാരംഭം 1. ഈശോയുടെ കുരിശിന്നരികെ നിൽക്കുന്ന വ്യാകുലപൂർണ്ണയായ മാതാവിനെ ആത്മനാ ഭർശിക്കുക.

2. ഈശോയെപ്രതി പീഡകളേയും അവമാനങ്ങളേയും സ്നേഹിപ്പാനും അവയെ വലിയ ആഗ്രഹത്തോടെ തേടുവാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

പരിത്യാഗത്തിന്റെ അഥവാ എളിമയുടെ പ്രാരംഭാവസ്ഥ

ധ്യാനം:— നമ്മുടെ കർത്താവു് ഇത്ര തീക്ഷ്ണമായി നമ്മോടു കല്പിക്കുന്ന പരിത്യാഗത്തിന്നു പല അവസ്ഥാന്തരങ്ങളുണ്ടു്. അവയിൽ പ്രധാനമായവ മൂന്നാണു്. ധനം ബഹുമതി സുഖം ആദിയായവ നഷ്ടപ്പെടുകയും നാനാവിധ കഷ്ടതകളും നേരിടുകയും ചെയ്യുന്നു: അല്ലാ, ജീവൻതന്നെ നഷ്ടീഭവിക്കുമെന്നാലുംവരുന്നു, ഇതൊക്കെയായാലും ഗുരുതരമായ ഒരു പാപം (ചാവുദോഷം)ചെയ്വാൻ ഒരിക്കലും സമ്മതിക്കാതിരിക്കുന്ന ധീരമനഃസ്ഥിതിയാണു് എളിമയുടെ പ്രാരംഭാവസ്ഥ. ഒന്നുകൂടെ വിശദമായി പറകയാണെങ്കിൽ, ഗുരുതരമായ ഒരു പാപം ചെയ്യുന്നതിനെക്കാളും ലൗകികമായ എന്തു നന്മയും സൗഭാഗ്യവും പരിത്യജിക്കുന്നതിനും എന്തു നഷ്ടവും തിന്മയും സഹിക്കുന്നതിനുമുള്ള ദൃഢപ്രതിജ്ഞയോടുകൂടിയ സന്നദ്ധതയാണിതു്. ഇതു്, ഏതു ക്രിസ്ത്യാനിയും യാതൊരൊഴിവുംകൂടാതെ പ്രാപിക്കേണ്ട ഒരു അവ

സ്ഥാവിശേഷമാണു്. ഇതു പ്രാപിക്കാനും ഇതിൽ നിലനില്ക്കാനും ശ്രമിക്കാത്തവർ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ അതു കള്ളമായിരിക്കും. അവൻ നിത്യരക്ഷയുടെ പാതയ്ക്കു പുറമെയാണു നടക്കുന്നതു്.

പ്രായോഗികചിന്ത:— സന്ന്യാസാന്തസ്സിൽ ജീവിക്കുന്നവരെല്ലാവരും ഈ ആദ്ധ്യപദവിയിൽ പ്രവേശിച്ചു് ഇതിൽ നിലനിന്നവരുന്നു എന്നു ന്യായമായും വിശ്വസിക്കാം. അതുകയാൽ ദൈവം നമ്മെ ഈ അന്തസ്സിലേയ്ക്കു വിളിച്ചതിനെക്കുറിച്ചു് അവിടുത്തെനേക്കു നന്ദിയുള്ളവരായിരിക്കണം. എന്നാൽ വഞ്ചനയിൽ അകപ്പെടാതിരിക്കാനും സൂക്ഷിക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ ദൈവവരപ്രസാദ സഹായംകൂടാതെ നമ്മുടെസ്വശക്തിയാൽ മാത്രം ഇതിൽ നിലനില്പാൻ സാധിക്കുന്നതല്ല. കൂടാതെയും ചില അവസരങ്ങളിൽ സാമാന്യ ദൈവപ്രസാദവരം കൂടാതെ അസാമാന്യ പ്രസാദവരത്തിന്റെ സഹായവും ആവശ്യമുണ്ടു്. എന്തുകൊണ്ടെന്നാൽ വസ്ത്രം മാറിയതുകൊണ്ടുമാത്രം സ്വഭാവത്തിനു മാറ്റമുണ്ടാകയില്ല. അതുകയാൽ നാംഎപ്പോഴും എളിമയുള്ളവരും നമ്മുടെ സ്വശക്തിയിൽ അശേഷം വിശ്വാസമില്ലാത്തവരും പരീക്ഷാസമയത്തു പ്രാർത്ഥനയ്ക്കു ഒരുക്കമുള്ളവരും ആയിരിക്കണം. എന്നാൽ ഈ പ്രകാരംസ്ഥിതികൊണ്ടുമാത്രം തൃപ്തിയടയുന്ന സന്ന്യാസി നാമംകൊണ്ടു മാത്രമേ സന്ന്യാസിയാകയുള്ളു. അവൻ അഭിവൃദ്ധി പ്രാപിക്കയില്ല. അവന്റെ നിത്യരക്ഷയുടെ കാര്യം തന്നെയും വളരെ വിഷമതയിലായിരിക്കും.

സ്നേഹപ്രകരണങ്ങൾ:— വിശ്വാസം വിനയം തന്നിൽ തന്നെ ആശ്രയിക്കാതിരിക്കൽ മുതലായവയുടെയും ദൈവത്തിലുള്ള ആശ്രയത്തിന്റെയും പ്രകരണങ്ങൾ ചെയ്യുക.

പ്രതിജ്ഞ:— പാപഹേതുക്കളിൽനിന്നു അത്യുത്സാഹത്തോടെ ഒഴിയുക.

രണ്ടാംവകുപ്പു്

പരിത്യാഗത്തിന്റെ അഥവാ എളിമയുടെ രണ്ടാംപദവി.

ധ്യാനം:— ഗുരുതരപാപം മാത്രമല്ല. മനസ്സറിവോടുകൂടെ ലഘുവായ ഒരു പാപം(പാവദോഷം)തന്നെയും ചെയ്യുന്നതിനെ

ക്കാൾ ഭേദമായതെന്തുകൊണ്ടെന്നാൽ— സുഖം ധനം സന്തോഷങ്ങൾ മുതലായവ— ഉപേക്ഷിക്കുന്നതിനും സകലവിധ കഷ്ടങ്ങളും എന്നല്ല മരണംതന്നെയും വരിക്കുന്നതിനും ഒരുങ്ങിയിരിക്കുന്നതു എളിമയുടെ അഥവാ പരിത്യാഗത്തിന്റെ രണ്ടാം പടവിയാണു്. ഈ പടവിയിൽ കയറുവാനും അതിൽ നിലനില്ക്കുന്നു എന്നു നിഷ്കപടമായി പറയാൻ തക്കവിധം വ്യാപരിപ്പാനും ഒരു സന്യാസിക്കു കടമയുണ്ടു്. അല്ലാത്തപക്ഷം അയാൾക്കു പല തിന്മകളും നാശങ്ങളും വരാവുന്നതാണു്. എന്തുകൊണ്ടെന്നാൽ, 1. ഇങ്ങനെയുള്ളവൻ ഒന്നാമത്തെ പടവിയിൽ നില്ക്കുക എന്നിതു തന്നെയും പ്രയാസമാണു്. ലഘുവായ കുറ്റങ്ങളെ സാരം വെക്കാത്തവൻ ക്രമേണ ഗുരുതരപാപങ്ങളിൽ അകപ്പെടുമെന്നാണല്ലോ പരിശുദ്ധാത്മാവു പറയുന്നതു്. (പ്രാസംഗി. 19) ഇതു് അനുഭവംകൊണ്ടു നമുക്കു ബോധപ്പെട്ടവരുന്നതുമല്ലയോ? 2. ലഘുവായ കുറ്റങ്ങളും പരിപൂർണ്ണതയ്ക്കു വിഘ്നങ്ങളാകയാൽ ഈ ദുഷ്കുറ്റങ്ങളും ഗണിക്കാത്ത സന്യാസി സ്വന്ത ജീവിതവിശുദ്ധിയിൽ വേണ്ടത്ര ശ്രദ്ധ പതിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. ദൈവം ഇയ്യാളുടെനേർക്കു പ്രത്യേകശ്രദ്ധ കാണിച്ചു ഇയ്യാളെ ക്ഷണിക്കുമ്പോൾ ഇയ്യാൾ അതു അവഗണിച്ചു മുഖം തിരിച്ചുകളയുകയാണു ചെയ്യുന്നതു്. തൻമൂലം ഇങ്ങനെയുള്ളവനു ഒരിക്കലും യുക്തമായ സമാധാനമുണ്ടാകയില്ല. ദൈവത്തോടു എതിർത്തുനിന്നവരിൽ അങ്ങു സമാധാനമുണ്ടായിട്ടുണ്ടു് (യോബു. 99) എന്നു വിശുദ്ധ യോബു ചോദിക്കുന്നു. 4. ആത്മരക്ഷാസംബന്ധമായി സാരമായ വേലകൾ വല്ലതും ചെയ്തു പൂർത്തിയാക്കുന്നതിനും ഇങ്ങനെയുള്ളവർക്കു സാധിക്കുകയില്ല.

പ്രായോഗികചിന്ത:— ഈ രണ്ടാം പടവി പ്രാപിക്കുന്നതിനും ഇതിൽ സ്ഥിരമായി നില്ക്കുന്നതിനും നമുക്കു കഴിയും. അനേകം വിശുദ്ധന്മാരുടെ ജീവിതം ഈ സത്യം വിളിച്ചറിയിക്കുന്നുണ്ടു്. ലൂയിസ് ദെ പോന്തെ, കർദ്ദിനാൾ ബല്ലർമ്മീനൊ എന്നീ മഹാത്മാക്കൾ മനസ്സാക്ഷിയോടുകൂടെ ഒരു ലഘുപാപം (പാവദോഷം) ഒരിക്കലും ചെയ്തുയില്ലെന്നു ശപഥം ചെയ്തിരുന്നു. ഇതിനനുസരണമായിത്തന്നെ അവർ ജീവിക്കുകയും ചെയ്തു എന്നു അവരുടെ ജീവചരിത്രങ്ങളിൽ കാണാം. ദൈവാനുഗ്രഹത്താൽ അവർക്കൊക്കെ സാദ്ധ്യമായെങ്കിൽ നമുക്കും സാദ്ധ്യമാണു്.

എത്ര താല്പര്യമായും ഏതെല്ലാം മാർഗ്ഗണയും ഇതിന്നു നാം പരിശ്രമിക്കുന്നുണ്ട്?

സ്നേഹപ്രകരണങ്ങൾ:— ലഘുവായ പാപങ്ങളോട്ട പോലും വലുതായ വിദ്വേഷം നമ്മിൽ ജനിപ്പിക്കേണമെന്നു ദൈവത്തോട്ട പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പാപത്തിന്നു കാരണങ്ങളായിരിക്കുന്ന ദുഃസ്സഹക്കങ്ങളെ ദൂരീകരിക്കുവാനും പാപങ്ങളിൽനിന്നുള്ള അകൽച്ചയിൽ അനുദിനം അഭിവൃദ്ധി പ്രാപിക്കുന്നതിന്നും പ്രത്യേകാത്മശോധന വഴിയായി ശ്രമിക്കുക.

DHARMARAM COLLEGE LIBRARY BANGALORE. 29045

മൂന്നാംവകുപ്പു

ഏളിമയുടെ അഥവാ പരിത്യാഗത്തിന്റെ മൂന്നാം പടവി

ധ്യാനം:— ഈ മൂന്നാം പടവി മിശിഹായുടെ ജീവിതത്തിലെ പ്രകാശവിഹീനമായ വശത്തെ—ദുഃഖാരിഷ്ടതകളാൽ നിബിഡമായ ഭാഗത്തെ—അനുകരിക്കുന്നതുതന്നെയാണ്. സമ്പത്തിയെ അഗ്രഹിക്കാതെ ദരിദ്രനായ ഈശോയെ പൂർണ്ണമായി അനുകരിക്കുന്നതിന്നുവേണ്ടി ദരിദ്രനായിരിപ്പാൻ അഭിലഷിക്കുക. മഹിമയിലും കീർത്തിയിലും എന്നതിനെക്കാൾ അപലപനത്തിലും തൃഗത്തിലും കാലം കഴിക്കാൻ മോഹിക്കുക, ആനന്ദത്തിലും സൗഭാഗ്യത്തിലും സമാശ്വസിക്കാനല്ല, ദുരിഷ്ടങ്ങളാകുന്ന കുരിശുകളാൽ പീഡിതനാവാനാഗ്രഹിക്കുക എന്നിങ്ങനെയായിരിക്കും ഇവരുടെ മനഃസ്ഥിതി. എന്തുകൊണ്ടെന്നാൽ മിശിഹാ സ്വജീവിതത്താൽ നമ്മെ ഉപദേശിക്കുന്നതു ഇങ്ങനെയാണ്. ഈ വഴിക്കു നാം അവിടുത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നെന്നു പ്രത്യക്ഷപ്പെടുത്തുകയും ചെയ്യും.

പ്രായോഗികചിന്ത:— ദൈവവരപ്രസാദം നമ്മുടെ സദ്ഭാവലക്ഷ്യത്തെ നീക്കുമെങ്കിൽ ഏളിമയുടെ അഥവാ പരിത്യാഗത്തിന്റെ ഈ മൂന്നാം പടവിപ്രാപിപ്പാൻ നമുക്ക് അസാദ്ധ്യമായിരിക്കുകയില്ല. അപ്പോസ്തോലന്മാരും അസംഖ്യം വേദസാക്ഷികളും ഇതു ഉഷ്ടാന്തീകരിച്ചിട്ടുണ്ട്. ഈശോയെപ്രതി ധനനാശം, നിന്ദ, അപമാനം, ഉപദ്രവം മുതലായവ അനുഭവിപ്പാൻ ഇടയായതിനെപ്പറ്റി അവർ സന്തോഷിച്ചതെയുള്ളു. ഇതു

മല്ല. ഈശോയുടെ സ്നേഹത്തെപ്രതി അനേകർ ലോക
ങ്ങളിലും സുഖസന്തോഷങ്ങളിലുംനിന്നു ആശ്രമഏക
ലേയ്ക്കു സസന്തോഷം ഓടിപ്പോകയും, അവിടെ ഭീ
കൂടിയ താപസജീവിതം നയിക്കുകയും ചെയ്യുന്നതും
ഇവയെല്ലാം നമ്മെ ധൈര്യപ്പെടുത്തുകയും സമാകർഷി
ചെയ്യുന്നില്ലയോ? വിശേഷിച്ചും ഈ മൂന്നാം പദവിയി
ക്കാവുന്ന നന്മകരം എത്രയധികമാണു! ഇതിനാൽ നാ
യെ പൂർണ്ണമായും സുദ്ധമായും അനുകരിക്കുന്നു, വിരോ
യും അനർത്ഥങ്ങളുടെയുംമദ്ധ്യേ സമാധാനവും ആശ
അനുഭവിക്കുന്നു. നിരവധി അനുഗ്രഹങ്ങൾക്കു നാം അർ
ത്തീരുന്നു. നമ്മുടെ നിത്യരക്ഷയുടെ കാര്യം സുസ്ഥിര
കൂടാതെ സ്വർഗ്ഗത്തിൽ വിശേഷവിധമായ സ്ഥാനവും
നുള്ള വാഗ്ദാനവും നമുക്കു ലഭിക്കുന്നു. ഈ പദവിയോടു
തുവിധം അടുത്തുവരുന്നു? അഥവാ ഇതിൽനിന്നു നീ എ
യാണു? ഏതുവിധമെങ്കിലും ഈ പദവി പ്രാപിക്കേണമെന്നു
ജ്ഞാനഏകാന്ത ജീവസങ്കേതങ്ങളിൽ നീ പ്രതിജ്ഞ ചെയ്തിട്ടില്ലെ? അ
തുകൊണ്ടു എന്തു ഫലമുണ്ടായി?

സംഭാഷണം:— ഈശോയുടെ അപമാനങ്ങളിലും കഷ്ടാ
നുഭവങ്ങളിലും പ്രത്യേകം പങ്കുകൊണ്ടിട്ടുള്ള ഭാഗ്യപൂർ
നമ്മുടെ അമ്മയോടു സംഭാഷണംചെയ്യുക.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00029045
K19 V42